

# മാർത്താണ്ഡവർമ്മ

സി. വി. രാമൻ പിള്ള

# മാർത്താണ്ഡവർമ്മ

സി. വി. രാമൻ പിള്ള

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2017

**Mārthāndavarma**
Malayalam novel
by **C. V. Raman Pillai**
First published: 1891

Sayahna's first WIKI/PDF version published: 2017

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.


The electronic versions were generated from sources available at WikiSource, futher marked up in LATEX in a computer running GNU/LINUX operating system. PDF was typeset using XeTEX from TEXLive 2016. The Mediawiki version was generated by TEX4ht from the same LATEX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TEX Gyre Pagella developed by GUST, the Polish TEX Users Group.

Cover: Details from the painting, namely, *Depiction at Padmanabhapuram Palace of De Lannoy's Surrender at the Battle of Colachel*, by Infocaster. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
(Sayahna Open Access Publishing, incorporated as a Non-Profit Company under Section 8, Companies Act 2013, India)
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# സി. വി. രാമൻ പിള്ള



ആദ്യകാല മലയാള നോവലിസ്റ്റുകളിൽ പ്രമുഖനായ രാമൻ പിള്ള, മാർത്താണ്ഡ വർമ്മ, രാമരാജബഹദൂർ, ധർമ്മരാജാ എന്നീ ചരിത്രാഖ്യായികകളുടെ രചയിതാവെന്ന നിലയിൽ പ്രശസ്തി നേടി. തിരുവിതാംകൂർ ദിവാനായിരുന്ന രാജാകേശവദാസൻ അദ്ദേഹത്തിന്റെ പിതാമഹനായിരുന്നു. 1858 മെയ് 19-ന് (1033 ഇടവം 7) തിരുവനന്തപുരത്ത് കോച്ചുകണ്ണച്ചാർ വീട്ടിൽ ജനിച്ചു. അദ്ദേഹത്തിന്റെ തറവാട് നെയ്യാറ്റിൻകരയിലാണ്. അച്ഛൻ പനവിളാകത്ത് നീലകണ്ഠപ്പിള്ള. അമ്മ പാർവതിപ്പിള്ള.

## ബാല്യം ജീവിതം

തിരുവിതാംകൂർ രാജകൊട്ടാരത്തിൽ ജോലിക്കാരായിരുന്ന അച്ഛനും അമ്മയും. സി. വി. യുടെ വിദ്യാഭ്യാസത്തിന് സംരക്ഷണം നൽകിയത് രാജാകേശവദാസന്റെ ദൗഹിത്രീപുത്രനായ നങ്കക്കോയിക്കൽ കേശവൻ തമ്പിയായിരുന്നു. 1881-ൽ ബി.എ. പാസായി. ബന്ധുക്കളുടെ നിർബന്ധത്തിന് വഴങ്ങി വിവാഹം കഴിച്ചു. ഈ വിവാഹബന്ധം വിജയകരമായിരുന്നില്ല. നാട് വിട്ട് ഹൈദരാബാദിലേക്ക് പോയി. ഈ യാത്ര അദ്ദേഹത്തിന് പ്രമുഖ രാജസ്ഥാനങ്ങളെ നേരിട്ട് കണ്ടു മനസ്സിലാക്കുന്നതിന് സഹാ

യിച്ചു. 1887-ൽ വീണ്ടും വിവാഹിതനായി. ഭാര്യ പരുന്താനി കിഴക്കേവീട്ടിൽ ഭാഗീരഥി അമ്മ. ഇവർ 1904-ൽ മരിച്ചു. പിന്നീട് അവരുടെ മൂത്ത സഹോദരി ജാനകി അമ്മയെ വിവാഹം കഴിച്ചു.

കേരള പേട്രിയറ്റ് എന്നൊരു പത്രം കുറച്ചു കാലം നടത്തിയിരുന്നു. ഹൈക്കോടതിയിൽ ചെറിയൊരു ജോലി കിട്ടിയതിനെ തുടർന്ന് നിയമപഠനത്തിന് ലോ കോളേജിൽ ചേർന്നു. അതും പ്ലീഡർ പരീക്ഷയും ഒന്നും പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഹൈക്കോടതിയിൽ ശിരസ്തദാറായി ഉയരുകയും പിന്നീട് 1905-ൽ ഗവണ്മെന്റ് പ്രസ്സിൽ സൂപ്രണ്ടായി ജോലിയിൽ നിന്ന് വിരമിക്കുകയും ചെയ്തു. 1918-ൽ സി.വി. തിരുവിതാംകൂർ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി അദ്ധ്യക്ഷനായി. പരീക്ഷാ ബോർഡ് മെമ്പറായി കുറച്ചു കാലം ജോലി ചെയ്തു. മലയാളി സഭയിൽ പ്രവർത്തിച്ചു. മലയാളി, മിതഭാഷി, വഞ്ചിരാജ് എന്നീ പത്രികകളുടെ പിന്നിലും പ്രവർത്തിച്ചു. ജന്മി-കുടിയാൻ പ്രശ്നം, വിവാഹ ബിൽ എന്നിവയെപ്പറ്റി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മലയാളീ മെമ്മോറിയലിനു പിന്നിൽ പ്രവർത്തിച്ച ബുദ്ധികളിലൊന്ന് സി.വി.യുടേതായിരുന്നു. 1922 മാർച്ച് 21-ന് അന്തരിച്ച ഇദ്ദേഹം കേരള സ്കോട്ട് എന്നറിയപ്പെടുന്നു.

## സി.വി.യുടെ ചരിത്രാഖ്യായികകൾ

സി.വി.യുടെ മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജബഹദൂർ എന്നീ നോവലുകളെ ചേർത്ത് സി.വി.യുടെ ചരിത്രാഖ്യായികകൾ എന്ന് വിളിക്കുന്നു. മാർത്താണ്ഡവർമ്മ മലയാളത്തിലെത്തന്നെ ആദ്യത്തെ ചരിത്രാഖ്യായികയാണ്. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ തിരു

വിതാംകൂർ രാജാവാകുന്നതാണ് 1891-ൽ പുറത്തിറങ്ങിയ ഈ നോവലിന്റെ ഇതിവൃത്തം. ധർമ്മരാജായിൽ രാജ്യദ്രോഹമാണ് മുഖ്യപ്രമേയം. മാർത്താണ്ഡവർമ്മയുടെ അനന്തരവനായ കാർത്തികത്തിരുനാളിന് രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും നേരിടേണ്ടിവരുന്ന ഉപജാപങ്ങളും അവയുടെ പരാജയങ്ങളുമാണ് പ്രതിപാദ്യം. രാമരാജാബഹദൂറിലും ഭരണാധിപൻ ധർമ്മരാജാവു തന്നെ. രാജ്യത്തിനകത്തു നിന്നുള്ളതിനെക്കാൾ പുറത്ത് മൈസൂരിൽ നിന്നാണ് ഇക്കാലയളവിൽ കൂടുതൽ പ്രശ്നങ്ങൾ നേരിടേണ്ടി വന്നത്. ഒടുവിൽ രാജശക്തി തന്നെ ജയിക്കുന്നു.

## കൃതികൾ

### ചരിത്രനോവലുകൾ

1. മാർത്താണ്ഡവർമ്മ (1891)
2. ധർമ്മരാജാ (1913)
3. രാമരാജ ബഹദൂർ (1918)

പ്രസ്തുത നോവലുകളെ ചരിത്രാഖ്യായിക (Historical Narrative), കാല്പനിക ചരിത്രാഖ്യായിക (Historical Romance), ആഖ്യായിക (Narrative) എന്നീ വിഭാഗങ്ങളിലും പരാമർശിച്ചു കാണാറുണ്ട്.

### സാമൂഹ്യനോവൽ

1. പ്രേമാമൃതം (1917)

### ഹാസ്യ നാടകങ്ങൾ (പ്രഹസനങ്ങൾ)

1. ചന്ദ്രമുഖീവിലാസം (1884, അപ്രകാശിതം)

2. മത്തവിലാസം (അപ്രകാശിതം)
3. കുറുപ്പില്ലാക്കളരി (1909)
4. തെന്തനാംകോട്ട് ഹരിശ്ചന്ദ്രൻ (1914)
5. ഡോക്ടർക്കു കിട്ടിയ മിച്ചം (1916)
6. പണ്ടത്തെ പാച്ചൻ (1918)
7. കൈമളശ്ശൻറെ കടശ്ശിക്കളി (1915)
8. ചെറതേൻ കൊളംബസ് (1917)
9. പാപിചെല്ലണടം പാതാളം (1919)
10. കുറുപ്പിൻറെ തിരിപ്പ് (1920)
11. ബട്ലർ പപ്പൻ (1921)

## ലേഖനപരമ്പര

1. വിദേശീയ മേധാവിത്വം (1922)

## അപൂർണ്ണ കൃതികൾ

1. ദിഷ്ടദംഷ്ട്രം (നോവൽ)
2. പ്രേമാരിഷ്ടം (ആത്മകഥ)

(മലയാളം വിക്കിപ്പീഡിയയോട് കടപ്പാട്)

# 1

> “വീണിതല്ലോ കിടക്കുന്നു ധരണിയിൽ
> ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!
> നല്ല മരതകക്കല്ലിനോടൊത്തൊരു
> കല്യാണരൂപൻ കുമാരൻ മനോഹരൻ”

ഈകഥയുടെ ആരംഭത്തിൽ പ്രസ്താവിക്കപ്പെടുന്ന സംഗതികൾ ഒരു വനപ്രദേശത്താണ് നടന്നത്. വനപ്രദേശം എന്ന് പറഞ്ഞത് കൊണ്ട് ‘ഝല്ലീഝങ്കാരനാദമണ്ഡിതം’ ആയും ‘സിംഹവ്യാഘ്രശല്യാദിമൃഗഗണനിഷേവിതം’ ആയും ഉള്ള ഒരു ഘോരവിപിനം എന്ന് വായനക്കാർ വിചാരിച്ചുപോകരുത്. ചെറുതായ വൃക്ഷങ്ങളും മുൾച്ചെടികളും നിറഞ്ഞു, ജനസഞ്ചാരം അപൂർവ്വമായി മാത്രം ഉള്ളതായ ഒരു ചെറുപ്രദേശമെന്നേ ഗ്രഹിക്കാനുള്ളൂ. വല്ല ലതടിനികളാലാകട്ടെ ശിലാതലങ്ങളാലാകട്ടെ സുരഭികളായ പുഷ്പങ്ങളാലാകട്ടെ ആ വനം അലങ്കരിക്കപ്പെട്ടിരുന്നില്ല. ഒരാൾപ്പൊക്കത്തോളം ഉയർന്നു നിൽക്കുന്ന ചില ചെടികൾ ദുർഗ്ഗന്ധവാഹികളായ പുഷ്പങ്ങളെക്കൊണ്ട് പ്രശോഭിതമായും, അത്യുന്നതങ്ങളായ ചില വൃക്ഷങ്ങൾ അവിടവിടെ വിയന്മാർഗ്ഗത്തോളം പൊങ്ങിയും കാണപ്പെടുന്നതുകൊണ്ടുള്ള രമ്യതയല്ലാതെ, ചേതോഹരങ്ങ



ളായ മറ്റു ലക്ഷണങ്ങൾ യാതൊന്നും തന്നെ ആ വനത്തി ന്നുണ്ടായിരുന്നില്ല. നെടുതായി വളർന്നു നിൽക്കുന്ന കരി മ്പനക്കൂട്ടങ്ങൾ വല്ല വനദേവതയുടേയും ഘോഷയാത്ര

യിൽ പിടിക്കപ്പെട്ട പച്ചക്കുടകൾ പോലെ കാണ്മാനുണ്ടായിരുന്നു. അന്യവൃക്ഷങ്ങളേയും ചെടികളേയും ആ വനത്തിൽ വാഴിച്ചുകൂടെന്നുള്ള മാത്സര്യം കൊണ്ടെന്ന് തോന്നിക്കുംവണ്ണം കള്ളിയെന്നുള്ള ഒരു വക മുൾച്ചെടി ഉൾമദത്തോടു കൂടി കരിമ്പന മുതലായ ഓരോ തരുക്കളേയും വളഞ്ഞു തിക്കിത്തിരക്കി നിരോധിച്ചു നിന്നിരുന്നു. നിലത്തിന്റെ സ്വഭാവം മേൽപറഞ്ഞ ലക്ഷണങ്ങൾക്ക് ഏറ്റവും യോജിപ്പുള്ളതായിരുന്നു. ചെറിയ പാറകളേയും കൂർത്തുള്ള ചരൽക്കല്ലുകളേയും ഒഴികെ ആ കാട്ടിന്റെ മദ്ധ്യേയുള്ള ഒറ്റയടിപ്പാതയിൽ കൂടി സഞ്ചരിച്ചിട്ടുള്ള ജനങ്ങളുടെ പാദങ്ങൾ വേറൊന്നിനേയും സ്പർശിച്ചിട്ടില്ല. മഴ ചൊരിയുന്ന സമയങ്ങളിലല്ലാതെ മറ്റു കാലങ്ങളിൽ ആ വനത്തിൽ ജലം തീരെ ദുർലഭമായിരുന്നു. കുന്നും കുഴിയും കൊണ്ടു സഞ്ചാരത്തിന് അതിദുർഘടമായ ആ പ്രദേശത്ത് അടുത്തുവെങ്കിൽ, എത്ര ബലവാനായ പുരുഷനും ഉടൻ ദാഹവും ക്ഷീണവും ഉണ്ടാകുമായിരുന്നു. വനമെന്നുള്ള നാമധേയത്തെ ധരിക്കുന്നതുകൊണ്ട് പക്ഷി, മൃഗം ഈവക ജന്തുക്കൾക്ക് ഇരിപ്പിടം നൽകാഞ്ഞാൽ ലോകബോദ്ധ്യത്തിനു പോരല്ലോ എന്നു തോന്നീട്ടെന്ന പോലെ, കഴുക്, കൂമൻ എന്നീ പറവകൾക്കും കാടൻ, കാട്ടുകുന്നൻ മുതലായ മൃഗങ്ങൾക്കും ആ വനം അഭയം അരുളി അവയെ പോറ്റി രക്ഷിച്ചുപോന്നു. നായാട്ടിൽ തത്പരന്മാരായ നായന്മാർ ഈ വനത്തെ മാത്രം തങ്ങളുടെ പാദങ്ങളെക്കുറിച്ചുള്ള പ്രതിപത്തി മൂലം ആക്രമിക്കാൻ ആലോചിക്കപോലും ചെയ്തിട്ടില്ല.

മഹത്തുക്കളുടെ സാമിപ്യമോ സംസർഗ്ഗമോകൊണ്ട് നിസ്സാരന്മാരും ചിലപ്പോൾ ഉൽകൃഷ്ടന്മാരായി കാണപ്പെ

ടാറുണ്ടല്ലോ. എന്നാൽ ഇങ്ങനെയുള്ളവരുടെ പ്രകൃത്യാ ഉള്ള ഹീന സ്വഭാവത്തെക്കാണുമ്പോൾ മഹത്തുക്കൾക്ക് ഒരു ഭാവഭേദം സംഭവിച്ചുപോകയും ചെയ്യും. ഇതിന്മണ്ണം മേല്പറഞ്ഞ കാട് ഒരു രാത്രിയിൽ പ്രഥമയാമത്തിൽ ചന്ദ്രസ്പർശത്താൽ ശോഭിച്ചിരുന്നുവെങ്കിലും, ചെങ്കനൽനിറത്തോടുയർന്നുവന്ന പൂർണ്ണചന്ദ്രൻ മേൽഭാഗത്തെത്തിയപ്പോഴേക്കും വിളറി വർണ്ണം പകർന്ന് കാണപ്പെടുന്നു. ആകാശവീഥിയിൽ സഞ്ചരിക്കുന്ന മേഘശകലങ്ങൾ സത്വരഗതിയെവിട്ടു മാന്ദ്യത്തെ അവലംബിച്ചിരിക്കുന്നു. എന്തോ ഭയങ്കരമായ കാഴ്ചയാൽ സ്തബ്ധരാക്കപ്പെട്ടതുപോലെ വൃക്ഷലതകളും തങ്ങളുടെ നൃത്തങ്ങളെ വെടിഞ്ഞു നിശ്ചലരായി നിൽക്കുന്നു. മാരുതനും ഭയാക്രാന്തനായി ശ്വാസോച്ഛ്വാസരഹിതനായി ചമഞ്ഞിരിക്കുന്നു. രജനിയുടെ സ്തുതിപാഠകന്മാരായ ജംബൂകസമൂഹങ്ങൾ മാത്രം അവരുടെ ഉദ്യോഗത്തിൽ ഏതും ഉപേക്ഷകൂടാതെ രാഗവിസ്താരങ്ങൾ ചെയ്ത് അർദ്ധരാത്രിയുടെ മാഹാത്മ്യത്തെ വാഴ്ത്തുന്നു. ഈ സംഗീതത്തിന് താളമായി, നിദ്രാഭംഗം വന്ന് ഭീതിമൂലം അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്ന പക്ഷികളുടെ ചിറകടികളും കേൾപ്പാനുണ്ട്. യക്ഷിപ്രേതാദികളായ ദേവതകളുടെ വാസഭൂമിയെന്നു ജനങ്ങളാൽ വിശ്വസിക്കപ്പെട്ടിരുന്ന ഈ വനത്തിലെ പക്ഷികളുടെ നിദ്രാവിധ്വംസനം ചെയ്ത സംഭവം എന്താണെന്ന് ആരായുകതന്നെ.

ഈ കാട്ടിന്റെ മദ്ധ്യത്തിൽക്കൂടിയുള്ള മാർഗ്ഗങ്ങൾ ഒരു സ്ഥലത്ത് മുകളിൽ നിൽക്കുന്ന ചന്ദ്രന്റെ പ്രതിബിംബമോ എന്നു സംശയിക്കത്തക്കതായ ഒരു ഛായ കാ

ണപ്പെടുന്നു. സമീപവീക്ഷണത്തിനു ദൃശ്യമാകുന്നത് അതിഘോരമായുള്ള ഒരു കാഴ്ചയാണ്. മാർദ്ദവം എന്നതറിഞ്ഞിട്ടില്ലാത്ത ആ നിലത്ത് തന്റെ ദേഹത്തിൽ നിന്നു പ്രവഹിച്ചതായ കടുനിണത്തിൽ മഗ്നനായിട്ട്, ദിവ്യവിഗ്രഹനായ ഒരു പുരുഷൻ, മരണവേദനകൊണ്ട് കൈകാലുകൾ നിലത്തടിച്ചും,“അയ്യോ! നാരായണ! അമ്മ!” എന്നിങ്ങനെയെല്ലാം അതിദയനീയമാംവണ്ണം ഇടക്കിടെ ആർത്തസ്വരത്തിൽ വിളിച്ചും, ശ്വാസം മുട്ടി ചിലപ്പോൾ ഭൂമിയിൽ നിന്ന് പൊങ്ങി വീണ്ടും പതിച്ചും ചരമപ്രാന്തസ്ഥനായി കിടക്കുന്നു. ദേഹത്തിൽ അവിടവിടെ അനേകം വെട്ടുകൾ ഏറ്റ്, അതുകളിൽ നിന്ന് അപ്പോഴും രക്തം തിളച്ച് പൊങ്ങുന്നു. അരയിൽ ധരിച്ചിരിക്കുന്ന വസ്ത്രം രക്തത്തിൽ മുങ്ങീട്ട് കാലോടു പതിഞ്ഞുകാണപ്പെടുന്നു. തലയിൽ ധരിക്കുന്ന വസ്ത്രം ഒരു ചെടിമേൽ വീണു കിടക്കുന്നു. വലതുകരത്തിനു സമീപത്ത് പിടിവിട്ടു കിടക്കുന്ന ഖഡ്ഗത്തിൽ രക്തപാനം അത് ധാരാളമായി കഴിച്ചതിന്റെ ലക്ഷണങ്ങൾ കാണുന്നുമുണ്ട്. വെട്ടുകൾ ഏറ്റ് ശകലിതമായിരിക്കുന്ന ഒരു പരിച, സമീപത്തുള്ള ഒരു വൃക്ഷത്തിൽ നിന്നു വെട്ടുകൾ കൊണ്ടുതന്നെ അറ്റ് ചിതറിക്കിടക്കുന്ന ലതകളുടേയും ശാഖാഗ്രങ്ങളുടേയും ഇടയിൽ കിടക്കുന്നു. അതിന്മേലുള്ള വെള്ളിക്കുമിളകളിൽ ചന്ദ്രരശ്മി പതിക്കയാൽ ഏറ്റവും ശോഭിച്ചും, ചുറ്റുമുള്ള ചെടികൾ പാദാഘാതം കൊണ്ട് ഒടിഞ്ഞും, നിലത്തോട്ട് പതിഞ്ഞും, ചരൽക്കല്ലുകൾ പൊടിഞ്ഞും, എല്ലാം രക്തകണങ്ങൾ അണിഞ്ഞും കാണപ്പെടുന്നു. മരണാവസ്ഥയിൽ കിടക്കുന്ന ഈ യുവാവിന് ഇരുപതിൽ അധികം വയസ്സു കാ

ണകയില്ല. തല വളർത്തി ഭുജത്തോളം നീട്ടി കണ്ടിച്ചിരിക്കുന്നു. വിശാലമായ നെറ്റിയും, മഷി അണിഞ്ഞിരിക്കുന്നുവോ എന്ന് തോന്നിപ്പിക്കുന്നതായ കറുപ്പോട്ടു കൂടിയ പുരികങ്ങളും, ദന്തത്തിൽ പണിചെയ്തിട്ടുള്ള ചില വിശേഷവിഗ്രഹങ്ങളിൽ കാണപ്പെടുന്നതുപോലെയുള്ള നാസികയും, കരിമസ്തകം പോലെ വിരിഞ്ഞ മാറും, ഒതുങ്ങിയ അരയും, നീണ്ടുരുണ്ട് ഘനം പൂണ്ടുള്ള ബാഹുക്കളും, അതിമനോഹരമായ വർണ്ണവും കണ്ടാൽ, ആൾ അസാരനല്ലെന്നു പ്രഥമ ദൃഷ്ടിയിൽത്തന്നെ ഏവനും ബോദ്ധ്യപ്പെടും. ഈ യുവാവിന്റെ ശരീരത്തിൽനിന്നു പുറത്തേക്കുള്ള രക്തഗതി കുറച്ചു നേരം കൊണ്ട് നിന്നു തുടങ്ങി. കൈകാൽ അനക്കങ്ങൾ ഇടവിട്ടും വളരെ ക്ഷീണത്തിലും ആയി; ശ്വാസവും അടങ്ങി; പെട്ടെന്ന് നേത്രങ്ങൾ ഒന്ന് തുറന്നു. മരണാവസ്ഥയിലാണെങ്കിലും ആ നേത്രങ്ങളിലെ കരുമിഴികളിൽനിന്ന് സ്ഫുരിക്കുന്ന തേജസ്സിനെ എങ്ങനെ വർണ്ണിക്കുന്നു? എന്തു പൗരുഷവും പ്രൗഢിയും ഗാംഭീര്യവും ആ മുഖത്ത് ഇപ്പോൾ കളിയാടുന്നു! നവമായി വികസിച്ച പുഷ്പംപോലെ എത്രയും ചേതോഹരനായുള്ള ഈ യുവാവിന്റെ നവയൗവനാവസ്ഥയിൽ ഈ മൃതി വന്നു കൂടുന്നത് വിധിയുടെ നിഷ്കരുണത്വം കൊണ്ടെന്നല്ലാതെ എന്തു പറയുന്നു? നേത്രങ്ങൾ തുറന്ന് ആകാശത്തോട്ടു നോക്കിയപ്പോൾ, തന്നെ അനുഗ്രഹഭാവത്തോടും അനുകമ്പയോടും കടാക്ഷിക്കുന്ന ചന്ദ്രനെ കണ്ട് ഒരു മന്ദഹാസം തുകുന്നു. എന്തോ തന്റെ അഭിമതത്തെ ഉച്ചരിക്കുന്നതിനു ശ്രമിച്ചതിൽ 'പ്' എന്ന അർദ്ധാക്ഷരം മാത്രം കഷ്ടിച്ചു ചുണ്ടുകളിൽ നിന്നു പുറപ്പെടുന്നു. അതികഠിനമായുള്ള വ്യ

സനത്തിന്റെ സൂചകമായി നേത്രങ്ങളിൽ കണ്ണീർ നിറയുന്നു. മുഖം മുഴുവൻ ഭാവം പകരുകയും മാറിടം വികസിച്ച് അമരുകയും ചെയ്യുന്നു. ഇത്രയും അരനിമിഷം കൊണ്ടു കഴിഞ്ഞു് നേത്രങ്ങൾ വീണ്ടും അടയുന്നു. സകല ചലനവും നിൽക്കുന്നു. ലോകസാക്ഷികളോടു യാത്രയും ചൊല്ലി കാമോപമനായ ആ യുവാവു് ചരമഗതിക്കു് സന്നദ്ധനാകുന്നു.

മാതാപിതാക്കന്മാരുടെയോ ഭാര്യാബന്ധുക്കളുടെയോ വാത്സല്യത്തോടുകൂടിയുള്ള അവസാന ശുശ്രൂഷകളൊന്നും കൂടാതെ ഈ തേജോരൂപനു് ഈ വിധമായ മരണം സംഭവിക്കുന്നതിനു സംഗതിയാക്കിയ പാപകർമ്മം എന്താണെന്നുള്ള അന്വേഷണം നിഷ്ഫലമായുള്ളതാണു്. ഇന്ദ്രിയങ്ങൾക്കു ഗോചരങ്ങളല്ലാത്തതായ സംഗതികളെപ്പറ്റി പ്രദിപാതിക്കുന്നതിനു് പ്രത്യേകം ഒരു പാണ്ഡിത്യം വേണം. അതിനാൽ ഈ മരണം സംബന്ധിച്ചുള്ള ലൗകികാന്വേഷണങ്ങളെ മാത്രം ചെയ്കയല്ലാതെ ആത്മീയമായുള്ള പൂർവ്വോത്തരസംബന്ധങ്ങളെപ്പറ്റി ഈ കഥയിൽ വായനക്കാർക്കു് ഒരറിവും കൊടുക്കാൻ ശ്രമിക്കുന്നില്ല. കലഹകാരണങ്ങളെ കനകം, കാമിനി എന്നീ രണ്ടു വകയായിട്ടു് കുഞ്ചൻ എന്ന കവിമുഖ്യൻ വിഭാഗിച്ചിട്ടുണ്ടു്. ഇതുകളിൽ കനകകാംക്ഷകൊണ്ടല്ല ഈ കൊലചെയ്യപ്പെട്ടതെന്നു്, ഒരു സംഗതിയാൽത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ടു്. കർണ്ണങ്ങളിൽ മിന്നുന്ന രണ്ടു് കുണ്ഡലങ്ങളേയും കൈവിരലിൽ കിടക്കുന്ന നവരത്നഖചിതമായ അംഗുലീയത്തേയും തസ്കരന്മാർ ഉപേക്ഷിക്കുമെന്നു് തോന്നുന്നില്ല. തസ്കരന്മാരുടെ കൃത്യമെന്നു വിചാരിക്കുന്നതിനു് ഈ ആക്ഷേ

പമുള്ളതു കൊണ്ടു്, ഈ യുവാവിന്റെ മരണം കാമിനി മൂലം ഉണ്ടായ കലഹത്തിന്റെ ഫലമെന്നുതന്നെ ഇതര തെളിവുണ്ടാകുന്നതുവരെ വിചാരിക്കേണ്ടതായിരിക്കുന്നു. എന്തു കാരണത്താലായാലും വഞ്ചകപ്രയോഗത്താൽ വന്നിട്ടുള്ള മൃതിയെന്നു് തീർച്ചയാക്കുന്നതിൽ യാതൊരാക്ഷേപവുമില്ല.

യുവാവു്, ശ്വാസോച്ഛ്വാസങ്ങൾ നിന്നു യാതൊരു ചലനവും കൂടാതെ നിശ്ചേഷ്ടനായി കിടപ്പായപ്പോൾ, വനത്തിന്റെ ഒരു ഭാഗത്തു നിന്നു ചില ശബ്ദങ്ങൾ കേട്ടു തുടങ്ങി. കാട്ടുചെടികളിന്മേലും കല്ലുകളിന്മേലും ജോടുകൾ പതിക്കുന്നതിന്റെ ശബ്ദമാണു് മുഖ്യമായി കേൾക്കുന്നതു്. ഘനമായ മനുഷ്യസ്വരങ്ങളും കേൾക്കുന്നുണ്ടു്. കാൽപ്പെരുമാറ്റം അടുത്തടുത്തു വരുന്നു. ചെടികളുടെ ഇടയിൽ ചില വർണ്ണഭേദങ്ങൾ ചന്ദ്രികയിൽ കാണപ്പെടുന്നു. വിചിത്രവസ്ത്രധാരികളായി ആയുധപാണികളായി നാലുപേർ ചെടികളെ കൈകൊണ്ടു ഭേദിച്ചും ആവശ്യമുള്ളപ്പോൾ ആയുധങ്ങളെക്കൊണ്ടു വെട്ടിയും വഴിയുണ്ടാക്കി, യുവാവിന്റെ ശരീരം കിടക്കുന്ന രക്തക്കളത്തിൽ എത്തി. അവർ കുപ്പായങ്ങളും, മൂന്നു് നാലു് ആളുകൾക്കു് വിഷമം കൂടാതെ കടന്നിരിക്കുന്നതിനു് സ്ഥലമുള്ളതായ കാലുറകളും മിന്നുന്ന കിരീടങ്ങളും, നാനാവർണ്ണം കലർന്നുള്ള അരക്കെട്ടുകളും ധരിച്ചു് വാൾ, കുന്തം മുതലായ ആയുധങ്ങളും വഹിച്ചിരുന്നു. സ്വർണ്ണവസ്ത്രധാരിയായി ഒരു യുവാവും, ഗജവിഗ്രഹനായി, ദണ്ഡധാരിയായി ഒരു വയോധികനും, രണ്ടു് ഭയങ്കരാകാരന്മാരായ ഭൃത്യന്മാരും ആയ ഈ നാലാളുകളും യുവാവു കിടക്കുന്ന പ്രദേശത്തെത്തിയപ്പോൾ, ഒരു പോലെ ഞെട്ടി, പുറകോട്ടുമാ

റി കുറച്ചുനേരം എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും നോക്കി ക്കൊണ്ടു നിന്നു. പിന്നീട് സ്വർണ്ണവസ്ത്രധാരിയായവൻ മ രണാവസ്ഥയിൽ ആയിരിക്കുന്ന യുവാവിന്റെ സമീപത്തു ചെന്നു മുട്ടുകുത്തി കുറേ നേരം സൂക്ഷിച്ചുനോക്കീട്ട് വൃദ്ധനോ ട് എന്തോ പറഞ്ഞു. വൃദ്ധൻ തലകുലുക്കിയതല്ലാതെ ഉത്ത രം ഒന്നും പറഞ്ഞില്ല. മറ്റെയാൾ ഉടനെ വൃദ്ധന്റെ സമീപ ത്തുചെന്ന് അപേക്ഷാഭാവത്തിൽ ഓരോന്ന് പറഞ്ഞു. ഒ ടുവിൽ ഊക്കനായ വൃദ്ധൻ, തന്റെ ഉദാരഭാവത്തെ വഹി ച്ചുകൊണ്ട് നരച്ച വെള്ളിക്കമ്പികൾ പോലെ ഉദരത്തോ ളം എത്തീട്ടുള്ള താടിയെ കൈകൊണ്ട് പ്രേമത്തോടെ തട വി ഒതുക്കീട്ട്, മരിക്കുന്നവനോ മരിച്ചവനോ ആയ യുവാവി ന്റെ അടുത്തു ചെന്നു വടിയെ ബലമായി നിലത്തുന്നിയും, മു ട്ടിൽ കൈകൊടുത്തും, നരച്ചുള്ള പുരികങ്ങളെ ചുളുക്കിയും, വളരെ ബുദ്ധിമുട്ടി, ഒരു വിധത്തിൽ ഒന്നു കുനിഞ്ഞ്, മുറിവേ റ്റിട്ടുള്ള ഭാഗങ്ങളെ നോക്കി നിർണ്ണയപ്പെടുത്തുകയും, മാറി ന്റെ ഇടതുഭാഗത്ത് അല്പനേരം കൈവച്ചുകൊണ്ടിരിക്കുക യും ചെയ്തതിന്റെ ശേഷം, താഴ്ന്നേന്നതിനുണ്ടായതിലും അ ധികം പ്രയത്നങ്ങൾ ചെയ്ത് ഉയർന്നു തന്നോടുകൂടിയുള്ള യു വാവിനോട് ആവിയന്ത്രത്തിൽ നിന്നും ‘ഭും ഭും’ എന്നു പുക പൊങ്ങുന്ന സ്വരത്തിൽ എന്തോ പറഞ്ഞു. ആ യുവാവ് കി ങ്കരന്മാർക്ക് എന്തോ ആജ്ഞ കൊടുത്തു. തങ്ങളുടെ കൈ കളിലുണ്ടായിരുന്ന നെടിയ ശൂലങ്ങളെയും അരയിൽ കെ ട്ടിയിരുന്ന വസ്ത്രങ്ങളേയും കൊണ്ട് ഒരു മഞ്ചലും, ഇലകൾ കൊണ്ട് മെത്തയും വേഗത്തിൽ അവർ ആജ്ഞാനുസര ണം ചമച്ചു. സ്വർണ്ണവസ്ത്രക്കാരൻ തന്റെ കിരീടത്തിന് അ ലങ്കാരമായി ധരിച്ചിരുന്ന തലക്കെട്ടിനെ അഴിച്ച് ഇലക

ളുടെമേൽ വിരിച്ചു. ഉടൻ കിങ്കരന്മാർ ആ യുവാവിന്റെ ശരീരത്തെ എടുത്ത് അതിന്മേൽ കിടത്തി തങ്ങളുടെ സ്കന്ധങ്ങളിൽ വഹിച്ചുകൊണ്ടു വന്ന മാർഗ്ഗത്തിലൂടെ നടന്നു തുടങ്ങി. വൃദ്ധനും യുവാവും പുറകെ യാത്രയായി. ഇവർ യമകിങ്കരന്മാരോ, തസ്കരന്മാരോ, വല്ല ഭൃതങ്ങളോ, വഞ്ചിക്കപ്പെട്ട യുവാവിന്റെ വൈരികളോ, ആരാണ്? ആർക്കറിയാം?

# 2

> “എത്രയും ശ്രീമാനിവൻ നാകേന്ദ്രസമനല്ലോ
> സുസ്ഥിരൻ പീനസ്കന്ധനാജാനുബാഹുയുഗൻ
> വിസ്തൃതവക്ഷഃസ്ഥലൻ വൃത്തോരുദ്വന്ദ്വധരൻ
> ശക്തിമാൻ ബ്രഹ്മക്ഷേത്രതേജസ്വി യുവാവേറ്റം.”

പത്മനാഭപുരം എന്ന നഗരം മുൻകാലങ്ങളിൽ തിരുവിതാംകോട്ടു സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്നല്ലോ. അതിനു സമീപമായി ചാരോട് എന്നു വിളിക്കപ്പെടുന്ന ദിക്കിൽ ചെറുതായ ഒരു കൊട്ടാരം ഇക്കാലത്തും കാണുന്നുണ്ട്. കൊല്ലം 903-ലും ആ സ്ഥലത്ത് ഒരു കൊട്ടാരം ഉണ്ടായിരുന്നു. കൊട്ടാരം എന്ന നാമം മാത്രമേയുള്ളൂ. ചെറുതായൊരു നാലുകെട്ടും മഠപ്പള്ളിയും മാത്രമുണ്ടായിരുന്നു. രാജാക്കന്മാരുടെ പാർപ്പും മറ്റും ഇല്ലാതിരുന്നതിനാലും, ഇക്കാലങ്ങളിൽ ചില സംസ്ഥാനങ്ങളിൽ ചില ഉദ്യോഗസ്ഥന്മാർ സ്ഥലവിവരണയാദാസ്തുക്കൾ തയ്യാറാക്കുന്നതുപോലെ ആ കൊട്ടാരം വിചാരിപ്പുകാരൻ കൊട്ടാരം കാര്യങ്ങൾ അന്വേഷിച്ചുവരുന്നത് തന്റെ സ്വന്തഭവനത്തിൽ ഇരുന്നുതന്നെ ആയിരുന്നതിനാലും, ചാരോട്ടു കൊട്ടാരം ഇടിഞ്ഞും പൊടിഞ്ഞും വാവൽ, മൂഷികൻ, സർപ്പം മുതലായ ജന്തുക്കളുടെ മന്ദിരമായും കിടന്നിരുന്നു. ഇ

ക്കാലത്തും അനേകം കൊട്ടാരങ്ങളിൽ കടന്നാൽ, അച്ചിട്ടു നിർമ്മിതമാകയാൽ എങ്ങനെ ഭേദമില്ലാതെ വരുന്നുവോ അതുപോലെ, ഒരേവിധത്തിലുള്ള ഗന്ധം നാസികാരന്ധ്രങ്ങളെ പരിതപിപ്പിക്കുന്നതാണ്. ഈ ഗന്ധം ചാരോട്ടു കൊട്ടാരത്തിന്റെ പ്രത്യേകലക്ഷണമായിരുന്നു. ഈ രാജമന്ദിരത്തിന്റെ ചുറ്റും ഒരു മതിൽക്കെട്ടും, മതിൽക്കെട്ടിൽ തെക്കും കിഴക്കും ഓരോ വാതിലും ഉണ്ടായിരുന്നു. ഒന്നാമത്തെ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്ന് രണ്ടുകൊല്ലം കഴിഞ്ഞശേഷം ഒരു ദിവസം പ്രഭാതസമയത്ത് മേല്പറഞ്ഞ നാലുകെട്ടിന്റെ കിഴക്കേ വരാന്തയിൽ ഒരു മലയാള ബ്രാഹ്മണൻ ഇരുന്നിരുന്നു. ഇരുപതിനുമേൽ ഇരുപത്തിയഞ്ചിനകം വയസ്സുകാണും. നമ്പൂതിരിയോ തിരുവല്ലാദേശിയായ പോറ്റിയോ എന്നു സംശയിക്കാം. കേശവും മീശയും വളർത്തിയിരുന്നതുകൊണ്ടു് ദീക്ഷയായിരിക്കാമെന്നും വിചാരിക്കാം. എന്നാൽ, മുഖത്തു വൈദികതേജസ്സ് തീരെ ഇല്ലതന്നെ. വീരരസമാണു നടനം ചെയ്യുന്നതു്. വർണ്ണം നല്ല വെളുപ്പാണ്. നാസിക അസാധാരണമായ ദൈർഘ്യത്തോടും അല്പം സ്ഥൗല്യത്തോടും കൂടിയതാകയാൽ മുഖ സൗന്ദര്യത്തെപ്പറ്റി ശ്ലാഘിക്കുന്നതു സൂക്ഷിച്ചു വേണ്ടിയിരിക്കുന്നു. ഈ അംഗം അധികമായി ജൃംഭിച്ചു നിൽക്കുന്നതുകൊണ്ടുള്ളൊരു വൈരൂപ്യമല്ലാതെ മറ്റു് യാതൊരു കുറ്റവും അദ്ദേഹത്തിന്റെ മുഖാകൃതിയെ സംബന്ധിച്ച് ആരോപിച്ചുകൂടുന്നതല്ല. പിന്നെ ഇതരാംഗങ്ങൾ എല്ലാം പൂർണ്ണലക്ഷണസംയുക്തമായിട്ടുള്ളവ എന്നും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കാണപ്പെടും. അദ്ദേഹത്തിന്റെ ബാഹുക്കൾ മുട്ടിനു താഴെവ

രെ എത്തുന്നുണ്ട്. ബ്രാഹ്മണ വേഷമാണെങ്കിലും, ഉരുണ്ടുയർന്നുള്ള സ്കന്ധങ്ങളും നെടുതായ കണ്ഠപ്രദേശവും ലോഹയഷ്ടികൾ പോലെയുള്ള ബാഹുക്കളും ലേശവും മാർദ്ദവം തോന്നിക്കാത്ത വിശാലമായ വക്ഷഃപ്രദേശവും ഗജത്തെക്കണ്ട സിംഹം കണക്കുള്ള നോട്ടങ്ങളും ഇത്യാദിയായുള്ള ലക്ഷണങ്ങൾകൊണ്ട് ക്ഷത്രിയവംശജനാണെന്നു കാഴ്ചക്കാർ നിശ്ചയിച്ചു പോകും. എന്നാൽ സാധുവായ ഒരു ബ്രാഹ്മണന്റെ ഒറ്റമുണ്ടും കച്ചമുണ്ടും അല്ലാതെ രജോഗുണപ്രധാനന്മാരായ ക്ഷത്രിയന്മാരുടെ അലങ്കാരങ്ങളോ രസികത്വമോ യാതൊന്നുംതന്നെ ഇദ്ദേഹത്തിന് ഇല്ലായിരുന്നു. മേല്പറഞ്ഞ വസ്ത്രങ്ങളെത്തന്നെ ഒട്ടും ശ്രദ്ധയോടുകൂടി ധരിച്ചിരുന്നില്ല. കച്ചമുണ്ട് അരയിൽ ചുറ്റിയിരിക്കയായിരുന്നു.

മുമ്പിൽ കാണപ്പെടുന്ന വേളിമലയിൽ നോക്കി എന്തോ മനഃക്ലേശങ്ങളോടു കൂടി ബ്രാഹ്മണൻ ഇരിക്കുന്നു. ഇടക്കിടെ കോപഭാവങ്ങളും മുഖത്തു പുറപ്പെടുന്നുണ്ട്. മേഘങ്ങൾ മേല്പറഞ്ഞ പർവ്വതത്തിന്റെ അഗ്രഭാഗത്തെ മുഴുവനും മറച്ചിരിക്കുന്നതിനെ കണ്ടിട്ട് ബ്രാഹ്മണന് ഇപ്രകാരമെല്ലാം ആത്മഗതമുണ്ടായി. “അല്ലേ പർവ്വതമേ, നിന്റെ ഔന്നത്യം തന്നെ നിനക്ക് ആപത്തായിത്തീർന്നിരിക്കുന്നല്ലോ. നിന്റെ താഴ്വരകളിലെ ചെറിയ കുന്നുകൾ ഉദയരവിയുടെ കിരണങ്ങൾ തട്ടി എത്ര ആനന്ദതുന്ദിലന്മാരായി കാണപ്പെടുന്നു! ആവിമയമായ മേഘങ്ങൾ അവയെ ബാധിക്കുന്നില്ലല്ലോ. ഒന്ന് വിചാരിച്ചു നീ ആശ്വസിക്ക. നിന്നെക്കാൾ പൊക്കമേറുന്ന ഗിരികൾക്ക് ഹിമം എന്നുള്ള ഒരു ശത്രു കൂടി ഉണ്ടല്ലോ. നിനക്ക് അതിന്റെ പീഡയില്ല. താഴ്ച നല്ലതുതന്നെയാണ് പീഡകൾ ഒഴിഞ്ഞു മനസ്സമാധാനത്തോടു കൂടി ജന്മം

കഴിക്കാം. എന്നാൽ ഈ തത്വത്തെ മനുഷ്യർ ഗ്രഹിക്കുന്നുണ്ടോ? അതില്ല. തൃഷ്ണ വല്യതായ ഒരു മൂർത്തി തന്നെയാണ്. തൃഷ്ണയെ വെടിഞ്ഞു് എല്ലാവരും ഇരുന്നാലോ? പിന്നെ പ്രപഞ്ചം ഇല്ല. എയ്! നടക്കാത്ത കാര്യങ്ങളെ പറ്റി ഞാൻ ഇങ്ങനെ മനോരാജ്യം കണ്ടുകൊണ്ടിരുന്നാലോ! മറുകര കാണുകയില്ല. ഒടുവിൽ വ്യസനിക്കേണ്ടിയും വരും. നടപ്പുള്ള കാര്യങ്ങളെ ആലോചിച്ചു നേരെ നടത്തുന്നതാണ് ഉത്തമ പുരുഷ ലക്ഷണം. ആട്ടെ." ഇപ്രകാരമുള്ള മനോരാജ്യങ്ങൾ കഴിഞ്ഞു്, ബ്രാഹ്മണൻ, 'പരമേശ്വരാ' എന്ന് ഒന്നു വിളിച്ചു. 'അടിയൻ' എന്നു വിളികേട്ടുകൊണ്ട് മതിൽക്കെട്ടിനു പുറത്തു നിന്നിരുന്ന ഒരു നായർ അകത്തോട്ടു കടന്നിട്ട് ബ്രാഹ്മണന്റെ മുമ്പിൽ എത്തി കൈകെട്ടി വാപൊത്തി രാജസന്നിധിയിൽ എന്നപോലെ നിന്നു. ഈ നായർ സ്ഥാനമാനികളായ ഇടപ്രഭുക്കന്മാരുടെ അകമ്പടിക്കാരെപ്പോലെ വാളും പരിചയും ധരിച്ചിരുന്നു.

ബ്രാഹ്മണൻ: "പരമേശ്വരാ, എന്താണു നാം ഇനി ചെയ്യേണ്ടതു്? ഇവിടങ്ങളിൽ താമസിക്കുന്നതു് അത്ര വെടിപ്പാണെന്നു തോന്നുന്നില്ല. തിരുവനന്തപുരത്തേക്കു പോകയല്ലേ?"

പരമേശ്വരൻപിള്ള: "ഭൂതപ്പാണ്ടിയിൽ ചെന്നു വന്ന കാര്യം സാധിക്കാൻ നോക്കാതെ പോയാലോ?"

ബ്രാഹ്മണൻ: "അമ്മാവനു സുഖമില്ലെന്നു വർത്തമാനം കിട്ടിയിരിക്കുന്ന സ്ഥിതിക്ക് ഉടനേ ഞാൻ അവിടെ എത്തേണ്ടതല്ലയോ? ഇവിടെ താമസിച്ചാൽത്തന്നെ എന്തു കാര്യസാധ്യമാണുള്ളതു്? ദ്രവ്യവും ആളും ഇല്ലാ

തെ ഒന്നും നടക്കയില്ല. രണ്ടും നമുക്കില്ല. ഒരു പഠാണി യുടെ സഹായം മാത്രം ലഭിച്ചു."

പരമേശ്വരൻപിള്ള: "ഇനിയും ഈ ഭാഗത്ത് ആൾ ഉണ്ടാകും. ഉപേക്ഷകൊണ്ടൊന്നും അറിവാൻ ഇടവരാത്തതാണ്."

ബ്രാഹ്മണൻ: (കോപവും ഈർഷ്യയും വർദ്ധിച്ച ഭാവത്തോടെ) "നാം എന്താണ ചെയ്യേണ്ടത്? ഈ സ്ഥലങ്ങളിലുള്ള പ്രമാണികളെ വരുത്താൻ, ആ ശനി പത്മനാഭപുരത്തു വന്നിരിക്കുന്ന സ്ഥിതിക്കു കഴിയുന്നതല്ല. എന്നാൽ ഞാൻ ഒന്ന് ആലോചിക്കുന്നു. നീ ഭൂതപ്പാണ്ടിയിൽപ്പോയി ആറുമുഖം പിള്ളയെ കാണാൻ നോക്കണം. ഞാൻ തിരുവനന്തപുരത്തേക്കുതന്നെ പോകാം."

പരമേശ്വരൻപിള്ള: "അടിയൻ തിരുവനന്തപുരംവരെ കൂടി വിടകൊണ്ടിട്ട്, ഭൂതപ്പാണ്ടിയിലേക്കു പിന്നീട് ആകാം. തനിച്ചെഴുന്നള്ളുന്നത് ശരിയല്ല. കള്ളിയങ്കാട്ടു വെച്ച് പറ്റിയതുപോലെ ഇനിയും ആപത്തിൽ ചാടരുത്."

ബ്രാഹ്മണൻ: "ആപത്തിനെ ഭയന്നാലോ? നീ ഇന്നു തന്നെ ഭൂതപ്പാണ്ടിക്കു പുറപ്പെടണം. ഇപ്പോൾ ഉള്ളതിൽ വലിയ ആപത്ത് ഇനി വരാനുണ്ടോ?"

പരമേശ്വരൻപിള്ള: "ഇങ്ങനെ കല്പിക്കരുത്. എന്തായാലും കേരളപുരത്ത് എഴുന്നള്ളിയിട്ട് അവിടുന്ന് തിരുവനന്തപുരത്തേക്കു തിരിക്കാം. കടവിലെഴുന്നള്ളത്തും ഒന്നും കഴിക്കാതെ ഇവിടെ ഇരുന്നാൽ കണക്കല്ല."

ബ്രാഹ്മണൻ: "ഞാൻ തിരുവനന്തപുരത്തേക്കു തന്നെ തിരിക്കയാണ്. ആലസ്യത്തിന്റെ വിവരം അറിഞ്ഞിട്ട് മേലിൽ നടത്തേണ്ട കാര്യങ്ങളെപ്പറ്റി ആലോചിക്കാം. അതിനിടയിൽ നീ പോയി മധുരക്കാരെ സമാധാനപ്പെടുത്തണം. ആ കേൾക്കുന്ന ശബ്ദമെന്താണ്?" എന്നു പറഞ്ഞുകൊണ്ട്, ബ്രാഹ്മണൻ എഴുന്നേറ്റു.

ഒടുവിലെ വാക്കുകൾ കേട്ടു പരമേശ്വരൻപിള്ള അരനിമിഷംകൊണ്ടു വാതിൽക്കൽ എത്തി പുറത്തുനോക്കീട്ട് ധൃതിയോടും പരിഭ്രമത്തോടും മടങ്ങിയെത്തി, "ക്ഷണം മതിൽ ചാടണം. പത്തുപന്ത്രണ്ടു വേൽക്കാർ ഇങ്ങോട്ടുതന്നെ വരുന്നു." എന്നു പറഞ്ഞു. ബ്രാഹ്മണൻ ഇതു കേട്ടിട്ട് കുലുങ്ങാതെ വടക്കോട്ടുള്ള ഒരു വാതിൽ തുറന്ന് കെട്ടിനു പുറത്തുകടന്ന് നിഷ്പ്രയാസമായി വടക്കേ മതിൽ ചാടുകയും ചെയ്തു. പുറകെ പരമേശ്വരൻപിള്ളയും എത്തി. ഇവർ മതിൽക്കെട്ടിനു പുറത്തായപ്പോൾ വേൽക്കാർ കൊട്ടാരത്തിന്റെ തെക്കേ പടിക്കൽ എത്തി. ആകെ പതിന്നാലു വേൽക്കാർ ഉണ്ട്. ഇവരുടെ പ്രമാണിയായ വേലുക്കുറുപ്പ്, കട്ടിയും കവണിയും ഉടുത്ത്, തലയിൽ ഒരു പട്ടും കെട്ടി, വാളും പരിചയും ധരിച്ച് മുമ്പിൽ നടക്കുന്നുണ്ട്. ഇയാളുടെ പരിവാരങ്ങൾ ഓരോ കുന്തം ധരിച്ചിട്ടുള്ളതു കൂടാതെ അരയിൽ ഓരോ വാളും കെട്ടിയിട്ടുണ്ട്. വേലുക്കുറുപ്പിനെ ഒരിക്കൽ കണ്ടാൽ പിന്നെ മറക്കുക പ്രയാസമാണ്. കേരളീയനാണെന്ന് പൂർവ്വശിഖ ഒന്നുകൊണ്ടു മാത്രം അറിയണം. കാഴ്ചയിൽ പടിഞ്ഞാറെക്കടലിന്റെ പടിഞ്ഞാറെ തീരത്താണോ ജനനം എന്നു ഭൂമിശാസ്ത്രപരിജ്ഞാനം ഉള്ളവരായ ആളുകൾ സംശയിക്കും. പൊക്കം ഒരു കരിങ്കൽച്ച

ക്കോളമേയുള്ളു. വർണ്ണം, ദേഹകാഠിന്യം എന്നിവയാലും, ചക്കിനോടു സാദൃശ്യമുണ്ട്. നേത്രങ്ങൾ വൃത്താകാരമായി തുറിച്ചും, നാസിക ഒരു മാംസക്കഷണം ഉരുട്ടി മുഖത്ത് ഒട്ടിച്ചതുപോലെയും, ദന്തങ്ങൾ രണ്ടോ മൂന്നോ വരികൾ ഉള്ളവ തങ്ങളിൽ മത്സരം കലർന്ന് കറുത്തു തടിച്ചുള്ള ചുണ്ടുകളെ ആക്രമിച്ചും, നെറ്റി ഉണ്ടോ എന്നു സംശയിക്കത്തക്ക വിധത്തിൽ വിസ്താരം കുറഞ്ഞും, ഇങ്ങനെ വികൃതമായുള്ള രൂപത്തോടുകൂടിയ ഈ ആളുടെ ധൈര്യത്തെ അയാളുടെ കണ്ടകത്വം ഒന്നിനോടു മാത്രമേ ഉപമിച്ചുകൂടൂ. ബന്ധുക്കൾ എന്നും, അബലകൾ എന്നും, ബ്രാഹ്മണർ എന്നും, കുട്ടികൾ എന്നും മറ്റുമുള്ള യാതൊരു ഭേദങ്ങളും വേലുക്കുറുപ്പിന് ഗ്രന്ഥമാർഗ്ഗമായിപ്പോലും പരിചയമില്ല. തന്റെ നാഥനായ വലിയ തമ്പിയുടെ ഉത്തരവുണ്ടായാൽ 'വെട്ടൊന്ന് കണ്ടം രണ്ട്' എന്നുള്ള പ്രമാണമേ അയാൾക്കു പാഠമുള്ളൂ.

വേലുക്കുറുപ്പും സന്നാഹങ്ങളും കൊട്ടാരത്തിനകത്തു കടന്ന ധൃതിയോടുകൂടി മുറ്റങ്ങളും മുറികളും തട്ടിൻപുറവും എല്ലാം പരിശോധന തുടങ്ങി. അല്പം ആലോചന കഴിഞ്ഞ് പതിനാലുപേരും വാനരന്മാരെപ്പോലെ മതിൽ ചാടിക്കടന്ന് ബ്രാഹ്മണനും ശിഷ്യനും പോയിട്ടുള്ള വഴി പുല്ലുകളും ചെടികളും പതിഞ്ഞു കിടക്കുന്നതു കണ്ടറിഞ്ഞ്, അവരെ പിന്തുടർന്നു. കുറച്ചുദൂരം ചെന്നപ്പോൾ ബ്രാഹ്മണനെയും ശിഷ്യനെയും കണ്ടുതുടങ്ങി. 'പിടിച്ചോടാ' എന്നു വേലുക്കുറുപ്പ് വിളികൂട്ടി തന്റെ ഭടന്മാരെ ഉത്സാഹപ്പെടുത്തി. കല്ലും മുള്ളുംകൊണ്ടു പാദങ്ങൾക്കുണ്ടായ വേദനയെ ഏതും ലക്ഷ്യമാക്കാതെ ബ്രാഹ്മണനും ശിഷ്യനും വ്യാധനെക്ക

ണ്ട മാൻപേടകളെപ്പോലെ കുതിച്ചുപാഞ്ഞു. തലേദിവസം ഉപവാസമായിരുന്നതിനാൽ കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുപേരും ക്ഷീണിച്ചുതുടങ്ങി. എങ്കിലും ജീവിതത്തിലുള്ള ആഗ്രഹം കൊണ്ടു് പക്ഷിവേഗത്തെവെല്ലുന്ന ശീഘ്രഗതിയോടുകൂടി വൃക്ഷങ്ങളും പാറകളും ചുറ്റി, കുന്നുകളും കുഴികളും സമഭൂമികളും കടന്നു്, വേൽക്കാരുടെ മുമ്പിൽനിന്നു മറഞ്ഞു. അസ്ത്രങ്ങൾപോലെ പാഞ്ഞുപോകും വഴിയിൽ മുമ്പിൽ വളരെ അകലെയായിട്ടു് ഒരു ചാന്നാൻ നിന്നു് ചില ആംഗ്യങ്ങൾ കാട്ടുന്നതു കാണുകയുണ്ടായി. അവൻ നിന്നിരുന്നതിനു സമീപത്തു് വാർദ്ധക്യംകൊണ്ടു കാതൽ എല്ലാം ചാവി വീണു ദ്രവിച്ചും ഇലകൾ കൊഴിഞ്ഞും ഉള്ള ഒരു പ്ലാവു് നിന്നിരുന്നു. ഇടിവീണും, മറ്റു ഹേതുക്കളാലും കൊമ്പുകൾ എല്ലാം നശിച്ചുപോയിരിക്കുന്നു. ചെറുതായ ഒരു മുറിയോളം വിസ്താരമുള്ള ഒരു പോടു് ഈ വൃക്ഷശിഷ്ടത്തിൽ ഉള്ളതിനെ, വായുവേഗത്തോടു തന്റെ സമീപത്തു് എത്തിയ ബ്രാഹ്മണനു്, ചാന്നാൻ കാണിച്ചുകൊടുത്തതിനെ കണ്ടു് അവന്റെ ആംഗ്യങ്ങളുടെ താല്പര്യത്തെ മനസ്സിലാക്കീട്ടു്, കാൽക്ഷണംകൊണ്ടു് അദ്ദേഹവും ശിഷ്യനും അതിനകത്തു കടന്നു. ഇവർ രണ്ടുപേരും വൃക്ഷകോടരത്തിനുള്ളിൽ ആയതു കണ്ടശേഷം ചാന്നാൻ നേരെ പടിഞ്ഞാറുനോക്കി ഓടിത്തുടങ്ങി. വേൽക്കാർ വഴിതെറ്റാതെ, ബ്രാഹ്മണനും ശിഷ്യനും ശ്വാസത്തെ അടക്കി നിശ്ചേഷ്ടരായിരുന്ന വൃക്ഷത്തേയും കടന്നു്, മുമ്പിൽ കണ്ട കാലടികളെ ലക്ഷ്യമാക്കി പടിഞ്ഞാറോട്ടു തിരിഞ്ഞു് ഓടിപ്പോകയും ചെയ്തു. തങ്ങൾ ഇരുന്നിരുന്ന വൃക്ഷത്തെ കടന്നു് വേൽക്കാർ പോയ ഉടനെ ബ്രാഹ്മണനും പരമേശ്വരൻ

പിള്ളയും വൃക്ഷഗഹ്വരത്തിൽനിന്ന് പുറത്തിറങ്ങി വേഗത്തിൽ കിഴക്കോട്ടു നടന്നുതുടങ്ങി. ഏകദേശം കാൽനാഴിക ദൂരം ചെന്നപ്പോൾ വലുതായ ഒരു പനങ്കാവു (പനകൾ നിറഞ്ഞുള്ള പറമ്പ് ) കണ്ടിട്ട്, അതിൽ കടന്ന് അവിടെ നിന്നിരുന്ന ചില ചാന്നാന്മാരോടു, സമീപത്ത് നായർ ഗൃഹം ഏതെങ്കിലും ഉണ്ടോ എന്നും മറ്റും അന്വേഷിച്ചുതുടങ്ങി.

ഇതിനിടയിൽ വേൽക്കാർ വേഗം കുറയ്ക്കാതെ പായുന്നുണ്ട്. 'ആണുങ്ങളെങ്കിൽ തല കൊണ്ടുപോരണം' എന്നും മറ്റും ചില നിശ്ചയങ്ങളെ ഓടുന്നതിനിടയിൽ വേൽക്കാരെ വേലുക്കുറുപ്പ് ധരിപ്പിക്കുന്നു. എന്നാൽ കുറച്ച് മുമ്പിൽ കാണപ്പെട്ട ബ്രാഹ്മണനും ശിഷ്യനും ഒന്നു മറഞ്ഞതിന്റെ ശേഷം വീണ്ടും പ്രത്യക്ഷരാകുന്നതേയില്ല. കാലടികളും കാണാതായിത്തുടങ്ങി. എന്തോ ഒരു ശബ്ദം കേട്ടിട്ട് എല്ലാവരും നായാട്ടുനായ്ക്കളെപ്പോലെ കിതച്ചുകൊണ്ട് ആ സ്ഥലത്തെത്തുന്നു. അവിടെ ഒരു ഭ്രാന്തരൂപനായ ചാന്നാൻ പാട്ടുപാടി വെയിലുംകൊണ്ടു സുഖിച്ചു നിൽക്കുന്നു.

വേലുക്കുറുപ്പ്: "എടാ പയലേ, ഈ വഴിയേ രണ്ടു പേർ ഓടുന്നതു കണ്ടോടാ?"

ചാന്നാൻ: "കണ്ടോടാ കണ്ടോടാ പുലി ചാടിവരുന്നതു കണ്ടോടാ?" എന്നിങ്ങനെ പാടിക്കൊണ്ട് ചില കലാശങ്ങൾ തുടങ്ങി. വേലുക്കുറുപ്പിന്റെ കർണ്ണങ്ങളിൽ ചാന്നാന്റെ സ്വരം വ്യക്തമായി എപ്പോൾ പതിച്ചുവോ അപ്പോൾ അയാളുടെ ഉള്ളിൽ ഒരു സംഭ്രമമുണ്ടായി. അകാരണമായിട്ടുണ്ടായതെന്ന് അയാൾക്കു അപ്പോൾ തോ

ന്നിയതായ സംഭ്രമത്തെ അടക്കീട്ട് "എടാ ഭ്രാന്താ, ചോദിക്കുന്നതിന് ഉത്തരം പറയാണ്ട് ഭ്രതംപോലെ നിന്ന് തുള്ളിയാൽ അനുഭവം ചെള്ളയിലാണ്" എന്ന ദേഷ്യത്തോടു പറഞ്ഞു. ഇതിനുത്തരമായി "വേളിമലയിലേ പോവാതുങ്കോ... തീകോരിച്ചൊരിയിറ പൂതമുണ്ടേ" എന്നു പാടിക്കൊണ്ടു ചില ചുവടുകളും വിസ്തരിച്ചു വച്ചതല്ലാതെ വേലുക്കുറുപ്പിന്റെ തുള്ളലിനെ കണ്ടിട്ട് ചാന്നാൻ ഒട്ടും തന്നെ അതിനെ ആദരിച്ചില്ല. ഈ അനാദരഭാവം കണ്ടുണ്ടായ കോപംകൊണ്ട്, ചാന്നാൻ ബുദ്ധിഹീനനാണെന്നു വിചാരിച്ച് സമാധാനപ്പെടേണ്ടതെന്നുള്ള സംഗതിയേയും മറന്ന്, അവനെ വേലുക്കുറുപ്പ് തന്റെ പാദത്താൽ ഒന്നു പ്രഹരിച്ചു. അപ്പോൾ എന്താശ്ചര്യമാണ്! എങ്ങുനിന്നു പുറപ്പെടുന്നു എന്നറിയാതെ ബാണങ്ങൾ വർഷിച്ചുതുടങ്ങി. ഒന്നുരണ്ട് വേൽക്കാർ അസ്ത്രമേറ്റു നിലത്തു പതിക്കയും ചെയ്തു. ഇങ്ങനെയുള്ള ആപത്തിനിടയിൽ ആ സ്ഥലത്ത് നിൽക്കുന്നതു കണക്കല്ലെന്ന് കരുതീട്ട് അതുവരെ ചാന്നാന്റെ ഗോഷ്ടികൾ കണ്ടു രസിച്ചുകൊണ്ടു നിന്നിരുന്ന വേൽക്കാർ കാറ്റ് തട്ടിയ കരിയിലകൾ പോലെ പറന്നു പത്മനാഭപുരത്തെത്തി. തന്റെ പരിവാരങ്ങൾ ഓടിക്കളഞ്ഞതുകൊണ്ട് വേലുക്കുറുപ്പും പുറകേ എത്തി.

വേലുക്കുറുപ്പിന്റെ പാദം തന്റെമേൽ പതിച്ചപ്പോൾ മിന്നൽപോലെ തന്റെ മുഖത്തുപ്രകാശിച്ചതായ രൗദ്രത്തെ അടക്കീട്ട്, ശരങ്ങൾ തന്റെ മുമ്പിൽ വീഴുന്നതിനെ കണ്ടിട്ടും, ഏതും ഗണ്യമാക്കാതെ പാട്ടു പാടിയും ആട്ടം ആടിയും ഗോഷ്ടി കാട്ടിയും കൊണ്ടുതന്നെ ചാന്നാൻ ആ നി

ലത്തു നിന്നു. വേലുക്കുറുപ്പ് മുമ്പായവർ ഓടിപ്പോയതിന്റെ ശേഷം കുറച്ചകലെ ഒരു വൃക്ഷത്തിന്റെ മറവിൽ നിന്ന്, വില്ലും ആവനാഴിയും ധരിച്ച ഒരു നായർ ചാന്നാന്റെ മുമ്പിൽ പ്രത്യക്ഷനായി. വില്ലും വില്ലാളിയും തമ്മിൽ യോജിപ്പായിരുന്നു. വില്ലിൽ ചായം തേച്ച മിനുക്കീട്ടുള്ളതു കൂടാതെ രണ്ടറ്റത്തും വെള്ളിക്കെട്ടുകളും ഉണ്ട്. അതിന്റെ നീളവും ഘനവും കണ്ടാൽ പൂർവ്വയുഗത്തിലെ മഹാരഥന്മാർ വല്ലവരും ഉപയോഗിച്ചിരുന്ന വില്ലാണോ എന്നു സംശയിച്ചുപോകും. നായർ തുലോം കറുത്ത് കൃശനായ ഒരു പ്രാകൃത സ്വരൂപനായിരുന്നു. എങ്കിലും അയാളുടെ പൊക്കവും ഗാത്രത്തിന്റെ ദാർഢ്യവും നോട്ടങ്ങളുടെ ഉഗ്രഭാവവും ശൗര്യമുദ്രകളായി അയാളിൽ കാണപ്പെട്ടിരുന്നു. വലതുകൈയാൽ വില്ലിനെ ഈർക്കിലെന്ന പോലെ ചുഴറ്റിക്കൊണ്ടാണ് ചാന്നാന്റെ മുമ്പിൽ നായർ പ്രവേശിച്ചത്. തന്റെ കാലിൽ തടയുന്ന ചെറിയ ചെടികളെ കാലുകൊണ്ടുതന്നെ വേരോടെ പറിച്ച് ദൂരെ എറിഞ്ഞുകൊണ്ടായിരുന്നു യാത്ര. ആവനാഴിയിൽ അനേകവിധമായ അസ്ത്രങ്ങൾ കിടന്നിരുന്നു. ചാന്നാന്റെ സമീപത്തെത്തി അവിടെ വീണുകിടന്ന അസ്ത്രങ്ങളെ എടുത്ത് ആവനാഴിയിലും അസ്ത്രംകൊണ്ടു മരിച്ചുകിടന്നിരുന്ന രണ്ടു വേൽക്കാരെ പുറങ്കാലാൽ കോരി അനായേസേന അകലത്തുള്ള ഒരു ചുള്ളിക്കാട്ടിലും നിക്ഷേപിച്ചു. ഒടുവിലത്തെ ക്രിയ കണ്ട് ചാന്നാന്റെ ഭാവം അല്പം പകർന്നു. രണ്ടുപേരുമായി കുറച്ചു സംഭാഷണം കഴിഞ്ഞ് ഓരോ വഴിക്ക് തിരിഞ്ഞുപോകയുംചെയ്തു.

# 3

“എന്നിനിക്കാണുന്നു ഞാൻ എൻ പ്രിയതമ!”
“പീഡിക്കേണ്ടാ തനയേ സുനയേ”

തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിനു പടിഞ്ഞാറുള്ള ഭാഗങ്ങളിൽ അക്കാലങ്ങളിൽ നമ്പൂതിരിമാർ, പോറ്റിമാർ, തിരുമുല്പാടന്മാർ, അമ്പലവാസികൾ, നായന്മാർ ഇവരുടെ ഗൃഹങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പടിഞ്ഞാറോട്ട് ഒരു രാജപാതയും അനേകം ഇടവഴികളും അല്ലാതെ സഞ്ചാരത്തിനു സൗകര്യമുള്ളതായ റോഡുകൾ ഇല്ലയിരുന്നു. ഇടവഴികൾ മിക്കതും ശുചിയില്ലാതെയും വിസ്താരം കുറഞ്ഞും ഇരുന്നിരുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ ഈ പട്ടണത്തെ പത്മനാഭപുരത്തെപ്പോലെതന്നെ ഒരു രാജധാനി ആക്കിവെച്ചിരുന്നു. രാജകുടുംബത്തിന്റെ പാർപ്പും മിക്കവാറും ഈ സ്ഥലത്തുതന്നെ ആയിരുന്നു. എങ്കിലും ഒരു സംസ്ഥാനത്തിന്റെ തലസ്ഥാനത്തിനു വേണ്ട ബഹിരാഡംബരങ്ങൾ ഇല്ലായിരുന്നു. പൂർവ്വസ്ഥിതികളെ ഭേദപ്പെടുത്തിയാലും അതുകളുടെ മാതൃകയ്ക്കു മാത്രമായി വല്ല അവശിഷ്ടങ്ങളേയും സൂക്ഷിച്ചു രക്ഷിക്കുന്ന ഒരു നടപ്പ് ചില ദേശങ്ങളിൽ ഉ



ണ്ടല്ലോ. അനന്തൻകാട്ട് എന്ന പ്രസിദ്ധിയുള്ള വനത്തിലെ ചില വൃക്ഷങ്ങളെ ഇന്നും നിറുത്തി പൂജിച്ചുവരുന്നതായി കേൾക്കുന്നുണ്ട്. അപ്രകാരംതന്നെ തിരുവനന്തപുരം പട്ടണത്തിന്റെ പൂർവ്വസ്ഥിതി ഗ്രഹിക്കുന്നതിനു താല്പര്യമുള്ളവരുടെ അഭീഷ്ടസാദ്ധ്യത്തിനായി, മറ്റു ഭാഗങ്ങളെപ്പോലെ ആവശ്യമുള്ള റോഡുകളും മറ്റുംകൊണ്ട് അലങ്കോലപ്പെടാതെ ശ്രീവരാഹം, പെരുന്താന്നി, പാൽക്കുളങ്ങര എന്നീ പ്രദേശങ്ങളെ കഴിയുന്നതും രക്ഷിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിൽ കാണപ്പെടുന്നതുപോലെ ഉള്ള ഇടവഴികളും കയ്യാലകളും ഭവനങ്ങളും ആണ് അന്നു തിരുവനന്തപുരം കൊട്ടാരത്തിനും പത്മനാഭസ്വാമിക്ഷേത്രത്തിനും ചുറ്റും ഉണ്ടായിരുന്നത്. ഇടവഴികളിലെ മുട്ടോളം പുതയുന്ന മണലിൽ അനേകം ദിവ്യനിക്ഷേപങ്ങളെ ദിവസംപ്രതി ജനങ്ങൾ സ്ഥാപിച്ചുപോന്നിരുന്നു. അതിനാൽ ആ പ്രദേശങ്ങളിൽ രോഗാദി സമ്പത്തുകളും വർദ്ധിച്ചുവന്നിരുന്നു.

പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നു മിത്രാനന്ദപുരം ക്ഷേത്രത്തിലേക്കുള്ള മാർഗ്ഗത്തിന്ന് കുറച്ചു തെക്കുമാറി പടിഞ്ഞാറോട്ട് ഒരു ഇടവഴി കുറച്ചു വിസ്താരവും ശുചിയും ഉള്ളതായി കാണ്മാനുണ്ടായിരുന്നു. ഈ വഴി കുറച്ചു പടിഞ്ഞാറു ചെന്ന് ഒരു ഭവനത്തോടു അവസാനിച്ചിരുന്നു. മരിച്ചുപോയ ഉഗ്രൻ കഴക്കൂട്ടത്തുപിള്ളയുടെ ഭാര്യയുടെ ഗൃഹമായ പ്രസിദ്ധിയുള്ള ചെമ്പകശ്ശേരി വീട് ഇതാണ്. പഴയ മാതിരിയിലുള്ള ഊക്കൻ കെട്ടിടങ്ങൾ ഇതിനകത്തു കാണ്മാനുണ്ട്. ചെമ്പകശ്ശേരി വീട്ടിന്റെ കണക്കിൽ ഇക്കാലങ്ങളിൽ വീടുകൾ ഉണ്ടെന്നു തോന്നുന്നില്ല. ഈ വീട്ടിലെ കാരണവന്മാർ വേണാട്ടധിപന്മാരുടെ മന്ത്രിമാരായിരുന്ന കാലങ്ങളിൽ പണിചെയ്യിച്ചിട്ടുള്ള ഗൃഹമാണ്. പ്രധാന കെട്ടിടത്തിൽ തെക്കേ അറ്റത്ത് ഒരു പൂമുഖവും, പൂമുഖത്തിൽ നിന്നു പടിഞ്ഞാറോട്ടു ഒരു വാതിൽ ഉള്ളതു കടന്നാൽ തെക്കുവടക്കായി ഒരു മുറിയും, ഈ മുറിയുടെ പടിഞ്ഞാറതിര് കീഴുമേൽ അടിയിൽ മൂന്നിൽ ഒരു ഭാഗം കൽക്കെട്ടും ശേഷം നിരയും. ഈ നിരയിൽ രണ്ടു മുറിയിലേക്കുള്ള വാതിലുകളും ഈ വാതിലുകളുടെ പടികളിൽ കയറുന്നതിനു വ്യാളീവിഗ്രഹങ്ങളാൽ താങ്ങപ്പെട്ടിട്ടുള്ള പടികളും വാതിലുകൾ ഈരണ്ടു ഇടങ്ങഴിപ്പൂട്ടുകളും കുറ്റികളും പിന്നൽച്ചങ്ങലകളും കൊണ്ടു ബന്ധിക്കപ്പെട്ടിട്ടുള്ളതുകളും നെടുതായ മുറിയിൽ നിന്നു വടക്കോട്ട് ഒരു വാതിലും, ആ വാതിൽ കടന്നാൽ കിഴക്കുപടിഞ്ഞാറായി ഒരു മുറിയും, ഈ മുറിയുടെ തെക്കേനിരയിൽ പടിഞ്ഞാറുനീങ്ങി മേൽപറഞ്ഞ രണ്ടു മുറികളുടെയും പടിഞ്ഞാറുവശത്തുള്ളതായ ഒരു അറയിലേക്കുള്ള വാതിലും, മേൽ പറയപ്പെ

ട്ട നാലു മുറികളും അറയും പൂമുഖവും ചുറ്റി വരാന്തയും, തെക്കേ വരാന്തയിൽ പൂമുഖത്തിന്റെ അറുതി മുതൽ പടിഞ്ഞാറു അറുതി വരെ അഴികളും ആണ്. പൂമുഖത്ത് നവരംഗത്തട്ടും അനേകം വിഗ്രഹങ്ങൾ കൊത്തീട്ടുള്ള കൽത്തൂണുകളുമുണ്ട്. ഈ പ്രധാന കെട്ടിടത്തിനു പടിഞ്ഞാറായി ഇക്കാലങ്ങളിലെ അറപ്പുരമാതിരിയിൽ ഒരു കെട്ടിടവും, കിഴക്കുവശത്ത് ഒരു ചാവടിയും തെക്കുവശത്ത് 'തെക്കത്' എന്നറിയപ്പെടുന്ന പരദേവതാഗൃഹവും വടക്കുവശത്ത് വടക്കത് എന്നു പറയപ്പെടുന്ന അടുക്കള, കലവറ മുതലായതും ഉണ്ടായിരുന്നു. അറപ്പുരയിൽ നിന്ന് പ്രധാന കെട്ടിടത്തിലേക്ക് തെക്കും വടക്കുമായി രണ്ടു വെട്ടിച്ചേർപ്പുകളും തളങ്ങളും ഉണ്ടായിരുന്നു. അതുപോലെ തന്നെ വടക്കതിൽനിന്നു അറപ്പുരയിലേക്കും പ്രധാന കെട്ടിടത്തിലേക്കും ഓരോന്നും ഉണ്ടായിരുന്നു. ഈ വെട്ടിച്ചേർപ്പുകളിലെ തളങ്ങൾക്ക് പുറവശങ്ങളിൽ നിരകളും വാതിലുകളും ഉണ്ടായിരുന്നു. അറപ്പുരയുടെ പടിഞ്ഞാറുമാറി തെക്കുവടക്കായ ഒരു കെട്ടിടം കൂടിയുണ്ട്. ഇതു ആയുധപ്പുരയായിരുന്നു. ഈ ആയുധപ്പുര സൂക്ഷിപ്പുകാരൻ ശങ്കു ആശാൻ എന്നൊരാളായിരുന്നു. അതാതുകാലങ്ങളിലെ സൂക്ഷിപ്പുകാരും ആ ഭവനങ്ങളിലെ കാരണവരും ഒഴികെ മറ്റുള്ളവർ ഈ ആയുധപ്പുരയുടെ അകം കണ്ടിട്ടില്ല. തെക്കതിന്റെ തെക്കും ആയുധപ്പുരയുടെ പടിഞ്ഞാറും വടക്കേ കെട്ടിടത്തിന്റെ വടക്കും വശങ്ങൾ ചുറ്റി കോട്ടക്കയ്യാലയും തെക്കേ മതിലിനു തെക്കുനീങ്ങി ഒരു മാവും ഒരു കുളവും കുളപ്പുരയും കിണറും ഉണ്ടായിരുന്നു. വടക്കേകെട്ടിടത്തിന്റെ കിഴക്കുവശത്തും 'വീട്' എന്നുമാത്രം പറയപ്പെടുന്ന പ്രധാനകെട്ടിട

വും 'പടിപ്പുര' എന്നു പറയപ്പെടുന്ന ചാവടിയും ചേർത്തു് ഒരു മതിൽ ഉള്ളതിന്റെ വടക്കുമായി ഒരു വലിയ കരിങ്കൽക്കെട്ടു് കിണറും തൊട്ടിയും ഒരു ഉരപ്പുരയും; ആയുധപ്പുരയുടെ വടക്കായി ഒരു തേങ്ങാക്കൂട്ടും കൂടി ഉണ്ടു്. ചെമ്പകശ്ശേരി വീട്ടിൽ ചില കല്ലറകളും കൃത്രിമമാർഗ്ഗങ്ങളും ഉള്ളതായി ഒരു ശ്രുതിയുണ്ടു്.

ഈ കെട്ടിടങ്ങളിലെ മുറികൾ ഒന്നും തന്നെ കിടപ്പിനും ഇരുപ്പിനും സുഖമുള്ളതായിരുന്നില്ല. അറപ്പുരയ്ക്കകം മാത്രം കുറച്ചു വെടിപ്പാക്കി ഇട്ടിരുന്നു. ഇവിടെയുള്ള പ്രധാന ഇറയത്തു് കരിന്താളിയിൽ പണിചെയ്യപ്പെട്ട വലുതായ ഒരു കട്ടിലിൽ സൂര്യപടം കൊണ്ടുള്ള മെത്ത, തലയണ മുതലായതുകൾ ഇട്ടു് അലങ്കരിച്ചു വച്ചിരുന്നു. അന്യരായ സാധാരണ പുരുഷന്മാർ വന്നാൽ പടിപ്പുരയിലും പ്രമാണികൾ പൂമുഖത്തും ഇരിക്കയാണു് പതിവു്. മരിച്ചു പോയ കഴക്കൂട്ടത്തു പിള്ളയുടെ അനന്തരവൻ തേവൻ വിക്രമൻ പിള്ളയ്ക്കും ചെമ്പകശ്ശേരി മൂത്തപിള്ളയ്ക്കും ഗൃഹത്തിലെ പരിചാരകന്മാർക്കും അല്ലാതെ മറ്റു പുരുഷന്മാർക്കു് വടക്കേക്കെട്ടിലും അറപ്പുരയിലും കടന്നുകൂടാത്തതാകുന്നു. ചെമ്പശ്ശേരി മൂത്തപിള്ളമാരുടെ ഉറക്കം അറപ്പുരയിലായിരുന്നെങ്കിലും അക്കാലത്തെ മൂത്തപിള്ളയുടെ ഭഗിനിയും മരിച്ചുപോയ കഴക്കൂട്ടത്തുപിള്ളയുടെ ഭാര്യയും ആയ കാർത്ത്യായനിപ്പിള്ള പുത്രീസമേതം ഭർത്താവിന്റെ മരണാനന്തരം തന്റെ ഭവനത്തിലേക്കു മടങ്ങി വന്നതു മുതൽ ആ സ്ഥലം അവർക്കായി വിട്ടുകൊടുക്കപ്പെട്ടിരുന്നു. ചെമ്പകശ്ശേരി മൂത്തപിള്ളയുടെ സഹപാഠിയും ഇഷ്ടനും ആയിരുന്ന മരിച്ചുപോയ കഴക്കൂട്ടത്തുപിള്ളയുടെ മകളും തന്റെ ഭാഗിനേയിയുമായി ഒരു

പെൺകുട്ടിയുള്ളവൾ വിശേഷിച്ച് മറ്റു ശേഷക്കാർ ആരും ഇല്ലാതിരുന്നതിനാൽ, കാരണവരുടെ അതിവാത്സല്യഭാജനമായിരുന്നു. ഈ കഥയുടെ ആരംഭകാലത്ത് അദ്ദേഹത്തിനു നാല്പത്തിയൊൻപതും സഹോദരിക്കു മുപ്പത്തിയേഴും അനന്തരവൾക്കു പതിനാറും വയസ്സായിരുന്നു. ഈ അനന്തരവൾകുട്ടിയെ വിവാഹം ചെയ്യുന്നതിനു അവളുടെ അച്ഛന്റെ ഭാഗിനേയൻ തേവൻ വിക്രമൻ പിള്ള വളരെയൊക്കെ താൽപര്യപ്പെട്ടിട്ടും കുട്ടിയുടെ വിസമ്മതം ഹേതുവാൽ നടന്നില്ല. ഈ കുട്ടിയെ അച്ഛനും മറ്റൊരാളും മാത്രം പാറുക്കുട്ടി എന്നു വിളിച്ചു വന്നിരുന്നു. അമ്മ മുതലായവർ ‘തങ്കം’ എന്നാണു വിളിക്കുന്നത്. നാമധേയം പാർവതിപ്പിള്ള എന്നായിരുന്നു.

പാറുക്കുട്ടി പ്രായം കൊണ്ടു നവയൗവനവുംവന്ന് നാൾതോറും വളരുന്നു എന്നു പറയാവുന്ന സ്ഥിതിയിൽ ആയിരുന്നെങ്കിലും ബാല്യത്തിന്റെ ലക്ഷണങ്ങൾ മുഴുവനും നീങ്ങി ചേതോമോഹിനികളായുള്ള യുവതികളുടെ ശരീരമുഴപ്പും പ്രൗഢിയും അക്കാലത്ത് അവളിൽ ആസന്നമായിരുന്നില്ല. അവൾ പൊക്കം കൂടിയവളാണ്. എന്നാൽ കാഴ്ചയ്ക്കു കൗതുകം തോന്നിക്കാത്തവിധം പൊക്കം ഉണ്ടായിരുന്നില്ല. സകല അവയവങ്ങളും ഒന്നിനൊന്നു യോജിപ്പായിരുന്നതു കൊണ്ട് ഈ പൊക്കം അവളുടെ സൗന്ദര്യത്തിൽ ഒരംശംമായിരുന്നതേയുള്ളു. ചെമ്പകപുഷ്പത്തെ വെല്ലുന്ന വർണ്ണത്തോടുകൂടിയ കൃശമായഗാത്രം, വിശിഷ്യ അതിന്റെ ലാവണ്യത്താലും മാർദ്ദവത്താലും അതിമനോജ്ഞമായിരിക്കുന്നെങ്കിലും, ആദിത്യൻ മറഞ്ഞ ഉടനെ കാണപ്പെടുന്ന ചന്ദ്രനെ സംബന്ധിച്ച് ആരോപിക്കാ

വുന്ന ഒരു ന്യൂനതയുണ്ടെന്നുള്ളത് തുടിക്കുന്ന കവിൾത്തടങ്ങളിൽ ദൃശ്യമാകുന്ന കൗമാര ചിഹ്നം കൊണ്ടുതന്നെ പ്രത്യക്ഷമാകുന്നുണ്ട്. ശിരസ്സുമുതൽ ഏകദേശം മുഴങ്കാലോളം ഇരുഭാഗത്തും കവിഞ്ഞു കിടക്കുന്ന കേശപാശത്തിന്റെ കാർഷ്ണ്യം അവളുടെ ശരീരകാന്തിയെ ഉജ്ജ്വലിപ്പിക്കുന്നു. വൃത്താകാരത്തെ വിട്ട് അല്പം ഒന്നുനീണ്ടുള്ള മുഖത്തോടു സാമ്യം പറയുന്നതിനു യാതൊന്നും തന്നെ ഇല്ല. എങ്കിലും കാമുകന്മാരായുള്ളവരോട് 'അകലെ' എന്നു കല്പിക്കുന്നതായ ഒരു സ്ഥൈര്യരസം നെടിയ നേത്രങ്ങളിൽ നിന്നു പ്രവഹിക്കുന്നത് കൊണ്ടും, ശോണമായുള്ള അധരപല്ലവത്തിലും വളഞ്ഞുള്ള ചില്ലീയുഗങ്ങളിലും കളിയാടുന്ന രസങ്ങൾ വശീകരപ്രധാനങ്ങളല്ലാത്തതിനാലും നമ്മുടെ നായികയുടെ സൗന്ദര്യം രസവത്തായും ലളിതമായും ഉള്ളതല്ലെന്ന് രസികന്മാർ ചിലർ വിചാരിച്ചേക്കാം. എന്നാൽ ഒരോ സന്ദർഭാനുസരം അവളുടെ മുഖത്ത് ഉളവാകുന്ന വിശിഷ്ടങ്ങളായ ഭാവരസങ്ങളെ കാണുന്നവർ സീത, ദ്രൗപദി മുതലായ ദിവ്യ യുവതികളോടു നമ്മുടെ നായികയെ ഉപമിച്ചുവരാറുണ്ട്. സത്യം, ആർദ്രത, ഔദാര്യം ഇത്യാദിയായ ഗുണങ്ങൾക്ക് വിളനിലമായിരുന്ന അവളുടെ മനസ്സിന്റെ നിഷ്കളങ്കത ഒന്നിനെ മാത്രം നമ്മുടെ നായികയുടെ സൗന്ദര്യസാരസർവ്വസ്വമായി അവളുടെ അച്ഛനും മറ്റൊരാളും വിചാരിച്ചുവന്നിരുന്നു.

പാർവ്വതിയമ്മയ്ക്കു പതിന്നാലു വയസ്സായ കാലം മുതൽ എന്തോ ഒരു മനക്ലേശം സംഭവിച്ചിട്ടുണ്ട്. എല്ലായ്പ്പോഴും ജീവച്ഛവം പോലെ ഒന്നിലും ഒരു സന്തോഷം കൂടാതെ ത



ന്റെ സ്ഥാനത്തുതന്നെ ഇരുന്ന് ഓരോ മനോരാജ്യങ്ങളെ ക്കൊണ്ടു ദിവസം കഴിച്ചുകൂട്ടിപ്പോരുന്നു. ചില വ്രതം, ധ്യാ നം, പുരാണപാരായണം എന്നിവയും അനുഷ്ഠിച്ചുപോരു ന്നു. വിവാഹക്കാര്യത്തെപ്പറ്റി സംസാരിക്കുന്നവരോട്ട് മു ഷിയുകയും ചെയ്യും. അച്ഛന്റെ ഗൃഹത്തിൽവച്ച് ഒരു ആ ശാൻ എൺചുവടി മുതലായ കണക്കുകളും സിദ്ധരൂപം, അ മരകോശം മുതലായവയും പാറുക്കുട്ടിയെ പഠിപ്പിച്ചു. പിന്നീ ട്ട് ഒരു പിഷാരൊടി കുറച്ചുകാലം ചില കാവ്യങ്ങളും വായി പ്പിച്ചിരുന്നു. സംഗീതാഭ്യാസം ഉണ്ടായിട്ടില്ലെങ്കിലും സ്വ

രമാധുര്യം ഇതുപോലെ മറ്റൊരു സ്ത്രീക്കും ഇല്ലെന്നു തന്നെ പറയാം. രാമായണം മുതലായ കിളിപ്പാട്ടുകൾ പാറുക്കുട്ടി വായിക്കുന്നതു കേട്ടാൽ 'ശിലയുമലിഞ്ഞുപോം' എന്നുള്ള ചൊല്ലും 'കോകിലവാണി', 'ശുകവാണി', 'കളഭാഷിണി' ഇത്യാദിയായ സ്വരപ്രശംസകളും പാറുക്കുട്ടിയെ സംബന്ധിച്ചിടത്തോളം അതിശയോക്തികളല്ലെന്ന് ആരും ഭയപ്പെടും. സാധുപ്രകൃതിയാണെങ്കിലും വാല്യക്കാർക്കും മറ്റും പാറുക്കുട്ടിയെ ബഹുഭയമാണ്. തന്റെ സ്വന്തഭവനങ്ങളും അച്ഛനമ്മാവന്മാരുടെ ഇഷ്ടൻ തിരുമുഖത്തുപിള്ളയുടെ ഗൃഹവും ചിലക്ഷേത്രങ്ങളും അല്ലാതെ മറ്റൊരു സ്ഥലവും താൻ കണ്ടിട്ടില്ലാതിരുന്നതിനാലും അന്യരായ ജനങ്ങളോടു അധിക സഹവാസം ഇല്ലാതിരുന്നതിനാലും പാറുക്കുട്ടിക്ക് ലോകപരിജ്ഞാനം വളരെ കുറവായിരുന്നു. നിസ്സാരമായുള്ള വിഷയങ്ങളെപ്പറ്റി സംസാരിക്ക, വൃഥാ കോപിക്ക, അനാവശ്യമായി ഭൃത്യരെ ശാസിക്ക ഇത്യാദിയായ ദുശ്ശീലങ്ങൾ ഒന്നും തന്നെ പാറുക്കുട്ടിയെ ബാധിച്ചിരുന്നില്ല. അച്ഛന്റെ ഛായയും സ്വഭാവഗാംഭീര്യവും മകൾക്കു സിദ്ധിച്ചിട്ടുണ്ട്. കാർത്ത്യായനി അമ്മയ്ക്കു് മകളെക്കുറിച്ച് അധികം വാൽസല്യവും അതുമൂലം കുറച്ചൊരു ഭയവും ഉണ്ട്.

രണ്ടാമത്തെ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്നതിനു മൂന്നുനാല് ദിവസം മുൻപിൽ നമ്മുടെ നായിക അവളുടെ മഠത്തിൽ കുളിയും അത്താഴം ഊണും കഴിച്ച് വാല്യക്കാരിയും ആയിട്ട് ചെമ്പകശ്ശേരി അറപ്പുരയിൽ മടങ്ങിയെത്തിയിരിക്കുന്നു. പാറുക്കുട്ടിക്ക് അന്ന് സോമവാരവ്രതം ആയിരുന്നു. അറപ്പുരനിരയിൽ തൂക്കിയിരു

ന്ന ഒരു മാന്തോൽ എടുത്ത് അവിടെ നിന്നിരുന്ന വിളക്കിന്റ തെക്കുവശത്തിട്ട് അതിന്മേലിരിപ്പായി. ആഭരണങ്ങൾ അധികമൊന്നും ധരിച്ചിട്ടില്ലായിരുന്നു. രത്നഖചിതമായുള്ള ചെറിയൊരു താലി വെള്ളനൂലിൽ കോർത്തു കഴുത്തിൽ ധരിച്ചിരുന്നതു കൂടാതെ നാസികയിൽ വിലയേറിയതും സമീപത്തുള്ള ദീപത്തിന്റെ പ്രതിബിംബത്താൽ മറ്റൊരു ദീപം കൂടി കത്തുന്നുണ്ടോ എന്നു തോന്നിക്കുന്നതുമായ ഒരു ഒറ്റച്ചുവപ്പുവച്ച മൂക്കുത്തിയും വിരലിൽ രണ്ടു ഈർക്കിലൊടിയൻ മോതിരവും മാത്രമേ ഉണ്ടായിരുന്നുള്ളു. കറുത്ത ഈർക്കിൽക്കരയൻ കോട്ടാർമുറി അരയിലും ആവെട്ടിൽതന്നെയുള്ള ഒരു കവണി വിടർത്തി മാറത്തും ധരിച്ചിരുന്നു. ഈ കവണി ധരിച്ചിരുന്നതു മുലക്കച്ചയായും ഏത്താപ്പായും മേൽപ്പുടവയായും കുചങ്ങൾക്ക് ഒരു കൈലേസ്സായും അല്ലായിരുന്നു. ഒരു വശത്തെ ഒരു മുന്തികൊണ്ടു മാറുമുഴുവൻ മറച്ചിട്ട് ഭുജങ്ങളെയും മുൻപിൻ ഭാഗങ്ങളേയും മറയ്ക്കത്തക്കവണ്ണം കവണിയെച്ചുറ്റി മറ്റേ മുന്തികൊണ്ട് ഒന്നുകൂടി മാറിനെ ചുറ്റിയിരിക്കുകയായിരുന്നു. മാന്തോലിൽ ഇരുന്നിട്ടു പാറുക്കുട്ടി വാല്യക്കാരിയോട്ട്, "ആ ഗ്രന്ഥവും പലകയും ഇങ്ങെടുക്ക്" എന്നു പറഞ്ഞു.

വാല്യക്കാരി: "ഏതു കെരന്തം കൊച്ചമ്മാ? എന്നും വായിക്കണതോ നൊയമ്പിനു വായിക്കണതോ?"

പാറുക്കുട്ടി: "എന്നും വായിക്കുന്ന ഗ്രന്ഥം മതി"

വാല്യക്കാരി: "അതെന്താ . . . ഇന്നു തിങ്കളാഴ്ച അല്ലിയോ?"

പാറുക്കുട്ടി: "രാമായണഗ്രന്ഥം മതി; ഓ! മതിൽക്കകത്തെ ശംഖനാദം കേൾക്കുന്നു. പ്രസന്നപൂജയും മറ്റും ക

ഴിഞ്ഞിരിക്കണം. നിനക്കു ഉറങ്ങേണ്ട നേരമായിപ്പോയി.”

വാല്യക്കാരി: “എന്നാൽ ഞാൻ കെരന്തവും എടുത്തു വച്ചേച്ച് ഇങ്ങുതന്നെ വല്ല മൂലയിലും ചുരുണ്ടുകെടന്നോട്ടോ?”

പാറുക്കുട്ടി: “അതു വേണ്ട, ഗ്രന്ഥം എടുത്തു തന്നിട്ട് അങ്ങു വല്ലയിടത്തും പൊയ്ക്കൊൾകേ വേണ്ടൂ. പലകയും വേണം.”

വാല്യക്കാരി ഈ സാധനങ്ങൾ എടുത്ത് പാറുക്കുട്ടിയുടെ മുമ്പിൽ വച്ചിട്ട് വടക്കേക്കെട്ടിലേക്കു പോയി. പാറുക്കുട്ടി ഗ്രന്ഥം കൈയ്യിലെടുത്തുവച്ചുകൊണ്ട് കുറച്ചു നേരം ആലോചനയോടുകൂടി ഇരുന്നു. മുഖം ക്രമേണ ഭേദിച്ചു തുടങ്ങി. രക്തപ്രസാദമുള്ള മുഖമാകയാൽ കുറേശ്ശ ചുവന്നുതുടങ്ങി. കഠിനമായ വ്യസനം കൊണ്ട് കവിൾത്തടം വിറയ്ക്കുന്നു. നേത്രങ്ങളിൽ കണ്ണുനീർ നിറഞ്ഞു ഓരോ തുള്ളിയായി മാറുമറച്ച വസ്ത്രത്തിൽ വീണുതുടങ്ങി. വ്യസനം അടക്കാൻ ശ്രമിച്ചിടത്തോളം അതു വർദ്ധിക്കയും ചെയ്തു. വസ്ത്രപുച്ഛം കൊണ്ട് നേത്രങ്ങളും മുഖവും തുടയ്ക്കുകയും, ദീർഘ നിശ്വാസങ്ങൾ ഇടയ്ക്കിടെ വിടുകയും അമർത്തുന്ന വിലാപസ്വരം ചിലപ്പോൾ പൊട്ടിപ്പോകയും, ഇങ്ങനെ ആയിട്ട് സ്വൽപ്പനേരംകൊണ്ട് കണ്ണുനീർ വീണു മാറിടം തണത്തപ്പോൾ ദുഃഖവും ഒട്ടു ശാന്തമായി. പെട്ടെന്ന് ഒരു യുക്തി ഉള്ളിലുദിക്കയാൽ വസ്ത്രംകൊണ്ട് നേത്രങ്ങൾ തുടച്ചിട്ട് രാമായണഗ്രന്ഥം എടുത്തു പലകമേൽ വച്ച് കെട്ടഴിച്ചു. പിന്നീട് ഗ്രന്ഥത്തെ രണ്ടു കൈകളാലും എടുത്ത് നേത്രങ്ങളോടു ചേർത്ത് കുറച്ചുനേരം ധ്യാനസ്ഥിതിയിൽ ഇരുന്നു. തന്റെ പ്രശ്നത്തിന്റെ ഫലം എങ്ങനെ കാണപ്പെടുന്നു

വോ എന്നുള്ള ചാഞ്ചല്യം കൊണ്ടുണ്ടായ കൈവറയലോടുകൂടി ഗ്രന്ഥത്തിന്റെ നൂൽ കൊണ്ട് അതിനെ രണ്ടായി വിഭജിച്ച് രണ്ടാമത്തെ ഭാഗത്തിൽ ആദ്യത്തെ ഓല കയ്യിലെടുത്ത് ഭക്തിപൂർവ്വം കണ്ണിൽ വച്ചിട്ട് ഏഴുവരിയും ഏഴക്ഷരവും തള്ളി ഇങ്ങനെ വായിച്ചു:

‘അവരജനമഖിലകപിലകുലബലവുമായ് മുതിർ–
ന്നാശു വരുമതിനില്ലൊരു സംശയം;
സുതസചിവസഹജസഹിതം ദശഗ്രീവനെ
സൂര്യാത്മജാലയത്തിന്നയയ്ക്കും ക്ഷണാൽ.’

ഇവിടെ പൂർവ്വാർദ്ധം വായിച്ചപ്പോൾ കുറച്ചു സന്തോഷം മനസ്സിൽ ജനിച്ചു എങ്കിലും ഉത്തരാർദ്ധം ആയപ്പോൾ ശുഭഫലമോ അശുഭഫലമോ പ്രശ്നത്താൽ കാണപ്പെടുന്നതെന്ന് സന്ദേഹസ്ഥിതിയിലായതിനാൽ പിന്നെയും പാറുക്കുട്ടി പരവശയായെന്നേ വേണ്ടൂ. എന്നാൽ രണ്ടാമതും ആരംഭിച്ച വ്യസനം വർദ്ധിക്കുന്നതിനു മുമ്പിൽ പാറുക്കുട്ടിയുടെ വായന കേട്ട് പുറപ്പെട്ട കാർത്ത്യായനി അമ്മ അറപ്പുരയ്ക്കകത്ത് പ്രവേശിച്ചു. കാർത്ത്യായനി അമ്മയുടെ വെളുത്തു തടിച്ചുള്ള ആകൃതിയും, ഗൗരവത്തോടു കൂടിയുള്ള നടയും നോട്ടങ്ങളും, പാദത്തോളം നീട്ടി ഉടുത്തിട്ടുള്ള കട്ടിമുണ്ടും, മുലക്കച്ചയായി ധരിച്ചിരിക്കുന്ന വെള്ളക്കവണിയും, മുമ്പോട്ടു കെട്ടി ഒട്ടു പുറകോട്ടു തള്ളിയിരിക്കുന്ന കേശഭാരവും, കണ്ഠത്തിൽ ധരിച്ചിരുന്ന പൊൻനൂലും, എല്ലാം കണ്ടാൽ അവസ്ഥയുള്ള ഒരു തറവാട്ടിലാണു ജനനം എന്ന് വിശേഷിച്ചൊരു പ്രസ്താവന കൂടാതെ ആർക്കും മനസ്സിലാകുന്നതാണ്. തന്റെ ഭർത്താവ് തുർക്കീ സുൽത്താനെ

പ്പോലെ കഠിനാജ്ഞക്കാരനായിരുന്നതിനാൽ അദ്ദേഹത്തോടൊരുമിച്ച താമസിച്ചിരുന്ന കാലങ്ങളിൽ അടുക്കള ഭരണവിഷയം ഒന്നിലല്ലാതെ അന്യകാര്യങ്ങളിൽ യാതൊരു സ്വാതന്ത്ര്യവും കാർത്ത്യായനിയമ്മയ്ക്കില്ലായിരുന്നു. എങ്കിലും ഭർത്താവിങ്കൽ നിന്നു ഭാര്യയും ചില കണിശങ്ങളും കരാറുകളും പഠിച്ചിട്ടുണ്ടായിരുന്നു. വാല്യക്കാരോടും മറ്റും തീരെ ദയയില്ലാത്ത ഒരു സ്വാമിനിയായിരുന്നു. മകളെ കുറിച്ച് അതിവാൽസല്യമാണെങ്കിലും ചില ചാപല്യങ്ങൾ കാണുന്നത് ഒട്ടും രസിക്കുന്നില്ലെന്നു പാറുക്കുട്ടിയെ ചിലപ്പോൾ ഗ്രഹിപ്പിക്കാറുണ്ടായിരുന്നു. ചെമ്പകശ്ശേരിപ്പിള്ളയ്ക്കു സഹോദരിയെ വലിയ കാര്യമായിരുന്നു. തറവാട്ടവസ്ഥയെ രക്ഷിക്കുന്നതിന് അതിസമർത്ഥയാണെന്നു ബോധ്യമുണ്ടായിരുന്നതിനാൽ കാർത്ത്യായനിയമ്മയുടെ അഭിമതം എങ്ങനെ എന്നാൽ അങ്ങനെ അദ്ദേഹം സകലതും നടത്തിപ്പോന്നിരുന്നു. തന്റെ മാതാവിന്റെ ആഗമനം കണ്ടു കൂടിയപ്പോൾ പാറുക്കുട്ടി ഗ്രന്ഥം പലകമേൽ വച്ചിട്ടു വസ്ത്രാന്തംകൊണ്ടു കണ്ണും മുഖവും തുടച്ചു ശരിയാക്കി എഴുന്നേറ്റു നിന്നു. അപ്പോൾ കാർത്ത്യായനിയമ്മ പുഞ്ചിരിയോടുകൂടി 'നീ ഇന്നും കരഞ്ഞു ഇല്ലയോ' എന്ന് ചോദിച്ചുകൊണ്ട് പുത്രിയെ കൈയ്ക്കു പിടിച്ച് ഇരുത്തി താനും ഇരുന്നു.

"ഞാൻ വായിക്കുന്നതു കേട്ടാണോ അമ്മ ഇങ്ങോട്ടു വന്നത്?"

കാർത്ത്യായനിയമ്മ: "അതേ, നിന്റെ കണ്ണ് ചുവന്നും ശബ്ദം അടഞ്ഞും ഇരിക്കുന്നത് കരഞ്ഞിട്ടല്ലയോ?"

പാറുക്കുട്ടി: "എന്തിനാണമ്മേ ഞാൻ കരയുന്നത്?"

കാർത്ത്യായനിയമ്മ: (പുത്രിയെ തലോടിക്കൊണ്ട്)"കരഞ്ഞെന്നുള്ളതിനു സംശയമില്ല. നിന്റെ വാക്കുകൾ കൊണ്ട് അതു തീർച്ചയുമായി. അല്ലേ തങ്കം, നീ ഇങ്ങനെ വ്യസനിച്ചെത്രനാൾ കഴിക്കും? കുട്ടികളായാൽ കുറച്ചൊരു നിലയൊക്കെ വേണ്ടയോ? ഇതെന്തൊരു മാതിരിയാണ്? നിനക്കു കുറേ ഭ്രാന്തുണ്ട്. വല്ല നമ്പൂതിരിയേയും കൊണ്ട് ഒന്നു ജപിച്ച് തരുവിക്കണം."

പാറുക്കുട്ടി: "അതു വേണ്ട. എന്റെ ബുദ്ധി സ്ഥിരമായിരിക്കുന്ന ദോഷമല്ലാതെ യാതൊന്നുമില്ല. സ്ഥിരബുദ്ധിക്കു ചികിത്സ വേണമോ?"

കാർത്ത്യായനിയമ്മ: "കാലം മാറി വരുന്നു. അല്ലാതെ എന്തു പറയുന്നു! പറയുന്നതിനൊക്കെ തർക്കുത്തരം! എല്ലാറ്റിനും നാക്കിട്ടടിച്ചുകൊള്ളുക! എന്നാൽ അതിനടുത്ത കരളുറപ്പുണ്ടോ? അതില്ല താനും. തങ്കം, ഞാൻ പറയുന്നതു കേൾക്ക്. വെറുതെ ഇങ്ങനെ കരഞ്ഞു് കണ്ണു പുണ്ണാക്കീട്ട് കാര്യമില്ല. രണ്ട് ആണ്ടു തികച്ച് നീ വ്യസനിച്ചല്ലോ; അതുമതി. നിന്റെ അമ്മാവനും എനിക്കും ഒക്കെ താൽപ്പര്യം നീ സംബന്ധം ചെയ്ത് കാണണമെന്നാണ്. അങ്ങനെ ഒന്നു നടന്നാൽ നിന്റെ വ്യസനത്തിനും കുറവുണ്ടാകും."

പാറുക്കുട്ടി: "എന്റെ വ്യസനം കൊണ്ട് ആർക്കും ഒരു ഉപദ്രവം ഇല്ലല്ലോ. എന്റെ ജന്മം ഇങ്ങനെ കഴിയട്ടെ."

കാർത്ത്യായനിയമ്മ: "ഇതാ, ഇതാണ് കാലം മറിഞ്ഞുപോയെന്നു ഞാൻ പറഞ്ഞതു്. അല്ലേ, നീ ഇങ്ങനെയിരുന്നാൽ ഈ തറവാട്ടിന് സന്തതി വേണ്ടെന്നോ? പെ



ണ്ണുങ്ങളുടെ മാതരിയാണോ ഇപ്പറയുന്നതു്? നല്ല മ
ര്യാദ തന്നെ! ഇതൊക്കെ ആ സുഭദ്രയ്ക്കോ മറ്റോ ചേ
രും. ഈ തറവാട്ടിൽ നിന്നെപ്പോലെ താന്തോന്നിയാ

യിട്ട് ആരും തന്നെ ഉണ്ടായിട്ടില്ല. ഒരു ചെറുക്കൻ കുറച്ചുനാൾ കൂടെ കളിച്ചുനടന്നു എന്നു വിചാരിച്ച് ഇങ്ങനെ അവന് വേണ്ടി ചാവാറുണ്ടോ? ലോകർ കേട്ടാൽ തന്നെ എന്തു പറയും? ചെമ്പകശ്ശേരിയിൽ ഒരു വേശ്യ വന്നുകൂടീട്ടുണ്ടെന്നല്ലാതെ പറയുമോ?"

പാറുക്കുട്ടി: "ഞാൻ ആർക്കുവേണ്ടിയും മരിക്കുന്നില്ല. അമ്മ സേനഹമില്ലാതെ കഠിനമായ വാക്കുകൾ പറയുന്നതു കേട്ടിട്ടുള്ള വ്യസനമേ എനിക്കുള്ളു."

കാർത്ത്യായനിയമ്മ: "ഹോ, മര്യാദക്കാരി! കേൾക്കട്ടെ... നീ ഇന്ന് കരഞ്ഞതു് ഞാൻ കഠിനവാക്കു പറഞ്ഞിട്ടാണോ?"

പാറുക്കുട്ടി: "അങ്ങനെ കരഞ്ഞുപോകുന്നതിന് ഞാൻ എന്തു ചെയ്യും? എല്ലാവരുടെ സ്വഭാവവും ഒരു പോലെ ഇരിക്കുമോ? അച്ഛൻ ഇരിക്കുമ്പോഴും ഞാൻ ഇങ്ങനെ കരഞ്ഞിട്ടുണ്ടല്ലോ. അന്ന് അച്ഛൻ എന്നെ സമാധാനപ്പെടുത്തിയതല്ലാതെ ആക്ഷേപിക്കയും ദേഷ്യപ്പെടുകയും ചെയ്തിട്ടുണ്ടോ?"

കാർത്ത്യായനിയമ്മ: "ആയിടയാകകൊണ്ട് ആരും ഒന്നും പറഞ്ഞില്ല. പഞ്ചവൻകാട്ടിൽ നീലി അടിച്ചു കൊന്നുകളഞ്ഞ ഒരാളെപ്പറ്റി രണ്ടു വർഷം ഒരു പെണ്ണ്..."

കാർത്ത്യായനിയമ്മ ഇത്രയും പറഞ്ഞപ്പോഴേയ്ക്ക് പാറുക്കുട്ടി പൊട്ടിക്കരഞ്ഞു തുടങ്ങി. പുത്രിയുടെ വിഷമം കണ്ട് കാർത്ത്യായനിയമ്മയുടെ മനസ്സലിഞ്ഞു പോകയാൽ മകളെപ്പിടിച്ച് മാറോടണച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു. "തങ്കം, നിന്നെക്കുറിച്ചുള്ള സ്നേഹം കൊണ്ടാണ് ഞാൻ ഇങ്ങനെയൊക്കെപ്പറയുന്നതു്. നിന്റെ മനസ്സ് നിഷ്ഫലമായി

പതിഞ്ഞിരിക്കുന്ന സംഗതിയിൽ നിന്ന് അതിനെ വേർപെടുത്താൻ ഞാൻ ശ്രമിക്കയല്ലയോ? നിനക്കു വയസ്സ് പതിനാറായല്ലോ. നീ ഒരു ഭർത്താവിനോട് ഇരിക്കുന്നതു കാണ്മാൻ എനിക്കു താൽപ്പര്യമില്ലയോ? മരിച്ചുപോയ ആളെ ധ്യാനിച്ചുകൊണ്ടു് ഇരുന്നിട്ടു കാര്യമുണ്ടോ?"

പാറുക്കുട്ടി: "മരിച്ചുപോയെന്ന് ആരു പറഞ്ഞു?"

കാർത്ത്യായനിയമ്മ: "വേലുക്കുറുപ്പ് നിന്റെ അച്ഛനോടു വർത്തമാനത്തെക്കുറിച്ചു പറഞ്ഞപ്പോൾ നീ അടുത്തുണ്ടായിരുന്നില്ലയോ?"

പാറുക്കുട്ടി: "വേലുക്കുറുപ്പു പറഞ്ഞതുകൊണ്ടാണ് എനിക്കു വിശ്വാസമുണ്ടാകാഞ്ഞത്. കള്ളിയങ്കാട്ട് ക്ഷേത്രത്തിൽ വച്ച് ഇളയ തമ്പുരാനെ കൊന്നുവെന്നും പിറ്റേദിവസം ആ കാട്ടിൽ വച്ച് അങ്ങനെ നടന്നുവെന്നും വേലുക്കുറുപ്പ് അച്ഛനോടു പറഞ്ഞത് അമ്മയും കേട്ടല്ലോ. ഇളയ തമ്പുരാൻ സുഖമായി ഇപ്പോഴും ഇരിക്കുന്നില്ലയോ?"

കാർത്ത്യായനിയമ്മ: "അത് ആൾ തെറ്റി തമ്പുരാനെന്നു വിചാരിച്ച് പോയതാണ്. ഇക്കാര്യത്തിൽ അങ്ങനെ തെറ്റി വിചാരിക്കാൻ ഇടയില്ല. അനന്തപത്മനാഭനെ വേലുക്കുറുപ്പ് നല്ലതിന്മണ്ണം അറിയും. അവന്റെ ദേഹം കണ്ടാൽ അയാൾക്ക് അറിഞ്ഞുകൂടെയോ? പഞ്ചവൻകാട്ട് നീലി അടിച്ചുകൊന്നെന്നു പറഞ്ഞതിൽ ആരെങ്കിലും ജീവിച്ചതായി നീ കേട്ടിട്ടുണ്ടോ?"

'അനന്തപത്മനാഭൻ' എന്ന പേരു കേട്ടപ്പോൾ പാറുക്കുട്ടിയുടെ കണ്ണിൽ വീണ്ടും ജലം നിറഞ്ഞു. സ്വൽപ്പനേരം അവൾ മിണ്ടാതെ ഇരുന്നു. പിന്നെ ഗദ്ഗദ സ്വരത്തോടുകൂടി

ഇപ്രകാരം പറഞ്ഞു: “ഒരു കാലത്തും മരിച്ചിട്ടില്ല; അങ്ങനെ ഒരു മരണം അദ്ദേഹത്തിന് ഒരിക്കലും സംഭവിക്കയുമില്ല. സജ്ജനങ്ങൾക്ക് ഒരിക്കലും ഈശ്വരൻ ദുർമ്മരണം കൊടുക്കയില്ല.”

കാർത്ത്യാനിയമ്മ: “എന്റെ തങ്കം, അവനെക്കുറിച്ച് നിനക്കുള്ള സ്നേഹം കൊണ്ടാണ നീ ഇങ്ങനെ പറയുന്നത്. ആലോചിച്ച് നോക്ക്, മരിച്ചുപോയ ആൾ തിരിച്ചു വരുമോ? പിന്നെ എന്തിന് ഈ വിഷാദം ഒക്കെ?”

പാറുക്കുട്ടി: “മരിച്ചെങ്കിൽ മുണ്ടുകളും ആയുധങ്ങളും മറ്റും എവിടെപ്പോയി?”

കാർത്ത്യായനിയമ്മ: “യക്ഷിയുടെ കൈയ്യിൽ അകപ്പെട്ടാൽ അതൊക്കെ അന്വേഷിക്കാറുണ്ടോ? നീ നീലിയുടെ കഥ കേട്ടില്ലായിരിക്കും. കരയാതിരിക്ക്… ഞാൻ പറയാം.”

പാറുക്കുട്ടി വിഷാദത്തോടുകൂടി ഓരോന്ന് ആലോചിച്ചുകൊണ്ടിരിക്കയായിരുന്നതിനാൽ കാർത്ത്യായനിയമ്മയുടെ ഈ വാക്കുകൾ കേട്ടില്ല. കാർത്ത്യായനിയമ്മ മകൾ ശ്രദ്ധ വച്ചു കേൾക്കുന്നുണ്ടോ മൂളുന്നുണ്ടോ എന്നൊന്നും അന്വേഷിക്കാതെ മറ്റാർക്കും ഉണ്ടാകാത്ത ക്ഷമയോടുകൂടി പഞ്ചവങ്കാട്ടു നീലിയുടെ ആഗമനത്തെക്കുറിച്ച് ഇപ്രകാരം പ്രസംഗിച്ചു തുടങ്ങി.

“പണ്ട് നാഗർകോവിലിനടുത്ത് ഒരുത്തി പാർത്തിരുന്നു. ചെറുപ്പമായിരുന്നു. കൈയിൽ കുറച്ച് മുതലും ഉണ്ട്. പുരുഷന്മാരാരും ഒരു സഹായവും ഇല്ലായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ ഒരു പട്ടർ ചെന്നു സേവ കൂടി. സം

ബന്ധവും ചെയ്തു. മൂന്നു നാലു മാസം കഴിഞ്ഞപ്പോൾ അവൾക്കു ഗർഭമുണ്ടായി. ഗർഭം ആറാം മാസമായപ്പോൾ പ്രസവത്തിന് പത്മനാഭപുരത്തു പോയി താമസിക്കണമെന്നും മറ്റും സ്ത്രീയോടു പട്ടർ പറഞ്ഞുതുടങ്ങി. അയാളെ വിശ്വസിച്ച് എല്ലാം അരിച്ചുപെറുക്കി വിറ്റുകിട്ടിയ മുതലും കൈയ്യിലുണ്ടായിരുന്നതും കൊണ്ട് ഏഴാം മാസത്തിൽ ഭാണ്ഡവും ചുമന്ന് പട്ടരുടെ പുറകേ അവൾ തിരിച്ചു വെള്ളിയാഴ്ച്ച നട്ടുച്ചസമയത്ത് പഞ്ചവങ്കാട്ടിലെത്തി. ആ കാട്ടിലെ കല്ലുകളിൽ കേറി നടന്നപ്പോൾ അവൾക്ക് ക്ഷീണം കൊണ്ട് ഒരടി മുൻപോട്ടു വയ്ക്കാൻ പാടില്ലാതായി. വഴിയരികിൽ നിന്നിരുന്ന ഒരു കള്ളിച്ചടിയുടെ ചുവട്ടിൽ അവളെ ഇരിയ്ക്കാൻ പറഞ്ഞിട്ട് പട്ടരും അടുത്തിരുന്നു. ഭാണ്ഡത്തിനെ താഴെ ഇറക്കിവച്ച്, അതിനെ അഴിച്ച് പട്ടർക്ക് മുറുക്കാൻ എടുത്തു കൊടുത്തു. അതു വാങ്ങിത്തിന്നിട്ട് സന്തോഷത്തോടുകൂടി അവളെ പിടിച്ച് തന്റെ മടിയിൽ കിടത്തി. ക്ഷീണംകൊണ്ട് അവൾ ഉറങ്ങിയും പോയി. പട്ടര് അവളുടെ മുഖത്ത് സൂക്ഷിച്ചു നോക്കി ഉറക്കം തന്നെയെന്ന് നിശ്ചയം വരുത്തീട്ട്, തലയെ മടിയിൽനിന്നു പതുക്കെ ഉയർത്തി ഒരു കല്ലിൽ വച്ച് മറ്റൊരു വലിയ കല്ലുകൊണ്ട് ഒന്നു തല്ലി. വേദനയോടുകൂടി അവൾ കണ്ണുകൾ തുറന്നു നോക്കിയപ്പോൾ എഴിച്ചുനിന്ന് രണ്ടാമതും കല്ലിനെ ഓങ്ങുന്ന പട്ടരെക്കണ്ട്, 'കള്ളീ! നീയേ സാക്ഷി' എന്ന് ആ മുൾച്ചടിയെ കൈ ചൂണ്ടിക്കാണിച്ചുകൊണ്ട്, ആ രാക്ഷസന്റെ മുഖത്തു നോക്കി സ്ത്രീ പരലോകത്തങ്ങ് പോകയും ചെയ്തു. പട്ടരോ... ഭാണ്ഡത്തിനേയും അവൾ അണിഞ്ഞിരുന്ന ആഭരണങ്ങളേയും കരസ്ഥമാക്കി

ക്കൊണ്ടു് സ്വസ്ഥനായി പത്മനാഭപുരത്തെത്തി സുഖമായി പാർത്തു.'

പാറുക്കുട്ടി ആദ്യം കഥയിൽ ശ്രദ്ധവയ്ക്കാതെ അന്യവിചാരങ്ങളോടുകൂടി ഇരുന്നെങ്കിലും സ്ത്രീയെന്നും ഭർത്താവെന്നും, വിശേഷിച്ചും പഞ്ചവങ്കാടെന്നും മറ്റും ഉള്ള സംഗതികൾ അവളുടെ ബുദ്ധിയെ ബലേന കഥാശ്രവണത്തിലേക്കു ആകർഷിച്ചു. ബ്രാഹ്മണൻ പത്മനാഭപുരത്തെത്തി സുഖമായി പാർത്തു എന്നു കേട്ടതു് തനിക്കു് അത്ര ബോദ്ധ്യമാകാതെ "കഷ്ടം! ആ ബ്രാഹ്മണൻ എന്തു ദുഷ്ടനാണു! വിശ്വസിച്ച സ്ത്രീയെ കൊല ചെയ്തല്ലോ! ഈ വിധത്തിലുള്ള ദുഷ്ടന്മാർക്കു് ഒരു ദോഷവും വന്നു നേരിടാതെ അവർ ലോകത്തിൽ സുഖിച്ചിരിക്കുന്നതു കാണുമ്പോൾ ദൈവകോപം എന്നു് ഒന്നില്ലെന്നു് തോന്നിപ്പോകുന്നു!" എന്നു അവൾ പറഞ്ഞു.

കാർത്ത്യായനിയമ്മ: "നിൽക്കു മകളെ, കഥ മുഴുവനും കേൾക്കാതെ അഭിപ്രായപ്പെട്ടാലോ? പട്ടർക്കു തക്കതായ ശിക്ഷ കിട്ടി. ഇഹത്തിൽ വച്ചുതന്നെ കർമ്മഫലം അനുഭവിക്കാതെ വന്നേക്കാം. അതുകൊണ്ടു നീതിയില്ലാത്ത പ്രപഞ്ചം എന്നു വിചാരിച്ചുകൂടാ" എന്നു പറഞ്ഞുകൊണ്ടു് കഥ തുടർന്നു. ഇപ്രകാരം വർദ്ധിച്ച ഉത്സാഹത്തോടുകൂടി തുടങ്ങി:

"പട്ടർക്കു് അധികം താമസിയാതെ തന്നെ ശിക്ഷ കിട്ടി. അയാൾ ആ വഴിയേ പിന്നീടു് യാത്രയില്ലാതായി. ഒരിക്കൽ ശുചീന്ദ്രത്തു് തേരോട്ടം കാണാൻ പോകുന്നതിന് അയാളെ ചില ഇഷ്ടന്മാർ കൂടി ക്ഷണിച്ചു. തനിക്കു് ഉത്സവങ്ങളിലും മറ്റും താൽപ്പര്യമില്ലെന്നു് പട്ടർ പറഞ്ഞു. മറ്റുള്ളവർ ഒ



ഴികഴിവുകൾ ഒന്നും അംഗീകരിക്കാതെ അയാളെ നിർബന്ധിച്ച് തേരോട്ടം കാണാൻ കൂട്ടിച്ചുകൊണ്ടുപോയി. പഞ്ചവൻകാട്ടിനു സമീപത്തായപ്പോൾ ഒരു ആൽത്തറമേൽ അതീവ സുന്ദരിയായ ഒരു സ്ത്രീ ദിവ്യതേജസ്സോടുകൂടി പ്രകാശിക്കുന്ന ഒരു കുട്ടിയെ മുമ്പിൽ ഇരുത്തിയുംകൊണ്ട് വഴിപോക്കരെ നോക്കി ചില നാട്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. കനകമയം! തെളുതെളെയുള്ള പട്ടുചേലയും, പിന്നെ കുറിയും, കണ്ണെഴുത്തും, തലക്കെട്ടും ഒന്നും പറവാനില്ല. പൂമണം അതങ്ങനെ. ഇതെല്ലാം കണ്ട് വേശ്യയാണെന്ന് മനസ്സിലാക്കീട്ട് മറ്റുള്ള വഴിപോക്കർ ഇവളെ ഗ

ണ്യമാക്കാതെ നടന്നു. പട്ടർ മാത്രം തിരിഞ്ഞു നിന്നല്ലോ. പതുക്കെ സ്ത്രീയുടെ സമീപത്തെത്തി. അപ്പോൾ വെള്ളിയാഴ്ച്ച നട്ടുച്ച. പട്ടർ സ്ത്രീയുടെ ഒന്നിച്ചു നടന്നു തുടങ്ങി. ഗോഷ്ടികൾ ഒന്നും പറവാനില്ല. സ്ത്രീയുടെ കൈയിൽ ഒരു കുട്ടി ഇരുന്ന കാര്യവും രണ്ടുപേരും മറന്നുപോയി. ഇവളെപ്പോലുള്ള കൂട്ടങ്ങളാണ് സ്ത്രീകളുടെ മാനം കെടുക്കുന്നത്. അവളുടെ പുരികങ്ങളും ഇളക്കങ്ങളും, മഷി എഴുതീട്ടുള്ള കണ്ണുകൾകൊണ്ടു ചില ചിമിട്ടും കൊഞ്ചിക്കുഴഞ്ഞ വാക്കുകളും, ഇടയ്ക്കിടെ പാട്ടുകളും, ദേഹം മുഴുവൻ ഉലച്ചുകൊണ്ടുള്ള നടയും, പട്ടരുടെ താടിക്കും ചെകിട്ടത്തും ഇടയ്ക്കിടെ ഓരോ കുത്തും കീറലും ... ഇതെല്ലാം കൊണ്ടും, കണ്ടും, കേട്ടും പട്ടർ മതിമറന്നുപോയി. പെണ്ണുങ്ങളെ മാത്രം കുറ്റം പറയുന്നതെന്തിന്? ഈ പട്ടരെപ്പോലെ കൂത്താടാൻ ആണുങ്ങളില്ലെങ്കിൽ പെണ്ണുങ്ങൾക്കു കുറച്ച് ഒതുക്കം വരില്ലയോ? ആകപ്പാടെ പട്ടരെ കൊണ്ടുചെന്നു പഴയ കള്ളിച്ചെടിയുടെ മൂട്ടിൽ ഇരുത്തി, സ്ത്രീ പണ്ടത്തെപ്പോലെ മുറുക്കാൻ എടുത്തു തുടങ്ങി. പട്ടർ അക്കാര്യമെല്ലാം മറന്ന് പോയി. പുരുഷന്റെ ഹൃദയത്തോളം കഠിനമായ സാധനം ഭൂലോകത്ത് എന്തുതന്നെയുണ്ട്? കൂടിയിരിക്കുമ്പോൾ 'പൊന്നെ, തങ്കമേ, വെള്ളിയേ' എന്നൊക്കെ മിരട്ടുന്ന ആണുങ്ങളെ സ്വപ്നത്തിൽപോലും വിശ്വസിച്ചുകൂടാ. നാലുനേരത്തിൽ ഒരു നേരമെങ്കിലും ഉള്ളലിഞ്ഞുള്ള സ്നേഹം സ്ത്രീകൾക്കേ ഉള്ളു. പട്ടർ ഉപയോഗിച്ച രണ്ടു കല്ലും അയാളുടെ സമീപത്തു തന്നെ കിടക്കുന്നു. ഏ ഹേ! അയാൾ അതൊന്നും കാണുന്നില്ല. തേവിടിശ്ശിയുടെ പുഞ്ചിരി കണ്ടു് മയങ്ങിപ്പോയി. അവൾ എടുത്ത മുറുക്കാൻ വായിൽത്തന്നെ വാങ്ങുന്നതിന് അവളുടെ സമീപത്തു നീങ്ങി പട്ടർ ചുണ്ടു വിടർത്തി. അപ്പോൾ ... 'അയ്യോ

... അമ്പ! ചതിച്ചു പോട്ടാളെ' എന്ന് പഞ്ചവൻകാട്ട് പൊടിയാൻ തക്കവണ്ണം ഒന്ന് അലറിക്കൊണ്ടു് പട്ടർ ചാടി എഴുന്നേറ്റ് ഓടാൻ ഭാവിച്ചു. മുമ്പിൽ ഉപയോഗിച്ച വലിയ കല്ലിന്മേൽത്തന്നെ കാലു തടഞ്ഞു വീണു. സ്ത്രീ ദാസിയുടെ വേഷം മാറ്റി പട്ടരുടെ ഗർഭിണിയായിരുന്ന ഭാര്യയുടെ രൂപമായി. പട്ടരു വീഴുന്നിടത്ത് കിടന്ന് സ്ത്രീയുടെ മുഖത്ത് അതിപരവശനായി നോക്കിയപ്പോൾ തന്റെ ഭാര്യയുടെ സ്വരൂപവും മാറിത്തുടങ്ങി. ആകാശം മുട്ടി, കാട്ടു നിറഞ്ഞ്, അതിഭയങ്കരമായുള്ള ദംഷ്ട്രകളും, രക്തനിറമായി നിലത്തോളം മുട്ടുന്ന നാക്കും, ഗുഹപോലെയുള്ള വായും, തീപ്പൊരി ചിതറുന്ന വട്ടക്കണ്ണുകളും വൃക്ഷങ്ങളെപ്പോലെ നിവർന്നുനിൽക്കുന്ന രോമങ്ങളും ... ഇങ്ങനെയുള്ള ആകൃതിയോടുകൂടിയ പഞ്ചവങ്കാട്ടിലെ യക്ഷി തന്നെ പട്ടരുടെ മുമ്പിലുണ്ടു്. യക്ഷിയുടെ വായിലും മൂക്കിലും കണ്ണിലും നിന്ന് തീയും പുകയും പിന്നെ അട്ടഹാസവും ... പത്മനാഭ! പാവം പട്ടര് ... തങ്കം നീ എന്തിനു വിറയ്ക്കുന്നു? ഇത്ര പേടിയോ? പട്ടരെ യക്ഷി രണ്ടായി കീറി ചോര കുടിച്ചു ഭക്ഷണം കഴിച്ചെന്ന് പറഞ്ഞാൽ കഥ തീർന്നല്ലോ. ആ കുട്ടി കള്ളിച്ചെടിയുടെ ഒരു കൊമ്പുകൊണ്ടു് മായയാൽ നിർമ്മിക്കപ്പെട്ടതായിരുന്നു. കുട്ടിയെ സാക്ഷിയാക്കീട്ട് യക്ഷി പട്ടരുടെ പാതകത്തിനു മതിയായ ശിക്ഷ കൊടുത്തു. ഇങ്ങനെ അവരവർ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം ഒരു കാലത്ത് അവരവർ തന്നെ അനുഭവിക്കും. യക്ഷി അതിഭയങ്കരിയാണ്. അതുകൊണ്ടു് ആ വഴിയിൽക്കൂടെ ഒന്നു രണ്ടുപേർ ഇന്നും തനിച്ചു പോകാറില്ല, ഇതാ ... ഇങ്ങനെയുള്ള യക്ഷി കൊന്ന ആളെക്കുറിച്ച് രാപകൽ ദുഃഖിച്ചിട്ടിതെന്തു ഫലം?"


ഇങ്ങനെ പഞ്ചവങ്കാട്ടുനീലിയുടെ കഥ അവസാനിപ്പിച്ചിട്ട് കാർത്ത്യായനിയമ്മ മകളെ നോക്കി. പാറുക്കുട്ടി തന്റെ പ്രാണസമാനനായ യുവാവിന്റെ മരണവൃത്താന്തത്തെക്കുറിച്ചു വല്ലവരും പറയുമ്പോഴൊക്കെ വ്യസനിച്ചിരുന്നുവെങ്കിലും ഇത്ര അധൈര്യവും കഠിനമായ വ്യസനവും ഒരിക്കലും കാണിച്ചിരുന്നില്ല. ഈ ഭയങ്കരമായ കഥയിൽ പറയപ്പെട്ട ബ്രാഹ്മണനെകൊന്ന ഘോരയക്ഷിയിൽ നിന്ന് തന്നെ അനന്തപത്മനാഭന്റ മരണം നേരിട്ടുവെന്നുള്ള മാതാവിന്റെ വാക്കുകൾ കേട്ടപ്പോൾ ദുസ്സഹമായ ശോകാധിക്യത്താൽ മുഖം സാമാന്യത്തിലധികം വിളറി ഭാവം മുഴുവനും വല്ലാതെ ഭേദിച്ചു. കാർത്ത്യായനിയമ്മ സംഭ്രമത്തോടുകൂടി മകളെ ആശ്വസിപ്പിക്കുന്നതിന് ഒരുങ്ങുന്നതിനിടയിൽ, അറപ്പുരയിൽ ആരോ കടന്നുവരുന്നുവെന്നു തോന്നി. തുറന്നുകിടക്കുന്ന വടക്കേവാതിലിലോട്ടു നോക്കി, പാറുക്കുട്ടിയും അങ്ങനെതന്നെ നോക്കി. രണ്ടുപേരുടേയും മുമ്പിൽ ഒരു ബ്രാഹ്മണനാണ് ആവിർഭവിച്ചത്. അറപ്പുരയിൽ അന്യപുരുഷന്മാർ കടക്കുക പതിവില്ലാത്തതുകൊണ്ടും, രാത്രിയിൽ അസമയത്ത് മുൻകൂട്ടി യാതൊരറിവും കൊടുക്കാതെ ഈ ബ്രാഹ്മണൻ പ്രവേശിച്ചതുകൊണ്ടും കാർത്ത്യായനിയമ്മ ഒന്ന് അന്ധാളിച്ചു. തന്റെ മനസ്സിൽ പഞ്ചവങ്കാട്ടിലെ ബ്രാഹ്മണന്റെ കഥ വ്യാപരിച്ചുകൊണ്ടിരിക്കയായിരുന്നതിനാൽ, പെട്ടെന്നും നിയമവിരോധമായും പ്രവേശിച്ച ഈ ആളുടേയും അപ്പോൾ അവസാനിച്ച കഥയിലെ പുരുഷന്റേയും ജാതിസാമ്യത്തെക്കണ്ടു് വല്ലാതെ ഭയപ്പെട്ട സാധുശീലയായ പാറുക്കുട്ടി ഝടിതിയിൽ തന്റെ അമ്മയുടെ പുറകിൽ മറഞ്ഞു.

# 4

“ഉർവ്വീസരാചലം പെരുതേ
പാരിൽ സർവ്വവിദിതം കേവലം”

ചെമ്പകശ്ശേരി അറപ്പുരയ്ക്കുള്ളിൽ നിശ്ശബ്ദമായി കടന്നുചെന്ന ബ്രാഹ്മണൻ പാറുക്കുട്ടിയുടേയും കാർത്ത്യായനിയമ്മയുടേയും ഭാവഭേദങ്ങൾ കണ്ടു് സ്വൽപ്പം വല്ലാതെ ആയെങ്കിലും അബദ്ധനായെന്നുള്ള തന്റെ വിചാരത്തെ പുറത്തു പ്രദർശിപ്പിക്കാതെ അവരുമായി അനേക ചതുർയുഗകാലത്തെ പരിചയമുള്ളതുപോലെ ഒന്നു ലളിതമായി പുഞ്ചിരിക്കൊണ്ടു. ഈ അഭിനയാനന്തരം ‘എന്ന കൊളന്തൈ …’ ഇത്രയും പറഞ്ഞപ്പോഴേക്കു് വേറൊരു വിചാരം തോന്നി താൻ ആരാണെന്നുള്ളതിനെക്കുറിച്ചു പീഠികയായി ഒരു പ്രസ്താവന അപ്രകാരം ആരംഭിച്ചു: ‘കൊച്ചമ്മക്കു് നാൻ ആരെന്നു് തെരിയാതാക്കും. കഴക്കൂട്ടത്തങ്കത്തെ അവാൾ മുതലാനവർക്കു് എന്നെ തെരിയും. പെരിയങ്കത്തെ ഇരുക്കെ … പെരിയതമ്പി അങ്കത്തെ … അവാളുടെ കുട്ടിപ്പട്ടർ ശുന്തരത്തെ തെരിയാവടിക്കിരിക്ക വഴിയില്ലയേ.’

സുന്ദരയ്യൻ എന്നുപേരായ ആ ബ്രാഹ്മണൻ ചില അംഗവിക്ഷേപങ്ങളോടുകൂടി തന്റെ വാക്സാമർത്ഥ്യത്തെ പ്ര



കടിപ്പിച്ചു തുടങ്ങിയപ്പോൾ, പാറുക്കുട്ടിയുടെ ഭയം മിക്കവാറും നീങ്ങി. എന്നാൽ മുൻകുട്ടി അറിവുകൊടുക്കാതെയും അനുവാദമില്ലാതെയും അന്തഃപുരത്തിൽ ബ്രാഹ്മണൻ കടന്നു

ചെന്നതാകയാൽ, അദ്ദേഹത്തെക്കുറിച്ച് കാർത്ത്യായനിയമ്മയ്ക്കും പുത്രിക്കും അത്ര ബഹുമതി തോന്നിയില്ല. എങ്കിലും അദ്ദേഹത്തിന്റെ തോളിൽ അതിശുഭവർണ്ണമായി കാണപ്പെട്ട 'ബ്രഹ്മസ്വ' ത്തെ ആദരിച്ച് 'ഇരിക്കണം' എന്നു സല്ക്കരിച്ചിട്ട് പാർവ്വതിയമ്മ ഇരുന്നിരുന്ന മാന്തോലിനെത്തന്നെ അദ്ദേഹത്തിനു ഇരിക്കാനായി കാർത്ത്യായനിയമ്മ നീക്കി ഇട്ടു. ബ്രാഹ്മണന് നാൽപതോളം വയസ്സ് കാണും. മുന്നോട്ട് ഒരു വളവുള്ളത് ഇല്ലായിരുന്നു എങ്കിൽ, കെട്ടി അഗ്രത്തിൽ ഒരു മുല്ലമാലയും ചൂടിവിരിച്ച് പൂർവ്വശിഖയാക്കി വച്ചിരിക്കുന്ന പിൻകുടുമ ചെമ്പകശ്ശേരി അറപ്പുരയിലെ തട്ടുതുലാങ്ങളെ തടവുമായിരുന്നു. ലലാടാസ്ഥി അകത്തോട്ട് വളഞ്ഞുള്ളതാകയാൽ ഫാലദേശം ഉണ്ടോ എന്നു സംശയിക്കത്തക്ക സ്ഥിതിയിൽ അതിസൂക്ഷ്മരേഖകളെന്നപോലെ കാണപ്പെടുന്ന പുരികങ്ങളും ക്ഷൗരകർമ്മത്താൽ ഏറ്റവും വെടിപ്പാക്കപ്പെട്ടിട്ടുള്ള കേശദേശവും സാധാരണയിലധികം സമീപസ്ഥമായിരിക്കുന്നു. കുങ്കുമം കൊണ്ടൊരു ഗോപിയും അതിന്മേൽ കറുത്ത കണ്ണാടിശകലംപോലെ തെളിയുന്ന ഒരു ചാന്തുപൊട്ടും വാനരസൗന്ദര്യത്തെ നാണിപ്പിക്കുന്ന ആ മുഖത്തിനു അലങ്കാരമായി തൊട്ടിരുന്നു. കണ്ണുകളിൽ അഞ്ജനമണിഞ്ഞു തുടച്ചതുപോലെ സഹജമായ പ്രകാശം ആ നേത്രങ്ങളിൽനിന്നു വിദൂരമായിരിക്കുന്നു. കണ്ഠം മെലിഞ്ഞു നീണ്ടുള്ളതാണെങ്കിലും ആകപ്പാടെയുള്ള ആകൃതിക്ക് ഏറ്റവും അനുരൂപമായിട്ടുള്ളതാണ്. മാറത്ത് അഗാധമായി ഒരു കുഴിയുള്ളത് ഉദരത്തിനു മുകളിൽ ചേർത്തു ധരിച്ചിരിക്കുന്ന കരയൻകവണികൊണ്ട് പാതിയും മറയ്ക്കപ്പെട്ടിരിക്കുന്നു. ഉ

ദരത്തോടണച്ച് പിടിച്ചിരിക്കുന്ന ഇടതു കൈയിൽ, മട ക്കുനിവർക്കാതെ വിശേഷതരത്തിലുള്ള ഒരു തോർത്തു മുണ്ടു് അലക്ഷ്യമായി ഇട്ടിരിക്കുന്നു. കർണ്ണങ്ങളിൽ ഓ രോ മുല്ലപ്പൂ തിരുകി കുണ്ഡലമാക്കി ഇട്ടിരിക്കുന്നതും ക ട്ടുകളവെന്ന് ഏകദേശം പറയാവുന്നതായ ഒരു വെള്ളി ത്താക്കോൽ പൂണുലിൽ ബന്ധിച്ചിരിക്കുന്നതും ബ്രാഹ്മ ണ്യത്തോടുകൂടി വിടത്വവും ആ ബ്രാഹ്മണനാൽ സമർപ്പി തമായിട്ടുണ്ടെന്നു പ്രത്യക്ഷപ്പെടുത്തുന്നു. ‘മുട്ടാളനായ കമ ലോദ്ഭവനെന്റെരൂപം… സൃഷ്ടിച്ച മണ്ണിലധികം മഷികു ട്ടി ദുഷ്ടൻ’ എന്ന് അതിസരസനായ ഒരു കവി എഴുതിയി ട്ടുള്ളതു് സുന്ദരയ്യന്റെ നിരന്തരമായ മനഃക്ലേശത്തെ അറി ഞ്ഞല്ലയോ എന്ന് സുന്ദരയ്യന്റേയും ആ കവികുലോത്തംസ ത്തിന്റേയും ജീവിതകാലങ്ങൾക്കു വ്യത്യാസമില്ലാതിരു ന്നുവെങ്കിൽ വിചാരിക്കാമായിരുന്നു. പരദേശത്താണു ജ നനമെങ്കിലും മലയാളദേശത്തെ ആചാരങ്ങളെ അദ്ദേ ഹം വളരെ പരിശ്രമിച്ചു വശമാക്കീട്ടുണ്ടു്. എന്നാൽ സു ന്ദരയ്യന് ഈ ആചാരങ്ങളെ സംബന്ധിച്ചിടത്തോളം ഉ ള്ള വൈദൂഷ്യമോ പുച്ഛമോ ഏറുന്നതെന്ന് ഗ്രഹിക്കുന്നതി ന് ഒരുവനും കഴിവുണ്ടായിട്ടില്ല. കേരളഭാഷാപരിജ്ഞാ നവും തനിക്ക് അതിശയിക്കത്തക്ക വിധത്തിൽ വശ മായിട്ടുണ്ടെന്ന് സുന്ദരയ്യന് നാട്യമുണ്ടു്. അതിന്റെ വാസ്ത വം കാകൻ ഹംസനട അഭ്യസിച്ചതിന്റെ പരിണാമംപോ ലെ കൈക്കലുണ്ടായിരുന്ന മാതൃഭാഷ ഭേദപ്പെട്ടു് പ്രാകൃ തമായ ഒരു മിശ്രഭാഷ കൈവശമായെന്നതേ ഉള്ളു. ‘ന ന്ന്’’ എന്നുള്ള പദത്തിലെ ‘ന’ എന്ന അക്ഷരത്തെ വ ഴിപോലെ ഉച്ചരിക്കുന്നതിനുള്ള സാമർത്ഥ്യംപോലും മ

ലയാള ഭാഷയിൽ അദ്ദേഹത്തിന് സമ്പാദിക്കാൻ കഴിഞ്ഞില്ല. അക്ഷരാഭ്യാസവും ഭാഷാപരിജ്ഞാനവും ഒക്കെ പുല്ലല്ലേ! ഭാഗ്യം ഒന്നുണ്ടായാൽ പിന്നെ വിധിയും മിണ്ടാതിരിക്കയല്ലേ ഉള്ളു! മഹാഭാഗ്യയവാനായ സുന്ദരയ്യന് യാതൊരു വിഷയത്തിലും പാണ്ഡിത്യമില്ലെന്നു പറയുന്നതു് വ്യാജമായിരിക്കും. എന്തെന്നാൽ സേവാക്രമങ്ങളിൽ അപാരമായ വൈദുഷ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതുമൂലം അദ്ദേഹം രാമവർമ്മ മഹാരാജാവിന്റെ ആദ്യപുത്രനായ ശ്രീപത്മനാഭൻ തമ്പി അങ്ങുന്ന് അവർകളുടെ അസംഖ്യം സേവകജനങ്ങളിൽ മുമ്പനായി ഭവിച്ചു.

കാർത്ത്യായനിയമ്മയുടെ ആദരപൂർവ്വമായ സൽക്കാരത്തെ കേട്ട് 'ഹ ഹ' എന്നുള്ള ശബ്ദത്താലും ശിരഃകമ്പനസ്മിതാദികളാലും ക്ഷണസ്വീകാര്യത്തെ ആ സ്ത്രീയെ ധരിപ്പിച്ചിട്ട് സുന്ദരയ്യൻ മാന്തോൽ നീക്കി ഇട്ടുകൊള്ളാതെ പടിമേൽത്തന്നെ വടക്കരികിലായിട്ട് ആസനം ഉറപ്പിച്ചു. എന്നിട്ട് ഇടത്തേക്കൈ മുറുക്കി മടക്കിവച്ച് മുഴങ്കാലുകളുടെ മദ്ധ്യേ ആയിട്ട് ഊന്നുകയും തല ഒരു വശത്തോട്ടു ചരിച്ചിടുകയും പൃഷ്ഠത്തെ അൽപ്പം ഉയർത്തുകയും ചെയ്തുകൊണ്ട് നാളികേരവൃക്ഷങ്ങൾ കാറ്റിൽ അലയുമ്പോലെ ചാഞ്ചാടിത്തുടങ്ങി. സംഭാഷണത്തിനു മുടക്കം വരുത്തുകയും ചെയ്തില്ല. 'വലിയങ്കത്തെ രാമാനംകൊണ്ടു താൻ കിഴക്കേ പോകുന്നു'... സ്ത്രീകൾക്കു മനസ്സിലാകുന്നതിനുവേണ്ടി തമിഴിനെ മുഴുവൻ ബ്രാഹ്മണൻ ഉപേക്ഷിച്ചിരിക്കുന്നു. വിശേഷിച്ചും സുന്ദരയ്യന്റെ നയനങ്ങൾ വളരെ വിഷമിച്ച് പാർവ്വതിയമ്മയുടെ കേശാദിപാദപരിശോധന തുടങ്ങിയിയിരിക്കു

ന്നു: 'കാര്യത്തെ നാൻ ശൊല്ലവേണ്ടിയതില്ലല്ലോ. പെരിയവർ പടുത്തിരിക്കെ. ഇളയവർക്ക് ഊർദ്ധ്വംതാൻ. അടുത്ത മുറൈ അകത്തേക്കുതാൻ. ന്യായവും രീതിയും ലോകം മുച്ചൂടും വഴക്കവും, അപ്പിടിത്താനെ. പ്രകൃതത്തുക്കും മറിച്ച് വരലാമാ? അവരോ? കണ്ണുക്ക് കാമൻ, കൊടയിലെ കർണ്ണർ, വീര്യത്തിലെ ഇന്ദ്രജിത്ത്, നയത്തിലെ വിദുരർ, ധനത്തിലെ കുബേരർ, കീർത്തിയിലെ പാർത്ഥർ … എന്ന പ്രതാപം! അപ്പ!'

ഇങ്ങനെ സുന്ദരയ്യൻ ചൊരിഞ്ഞുതുടങ്ങിയ വാഗ്വർഷം കൊണ്ട് കാർത്ത്യായനിയമ്മ കുറച്ച് അസ്വസ്ഥയായി ചമഞ്ഞു. തന്റെ വാചാടോപത്തെ പ്രദർശിപ്പിക്കുന്നതിൽ സുന്ദരയ്യന് ഒരിക്കലും അലംഭാവം തോന്നിയിട്ടില്ല. കാലദോഷത്താൽ സുന്ദരയ്യന്റെ ശ്രോതാക്കളായി ചെന്നുവീഴുന്ന ജനങ്ങളുടെ രസനീരസങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് സുന്ദരയ്യന്റെ മനസ്സ് പഞ്ഞികൊണ്ടും വെണ്ണകൊണ്ടും ഉണ്ടാക്കപ്പെട്ടതുമല്ല. മറ്റുള്ളവരുടെ അസന്തോഷത്തെ ഗണ്യമാക്കുന്നതിന് സുന്ദരയ്യൻ ഭീരുവോ മറ്റോ ആണോ? 'എല്ലായിടത്തിലും ആലാപ്പറന്തുപൈത്യാ …' എന്നിങ്ങനെ ബ്രാഹ്മണൻ തന്റെ സംഭാഷണത്തെ തുടർന്നു. ഈ വാക്കുകൾ കേട്ട് കാർത്ത്യായനിയമ്മ ഒന്നു ഞെട്ടി. ഭയത്തോടു നാലുപാടും നോക്കീട്ട് ഉള്ളിലുണ്ടായ കോപത്തോടുകൂടി ഇങ്ങനെ പറഞ്ഞു: 'അങ്ങ് ആരെക്കുറിച്ചാണു സംസാരിക്കുന്നതെന്നു മറന്നുപോയെന്നു തോന്നുന്നു. ആളും അവസ്ഥയും വിചാരിച്ചല്ലേ സംസാരിക്കേണ്ടതു്?'

സുന്ദരയ്യൻ: (കാർത്ത്യായനിയമ്മയെ ഇളക്കി ഒന്നു സംസാരിപ്പിക്കണമെന്നുള്ള തന്റ ഉദ്ദേശ്യം സഫലമായ



തുകൊണ്ടുണ്ടായ സന്തോഷത്തോടുകൂടി) “അവരവർ താൻ ഉള്ള അവസ്ഥയെ കെടുത്തുപോട്ടാലോ? ഉള്ള തെ ശൊല്ലറവൻപേരിലാണോ പഴി? നല്ല ന്യായം! സ്ഥാനേ സ്ഥിതസ്യ പത്മസ്യഹ, മിത്രേ വരുണ ഭാ സ്കരഹൗ; ‘സ്ഥാനാത് ഭ്രഷ്ടസ്യ തസൈവഹ, ശോഷ കപ്ലോഷകാവപീഹി’ എന്നാക്കുമേ വിദ്വംസാൾ ശൊല്ലിയിരിക്കുന്നതു്.”

ശ്ലോകത്തിന്റെ അർത്ഥം കാർത്ത്യായനിയമ്മയ്ക്കു് തീരെ മനസ്സിലായില്ലെങ്കിലും സുന്ദരയ്യന്റെ മറുപടിയുടെ പൂർവ്വാർ

ദ്ധത്തിന് ഉത്തരമായി ഇങ്ങനെ പറഞ്ഞു: "എന്തുകൊണ്ടാണ് അവസ്ഥയെ നശിപ്പിച്ചിരിക്കുന്നത്? വെറുതെ ആരെയും ദുഷിക്കരുത്. പിന്നെയും ഉണ്ടാകുന്ന ദോഷങ്ങളെക്കൂടി വിചാരിച്ച് വേണം ഓരോന്ന് പറയേണ്ടത്."

സുന്ദരയ്യൻ: "ദോഷം നോക്കൂ? എനിക്ക് എന്താണ് വരാൻപോകാനുള്ളത്? വിരുത്തിയെ എടുത്തുപ്പോട്ടുവാരോ? പോച്ചോല്ലണം കൊച്ചമ്മ കഴുവേത്തിടുമോ? നേക്ക് ഭയപ്പെടറുതുക്ക് ആൺപിള്ള ശിങ്കങ്കൾ അങ്കെ വേറെ ഇരിക്ക്."

കാർത്ത്യായനിയമ്മ: "ഞങ്ങൾക്ക് അങ്ങനെ ഒക്കെ വിചാരിക്കാനും ധൈര്യപ്പെടാനും പാടില്ല. അതുകൊണ്ട് ആ വർത്തമാനം നിറുത്തിക്കളയണം."

സുന്ദരയ്യൻ: "സ്വകാര്യത്തിലേ ഓരോരുത്തർ എന്തെല്ലാം ശൊല്ലുന്നു! അതുക്കെല്ലാം നാക്കെ പിടുങ്കറുതുണ്ടോ?"

കാര്യത്ത്യായനിഅമ്മ: "അങ്ങുപോന്ന കാര്യമെന്താണ്? മറ്റേ സംഗതി വിട്ടുകളയണം. വഴിയേ പോകുന്ന അനർത്ഥം വലിയേ പിടിച്ച് തലയിൽ കേറ്റുന്നതെന്തിന്?"

'ആശാനും അടവു പിണങ്ങും' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. അതിസമർത്ഥന്മാർക്കും ചിലപ്പോൾ അബദ്ധങ്ങൾ സംഭവിച്ചുപോകും. ആ വിധത്തിൽ സുന്ദരയ്യനും അടവൊന്നു പിണങ്ങി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കഴക്കൂട്ടത്തുപിള്ളയുടെ ഭാര്യയ്ക്ക് രാജദൂഷണം കർണ്ണപീയൂഷമായിരിക്കുമെന്നു വിചാരിച്ച് പ്രകടിപ്പിച്ച അഭിപ്രായങ്ങൾ കാർത്ത്യായനിയമ്മയ്ക്ക് സന്തോഷപ്രദമായിരുന്നില്ലെന്നു കണ്ടപ്പോൾ സംഭാഷണത്തെ അന്യമാർഗ്ഗ

ത്തിൽ തിരിക്കുന്നതിന് സുന്ദരയ്യൻ തരം നോക്കിത്തുട ങ്ങി. അപ്രകാരമുള്ള ആലോചനയുടെ മദ്ധ്യേയാണ് കാർ ത്ത്യായനിയമ്മ മേൽപ്രകാരം പറഞ്ഞത്. ഇങ്ങനെ ന ല്ല അവസരം തന്റെ ഇച്ഛാനുകൂലമായി കിട്ടിയതിനെ സുന്ദ രയ്യൻ സന്തോഷപൂർവ്വം സ്വീകരിച്ചു.

സുന്ദരയ്യൻ: "ശരിതന്നെ ഹാകുന്നു. ആമാം. ശരിതാൻ. ന ല്ല ബുദ്ധി. ശരിയാന അഭിപ്രായം. ചെമ്പകശ്ശേരി വീട്ടു കാർ പേരിലെ പെരിയങ്കത്തേക്കുള്ള ഇതു്, അവർ ചൊ ല്ലറതേ കേട്ടാൽതാൻ തെരിയും. ഹങ്ങിനെ അല്ലാമൽ വരവഴിയില്ലിയേ. ഇന്ത വാക്കു്, ഇന്ത നിലൈ, ഇതെ ല്ലാം അവർ അറിയാവടിക്കിരിക്കുമോ? (പാർവ്വതിയമ്മ തന്റെ അമ്മയുടെ പുറകിൽ നിന്ന് ദീപത്തിന്റെ പ്രഭയി ല്ലാത്ത സ്ഥലത്തേക്കു മാറിനിൽക്കയാൽ) കുഴന്തപൊ യി എന്താകുന്നു, ഏൻ ഇരുളിൽ മറവാനേ? (പാർവ്വതി യമ്മയുടെ കേശസമൃദ്ധിയെ ഉദ്ദേശിച്ച്) ഒരിരുൾ പോരാ തെന്നോ?"

കാർത്ത്യായനിഅമ്മ: "അദ്ദേഹവും ഇവളുടെ അച്ഛനുമായി കുറച്ചു പരിചയവുമുണ്ടായിരുന്നു."

സുന്ദരയ്യൻ: "കുറച്ചു പരിചയമോ? ആത്മസ്നേഹം! ഉശി രിക്കുശിർ. നാൻ കണ്ണാലെ പാർത്തിട്ടുണ്ടല്ലോ. അന്ത പരിശയം വളരപ്പോറതുണ്ടും. കൊച്ചമ്മ സാപ്പാടെല്ലാം ആഹലയോ?"

കാർത്ത്യായനിയമ്മ: (എന്തോ ആലോചനയോടുകൂടി) "അദ്ദേഹം എന്തായാലും ശ്രീമാനാണല്ലോ."

സുന്ദരയ്യൻ: "അപാരശ്രീമാൻ! ശന്ദേഹമോ? അവർക്കൊന്നതാൻ കുറെ അതുവും ..." എന്ന് പറഞ്ഞുകൊണ്ട് സുന്ദരയ്യൻ പാർവ്വതിയമ്മയെ ലക്ഷ്യമാക്കി ഒന്നു കടാക്ഷിച്ച് തന്റെ വാക്കിന്റെ സാരം മനസ്സിലായോ എന്നു ചോദ്യംചെയ്യുന്ന ഭാവത്തിൽ കാർത്ത്യായനിയമ്മയുടെ മുഖത്തു ദൃഷ്ടി ഉറപ്പിച്ചു.

കാർത്ത്യായനിയമ്മ: (ദീർഘമായ ആലോചനയിൽനിന്നു വിരമിച്ചിട്ട്) "അദ്ദേഹത്തിന് എന്തു കുറവാണ്? പത്മനാഭൻ പ്രസാദിച്ചിരിക്കുന്നല്ലോ."

സുന്ദരയ്യൻ: "പത്മനാഭൻതാൻ യാവർക്കും തുണൈ. (പാർവ്വതിയമ്മയോട്ട്) കുഴന്തയ്ക്ക് എന്നവോ പാരായണം ഇരിക്കുന്നപോലെ ഇരിക്കുന്നല്ലോ. വേണ്ടതുതന്നെ ഹാകുന്നു. (കാർത്ത്യായനിയമ്മയോട്ട്) അണ്ണാവെക്കണ്ടു് എന്നവോ ശൊല്ലറതുക്കാക അങ്കത്തെതാൻ വരുവാർപോലിരുക്ക്."

കാർത്ത്യായനിയമ്മയുടെ മനസ്സ് ആ സ്ഥലത്തുനിന്നും പറന്നുപോയിരിക്കുന്നു. നിയമവിരുദ്ധമായ സുന്ദരയ്യന്റെ പ്രവേശനവും ക്രമമല്ലാതുള്ള ദൂഷണവചനങ്ങളും എല്ലാം ആ സ്ത്രീ മറന്ന് അദ്ദേഹം ആകപ്പാടെ നല്ല കൂട്ടത്തിലാണെന്നു വിചാരിച്ചു തുടങ്ങിയിരിക്കുന്നു. തന്റെ പുത്രിക്കുണ്ടായിരിക്കുന്ന വിരഹതാപോദ്ഭൂതമായ രോഗത്തിന് ഒരു സിദ്ധൗഷധം കിട്ടിയതുപോലെ സന്തോഷംകൊണ്ടു കാർത്ത്യായനിയമ്മയുടെ മുഖകമലം വികസിക്കുന്നു. അഭീഷ്ടസിദ്ധിക്കുള്ള മാർഗ്ഗാന്വേഷണങ്ങളിൽ അവസ്ഥമുതലായ ശബ്ദമാത്രങ്ങളെയും ഗണ്യമാക്കുന്നതു് നിസ്സാരന്മാരുടെ ലക്ഷണമാണെന്നാണല്ലോ, അമാനുഷ

രെന്നു നടിക്കുന്ന ചില ആധുനിക പണ്ഡിത കേസരികൾ അൽപ സുഖാഗ്രഹികളായിട്ടു മാനാഭിമാനങ്ങളെയും പൗരുഷത്തെയും തിരസ്കരിച്ച് നിന്ദാവഹമായ ഓരോ കൃത്യങ്ങളെ ആചരിച്ചുവരുന്നതുകൊണ്ടു ദൃഷ്ടാന്തപ്പെട്ടുന്നതു്. ഈ സ്ഥിതിക്ക് അറിവു തുലോം കുറഞ്ഞു് അബലാവർഗ്ഗത്തിൽ ചേർന്നുള്ള ഒരാൾ ഭൂതസംഗതികളെയും തന്റെ നിയമം, സ്ഥിതി ഇത്യാദികളെയും മറന്നു്, ഒട്ടുകിഴിഞ്ഞു എന്നു വന്നാൽ വായനക്കാർ ആശ്ചര്യപ്പെടേണ്ടതില്ലല്ലോ. ആഗ്രഹങ്ങളോ, സകല ജീവലോകത്തിനും സഹജമായിട്ടുള്ളതാണല്ലോ; വിശേഷിച്ചും സ്ത്രീകൾക്കു്. അതിലും യൗവനാരൂഢയും അപരിഗ്രഹീതമായുള്ള ഒരു പുത്രിയോടുകൂടിയ മാതാവിന്റെ മോഹങ്ങൾ ബ്രഹ്മാണ്ഡകടാഹത്തെത്തന്നെയും ഭേദിച്ചു എന്നു വന്നേക്കാം. അഷ്ടദിക്കുകളിലും പുത്രിക്ക് സ്വഗുണാനുരൂപനായ രമണനെ ആരാഞ്ഞു് വലയുന്ന ഒരു മാതാവിന്റെ മാനസ നേത്രങ്ങൾക്കു് സുന്ദരനും ധനികനും പ്രബലനും കുലീനനുമായ ഒരു യുവാവ് ഗോചരനായാൽ തന്നെത്താൻ മറന്നുപോകുന്നതു് അസംഭവ്യമാണോ? മേൽപറഞ്ഞ ഗുണങ്ങളിൽ ധനം ഒന്നുമാത്രം ഉണ്ടായാൽത്തന്നെ സകല ലക്ഷണങ്ങളും തികഞ്ഞതായി വിചാരിച്ച് മാനവും മര്യാദയും പണയത്തിലാക്കുന്നവർ ലക്ഷം ഉണ്ടല്ലോ. 'ദ്രവ്യം ദൈവം' എന്നാണല്ലോ കലിയുഗ വേദജ്ഞരുടെ മതമായിരിക്കുന്നതും. അതിനാൽ ദ്രവ്യത്തിനു പുറമേ സൗന്ദര്യാദി ലക്ഷണങ്ങൾകൂടി ഒരു യുവാവിൽ തികഞ്ഞു കാണപ്പെടുന്നുവെങ്കിൽ അയാളെക്കുറിച്ച് സാമാന്യം അധികമായ ആഗ്രഹം സ്ത്രീകൾക്കുണ്ടാകുന്നതു് ലോകനീതിയാണു്.

കാർത്ത്യായനിയമ്മയെ ആകർഷിച്ചിരുന്ന അന്തർഗ്ഗതങ്ങൾ എന്താണെന്ന് അന്യസഹായംകൂടാതെ വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. വലിയതമ്പിക്ക് ചെമ്പകശ്ശേരി വീട്ടുകാരോടുള്ള പ്രതിപത്തിയെക്കുറിച്ച് സുന്ദരയ്യൻ പറഞ്ഞത് കേട്ടപ്പോൾ ആ സ്നേഹത്തെ ഒരു ബന്ധത്താൽ ഉറപ്പിച്ചെങ്കിൽ നന്നെന്ന് ആ സ്ത്രീക്കു തോന്നി. നാടുവാഴുന്ന മഹാരാജാവിന്റെ പുത്രൻ തന്റെ പുത്രിയുടെ ഭർത്താവായാൽ ചെമ്പകശ്ശേരിത്തറവാട്ടിന് 'ആചന്ദ്രതാരമേ സന്തതിപ്രവേശമേ' സായൂജ്യമാണല്ലോ. 'സാക്ഷാൽ ശ്രീപത്മനാഭൻ തമ്പി അങ്ങത്തെ കൊച്ചമ്മ' എന്നിങ്ങനെ നാടടക്കമുള്ള ജനങ്ങൾ തന്റെ പുത്രിയെക്കുറിച്ച് ഘോഷിക്കും എന്നുള്ള ഫലം കൂടാതെ, ആപാദചൂഡം ആഭരണങ്ങളും അറ നിറയെ നെല്ലും പണവും ആകാശത്തോളം സ്ഥാനമാനങ്ങളും ഉണ്ടാകാനുള്ള തക്കം കിട്ടിയിരിക്കുന്നത് കൈവിടുന്നത് ഭോഷത്വത്തിലും വലുതായ ഭോഷത്വമായിരിക്കും. എന്നുതന്നെയല്ല, തന്റെ പുത്രിക്കുണ്ടായിരിക്കുന്ന പരിതാപവും ശമിക്കുമല്ലോ. സുന്ദരയ്യൻ അഭിപ്രായപ്പെട്ടതുപോലെ പത്മനാഭൻ തന്നെ പ്രസാദിക്കണം... ലക്ഷ്മീവല്ലഭനായ ശ്രീപത്മനാഭൻസ്വാമിയോ പാർവ്വതിവല്ലഭനാകാൻ പോകുന്ന ശ്രീപത്മമാനഭൻ തമ്പി അങ്ങുന്നോ പ്രസാദിക്കേണ്ടതെന്ന് അറിവാൻ പ്രയാസം. ആ... വൂ! വലിയൊരു സമുദ്രത്തിന്റെ മറുകര കാണാറായിരിക്കുന്നു. അതിനാൽ അമരക്കാരനായ സുന്ദരയ്യനെ കുറച്ചുകൂടി ബഹുമാനിക്കയല്ലേ വേണ്ടതു്?

ഇപ്രകാരമുള്ള വിചാരങ്ങളിലാണ് കാർത്ത്യായനിയമ്മയുടെ മനസ്സ് വ്യാപരിച്ചുകൊണ്ടിരുന്നത്. ഒടുവിലത്തെ

ആലോചനയിൽ എത്തിയപ്പോൾ കനിവോടുകൂടി സുന്ദരയ്യനോട്ട് ആ സ്ത്രീ ഇപ്രകാരം പറഞ്ഞു: "ഹേ, എന്തുമാതിരിയാണിതു്? ബ്രാഹ്മണരുടെ ആസനം നിലത്തു തൊട്ടാൽ അവിടം മുടിഞ്ഞുപോകുമെന്നാണല്ലോ പറഞ്ഞുവരുന്നതു്. തോൽ നീക്കി ഇട്ടിരിക്കണം. ഇതേ... തോലിലിരിക്കണം."

എന്നേ മഹാഭാഗ്യമേ വിവാഹദൗത്യം അനവധി സുഖങ്ങളെ പ്രദാനം ചെയ്യുന്ന ഒരു വ്യാപാരമാണല്ലോ. രാവും പകലും മുഷിഞ്ഞു് യജമാനന്മാരുടെ മുമ്പിൽ സേവ ഉള്ളുന്നതിന് കൊതിക്കുന്നതിനെക്കാൾ ജനങ്ങൾ സുന്ദരയ്യനെ പിന്തുടർന്നാൽ നാം കാണുന്നതിൽ എത്ര കലഹങ്ങൾ ഇല്ലാതാകും? എന്തു് സുഖങ്ങൾ അനുഭവിക്കാം. ഈ ഭൂലോകത്തിന്റെ സ്ഥിതി തന്നെ ആകപ്പാടെ ഒന്നു മാറി നാകലോകതുല്യമായി ഭവിക്കയില്ലയോ എന്നു സംശയമുണ്ട്. അതു് എങ്ങനെയും ആകട്ടെ. കാർത്ത്യായനിയമ്മയുടെ നൂതനസൽക്കാരങ്ങൾ കേട്ടപ്പോൾ തന്റെ ആഗമനോദ്ദേശ്യം സഫലം എന്നു നിശ്ചയിച്ച് "ജയ ജയ കൈലാസോദ്ധാരകാരിൻ!" എന്നുള്ള നാരദഗീതത്തെ കേട്ട രാവണനെപ്പോലെ സുന്ദരയ്യൻ താൻ അറിയാതൊന്നു് ഞെളിഞ്ഞു് ഗംഭീര ഭാവത്തോടുകൂടി ഇരിപ്പായി. "വേണ്ടാം. എങ്കെ ഇരുന്താലെന്ന? കുഴന്ത ഇപ്പോഴും വല്ലാതെ നിക്കറതു് എന്ന കാരണത്താലോ?" എന്നിങ്ങനെ പറകയും ചെയ്തു.

**കാർത്ത്യായനിയമ്മ:** തങ്കമോ? "അവൾക്കു് കുറേ നാളായി ഒരു വിഷാദം വന്നു് കൂടിയിരിക്കുന്നു?..."

തന്റെ വ്യസനത്തിന്റെ ഹേതുവായും സുന്ദരയ്യനെ തെരിയപ്പെടുത്തിയേക്കും എന്നുള്ള ഭയത്തോടുകൂടി പാറുക്കുട്ടി ഈ വാക്കുകൾ കേട്ട ഉടനെ ധൃതിയിൽ കാർത്ത്യായനിയമ്മയുടെ സമീപത്തോട്ട് അണഞ്ഞു. പാറുക്കുട്ടി തന്റെ ശരീരത്തോടണഞ്ഞത് സ്പർശനത്താൽ അറിഞ്ഞ കാർത്ത്യായനിയമ്മ എഴുന്നേറ്റ് “സുന്ദരയ്യൻ മുറുക്കീല്ലല്ലോ, അപ്പുറത്ത് പോയി മുറുക്കാം, വരണം. നൊയമ്പുകാരി ഉറക്കംകൊണ്ട് കുപിത ആയിരിക്കുന്നു” എന്നു പറഞ്ഞുകൊണ്ട് വടക്കേകെട്ടിലേക്ക് യാത്രയായി. “പടുത്തുക്കോ അമ്മാ, പടുത്തുക്കോ. ഇതെന്നേക്കും ഉതഹാത്” എന്ന് പാറുക്കുട്ടിയെ ശാസിച്ചുകൊണ്ട് സുന്ദരയ്യൻ എഴുന്നേറ്റ് കാർത്ത്യായനിയമ്മയ്ക്ക് വഴി കൊടുത്ത് മാറി നിന്നു. മുമ്പിൽ കാർത്ത്യായനിയമ്മയും പുറകേ സുന്ദരയ്യനും ആയി വടക്കേക്കെട്ടിലേക്ക് പോകുന്നതിനിടയിൽ തന്റെ സ്വഭാവചാപല്യാതിക്രമത്താൽ ബ്രാഹ്മണൻ പിന്തിരിഞ്ഞു താൻ തന്നെ വലിയതമ്പി എന്നുള്ള നാട്യത്തിൽ “കൺമുനയെത്തന്നെ കാമലേഖനമാക്കി” അയയ്ക്കുന്നതായിട്ട് പാർവ്വതിയമ്മയെ ഒന്നു കടാക്ഷിച്ചു. ആ സമയത്ത് കിഴക്കുവശത്ത് ആരോ കയർക്കുന്ന ശബ്ദം കേട്ടുതുടങ്ങി. “കുടിക്കാൻ പാടുണ്ടോ? ചൂത്ത മറവൻ! അടിച്ച് കുറുക്കിനെ ഞെരിച്ചുടണം. കപ്പാൻ മടിക്കുമോ? ആളും തരവും ഇല്ലല്ലോ” എന്നിങ്ങനെ ചില വാക്കുകൾ ഉച്ചത്തിൽ പുറപ്പെടുവിക്കുന്നത് കേട്ടപ്പോൾ സുന്ദരയ്യന്റെ ശൃംഗാരരസം പകർന്ന്, കൈകാൽ വിറച്ച്, മുഖം വിളറി, കണ്ണുകൾ തുറിച്ച് അയാൾ അങ്ങും ഇങ്ങും നോക്കിത്തുടങ്ങി. സുന്ദരയ്യന്റെ ശൃംഗാരചേഷ്ടകളെക്കുറിച്ചു കേവലം ഒരു വീടിന്റെ അർത്ഥമാക്കാ

നില്ലാത്ത ഗോഷ്ടികളെന്ന് പാറുക്കുട്ടി വിചാരിച്ചു എങ്കിലും, പിന്നീടുണ്ടായ ഭാവഭേദങ്ങൾ കണ്ടു് സ്വല്പനേരം സ്തബ്ധയായി നിന്നു. എന്നാൽ ക്ഷണനേരംകൊണ്ടു് സുന്ദരയ്യൻ ധൈര്യം അവലംബിച്ചു് ഇടതുകൈയിൽ ഇട്ടിരുന്ന വസ്ത്രത്തെ സൂക്ഷിച്ചു് സ്വസ്ഥാനത്താക്കീട്ടു് കാർത്ത്യായനിയമ്മയോടുകൂടി എത്തുന്നതിനായി വേഗത്തിൽ വടക്കേക്കെട്ടിലേക്കു് കടന്നുപോയി. എന്തുകഥയാണ് ഇക്കണ്ടതെല്ലാം എന്നുള്ള വിചാരത്തിൽ മഗ്നയായി പാറുക്കുട്ടി അറപ്പുരയ്ക്കകത്തുതന്നെ ഇരുന്നു. സുന്ദരയ്യൻ പുറത്തിറങ്ങി അൽപനേരം ആയപ്പോൾ "നാരായണ നാരായണ" എന്നു് കോപത്തോടുകൂടി ജപിച്ചുകൊണ്ടു് എഴുപതിൽപ്പരം വയസ്സായ ഒരു വൃദ്ധൻ പാറുക്കുട്ടിയുടെ മുമ്പിൽ എത്തി, കോപഭാവത്തെ ത്യജിക്കാതെ, അതിപുത്രനായ കോപമൂർത്തിയെപ്പോലെ ജ്വലിച്ചുകൊണ്ടു് ഇങ്ങനെ ചോദ്യം തുടങ്ങി... "എന്തൊരു മാതിരിയാണ് പിള്ളേ? വല്ല കോമട്ടിയേയും കണ്ടാൽ അങ്ങു് മറിഞ്ഞുവീഴുന്നോടണതോ ഇത്ര നെഞ്ചുറപ്പില്ലിയോ? അതേതു് പട്ടരാണ് അങ്ങനെ വന്നു് കേറൂട്ടതു്? ഇത്ര എരട്ടക്കരളുള്ളവൻ ആരു്? ഈ അറപ്പുരയ്ക്കകത്തു്... ഈ ചെമ്പകശ്ശേരി അറപ്പുരയ്ക്കകത്തു്... രാത്രിയെങ്കിലും പകലെങ്കിലും അങ്ങനെ ഒരുത്തൻ കാലെടുത്തുവയ്ക്കുമോ? അവന്റെ തലമണ്ടയെ നെരിച്ചുവിടണ്ടയോ?" എന്നിത്രയും പറഞ്ഞുകൊണ്ടു് ആ വയസ്സൻ തന്റെ വാക്കിനു ചേർച്ചയായി കൈയിലിരുന്ന വടിയെ ഒന്നു ഓങ്ങിയപ്പോൾ അതു് ഊക്കോടുകൂടി തട്ടിൽ തട്ടുകയും ഉടൻതന്നെ "നാരായണ... നാരായണ" എന്നുള്ള ശബ്ദത്തോടുകൂടി അതിനെ സ്വസ്ഥാ

നത്തിൽ വയ്ക്കുകയും ചെയ്തു. ഈ വൃദ്ധൻ ചെമ്പകശ്ശേരി വീട്ടിൽ ആയുധപ്പുര സൂക്ഷിപ്പുകാരനായിരുന്ന വിദ്വാൻ കുറുപ്പിന് ആ ഭവനത്തിലുണ്ടായിരുന്ന ഒരു ഭൃത്യസ്ത്രീയിൽ ജാതനായ പുത്രനാണ്. ഈയാൾ ചെറുപ്പമായിരുന്നപ്പോൾ ആയുധാഭ്യാസത്തിൽ അതിനിപുണനായിരുന്നു. ചെമ്പകശ്ശേരി വീട്ടിൽത്തന്നെ ഒരു കളരിയിട്ട് അവിടത്തെ മൂത്തപിള്ളയേയും തിരുമുഖത്തു വീട്ടുകാരേയും മറ്റു പലരേയും പോലെ വാൾ, പരിച, ഈട്ടി, കുന്തം, വില്ല്, അമ്പ്, മുതലായ ആയുധങ്ങൾ വഹിച്ചുകൊണ്ടുള്ള പ്രയോഗങ്ങളെ വളരെ സമർത്ഥതയോട്ട് കൂടി ഗുരുസ്ഥാനം വഹിച്ച് അഭ്യസിപ്പിച്ചതിനാൽ ‘ആശാൻ’ എന്നു പേർ സമ്പാദിച്ചു. ചെറുപ്പകാലത്തെ പ്രതാപം ഹേതുവാൽ ഇപ്പോഴും ശങ്കു ആശാനോട്ട് എതിർപ്പാൻ ആരും തന്നെ തുനിഞ്ഞു ചെല്ലുകയില്ല. ആ ചെമ്പകശ്ശേരിഗൃഹം തന്റെ സ്വന്തമാണെന്നാണ് ആശാന്റെ വിചാരം. വാർദ്ധക്യംകൊണ്ടു് അതികോപിഷ്ഠനായി ചമഞ്ഞിരിക്കുന്നതിനാൽ വൃദ്ധൻ ചെമ്പകശ്ശേരി മൂത്ത പിള്ളയെപ്പോലും ശാസിക്കും. പാറുക്കുട്ടിയോട്ട് ആശാനുള്ള വാത്സല്യത്തിന് അതിരില്ല. പാറുക്കുട്ടി ചിരിച്ചു എങ്കിൽ വൃദ്ധനും ചിരിക്കും; കരഞ്ഞു എങ്കിൽ വൃദ്ധനും വഴിയെ. ഇത്രയൊക്കെ പാറുക്കുട്ടിയെക്കുറിച്ച് ആശാന് സ്നേഹമാണെങ്കിലും ആശാന്റെ അഭിപ്രായങ്ങൾക്ക് പ്രതികൂലമായി ഒന്നു പറയുന്നതായാൽ പാറുക്കുട്ടിയോടും ആശാൻ കയർക്കും. എന്നാൽ ആശാന്റെ കോപം എത്ര വലുതായിരുന്നാലും പാറുക്കുട്ടിയുടെ വാക്കു കേട്ടാൽ ശാന്തപ്പെടുക പതിവായിരുന്നു. വാല്യക്കാർ മുതലായവർക്ക് ചിലപ്പോൾ ആശാന്റെ നെടുവടിയുടെ രുചി അ

നഭവിക്കുന്നതിന് സംഗതി ആകാറുണ്ട്. ആശാൻ സാധാരണ കൊണ്ടുനടന്നുവരുന്നത് ഇളയതമ്പുരാൻ തിരുമനസ്സിനാൽ നൽകപ്പെട്ട സ്വർണ്ണക്കെട്ടുകളോടുകൂടിയ ഒരു വടിയാണ്. ആശാന്റെ വടികൊണ്ട് പ്രഹരം കിട്ടുന്നത് എളുപ്പത്തിൽ കഴിയുന്ന ഒരു കാര്യമാണ്. "എത്ര വയസ്സായി അമ്മാവാ?" എന്നുള്ള ചോദ്യത്തിന് സാധാരണ ഉത്തരം പ്രഹരമാണ്. തലയിൽ കുടുമയുടെ സ്ഥാനത്ത് മൂന്നോ നാലോ രോമം ഒരു വിരൽ നീളത്തിൽ പുറകോട്ടു വളഞ്ഞു നിൽക്കുന്നത് ഒഴികെ ശേഷം രോമങ്ങൾ മിന്നുന്ന കഷണ്ടിയുടെ ആക്രമംകൊണ്ട് നാസ്തിയായിരിക്കുന്നു. കാഴ്ച അഞ്ചെട്ട് വർഷങ്ങൾക്കു മുമ്പ് കുറഞ്ഞിരുന്നു എങ്കിലും ഇപ്പോൾ നേത്രങ്ങൾക്ക് ഒരു ദോഷവും ഇല്ല. പ്രായത്തിന് ഒത്ത ക്ഷീണം ആശാന്റെ ദേഹത്തെ ബാധിച്ചിട്ടില്ല. ആരെയും അസഭ്യവാക്കുകൾകൊണ്ട് മർമ്മഭേദനം ചെയ്യുന്നതിന് ആശാന് തരിമ്പും കുസലില്ല. ചെമ്പകശ്ശേരി തറവാട്ട് കാര്യന്വേഷണങ്ങൾ മിക്കവാറും ആശാൻ തന്നെയാണ്. മൂത്തപിള്ള കാരണവരെന്ന നാമം മാത്രമേ വഹിക്കുന്നതേയുള്ളൂ.

ആശാന്റെ കോപത്തെക്കണ്ട് പാറുക്കുട്ടി ഒരു അമർത്തിയ പുഞ്ചിരിയോടുകൂടി മിണ്ടാതെ ഇരിക്കയായിരുന്നു. തന്റെ ചോദ്യങ്ങൾക്ക് ഉത്തരമൊന്നും കാണാത്തതിനാൽ വൃദ്ധൻ വീണ്ടും കോപത്തോടുകൂടി, "എന്ത്, ഉർറക്കവും കിർറക്കവും ഒന്നുമില്ലയോ? ഇതൊന്നും കൊള്ളൂല്ല. വല്ലതുമൊക്കെ വലിച്ച് വയ്ക്കും" എന്നു പാറുക്കുട്ടിയുടെ മുഖത്തു നോക്കി പറഞ്ഞു. വൃദ്ധന്റെ രൗദ്രഭാവങ്ങൾക്കും കോപവചനങ്ങൾക്കും നേരേ വിപരീതമാംവണ്ണം പാറുക്കുട്ടി വ

ളരെ ശാന്തയോടും വാത്സല്യത്തോടും ഒരു ചെറിയ മന്ദഹാസത്തോടും രാത്രിയുടെ നിശ്ശബ്ദാവസ്ഥയിൽ അവർണ്ണനീയ രസപ്രദമായ സ്വരത്തിൽ ഇപ്രകാരം പറഞ്ഞു: "എന്നോടെന്തിനാണ് കോപം ആശാനെ? ഞാൻ ഒന്നും ചെയ്തില്ലല്ലോ. ആശാന്റ് ദ്വേഷ്യത്തിന് എപ്പോഴെങ്കിലും ഒരു കാരണം ഞാൻ ഉണ്ടാക്കിയിട്ടുണ്ടോ? ഇത്ര ഒക്കെ ദ്വേഷ്യപ്പെടാൻ ഇവിടെ എന്തുണ്ടായി?"

ശങ്കു ആശാൻ: "അമ്മേടെ അടുത്ത് ആരാണ് കുശുകുശാന്ന് ചെവി കടിക്കണത്?"

പാറുക്കുട്ടി: "സുന്ദരയ്യനെ അറിയാത്തവരാരുമില്ലെന്ന് അദ്ദേഹംതന്നെ അൽപം മുമ്പേ പറകയുണ്ടായി. ആശാൻ അറികയില്ലെന്ന് വരുമോ? എന്നാൽ അദ്ദേഹത്തിനെ അറിയാത്തതിൽ ഒരാളുണ്ടെന്ന് ആശാൻ ഒന്ന് അങ്ങോട്ടു ചെന്നു പറയണം. വലിയതമ്പി അദ്ദേഹത്തിന്റെ കെട്ടുപൂട്ടുകാരനാണത്രെ."

ആശാൻ: "ശെന്നേ നാരയാണാ! ശെന്നേ നാരയാണാ!? വലിയതമ്പി അങ്ങത്തെ കുതിര കേറണവനോ? ഞാൻ അറിയൂല്ലയോ പിന്നെ? ആഭ്ഭാതക്കൂട്ടം! ഇയിത്തങ്ങളെ ഇതിനകത്തു കാലെടുത്തു ചവുട്ടാൻ തമ്മസിച്ചൂടാ. എവൻ പട്ടരോ? അവന്റെ പൂണൂലിനെ പിടുങ്ങി വല കെട്ടണം. എവനൊ എവനെ ഞാൻ അറിയൂല്ലയോ?, ആ കരിങ്കള്ളൻ, തലയിലിടിവീഴണ കറുത്തവാവിനു പിറന്ന ചുടലമാടൻ, പല്ലൻ കുറുപ്പ്... എന്തൊരു കറുപ്പ്? കുന്തക്കുറുപ്പോ?... അല്ലാ വേലുക്കുറുപ്പ്... അവന്റെ തന്ത്യാനാണ്. ഓ! മറ്റവന്റെ പേരു പറഞ്ഞപ്പം ഒരു പിള്ള മിഞ്ഞി കറുപ്പിച്ചല്ലോ. ഏഹേ! അവന്റെ കാ

ര്യം കമാന്ന് ഞാൻ മൂളീല്ല. കരയീം വിളിക്കീം വേണ്ട!"

പാറുക്കുട്ടി: 'മുഖം കറുത്തുവെന്ന് ആശാൻ നിശ്ചയിച്ചുകൊള്ളുന്നതുതന്നെ. ആശാന്റെ വാക്കു കേട്ടാൽ എനിക്കു വേലുക്കുറുപ്പിനെ വലിയ പേടിയാണെന്നു തോന്നും.'

ആശാൻ: 'ആ കരിക്കട്ടപ്പൂതത്തിനെ എല്ലാർക്കും പേടി തന്നെ. അവന്റെ പല്ലും ചിറിയും കണ്ണും എല്ലാംകൂടി കണ്ടാൽ മൊകത്തു കാർക്കിച്ചുതുപ്പാൻ തോന്നും. അവൻ ചത്തല്ലാതെ പൂമിക്കു പാരം തീരുല്ല. ചവത്തിന്റെ പുറകേ എത്ര നാളുനടന്നു! നാ ചന്തയിൽ പോയതുപോലെ അലഞ്ഞില്ല്യോ? വെറുതെ നട്ടന്തിരിഞ്ഞിട്ടും ഒരു തീപ്പുമുണ്ടായില്ല. എന്തൊരു കട്ഠം? ചോതിഷം തെറ്റുമോ? പതിനേഴ വയതില് ഒരു കെരവപ്പുഴ ഒണ്ടെന്ന് അച്ഛൻ അല്ലയോ എഴുതിയതു? ഏതെല്ലാം ആയാന്മാരെ കാണിച്ചു പിന്നെ? തല കീഴുമേലാ മറിഞ്ഞിട്ടും ഒരു ചുഴിപ്പു മാറ്റി ആരെങ്കിലും എഴുതിയോ? അച്ഛനെ പിള്ള കണ്ടിട്ടില്ലല്ലോ? അല്ലേ! കരയാനോ പാവിക്കണതു? ചുമ്മാ അല്ലേ ചിണുങ്ങി അമ്മ എന്ന് എല്ലാവരും പറയണതു്. ഇതുമാത്രം എക്കു കണ്ടൂടാ. തങ്കം കരഞ്ഞിട്ടു കാര്യം വല്ലതുമുണ്ടോ? പെയ്യതു് പെയ്യു. ഏ...... അല്ലേ ഒരു പൊറുതി വേണ്ടയോ? എന്നും കൊച്ചോ? കൊള്ളാം!'

പാറുക്കുട്ടി: "അമ്മ പറയുന്നതുപോലെ ഒക്കെ ആശാനും പറയുന്നതിനു തയ്യാറുണ്ടു്. രണ്ടുപേർക്കും ദയകൂടാതെ സംസാരിക്കുന്നതിൽ ഒരു മടിയും ഇല്ല. ആശാനേ, എന്നെങ്കിലും ഒരു തീർച്ചയായ അറിവു കിട്ടു

ന്നതുവരെ ഒരു വിധത്തിലും എന്റെ മനസ്സിനു സമാധാനം ഉണ്ടാകുന്നതല്ല. ദോഷമായ അറിവാണു കിട്ടുന്നതെങ്കിൽ ഈശ്വരകല്പിതമെന്നു വിചാരിച്ചുകൊള്ളാം."

ആശാൻ: "ഇനി എന്തൊരു തീർച്ചയാണു വരാനൊള്ളതു്? ചീവനോടിരിക്കണെങ്കിൽ ഇങ്ങു വന്നു കാണാതെ ഇരിക്കുമോ?"

പാറുക്കുട്ടി: "അതില്ല. എങ്കിലും ദിവസേന എന്റെ മനസ്സിൽ മരിച്ചിട്ടില്ല എന്നൊരു വിശ്വാസം ക്രമേണ ഉറച്ചുവരുന്നു. അതു് അമ്മ പറയുംവണ്ണം അങ്ങനെ സംഭവിക്കണമെന്നുള്ള എന്റെ വിചാരംകൊണ്ടു് ഉണ്ടാകുന്നതായിരിക്കാം. എന്നാലും ചില സമയങ്ങളിൽ എന്റെ മനസ്സ് ചെമ്പകം അക്കന്റെ അഭിപ്രായത്തോടു് യോജിച്ചുപോകുന്നു."

ആശാൻ: "ചെമ്പകം അക്കൻ! പ്രാന്തിയേ പ്രാന്തി, ശുത്ത പ്രാന്തി, പേറ്റം പിടിച്ച പയ്യ്! ആ ആട്ടക്കാറീടെ വാക്കിനെയാണോ ചെരിവച്ചുകൊണ്ടിരിക്കണതു്? അയ്യേ! ഇളിച്ചുപോയി. വേറേ പേരു കേക്കട്ടെ."

പാറുക്കുട്ടി: "അത്ര വളരെ പുച്ഛിക്കണ്ട ആശാനെ. ചെമ്പകം അക്കനെ നല്ലവണ്ണം അറിയാതെ എല്ലാവരും വെറുതെ ദുഷിക്കയാണ്. ഏതെല്ലങ്കിലും ഒരു സംഗതി കേട്ടാൽ അതിന്റെ സൂക്ഷ്മസ്ഥിതി എങ്ങനെ എന്നു് ആലോചിക്കുന്നതിനുള്ള ബുദ്ധിസാമർത്ഥ്യം ആ അക്കനു തുല്യം വേറേ ആർക്കുമില്ല. വേലുക്കുറുപ്പിന്റെ കഥ കളവാണെന്നും അതിന്റെ വാസ്തവം വെളിപ്പെടുത്തിത്തരാമെ

ന്നും ആ അക്കൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. പക്ഷേ അഞ്ചാറുമാസമായി കാണാറില്ല."

ആശാൻ: "ദുർപ്പൃത്തി! ദുർപ്പൃത്തി! കലിയുഗം മുറ്റി അല്ലയോ വരണത്! പെണ്ണുങ്ങളൊക്കെ കേറി നൃന്നപോയി. പിള്ളരൊക്കെ അപ്പൂപ്പന്മാരും അമ്മൂമ്മമാരും ചമയണ്വന്നേ! അവളും പറഞ്ഞതിനെ വെള്ളത്തി എഴുതിക്കൊണ്ടാൽ മതി. അവളെ കാണാത്തതോ? അവടെ നായരു് തൊലഞ്ഞു; ഇപ്പം ചിറിപപ്പനാവൻതമ്പി അങ്ങുന്നായി, ആ കാലമാടൻ കോടയിൽ കുളിക്കണ രാവണമ്മഠത്തിപ്പിള്ള ആയി, കണ്ട ആളുകളായി... കൊറച്ചില്! ആണുങ്ങളെ മെരട്ടാനുള്ള വിത്യം"

പാറുക്കുട്ടി: "അരുതാശാനെ, അതൊക്കെ വെറുതെയാണ്. എല്ലാവരരോടും സംസാരിക്കയും തന്റെ അഭിപ്രായത്തെ മടിക്കൂടാതെ പറകയും ചെയ്യുന്നതുകൊണ്ടാണ് ജനങ്ങൾ ദുഷ്പേരു് ഉണ്ടാക്കിത്തീർത്തതു്. ചെമ്പകം അക്കന് എന്നെക്കുറിച്ച് വലിയ കൂറാണ്. ആശാനെപ്പോലെ തന്നെ ആ അക്കനും എനിക്കുവേണ്ടി വളരെ മുഷിഞ്ഞിട്ടുണ്ട്. ആശാൻ ഇങ്ങനെ ഒന്നും പറയരുതു്."

ആശാൻ: "ഉം? മൂക്കിനെ അറുത്തുകളയുമോ?"

ആശാനെ പറഞ്ഞുസമ്മതിപ്പിച്ച് തന്റെ അഭിപ്രായത്തോടു ചേർക്കുക വിഷമമെന്നു വിചാരിച്ച് പാറുക്കുട്ടി മിണ്ടാതെ ഇരിപ്പായി. ഉത്തരം പറയാതെ ഇരുന്നതു്, തന്നെ അപമാനിച്ചതാണെന്നു നിശ്ചയിച്ച് ആ

ശാൻ ഒരാക്ഷേപസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: "എന്റെ പിള്ള കലവിച്ചല്ലയോ പെയ്യി! ചെമ്പകം അക്കനെ തലയിലോ വച്ചിരിക്കണത്! ഇതാരറിഞ്ഞു ഇച്ചനി? ചെമ്പകം അക്കനോ? ചീലാവതി... താവിത്രി... അരുന്തതി... ഇപ്പം കറന്ന പാല്... പച്ചവെള്ളം ചവച്ചുകുടിക്കണെ പൂച്ചക്കുട്ടി... മതിയോ?"

പാറുക്കുട്ടി: "ആശാനു തോന്നിയതൊക്കെ പറയണം. എന്തുകോപവുംകൊണ്ടാണു വന്നിരിക്കുന്നത്? ഈ കോപത്തിന് ഒരിക്കലും ഒരു കുറവില്ലെന്നോ? അരനാഴികനേരം സംസാരിച്ചുകൊണ്ടിരുന്നാൽ പത്തുപ്രാവശ്യം ദേഷ്യപ്പെടും."

ആശാൻ: "കിഴട്ടുകിളവന് ഇവിടെ കാര്യമെന്തര്? ചണ്ട പിടിക്കണതും തേക്ഷ്യപ്പെടണതും ആരെ അടുത്ത്? അടിക്കാനും പിടിക്കാനും അച്ചിയോ മക്കളോ ഇരിക്കണോ? നിങ്ങളെ ഒക്കെ തർമ്മംകൊണ്ടു വെള്ളം മോന്തിക്കിടക്കണെ." (തല സാധാരണയിലധികം വിറയ്ക്കുന്നു. ശ്വാസം മുട്ടി വാക്കുകൾ ശരിയായി പുറപ്പെടുന്നില്ല. വെളുത്ത ചക്രങ്ങൾ വീണിട്ടുള്ള കൃഷ്ണമണികൾ കണ്ണുനീർകൊണ്ടു മറഞ്ഞു സ്ഫടികങ്ങൾപോലെ പ്രകാശിക്കുന്നു.) "അ... അറുപതും ചെന്ന് പി... പി... പിറുപിറുത്ത കി... കിഴ... കിഴവന് ചാക്കാലയും പോക്കിടിയും ഇല്ലാഞ്ഞിട്ടല്ലയോ ഇതൊക്കെ കേപ്പാനും എട വന്നത്!"

പാറുക്കുട്ടി വൃദ്ധന്റെ ഈ വ്യസനം കണ്ട ഉടനെ എഴുന്നേറ്റ് അയാളുടെ കൈക്കുപിടിച്ച് ഇപ്രകാരം പറഞ്ഞു: "ആശാന് ഇത്ര വ്യസനം ഉണ്ടാകാൻ ഞാൻ എന്തു പറ



ഞ്ഞു? എന്റെ വാക്കാണ് ഈ വ്യസനം ഉണ്ടാക്കിയതെങ്കിൽ ...”

ആശാൻ: “അയ്യോ ... പിള്ളേടെ വാക്ക് എനിക്കു വെഥനമുണ്ടാക്കുമോ? ... ഞാൻ ... ഞാൻ ... എന്റെ പാട്ടു പറയണ് പിള്ളേ. പാതിരായ്ക്കുമേലായി. ഒറങ്ങാൻ പോവിൻ,” എന്നിങ്ങനെ വ്യസനത്തോടും വാത്സല്യത്തോടും പറഞ്ഞിട്ട് ആശാൻ വടക്കേക്കെട്ടിൽ എത്തിയപ്പോൾ സുന്ദരയ്യനെ യാത്രയാക്കീട്ട്. കൃത്രിമമായുള്ള ഒരു സംഗതിയിൽ ബുദ്ധിയെ അധികമായി പ്രവർത്തിപ്പിച്ച് നിവൃത്തിമാർഗ്ഗത്തെ നിർണ്ണയപ്പെടുത്തി സന്തുഷ്ടചിത്തനായിരിക്കുന്ന മന്ത്രിയുടെ പ്രൗഢഭാവത്തോടുകൂടി കാർത്ത്യായനിയമ്മ ഒരു ള്ളണിനെ ആധാരമാക്കി വിശ്രമിച്ചുകൊണ്ടു് നിൽക്കുന്നു. ആ സ്ത്രീയെ കണ്ടപ്പോൾ ആ

ശാന്റെ കോപം വർദ്ധിച്ചു. കേവലം ഭ്രാന്തചിത്തനായിട്ട് ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞുതുടങ്ങി: "ഇതെന്തരു കൂത്ത് പിള്ളേ? വല്ല പരക്കഴികളും വന്ന് കേറിയാലക്കൊണ്ട് വീടാക്കുടിയാ പാർക്കണ പെണ്ണുങ്ങളോ അവരെപ്പിടിച്ചിരുത്തി പൂയിക്കണത്? എവിടത്തെ നടപ്പാണിത്? പട്ടര് നമ്മുടെ മച്ചമ്പിക്കാറനോ?" (തന്റെ അറപ്പുരയിലേക്കുള്ള പുറപ്പാടിൽ വടക്കേകെട്ടിൽവച്ച് സുന്ദരയ്യൻ തന്നെ ഒന്നു സൂക്ഷിച്ച് നോക്കി എന്നൊരപരാധത്തെ ആ ബ്രാഹ്മണൻ ചെയ്തിരുന്നതിനെയും ഓർത്തിട്ട്) "അവനോ എന്നെ വച്ച് നോക്കണത്! അവന്റെ കണ്ടുകണ്ണ് പൊട്ടും പൂമാലയുംകൊണ്ട് ഇതിനകത്ത് ഇനി കേറട്ട്. അവൻ ഇവിടത്തെ ആര്? ... ചിരിക്കണോ? കൊള്ളാം. കേൾക്കാൻ ആളുണ്ടോ എന്നറിയട്ടെ. ഉം!"

ഈ പ്രസംഗത്തിന് കാർത്ത്യായനിയമ്മ ഉത്തരം ഉരിയാടാതെ ചിരിക്കമാത്രം ചെയ്തതിനെ കണ്ടിട്ടുണ്ടായ ക്രോധത്തെ സഹിക്കാൻ ശക്തനല്ലാതെയായി, വൃദ്ധൻ ചീറുകയും ഇടയ്ക്കിടെ ഓരോന്ന് പറകയും വടികൊണ്ട് ബലമായി നിലത്ത് ഊന്നുകയും ചെയ്തുകൊണ്ട് തന്റെ ശയനസ്ഥലത്തേക്ക് പുറപ്പെട്ടു. കാർത്ത്യായനിയമ്മ ഒരു വേലക്കാരനെ വിളിച്ച് "ശങ്കു ആശാൻ അറപ്പുരയിൽ കേറരുതെന്ന് ഞാൻ പറഞ്ഞു എന്നു പോയി പറയണം, കേട്ടോ" എന്നു പറഞ്ഞു. കുറച്ചുകഴിഞ്ഞ് 'ഫ' എന്നൊരു ആട്ടും, ഒരു പ്രഹരവും വേദനയോടെ ഒരു നിലവിളിയും ആയുധപ്പുരയിൽ നടന്നു. കാരണം വ്യക്തമാണല്ലോ.

# 5

> "ഈശ്വരകാരുണ്യംകൊണ്ടേ നിഷധേശ്വര,
> നിന്നെ ഞാൻ കണ്ടേൻ."

ചാരോട്ടു കൊട്ടാരത്തിൽനിന്നും രണ്ടുനാഴിക വടക്കായി മാങ്കോയിക്കൽ എന്നൊരു ഗൃഹം കഴിഞ്ഞ ശതവർഷത്തിനൊടുവിൽ ഉണ്ടായിരുന്നു. ഈ ഭവനത്തിലെ നായകൻ ആ കരയ്ക്കു പ്രധാനിയും പുരാതന കാലങ്ങളിലെ സൈനിക നിയമ പ്രകാരം ഒരു അടവിലേക്ക് കറുപ്പും ആയുള്ള ഇരവിപെരുമാൻ കണ്ടൻ കുമാരൻ എന്നൊരാൾ ആണെന്ന് അക്കാലങ്ങളിൽ തെക്കൻ ദിക്കിലൊക്കെ പ്രസിദ്ധമായിരുന്നു. ഇദ്ദേഹം കറുത്തു ഗജവിഗ്രഹനായ ഒരു യോദ്ധാവും അതിസമർത്ഥനായ കൃഷിക്കാരനും ആയിരുന്നു. കാലക്ഷേപത്തിന് ധാരാളം മുതൽ ഉണ്ടായിരുന്നു എന്നു മാത്രമല്ല, നാണയമായി സംഖ്യയില്ലാത്ത ദ്രവ്യം കൈക്കലുണ്ടെന്ന് സമീപവാസികൾ ഗൂഢമായി പറയാറും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ അധീനതയിൽ ഒരു കളരിയും പോരാളികളായി കച്ചകെട്ടി അഭ്യസിപ്പിക്കപ്പെട്ട അനേകം നായന്മാരും ഉണ്ടായിരുന്നു. സമീപവാസികൾ ഒക്കെ ഇദ്ദേഹത്തെ ഒരു ഇടപ്രഭുവെപ്പോലെ വി

ചാരിച്ച വന്നിരുന്നു. അഞ്ചെട്ടുനാഴിക സ്ഥലത്തിനകം ഉണ്ടാകുന്ന സകല വ്യവഹാരങ്ങളും അറുതിയായി മാങ്കോയിക്കൽ കുറുപ്പ് എഴുതുന്ന കണ്ടപത്രങ്ങൾക്ക് അഴിവ് തിരുമുമ്പിൽ ചെന്നാലുമില്ലായിരുന്നു. മാങ്കോയിക്കൽ കോടതിയിൽ, അന്നു പതിവുണ്ടായിരുന്ന പള്ളിപ്പലകപ്പണം വസൂലാക്കുക നിയമം ഇല്ലാതിരുന്നതിനാൽ ജനങ്ങൾ കണ്ടൻ കുമാരൻ കുറുപ്പിനുവേണ്ടി ജീവനെ ഉപേക്ഷിക്കുന്നതിനും തയ്യാറായിരുന്നു. ശരൽക്കാലചന്ദ്രികപോലെ പുഞ്ചിരി ഇട്ടുകൊണ്ടു ശിരച്ഛേദനം ചെയ്യുന്ന വിദ്യ ഈ ന്യായാധിപനു പരിചയമില്ലായിരുന്നു. ദാക്ഷിണ്യം, അനാർദ്രത, സ്ത്രീസേവ, മാത്സര്യബുദ്ധി, ഗർവ്വം, ദ്രവ്യാകാംക്ഷ ഇത്യാദികളായി വിധികർത്താക്കന്മാരെ സാധാരണ ബാധിക്കുന്ന ദോഷങ്ങളെ ഒരു സംഗതിയിലും ഒരു കക്ഷിയും മാങ്കോയിക്കൽ കുറുപ്പിന്റെ മേൽ ആരോപിക്ക ഉണ്ടായിട്ടില്ല. ഇത്രയൊക്കെ ജനസമ്മതനാണെങ്കിലും മാങ്കോയിക്കൽ കുറുപ്പിനെ കാണുന്നവർ ഉള്ളുകൊണ്ടെങ്കിലും ചിരിക്കാതിരിക്കയില്ല. വാസ്തവത്തിൽ, കണ്ടൻകുമാരൻ കുറുപ്പ് തന്റെ ഭവനത്തിനകത്തു നേരേ നിവർന്ന്, ഒരു കാലത്തും പ്രായം തികഞ്ഞതിന്റെശേഷം നിന്നിട്ടില്ല. ഇദ്ദേഹത്തിന്റെ ഗാത്രവലിപ്പം ഓർത്ത് ശേഷക്കാർപോലും ചിരിക്ക പതിവായിരുന്നു. യുദ്ധത്തിൽ പിന്തിരിയുകയെന്നുള്ളത് കുറുപ്പിന് ഒരുകാലത്തും വരുന്നതല്ല. തന്റെ കുടവയറ്, തന്നെ ഒട്ടധികം വിഷമിപ്പിക്കുന്നുണ്ടെന്ന് കുറുപ്പിനുതന്നെ ബോദ്ധ്യമായിരുന്നു.

ഇദ്ദേഹം ഒരു ദിവസം പ്രഭാതരവിയോടുകൂടി ഉണർന്ന് തന്റെ പ്രധാന ബന്ധുവും സർവ്വദാ സഹചാരിയും തന്നോളംതന്നെ ദൈർഘ്യമുള്ളതും ആയ വടിവാളുമായി ചാരോട്ടു

മുതലായ തന്റെ പാടങ്ങളിലുള്ള നിലങ്ങൾ ചുറ്റിനോക്കുന്ന തിനായി പുറപ്പെട്ടു. കണ്ടങ്ങളും വരമ്പുകളും മടകളും എല്ലാം പരിശോധിച്ചുകഴിഞ്ഞു് കുറുപ്പു് വീട്ടിലേക്കു തിരിയെ യാത്ര ആരംഭിച്ചു. വഴിക്കു് പാടത്തിനു പടിഞ്ഞാറു് വശമുള്ള കുന്നിൻപുറത്തു് വൃക്ഷങ്ങളുടെ മറവിൽക്കൂടി രണ്ടുപേർ ധൃതിയിൽ വടക്കോട്ടായി പോകുന്നതു കുറുപ്പു് കണ്ടു. വഴിപോക്കരെ കുറച്ചുനേരം സൂക്ഷിച്ചു നോക്കീട്ടു് കുറുപ്പു് ആയാസപ്പെട്ടു് ഒട്ടും താമസംകൂടാതെ തന്റെ ഗൃഹത്തിൽ എത്തി, അറപ്പുരയുടെ തെക്കേവാതിൽ തുറക്കുന്നതിനു ചട്ടംകെട്ടി. അപ്പോഴേക്കു് വഴിപോക്കർ മാങ്കോയിക്കൽ പടിക്കൽ എത്തി. ഇവർ രണ്ടാം അദ്ധ്യായത്തിലെ ബ്രാഹ്മണനും ശിഷ്യനും ആയിരുന്നു. ബ്രാഹ്മണനെ അടുത്തു കണ്ടപ്പോൾ കുറുപ്പിന്റെ ഭാവം ഒന്നു ഭേദിച്ചു. നിശ്ശബ്ദനായി കുറച്ചുനേരം ബ്രാഹ്മണനെ നോക്കിക്കൊണ്ടു നിന്നു. പിന്നീടു പിന്മാറി 'എടാ' എന്നു് ആ ദിക്കൊക്കെ പൊട്ടുമാറുള്ള സ്വരത്തിൽ വിളിച്ചു. ഈ വിളികേട്ടു കുറുപ്പിന്റെ ഒന്നുരണ്ടു് ശേഷക്കാരും മൂന്നുനാലു വാല്യക്കാരും ഓടി എത്തി. അവരോടു് എന്തോ ഓരോന്നു് ആജ്ഞാപിച്ചിട്ടു് ബ്രാഹ്മണന്റെ മുമ്പിൽ ചെന്നു് പിന്നെയും മിണ്ടാതെതന്നെ നിന്നു. രാജസദീപ്തികൊണ്ടു പരിവേഷ്ടിതമായുള്ള ഗാത്രത്തെക്കണ്ടു ബ്രാഹ്മണനെക്കുറിച്ചു് കുറുപ്പിനുണ്ടായിരുന്ന സംശയങ്ങൾ എല്ലാം അസ്തമിച്ചു. സംശയങ്ങൾ ഒടുങ്ങിയപ്പോൾ ഉണ്ടായതു് മുമ്പിൽ താൻ അറിഞ്ഞിട്ടില്ലാത്തതായ ഒരു കുഴക്കാണു്. കുറുപ്പിന്റെ ഇപ്രകാരമുള്ള നിലകണ്ടു് "മലഭംഗക്കാരൻ കിഴങ്ങൻ നായരു്... ഒരു ലോഹ്യവുമില്ലാത്ത തടിയൻ ... കരിമ്പനപോലെ നിൽക്കുന്നതു് കണ്ടില്ലയോ?" എന്നു വിശപ്പും ക്ഷീണവുംകൊ

ണ്ടു് അധികമായി വലയുന്ന പരമേശ്വരൻ പിള്ളയും, "ഇയാൾ കുഴങ്ങി നിൽക്കുന്നതെന്താണ്? ജനശ്രുതി വ്യാജമോ? ഏയ് വരേണ്ടതില്ലായിരുന്നു" എന്നു ബ്രാഹ്മണനും വിചാരിച്ചു തുടങ്ങി. ബ്രാഹ്മണന്റെ മുഖപ്രസാദം കുറഞ്ഞതു കണ്ടു് കുറുപ്പിന്റെ കരങ്ങൾ ഇതിനിടയ്ക്ക് മുകുളീകൃതമാകയും ഉടനേ വേർപെടുകയും പാദങ്ങൾ തമ്മിൽ ഉരുമ്മുകയും നേത്രങ്ങളിൽ സന്തോഷത്താൽ കണ്ണുനീർ നിറയുകയും രോമശൂന്യമായി തെളിയുന്ന ശിരസ്സിന്റെ രക്ഷയ്ക്കായി മടക്കി ഇട്ടിരുന്ന കച്ചമുണ്ടു് കക്ഷത്തിനിടയിൽ ആകയും ചെയ്തു. മാങ്കോയിക്കൽ കുറുപ്പിന്റെ കായപരിമിതി കണ്ട് ബ്രാഹ്മണൻ വിസ്മയവിവശനായി. അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ട ചേഷ്ടകൾ കണ്ടു് "ആവൂ! കുലുക്കമുണ്ടോ" എന്നു വിചാരിച്ചു. നിശ്ശബ്ദനായി നിൽക്കുന്നതിനെ കണ്ടു ലജ്ജിതനുമായി. "മിണ്ടാതെ നിൽക്കുന്ന ആളുടെ ലൗകികം വേണ്ടെന്നു വയ്ക്കതന്നെയോ?... വല്ലതും ഒരു ഒഴികഴിവ് പറഞ്ഞു് പൊയ്ക്കളയുകയോ?" എന്നുള്ള വിചാരത്തോടുകൂടി ബ്രാഹ്മണൻ പരമേശ്വരൻ പിള്ളയുടെ മുഖത്തുനോക്കി. ഇനിയും സൽക്കരിക്കാതെ പരുങ്ങലോടുകൂടി നിൽക്കുന്നതു കണക്കല്ലെന്നു് നിശ്ചയിച്ച് "കൽപി... വരുവിൻ. വെയിലിൽ നിന്നു് തളരാതെ അറപ്പുരയ്ക്കകത്തു എഴു ... ചെന്നിരിക്കാം," എന്നു തന്റെ അതിഥികളെ കുറുപ്പ് സത്ക്കരിച്ചു. ഈ ക്ഷണത്തെ കേട്ടു് ബ്രാഹ്മണനും പരമേശ്വരൻ പിള്ളയും സാവധാനത്തിൽ അറപ്പുരയിൽ പ്രവേശിച്ചു. കുറുപ്പ് പുറത്തു നിന്നതേയുള്ളൂ. ബ്രാഹ്മണനു പല്ലു തേയ്ക്കുന്നതിനു തയ്യാറാക്കിക്കൊണ്ടു് ഒരു കൊച്ചൻ അറപ്പുരയ്ക്കകത്തു നിൽക്കുന്നതു കണ്ടു എങ്കിലും കുറുപ്പ് പുറത്തുനിന്നതിനെ ഓർത്തു് ബ്രാഹ്മ

ണൻ മേൽപോട്ടു ദൃഷ്ടിയുമായി കുറച്ചുനേരം ചിന്താഗ്രസ്തനായി നിന്നു. "പോറ്റി അങ്ങുന്ന് പല്ല് തേയ്ക്കാതെ നിന്നാലക്കൊണ്ടോ? വയറു പയിക്കുല്ലിയോ? ഉണ്ണാനൊക്കെ എലങ്കത്തിൽ ചമയം ആയല്ലോ" എന്നു ചില വാക്കുകൾ കേട്ട്, ബ്രാഹ്മണൻ ജാഗരൂകനായി മേൽപറഞ്ഞ നിർബന്ധക്ഷണത്തിന്റെ വക്താവായ കൊച്ചനോട് ഇപ്രകാരം ചോദ്യം ചെയ്തു: "നിന്റെ പേർ എന്താ? കുറുപ്പിനെന്താകും?"

കൊച്ചൻ: (ഇഴഞ്ഞ ശബ്ദത്തിൽ) "പിന്നേ ... പേരു വേലൂന്ന്. അമ്മാവന്റെ ചേഴക്കാറൻ."

ബ്രാഹ്മണൻ: "നീതന്നെ പല്ലുതേയ്ക്കാൻ കൊണ്ടുവച്ചതെന്താണ്?"

വേലു: "കൊച്ചക്കച്ചി ചൊല്ലി, അമ്മാമൻ ചൊല്ലീരിക്കണ് പോറ്റി അങ്ങത്തെ ഇങ്ങ് പിള്ളാരാരും വന്നു കേറൂടല്ലെന്ന് കൊച്ചണ്ണൻ ചൊല്ലീന്ന്. കൊച്ചണ്ണനും കൊമരനും പപ്പനാവരത്ത് ഓടീരിക്കണൊരു എന്തരിനെന്ന് എക്കറിഞ്ഞുകൂടാ."

ഒടുവിലത്തെ വാക്കുകൾ കേട്ട് ബ്രാഹ്മണനും ശിഷ്യനും പരസ്പരം മുഖത്തുനോക്കി.

ബ്രാഹ്മണൻ: "ടപിഉ് ഉനോ?"

പരമേശ്വരൻ പിള്ള: "ലൂളിഅ അഞം."

ബ്രാഹ്മണൻ: "തസ്നറാധതുഷപ്പ്കിപ്രദ്രപിശിസ്കാക്ഷ്കശട്ടപ്പ് കെമ്പിറ്റ്?"

ഈ ചോദ്യത്തിന് പരമേശ്വരൻ പിള്ളക്ക് ഉത്തരം പറയാൻ കഴിയുന്നതിനു മുമ്പിൽ കുറുപ്പ് അറപ്പുരയ്ക്കകത്തു കടന്നുചെന്നു. ബ്രാഹ്മണന്റെയും ശിഷ്യന്റെയും സംവാദ

ത്തിൽ ഒരക്ഷരം ഗ്രഹിപ്പാൻ കഴിയാത്തതിനാൽ വിഷണ്ണനായി നിന്ന വേലുവിന്റെ ഭാവം കണ്ടപ്പോൾ എന്തോ വിശേഷസംഗതി ഉണ്ടെന്നു കുറുപ്പു നിശ്ചയിച്ചു. എന്നാൽ അതിനെപ്പറ്റി അന്വേഷണം ചെയ്യുന്നതു പോരായ്ക ആണെന്നു വിചാരിച്ച് "ഊണിന് എല്ലാം ഒരുങ്ങി ആയല്ലോ, എലങ്കത്തിലേക്ക് എഴ ... (വേലുവിനെ നോക്കീട്ട്) പോകാം" എന്ന് ബ്രാഹ്മണനോടു പറഞ്ഞു. തന്റെ സംശയങ്ങളെ ഗൃഹസ്ഥനെ അറിയിക്കുന്നതു് മര്യാദയ്ക്കും തന്റെ സ്ഥിതിക്കും അരുതാത്തതാണെന്നുവച്ച് ബ്രാഹ്മണൻ പല്ലു തേച്ചിട്ടു കുറുപ്പും പരമേശ്വരൻ പിള്ളയുമായി പുറപ്പെട്ടു. സ്നാനാദിയും ഭക്ഷണവും കഴിച്ച് അറപ്പുരയിൽ മടങ്ങി എത്തി അവിടെ ഒരുക്കി വച്ചിരുന്ന കട്ടിലിന്മേൽ ഇരുന്ന് ആശ്വസിച്ചുതുടങ്ങി. പിന്നീടു വേലുവിനോടുകൂടി പോയി ഊണുകഴിച്ച് വരുന്നതിനു, കുറുപ്പ് പരമേശ്വരൻ പിള്ളയോടു പറഞ്ഞു. കുറുപ്പിന്റെ നിയോഗം കേട്ടപ്പോൾ പരമേശ്വരൻ പിള്ള ബ്രാഹ്മണന്റെ മുഖത്തുനോക്കി അനുവാദം തന്നെ എന്നു ഭാവം കൊണ്ടറിഞ്ഞു് തന്റെ കൈയിലുണ്ടായിരുന്ന ഖഡ്ഗാദിയെ ബ്രാഹ്മണന്റെ സമീപം കൊണ്ടുചെന്നു നിക്ഷേപിച്ചിട്ട് വേലുവുമായി വടക്കേട്ടിലേക്ക് ഇറങ്ങി. അപ്പോൾ തന്റെ പുറകേയുള്ള വാതിൽ അടഞ്ഞതു കേട്ട് പരമേശ്വരൻ പിള്ള കോപാന്ധനായും സംഭ്രമത്തോടും പിന്തിരിഞ്ഞു് വാതിലിനെ പാദപ്രഹരംകൊണ്ട് തകർത്ത് അകത്തു കടക്കുന്നതിനുശ്രമിച്ചു. ഉടനേ, "പോയി ഊണുകഴിച്ചുവാ പരമേശ്വരാ" എന്ന് അകത്തുനിന്ന് ബ്രാഹ്മണൻ പറഞ്ഞുകേട്ടതിനാൽ അയാൾ നാണിച്ച് "എന്തു ഭ്രാന്താണിതു്" എന്നുള്ള വിചാരത്തോടെ നിന്നിരു

ന്ന വേലുവിനോട്ടുകൂടി തിരിച്ചു. വാതിൽ അടച്ചതു കുറുപ്പായിരുന്നു. കുറുപ്പ് വാതിലടയക്കാൻ ഭാവിക്കുന്നതു കണ്ടപ്പോൾ ബ്രാഹ്മണൻ ഖഡ്ഗം കൈയിലാക്കി. എങ്കിലും കുറുപ്പ് നിരായുധനാണല്ലോ എന്ന് ഓർത്ത് ക്ഷണത്തിൽ ഖഡ്ഗത്തെ പൂർവ്വസ്ഥിതിയിൽ വച്ചിട്ടാണ് പരമേശ്വരൻ പിള്ളയോട്ടു പോയി ഊണുകഴിച്ച് വരുന്നതിനു ബ്രാഹ്മണൻ ആജ്ഞാപിച്ചത്. പരമേശ്വരൻ പിള്ളയും ബ്രാഹ്മണനും കാണിച്ച അധൈര്യത്തേയും അവിശ്വാസത്തെയും കുറുപ്പ് ഗണ്യമാക്കാതെ ബ്രാഹ്മണന്റെ മുമ്പിൽ കുറച്ച് അകലെയായിട്ട് ചെന്നുനിന്ന് വസ്ത്രത്തെ ഒതുക്കിക്കൊണ്ട് മൂന്നുരു നിലത്തോളം താണുതൊഴുതു. തന്റെ തത്വം കുറുപ്പിന് മനസ്സിലായി എന്നു ബ്രാഹ്മണൻ അറിഞ്ഞു എങ്കിലും, സ്വൽപ്പം ഒരു ആശ്ചര്യഭാവത്തെ നടിച്ചു. മാങ്കോയിക്കൽ കുറുപ്പാകട്ടെ, തന്റെ ഉള്ളിൽ ഉദ്ഭൂതമായ സ്നേഹബഹുമാനപാരവശ്യത്താൽ പരാജിത പുരുഷനായിട്ട്, ആത്മഗതങ്ങളെ വചനരൂപേണ ബ്രാഹ്മണനെ ഗ്രഹിപ്പിക്കുന്നതിന് ശക്തനല്ലാതെ ചമഞ്ഞു. കുറുപ്പിന്റെ ഭക്തിസ്നേഹാദികൾ ഫലോദ്ദേശ്യങ്ങളെ ആശ്രയിച്ചുള്ളവ അല്ലായിരുന്നു. അദ്ദേഹം അർത്ഥലാഭമോ സ്ഥാനലാഭമോ മോഹിച്ച് ബ്രാഹ്മണനെ വട്ടം തിരിക്കുന്നതിനായി കപടഭക്തിയെ കൈക്കൊണ്ടതല്ലായിരുന്നു. അദ്ദേഹത്തിന് "കണ്ടിടുമ്പോൾ കാലുരണ്ടിലും പിടിക്കും, ശിതികണ്ഠമിങ്ങ് കണ്ടപോൽ നടിച്ചവ കഴകി നീർ കുടിക്കും; രണ്ടു ചോട്ടു മാറുകിൽ, രഹസി പൽകടിക്കും" എന്നുള്ള സമ്പ്രദായം വശവും ഇല്ലായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഹൃദയം നിർവ്യാജമായും നിഷ്കളങ്കമായും ഉള്ള ഭ

ക്തിക്ക് ഒരു വിളനിലമായിരുന്നു. ജാതിസ്വഭാവവിശേഷംകൊണ്ടോ വചനകൗശലരഹിതനായിരുന്നതിനാലോ ഹൃദയപുരസ്സരമായുള്ള തന്റെ വിചാരങ്ങളെ വേണ്ട സന്ദർഭത്തിൽ ഉചിതമായുള്ള വാക്കുകളിൽ പ്രദർശിപ്പിക്കുന്നതിന് സാമർത്ഥ്യം ഇല്ലാതായിട്ട്, മാങ്കോയിക്കൽ കുറുപ്പ് ഓരോ ചേഷ്ടകളെക്കൊണ്ട് തന്റെ മനസ്സിൽ വ്യാപരിക്കുന്ന സീമാതീതമായുള്ള ഭക്തിയെ വെളിപ്പെടുത്തി. കുറുപ്പിന്റെ ആകൃതിയും പരവശതയും നാട്യങ്ങളും ഒട്ടും യോജിപ്പുള്ളവ അല്ലായിരുന്നു. ഏകദേശം ഒക്കെ ഗോഷ്ഠി എന്നു തന്നെ പറയാം. കുറുപ്പിന്റെ ഭാവഭേദങ്ങളും നിലയും കണ്ട് ബ്രാഹ്മണൻ ഒരുവിധം പറഞ്ഞു: "എന്താണ് വല്ലതും പിഴച്ചതുപോലെ നിൽക്കുന്നത്? ബ്രാഹ്മണസൽക്കാരം അതിഭംഗിയായയല്ലോ. വളരെ സന്തോഷമായി. ഊണും വെടിപ്പായി."

ബ്രാഹ്മണൻ ഇങ്ങനെ പറഞ്ഞത് തന്നെ ഒന്ന് മറിക്കാനാണെന്നു മനസ്സിലായതിനാൽ, ആ വഴിക്കു വിടുന്നതല്ലെന്നുറച്ച് തന്റെ ഊഹത്തെ വെളിവാക്കി, കുസൽ തീർന്ന കുറുപ്പ്, ഇപ്രകാരം പറഞ്ഞു: "അടിയന്റെ നൽക്കാലത്തെ നിനച്ച് മനംകലങ്ങി നിന്നതൊഴികെ മറ്റൊന്നുമില്ല തിരുമേനി. തിരുമനസ്സിലെ ചഞ്ചലങ്ങൾ അടിയനോടും വേണ്ടല്ലോ. ഇന്നിന്നലെ കുരുത്ത കുറാണെന്ന് കൽപ്പിച്ചു വിചാരിക്കുന്നോ? എന്നാൽ പെരുത്ത സങ്കടമാണ്."

ഈ വാക്കുകൾ കേട്ടപ്പോൾ ബ്രാഹ്മണന്റെ അകമേ ആദ്യം ജനിച്ചതായും പിന്നീടു മാറിത്തുടങ്ങിയതായും ഉള്ള അഭിപ്രായം പാടെ നീങ്ങി. തന്നെ അതിഭക്തിയോടും ഔദാര്യത്തോടും സൽക്കരിച്ച കുറുപ്പിനോട് വേഷച്ഛന്നനാ

യുള്ള നിലയിൽ മേലിൽ വർത്തിക്കുന്നതു് അയുക്തമെന്നു തോന്നി, മന്ദഹാസത്തോടുകൂടി ബ്രാഹ്മണവേഷധാരിയായ മാർത്താണ്ഡവർമ്മ യുവരാജാവ് ഇപ്രകാരം അരുളിച്ചെയ്തു. “ചെറുപ്പമാണല്ലോ. ആപത്തും അനേകമായി. ശത്രുമിത്രങ്ങളെ തിരിച്ചറിയുന്നതിനു വളരെ പ്രയാസം. അതിനാൽ വന്ന അബദ്ധത്തെ കുറുപ്പ് മറന്നു കളയണം.”

കുറുപ്പ്: “അതു് കൽപിക്കണമോ? പള്ളിമേനാവും ആളും അകമ്പടിയും കൂടാതെ എഴുന്നള്ളിയതെന്തിനെന്നു് അടിയൻ കേക്കണതിൽ വിരോധമില്ലെങ്കിൽ കൽപിക്കണം.”

യുവരാജാവ്: “പറയാം … എട്ടുവീടർക്കു്! നമ്മോടുള്ള വിരോധം അറിയാമല്ലോ. അവരും തമ്പിമാരും ഇപ്പോൾ ഒന്നുചേർന്നു് കൂട്ടംകൂടിത്തുടങ്ങിയിരിക്കുന്നു. നമുക്കും കുറച്ച് സന്നാഹം കരുതണമല്ലോ. ഈ സ്ഥലങ്ങളിലുള്ള ആളുകളെ ചേർത്തുകൊണ്ടു പോകണമെന്നു താൽപ്പര്യമുണ്ട്. പിന്നെ, അമ്മാമൻ വരുത്തിയ മധുരപ്പട ഭൂതപ്പാണ്ടിയിൽ താമസിക്കുന്നു. അവർ നമ്മോടു പിണങ്ങി നിൽക്കുന്നു. അവരുടെ ശമ്പളം കൊടുത്തു തീർത്തിട്ടില്ല. ഭണ്ഡാരത്തിൽ മുതലും ഇല്ല. അവരെ വല്ലവിധവും സമാധാനപ്പെടുത്തിക്കൊണ്ടു പോകാമെന്നു വിചാരിച്ചു പുറപ്പെട്ടു. കൂടെ പപ്പുത്തമ്പിയും എത്തിയിരിക്കുന്നു. ഇന്നലെ രാത്രി പത്മനാഭപുരത്തെത്തി. ഉടനെ ഗുഹാമാർഗ്ഗമായി ചാരോട്ടുകൊട്ടാരത്തിലേക്കു ഞാൻ പോന്നു. അവിടെ തമ്പിയുടെ ആളുകൾ എത്തി നമ്മെ വള

ഞ്ഞു. ഒരു വിധത്തിൽ രക്ഷപ്പെട്ട് ഇവിടെ വന്നുചേർന്നു.”

കുറുപ്പ്: “കൽപ്പിച്ച് ഓരോ വിനകളിൽ ചെന്നുചാടണത് അടിയങ്ങളെ മേൽ കൂറില്ലാത്തതിനാൽത്തന്നെ. തിരുമേനി പട്ടംകെട്ടിയാൽ വഴക്കുകൾ ഒതുങ്ങുമല്ലോ എന്ന് കുടികൾ കൊതിച്ച കാത്തിരിക്കുന്നു. വലിയേ ചെന്ന്, കൊലയക്ക് മടിക്കാത്ത കൂട്ടത്തിന്റെ വായിൽ ചാടിയാൽ കുടികൾ നാടുപുറപ്പെട്ടു പോകേണ്ടിയേ വരും.”

യുവരാജാവ്: “വേണ്ടിവന്നാൽ എന്തുചെയ്യാം! തമ്പിമാരറിയാതെ ഭൂതപ്പാണ്ടിയിൽ എത്താമെന്നു വിചാരിച്ച് ഇങ്ങോട്ടു തിരിച്ച കഥ പരമേശ്വരനും പട്ടക്കാറൻ കാലക്കുട്ടിയും മാത്രമേ അറിഞ്ഞുള്ളൂ. അപ്പോൾ ഒരു ചുറ്റുകൂടി വന്നിരിക്കുന്നു. അമ്മാവന് ആലസ്യം കലശലെന്ന വർത്തമാനം കിട്ടിയിരിക്കുന്നു; അതിനാൽ ഉടനേതന്നെ തിരുവനന്തപുരത്ത് എത്തേണ്ടതായിരിക്കുന്നു. ഭൂതപ്പാണ്ടിയിലെ പടയുടെ സഹായം ഉണ്ടാകാൻ വഴി ഒന്നും കാണുന്നില്ല. പരമേശ്വരനെ അയയ്ക്കയോ എന്നു വിചാരിക്കുന്നു.”

കുറുപ്പ്: “തിരുമേനീ, തിരുവുള്ളക്കേടുണ്ടാകേണ്ട. പൂതപ്പാണ്ടിയിൽ പാളയംകെട്ടി കിടക്കണ പരദേശപ്പടയ്ക്ക് തിരുമേനി എങ്ങനെയും പോട്ടെന്നേ വിചാരമുള്ളൂ. കരുവലം നിറഞ്ഞിരുന്നാൽ തിരുമേനി തങ്കക്കുടം; ഒഴിഞ്ഞോ, അകിടറ്റ പശു. അടുപ്പിൽ തീ എരിയെ അയൽ വീട്ടിൽ പോയി തിരി കൊളുത്തി ഇരപ്പാനെ? തിരുമേനിയുടെ ഉപ്പും ചോറും തിന്നു കിടക്കുന്ന കുടികളെ അട

വുചേർത്തു് പട കൂട്ടാതെ മുൻവഴി വിട്ടു് എങ്ങാനും കിടന്ന കൂട്ടത്തെ പോയ് ‘വാ അപ്പാ, ഒത്താശ ചെയ്യപ്പാ’ എന്നു താങ്ങിയതു് പുത്തിയോ?”

ഇങ്ങനെ ധൈര്യത്തോടുകൂടി സ്വാഭിപ്രായത്തെപ്പറ്റി കുറുപ്പു് പറഞ്ഞതു കേട്ടപ്പോൾ യുവരാജാവിന്റെ മുഖം ഒന്നു ചുവന്നു. ഹിതം അറിഞ്ഞുവേണം വലിയവരോടു സംസാരിക്കേണ്ടതെന്നുള്ള സമ്പ്രദായം മാങ്കോയിക്കൽ കുറുപ്പിനു് അറിഞ്ഞുകൂടായിരുന്നു. നാഗരികത്വം തീരുമാനമില്ലാത്ത കുറുപ്പിന്റെ ഉള്ളിൽ, യുവരാജാവിനു് നീരസമായിരിക്കും താൻ പറഞ്ഞ വാക്കുകൾ എന്നൊരു വിചാരമേ ഇല്ലായിരുന്നു. യുവരാജാവിനു് കുറുപ്പിന്റെ വാക്കുകൾ അത്ര രസിച്ചില്ലെങ്കിലും തത്ക്കാലമുണ്ടായ അസന്തോഷത്തെ ക്ഷണത്തിൽ അടക്കീട്ടു് ഇങ്ങനെ പറഞ്ഞു “കുറുപ്പു് പറഞ്ഞതു് ശരി തന്നെ. കഴിഞ്ഞ കഥ പോട്ടെ. വീഴ്ച്ച എന്റേതുമല്ലല്ലോ. എന്നെങ്കിലും കുറുപ്പിന്റെ അഭിപ്രായപ്രകാരം ഞാൻ നടത്തുന്നുണ്ട്; സംശയിക്കേണ്ട. ദ്രവ്യേച്ഛുക്കളും തത്ക്കാലലാഭത്തെ മാത്രം കരുതി സേവിക്കുന്നവരും ഈ രാജ്യത്തെയും ഭരണകർത്താക്കന്മാരേയും കുറിച്ചു് സ്വാഭാവികമായിത്തന്നെയുള്ള സ്നേഹം ഇല്ലാത്തവരും ആയ ജനങ്ങളെ ആധാരമാക്കുന്നതു്, അഗ്നിസാക്ഷിയായി പരിഗ്രഹിച്ച കളത്രത്തെ ഉപേക്ഷിച്ചു വേശ്യാലമ്പടൻ ആകുന്നതുപോലെ തന്നെയാണ്. എന്നാൽ ഇപ്പോൾ അതൊക്കെ ആലോചിച്ചുകൊണ്ടിരുന്നാൽ കാര്യം അബദ്ധമാകും. ആലസ്യം കലശലാണെങ്കിൽ ഉടനേ തമ്പിമാരും എട്ടുവീടരും കൂട്ടം കൂടും. അപ്പോഴേയക്കു് നമ്മുടെ ഭാഗത്തു വേണ്ടത്ര ആളില്ലെങ്കിൽ, കളിപ്പാംകുളത്തിന്റെ കരയിലേക്കു് നമുക്കു യാത്ര ആകാം.”

മുമ്പിൽ അഞ്ചു രാജകുമാരന്മാരുടെ കൊലക്കളമായിരുന്ന കളിപ്പാംകുളത്തിന്റെ കഥയെ സൂചിപ്പിച്ച് ഇത്രയും മാർത്താണ്ഡവർമ്മ യുവരാജാവു പറഞ്ഞതു കേട്ടപ്പോൾ മാങ്കോയിക്കൽ കുറുപ്പ് ആകമ്പിതശരീരനായിട്ട് ഇങ്ങനെ അറിയിച്ചു; "കൽപ്പിച്ച് തിരുവനന്തപുരത്തേക്കെഴുന്നള്ളി വ്യസനം കൂടാതിരിക്കണം. ഒമ്പതാം ദിവസം ഉദയത്തിന് അടിയൻ തിരുവനന്തപുരത്തു വിടകൊണ്ടു മുഖം കാണിക്കാം. അപ്പോൾ ആളും ഉണ്ടാകും. കൽപ്പനപ്പടിക്ക് ആൾ കൂട്ടിക്കൊള്ളുതിന് അരുളിച്ചെയ്യണം. തിരുമുഖത്തുപിള്ള ഏതു ഭാഗത്താ?"

യുവരാജാവ്: "നമ്മുടെ ഭാഗത്തു തന്നെ. അതിനു സംശയമില്ല. മതിയായ സഹായവുമുണ്ടാകും. അയാൾ രണ്ടു വർഷമായി വ്യസനിച്ചു വീട്ടിൽത്തന്നെ പാർക്കയാണ്. ഇപ്പോൾ ഞാൻ എഴുതി അയച്ചിട്ടുണ്ട്. തിരുവനന്തപുരത്തു വന്നു ചേരും."

കുറുപ്പ്: "എന്നാൽ ഒരു പേടിയും വേണ്ടല്ലോ. ആറു വീട്ടുകാരോ?"

യുവരാജാവ്: "നിശ്ചയമില്ല."

കുറുപ്പ്: "അവരെ അടിയൻ ഏറ്റു. ഇക്കാര്യത്തിൽ വേണ്ടതൊക്കെ ചെയ്തോളാൻ കൽപ്പനയുണ്ടാകണം."

യുവരാജാവ്: (കുറച്ച് ആലോചിച്ചിട്ട്) "കുറുപ്പിനെ വിശ്വാസമില്ലായ്കയാലല്ല ഞാൻ ആലോചിക്കുന്നത്. കുറുപ്പ് ഏൽക്കുന്ന ഭാരം അതിദുർഘടമായിട്ടുള്ളതാണ്. അനന്തരജൻതമ്പി നാഞ്ചിനാട്ട് പോയിട്ടുണ്ട്. മധുരക്കാരെ കൈവശപ്പെടുത്തിക്കളഞ്ഞാലോ?"

കുറുപ്പ്: “അങ്ങനെ വരുല്ല. തിരുമുഖത്തുപിള്ളയെ വിട്ട് അവരു പോവൂല്ല. അങ്ങേരുകൂടി പോയല്ലയോ അവരെ കൊണ്ടന്നത്?”

ഈ ചോദ്യത്തിനു യുവരാജാവ് ഉത്തരം പറയുന്നതിനിടയിൽ പരമേശ്വരൻ പിള്ള ഊണുകഴിഞ്ഞു ചെന്ന് വടക്കേ വാതിലിൽ തട്ടി. യുവരാജാവിന്റെ അനുമതിയോടുകൂടി വാതിൽ തുറക്കപ്പെട്ടു. രാജസന്നിധി അയാൾ അറിഞ്ഞിരുന്നതിനെ മറന്ന് അത്യുത്സാഹത്തോടുകൂടി പരമേശ്വരൻ പിള്ള മന്ദഹാസങ്ങളും തൂകി, അകത്തോട്ടു കടന്നു: “എന്റെ അപ്പിച്ചോ! വല്ലോരും കെട്ടി എടുത്താലും വേണ്ടൂല്ല. ഏവ് … അമ്മോ. എന്ത് അരി! ഭേഷ് തീയല്! അയ്യ!” എന്നിങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ട് യുവരാജാവിന്റെ മുമ്പിൽ ചെന്നു നിന്നു.

യുവരാജാവ്: “എന്താ? രാവിലത്തെ പേടി പോയി സ്വസ്ഥനായപ്പോൾ വിഡ്ഢിത്വം കാട്ടിത്തുടങ്ങിയോ?”

പരമേശ്വരൻ പിള്ള: “അടിയനു പേടിയോ? എന്റെ മുമ്പിൽ വന്നെങ്കിൽ കാണാമായിരുന്നു. ഇപ്പോൾ വരട്ടെ. ചറപറാന്ന് വെട്ടിനുറുക്കിവിട്ടൂല്ലയോ?”

യുവരാജാവ്: “നിന്റെ ഈ ചീർത്ത വയറുംകൊണ്ടോ?”

പരമേശ്വരൻ പിള്ള: “അടിയൻ നുറുക്കുമെന്ന് പറഞ്ഞോ? പറയർ, പറയര്. വീട്ടിന് ചുറ്റും പറയരെ ഇദ്ദേഹം കാവലിട്ടിരിക്കുന്നു. പിന്നെ പത്മനാഭപുരത്തെ വർത്തമാനങ്ങൾ അറിയുന്നതിന് ആളും അയച്ചിട്ടുണ്ട്. അമ്പോ! മീണ്ടുവിചാരം ഇദ്ദേഹത്തെപ്പോലെ ആർക്കും ഞാൻ കണ്ടിട്ടില്ല. സത്യം! വല്ലതും വഴക്കുണ്ടാകുമെന്നുവെച്ച് പെണ്ണുങ്ങളെയും ഒക്കെ വീട്ടിൽനിന്നും അയച്ചുകളഞ്ഞു.”

മാങ്കോയിക്കൽ കുറുപ്പിന്റെ ഏർപ്പാടുകളെക്കുറിച്ചു മേൽ പ്രകാരം പരമേശ്വരൻ പിള്ള പറഞ്ഞതിനെകേട്ട് ആശ്ചര്യത്തോടുകൂടി കുറുപ്പിന്റെ മുഖത്ത് യുവരാജാവ് നോക്കി. കുറുപ്പ് വിനീതനായി നിന്നതല്ലാതെ ശ്ലാഘനീയമായ ക്രിയ വല്ലതും താൻ ചെയ്തു എന്നുള്ള ഭാവത്തെ തീരെ പ്രദർശിപ്പിച്ചില്ല. കുറുപ്പിന്റെ ഭക്തിപൂർവ്വമായുള്ള കൃത്യങ്ങളെ ഓർത്ത്, "കഷ്ടമേ! ആദ്യം എന്തൊരഭിപ്രായമാണ് എനിക്കുണ്ടായത്? ആളുകളുടെ സൂക്ഷ്മസ്ഥിതി അറിയാതെ വല്ലതും വിചാരിച്ചുകൊള്ളുന്നത് മഹാ അബദ്ധമാണ്. കൊട്ടാരത്തിൽത്തന്നെ ഇരുന്ന് ഓരോരുത്തർ സേവയ്ക്കു പറയുന്നതിനെ മാത്രം വിശ്വസിച്ചാൽ ഇങ്ങനെ ചില രത്നങ്ങൾ പ്രജകളുടെ ഇടയിൽ ഉള്ളത് എങ്ങനെ അറിയും?" എന്നു പശ്ചാത്താപപ്പെട്ടുകൊണ്ട് കുറുപ്പിനെക്കുറിച്ച് പരമേശ്വരൻ പിള്ളയോട്ട് ഇങ്ങനെ പറഞ്ഞു: "പരമേശ്വരാ, കുറുപ്പ് നമുക്കു വേണ്ട ആളുകളെ ശേഖരിച്ചുകൊണ്ട് തിരുവനന്തപുരത്തു വരാമെന്നു പറയുന്നുണ്ട്. നമുക്ക് വലിയ സഹായമായി അത്. കുറുപ്പ് ഏൾക്കുന്ന കാര്യം ഭംഗിയായി നടക്കും, സംശയമില്ല. കുറുപ്പിന്റെ ബുദ്ധി, ഔദാര്യം മുതലായതിനു അതിരില്ല."

പരമേശ്വരൻ പിള്ള: "അടിയൻ. നട അടിയനും സഹായമായി? ഇദ്ദേഹം ഏൽക്കുന്ന കാര്യമോ? ഭേഷായി നടക്കും"

യുവരാജാവ് പിന്നെയും കുറുപ്പിനെക്കുറിച്ചു പ്രശംസിച്ചു. കുറുപ്പിന് അതു പുത്തരിയായിത്തോന്നി. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "അടിയൻ കടമയെ ചെയ്തതിന് ഇത്രയൊക്കെ തിരുവുള്ളമുണ്ടായി കൽപിക്കണത് അടിയന്റെ ഭാ

ഗ്യംതന്നെ. എന്നാൽ കൽപിച്ച് അധികമായ വാഴ്ചം, വാഴ്ചൽ അധികമായ കൊതിയും, രണ്ടും വിട്ടൂടണം. എന്നാല ക്കൊണ്ടു തന്നേ തിരുമേനിക്ക് നല്ല പേരും നല്ല വാഴ്ചയും ഉണ്ടാവൂ."

ഈ വാക്കുകൾ കേട്ടപ്പോൾ കൃഷിക്കാരായ നായന്മാർ എത്രതന്നെ സമർത്ഥരായാലും രാജസന്നിധികളിൽ ആചരിക്കേണ്ട ക്രമങ്ങളിൽ പരിജ്ഞാനശൂന്യന്മാരായിത്തന്നേ ഇരിക്കയുള്ളു എന്നു വിചാരിച്ച് പരമേശ്വരൻ പിള്ളയും വാസ്തവമായ സന്തോഷംകൊണ്ട് യുവരാജാവും പുഞ്ചിരിയിട്ടു.

യുവരാജാവ്: "കുറുപ്പിനെ ഇന്നു മുതൽക്ക് ഒരു ഗുരുവിന്റെ സ്ഥാനത്തു നാം സ്വീകരിച്ചിരിക്കുന്നു. സ്വാതന്ത്ര്യമായി ഗുണദോഷങ്ങൾ പറഞ്ഞു കൊൾകേ വേണ്ടു. ഒട്ടും മടിക്കേണ്ട."

ഇതിനു ഉത്തരമായി കുറുപ്പ് ഒന്നും പറഞ്ഞില്ല. "അതു പോലെ സ്വാതന്ത്ര്യത്തോടുകൂടി ഗുണദോഷം തുടങ്ങാൻ അടിയനു കൽപ്പന ഉണ്ടായെങ്കിൽ, ഹാ!" എന്നു പരമേശ്വരൻ പിള്ള അടുത്തുള്ള തൂണിനോടെന്ന പോലെ സാവധാനത്തിൽ മന്ത്രിച്ചു.

നാലുനാഴിക പകലുള്ളപ്പോൾ യുവരാജാവ് കുളി മുതലായതും ഭക്ഷണവും കഴിച്ച് പത്മനാഭപുരത്ത് അയയ്ക്കപ്പെട്ടിരുന്ന ആൾ വന്നു ചേർന്നിട്ട് പുറപ്പെടാം എന്നുള്ള വിചാരത്തോടുകൂടി മേൽനിർവ്വഹിക്കേണ്ടും കാര്യങ്ങളെപ്പറ്റി കുറുപ്പിനോടു സംസാരിച്ചുകൊണ്ട് സന്ധ്യകഴിയുന്നതുവരെ ഇരുന്നു. കുറുപ്പിന്റെ ശേഷക്കാരൻ തിരിയെ എത്താത്തതുകൊണ്ട് എല്ലാവരും ആലോചന തുടങ്ങി. അ

പകടം ഒന്നും വരികയില്ലെന്നു കുറുപ്പ് ധൈര്യമായി പറഞ്ഞു. തമ്പിയുടെ സ്വഭാവം നല്ലതിന്മണ്ണം അറിഞ്ഞിരുന്ന യുവരാജാവിന് അത്ര തന്നെ ധൈര്യമുണ്ടായില്ല. പരമേശ്വരൻ പിള്ളയും ഗൗരവബുദ്ധിമാനായും വിഷണ്ണനായും താടിയിൽ കൈയും ഊന്നി ഒരു കോണിൽ പോയി നിന്നു.

അസ്തമിച്ച് അഞ്ചു നാഴികയായി. കാർമേഘങ്ങളാൽ ആകാശം മൂടപ്പെട്ടിട്ട് നക്ഷത്രങ്ങളുടെ വെളിച്ചം പോലും ഇല്ലാതെ ദിക്കെല്ലാം അന്ധകാരമയമായി. ദീപം കൂടാതെ പുറത്തിറങ്ങിനോക്കിയ ആളുകൾക്ക് ഒരടിപോലും മുന്നോട്ടു കാണാൻ പ്രയാസമായിരിക്കുന്നു. വൃക്ഷങ്ങളെല്ലാം നിർവ്യൂഢോല്ലാസങ്ങളായി നിൽക്കുന്നു. അതിഭയങ്കരമായ കൊടുങ്കാറ്റിന്റെ പൂർവ്വചിഹ്നമായി സകല ചരാചരങ്ങളും ശാന്തമായി ഭവിച്ചതുപോലെ കാണപ്പെടുന്നു. അറപ്പുരയിലെ പടിഞ്ഞാറേ വാതിൽ തുറന്നിരുന്നിട്ടും അവിടെയുള്ള ദീപം ഊർദ്ധ്വഗതിയായി യാതൊരു ചലനവും കൂടാതെ കത്തുന്നു. എന്തോ ഒരാരവം കേട്ടുതുടങ്ങുന്നു. കാർ ഇളകുന്ന ഘോഷമാണെന്ന് എല്ലാവരും വിചാരിച്ച് പടിഞ്ഞാറേ വാതിൽ ബന്ധിക്കുന്നു. കേട്ടുതുടങ്ങിയ ശബ്ദം മുഴുത്തുവരുന്നു. മഴ വീണുതുടങ്ങിയോ എന്ന് ശങ്കിച്ച് പരമേശ്വരൻ പിള്ള അങ്കണത്തിലേക്ക് കൈ നീട്ടി നോക്കിയതിൽ ഒരു തുള്ളി വെള്ളം പോലും വീഴുന്നില്ല. എന്തു ഘോഷമാണ് അടുത്തുവരുന്നതെന്നറിവാനായി എല്ലാവരും ചെവികൊടുത്തുതുടങ്ങുന്നു. അപ്പോൾ ധൃതിയോടും സംഭ്രമത്തോടും വസ്ത്രത്തിൽ രക്തവുമണിഞ്ഞുകൊണ്ട് കുറുപ്പിന്റെ ഇളയ ശേഷക്കാരൻ... പത്മനാഭപുരത്തെ വർത്ത

മാനങ്ങൾ അറിഞ്ഞുവരുന്നതിന് നിയോഗിക്കപ്പെട്ടിരുന്ന ആൾ ... അറപ്പുരയിൽ എത്തുന്നു. "വേ ... വേലു ... കുറുപ്പും വേൽക്കാരും മറ്റും ഇ ... ഇ ... ഹിങ്ങോട്ടു വരുന്നു. അടുത്തുപോയി. പത്തുന്നൂറ്റമ്പതാളൊണ്ട്." എന്നു വളരെ ബുദ്ധിമുട്ടോടുകൂടി പറയുന്നു.

കുറുപ്പിന്റെ അപ്പോഴത്തെ മനഃസാന്നിദ്ധ്യം കാണേണ്ടതായിരുന്നു. 'കിട്ടാ' എന്ന് ഇടിരവംപോലെ ഉച്ചത്തിൽ വിളിച്ചു. കുറുപ്പിന്റെ മൂത്ത അനന്തരവൻ വാളും പരിചയുമായി അറപ്പുരയ്ക്കകത്ത് എത്തി. "കിട്ടാ, ഇദ്ദേഹം പാവമാണ്. ഇവിടെ നിക്കണത് തൊന്തരവാണ്. മേലേക്കാട്ടിൽ കേറ്റി തിരുവട്ടാറ്റ് കൊണ്ടുവിട്ടേച്ച് വാ. നീ ചത്താലും അദ്ദേഹത്തിന് വിന വരരുത്. ബ്രഹ്മഹത്തിക്ക് ഇടവരുത്തരുത്; പോ ... നന്നായ് വരും. പിള്ളർ മൂന്നുപേരെക്കൂടി വിളിച്ചോ." എന്ന് പറഞ്ഞിട്ട് യാത്രയായിക്കൊള്ളുന്നതിനു യുവരാജാവിന്റെ മുഖത്തു നോക്കി. "ഇതിന്റെ അവസാനം കണ്ടിട്ട് ഞങ്ങൾ പോകാം" എന്നു യുവരാജാവ് പറഞ്ഞു. ആജ്ഞാനിഷേധം എന്നുള്ളത് കുറുപ്പ് അറിഞ്ഞിട്ടില്ല. അതിനാൽ യുവരാജാവിന്റെ വാക്കുകൾ കേട്ടപ്പോൾ "പോവാൻ പറഞ്ഞാൽ?" എന്നൊന്നലറി. "പിന്നെപ്പോരെ?" എന്നു യുവരാജാവും "പഞ്ചപാപികളെ കൈയാൽ. എന്റെ വീട്ടിൽവച്ചോ? ഒരിക്കലും വയ്യാ," എന്നു കുറുപ്പും. ഇതിനിടയിൽ ആളുകളുടെ അട്ടഹാസങ്ങൾ വ്യക്തമായി കേട്ടുതുടങ്ങി. "പോകുല്ലയോ ... തിട്ടം തന്നെയോ?" എന്നു കുറുപ്പ് പിന്നെയും അലറി. യുവരാജാവ് വല്ലാത്ത സ്ഥിതിയിലായിട്ട് മിണ്ടാതെ നിന്നു. കുറുപ്പ് അറപ്പുമുറിക്കകത്ത് കടന്ന് ഒരു വെട്ടുകത്തി കൈയി

ലാക്കീട്ട് പുറത്തിറങ്ങി. കുറുപ്പ്, തന്നെ ആ സ്ഥലത്ത് താമസിക്കുന്നതിന് അനുവദിക്കുന്നതിനു മുമ്പിൽ ആത്മഹത്യയ്ക്ക് സന്നദ്ധനാണെന്നു മനസ്സിലാക്കീട്ട് യുവരാജാവ് കടന്ന് വെട്ടുകത്തിയെ പിടിച്ചുകൊണ്ട് "അരുത്, ഞാൻ പോകുന്നു" എന്നു പറഞ്ഞു. അപ്പോൾ വീട്ടിനു ചുറ്റും ഭയങ്കരമായ നിലവിളികളും അട്ടഹാസങ്ങളും കേട്ടുതുടങ്ങി. വേൽക്കാർ പറയരോടേറ്റതാണെന്ന് കുറുപ്പിനു മനസ്സിലായി. അരക്ഷണംകൊണ്ടു യുവരാജാവിനെ ഒരു പൂൽക്കൊടി പോലെ എടുത്ത് അറപ്പുരമുറിക്കകത്താക്കി, പുറകേ പരമേശ്വരൻ പിള്ളയേയും തള്ളിവിട്ടു. വാതിലിനെ പൂട്ടിട്ട് കുറുപ്പ് തന്റെ ആറു ശേഷക്കാരും അഞ്ചെട്ട് നായന്മാരുമായി കിഴക്കേപ്പുറത്തെത്തി. പറയരെയും വേൽക്കാരെയും ഒന്നും തിരിച്ചറിവാൻപാടില്ലാത്ത ഇരുട്ടിൽ കുറുപ്പ് മുതൽപേർ വളരെ കുഴങ്ങി. കുറുപ്പിന്റെ വടിയിൽ നിന്ന് ഏകദേശം രണ്ടുകോൽ നീളമുള്ള ഒരു വാൾ ഊരി കൈയിലാക്കിക്കൊണ്ട് അദ്ദേഹം മുന്നോട്ടു അടുത്തു. "തന്നേക്കിൻ, പോറ്റിയെ തന്നേക്കിൻ, വെറുതെ ചാവാതിൻ" എന്നട്ടഹസിച്ചു പറയുന്ന ഒരു സ്വരം കേട്ട് കുറുപ്പും ശേഷക്കാരും ആ വഴിക്കു തിരിച്ചു.

കുറുപ്പ്: "ആരെ ഉത്തരവാണ് ഈ അക്രമം കാണിക്കാൻ? കേപ്പാനും കേൾവിയുമില്ലെന്ന് വന്നോ?"

ഈ ചോദ്യത്തിന് ഉത്തരമായി മാങ്കോയിക്കൽ കുറുപ്പിന്റെ നേരേ എത്തി, "ഫൂ... പട്ടീ! താനാണോ ചോദിക്കുന്നത്?" എന്നു വേലുക്കുറുപ്പ് ആക്ഷേപമായി ആർത്തതും കുറുപ്പിന്റെ ശേഷക്കാരൻ കൃഷ്ണക്കുറുപ്പിന്റെ പ്രഹരം ഏറ്റ് വേലുക്കുറുപ്പിന്റെ ദന്തങ്ങളിൽ ചിലത് നിലത്തു പ

തിച്ചതും ഒന്നായിക്കഴിഞ്ഞു. പിന്നീടുണ്ടായ കോലാഹലത്തെ വിസ്തരിക്കാൻ പ്രയാസം. വേലുക്കുറുപ്പും മാങ്കോയിക്കൽ കുറുപ്പും ദുശ്ശാസനഭീമസേനന്മാരെപ്പോലെ ചീറി അടുത്ത് പോർക്കളത്തെ പൊടിപെടുത്തുന്നു. വേലുക്കുറുപ്പിന്റെ പരിവാരങ്ങൾ പറയരെ നിർദ്ദയമായും നിഷ്പ്രയാസമായും അന്തകപുരിയിൽ ചേർക്കുന്നു. കുറുപ്പിന്റെ അനന്തരവൻ പറയർക്ക് തുണയായി എത്തുന്നു. ഓങ്ങിവെട്ടുന്ന വെട്ടുകൾ വൃക്ഷങ്ങളിലും നിലത്തും ഓരോ ശരീരങ്ങളിലും ഏൽക്കുന്നു. ശത്രുമിത്രങ്ങളെ തിരിച്ചറിവാൻ പ്രയാസമായിരുന്നതിനാൽ പോരാളികൾ ഭഗ്നോത്സാഹികളാകുന്നു. മാങ്കോയിക്കൽ കുറുപ്പിന്റെ മുമ്പിൽനിന്ന വേലുക്കുറുപ്പ് തുള്ളിത്തുടങ്ങുന്നു. മാങ്കോയിക്കൽ കുറുപ്പ് വീശുന്ന വാളിന്റെ ചീറ്റം കേട്ട് വേലുക്കുറുപ്പ് നടുങ്ങുന്നു. നീളം കുറഞ്ഞ തന്റെ വാൾ കേവലം നിഷ്പ്രയോജനകമായിട്ടുള്ളതെന്ന് നിശ്ചയിച്ച് വേലുക്കുറുപ്പ് ഒരു വേലും വാങ്ങി അടുക്കുന്നു. വേൽക്കാരും ചിലർ കുറുപ്പിനെ വളയുന്നു. കണ്ഠം, കാൽ, കരം, എന്നിവ അറ്റ് വീഴുന്നു. അപ്പോൾ ഒരു പ്രകാശം കണ്ടുതുടങ്ങുന്നു. ശുഷ്കമായുള്ള ഇലകളിൽ മണൽത്തരികൾ വീഴുന്നതുപോലെയുള്ള ഒരു ശബ്ദമാണ് കേൾക്കുന്നത്. മേഘങ്ങളെ പൊടിപെടുത്തി വീഴ്ത്താനെന്ന് തോന്നുംവണ്ണം വേൽക്കാർ ഒന്നായിച്ചേർന്ന് ജയസൂചകമായ ഒരു സിംഹനാദം പുറപ്പെടുവിക്കുന്നു.

അന്ധകാരം ഒഴിഞ്ഞുതുടങ്ങിയതിന്റെ കാരണം അറിയുന്നതിനായി കുറുപ്പ് നാലു ചുറ്റും പരിഭ്രമത്തോടെ നോക്കിയപ്പോൾ തന്റെ ഗൃഹത്തിൽ അഞ്ചെട്ടു സ്ഥലത്ത് തീവയക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നതു കണ്ടു. പുറമേയുള്ള തീയിലും

അധികം തൈക്ഷ്ണ്യമുള്ള ഒരു തീ കുറുപ്പിന്റെ ഉള്ളിൽ കത്തിത്തുടങ്ങി. “മാറെടാ ദ്രോഹീ” എന്ന് അതിഭയങ്കരമായ സ്വരത്തിൽ വിളിച്ചുകൊണ്ടു് ഭവനത്തിന്റെ നേർക്കു് കുറുപ്പു പാഞ്ഞു.

വേലുക്കുറുപ്പ്: “എരിയട്ടു് ചാകട്ടു്... ബ്രാഹ്മണൻ ഇല്ലല്ലോ ... പിന്നെ എന്തിനിത്ര വേവലാതി?”

കുറുപ്പിന്റെ ഉള്ളിൽ ആധി വളർന്ന്, അനന്തരവൻ എവിടെ എന്ന് നോക്കിത്തുടങ്ങി. അഗ്നി വളരെ ഭയങ്കരമായും ക്രൂരതയോടും കത്തിത്തകർക്കുന്നു. ജ്വാലകൾ മേൽപോട്ടു പൊങ്ങി അഗ്നിയാൽ നിർമ്മിതമായ ഒരു സ്തംഭം കണക്കു് അംബരത്തിലുയർന്ന് കളിയാടുന്നു. വായുവിന്റെ ചലനം വർദ്ധിച്ചു കൂടുമ്പോൾ അതു ഭിന്നിച്ചു് ശിഥിലങ്ങളായി പരന്നു ചുവന്ന് അങ്ങുമിങ്ങും ചലിച്ചു് ഉഴറിക്കൊണ്ടിരിക്കുന്ന അഗ്നിജിഹ്വകൾ എന്ന പോലെ ജ്വലിക്കുന്നു. പിന്നീടെല്ലാം ഒന്നായിച്ചമഞ്ഞ് ഒരു ഗോപുരാകൃതിയിൽ മേൽപോട്ടുയർന്നും അഗ്രഭാഗം ഇടത്തോട്ടും വലത്തോട്ടും കുടക്കുടെ ഊക്കോടു ചാഞ്ഞും ഒരു പത്തുനൂറായിരം ദീപയഷ്ടികളുടെ ശോഭയെ വെല്ലുന്ന തേജസ്സോടുകൂടി കാണപ്പെടുന്നു. അന്ധകാരം നിശ്ശേഷം നീങ്ങി ആകാശം ശോണവർണ്ണമാകുന്നു. ഇപ്പോൾ പാവകന്റെ ശക്തി കഠിനസാഹസത്താൽ താനേ ശമിച്ചു് അമർന്നതുപോലെ തോന്നിക്കുന്നു. അതാ, പിന്നെയും തന്റെ ക്രൂരപ്രവൃത്തിയെ നൂതനശക്തി കൈക്കൊണ്ടു് ആവർത്തിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ അടങ്ങിയിരുന്നുവെന്നു തോന്നുംവണ്ണം പൊടുന്നനെ പല ആകൃതികൾ പൂണ്ടു് കഠിനതേജസ്സോടുകൂടെ വീണ്ടും ഉജ്ജ്വ

ലിച്ചു കാണുന്നു. അസംഖ്യം കുടച്ചക്രങ്ങളൽനിന്ന് യോജിപ്പോടുകൂടി പുറപ്പെട്ടുംവണ്ണം, തീപ്പൊരികൾ ആകാശത്തിൽ പരന്ന് നാലു ഭാഗങ്ങളിലും ചിതറുന്നു. വികൃതദേഹന്മാരായി, നിണവുമണിഞ്ഞു്, പ്രാണനെയും ഉപേക്ഷിച്ചു യജമാനനെ രക്ഷിക്കണം എന്നുള്ള ഏകകരുതലോടുകൂടി ഭ്രമിച്ച് അങ്ങുമിങ്ങും ഓടുന്ന പറയരെ വേൽക്കാർ വെളിച്ചത്താലുണ്ടായ സഹായം നിമിത്തം അരിഞ്ഞുതള്ളുന്നതുകണ്ടു് കുറുപ്പ് ദീർഘനിശ്വാസം ചെയ്യുന്നു. അനന്തരവരെയും അകലെ കാണുന്നുണ്ടു്. നിന്നനിലത്തുനിന്ന് അണുമാറുന്നതിനു വേൽക്കാർ അവരെ സമ്മതിക്കുന്നില്ല. മാങ്കോയിക്കൽകുറുപ്പ് പിന്നെയും ക്ഷണേന തിരിഞ്ഞ് ഗൃഹത്തെ നോക്കി പായുന്നു. വേൽ, കുന്തം എന്നിവകൊണ്ടു ചമയ്ക്കപ്പെട്ട ഒരു കോട്ട കുറുപ്പിനെ തടുക്കുന്നു.

**വേലുക്കുറുപ്പ്:** "ഹാ ... ഭേഷ്! ... ബ്രാഹ്മണന്റെ ദഹനം അതികേമം! ഛീ! ഈ ചത്ത കാറ്റിനു കുറേക്കൂടി സഹായിക്കരുതോ?"

മഴ വീണെങ്കിലോ എന്നു കുറുപ്പ് പ്രാർത്ഥിച്ചു. മഴ വീഴുന്നില്ല. കാറ്റ് ഊറ്റമായിത്തുടങ്ങി. "അയ്യോ" എന്ന് ആർത്തുകൊണ്ടു് കുറുപ്പു പിന്നെയും മുന്നോട്ടു പാഞ്ഞു. വേലുക്കുറുപ്പ് മുതൽപേരു പിന്നെയും തടുത്തു. ഒരു വഴിയും ഇല്ലാതായപ്പോൾ "കിട്ടാ ... നാരായണാ ... എടാ ചത്തെങ്കിലും ബ്രാഹ്മണനെ രക്ഷിപ്പിനെടാ ... ആരൊണ്ടു് എന്നെ സഹായിപ്പാൻ, ബ്രാഹ്മണനെ രക്ഷിക്കാൻ? അവർക്കെന്റെ വസ്തുവും വീടും എല്ലാം" എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടു് പ്രാണഭയം കൂടാതെ വെടികൊണ്ട പന്നിയെപ്പോലെ കുറുപ്പ് മു

ന്നോട്ടു പാഞ്ഞു. “അടിയൻ ലച്ചിപ്പോം” എന്നൊരു പ്രതിശബ്ദം കേൾക്കയുണ്ടായി. ഒരു അട്ടഹാസവും തുടരെ കേട്ടു. അടർക്കളത്തിന്റെ നാലുഭാഗത്തുനിന്നും വെട്ടുകത്തി, വാച്ചി, കുറുന്തടി, അരിവാൾ എന്നീവക ആയുധങ്ങളോടുകൂടി പറയരുടെ പ്രേതങ്ങൾ എന്നു തോന്നത്തക്കതായ ഒരു കൂട്ടം പുറപ്പെട്ടു് വേൽക്കാരെയും അവരുടെ കൂടെയുള്ള നായന്മാരെയും വളഞ്ഞു.

# 6

> “കോപിതയമോപമദശാനനനിയോഗാൽ,
> ആസകലമാശരമഹാബലമസംഖ്യം
> നാലുപുറത്തും വലിയ ഗോപുരങ്ങളുടേ
> തിക്കി ഞെരിച്ചാശു പുറപ്പെട്ടു ഹരിരാമ.”

പത്മനാഭപുരത്തു് തെക്കേത്തെരുവിൽ ഒരു ദിവസം പുലർച്ച ആയപ്പോൾ ജനബാഹുല്യം സാധാരണയിൽ അധികമായി കാണപ്പെടുന്നു. അവിടവിടെ ആയി അനേകം ജനങ്ങൾ കൂടി നിൽക്കുന്നുണ്ടു്. അധികവും രാജപരിവാരങ്ങളായ ജനങ്ങളാണ്. ആളുകളുടെ സംഖ്യ മുന്നൂറിൽ ഒട്ടും കുറവില്ലെങ്കിലും എല്ലാവരും നിരുദ്ധവീര്യന്മാരാക്കപ്പെട്ട സർപ്പങ്ങളെപ്പോലെ നിശ്ചേഷ്ടരായി നിൽക്കുന്നു. വഴിപോക്കരായുള്ളവർ അവരുടെ യാത്രയിൽ വടക്കരികിൽ ഒതുങ്ങുകയും ഛത്രങ്ങളെ ആ വശത്തോട്ടു് ചരിച്ചു് പിടിച്ചുകൊള്ളുകയും ഇടയ്ക്കിടെ തെക്കോട്ടു് അതിബഹുമതിയോടുകൂടി നോക്കുകയും വഴിക്കു് തെക്കുവശത്തായി നിൽക്കുന്ന ഒരു മാളികയുടെ പുരോഭാഗത്താകുമ്പോൾ ഛത്രാദികളായി കൈയിലുള്ള സാധനങ്ങൾ നിലത്തു് വയ്ക്കുകയും രണ്ടാം മുണ്ടുകൾ അരയിലോ തലയിലോ പ്രായഭേദംപോലെ കെട്ടുകയും ചെയ്തുകൊണ്ടു് താണുതൊഴുകയും ... ഇത്രയും ഒക്കെ



വിശേഷവിധികൾ അനുഷ്ഠിക്കുന്നുണ്ട്. മേൽപറഞ്ഞ മാളിക പത്മനാഭപുരം രാജമന്ദിരത്തിന്റെ ഒരു ഭാഗമാണ്. തെക്കേത്തെരുവിൽ ആണെന്ന് സൂചിപ്പിച്ചതുകൊണ്ട് ഈ മാളിക കൊട്ടാരത്തിന്റെ ദക്ഷിണ ഭാഗത്താണെന്ന് വായനക്കാർ ഗ്രഹിക്കരുത്. ആ നഗരത്തിലുള്ള തെരുവുകൾ കൊട്ടാരത്തിനെയോ വല്ല പ്രധാനക്ഷേത്രത്തേയോ ചുറ്റിയുള്ളതല്ല; കൊട്ടാരത്തിന്റെ വടക്കുഭാഗത്തുള്ള ഗൃഹങ്ങളെ ചുറ്റി രഥോത്സവത്തിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ള വീഥികളാണ്. ഈ തെരുവുകളിൽ തെക്കേത്തെരുവ് കൊട്ടാരത്തിന്റെ വടക്കേ അതിർത്തിയാണ്.

കൊട്ടാരത്തിനകത്തുനിന്ന് പ്രമാണികളായ ചിലർ പുറത്തേക്ക് അപ്പൊഴപ്പോൾ ഓടിവരികയും ചിലരെ കൈകാട്ടി വിളിക്കുകയും ഓരോ നിർദ്ദേശങ്ങൾ ഭരമേൽപ്പിച്ച് അവരെ നാനാദിക്കിലേക്ക് ഓടിക്കയും ചെയ്യുന്നു. മാളികയു

ടെ മുകളിൽനിന്ന് 'വിശാരിപ്പകാരൻ' എന്ന് ഒരാൾ വിളിക്കുന്നതു് നാഴിക ഇടയിൽ നാൽപ്പതു് ഉരു കേൾപ്പാനുണ്ടു്. 'സ്വാമി' എന്ന് വിളികേട്ടുകൊണ്ടു് പൊന്നുകെട്ടീട്ടുള്ള വേത്രദണ്ഡം ധരിക്കുന്ന ഒരു കുംഭോദരൻ മേൽപോട്ടു് ഓടിക്കയറുകയും ഉടനേ കീഴ്പോട്ടു് ഇറങ്ങുകയും അങ്ങുമിങ്ങും പാഞ്ഞു് നടക്കുകയും ഓരോരുത്തരെ ശാസിക്കയും പിന്നെയും വിളി കേൾക്കുമ്പോൾ മേൽപ്രകാരമുള്ള നടപടികൾ എല്ലാം ആവർത്തിക്കയും ചെയ്യുന്നു. വേണാട്ടധിപനായ മഹാരാജാവിന്റെ ജ്യേഷ്ഠപുത്രൻ ശ്രീപത്മനാഭൻ തമ്പി അങ്ങുന്ന് അവർകളുടെ പരിചാരകന്മാരാണ് തെരുവിൽ കൂടിനിൽക്കുന്നതു്. അദ്ദേഹത്തിന്റെ ആജ്ഞാകരന്മാരാണ് ഓടിനടക്കുന്നതു്. വഴിപോക്കർ കണ്ടു് വന്ദിക്കുന്നതു് 'ഉമ്പർകോനു സമവിഭവനായ തമ്പിയങ്ങത്തെ'യാണ്. അദ്ദേഹം മാളികയിൽ രണ്ടാമത്തെ നിലയിലുള്ള വരാന്തയിൽ അക്ഷമനായിട്ടു് നടക്കുന്നു. ശ്രീപത്മനാഭൻ തമ്പിയുടെ നിറം പരിപൂർണ്ണ പക്വവസ്ഥയെ പ്രാപിച്ച് സ്വർണ്ണകാന്തിയെയും അധഃകരിക്കുന്നതായ ജംഭാരഫലത്തിന്റെ വർണ്ണത്തിലും അധികം ശോഭായമാനമായിട്ടുള്ളതാണ്. തമ്പിയുടെ രൂപം കണ്ടാൽ 'പുണ്ഡരീകഭവസൃഷ്ടികൗശലമണ്ഡമായി വിലസുന്നു' എന്ന് വർണ്ണിച്ചിട്ടുള്ളതു് ഇദ്ദേഹത്തെ ഉദ്ദേശിച്ചായാൽ ഉചിതമായിരിക്കും. ചേതോമോഹിനികളായ സ്ത്രീരത്നങ്ങളുടെ കേശഭാരത്തെ ലജ്ജിപ്പിക്കുന്ന നീണ്ട, പക്ഷേ ചുരുണ്ടല്ലാതുള്ള, പൂർവ്വശിഖയെ കെട്ടിനീട്ടി വാമനേത്രത്തെ മിക്കവാറും ആച്ഛാദിക്കുന്ന സ്ഥിതിയിൽ നിർത്തിയിരിക്കുന്നതിന്റെ പുച്ഛം പൂവൻകോഴിയുടെ അങ്കവാൽ എന്നപോലെ പ

റകോട്ട് വളഞ്ഞു് കിടക്കുന്നു. ഇരുഭാഗത്തോട്ടും കോതി ഒതുക്കിയിരിക്കുന്ന കൃതാക്കളുടെ ഇടയിൽക്കൂടി കാണപ്പെടുന്ന കർണ്ണഭൂഷണങ്ങൾ വായുവേഗത്തിൽ വിച്ഛിന്നമാക്കപ്പെട്ട കാർമേഘങ്ങളുടെ ഇടയിൽ വിലസുന്ന നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നു. വക്ഷഃസ്ഥലത്തിന്റെ വിരിവും മദ്ധ്യപ്രദേശത്തിന്റെ ഒതുക്കവും ബാഹുക്കളുടെ ദാർഢ്യവും സ്കന്ധങ്ങളുടെ പൃഥുലതയും അദ്ദേഹത്തിൽ കാണപ്പെടുന്നതുപോലെ മൽപിടിത്തക്കാരയ അഭ്യാസികളിലും കാണുന്നതല്ല. തമ്പിയുടെ വൻപു് നടിച്ചുള്ള ഞെളിവും പ്രൗഢിയോടുള്ള കൈവീശലും ശ്വാസം അടക്കി തല പൊക്കിയുള്ള നോട്ടങ്ങളും കാണികൾ തൊഴുമ്പോൾ അലക്ഷ്യമായി തലവെട്ടിത്തിരിച്ചുകളയുന്നതും കാണുന്നവർ അദ്ദേഹത്തിന്റെ മഹത്ത്വത്തെക്കുറിച്ച് വളരെ അതിശയിക്കാറുണ്ട്. നേത്രങ്ങളുടെ സാധാരണ ക്രൗര്യം ഹേതുവായിട്ട് അദ്ദേഹത്തിന്റെ മുഖത്തുനോക്കി സംസാരിക്കുന്നതിനു് അന്യന്മാർ സന്നദ്ധരാകുന്നതല്ലെന്നു് സേവകന്മാർ പറഞ്ഞു് ധരിപ്പിച്ചിട്ടുള്ളതിനാൽ അങ്ങുന്നു് തരാതരംകൂടാതെ ആരെക്കണ്ടാലും ഇമകളെ വിടർത്തി, അണകളെ അമർത്തി, വട്ടമിട്ട് നോക്കിത്തുടങ്ങും. ഈ ദുശ്ശീലം എങ്ങനെ സിദ്ധിച്ച് എന്നുള്ളതിന്റെ സൂക്ഷമമറിയാത്ത ആളുകൾ അതിനെ അദ്ദേഹത്തിന്റെ രൗദ്ര്യപ്രകൃതയുടെ ബാഹ്യലക്ഷണമായി വ്യാഖാനിച്ചുവന്നു. മാറിൽ ഒരു പച്ചമാലയും കൈകളിൽ വീരശൃംഖലകളും രത്നഖചിതമായ കൈക്കെട്ടുകളും വിരലുകൾ എട്ടിൽ മോതിരങ്ങളും അണിഞ്ഞിരിക്കുന്നു. ഉടുത്തിരുന്ന കസവുപട്ടക്കര വസ്ത്രധാരണത്തിന്റെ ഉദ്ദേശ്യത്തെ നിറവേറ്റുന്നില്ലെ

ങ്കിലും അരയിൽ പൊന്നരഞ്ഞാണവും കല്ലുവച്ച ഏലസ്സുകളും ധരിച്ചിരിക്കുന്നതിന്റെ ഭംഗി അച്ഛന്റെ പ്രജകൾ കണ്ടുരസിച്ചുകൊള്ളട്ടെ എന്നുള്ള അദ്ദേഹത്തിന്റെ അപാരമായുള്ള പരോപകാരതത്പരതാജന്യമായ അഭിലാഷത്തെ സാധിപ്പിക്കുന്നുണ്ട്.

ശ്രീപത്മനാഭൻ തമ്പി അങ്ങുന്ന് എന്നും പപ്പുത്തമ്പി എന്നും വലിയ തമ്പി എന്നും ഈ കഥയിൽ പറയപ്പെടുന്ന ഈ മഹാന്റെ കീർത്തി ദേശിംഗനാട്, ചെമ്പകശ്ശേരി, കോഴിക്കോട്ട്, ആർക്കാട്ട്, മധുര, തൃശ്ശനാപ്പള്ളി മുതലായ ദിക്കുകളിലും പരന്നിട്ടുണ്ട്. നാട്ടുകാർ ഇദ്ദേഹത്തിന്റെ മുമ്പിൽ മാർജ്ജാരനെക്കണ്ട മൂഷികനെപ്പോലെ വിറയ്ക്കും. ഇന്ദ്രനെയും വിരിഞ്ചനെയും തൃണംപോലെ വിചാരിക്കുന്ന എട്ടുവീട്ടിൽപിള്ളമാരായ പരാക്രമശാലികളും 'തമ്പി' എന്ന ശബ്ദമാത്രത്തെപ്പോലും ഭയപ്പെടുന്നുണ്ട്. അച്ഛൻ നാടുനീങ്ങിയാൽ സിംഹാസനം പുത്രന് തന്നെ എന്ന് നാട്ടിൽ എങ്ങനെയോ ഒരു വിശ്വാസം പരന്നിട്ടുണ്ട്. അതുകൊണ്ട് സകല ജനങ്ങൾക്കും തമ്പിയെക്കുറിച്ചുള്ള ഭയം ഇത്രയെന്ന് പറഞ്ഞുകൂടുന്നതല്ല.

ഇപ്രകാരമെല്ലാമിരിക്കുന്ന തമ്പി അങ്ങുന്നാണ് പത്മനാഭപുരത്ത് തെക്കേത്തെരുവിലുള്ള മാളികയിൽ, താമസം സഹിക്കുന്നില്ല എന്നുള്ള ഭാവത്തിൽ പല്ലുകൾ കടിച്ചുകൊണ്ട് നടക്കുന്നത്. പുറകേ അദ്ദേഹത്തിന്റെ നിഴലെന്ന മട്ടിൽ സുന്ദരയ്യനുമുണ്ട്. സുന്ദരയ്യൻ അന്ന് രാവിലെ അവിടെ എത്തിയതേയുള്ളു. യജമാനന്റെ കോപത്തെ ശമിപ്പിക്കുന്നതിനായി സുന്ദരയ്യൻ സമാധാനം പറയുന്നുണ്ടെ

ങ്കിലും തമ്പി അതുകളെ സാരമാക്കുന്നില്ല. ഒടുവിൽ സഹിക്കാൻ പാടില്ലാഞ്ഞിട്ട്, സുന്ദരയ്യൻ കുറച്ച് കോപത്തോടുകൂടി ഇങ്ങനെ പറഞ്ഞു: 'എന്ന തിട്ടക്കം ഇത്. വരുവാരങ്കത്തെ, ഇപ്പോ വരുവാർ, തിട്ടക്കപ്പെട്ടതിനാലെ എന്നവും ആഹ്ലമോ? പറ്റിത്ത്... അതുതാൻ ഇവളവുനേരം.'

തമ്പി: (ഝടിതിയിൽ തിരിഞ്ഞു സുന്ദരയ്യനെ മുഖത്ത് പിടിച്ച് പിറകോട്ട് തള്ളീട്ട്) 'പറ്റി... ത്ത്... ഇപ്പോൾ പറ്റിത്ത് ഉലക്കയാണ് പറ്റിയത്.'

സുന്ദരയ്യർ 'എന്നവും ആട്ടും പൊറുക്കവേണം അങ്കത്തെ ...'

തമ്പി: 'പൊറുക്കവേണം. ഫോ പെറുക്കി! മിനക്കെട്ട വേലയ്ക്ക് വേലുവിനെ അയച്ചു. കാലത്തെ വന്ന് മുഖം കഴുകുന്നതിന് മുമ്പിൽ ഒരു കള്ളം!'

സുന്ദരയ്യൻ: (കണ്ണുനീരോടുകൂടി... ആവശ്യപ്പെടുമ്പോൾ പുറപ്പെടുന്നതിന് ഈ സാധനം സദാ സുന്ദരയ്യന്റെ പക്കൽ ഹാജരുണ്ട്) 'മഹാപ്രഭു അങ്കത്തെ കോപപ്പെട്ടാൽ നാങ്കലെല്ലാം അശ്രുക്കൾ പിളക്കറത്...'

തമ്പി: 'മുമ്പിൽ നിന്ന് മോങ്ങാതിരിക്കു. കണ്ടുപോലും!? എന്നാൽ എവിടെ? പറന്നുകളഞ്ഞോ?'

സുന്ദരയ്യൻ: 'പാർത്തത് നിജം. അങ്ങത്തയുടെ തിരുപ്പാദങ്ങളെ പിടിച്ച (ക്രിയയും നടത്തുന്നു) ശൊല്ലറേൻ. സത്യം.'

തമ്പി: 'സത്യം! ഹരിശ്ചന്ദ്രന്റെ അടുത്ത വീട്ടുകാരൻ! കള്ളം എന്നതു് കണികണ്ടിട്ടോ മറ്റോ ഉണ്ടോ? അയ്യ! നിന്റെ സത്യം! എടോ താൻ... പിന്നെ... ആ എന്തുവീട്? ചെമ്പകശ്ശേരി. ശരി... അവിടെ പോയോ?'

സുന്ദരയ്യൻ: 'ഉത്തരവ്... പോനേൽ... പോനേൻ.'

തമ്പി: 'കണ്ടോ?'

സുന്ദരയ്യൻ: (മന്ദസ്മിതത്തോടുകൂടി) 'സുമാറാഹ...'

തമ്പി: 'ഇന്ന് കണ്ടപോലെതന്നെ ആയിരിക്കും?'

സുന്ദരയ്യൻ: (ധൃതിയിൽ) 'അതല്ലെ.'

തമ്പി: 'അങ്ങനെ സമ്മതിക്കു. പരമേശ്വരൻ പിള്ളയെക്കണ്ടതോ അവളെക്കണ്ടതോ കളവ്? താൻ നാക്കെടുത്ത് വളച്ചുതുടങ്ങിയതിൽപ്പിന്നെ ഒരു സത്യമെങ്കിലും പറഞ്ഞിട്ടുണ്ടോടോ? ഗണപതിക്ക് കുറിച്ചതേ കള്ളം. തന്നെയും പട്ടരെന്ന് പറയുന്നല്ലോ.'

സുന്ദരയ്യൻ: (വല്ലാതെ വിറച്ചുകൊണ്ട്) 'എന്നെയാ? ... അങ്കത്തെ... നാൻ... എൻ ഗോത്രം...'

തമ്പി: 'തന്റെ ഗോത്രത്തെക്കൊണ്ട് ചുട്ടു. എടോടോ നോക്കു. അതേ പോകുന്ന സ്ത്രീയെ നോക്കു. എന്ത് കുണുങ്ങലാണ്! അടി! നമ്മെ നോക്കി കടാക്ഷിക്കുന്നുമുണ്ട്. ഹൂ രസികത്തി! (സ്ത്രീ തന്റെ വഴിക്ക് സ്വസ്ഥമായി പോകുകയായിരുന്നു. 'കുണുങ്ങി' എന്നുള്ളതും മറ്റും കേവലം തമ്പിയുടെ മനോരാജ്യവും ആയിരുന്നു) എന്ത് തലമുടി! ആ!'

സുന്ദരൻ: 'അങ്കത്തയുടെ അഴക് ശെയ്യ്കിറ ശെയ്യ്തി ഒന്നും ശൊല്ല ആഹാതു്. അവളുക്ക് മുന്നടി എഴുമ്പറതില്ലിയെ ... അവൾ കണ്ണെല്ലാം ഇങ്കെത്താൻ.'

സുന്ദരയ്യന്റെ സ്തുതിയും വ്യാജവും കേട്ടപ്പോൾ യുവരാജാവിനെ വധിച്ചുവരുന്നതിന് വേലുക്കുറുപ്പിനെ താൻ നിയോഗിച്ചിട്ട് വേലുക്കുറുപ്പിന്റെ ശ്രമപരിണാമം എങ്ങനെ എന്ന് അറിയാഞ്ഞതിനാൽ കോപിച്ച് നിൽക്കയായിരുന്ന എന്നുള്ളതുംമറ്റും തമ്പി മറന്നു.

തമ്പി: 'ഏഴാംകുടിയേക്കാൽ ഓമനയെടാ ... ആരെന്നന്വേഷിക്കണം. പാറുക്കുട്ടി ആൾ ഇതിലും ...?'

സുന്ദരയ്യൻ: 'മെച്ചം ... മെച്ചം ... ഉർവ്വശിതാൻ ... കിളികിളിപോലിരിക്ക്.'

തമ്പി: 'നമ്മുടെ ശിവകാമിയേക്കാൾ?'

സുന്ദരയ്യൻ: 'കിഴട്ടുപ്പിണഞ്ഞ പോട്ട് സദൃശംകൂട്ട ഇഴാതും. ഒമ്മുടെ കണ്ണേ ഒഴിച്ച് വാർക്കത്താൻ വേണം.'

സുന്ദരയ്യൻ ദാസനെന്നുള്ള നിലയും 'അങ്കത്തെ' 'ഉത്തരവ്' ഇത്യാദിയായ ബഹുമാനവാചകങ്ങളും മറന്നിരിക്കുന്നു. 'യഥാ നാഥഃതഥാ ഭൃത്യഃ' എന്നുള്ള പ്രമാണം അനുസരിച്ച് തമ്പി തന്റെ ക്രോധവും ക്രോധമൂലവും മറന്നതുകൊണ്ട് സുന്ദരയ്യനും വല്ലതും മറക്കേണ്ടതാണല്ലോ.

തമ്പി: 'ഫൂ! അസത്തേ, നിന്റെ മുഖത്തെയാണ് ഉടച്ചുവാർക്കേണ്ടതു്. ആട്ടെ ... തന്റെ ഉർവ്വശിയെ ഒന്ന് വർണ്ണിക്കൂ.'

സുന്ദരയ്യൻ: 'വർണ്ണിക്ക അനന്തൻതാൻ വേണം. എന്നാലാഹാതു്.'

തമ്പി: 'ഞാൻ ചോദിക്കാം. നിറം?'

സുന്ദരയ്യൻ: 'തങ്കംപഴുക്കെച്ചട്ട തങ്കം.'

തമ്പി: 'തരം?'

സുന്ദരയ്യൻ: 'ഒമ്മുടെ നെഞ്ചളവ് ഉയരം. ഉടലോ? 'സരസാംഗയഷ്ടി' എങ്കിറതുതാൻ. പ്രായമോ? പതിനാറ്... നവമാന യൗവ്വനം, കൊട്ടാത്ത് മാങ്കായ് പഴുത്താപ്പോലെ ഇരിക്കു്. തിങ്കത്താൻവേണം. ഒമ്മുടെ യോഗം താൻ യോഗം.'

തമ്പി: 'തലമുടി?'

സുന്ദരയ്യൻ: 'അതെപ്പോട്ട് ഒമ്മേയും ശിന്ന അങ്കത്തേയും രെണ്ടുപേരേയും മൂടിയുടലാം. ഒമ്മാണെ പോയിപ്പാരും.'

തമ്പി: 'ശണ്ഠീ, വീണത്വം പറയുന്നോ?'

സുന്ദരയ്യൻ: 'സുന്ദോപസുന്ദരാട്ടം വരക്കുടാത്.'

തമ്പി: 'അല്ലാ, തനിക്കു് വല്ലതും കിട്ടുമേ.'

സുന്ദരയ്യൻ: 'കിട്ടെ(അടുത്ത്)പ്പോനാൽ താഴംപൂ വാടൈ (ഗന്ധം). പാതത്തുടെ അടി ചെന്താമരപുഷ്പത്തുടെ വർണ്ണം. എന്ന സരളമാന പേച്ച്! തായാർ കൽത്തുണെപ്പോലെ ഇരുന്താൾ. പാറുക്കുട്ടി അമ്മാൾ... കൊച്ചമ്മ ... അടൈ അമ്പ! എന്ന പേച്ച്... ശരവർഷം. തേൻ ഒഴുകിറാപ്പോല... ധട ധട ധടാ... എന്ന മാധുര്യം!'

തമ്പി: 'ഉം, കൊള്ളാം. മിടുക്കൻ. തലയും കാലും നാക്കും മാത്രമേ അവൾക്കുള്ളൂ?'

സുന്ദരയ്യൻ: ‘കൈകൾ’

തമ്പി: ‘ഫൂ! മൺതലയ!’

സുന്ദരയ്യൻ: ‘കണ്ണ്… ശൊല്ലണമോ? കാമനുടെ വസതിയെ അങ്കെത്താൻ.’

തമ്പി: ‘എടോ ഏഭ്യശിരോമണി, അതല്ല, സാരമായുള്ള …’

സുന്ദരയ്യൻ: ‘എന്നെ നീർ ആഭാസനെന്നെണ്ണിനീരോ? കൊച്ചമ്മ യാകപ്പോകറുത്… കുചം കിചം എല്ലാം നാൻ വർണ്ണിത്ത് ശൊല്ലണമാക്കും. ന്യായം താൻ! നല്ല മുറൈ! എന്നുടെ കണ്ണൈ ശൂന്നുവച്ചപ്പോടുവാരെ നീർ… യാൻ പാർക്കറതാ? … സറി സറി!’

തമ്പി സുന്ദരയ്യന്റെ മുതുകിൽ സന്തോഷപരവശനായി ഒന്നു തലോടി:

‘ശരി, പട്ടരായാലും ഗുരുത്വമുണ്ട്. സുന്ദരം, എനിക്കൊന്നു കാണണമല്ലോ.’

സുന്ദരയ്യൻ: ‘വരുത്തമാ? നാൻ സുമാറു ശെയ്യുറേൻ. തപസ്സ് ചെയ്യ വേണമേ, ഒമ്മെ കിടയ്ക്ക. അവൾ കാത്തിരുപ്പാളെ. മാമനാർ, തായാർ, കീയാർ എല്ലാം വന്ത് കാലിൽ വീഴവാരെ.’

തമ്പി: ‘എല്ലാം ഇവിടുന്ന് പോയെങ്കിലല്ലേ നടക്കൂ. (പിന്നെയും ദേഷ്യം തുടങ്ങി) കഴുത വേലുക്കുറുപ്പ്… ശവം! ആണുങ്ങൾക്ക് വേണം ചോറുകൊടുക്കുന്നത്. ശവത്തുക്കഴുത. ഹേയ്! മുഷിയുന്നു. ഈ അനർത്ഥത്തെ ഒഴിക്കാൻ ആരാലും കഴിയുന്നില്ലല്ലോ. എന്ത് വിശേഷമാണ്? എട്ടുവീടർ പഠിച്ച വിദ്യ എല്ലാം നോക്കി. നാ

മും ഒട്ടും ഉപേക്ഷ കാണിച്ചിട്ടില്ല. കയ്യിൽ കിട്ടുന്നില്ല ല്ലോ.'

സുന്ദരയ്യൻ: 'അദോ അന്ത ശത്തം എന്ന? വന്തുട്ടിത്... വേലുക്കുറുപ്പ് താൻ... ഏണിപ്പടി കിടുങ്കിറതെ കേൾക്കലയാ? ഇതൊ... അവൻതാൻ...'

വേലുക്കുറുപ്പ് വാടിവിയർത്ത മുഖത്തോടുകൂടി അകത്ത് പ്രവേശിച്ചു. 'കണ്ടോ, കാച്ചിയോ?' എന്ന് സംശയ സംഭ്രമങ്ങളോടുകൂടി തമ്പി ചോദ്യം ചെയ്തു.

വേലുക്കുറുപ്പ്: 'കാച്ചുണ! ഇന്ത്രശാലം മഹേന്ത്രശാലം ഒക്കെ പടിച്ച് കറ്റവരെ കാച്ചുണ. നല്ല തരം... പൊന്നങ്ങുന്നേ, തെറ്റിപ്പോയി... രക്ഷിക്കണം.'

സുന്ദരയ്യൻ: 'അങ്കത്തെ, നാൻ ശൊന്നതിപ്പം നിജം താനേ?'

തമ്പി: 'സുന്ദരം, കൊടുക്കു അവന്റെ ചെവിട്ടിൽ. കൊടുക്കു നാല്. ഇന്ദ്രജാലം... മഹേന്ദ്ര... ജാലം! നിന്റെ... നിന്റെ... നിന്റെ മറ്റവന്റെ ജാലം!'

വേലുക്കുറുപ്പ്: 'ഇന്ന് ആദ്യമോ അങ്ങുന്നെ? കള്ളിയങ്കാട്ടു വച്ച് പട്ടരുടെ വേഷമായി; പട്ടരേ അദ്യം എന്നും തോന്നിച്ചില്ലയോ? പനത്തറപ്പൊഴിയിൽ കുറ്റാക്കൂറ്റിരുട്ടത്ത് കടലും ആറും ഒന്നായി കിടക്കണ ഇടവപ്പാതിയിൽ പാതിരാത്രി, അറ്റിൽ വെള്ളത്തിന്റെ മീതേക്കൂടി അല്ലയോ ഓടിക്കളഞ്ഞത്? പെരുങ്കടവിള വച്ച് ഈഴക്കുടിയിൽ കയറിയ ആളിനെപ്പിന്നെ കാണാനേ ഇല്ല. നെടുമങ്ങാട്ട് കോട്ടയ്ക്കകത്തുവീട്ടിൽ വച്ചാണ് ആകായത്തൂകൂടി പറന്നുകളഞ്ഞത്.'

തമ്പി ഭഗ്നോദ്ദേശ്യനായി ചിന്താകുലനായി മിണ്ടാതെ നിന്നു.

വേലുക്കുറുപ്പ്: 'കേൾക്കണം അങ്ങുന്നേ. ഉത്തരവായി കേൾക്കണം. ഇന്ന് കടന്നുപിടിച്ചപ്പോൾ പക്ഷികളായി പറന്നുകളഞ്ഞു. ആ പരമു പിള്ളയെയും പഠിപ്പിച്ചിരിക്കുന്നു. ഞങ്ങള് പിന്നെയും തിരഞ്ഞു് നടന്നു. ആരോട് ചോദിക്കുന്നതു്? ഒരു ചാന്നാനെ വല്ലവണ്ണവും കണ്ടുകിട്ടി. ആളുമാറി നിക്കയാണന്നുവച്ച് അവനെ പിടിച്ചു. കൂടുവിട്ടു് കൂട് മാറണ ശീലംകൂടി ഒണ്ടെങ്കിലോ എന്ന് വിചാരിച്ച് അവനെ പിടിച്ചപ്പോൾ ഒണ്ടല്ലോ, എന്റെ പൊന്നങ്ങുന്നേ, അങ്ങുന്ന് കണ്ടില്ലല്ലോ! ചോറുതരണ അങ്ങത്തെ കാലാണെ, അച്ചനാണെ, തിരുവാണപ്പടിയാണെ, എന്റെ ആയാനാണെ ... ഞാൻ പറഞ്ഞാൽ പോരാ ... അവിടം ഒക്കെ അമ്പ് കൊണ്ടു് മൂടി; കുട്ടിപ്പിള്ളയും പപ്പനാച്ചാരും ചടയൻ പിള്ളയും ഊളി നായരും പരപ്പൻ നായരും ഒക്കെ തൊലഞ്ഞു. ഞാൻ എന്റെ ആയുസ്സിന്റെ വലിപ്പം കൊണ്ടു് ഇങ്ങുവന്ന് പിഴച്ചു.' ഈ കഥയുടെ അവസാനത്തിൽ വേലുക്കുറുപ്പ് ദീർഘമായി ഒന്ന് നിശ്വസിച്ചു.

തമ്പി: 'നിനക്കുംകൂടി തൊലഞ്ഞൊഴിഞ്ഞുപോകാൻ പാടില്ലായിരുന്നോ? ഒരു അമ്പിന് നിന്റെ കാളക്കഴുത്തും കൊണ്ടുപോകാൻ കഴിഞ്ഞില്ലല്ലോ!'

വേലുക്കുറുപ്പ്: 'പൂച്ശ്രാണ്ടും ഒന്നും ഈ പരിച എന്റെ കയ്യിലുള്ളപ്പോൾ പറ്റില്ല. ഏഴുകോടി താമ്പത്രം ആണ് ഇതിൽ അഹോർ നമ്പൂതിരിപ്പാട്ട് ജപിച്ച് ആവാഹിച്ചിട്ടുള്ളതു്. അങ്ങുന്നേ, വരുന്നവഴിക്ക് ഒരമ്പ് കണ്ടുകിട്ടി; അ

തിതാ നോക്കണം. അതെങ്ങനെ അവിടെ വന്നു എന്ന് എനിക്കൊരിതു്.'

തമ്പി അസ്ത്രം വാങ്ങിനോക്കി, അതിൽ 'ചടച്ചി മാർത്താണ്ഡപ്പിള്ള' എന്നു് പേർ വെട്ടിയിരിക്കുന്നതിനെ വായിച്ചിട്ട് കുറേനേരം ആലോചനയോടുകൂടി നിന്നു. ഒടുവിൽ സുന്ദരയ്യനെ ഭസ്മമാക്കാനെന്നു് തോന്നിക്കും വിധം, കോപിച്ച് ചുവന്ന ജ്വലിക്കുന്ന നേത്രങ്ങളോടുകൂടി ബ്രാഹ്മണന്റെ മുഖത്തു് നോക്കീട്ട്, 'നിന്റെ സുമാറ്! പിടി പട്ടരുടെ കൊങ്ങയക്കു് (വേലുക്കുറുപ്പ് ഉടനെ കടന്നു് സുന്ദരയ്യന്റെ കണ്ഠത്തിൽ പിടികൂടി) ചോദിക്കു്, ചുള്ളിയിൽ ചടച്ചി മാർത്താണ്ഡപ്പിള്ള ഏതു് ഭാഗത്താണെന്നു്. അസ്ത്രങ്ങൾ അയച്ചതു് ചടച്ചിയാണു്. ചാന്നാൻ ആരാ? ചടച്ചി അടുത്തുണ്ടു്. ചാന്നാന്മാരു് കുറച്ച് കവിഞ്ഞുപോണു്'' എന്നു് ക്രോധത്തോടുകൂടി പറഞ്ഞു.

സുന്ദരയ്യൻ: (ഉറക്കെ വാവിട്ടു് കരഞ്ഞുകൊണ്ടു്) 'അങ്കത്തേ, കൊല്ലാതും അങ്കത്തെ. വിട ഉത്തരവ് കൊടുത്തു് കാപ്പാത്തും. കിട്ടക്കെകൊണറ ചാണാപയകളെ മുച്ചൂടും കറകറന ഇഴുത്തുകൊണ്ടര ഉത്തരവ് കൊടും. ഇതിലെ എന്നവോ പിരട്ടിരിക്കു്. അതുക്കു് പിഴച്ചതു് നാനാ പൊന്നങ്കത്തെ? എന്നുടെ സുമാർ സുമാറാകത്താനിരിക്കും. ഒരെണ്ടു് നാളുക്കുള്ളെ കാണലാം.'

തമ്പി: 'ശവത്തിനെ വിട്ടു് വേലൂ. കേൾക്കു്, കാണുന്ന ചാന്നാപ്പരിഷകളെ അരനാവികയക്കകം ഇവിടെ. ഫോ! ഇതിന്റെ അവസാനം കണ്ടിട്ടു് മേൽക്കാര്യം. അത്ര മുതിർന്നുപോയല്ലോ ഓരോരുത്തർ. പോ! കൊണ്ടുവാ.

തെളിയുമോ ഇല്ലയോ എന്നറിയിട്ടെ. മുഴുവനും ജാലമല്ല; തീർച്ചയാണ്. വൈകുംമുമ്പിൽ ആ ചാന്നാനെ കൊണ്ടന്നില്ലെങ്കിൽ ഒന്നിന്റെ കഴുത്തിനെ വെച്ചേക്കുല്ല . . . ഫോ.' ഗംഭീരഭാവത്തോടുകൂടി കൊടുക്കപ്പെട്ട ഈ ആജ്ഞ കേട്ട് വേലുക്കുറുപ്പ് പറയുന്നതിനെന്നുള്ള ഭാവത്തിൽ സുന്ദരയ്യനും പുറകേ എത്തി.

സുന്ദരയ്യൻ: 'അടേ, എന്ന പൊയ്യെടാ? അവർ ഓടിയൂട്ടാരാക്കും.'

വേലുക്കുറുപ്പ്: 'പറന്നേകളഞ്ഞു. തൊറന്നുപാത്തേന്ന് പറഞ്ഞുപ്പോച്ചാൻ! ബ്ല, ചങ്കിച്ചുംപോയി. പിന്നെ എന്തുചെയ്യും?'

സുന്ദരയ്യൻ: 'അന്ത ശാണാൻ ആരു്?'

വേലുക്കുറുപ്പ്: 'അതു് അറവലയോ?'

സുന്ദരയ്യൻ: 'അന്ത അമ്പുടെ കതയോ?'

വേലുക്കുറുപ്പ്: 'അതൊള്ളതുതന്നെ.?'

സുന്ദരയ്യൻ: 'ശെത്തതു് എത്തിന പേർ?'

വേലുക്കുറുപ്പ്: 'രണ്ടേ രണ്ട്. ഇനി ഇപ്പോൾ ഞാൻ എന്തുവേണം? ചാന്നാന്മാരെ കൊണ്ടണ്ടിട്ട് എന്തുവേണം?'

സുന്ദരയ്യൻ: 'അവരുക്കുതാൻ തെരിയും. എന്നത്തെയോ കേട്ട് എന്നത്തെയോ ശൊല്ലൂട്ടാർ. ഉനക്കെന്ന? പോ അപ്പാ പോ. എല്ലാത്തെയും ഇഴ്. ഇഴുത്തിഴുത്തിങ്കെ കൊണ്ട പോട്ട്. എന്നവും ശെയ്യട്ടും. അതിലെ ഒന്നിരിക്ക്. അന്ത ചടച്ചിപ്പിള്ളെ പറ്റിച്ചുപൊട്ടാർ പോലിരിരുക്ക്. ചാണാപ്പയലെ കൊണ്ടുവന്നാൽ അമ്പുടെ കാര്യത്തെപ്പ

റ്റി എന്നവും തൂൽപു് കിടയ്ക്കും. പയകളെ എല്ലാം കൊല്ലറ താനാ, അതും താവിളെ … പാരു് … ഇന്ത ആളുകൾ മു ച്ചൂടും കിടുങ്കംപടിക്കു് എന്നതാവിതു് ഇപ്പോസെയ്യ വേ ണ്ടിയതു്. അതുക്കു് നല്ല അവസരം, പോ. എൻ കഴുത്തി ലെ പിടിച്ചതെ മനസ്സിലെ വച്ചുക്കോ.'

വേലുക്കുറുപ്പു്: 'കള്ളസ്വാമി! അയ്യ! കിടന്നു് കോട്ടാൻ തൊ റക്കുമ്പോലെ തൊറന്നല്ലോ. അതു് കള്ളമല്ല? അമ്പേ സാമീ, ഇത്ര കള്ളം എനിക്കുമില്ല. നൊന്തിട്ടാണോ ഈ വിളി എല്ലാം വിളിച്ചതു്? ഞാൻ അങ്ങുന്നു് കാണാൻവേ ണ്ടി വച്ചു് അമുക്കിപ്പിടിക്കുംപോലെ പിടിയെടാ പി ടി … ഒരാളു് കിടന്നു് പുലയൻ വിളിക്കുമ്പോലെ വിളി യെടാ വിളി … ഹ! ഹ!'

സുന്ദരയ്യൻ: 'മൊള്ളേടാ പൈത്യാറാ. അവർ കേപ്പാർ …'

വേലുക്കുറുപ്പു്: 'കേട്ടാലെന്തു്? തരത്തിനു് വല്ലതും പറയും. വായിൽ നാക്കല്ലയോ കിടക്കണതു്?'

സുന്ദരയ്യൻ: 'പോ, ശീഘ്രം പോ. അവർ അതോ അയം പോടറതെക്കേൾ അലമാറുതാൻ.'

വേലുക്കുറുപ്പു് ചാന്നാന്മാരെ ആരാഞ്ഞും സുന്ദരയ്യൻ ത മ്പിയെ സമാധാനപ്പെടുത്തുവാനും തിരിച്ചു. പത്തിരുനൂ റു് നായന്മാരും വേൽക്കാരും ആയി അണു് വേലുക്കുറു പ്പു് ചാന്നാന്മാരെ പിടികൂടുന്നതിനു് തിരിച്ചതു്. ഇങ്ങനെ വ ലുതായ സന്നാഹത്തോടുകൂടി തിരിച്ചതു് വേലുക്കുറുപ്പിനു് ത ന്നെ മനസ്സിലായിരുന്ന ഒരു ഉദ്ദേശ്യത്തോടുകൂടി ആയിരു ന്നു. വേലുക്കുറുപ്പു് യാത്രയായതിന്റെ ശേഷം തമ്പി ദേഷ്യ ത്തോടുകൂടിത്തന്നെ കുളിയും ഊണും കഴിഞ്ഞു് മാളിക

യിൽ കേറി ഇരിപ്പായി. സുന്ദരയ്യനോടും മിണ്ടാൻ ഭാവമില്ല. മദ്ധ്യഹ്നം ആയപ്പോൾ ചാന്നാനെയുംകൊണ്ടു് ഒരു കൂട്ടെ വേൽക്കാർ എത്തി, ചടച്ചി മാർത്താണ്ഡപ്പിള്ളയെ ആകട്ടെ, മറ്റു് വേണ്ട ആളുകളെ ആകട്ടെ കണ്ടിട്ടില്ലെന്നും പിടികൂടികൊണ്ടു് വന്നിട്ടുള്ള ചാന്നാൻ യാതൊന്നും അറിഞ്ഞിട്ടില്ലെന്നു് പറയുന്നു് എന്നും ബോധിപ്പിച്ചു. വേലുക്കുറുപ്പു് 'ചാന്നാൻ' എന്ന ഒരു വാക്കു് ഉച്ചരിച്ചതു് കേട്ടു് തനിക്കു് ചില ആലോചനകൾ അപ്പോൾ ഉണ്ടായതല്ലാതെ, ചാന്നാന്മാരെ പിടികൂടി കൊണ്ടുവരാൻ ആജ്ഞാപിച്ചതിന്റെ ഉദ്ദേശ്യം എന്താണെന്നു് കോപാന്ധനായിത്തന്നെ ഇരിക്കുന്ന അദ്ദേഹത്തിനു് രൂപമില്ല. 'ചാന്നപ്പയൽ ഒരുത്തനെ കൊണ്ടന്താച്ചു്' എന്നു് വേൽക്കാരുടെ റിപ്പോർട്ടിനെ വ്യക്തമായി സുന്ദരയ്യൻ പറഞ്ഞു.

തമ്പി: 'വെട്ടിക്കളയട്ടെ കഴുത്തു്. അല്ലെങ്കിൽ സത്യം പറയട്ടെ.'

സത്യം പറയുന്നതിനു് ചാന്നാനു് യാതൊരറിവും ഇല്ലായിരുന്നു. അരനിമിഷംകൊണ്ടു് തലയറ്റു് അവൻ നിലത്തു് വീണു. ഇങ്ങനെ ഏകദേശം അമ്പതു് ചാന്നാന്മാരുടെ കഥ കഴിഞ്ഞു. 'പൊന്നേമാന്മാരേ, ഒടയതമ്പുരാനെ, അടിയങ്കൾ ഒണ്ണും പിളച്ചില്ലേ. 'എന്ന മുറവിളികൾ കേട്ടും പ്രേതങ്ങൾ വർദ്ധിച്ചു് വരുന്നതും രക്തം ഒഴുകിത്തുടങ്ങിയതും തമ്പിയുടെ നിർദ്ദയമായുള്ള കൃത്യത്തെ അറിഞ്ഞു് വ്യാകുലപ്പെട്ടുതുടങ്ങിയ നഗരവാസികൾ ഓരോന്നു് മന്ത്രിച്ചുതുടങ്ങിയതു് കണ്ടും സംഗതിയുടെ ഗൗരവം കുറച്ചു് മനസ്സിലായതിനാൽ തമ്പിക്കുതന്നെ ഒരു പരിഭ്രമം പിടിപെട്ടു. ഒടുവിൽ ഭ്രാന്തനായ ഒരു ചാന്നാനെ പത്തിരുപതു് വേൽക്കാർക്കൂടി

വലിച്ചിഴച്ച് കൊണ്ടുവന്ന് പ്രേതക്കുന്നിന്റെ മുന്നിലായ് നിറുത്തി. ശവക്കൂട്ടത്തെ കണ്ടപ്പോൾ ചാന്നാന്റെ നേത്രങ്ങൾ അടഞ്ഞു. ശരീരം ഒന്ന് വിറയ്ക്കുകയും ചെയ്തു. "എടാ" എന്ന് തമ്പി തന്നെ ദേഷ്യത്തോടെ വിളിച്ചത് കേട്ട് ഞെട്ടി ഉണർന്നത് പോലെ ചാന്നാൻ കണ്ണ് തുറന്നു. ബീഭത്സനായ ചാന്നാന്റെ ദയനീയമായ വേഷം കണ്ട് തമ്പി ഇങ്ങനെ ചോദ്യം ചെയ്തു: എടാ, നീ ഒരു വസ്തു കഴിച്ചില്ലയോടാ ഇന്ന്?"

ചാന്നാൻ: "പവിഴനല്ലൂർ നടുക്കാട്ടിലെ... തങ്കം പട്ട പടുകളത്തിൽ, ചണ്ടാളപ്പാവി പാപ്പാൻ... ചതിയാക കൊന്നാനെ."

വ്യക്തമായും മധുരമായുമുള്ള സ്വരത്തിലും തമ്പിയുടെ ചോദ്യത്തിന് ഉത്തരമായും ചാന്നാൻ ഉച്ചത്തിൽ ഇങ്ങനെ പാടിയത് കേട്ടപ്പോൾ തമ്പിയും സുന്ദരയ്യനും വിവർണ്ണന്മാരായി. പരസ്പര വിചാരങ്ങളെ മനസ്സിലാക്കീട്ട് "എന്ന സൊറം" എന്ന് സുന്ദരയ്യനും, "എടാ, നിന്നോട് ചോദിച്ചതിന് ഉത്തരം പറ; നിന്നെ ഒന്നും ചെയ്യില്ല" എന്ന് തമ്പിയും പറഞ്ഞു.

ചാന്നാൻ: "കൊല്ലവരം വെല്ലവരം... കുടിയഴിയെ മുടിക്കവരം... പാലികളെ ചൂലികളെ... ഇമ്പമുടൻ കൊല്ലവരം."

സുന്ദരയ്യൻ: "ബലെ, ഇവൻ പൈത്യക്കാറനന്ന്."

തമ്പി: "ഹേയ്, ഒരു കഥയുമില്ലാത്ത പിച്ചൻ. എങ്കിലും ഒന്ന് ചോദിക്കട്ടെ. പിന്നെ, ശരി... ആ: ഇന്ന് നീ ഒരു ഏമാനെ കണ്ടോടാ? വില്ലും അമ്പുമായിട്ട് ഒരു തമ്പുരാനെ?"

ചാന്നാൻ: “നീലക്കറുപ്പ് ചാലിങ്കന വില്ലെത്തിനാ ... കടകം വെട്ടിക്കുത്തിക്കൊണ്ട് കടത്തല ... മുറയിൽ തടുക്കും വെടിക്കറരെത്തിന ... ചതുരം പെരുത്ത ...”

തമ്പി: “ഛേ ഛേ! കൊണ്ട് ആ കല്ലറയിൽ ഇട്ടേക്കട്ടെ. ഇനി വരുന്നവരെയും അങ്ങനെ തന്നെ. കൊല്ലണ്ട.”

തമ്പിയുടെ ആജ്ഞാനുസരണം, കിങ്കരന്മാർ ഭ്രാന്തനെ പിടിച്ച് അന്ധകാരമയമായ ഒരു കല്ലറയിൽ കൊണ്ടാക്കി വാതിലും ബന്ധിച്ചു. ഭ്രാന്തനെ ഭാഗ്യം കൊണ്ട് വേലുക്കുറുപ്പും അയാളോട്ട് അന്ന് രാവിലത്തെ പുറപ്പാടിൽ ഉണ്ടായിരുന്ന വേൽക്കാരിൽ യാതൊരുത്തരും അവിടെ ഉണ്ടായിരുന്നില്ല. ഭ്രാന്തന്റെ വരവ് കഴിഞ്ഞതിൽ പിന്നെ ചാന്നാന്മാരുടെ വരവുണ്ടായില്ല. തമ്പി രക്തധാര കണ്ട് തൃപ്തനായി, സുന്ദരയ്യനോട്ട് ഉത്സാഹമായി സല്ലാപം തുടങ്ങി. ഏകദേശം മൂന്നുനാല് നാഴിക കഴിഞ്ഞപ്പോൾ വേലുക്കുറുപ്പ് തന്റെ ദന്തനിരകളെയും പുറത്തുകാട്ടി വിജയിയായ ഭാവത്തിൽ മാളികയിലേയ്ക്ക് കടന്ന് ചെന്നു.

തമ്പി: “വന്നോ, ഒന്നിനും കൊള്ളാത്ത ഏഭ്യൻ? ചിരിക്കുന്നു! നിന്റെ ഭാര്യയോ മറ്റോ ഇരിക്കുന്നോ ഇവിടെ നിന്റെ സൗന്ദര്യം കണ്ട് രസിപ്പാൻ?”

വേലുക്കുറുപ്പ്: “ഈ കൈക്ക് വള തരാനുള്ള പൊന്നങ്ങുന്നുണ്ട്. അങ്ങുന്നേ, വേലു പോയാൽ വെറുതേ വരുല്ല. സ്വാമി വിചാരിച്ചതു് ഞാൻ ചാന്നാന്മാരെ പിടിയ്ക്കാൻ പോയെന്നാണ്. അതിനല്ല ഞാൻ പോയതു്.”

തമ്പി: “പിന്നെ?”

വേലുക്കുറുപ്പ്: “സുന്ദരസ്വാമിയ്ക്ക് ബുദ്ധിയുള്ളെന്നാണ് ബാവം. നോക്കിക്കൊള്ളണം സ്വാമി. അങ്ങുന്നെ, കൈയ്യിൽകിട്ടിപ്പോയ്. ഒരമുക്ക്; ശാലം ഒക്കെ ദൂരെ. ഞാൻ ഇതാ പോണു. രാത്രി ഇരുട്ടി രണ്ട് നാഴിക ആകുമ്പോൾ ഇവിടെനിന്ന് ഒരു നൂറ്റമ്പതു് വേൽക്കാരെയും നായന്മാരെയും അയച്ചേക്കണം. അവര് നേരെ മാങ്കോയിക്കൽ എത്തണം. അവിടെയോ അതിനടുത്തോ ഞാൻ കാണും. അങ്ങത്താണെ ഇന്ന് തീട്ടിയേക്കാം. സംശയിക്കേണ്ട. നൂറ്റമ്പതു് വേൽക്കാരെ ഞാൻ ഓരോ വഴിയിൽ നിറുത്തീട്ടുണ്ട്.”

തമ്പി: “എന്തിനെടാ? മാങ്കോയിക്കൽ ഉണ്ടോ?”

വേലുക്കുറുപ്പ്: “ഒണ്ട്; രാത്രി കണിശമായ് വേൽക്കാർ അവിടെ എത്തണം. ഇരുളും വേലുവും ചേർന്നാൽ ശാലമൊക്കെ ഫൂ!”

ഭ്രാന്തൻ ചാന്നാൻ കല്ലറയ്ക്കകത്തായി വാതിലും അടഞ്ഞു് കണ്ടപ്പോൾ ലേശമെങ്കിലും പരിഭ്രമമോ ഭീതിയോ കൂടാതെ ബന്ധിക്കപ്പെട്ട വാതിലിന് സമീപമെത്തി കുറച്ചു നേരം ചെവികൊടുത്തു് നിന്നു. തന്നെ ബന്ധനത്തിലാക്കിയ ഭടന്മാർ അകലെ ആയെന്ന് നിശ്ചയം വന്നപ്പോൾ മുറിയ്ക്കകത്തു് ചുറ്റിനടന്ന്, കൈകൊണ്ടും കാലുകൊണ്ടും മുറിയെ പരിശോധന ചെയ്തു. ഈ മുറി സമഭ്രമിയിൽ നിന്ന് പത്തിരുപതടി താണുള്ളതായിരുന്നു. സൂര്യരശ്മികൾക്ക് കടക്കുന്നതിന് ഒരു മാർഗ്ഗവും ഇല്ലാതിരുന്നതിനാൽ ചാന്നാന്റെ പരിശോധന കഴിയുന്നതിന് വളരെ താമസമുണ്ടായി. ഒടുവിൽ തന്റെ പാദത്തിൽ ഒരു ഇരുമ്പു വളയം തടഞ്ഞതിനെ മേൽപ്പോട്ട് വലിച്ചുനോക്കിയതിൽ ചെറു



തായ ഒരു വാതിൽ നിലത്തു് തുറന്നതായ് കണ്ടു. ഇപ്രകാരം തുറക്കപ്പെട്ട ദ്വാരത്തിന്റെ രണ്ടുവക്കിലും കൈപിടിച്ചു് കൊണ്ടു് ചാന്നാൻ കീഴ്പ്പോട്ടു് ളുങ്ങിയിറങ്ങി നിലത്തുമുട്ടി. മുകളിലുള്ള വാതിൽ അടച്ചു. താൻ നിൽക്കുന്ന മുറി എത്രയും കുടുസ്സായുള്ളതും വായുസഞ്ചാരം മിക്കവാറും ഇല്ലാത്തതും ആണെന്നറിഞ്ഞ് നാലുവശവും ധൃതിയിൽ പരിശോധന കഴിച്ചു് ഒരു വാതിലിനെ കണ്ടുപിടി

ച്ച്, അതിനെ പ്രയാസം കൂടാതെ തുറന്നു. കാൽ മുന്നോട്ട് വച്ചതു് ഒരു കൽപ്പടിയുടെ മുകളിലായിരുന്നു. എട്ടുപടി ഇറങ്ങിയപ്പോൾ നിരപ്പുള്ള ഭൂമിയായി. മുന്നോട്ട് നടന്ന്, ഏകദേശം അരയ്ക്കാൽ നാഴിക ചെന്നപ്പോൾ മാർഗ്ഗം അടഞ്ഞു് കണ്ടു. പത്മനാഭപുരത്ത് നിന്ന് ചാരോട്ടേക്ക് ഒരു ഗുഹാമാർഗ്ഗം ഉള്ളതായി ചാന്നാൻ അറിഞ്ഞിട്ടുണ്ട്. മാർഗ്ഗം അടഞ്ഞുകണ്ടപ്പോൾ പിന്നോട്ട് തിരിച്ചു. നടന്നിട്ട് വഴി അവസാനിയ്ക്കുന്നില്ല. അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞും ചിലപ്പോൾ വഴിമുട്ടിയും, പിന്നോക്കം നടന്നും പാറ, ചരൽ, ചേറ്, മണൽ എന്നിങ്ങനെ പലമാതിരിയുള്ള നിലങ്ങളും അനേകം ജീവജന്തുക്കളേയും ചവിട്ടിയും ഓരോ സ്ഥലത്ത് കൈ, കാൽ, തല മുട്ടിയും ഏകദേശം പത്ത് പന്ത്രണ്ട് നാഴിക നേരം നടന്നതിന്റെ ശേഷം ഒരു കൽപ്പടിയിൽ കാല് തട്ടി. ഈ സ്ഥലത്തുണ്ടായിരുന്ന പടിക്കൂട്ടത്തെ കയറിയപ്പോൾ ഒരു വാതിലും അതിനെ തുറന്നപ്പോൾ മുമ്പിലത്തേതു് പോലെ കുടുസ്സായുള്ള ഒരു മുറിയും കണ്ടു. ആ മുറിയുടെ മച്ചുള്ള വാതിൽ തുറന്നപ്പോൾ ചാരോട്ട് കൊട്ടാരത്തിന്റെ ഒരു മുറിയ്ക്കകത്തായി. ആ മുറിയുടെ വാതിൽ ബലംകൊണ്ട് തുറന്ന് പുറത്തിറങ്ങിയപ്പോൾ സന്ധ്യ കഴിഞ്ഞു് രണ്ട് മൂന്ന് നാഴിക രാത്രി ആയിരിയ്ക്കുന്നതായി കണ്ടു. വഴി അറിയുന്നതിന് അന്ധകാരം ഹേതുവാൽ വളരെ ബുദ്ധിമുട്ടി. കല്ലും മുള്ളുകളും കാലിൽ തറച്ചതും സഹിച്ചുകൊണ്ട് മാങ്കോയിക്കലിന് അരനാഴിക തെക്കുള്ള ഒരു കുറ്റിക്കാട്ടിലെത്തി. അവിടെ വലിയൊരു സംഘം കുടിനിൽക്കുന്നുണ്ട്. തമ്പിയുടെ ക്രൂരകൃത്യത്തെ ഭയന്ന് ഓരോ ദിക്കിലായ് ഓടിപ്പോ

യിരുന്ന ചാന്നാന്മാർ കൂടി പ്രതിക്രിയക്കുള്ള മാർഗ്ഗം ആലോചിക്ക ആയിരുന്നു. പലരും പലവിധം അഭിപ്രായപ്പെടുന്ന സന്ദർഭത്തിലാണ് നമ്മുടെ ഭ്രാന്തൻ ആ സ്ഥലത്തു് എത്തിയതു്. പലരും: "ആ ... പിച്ച വണ്ണൂട്ടല്ലോ. പിച്ചയെ കൊണ്ണില്ലയോടാ?"

ഒഴക്കനെന്നൊരു ചാന്നാൻ: "ഏതു് പിച്ചയെടാ മച്ചമ്പി?"

കൊപ്പിളൻ: "നോക്കു്, തെരിയാതെണ്ണ?"

ഒഴക്കൻ: "എക്കെ അപ്പിച്ചനാണ എക്കറിഞ്ഞൂടെ."

പൊടിയൻ: "മാനത്തെ മളയിക്കൂടി വണ്ണൂട്ടാരോ" എന്നു് പറഞ്ഞുകൊണ്ടു് തുറന്ന വായോടുകൂടി പിച്ചയെ നോക്കിക്കൊണ്ടു് നിന്നു.

നണ്ടൻ: "പിച്ചയെ അറിഞ്ചു് എന്നവേണമോ? പിച്ച ശൊല്ലണതേ കേപ്പോം"

ഭ്രാന്തൻ: "പയകളെ എല്ലാം ഒണ്ണൊണ്ണാ അരിഞ്ചല്ലാ മാവാവി പോട്ടിരിക്കറ്തു്. നമ്മ ആണുങ്ങളെങ്കി പൊറുക്കമെണ്ണാ?"

രാക്കിതൻ: "എടേ ചുപ്പിറമണിയാ, ഏനോ നാൻ ചൊല്ലേല്ലേ?"

പൊന്നൻ: "എന്ന ചെയ്യും പിച്ചേ? ഞങ്കക്ക തെരിയപ്പണി."

ഭ്രാന്തൻ: "കുടികളിപ്പോയി ചരിവിനെടാ ... എക്ക പുത്തിയിലെ അങ്കനയാണു് തോറ്റം."

പൂതത്താൻ: "ഏറെ ഒരു വെട്ടം ... അതെന്തരെന്നു് പാപ്പിനെടാ?"

പൊടിയൻ: “മാനത്തെ വാളെടുത്ത് വീയണത്”

ഭ്രാന്തൻ: “അതല്ലേ, തീ പിടിച്ചണാ എങ്ങോ? മങ്കോയിക്ക ഏമാന്റെ വീട്ടി... വരുവിനെടാ. ഛീ, എടാ പൊടിയാ, ഇളിഞ്ചപ്പാത്ത് നിന്നാലക്കൊണ്ടോ? നീ വറേല്ലേ?”

ഇങ്ങനെ പൊടിയനെ ശാസിച്ചുകൊണ്ട് ഭ്രാന്തൻ വായുവേഗത്തോടെ പായുന്നതിനെക്കണ്ട് പുറകെ മറ്റുള്ളവരും എത്തി. വടി, വാച്ചി, അറുപ്പുകത്തി എന്നീവക ആയുധങ്ങൾ എല്ലാവരും ധരിച്ചിട്ടുണ്ട്. മങ്കോയിക്കൽ അടുക്കുന്തോറും പ്രകാശവും വർദ്ധിച്ചുകണ്ടു. ധൂമഗന്ധം നാസികകളിൽ തട്ടിത്തുടങ്ങി. ചില മുറവിളികൾ കേൾക്കുന്നുണ്ട്. ജ്വാല പൊങ്ങുന്നതും കാണാറായി. പ്രാണവേദനയോട് കൂടി വികൃതാംഗന്മാരായി ഓരോ പ്രാകൃത വേഷങ്ങൾ പാഞ്ഞു് പോകുന്നതും കാണുന്നു. ചാന്നാന്മാർക്ക് മാങ്കോയിക്കൽ കുറുപ്പിന്റെ മേലുള്ള ഭക്തികൊണ്ട് വേഗം കൂടുന്നു. ഭ്രാന്തന്റെ പാദങ്ങൾ നിലത്ത് തൊടുന്നില്ല. മാങ്കോയിക്കൽ തെക്കേപ്പുറമ്പിൽ എത്തി. പറയരുടെ പ്രേതങ്ങൾ തന്റെ കാലിൽ തടഞ്ഞപ്പോൾ അതിഭയങ്കരമായ സംഗരമാണ് നടക്കുന്നതെന്ന് ഭ്രാന്തന് നിശ്ചയമായി. വീണുകിടക്കുന്ന ഒരു വേൽക്കാരന്റെ ഖഡ്ഗത്തേയും വേലിനേയും ഭ്രാന്തൻ ക്ഷണം കൈയ്യിലാക്കി അകലെനിന്ന് യുദ്ധ ഭൂമിയിൽ പരക്കെ നോക്കിത്തുടങ്ങി. പ്രാകൃതഭാവത്തെ ത്യജിച്ചിട്ട് ഏണത്തെകണ്ട കേസരിയെപ്പോലെ മുന്നോട്ട് കുതിയ്ക്കാൻ ഭാവിച്ചു. നാലുഭാഗവും ക്ഷണമാത്രം കൊണ്ട് നോക്കിത്തീർന്നപ്പോൾ എന്തോ സംശയഗ്രസ്തനായിട്ട് അതിവിവശനായി. മാങ്കോയിക്കൽ കുറുപ്പിനെ വേൽക്കാർ വളഞ്ഞു് ഞെരുക്കുന്നതിനെക്കണ്ട് അ

ദ്ദേഹത്തിന് തുണയായി ചെല്ലാൻ ഭാവിച്ചു. അപ്പോൾ കഴിഞ്ഞ അധ്യായത്തിൽ പ്രസ്താവിക്കപ്പെട്ടതുപോലെ ‘കിട്ടാ… നാരായണാ… എടാ… ചത്തെങ്കിലും ബ്രാഹമണനെ രക്ഷിപ്പാനെടാ… ആരൊണ്ട് എന്നെ സഹായിപ്പാൻ… ബ്രാഹ്മണനെ രക്ഷിപ്പാൻ… അവർക്കെന്റെ വസ്തുവും വീടുകളും എല്ലാം’ എന്ന് കുറുപ്പ് വിളിച്ച് പറകയാൽ ആ വാക്കുകൾക്കുത്തരമായി ‘അടിയൻ ലച്ചിപ്പോം’ എന്ന് കണ്ഠക്ഷോഭത്തോടെ പറഞ്ഞുകൊണ്ട് ഭ്രാന്തൻ കുറുപ്പിന്റെ അടുക്കൽ എത്തുകയും ഭ്രാന്തന്റെ കൂടെയുള്ള ചാന്നാന്മാർ അധൈര്യന്മാരാകാതെ നിലയില്ലാത്ത ക്രോധത്തോടുകൂടി വേൽക്കാരെയും അവരോടുകൂടിയുള്ള നായന്മാരെയും വളയുകയും ചെയ്തതായിരുന്നു.

# 7

“അങ്ങോട്ട് പോകിലനലിങ്ങോട്ട്
പോകിലനൽ എങ്ങോട്ട് പോവ-
തിനിയെന്ന് അവനിപതി അന്ന്...
അവശത കലർന്നു”

മാർത്താണ്ഡവർമ്മ യുവരാജാവിനെ വൃക്ഷങ്ങളുടെ ഇട യിൽക്കൂടി കണ്ടപ്പോൾ ആളിന്റെ യാഥാർത്ഥ്യത്തെ സം ബന്ധിച്ച് കുറുപ്പിന് സംശയമുണ്ടായി എന്നും തന്റെ ഭവന ത്തിലേക്കുതന്നെ യാത്രയെന്ന് സങ്കൽപിച്ചുകൊണ്ട് അ ദ്ദേഹത്തിനെ വഴിപോലെയും ഗൂഢമായും എന്നാൽ ആ പത്തിന് പ്രതിവിധികൾ കരുതിക്കൊണ്ടും സൽക്കാ രം ചെയ്തു എന്നും യുവരാജാവു് ആദ്യം അറപ്പുരയ്ക്കകത്ത് ക ടന്നപ്പോൾ കുറുപ്പ് പുറത്ത് നിന്നതു് ഒരുക്കങ്ങൾ ചെയ്യു വാനും രണ്ടാമതു് കടന്നപ്പോൾ അറപ്പുരയുടെ വാതിലി നെ അടച്ചതു് യുവരാജാവിനെ അദ്ദേഹത്തിന്റെ സ്ഥാ നത്തിന് അനുരൂപമായി താൻ ആദരിക്കുന്നതിനെ മ റ്റുള്ളവർ കാണാതിരിക്കാനും ആയിരുന്നു എന്നും വായ നക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. കുറുപ്പിന്റെ ബുദ്ധിവൈഭ വം അനൽപമായിട്ടുള്ളതായിരുന്നെങ്കിലും വേൽക്കാർ

ക്ക് തന്റെ ഗൃഹത്തിന് തീ വയ്ക്കാൻ തോന്നത്തക്കേടത്തോളം കണ്ടകത്വം ഉണ്ടെന്നുള്ളത് ഗണിക്കുന്നതിലേക്ക് മതിയായിരുന്നില്ലെന്നുള്ളത് സമ്മതിക്കേണ്ടിയിരിക്കുന്നു. തന്റെ അനന്തരവൻ, വേൽക്കാരുടെ ആഗമനത്തെപ്പറ്റി അറിവ് കൊടുത്തുകൂടിയപ്പോൾ തന്റെ ഭൃത്യരിൽ ഒരുത്തൻ കുറുപ്പിന്റെ മുഖത്ത് നോക്കീട്ട് പുറത്തേക്ക് വേഗത്തിൽ പോകുന്നതിനെ താൻ കണ്ടിരുന്നതിനാൽ വേൽക്കാരെ വല്ലവിധവും കുറച്ചുനേരം വാക്തർക്കം കൊണ്ടോ എതിർത്തോ നിൽക്കാൻ കഴിഞ്ഞെങ്കിൽ നേരിട്ടിരിക്കുന്ന അപത്തിന് നിവൃത്തി ഉണ്ടാകുമെന്ന് കുറുപ്പിന് വിചാരമുണ്ടായിരുന്നു. വേലുക്കുറുപ്പിന്റെ മുൻകോപവും മാങ്കോയിക്കൽ ചെറിയകുറുപ്പിന്റെ അവിവേകവും ഇടചേർന്നപ്പോൾ 'ചക്രാസ്ത്രങ്ങളടുത്തിടചേർന്ന' സ്ഥിതിയായി.

വേലുക്കുറുപ്പ് തമ്പിയോട് വ്യാജങ്ങൾ പറഞ്ഞുകേൾപ്പിക്ക പതിവായിരുന്നെങ്കിലും അയാൾക്കുള്ളിടത്തോളം തമ്പിയെക്കുറിച്ച് മനഃപാർവ്വമായ സ്നേഹം തമ്പിയുടെ അവരജനായ ശ്രീരാമൻ തമ്പിക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. തമ്പിയുടെ ശ്രേയസ്സിനായി തന്റെ ജീവനെത്തന്നെയും കൈവെടിയുന്നതിന് വേലുക്കുറുപ്പിന് തീരെ സംശയമില്ലെങ്കിലും തന്റെ പ്രയത്നങ്ങൾ നിഷ്ഫലമായിപ്പോകുന്ന സന്ദർഭങ്ങളിൽ തമ്പിയുടെ കോപത്തെ ശമിപ്പിക്കുന്നതിന് വ്യാജമായ സമാധാനങ്ങൾ പറകയെന്നുള്ള ഒരു നിവൃത്തിയേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ രണ്ടാമത് തമ്പിയുടെ മുമ്പിൽ എത്തി യുവരാജാവിനെ പിടികൂടുന്നതിന് മാർഗ്ഗം ലഭിച്ചിരിക്കുന്ന് എന്ന് പറഞ്ഞത് വ്യജ



മല്ലായിരുന്നു. വേൽക്കാരുമായി കാടുകളും പുരയിടങ്ങളും ചുറ്റി ചാന്നാന്മാരെ ആരായുന്നതിനിടയിൽ യുവരാജാവിന്റെ ഗതിയെക്കുറിച്ചുകൂടി വേലുക്കുറുപ്പ് അന്വേഷണങ്ങൾ ചെയ്തു. മാങ്കോയിക്കൽ ഗൃഹത്തിന് ഏകദേശം ഒരു നാഴിക തെക്ക് ഒരു കാട്ടിൽ വേലുക്കുറുപ്പ് ആരാഞ്ഞ് നടക്കുന്ന സമയം, ഒരു രൂപം ചെടിയുടെ ഇടയി മറയുന്നതിനെ കണ്ടിട്ട് അതിന്റെ പുറകേ എത്തിയപ്പോൾ, ഒളിച്ചതു് ഒരു പറയനാണെന്ന് കണ്ട്, അവനെ പിടികൂടി ഹംസിച്ചപ്പോൾ, പ്രാണനെ ഭയന്ന്, താൻ മാങ്കോയിക്കൽ കാവലിന് പോകയാണെന്നും അവിടെ ഒരു 'പിരാമ്മണത്തമ്പുരാങ്' ചെന്നിരിക്കുന്നു എന്നും പറഞ്ഞു. പറയനെ പിന്നീട് വിട്ടയച്ചില്ല. ഉടനെ തമ്പിയോട് പറഞ്ഞു കേൾപ്പിച്ചതുപോലുള്ള ഏർപ്പാടുകൾ ചെയ്തിട്ട് കുറുപ്പ് പ

ത്മനാഭപുരത്തെത്തി. രാത്രി ആ സ്ഥലത്തുനിന്ന് അയയ്ക്കേണ്ട വേൽക്കാരുടെ കാര്യത്തെപ്പറ്റി സകലതും ചട്ടംകെട്ടി. അനന്തരം മാങ്കോയിക്കൽ ചുറ്റിയുള്ള കാവലിന് താനും ചെന്നെത്തി. വേൽക്കാരുടെ ഉദ്യമങ്ങളെ കണ്ട് ചോദ്യം ചെയ്തവരോടൊക്കെ മാങ്കോയിക്കൽ കുറുപ്പിന്റെ ആജ്ഞാനുസരണം പ്രവർത്തിക്കുന്നതാണെന്ന് വേൽക്കാർ വേലുക്കുറുപ്പിന്റെ ശാസനപ്രകാരം പറഞ്ഞതിനാൽ ഈ കഥ ഒന്നും മാങ്കോയിക്കൽ എത്തിയില്ല. ആദിത്യൻ അസ്തമിച്ചപ്പോൾ വേലുക്കുറുപ്പ് ഭടന്മാരുടെ നിലയെ മാങ്കോയിക്കലിന് പൂർവ്വസ്ഥിതിയിൽനിന്ന് കുറച്ചുകൂടി അടുപ്പിച്ചാക്കുകയും ഒരു കാഹളശബ്ദം കേൾക്കുമ്പോൾ അവർ മാങ്കോയിക്കൽ എത്തണമെന്നും മറ്റും നിബന്ധന ചെയ്കയും ചെയ്തിട്ട്, മാങ്കോയിക്കൽനിന്ന് കാൽനാഴിക കിഴക്കുതെക്കായി പത്മനാഭപുരത്തുനിന്നുള്ള വഴിയിൽ പത്തിരുപത് വേൽക്കാരുമായി ചെന്നുനിന്നു.

മാങ്കോയിക്കൽകുറുപ്പിന്റെ അനന്തരവൻ കാരണവനോളം ബുദ്ധിമാനല്ലായിരുന്നു. തമ്പിയുടെ പ്രൗഢിയും വേൽക്കാരുടെ ലഹളകളും ചാന്നാന്മാരുടെ വരവും അവരുടെ മൃതിയും എല്ലാം കണ്ട് രസിച്ചുകൊണ്ടു നിന്നു. തന്റെ ഗൃഹത്തെ സംബന്ധിച്ചുള്ള കാര്യങ്ങളല്ലാതിരുന്നതിനാൽ ഇതുകളെ മാങ്കോയിക്കൽ അറിയിക്കേണ്ടതു് ആവശ്യമില്ലെന്ന് സ്വയമേ നിശ്ചയിച്ചുകൊണ്ടു. സന്ധ്യയായപ്പോൾ വേൽക്കാർ കൂട്ടംകൂടി ആയുധങ്ങളും മറ്റും ശരിയാക്കുന്നതിനെ കണ്ടിട്ട് രാത്രിയും ഉത്സവമായി കഴിക്കാമെന്ന് കൊച്ചുകുറുപ്പ് സങ്കൽപിച്ചു. രണ്ടുനാഴിക കഴിഞ്ഞ

പ്പോൾ വേൽക്കാർ യാത്ര ആരംഭിച്ചു. വരുണൻ പ്രസാദി ക്കാൻ പോകുന്നതിന്റെ പൂർവ്വ ചടങ്ങുകളെ കണ്ടിട്ട് ആക പ്പാടെ താമസം വെടിപ്പല്ലെന്ന് നിശ്ചയിച്ചുകൊണ്ട് വേൽ ക്കാരുടെ മുമ്പിലായി നടന്നുതുടങ്ങി. ഈയാൾ മാങ്കോയി ക്കലേക്കുള്ള വഴിക്ക് തിരിഞ്ഞപ്പോൾ വേൽക്കാരം ആ വ ഴിക്ക് തന്നെ തിരിയുന്നതിനെ കണ്ടിട്ട് വല്ലാതെ അന്ധാ ളിച്ചുകൊണ്ട് പാച്ചിൽ തുടങ്ങി. വഴിയിൽ നിന്നിരുന്ന ചി ല ആളുകളേയും തള്ളി നിലത്തുവീഴിച്ച്, താനും ഏതാ നും കുഴികളിലും മറ്റും വീണ്, ചില മുറിവുകളും സമ്പാദി ച്ച്, ആകെപ്പാടെ സംഭ്രമത്തോടുകൂടി മാങ്കോയിക്കൽ എ ത്തി. യഥാർത്ഥത്തിൽ വേലുക്കുറുപ്പിനെ തന്റെ പുറകെ എ ത്തിയ വേൽക്കാരുടെ കൂട്ടത്തിൽ കണ്ടില്ലെങ്കിലും സ്വക ല്പിതമായി അയാൾകൂടി ഉണ്ടെന്നും മറ്റും കാരണവനോ ട് പറഞ്ഞു കേൾപ്പിച്ചു.

ഭ്രാന്തൻ ചാന്നാൻ യുദ്ധഭൂമിയിൽ എത്തി, മാങ്കോയി ക്കൽ കുറുപ്പിന്റെ സമീപത്ത് ചെന്നപ്പോൾ അദ്ദേഹം എ ന്തോ രണ്ട് വാക്ക് ഉറക്കെ വിളിച്ച് പറഞ്ഞു. വേൽക്കാർ ക്കും മറ്റും വല്ല മന്ത്രമായിരിക്കുമോ എന്ന് തോന്നി. ഈ വാ ക്കുകൾ കേട്ടയുടനെ ചാന്നാൻ തന്റെ വഴിക്ക് നിന്നിരുന്ന വേൽക്കാരെ വെട്ടി നിലത്ത് വീഴ്ത്തീട്ട് നേരെ പടിഞ്ഞാ റോട്ട് ഓടി. അറപ്പുരയുടെ തെക്കേ അറ്റംമുതൽ പടിഞ്ഞാ റോട്ടുള്ള കയ്യാലയിൽ കത്തിത്തുടങ്ങീട്ടുള്ള ഓലകളെ വ ലിച്ചും വേലിനാൽ തള്ളിയും നിലത്താക്കി വലത്തോട്ട് ക ടക്കുന്നതിന് വഴിയുണ്ടാക്കിയിട്ട് തെക്കോട്ട് മാറി ആ യം പിടിച്ച് മുന്നോട്ട് ഓടി. കയ്യാലമേൽ ഒരു കൈ ഊന്നി, ഊന്നീല്ല എന്ന് തോന്നത്തക്ക വേഗത്തിൽ കുതിച്ചുചാ

ടി അറപ്പുരയുടെ പടിഞ്ഞാറേമുറ്റത്ത് എത്തി. അവിടെ നിന്ന് മേല്പോട്ട് നോക്കിയതിൽ അറപ്പുരയുടെ വടക്കും തെക്കും ഭാഗങ്ങൾ ദഹിച്ച് തുടങ്ങീട്ടുള്ളതായും ക്ഷണത്തിൽ രണ്ടു ഭാഗങ്ങളിലും ഉള്ള തീ സന്ധിക്കുമെന്നും കാണുകയാൽ, വരുന്നതുവരട്ടെ എന്നുള്ള ധൈര്യത്തോടുകൂടി, അനലസംയോഗം അണഞ്ഞിട്ടില്ലാത്ത ഭാഗം പുരപ്പുറത്ത് ചാടിക്കയറി വാരികൾ പൊളിക്കയും പട്ടിയലുകളെ കയ്യുകൊണ്ടു് വലിച്ചിളക്കുകയും ചെയ്തിട്ടു് തട്ടിനുള്ളിൽ കടന്നു. അവിടെ നിന്ന് കീഴ്പോട്ടിറങ്ങുന്നതിനുള്ള വാതിലിനെ വേലിന്റെ മുനകൊണ്ടു് തെന്നിത്തുറക്കാൻ നോക്കിയതിൽ കഴിയായ്കകൊണ്ടു് മറ്റനേകം സാമാനങ്ങളുടെ കൂട്ടത്തിൽ കിടന്നിരുന്ന ഒരു കോടാലി കൈക്കലാക്കി അതുകൊണ്ടു് വാതിലിന്റെ മതിയനെ വെട്ടിപ്പൊളിച്ച് വാതിൽ തുറന്നു. കൈയിലുണ്ടായിരുന്ന കോടാലി മുതലായതിനെ മുറിക്കകത്തോട്ടു് ഇട്ടിട്ടു് “ഉടയവരേ, പയപ്പെടല്ലേ” എന്ന് പറഞ്ഞു് അകത്തുള്ളവരെ താൻ ഒരു ബന്ധുവാണെന്ന് ധരിപ്പിച്ച് കൊണ്ടു് താഴത്ത് ചാടി.

യുവരാജാവും പരമേശ്വരൻ പിള്ളയും മുറിക്കകത്തായപ്പോൾ കുറുപ്പിന് എന്ത് ആപത്തുവരുമോ എന്നും അദ്ദേഹത്തിനെ സഹായിക്കുന്നതിന് താൻ നില്ക്കേണ്ടതായിരുന്നു എന്നും ഉള്ള വിചാരങ്ങൾ കൊണ്ടു് യുവരാജാവ് അതിവിവശനായി. സന്തോഷകാലങ്ങളിൽ ചപലനും ആപൽക്കാലങ്ങളിൽ സ്ഥിരധൈര്യവാനും ആയിരുന്ന പരമേശ്വരൻ പിള്ള തന്റെ കൈക്കൽ ഉണ്ടായിരുന്നതിൽ ഒരു ഖഡ്ഗം യുവരാജാവിന്റെ കൈയിൽ കൊടുത്തിട്ടു് ത

ന്റെ വാളും പരിചയുമായി ആപത്ത് വല്ലതും നേരിടുന്നെ ങ്കിൽ എതിരിടുന്നതിന് സന്നദ്ധനായി നിന്നു. ഓരോ ശ ബ്ദങ്ങൾ അവ്യക്തമായി മുഴങ്ങുന്നത് കേട്ടുതുടങ്ങി. എന്ത് ശ ബ്ദമാണെന്ന് ഒന്നും തിരിച്ചറിയുന്നതിന് കഴിവുണ്ടായി ല്ല. ജനക്ഷേമതത്പരനും പരാജയങ്ങളെക്കൊണ്ട് സു സ്ഥിരധൈര്യശാലിയും ആയിരുന്ന യുവരാജാവ്, കേൾ ക്കുന്ന ധ്വനി സംഗരധ്വനി ആണെന്നറിഞ്ഞ് കുട്ടിലാക്ക പ്പെട്ട മൃഗത്തെപ്പോലെ ഉഴന്ന് തുടങ്ങി. കുറച്ച് കഴിഞ്ഞ പ്പോൾ മുറിക്കകത്തെ വായുവിന് ഘനവും ഔഷ്ണ്യവും ഉ ണ്ടായിത്തീർന്നപോലെ തോന്നി. ഈ പീഡകൾ വർ ദ്ധിച്ചപ്പോൾ വാതിൽ തുറന്ന് പുറത്തുചാടണമെന്ന് നി ശ്ചയിച്ച്, കഴിയുന്ന പരിശ്രമങ്ങൾ ചെയ്തു. അനല സാ മീപ്യംകൊണ്ടുള്ള ചൂടാണെന്ന് മനസ്സിലാക്കീട്ട് യുവരാ ജാവും പരമേശ്വരൻ പിള്ളയും വാതിലിനെ പാദംകൊ ണ്ട് തകർത്തുതുടങ്ങി. അകത്ത് നിന്നാകയാൽ ഒരു ഫ ലവും ഉണ്ടായില്ല. ദേഹത്തിൽ ഒഴുകിക്കൊണ്ടിരുന്ന വി യർപ്പ് വറ്റി രോമകൂപങ്ങളിൽ വല്ലാതുള്ള നീറ്റലും അധി കമായ ദാഹവും ശ്വാസോച്ഛ്വാസം ചെയ്യുന്നതിന് വിഷമ വും ഉണ്ടായിത്തുടങ്ങി. ചൂട് ദുസ്സഹമായിത്തീർന്നു. രക്ഷ പ്പെടുന്നതിന് വഴിയും ഒന്നും കാണുന്നില്ല. നിരയുടെ ചേർ പ്പുകൾ പഴക്കത്താൽ അങ്ങുമിങ്ങും കുറേശ്ശെ ഭേദിച്ചിരി ക്കുന്നതിനിടയിൽക്കൂടി പുക അകത്തോട്ട് കടന്നുവരുന്ന തിനാൽ മരണം സന്ദിഗ്ദ്ധപക്ഷം അല്ലെന്ന് നിശ്ചയമായി ട്ടും യുവരാജാവിന് സ്വാർത്ഥത്തേക്കാൾ പരകാര്യത്തിലാ യിരുന്ന് അധികം അന്വേഷണം. 'കുറുപ്പിനെന്ത് പറ്റി എ ന്നറിഞ്ഞുകൂടല്ലോ പരമേശ്വരാ' എന്ന് യുവരാജാവ് പറ

ഞ്ഞതിന് പ്രത്യുക്തി ഒന്നും ഉണ്ടായില്ല. ഇതിന്റെ കാരണം എന്തെന്ന് പരിഭ്രമിച്ച് യുവരാജാവ് തിരിഞ്ഞ് പരമേശ്വരൻ പിള്ളയെ നോക്കിയപ്പോൾ അയാൾ മുറിയുടെ ഒരു കോണിൽ ഒതുങ്ങി നിൽക്കുന്നത് കണ്ടു. മുറിക്കകത്ത് കുറേശ്ശെ പ്രകാശം ഇല്ലെന്നില്ല. എന്നാൽ യാതൊന്നും വ്യക്തമായി അറിയാൻ പാടില്ലായിരുന്നു. പരമേശ്വരൻ പിള്ളയെ സ്പർശിച്ചുനോക്കിയതിൽ അയാൾ സ്തംഭാകാരമായി നിൽക്കുന്നു. 'ഇങ്ങനെയോ കലാശിക്കുന്നത് പത്മനാഭാ?' എന്ന് പറഞ്ഞുകൊണ്ട് ആശ്രിതവത്സലനായ യുവരാജാവ് തന്റെ രണ്ടാം മുണ്ടിനെ വ്യജനമാക്കി പരമേശ്വരൻ പിള്ളയെ വീശിത്തുടങ്ങി. അത് തനിക്കും കുറച്ച് ആശ്വാസഹേതുകമായി. യുവാരാജാവ് ശുശ്രൂഷാവത്തിയെ അനുഷ്ഠിച്ചു തുടങ്ങിയപ്പോൾ തട്ടിന്റെ മുകളിൽ ചില ശബ്ദങ്ങൾ കേട്ട് ശത്രുക്കളുടെ പ്രവേശനമാണെന്ന് വിചാരിച്ച്, യുവരാജാവ് പരമേശ്വരൻ പിള്ളയെ താങ്ങി സാവധാനത്തിൽ നിലത്ത് കിടത്തി, തന്റെ ഉത്തരീയത്തെ മടക്കി അയാൾക്ക് ഉപധാനമായി വച്ചിട്ട്, വാളും കൈക്കലാക്കി മേല്പോട്ട് നോക്കിനിന്നു. അപ്പോൾ മുറിയിൽ നിന്ന് തട്ടിൻപുറത്തേക്കുള്ള വാതിലിന്മേൽ എന്തോ ബലം പ്രയോഗിക്കപ്പെടുന്നതായി തോന്നി. വാതിൽ തുറക്കപ്പെട്ടു. മുറിക്കുള്ളിൽ അധികമായ പ്രകാശവും വായുസഞ്ചാരവും ഉണ്ടായി. എന്തോ സാമാനങ്ങൾ മുറിക്കുള്ളിൽ വീണു. പുറകേ അന്ന് രാവിലെ യുവരാജാവിനെ സഹായിച്ച ചാന്നാനും ആവിർഭവിച്ചു.

ചാന്നാൻ പുരപ്പുറത്ത് കയറിയപ്പോൾത്തന്നെ ചില വേൽക്കാർ താഴത്തെത്തി, പടിഞ്ഞാറുവശത്തുള്ള വാ

രികൾക്ക് നിരപ്പെ തീവച്ചു. ഇതിന്റെ പ്രകാശമാണ് മുറിക്കകത്ത് കാണപ്പെട്ടത്. അനലപ്രഭാവം മുഴുത്തുവരികയാൽ ജ്വാലകൾ തട്ടിലും തട്ടിത്തുടങ്ങിയിക്കുന്നു. പുറത്തുനിന്ന് വേൽക്കാർ ആർത്ത് ഘോഷിക്കുന്ന ശബ്ദവും കേൾപ്പാനുണ്ട്. ചാന്നാൻ ചാടി മുറിക്കകത്തായപ്പോൾ 'കുറുപ്പ് എവിടെ? എന്ത് ചെയ്യുന്നു? വിശേഷം വല്ലതും ഉണ്ടോ?' എന്ന് യുവരാജാവ് ചോദിച്ചു. ചാന്നാന്റെ ഉത്തരം 'കല്ലും കാടും മലയും കിടുങ്കവേ... എല്ലാ ഇല്ലാക്കടലും കലങ്കവേ' എന്നൊരു പാട്ടും കോടാലികൊണ്ട് വാതിലിന്മേൽ ഊക്കോടുകൂടി ചില വെട്ടുകളുമായിരുന്നു. യുവാരാജാവ് ചോദ്യം നിറുത്തി. വാതിൽ പൊടിഞ്ഞപ്പോൾ ചാന്നാൻ അതിസാഹസമായുള്ള പരിശ്രമവും നിറുത്തി. കാറ്റ് ഏറ്റപ്പോൾ മൂർച്ഛയിൽ നിന്നുണർന്ന പരമേശ്വരൻ പിള്ളയെ ഹസ്തത്താൽ താങ്ങിപ്പിടിച്ചുകൊണ്ട് യുവരാജാവും കുറുപ്പിന്റെ വകയായ ഒരു ഘഡ്ഗം കൈക്കലാക്കിക്കൊണ്ട് ചാന്നാനും പുറത്തിറങ്ങി. പടിഞ്ഞാറേവശത്ത് തീവച്ചിട്ട് പത്തിരുപത് വേൽക്കാർ കാവലായി അവിടെ നിൽക്കുന്നുണ്ട്. കിഴക്ക്. തെക്ക്. വടക്ക് ഈ വശങ്ങളിലേക്ക് പോകാൻ വഴിയില്ലാതെയും മുകളിൽ എരിയുന്ന തീ കുറച്ചുകൂടി വടക്കോട്ട് നീങ്ങുമ്പോൾ തങ്ങളുടെ തലകളിൽ ആകും എന്നുള്ള സ്ഥിതിയിൽ ഇരിക്കുന്നു എന്നും കണ്ടിട്ട് പടിഞ്ഞാറോട്ടുതന്നെ കടക്ക എന്ന് നിശ്ചയിച്ച് ചാന്നാൻ വാതിലിന്റെ പടിമേൽ കയറി ദേഹത്തെ ഹ്രസ്വമാക്കി, താഴത്തിറങ്ങി മുന്നോട്ട് ചാടി വേൽക്കാരുടെ ഇടയിൽ കടന്നു. യുവാരാജാവും പരമേശ്വരൻ പിള്ളയും ഭ്രാന്തൻ കാണിച്ചുകൊടുത്ത സമ്പ്രദായത്തെ അനുകരിച്ച് അവന്റെ പുറകേ എത്തി.



ആ വശത്തുണ്ടായിരുന്ന വേൽക്കാർ അരനിമിഷംകൊണ്ട് യുവരാജാവിന്റേയും ഭ്രാന്തന്റേയും ഘഡ്ഗങ്ങൾക്ക് ഭക്ഷണമായിത്തീർന്നു. അവിടെനിന്ന് യുവരാജാവും മ

റ്റം ക്ഷണത്തിൽ തെക്കേച്ചുവർ ചാടി കുറുപ്പിനെ സഹായി ക്കാൻ പുറപ്പെട്ടു. യുവരാജാവിന്റെ തല അകലെയായിട്ട് ക ണ്ടപ്പോൾ വേലുക്കുറുപ്പ് 'കൈയിൽ കിട്ടിപ്പോയി... വിളി യെടാ, കൊമ്പുവിളി... വിട്ടന്നെങ്കിൽ നാം ആണുങ്ങൾ ക്ക് പിറന്നവരല്ല.' എന്നിങ്ങനെ വിളിച്ച് പറഞ്ഞുകൊ ണ്ടു് മാങ്കോയിക്കൽ കുറുപ്പിനെ ഉപേക്ഷിച്ചിട്ടു് യുവരാജാ വിന്റെ നേർക്ക് അണഞ്ഞു. വേലുക്കുറുപ്പിന്റെ ആജ്ഞ പ്രകാരം ഒരു കാഹളശബ്ദം മുഴങ്ങി. വേലുക്കുറുപ്പ് കാവ ലായി അവിടവിടെ നിറുത്തീട്ടുള്ള വേൽക്കാർക്ക് അറി വ്‌ കൊടുക്കുന്നതിനായിട്ടാണ് കാഹളം മുഴക്കിയതു്. അ വർ തങ്ങളുടെ സ്ഥാനങ്ങളെ വെടിഞ്ഞിട്ടു്, തീജ്വാല പൊ ങ്ങുന്നതുകണ്ടു് രസിച്ച്, പടിഞ്ഞാറൊരു ദിക്കിൽ കൂട്ടംകൂ ടി നിൽക്കുകയായിരുന്നു. കാഹളശബ്ദം കേട്ടു് അവർ മാ ങ്കോയിക്കലേക്ക് ത്വരിതമായി നടകൊണ്ടു. ഇതിനിട യ്ക്കു് വേലുക്കുറുപ്പ് അടുക്കുന്നതിനെ കണ്ടു് യുവരാജാവ് സം ഹാര രുദ്രനെപ്പോലെ പാഞ്ഞടുത്തു. നിമിഷമാത്രംകൊ ണ്ടു് വേൽക്കാരെല്ലാവരും യുവരാജാവിനെ വളഞ്ഞു. 'വി ടരുതെടാ... തല കൊയ്യണം' എന്നു് വേലുക്കുറുപ്പും, 'ദ്രോ ഹികളേ, ചതിക്കരുതേ' എന്നു് പരമേശ്വരൻ പിള്ളയും വി ളികൂട്ടിത്തുടങ്ങി. പത്മവ്യൂഹത്തിൽപ്പെട്ട പാർത്ഥാത്മജ നെപ്പോലെ യുവരാജാവ് ഒരേ നിലയിൽ നിന്നു്, അരിക ളെ അണയാൻ സമ്മതിക്കാതെ, അതിചതുരതയോടുകൂ ടി പൊരുതു. സർപ്പജിഹ്വ പോലെ തന്റെ കൈയിൽ ല സിക്കുന്ന ഖഡ്ഗത്തെ നാലു് ചൂഴവും വീശുമ്പോൾ പുറപ്പെ ടുന്ന ചീറ്റം കേട്ടുതന്നെ വേൽക്കാർ നടുങ്ങി. യുവരാജാവി ന്റെ പുറകിൽ ഒരാൾ സഹായത്തിനായെത്തിയെങ്കിൽ അ

ദ്ദേഹം കുറച്ചുനേരം രക്ഷപ്പെട്ടു് നിൽക്കുമെന്നുള്ള വിചാര ത്തോടുകൂടി മാങ്കോയിക്കൽ കുറുപ്പ് തിക്കിത്തിരക്കി മുന്നോട്ടടുത്തു. വേൽക്കാർ തടഞ്ഞു് നിറുത്തി. അഭിമന്യുവിന്റെ അവസാനം യുവരാജാവിനും നേരിടും എന്നുള്ള സ്ഥിതിയിലായി. യുവരാജാവിന്റെ അപകടസ്ഥിതി കണ്ടു് വ്യസനം സഹിക്കവയ്യാതെ ‘അയ്യോ എന്റെ പൊന്നുതമ്പുരാനേ! വായിൽ മണ്ണടിക്കാതിനെടാ’ എന്നു് പരമേശ്വരൻ പിള്ള മുറവിളി തുടങ്ങി. ഇതിന്റെ തുടർച്ചയായി അതിവ്യക്തമായും സകല ആരവങ്ങൾക്കും മുകളിലായി ഉച്ചത്തിലും അതിമധുരമായും ഉള്ള ഒരു ഗാനം കേട്ടുതുടങ്ങി: ‘പഞ്ചമാപതകി പഴികാറിവിനകാറി… അഞ്ചാമലവൾ കൈയിൽപ്പെട്ടായോ മകനേ നീ?’ ഈ പാട്ടു് കേട്ടു് വേലുക്കുറുപ്പും പെട്ടെന്നു് തിരിഞ്ഞുനോക്കി. ഓതിരം, കടകം എന്നു് താങ്ങി വേൽക്കാരെ വീഴ്ത്തിക്കൊണ്ടു് ഭ്രാന്തൻ അടുക്കയായിരുന്നു. വാളിളക്കി, പാട്ടുപാടി, ഇടത്തുകാൽ നിലത്തൂന്നി വട്ടംതിരിഞ്ഞു് വാൾ വീശി, കണ്ണിൽ ചൂണ്ടി കാലിൽ വെട്ടിയും തടകാട്ടി വയറ്റിൽ കുത്തി കുടൽ ചാലിച്ചും കടകം ഓങ്ങു് ഓതിരം കാച്ചിയും മാട്ടുമാറി തലയ്ക്കു് താങ്ങിയും വലതുകാൽകൊണ്ടു് തൊഴുക്കുത്തി ചിലരെ വീഴ്ത്തിയും വെട്ടും കുത്തും ദൃഢമായി നോക്കി തടഞ്ഞും ഇടതുകൈയാൽ ചിലരുടെ കണ്ഠങ്ങൾ ഞെരിച്ചും ഇങ്ങനെ അസാമാന്യമായുള്ള സാമർത്ഥ്യത്തോടുകൂടി സമരം ചെയ്തുകൊണ്ടു് വേലുക്കുറുപ്പിന്റെ മുമ്പിൽ എത്തി. ആ കരിംകൂറ്റൻ ഖഡ്ഗം അരനിമിഷംകൊണ്ടു് ആകാശവീഥിയിൽ അൽപനേരത്തെ സഞ്ചാരസുഖം അനുഭവിച്ചിട്ടു് ഒരു വേൽക്കാരന്റെ ഉത്തമാംഗത്തിൽ ചെന്നു് പതിച്ചു. മറ്റൊരു വാൾ വാ

ങ്ങി കാളമേഘം പോലെ പിന്നെയും വേലുക്കുറുപ്പ് ചീറി അടുത്തു. രാവിലെ വേലുക്കുറുപ്പിന്റെ പാദസംയോഗം ഉണ്ടായതു് ഓർത്തോ എന്തെന്നറിഞ്ഞില്ല, ചാന്നാന്റെ ശരീരം കോപം കൊണ്ടെന്നപോലെ ഒന്ന് വിറച്ചു. എങ്കിലും കപട ഭ്രാന്തനായ ആ വിശിഷ്ട പുരുഷൻ (ചാന്നാനെ വിശിഷ്ട പുരുഷൻ എന്ന് പറയുന്നതു് 'കലികാലവിശേഷം' എന്ന് പറയുന്നതിന് സന്നദ്ധരായവർ ക്ഷമിപ്പിൻ), തന്റെ ആത്മസംയമനശക്തികൊണ്ട് അവയവങ്ങളെ ദൃഢപ്രവൃദ്ധങ്ങളാക്കിത്തീർത്തു. പഠിച്ച വിദ്യകൾ പലതും പ്രയോഗിച്ചിട്ടും വേലുക്കുറുപ്പിന്റെ സാഹസങ്ങൾ ഒന്നും ചാന്നാനോട്ട് ഫലിക്കുന്നില്ല. അയാൾ ശ്വാനനെപ്പോലെ കിതച്ച് തുടങ്ങി. അപ്പോൾ തന്റെ നൂതനസംഘം വേൽക്കാർ വന്നുചേർന്ന കോലാഹലം കേട്ടു. 'ഇനിയോടാ പയലേ? ഫൂ! പോക്കിരി! പിടിയെടാ ഇവനെ' എന്ന് വേലുക്കുറുപ്പ് ഉൾമോദത്തോടുകൂടി പറഞ്ഞു. ഈ മുഷ്കിന് ജീവാവസാനം വരെ അയാൾ ഓർമ്മിക്കത്തക്കതായ ഒരു സമ്മാനമായിട്ട് വേലുക്കുറുപ്പിന്റെ കർണ്ണങ്ങളിൽ ഒന്നിനെ ചെത്തി ചാന്നാൻ നിലത്ത് വീഴിച്ചു. വെടികൊണ്ട ഗജത്തെപ്പോലെ വേദനയോടുകൂടി വേലുക്കുറുപ്പ് ഒന്നലറിക്കൊണ്ട് പിന്നോക്കം ഓടി. രാവിലത്തെ പ്രഹരത്തിന് പ്രതിക്രിയ ആയി പാദംകൊണ്ട് ഒരു പ്രഹരവും ചാന്നാൻ കൊടുത്തു. വേൽക്കാരുടെ നായകൻ നിലത്തുവീണു. ഇതുകണ്ട് തമ്പിയുടെ പരിവാരങ്ങൾ വർദ്ധിച്ച കോപത്തോടുകൂടി പിന്നെയും യുവരാജാവിന്റെ നേർക്കടുത്തു. അപ്പോൾ രണ്ടാമതും ഒരു കാഹളശബ്ദം കേട്ടുതുടങ്ങി. യുവരാജാവിന്റെ മുഖം വിളറി, പരമേ

ശ്വരൻ പിള്ള വയറ്റിൽ കൈവച്ച് പരക്കെ നോക്കിത്തുടങ്ങി. പടക്കളത്തിൽ നിൽക്കുന്ന വേൽക്കാരെത്തന്നെ ഒടുക്കുന്നത് അസാദ്ധ്യമാണ്. ചാന്നാന്റെ അതിസാഹസമായ കൃത്യങ്ങൾകൊണ്ട് അത്രനേരം നിലനിന്നു. ഇനിയും വേൽക്കാർക്ക് തുണ നിൽപ്പാൻ ആളുകൾ വന്നുചേർന്നാൽ യുവരാജാവിന്റെ കഥ കഴിഞ്ഞു. ഇങ്ങനെയുള്ള വിചാരങ്ങൾകൊണ്ട് പരവശന്മാരായി യുവരാജാവും പോർ ചെയ്ത് നിൽക്കുന്നതിനിടയിൽ മാങ്കോയിക്കൽ കുറുപ്പിന്റെ കളരിയിയിൽ കച്ചകെട്ടി അഭ്യസിപ്പിച്ചിട്ടുള്ളവരായ ഇരുനൂറു ഭടന്മാർ മാങ്കോയിക്കൽ എത്തി. ഇവരെ കൊണ്ടുവരുന്നതിനായിട്ടായിരുന്നു മാങ്കോയിക്കൽ കുറുപ്പിന്റെ ഒരു ഭൃത്യൻ അറപ്പുരയിൽനിന്ന് അദ്ദേഹത്തിന്റെ മുഖത്ത് നോക്കീട്ട് വേഗത്തിൽ പുറത്തേക്ക് കടന്ന് പോയത്.

മാങ്കോയിക്കൽകുറുപ്പിന്റെ ഭടന്മാർ വന്നതിന്റെശേഷം ഉണ്ടായ പോരു് അധികമായി വർണ്ണിക്കാനൊന്നുമില്ല. വേൽക്കാരാൽ പറയർ എത്ര വേഗത്തിൽ അന്തകപുരത്തിലേക്ക് യാത്രയാക്കപ്പെട്ടോ, അതുപോലെതന്നെ അപ്രയാസമായി വേൽക്കാർ കുറുപ്പിന്റെ സാലതുല്യകാരന്മാരായ കിങ്കരന്മാരാൽ ആ ദേശത്തേക്ക് നയിക്കപ്പെട്ടവരായി. വേൽക്കാർ നാഥനില്ലാത്ത സേന ആകയാൽ വിശേഷിച്ചും ക്ഷണത്തിൽ പരാജിതന്മാരായി. യുവരാജാവും ഭ്രാന്തനും കുറുപ്പും അനന്തരവരും പരമേശ്വരൻ പിള്ളയും കുറുപ്പിന്റെ ഭടന്മാരുടെ നായകനും ഓരോ ദിക്കിലായി നിന്ന് വേൽക്കാരെ തടഞ്ഞുനിറുത്തി പൊരുതപ്പോൾ അവർ യുവരാജാവിനോട്ട് 'പൊന്നുതമ്പുരാനേ, ര

ക്ഷിക്കണേ എന്ന് കരഞ്ഞു പറഞ്ഞു തുടങ്ങി.' ആയുധം വയ്ക്കുന്നവർക്ക് അഭയം കൊടുക്കുന്നതിന് യുവരാജാവ് ഉടനേ കൽപ്പന കൊടുത്തു. മാങ്കോയിക്കൽ ഗൃഹം ആസകലം എരിഞ്ഞു നിലത്തായപ്പോൾ യുദ്ധവും അവസാനിച്ചു. പടക്കളത്തിൽനിന്നുതന്നെ യുവരാജാവ് മാങ്കോയിക്കൽ കുറുപ്പിനെ സമീപത്ത് വിളിച്ച് അദ്ദേഹത്തിന്റെ കരങ്ങൾ രണ്ടിനേയും തൃക്കൈകളാൽ പിടിച്ച് ഒന്ന് ലഘുവായി അമർത്തീട്ട്, "എന്നെ രക്ഷിച്ച ചാന്നാൻ എവിടെ?" എന്ന് ചോദിച്ചുകൊണ്ട് തിരിഞ്ഞുനോക്കി. ഭ്രാന്തനെ കാണ്മാനില്ല.

# 8

"നീതിനിഗമാഗസാഗരസാര-
വേദിയാകുന്ന ഭവാനിഹ
ദുർവ്വിധം തുടരുന്നതാകിലോ ഗുണദോഷ-
ഭാഗകഥനേ മമ കാ മതിഃ"

"സുന്ദരം, ഒന്നു വീശു... ഉഷ്ണം അതികഠിനം. നല്ല രാത്രി. രാജാക്കന്മാർക്കു യാത്രയ്ക്കു് അതിവിശേഷമായ മുഹൂർത്തം. സ്വർഗ്ഗവാതിൽ ഏകാദശി അല്ല എന്നേ ഉള്ളു." ഈ വാക്കുകൾ ഘാദ്യപേയലേഹ്യഭോജ്യങ്ങളായ ചതുർവ്വിധ വിഭവങ്ങളോടുകൂടി അത്താഴം ഊണുകഴിഞ്ഞു് ശയ്യാഗൃഹത്തെ പ്രാപിച്ച്, വിചിത്രവർണ്ണ കംബള നിർമ്മിതമായ ശയ്യോപധാനങ്ങൾ കൊണ്ടലംകൃതമായതും ദന്തഖചിതമായും ഉള്ള പര്യങ്കത്തിന്മേൽ ചെന്നിരുന്നപ്പോൾ ശ്രീപത്മനാഭൻ തമ്പി സുന്ദരയ്യനോടു പറഞ്ഞതായിരുന്നു. സുന്ദരയ്യൻ വാമഹസ്തത്താൽ അധരാച്ഛാദനവും ചെയ്തു്, ഒരു വശത്തേക്കു മാറി നിന്നുകൊണ്ടു്, കുചേലന്റെ ആഗമനസന്ദർഭത്തിൽ രുഗ്മിണി ശ്രീകൃഷ്ണനെ എന്നപോലെ, രമ്യങ്ങളായ അംഗചലനങ്ങളോടുകൂടി മയൂരപിഞ്ഛങ്ങളെക്കൊണ്ടും നാനാവർണ്ണത്തോടു മിന്നുന്ന ത

കിട്ടുകളെക്കൊണ്ടും സ്വർണ്ണ നിർമ്മിതമായുള്ള വൃന്തത്താലും പരിശോഭിതമായുള്ള ആലവട്ടത്താൽ മന്ദമായി വീശിത്തുടങ്ങി.'

തമ്പി: "വേലു വന്നെങ്കിൽ പരമാനന്ദമായി. വെറുതേ വന്നേയ്ക്കുമോ?"

സുന്ദരയ്യൻ: "ഒരുക്കാലം ഇല്ലൈ."

തമ്പി: "അഃ എന്നാൽ എന്തു രസം! പൊടിപൊടിച്ചു തുടങ്ങും രാജ്യഭാരം. അമരലോകത്തിന് തുല്യമാക്കാം ഈ വേണാട്ടിനെ."

സുന്ദരയ്യൻ: "ചാണാൻ കീണാൻ ഇന്ത നീചപ്പയകളെ മുച്ചൂടും തൊരത്തിപ്പോടണം, എന്ന?"

തമ്പി: "നാളെ എടവാ കടത്തിയേക്കാം."

സുന്ദരയ്യൻ: "ബ്രാഹ്മണാൾ, അവാളുടെ പരിശാരത്തുക്കാക ശൂദ്രാൾ; ഇവാൾ പോതുമേ നമ്മ കാര്യത്തുക്കെല്ലാം."

തമ്പി: "പുരാണവിധികളിൽനിന്ന് ഒരടി അങ്ങോട്ടും ഇങ്ങോട്ടും മാറി ഞാൻ വയ്ക്കുല്ല. അതു താൻ സംശയിക്കേണ്ട. ഋഷിപ്രോക്തങ്ങളെ വിട്ടിട്ട് നമുക്ക് ഒരു ശ്രേയസ്സും വേണ്ട."

സുന്ദരയ്യൻ: "അപ്പടി ശൊല്ലും."

തമ്പി: "സുന്ദരം, ആ ഡപ്പി ഇങ്ങെടുക്കൂ. തണപ്പുകൊണ്ടു ദഹനം തീരുമാനമില്ല."

സുന്ദരയ്യൻ സമീപത്തുണ്ടായിരുന്ന പെട്ടി തുറന്ന് ഒരു വെള്ളിച്ചെപ്പെടുത്ത് രോഗിയായ ഭർത്താവിന് പ്രേമത്തോടും പതിയുടെ രോഗശമനത്തിനായിട്ട് ഭക്തപൂർവ്വമു

ള്ള പ്രാർത്ഥനയോടും പതിവ്രതയായുള്ള ഒരു ഭാര്യ, വിശ്രുതനായ ഭിക്ഷക്കിനാൽ കൽപ്പിക്കപ്പെട്ട മഹൌഷധത്തെ പ്രദാനം ചെയ്യുമ്പോലെ, തമ്പിയുടെ കരത്തെ പിടിച്ചിട്ട് അതിന്മേൽ വച്ചുകൊടുത്തു. തമ്പി ഡപ്പി തുറന്ന് ഒരു നെല്ലിക്കയോളം മരുന്ന് ഉരുട്ടി സേവിച്ചുകൊണ്ട് "താനും കുറച്ചു തിന്നോളൂ" എന്നു പറഞ്ഞു. സുന്ദരയ്യൻ വേണാട്ടധിപനാകാൻ പോകുന്ന തന്റെ യജമാനന്റെ ആജ്ഞയെ ലംഘിക്കുന്നതു് വെടിപ്പല്ലെന്നുള്ള നാട്യത്തോടുകൂടി ഒരു വെള്ളയ്ക്കയോളം ഉരുട്ടിച്ചെലുത്തി. തമ്പി കുറച്ചുനേരം മിണ്ടാതെ ഗൗരവം പൂണ്ട് ഇരുന്നു. യജമാനന്റെ ഘനഭാവം കണ്ടു ഭൃത്യനും തന്റെ ബുദ്ധിയെ എന്തോ ഒരു വലിയ ആലോചനയിൽ പ്രവർത്തിപ്പിച്ചുകൊണ്ട്, മൗനമായി നിന്നു വീശിത്തുടങ്ങി. എന്നാൽ ഉത്തമാംഗത്തിന് ആലോചന കടന്നുണ്ടാക്കിയ ഘനം നിമിത്തം ഭൃത്യന്റെ ബാഹുക്കൾക്കു ക്രമേണ ദാർഢ്യം കുറയുകയും ആലവട്ടംചെന്ന് തന്റെ യജമാനന്റെ മുഖത്തു തട്ടുകയും ചെയ്തു. ഇങ്ങനെ മൂന്നുനാലു പ്രാവശ്യം തട്ടുകൾ ഏറ്റപ്പോൾ തമ്പി തന്റെ അഗാധമായ ആലോചനയിൽ നിന്നു വിരമിച്ചു. ഉടനേ സുന്ദരയ്യൻ ഭക്തിപൂർവ്വം വീശാനാരംഭിച്ചു.

തമ്പി: "ഭേഷ്! തന്റെ മരുന്ന് അതിവിശേഷമെടോ. എന്താ പേര്? സുന്ദരേശ്വരി എന്നോ? എന്ത് ഈശ്വരി എങ്കിലും പരമസുഖപ്രദായിനി ആയ ഒരു ഈശ്വരിയാണ്. അല്ലെന്നുണ്ടോടോ? പറയൂ, കോമട്ടീ, പറ."

സുന്ദരയ്യൻ: "ഹ ഹ ഹ! നാൻ കോമട്ടിയാ? നല്ല പേച്ച്!"

തമ്പി: "തന്റെ കോടാങ്കിയെ എനിക്കു കണ്ടേ തീരൂ."

സുന്ദരയ്യൻ: "അതേപ്പറ്റി പേശിക്കാര്യമെന്ന?"

തമ്പി: "വേലു കാര്യം നേരേ നടത്തുന്നെങ്കിൽ നാം ദുഃഖം ആചരിക്കേണമോടോ?"

സുന്ദരയ്യൻ: "സന്ദേഹമെന്ന?"

തമ്പി: "തേവിടിശ്ശിയെക്കൊണ്ടുന്നതിൽ വിരോധമുണ്ടോ? (മന്ത്രിക്കുന്ന സ്വരത്തിൽ) സാക്ഷിക്കാറിയെ?"

സുന്ദരയ്യൻ: "എന്ന അലമാറിതു്!"

തമ്പി: (ഉറക്കെ) "സാക്ഷിക്കാറി തേവിടിശ്ശി ... സാക്ഷിക്കാറി! ഫൂ! അലമാറോ?"

സുന്ദരയ്യൻ: "എവളക്കൊട്ടു്!"

തമ്പി: "വാളും പരിചയുംകൊണ്ടു് ... ഹാ ... ഹാ! അതാണ് ഭേഷ് പറ്റിപ്പു്! സാധുക്കൾ അറിഞ്ഞേ ഇല്ല. താൻ ഏതു ശിങ്കം! തന്നെ ഞാൻ വലിയ സർവ്വാധി ആക്കും."

സുന്ദരയ്യൻ: "അതെല്ലാം സ്വാമിയുടെ കൃപൈ."

തമ്പി: "ശുദ്ധൻ! കാട്ടിൽ പോയി പരിശോധന ..."

"എന്ന പൈത്യം!" എന്നു പറഞ്ഞുകൊണ്ടു് അമൃതമഥനത്തിങ്കൽ കാളകൂടഭോക്താവായ ശിവന്റെ വക്ത്രാച്ഛാദനം മഹാവിഷ്ണു ചെയ്തതുപോലെ സുന്ദരയ്യൻ ധൃതിയോടുകൂടി തമ്പിയുടെ വാ പൊത്തി അമർത്തി. തമ്പി ചാടിയെഴുന്നേറ്റു് സുന്ദരയ്യനെ ആലിംഗനം ചെയ്തു.

തമ്പി: "ശരി ശരി, വല്ലോരും കേട്ടാൽ അബദ്ധം. കമലത്തെക്കണ്ടു് കുറേനാളായി. ഒന്നിറങ്ങാം പുറത്തു്" ഇങ്ങനെ പറഞ്ഞുകൊണ്ടു് തമ്പി മുന്നോട്ടു നടകൊണ്ടു. അദ്ദേഹത്തിന്റെ പാദങ്ങൾ നിലത്തു് ഉറയ്ക്കുന്നില്ല.

തമ്പി: "സുന്ദരം, പൊന്നുസുന്ദരം, എന്റെ തോളിൽ കൈ ഇട്ടോള്ളൂ. ഉം പേടിക്കേണ്ട, ഇട്ടോള്ളൂ. അല്ലെങ്കിൽ വീഴും താൻ. താനും ഞാനും ഒന്നുതന്നല്ലോ ... ഇട്ടോള്ളൂ."

തമ്പിയും സുന്ദരയ്യനും "ഹസ്തേന ഹസ്തതലമാത്തസുഖം ഗൃഹീത്വാ" എന്നുള്ള സ്ഥിതിയിൽ പുറത്തിറങ്ങി.

തമ്പി: (ആകാശത്തോട്ടു നോക്കീട്ടു്) "ശീതകിരണൻ! ... വകതിരിവില്ലാത്ത വഷളൻ! എന്താണ് ഇന്നു വ്യസനിച്ചിരിക്കുന്നോ? എടോ സുന്ദരം, നമുക്കേ ... ഈ നാട്ടിലൊക്കെ ... ഹേ എന്തു് ചേറാണിതു്?"

രണ്ടുപേരും തെക്കേത്തെരുവിൽ ഇറങ്ങി നടന്നു തുടങ്ങിയപ്പോൾ പകൽ കൊല്ലപ്പെട്ട ചാന്നാന്മാരുടെ രക്തം പെരുകിക്കെട്ടി മണ്ണോടുചേർന്നു ചേറായിരിക്കുന്നതിന്മേൽ തമ്പിയുടെ പാദം പതിച്ചു. തമ്പിയെപ്പോലുള്ള മഹാന്മാർക്കു് ദേഷ്യം ആദ്യവും ആലോചനയുണ്ടെങ്കിൽ പിന്നീടും ആണല്ലോ. ഈ സാധാരണനീതിക്കു് ലംഘനം വരുത്താതെ ആരോടോ എന്തിനോ ആയിക്കൊണ്ടു തമ്പി കുറച്ചു കയർത്തിട്ടു്, ചേറു് എങ്ങനെ വന്നതാണെന്നു് ആലോചിച്ചു. "ഹേ ... യി! നീചരക്തത്തിലാണു് ... സവാരി വേണ്ട" എന്നു പറഞ്ഞുകൊണ്ടു് തമ്പി മാളികയിലേയ്ക്കു് മടങ്ങി പാദപ്രക്ഷാളനം ചെയ്തിട്ടു പൂർവ്വസ്ഥിതിയിലായി ഇരിപ്പായി.

തമ്പിയുടെ നേത്രങ്ങൾ ചകോരങ്ങളുടെ നേത്രങ്ങൾ പോലെ ചുവന്നിരിക്കുന്നെങ്കിലും അർദ്ധോന്മീലിതമായിരിക്കുന്നതിനാൽ വർണ്ണഭേദത്തെ നല്ലതിന്മണ്ണം കാണുന്നതിനു വഴിയില്ല. ഭക്തിപാരവശ്യം കൊണ്ടെന്നപോലെ കരുമിഴികൾ ഇമകളുടെയിടയിൽ അസ്തമിച്ചിരിക്കുന്നു. അദ്ദേഹം കട്ടിലിന്മേൽ ഇരുന്നു മന്ദഹാസങ്ങൾ തൂകിക്കൊണ്ടു ചാഞ്ചാടുന്നു. സുന്ദരയ്യനിൽ യാതൊരു ഭേദവും പ്രത്യക്ഷമാകുന്നില്ല.

പ്രഭുക്കന്മാരായും തമ്പിയെപ്പോലുള്ള ഭാഗ്യവാന്മാരായുമുള്ള ജനങ്ങളുടെ സംവാദങ്ങൾ സേവകജനങ്ങളോടായിരിക്കുമ്പോൾ നാനാവിധവിഷയങ്ങളെ സംബന്ധിച്ചായിരിക്കും. ചിലത് വായനക്കാർക്ക് അത്ര രസമുള്ളതായിരിക്കില്ല. അതിനാൽ കഥ ഇവിടെ കുറച്ചു ചുരുക്കുന്നു.

അർദ്ധരാത്രി കഴിഞ്ഞു. തമ്പി ഉറങ്ങീട്ടില്ല. സുന്ദരയ്യനുമായിട്ടുള്ള സംഭാഷണം അവസാനിച്ചിട്ടില്ല. ഔഷധത്തിന്റെ ശക്തി കുറച്ച് ശമിച്ചിരിക്കുന്നു.

തമ്പി: "എടോ ... അപ്പഴേ ... മക്കൾക്കാണ് അവകാശം എന്നുകൊണ്ട് സ്ഥാപിക്കയാണെങ്കിൽ അനുജൻ നമ്മോടു പിണങ്ങുമല്ലോ."

സുന്ദരയ്യൻ: "പ്രമാണങ്കളെല്ലാം ബലവാളുടെ ഹിദത്തുക്കനുകൂലമാക ഉണ്ടാവും റദ്ദുശെയ്യവും ആഹലാമേ. അതേപ്പറ്റി ഇപ്പോ യോശിപ്പാനേ?"

തമ്പി: "ചെമ്പകശ്ശേരിവീട്ടിന്റെ ഭാഗ്യം. പാറുക്കുട്ടി, തങ്കക്കുട്ടി, യോഗമുള്ള കുട്ടിയാണ്. വേലു വരാത്തതെന്ത്? ആരെങ്കിലും പോയി അന്വേഷിക്കട്ടെ."

സുന്ദരയ്യൻ: “കേളും … വേലു വന്തിടുവാൻ. ഇന്തപ്പയകളെ ഒന്നെ നമ്പക്കൂടാതു്. വേലു കീലു പോക്കിരിപ്പശക് ഗിട്ടക്കെ വരവെ ഒട്ടാതും. രാശാവാനാൽ … ആച്ചാപ്പോൽ താൻ എണ്ണിക്കിടും … വാറവൻ കിട്ടയും പോറവൻ കിട്ടയും പേശക്കൂടാതു്. പേസിനാലും രെണ്ടു വാർത്തൈ. അദുവും റോമ്പ യോശിത്തു വേണ്ടിയതു്. ഏവനാനാലും അടിക്കടി വന്താ പോ ശൊല്ലടണം. ഉമക്കു് ആരെത്താൻ പേടിക്കവേണ്ടിയതു്?”

സുന്ദരയ്യന്റെ ഈ പ്രസംഗം വിട്ടിരിക്കുന്ന ഭാഗങ്ങളിൽ ഒടുവിലത്തെ ഭാഗത്തിന്റെ തുടർച്ചയാണ്. ഓരോ ഉപദേശത്തിനും അനുരൂപമായ നാട്യങ്ങൾ തമ്പി കാട്ടിവന്നു. തിരുവിതാംകോട്ട് ഒരു കാലത്തു് പൂജ്യനായിരുന്ന ഒരു മഹാന്റെ അഭിപ്രായപ്രകാരം ദീപോത്സവങ്ങൾക്കുപോലും മുമ്പിൽക്കൂട്ടി അരങ്ങേറ്റം കഴിച്ച് ചടങ്ങുകൾ ദൃഢപ്പെടുത്തേണ്ടതാണ്. പരിഷ്കാരകാലത്തെ മീശക്കൊമ്പന്മാർ ഈ വിധം പരസ്യമായി അഭിപ്രായപ്പെടുന്ന സ്ഥിതിക്ക്, തമ്പി തന്റെ മണിയറയിൽ ഇരുന്ന് നൃപനാട്യങ്ങൾ അഭിനയിച്ചുതുടങ്ങിയതു് പരിഹാസയോഗ്യമായിട്ടുള്ളതെന്ന് വിചാരിച്ചുകൂടുന്നതാണോ? പ്രസംഗത്തിൽ “ഉമക്കു് ആരെത്താൻ പേടിക്കവേണ്ടിയതു്?” എന്നുള്ള ഭാവമായപ്പോൾ സർപ്പങ്ങളുടെ ഗതിയിലും നിശ്ശബ്ദമായിട്ടുള്ള പാദപതനത്തോടുകൂടി ഒരാൾ അകത്തോട്ടു പ്രവേശിച്ചു. കട്ടിയും കവണിയും ഉടുത്ത്, വിലയേറിയതായ ഒരു സാൽവ പുതച്ച്, തലയിൽ താടിക്കെട്ടോടുകൂടി തൊപ്പി ധരിച്ചും ഇരുന്നു. കൈയിൽ മാങ്കോയിക്കൽ കുറുപ്പിന്റെ വടിയുടെ മാതിരിയിൽ സ്വർണ്ണം കെട്ടീട്ടുള്ളതായ വ

ടിവാളുമുണ്ടായിരുന്നു. മുഖം തമ്പിയുടെ നിറത്തെയും മങ്ങിക്കുന്ന നിറത്തോടുകൂടിയതായിരുന്നു. അധികമായ തൈഷ്ണ്യത്തോടുകൂടി പ്രകാശിക്കുന്ന ഭാസ്കരനെ ലോലമായ മേഘങ്ങൾ മറച്ച് ശാന്തകിരണനാക്കുമ്പോലെ ആഗതനായ പുരുഷന്റെ സ്വാഭാവികമായുള്ള ഗാംഭീര്യത്തെ എന്തോ മനഃക്ലേശം മങ്ങിച്ചിരിക്കുന്നതായി കാണപ്പെട്ടു. വയസ്സ് അൻപതിൽ കുറവല്ല. പൊക്കം സുന്ദരയ്യനോളംതന്നെ ഉണ്ടായിരുന്നു.

ഇദ്ദേഹം തമ്പിയുടെ മുറിയ്ക്കകത്തേയ്ക്ക് പാദം വച്ചപ്പോഴേയ്ക്ക് ധൈര്യോപദേഷ്ടാവായ സുന്ദരയ്യൻ മായയാലെന്നപോലെ മറഞ്ഞുകളഞ്ഞു. അഖിലഭയങ്കരനായ തമ്പി മഞ്ചത്തിൽ നിന്നു ചാടി താഴത്തിറങ്ങി, ആദരവോടും ഭയത്തോടും സംഭ്രമത്തോടും തന്റെ നേത്രങ്ങൾകൊണ്ടു് നിയമപ്രകാരം കാട്ടേണ്ട ചാപല്യങ്ങളെ മറന്നും ഉന്മാദകരമായ സാധനത്തെ ഭക്ഷിച്ചിരിക്കുന്നതോർത്തു് ലജ്ജയോടും വേലുക്കുറുപ്പിനെ നിയോഗിച്ചിരിക്കുന്ന കാര്യത്തെ വിചാരിച്ച് പരുങ്ങലോടുകൂടിയും, ആകപ്പാടെ അൽപം മുമ്പിൽ മനോരാജ്യത്താൽ നിർമ്മിതമായ സിംഹാസനത്തിൽ സ്ഥിതി ചെയ്തിരുന്നിടത്തു നിന്നു് അതിദുർഘടമായ ഒരു കുണ്ടിൽ പതിച്ചതുപോലെ നിന്നു. കലിപ്രേരിതനായ പുഷ്കരനെയും "ശാസിപ്പാൻ വാളെടുത്ത" അഗ്രജനെയുംപോലെ ഒരാൾ ബഹുമാനഭയപൂർവ്വവും അപരൻ അലക്ഷ്യത്തോടും അവിശ്വാസത്തോടും, ഒരാൾ ശ്വാനനെപ്പോലെ കിഴിഞ്ഞും അപരൻ നിസ്സാരമായ കീടത്താൽ ബാധിക്കപ്പെട്ട മൃഗേന്ദ്രനെപ്പോലെ ഹാസ്യഭാവം കലർന്നും, ഏകദേശം അരനാഴികയോളം മിണ്ടാ

തെ നിന്നു. രണ്ടുപേരും തമ്മിൽ കണ്ടിട്ട് കുറേക്കാലമായതുപോലെ കാണപ്പെട്ടു. രണ്ടുപേരും അനിലമാന്ദ്യംകൊണ്ട് ഊർദ്ധ്വഗതിയായിത്തന്നെ എരിയുന്ന അനലശിഖകളെപ്പോലെ ചലനരഹിതരായി നിൽക്കുന്നു. രണ്ടു തേജഃപുഞ്ജങ്ങൾ പോലെ അവർ നിൽക്കുന്നുണ്ടെങ്കിലും തജ്ജന്യമായ കാന്തികൾക്ക് ഈഷൽഭേദങ്ങൾ ഉണ്ട്. അതായത്, ഒന്ന് കാഴ്ച്ചയ്ക്ക് മനോഹരമായിട്ടുള്ളതാണെന്നുവരികിലും, സൂക്ഷ്മത്തിൽ നേത്രങ്ങൾക്ക് അതികഠിനമായ അസഹ്യതയെ ഉണ്ടാക്കുന്നതും ആവൃതമായുള്ള വായുവെ വിഷമയമാക്കുന്നതുമായ അഗ്നികണങ്ങളെ ഹുങ്കാരത്തോടുകൂടി സ്ഫുരിപ്പിക്കുന്ന പൂക്കുറ്റികൾപോലെയും, മറ്റത് സുഗന്ധദ്രവ്യങ്ങളുടെ അർപ്പമംകൊണ്ടും ആജ്യഹുതികൊണ്ടും ഉജ്ജ്വലിപ്പിക്കുന്ന ഹോമകുണ്ഡാർച്ചിസ്സിനെപ്പോലെയും ആകുന്നു.

ആഗതനായ പുരുഷനെ കണ്ടപ്പോൾ താൻ ബാല്യാവസ്ഥയിൽ മാതാപിതാക്കന്മാരുടെ പരിലാളനയോടുകൂടി പരമാനന്ദചിത്തനായി വളർന്നതും, വിദ്യാഭ്യാസപരിശ്രമങ്ങളിൽ വൈമുഖ്യം ഒട്ടേറെ കാണിച്ചിട്ടും ഗുരുജനങ്ങളാലും വാത്സല്യപുരസ്സരം ബഹുമാനിക്കപ്പെട്ടുവെന്നതും, യന്ത്രിയായ ഒരുവന്റെ തന്ത്രങ്ങൾക്ക് വശനായന്നു് മുതൽ സമുദ്രതരംഗങ്ങളിൽപ്പെട്ട ശുഷ്കപത്രംപോലെ ആയിരിക്കുന്നതും, ചിന്തിക്കുമ്പോൾ ജീവനാഡികളെയും സ്തംഭിപ്പിക്കുന്ന ഓരോ കൃത്യങ്ങളെ ആചരിച്ചിട്ടുള്ളതും, അതുകൾ ഹേതുവായിട്ട് അടിമാവസ്ഥയിൽപ്പെട്ട പുലയനെപ്പോലെ തന്റെ ദുഷ്പ്രേരിതന്റെ സതലഹിതങ്ങളെയും അനുസരിക്കേണ്ടി വന്നിരിക്കുന്നതും, തന്റെ കൃത്യങ്ങളെ മ

റയ്ക്കുന്നതിനായി ഓരോ ദുർന്നയങ്ങളെ അദ്യാപി അനു വർത്തിക്കുന്നതും... ഇതുകൾ ഓർത്ത് തമ്പിയും, തമ്പി യുടെ ബാല്യകൗമാരാവസ്ഥകളിൽനിന്ന് ഭേദപ്പെട്ട് ത ന്റെ നേത്രങ്ങൾക്ക് പ്രത്യക്ഷപ്പെട്ട ഉന്മാദാവസ്ഥയെ ക ണ്ടതിനാലും മറ്റും അപരനും പരസ്പരം മുഖത്തുനോക്കി ക്കൊണ്ട് നിൽക്കുന്നതല്ലാതെ കുശലപ്രശ്നം ചെയ്യുന്നതി ന് തമ്പിയോ, ആഗമനോദ്ദേശ്യത്തെ പറയുന്നതിന് അപ രനോ ഒരുമ്പെടുന്നില്ല.

പെട്ടെന്നുണ്ടായ ഭയംകൊണ്ട്, പ്രഹരം ഏറ്റ മദ്യപ നെപ്പോലെ തമ്പി സ്വബോധവാനായിത്തീർന്നിരിക്കു ന്നു. അർദ്ധരാത്രി കഴിഞ്ഞു് അസമയത്ത് വന്നുകയറി യ അന്യന്റെ ഉദ്ദേശ്യത്തെ തമ്പി ഏകദേശം ഗ്രഹിച്ചി രിക്കുന്നു. അപ്രകാരം തമ്പിക്ക് അറിവുള്ള സംഗതി അ ന്യൻ ഗ്രഹിച്ചിട്ടുമില്ല. തമ്പിയുടെ ഭയവും പരിഭ്രമവും ക്രമേ ണ നീങ്ങി. ഒടുവിൽ ഇങ്ങനെ സത്കാരം തുടങ്ങി. "കണ്ടി ട്ട് രണ്ടു വർഷമായി. സൗഖ്യം തന്നെ അല്ലേ?"

അന്യൻ: "സൗഖ്യംതന്നെ. അവിടുത്തേയ്ക്കും സൗഖ്യം ത ന്നല്ലോ?"

തമ്പി: "ഒരു വിധത്തിലൊക്കെ സൗഖ്യം തന്നെ. ഇഷ്ട മുള്ള ജനങ്ങളെ കാണാൻ കിട്ടാത്ത സുഖക്കേട് ഇന്ന വിധമെന്നു പറവാനില്ല. ഇപ്പോഴെങ്കിലും എന്നെ കാ ണ്മാൻ വരുന്നതിന് ധൈര്യമുണ്ടായല്ലോ."

അന്യൻ: "പേടിച്ചു വരാത്തതെന്നാണോ വിചാരം?"

തമ്പി: "ഏകദേശം അങ്ങനെതന്നെ."

അന്യൻ: "ആരെക്കുറിച്ചുള്ള പേടികൊണ്ടോ?"

തമ്പി: "ശ്രീ. വീരമാർത്താണ്ഡവർമ്മ ഇളമുറ മഹാരാജാവിനെ."

അന്യൻ: "ആ തിരുമനസ്സുകൊണ്ടു് ജളനല്ല."

തമ്പി: "എന്നു് ചിലർക്കു വിചാരമുണ്ടു്."

അന്യൻ: "ആണെന്നു സമ്മതിച്ചാലും മറ്റുള്ളവർ ഭീരുക്കളാണെങ്കിലല്ലേ ഇവിടത്തെ സംശയം സാധുവായിരിക്കൂ."

തമ്പി: "നീരസം തോന്നേണ്ട. ഘനമുള്ള ആസനം താങ്ങുക ലോകനടപ്പാണ്. സ്നേഹവും സകലബന്ധവും മറന്നു്, സേവയ്ക്കു വേണ്ടി ചിലർ വകതിരിവുകേടും കാണിക്കും. എന്നാൽ അവിടുത്തെ സംബന്ധിച്ചു് ഒരു കാലം ഇങ്ങനെയുള്ള അഭിപ്രായങ്ങൾ എനിക്കുണ്ടാകുന്നതല്ല. സൂക്ഷ്മം വിചാരിച്ചു നോക്കണം."

അന്യൻ: "ശരിതന്നെ. പക്ഷെ, ബീജദോഷം കൊണ്ടുണ്ടാകുന്ന ഭീരുത്വത്തിനു മരുന്നില്ല. എന്നാൽ ഓരോരുത്തരുടെ വഷളത്വത്തിന്റെ വീഴ്ച്ച ഇളയതമ്പുരാന്റെ മേൽക്കുടി ചുമത്തരുതു്."

തമ്പി: "അതു് പറയണ്ട. ഞാൻ അറിയും; പ്രസവിച്ച അന്നു് മുതൽ ഞാൻ അറിയും. കഷ്ടം! അവിടത്തേയ്ക്കും ഇങ്ങനെ ആണല്ലോ വിചാരം."

അന്യൻ: "ഉം? എനിക്കെന്തു വിശേഷസംഗതി?"

തമ്പി: "വിശേഷസംഗതിയോ? അതുപോകട്ടെ; അവിടുന്നു് ഈ അർദ്ധരാത്രി ഇങ്ങോട്ടു പോന്നതു് എന്തിനാണു്?"

അന്യൻ: "വന്നു എന്നേ ഉള്ളൂ. ഇവിടെ വന്നപ്പോൾ അങ്ങുന്ന് വന്നിട്ടുണ്ടെന്നും ഉറങ്ങീട്ടില്ലെന്നും കേട്ടു. എന്നാൽ ഒന്നു കണ്ടേക്കാമെന്നു വിചാരിച്ചു, കുറച്ചൊരു കാര്യവുമുണ്ട്."

തമ്പി: "എന്നെക്കൊണ്ട് എന്താ വേണ്ടതു? പറയണം."

അന്യൻ: "പറയാം. ഞാൻ കിഴക്കോട്ട് ഒരു കാര്യമായി പോകയാണ്. അവിടെ ഒന്നുരണ്ടു ദിവസത്തെ താമസമുണ്ട്. നാളെ സൗകര്യം ഉള്ളപ്പോൾ വന്നു കണ്ടു കൊള്ളാം. ഇപ്പോൾ ഉറങ്ങാറായല്ലോ."

തമ്പി: "ഉറക്കം വരുന്നില്ല. പറയണം. നാളെ എന്ന് എന്തിന് വയ്ക്കുന്നു?"

അന്യൻ: "എന്നാൽ എനിക്കൊരു സംഗതി അറിവാനുണ്ട്. അങ്ങുന്ന് സത്യം പറയണം."

തമ്പി: "ഞാൻ കളവല്ലാതെ പറകയില്ലെന്നാണല്ലോ നിങ്ങളുടെ ഒക്കെ വിചാരം. പിന്നെ എന്നോടു ചോദിക്കുന്നതു വെറുതെ വാക്കുചെലവുചെയ്ക അല്ലയോ?"

അന്യൻ: "അവിടുന്നു കുറച്ചുമുന്നിൽ യുവരാജാവിനെ ഊന്നിപ്പറഞ്ഞതിന്റെ സാരം എന്തെന്നു പറയണം."

തമ്പി: "(വലുതായ വ്യസനം നടിച്ചുകൊണ്ട്) അതാണോ സംഗതി? ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. ദൂഷ്യം പറഞ്ഞെന്നു വരും. ഞാൻ പണ്ടേതന്നെ ദുഷ്ടനും ദുർന്നയനുമാണ് എന്നാണല്ലോ കേൾവി."

അന്യൻ: "അങ്ങനെയല്ല... പറയണം."

തമ്പി: “പറയുന്നതിന് വിശേഷിച്ചൊന്നുമില്ല. ജനങ്ങൾ പരക്കെപ്പറയുന്ന ഒരു കഥ സുന്ദരയ്യൻ കൊണ്ടുവന്നു. കേട്ടിട്ട് എനിക്കുതന്നെ വിശ്വാസമുണ്ടായില്ല.”

അന്യൻ: “എന്താണെന്നു പറഞ്ഞുകൂടയോ?”

തമ്പി: “എനിക്ക് അവിടത്തോടുപറഞ്ഞുകേൾപ്പിക്കാൻ ധൈര്യമില്ല. സുന്ദരയ്യൻ തന്നെ പറയട്ടെ ... സുന്ദരം!”

ഈ വിളകേട്ട് ‘ഉത്തരവ്’ എന്ന് ഉറക്കെപ്പറഞ്ഞുകൊണ്ട് സുന്ദരയ്യൻ മുറിക്കകത്തോട്ട് പ്രവേശിച്ച്, കൈകെട്ടി വാപൊത്തി ഒരു കോണിൽ ചെന്നു നിലയായി. സുന്ദരയ്യന്റെ മൂക്ക് നിലത്തു മുട്ടുന്നില്ലെന്നേയുള്ളൂ; അത്രത്തോളം താണ് ആദരവോടുകൂടി നിൽക്കുന്നുണ്ട്.

തമ്പി: “എടോ, എന്തെല്ലാമാണ് കൊച്ചുതമ്പുരാനെക്കുറിച്ച് കേട്ടത്? പറയൂ.”

സുന്ദരയ്യൻ: “എന്നവോ വയത്തുകടിയാം. മുലൈ കിലൈ കുടിക്കറതില്ലയാം. എപ്പവും അഴറതാം ...”

തമ്പി: “ഏഭ്യാ, എളയതമ്പുരാനെക്കുറിച്ചാണ് പറയാൻ പറഞ്ഞത്.”

സുന്ദരയ്യൻ: (അന്യനോട് മലയാളത്തിൽ) “അങ്കത്തെ, അതേ ഒന്നും ശൊല്ലാനില്ല. നിജമേ പൊയ്യോ ആർക്കാഹന്ന അറിയാം?”

അന്യൻ: “പറയൂ, സത്യമോ കളവോ എന്നുള്ളത് ഞങ്ങൾ തീർച്ചപ്പെടുത്തിക്കൊള്ളാം.”

സുന്ദരയ്യൻ: “പെരിയവരെപ്പത്തി എന്നവും ശൊല്ലി അശ്ശു എനക്ക് എന്നവും വന്തുട്ടാൽ താങ്കറതു് എന്നാലെ ആഹമോ?”

അന്യൻ: “ആട്ടെ, താങ്ങാൻ വഴിയുണ്ടാക്കാം; പറയൂ.”

സുന്ദരയ്യൻ: “കരുതിവേണമേ ശൊല്ലുന്നതു്. പിൽപാട്ട്, ശൊല്ലറവൻ തിരട്ടുകാറൻ ആഹ്മെ. അവളവുതന്നെ ബയം.”

അന്യൻ: “ഇത്രയൊക്കെ ഭയവും ആലോചനയും ഉണ്ടെങ്കിൽ അങ്ങത്തോട്ടു പറഞ്ഞതു് എങ്ങനെയാണ്?”

സുന്ദരയ്യൻ: “ശൊല്ലിപ്പോച്ച്… അതേ വിശാമാച്ച്”

അന്യൻ: (ദേഷ്യത്തോടുകൂടെ) “ഉരുട്ടാതെ പറയൂ.”

സുന്ദരയ്യൻ: (വിറച്ചുകൊണ്ടു്) “അങ്ങത്തേ, ശൊല്ലറേൻ. കോപപ്പെടാതും. അന്തപ്പക്കം പോയി ശൊല്ലലാം.”

സുന്ദരയ്യനും അന്യനും പുറത്തിറങ്ങി ഏകദേശം രണ്ടു നാഴിക നേരം സംസാരിച്ചുകൊണ്ടു നിന്നു. ഒടുവിൽ അന്യൻ മുറിയിലേയ്ക്കു് മടങ്ങി. അപ്പോൾ അദ്ദേഹത്തിന്റെ മുഖം ചുവന്നും നേത്രങ്ങളിൽ കണ്ണുനീർ നിറഞ്ഞും കാണപ്പെട്ടു.

അന്യൻ: “കേട്ടതുപോലെ സുന്ദരയ്യനും പറയുന്നു. തെളിവു കിട്ടട്ടെ. ചടച്ചിയെ കിഴക്കോട്ടു് അയച്ചിട്ടുണ്ടു്.”

തമ്പി: “ചുള്ളിയിലെ അല്ലയോ?”

അന്യൻ: “അതെ.”

തമ്പി: “അയാളിപ്പോൾ ഏതു ഭാഗത്താ?”

അന്യൻ: “എട്ടു വീടരുടെ.”

സുന്ദരയ്യൻ സാവധാനത്തിൽ വാതിലിന്റെ ഇടയിൽക്കൂടി തന്റെ ആനനത്തെ അകത്തോട്ടു കാണിച്ചു. തമ്പി

ഈ ക്രിയകണ്ടിട്ടു പകൽ വേലുക്കുറുപ്പിനെക്കൊണ്ടു് ബ്രാഹ്മണന്റെ മേൽ പ്രവർത്തിപ്പിച്ച അക്രമം തന്റെ അവിവേകത്താൽ വന്നുപോയതാണെന്നു് ഭാവംകൊണ്ടു് അയാളെ മനസ്സിലാക്കി.

അന്യൻ: "അവന്റെ കാര്യം ചോദിക്കാൻ സംഗതി എന്താണോ?"

തമ്പി: "ഇന്നു രാവിലെ അവൻ ഒരു ചാന്നാനെ നമ്മുടെ വേൽക്കാർക്കു് വിപരീതമായി സഹായിച്ചു?"

അന്യൻ: "ചാന്നാനോടു വല്ല പ്രത്യേക പരിചയവും ഉണ്ടായിരിക്കും. ചാന്നാന്റെ കഥ പറഞ്ഞതുകൊണ്ടു് ഞാനും ഒന്നു ചോദിക്കുന്നു; ഇന്നു് എന്തെല്ലാമാണു് ഇവിടെ നടത്തിയതു്?"

തമ്പി മിണ്ടാതെ നിന്നു. സുന്ദരയ്യൻ അകത്തോട്ടു നീട്ടിയിരുന്ന മുഖത്തെ പിൻവലിച്ചു് വാതിലിനേയും ബന്ധിച്ചു.

അന്യൻ: "അവിടുന്നു് അറിവില്ലാത്ത കൂട്ടത്തിൽ അല്ല. ഗുണദോഷിക്കേണ്ട പ്രായവും കഴിഞ്ഞിരിക്കുന്നു. ഇതൊന്നും ശരിയല്ല. താഴ്ന്ന ജാതികൾ ജീവനില്ലാത്തവരെന്നോ മറ്റോ വിചാരമുണ്ടോ? അവരും അവിടത്തെ അച്ഛൻ തിരുമേനിയുടെ പ്രജകളല്ലയോ? അവരുടെ കുഞ്ഞുകുട്ടികൾക്കുണ്ടാകുന്ന വ്യസനത്തേയും വിചാരിച്ചില്ലല്ലോ. ഇത്ര നിർദ്ദയനോ? ആളുകൾക്കു സഹിക്കാൻ പാടില്ലാതെ ആകുമ്പോൾ അവരും വല്ലതും അവിവേകം കാണിക്കും. സൂക്ഷിച്ചു വേണം ഓരോന്നു പ്രവർത്തിക്കുന്നതു്. എന്നും ശണ്ഠയും കലശയും കൊലയും… ഇങ്ങനെ കഴിക്കാമെന്നു വിചാര

മുണ്ടോ? സന്ധ്യയ്ക്കു വേൽക്കാരെ അയച്ചതു് എങ്ങോട്ടോ?"

തമ്പി: "മാ ... മാങ്കോയിക്കലേക്കു്."

അന്യൻ: "എന്തിനായിട്ടു്?"

തമ്പി പിന്നെയും മിണ്ടാതെ നിന്നു.

അന്യൻ: "പറഞ്ഞുകൂടാത്ത കാര്യം ആണോ? ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അവിടെ എഴുന്നള്ളീട്ടുണ്ടോ? സത്യം പറയണം."

തമ്പി: "ഉണ്ടു്."

"ചതിച്ചു!" എന്നു പറഞ്ഞുകൊണ്ടു് അന്യൻ മിന്നൽപോലെ പാഞ്ഞു് പുറത്തു കടന്നു. തമ്പി പുറകെ എത്തി കടന്നു് കൈയ്ക്കു പിടിച്ചുകൊണ്ടു്, "ഒരിക്കലേക്കു രക്ഷിക്കണം. സുന്ദരയ്യൻ പറഞ്ഞതിനെ ഇത്രവേഗം മറന്നോ?" എന്നു പറഞ്ഞു. അന്യൻ തിരിഞ്ഞു് ഗാഢമായ ആലോചനയോടുകൂടി കുറച്ചുനേരം നിന്നു.

അന്യൻ: "ഞാൻ പോകുന്നില്ല. അവിടുന്നു് ഉടനെ തിരുവനന്തപുരത്തേക്കു് പൊയ്ക്കൾകയാണു് നല്ലതു്."

തമ്പി: "ഉം? ... ഇത്ര ക്ഷുദ്രഗതിയോ? വേലുവാണു പോയിരിക്കുന്നതു്. മുന്നൂറുണ്ടു് വേൽക്കാരു്. മാങ്കോയിക്കൽ ഇതിനു മുമ്പിൽ ഭസ്മം. അവിടുത്തെ കൊച്ചുതിരുമേനിയും അനുഭവിക്കട്ടെ. അവിടുന്നു് പ്രതിക്രിയയ്ക്കു് ഇനി പരിശ്രമിക്കേണ്ട."

അന്യൻ: "പ്രതിക്രിയയ്ക്കു ശ്രമംചെയ്യുമെന്നു് മനസ്സിലാക്കിയതു് അബദ്ധം. അങ്ങത്തെ ഉദ്ദേശ്യം സാധിച്ചിരിക്കും എന്നു പറഞ്ഞതു് അതിലും അബദ്ധം."

തമ്പി: “കാണാം; കുറച്ചു താമസിക്കണം.”

അന്യൻ: “കാണണ്ടാ.”

തമ്പി: “ഹേ, ഇത്ര നിശ്ചയമോ?”

അന്യൻ: “അല്ലെങ്കിൽ ഞാൻ ഇവിടെ നിൽക്കുമെന്നു വിചാരമുണ്ടോ?”

തമ്പി: “വേൽക്കാർ മൂന്നൂറുണ്ടെന്നു പറഞ്ഞതു് കേട്ടില്ലായിരിക്കും.”

അന്യൻ: “കേട്ടു. അവരെ തിന്നാൻ കരുത്തരായ വാൾക്കാർ അവിടയുണ്ടു്.”

തമ്പി: “മാങ്കോയിക്കലോ?”

അന്യൻ: “അതെ.”

പെട്ടെന്നു് ഒരു അഗാധമായ കുഴിയുടെ വക്കിൽ ആയതുപോലെ തമ്പി ഒന്നു ഞെട്ടി.

അന്യൻ: “അവിടത്തെ ആലോചനകൾക്കു് ഇങ്ങനെയുള്ള ന്യൂനതകൾ സഹജമാണു്. എന്തിനു പരിഭ്രമിച്ചു നിൽക്കുന്നു? ഗുണദോഷം പറഞ്ഞാൽ കേൾക്കയില്ല. ഇതാ ആരോ വരുന്നു.”

ഒരു വേൽക്കാരൻ സംഭ്രമത്തോടുകൂടി ആ സ്ഥലത്തു് എത്തി. അന്യനെക്കണ്ടിട്ടു് പ്രത്യേക ആദരവോടുകൂടി നിന്നു.

തമ്പി: “മാങ്കോയിക്കൽ ചുട്ടുപൊടിച്ചില്ലേടോ?”

വേൽക്കാരൻ: “ചാമ്പലായി.”

തമ്പി: “ഭേഷ്!”

അന്യൻ: "കഷ്ടം! അങ്ങത്തേക്ക് ബലവാനായ ഒരു ശത്രു കൂടിയുണ്ടായി."

തമ്പി: "ശത്രു! പോകാൻ പറയണം. അവിടുന്നു മാത്രമെന്നെ സഹായിച്ചാൽ ഞാൻ ... ഇളയതമ്പുരാൻ എവിടേടാ?"

വേൽക്കാരൻ: "അവിടെത്തന്നെ ഉണ്ട്."

അന്യൻ: (ദീർഘനിശ്വാസത്തോടുകൂടി) "അതു ഭേഷ്."

തമ്പി: "എന്തു്! വേലു എവിടെ?"

അന്യൻ: "പിടിച്ചു കെട്ടീരിക്കുന്നവിടെ."

തമ്പി: "അതും ഭേഷ്! മറ്റുള്ള വേൽക്കാർ എവിടെ? വേഗം പറ."

വേൽക്കാരൻ: "മിക്കതും ചത്തു. ശേഷം വേലുക്കുറുപ്പദ്ദേഹത്തിനെപ്പോലെ തന്നെ."

അന്യൻ: "എന്തങ്ങുന്നേ, വേൽക്കാരെ വാൾക്കാർ തിന്നോ? ചെന്നു ചാടിയല്ലോ മാങ്കോയിക്കൽ കണ്ടൻ കുമാരൻ കുറുപ്പിന്റെ വായിൽ. ഈ കൊട്ടാരത്തിനെത്തന്നെ കുറുപ്പ് ഭസ്മമാക്കുകയില്ലയോ എന്നു സംശയമുണ്ട്."

തമ്പി: "അവിടുന്ന് അവർക്കെന്തോ സഹായം ചെയ്തു."

അന്യൻ: "ഞാനോ! എന്റെ സഹായം ആർക്കു്? ഞാൻ ഒന്നിനുമില്ല."

തമ്പി: "ഇല്ല, ഇല്ല! ഇപ്പോൾ ചാടിവിഴുന്ന് ഓടാൻ തുടങ്ങിയതോ?"

അന്യൻ: "ആൾ ആരാണ്? എന്റെ ഈ സ്ഥിതി എവിടുന്നുണ്ടായി? എന്റെ കുഞ്ഞിനെക്കാളും എനിക്കു വാത്സല്യവും ഉണ്ട്. ഇതൊക്കെ വിചാരിച്ചിട്ട് ആക്ഷേപിക്കണം."

തമ്പി: "തലയിലെടുത്തു വച്ചുകൊള്ളണം! വേണ്ടെന്ന് ആരു പറയുന്നു? കൊണ്ടിട്ടും അറിയുന്നില്ലല്ലോ."

അന്യൻ: "കൊണ്ടെങ്കിൽ കൊടുക്കാൻ ദൈവമുണ്ട്. നീതിയില്ലാത്ത ഭാഗത്തു ഞാനില്ല. എന്റെ പാടെനിക്ക്."

തമ്പി: (ദ്വേഷ്യത്തോടെ) "തടിപോലെ മുന്നൂറുണ്ടായിരുന്നില്ലേടാ?"

വേൽക്കാരൻ മാങ്കോയിക്കൽ നടന്ന കഥകളെ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. മാങ്കോയിക്കൽ കുറുപ്പിന്റെ പരദേവത ഒരു ചാന്നാന്റെ വേഷമായി ആവിർഭവിച്ച് ആ ഭാഗത്തെ സഹായിച്ചതിനാൽ വേൽക്കാർ പരാജിതരായെന്നും താൻ ഒരു വിധം രക്ഷപ്പെട്ടു എന്നും തമ്പിയോടു ബോധിപ്പിച്ചു. ചാന്നാന്റെ വിവരണത്താൽ തമ്പിക്ക് രാവിലത്തെ ഭ്രാന്തൻ കല്ലറയിൽനിന്നു തെറ്റി എന്നു മനസ്സിലായി. കഥകൾ മുഴുവനും കേട്ടപ്പോൾ ഭീതനായി ഇങ്ങനെ പറഞ്ഞു: "അവിടുന്നുതന്നെ എന്നെ രക്ഷിക്കണം. ദോഷി ഞാനാണെന്ന് അവിടുത്തേക്കു വിചാരമുണ്ടായിരിക്കും. സത്യത്തിൽ ഞാനല്ല; എന്നെ ദ്രോഹിക്കുന്നു. ജീവനെ സ്നേഹം ആർക്കും കാണും. ആത്മരക്ഷയ്ക്കു ചെയ്യുന്നതു് ജനങ്ങൾക്കു മറിച്ചു തോന്നിപ്പോകുന്നു. ആ ഭാഗത്താണു ന്യായം എന്നുണ്ട് ചിലർക്കു വിചാരം. യോഗ്യതയും അങ്ങിനെ ആയി വരണമോ? ഇത്രയൊക്കെ ഞാൻ പ

റയുന്നതെന്തിന്? ഒന്നുതന്നെ അവിടെ അറിയരുതോ? പത്മനാഭനാണ, അച്ഛനാണ, അവിടെത്താണ ഞാൻ കണ്ടതും കേട്ടതും അറിഞ്ഞതും അല്ലേ."

അന്യൻ: "എന്നാൽ ഒരു സഹായം കഴിയും. നിങ്ങൾ രമ്യമായിരിപ്പിൻ; ഗുണദോഷം ഞാൻ ഉപദേശിക്കാം. ക്രിയയ്ക്കു കുറച്ചു സംശയമുണ്ട്. കേട്ട സംഗതികൾ സത്യമാണെങ്കിൽ ആ ഭാഗത്തു ഞാനില്ല. അതു തീർച്ചതന്നെ."

തമ്പി: "മതി."

അന്യൻ: "നിരക്കയാണ നല്ലത്."

തമ്പി: "ഈ ആയുസ്സിലില്ല."

അന്യൻ: "ഫലം അനുഭവിക്കും."

തമ്പി: "ഏറെ വന്നാൽ ഈ ജിവനോടു നിൽക്കും."

അന്യൻ: "ജീവനെക്കുറിച്ച് സ്നേഹമുള്ളവർക്കുകൂടി ആപത്തു വരുത്തുന്നല്ലോ."

തമ്പി: "അങ്ങനെയുള്ളവർ എന്നോടു ചേരേണ്ട."

അന്യൻ: "നിരപരാധികളായുള്ളവരെ ഹിംസിക്കരുത്."

തമ്പി: "അതില്ല."

അന്യൻ: "ഞാൻ പോണു. എന്റെ വ്യസനത്തെ ഈശ്വരൻ അറിയട്ടെ."

തമ്പി: "ചെയ്തവർ അനുഭവിക്കും."

അന്യൻ: "അതുകൊണ്ട് എന്റെ ദുഃഖത്തിനു ശാന്തി ഉണ്ടാകയില്ല. എല്ലാവരും നന്നായിരിക്കട്ടെ" എന്നു പറഞ്ഞിട്ട് അന്യൻ യാത്രയായി. തമ്പി തിരിഞ്ഞുനോക്കിയപ്പോൾ സുന്ദരയ്യൻ സമീപത്തുണ്ട്.

സുന്ദരയ്യൻ: "നാൻ മുച്ചൂടും കേട്ടിതു്. പതറാതും. വേലുപോനാൽ പോക്കഴിഞ്ചു പോട്ടും. നാനിരിക്കെ ഉമക്കു്. ശൊല്ലലായാ? അന്ത ശാണാപ്പയലേ കൊല്ലാമൽ വിട്ടുപോട്ടതേ തപ്പിതം."

തമ്പി: "അവനെങ്ങനെ അവിടെ എത്തി?"

സുന്ദരയ്യൻ: "കേൾപ്പാനെ? കണ്ടവഴിയേ പറഞ്ഞുട്ടാൻ. അതേ കല്ലെപ്പോട്ടു ചാത്തുടണം."

തമ്പി: "മാങ്കോയിക്കൽ കുറുപ്പ് ആ ഭാഗത്തായല്ലോ."

സുന്ദരയ്യൻ: "അവനടെ തകപ്പനാനാലെന്ന? കാലത്താലെ പുരപ്പെടത്താൻ വേണം. തിരുവനന്തപുരം കയ്യിലെ കിടത്താൻ സുമാർ. പെണ്ണെക്കണ്ടു സുമാർശെയ്യു്, എട്ടുപിള്ളമാരെക്കണ്ടു പേശി, വഴിക്കു വഴിയാക പോകലാം. ഒമ്മുടെ വേല അന്ന പാരും. ഇവർ കണ്ണിയിലെ പൊട്ടാച്ച്. സുന്ദരം ശൊല്ലറതെക്കേളും. രാജ്യം ഉമക്കുതാൻ. അലമ്പൽ വന്തിതാനാൽ ഇന്ത ബ്രഹ്മസ്വത്തെ അറുത്തു മീൻപിടിക്ക വലകെട്ടക്കൊടുത്തുടറേൻ."

സുന്ദരയ്യൻ തമ്പിയെ വേർപെട്ടു് കൊട്ടാരത്തിന്റെ ഒരു ഭാഗത്തുചെന്നു് ഒരു മുറിയുടെ വാതിലിൽ തട്ടി. ഒരുവൻ പുറത്തിറങ്ങി. അയാളോട്ടു് കുറച്ചുനേരം സുന്ദരയ്യൻ മന്ത്രിച്ചു. "അങ്ങനെതന്നെ. എള്ളളവു് തെറ്റില്ല" എന്നു് അയാൾ പറഞ്ഞു. "വേലുവെപ്പോലെ വരാതെ. വേൽ കീൽ കൊണ്ടു പോകാതെ. വാൾ തരലാം. ഇങ്കെയിരുന്തു പത്തുപേർ പോതുമെ?" എന്നു് സുന്ദരയ്യനും, "സ്വാമി" എന്ന മറ്റേ ആളും പറഞ്ഞു് സംവാദത്തെ അവസാനിപ്പിച്ചു.



# 9

“ശൈശവം തുടങ്ങി ഞാനും ആശയേ ഉറച്ചു,
കേശവൻ നാഥനെന്നല്ലോ കേവലം വാഴുന്നു;
എന്നെയഹോ ചേദിപനതന്നെ നൽകീടുവാൻ
ഇന്നു രുഗ്മി നിശ്ചയിച്ചു കിന്നു കരവൈ ഞാൻ”

യുവരാജാവും തമ്പിയും തിരുവനന്തപുരത്ത് എത്തി അവരവരുടെ മന്ദിരങ്ങളിൽ വസിക്കുന്നു. മഹാരാജാവിന് ആലസ്യം കലശലായിരിക്കുന്നു. രാജകുടുംബത്തോട് സംബന്ധമുള്ള ഇടപ്രഭുക്കന്മാർക്ക് ആലസ്യത്തെക്കുറിച്ച് അറിവു കൊടുക്കുന്നതിന് ദൂതന്മാർ പുറപ്പെട്ടിരിക്കുന്നു. അസ്ഥിയും തൊലിയും മാത്രം ശേഷിച്ച് ഗോവെന്ന നാമത്തെ ധരിക്കുന്ന ജന്തുക്കൾക്ക് വില കൂടിയിരിക്കുന്നു. വൃദ്ധന്മാരായ ബ്രാഹ്മണർ ദാനങ്ങളെ കാംക്ഷിച്ച് കൊട്ടാരവാതുക്കൽ ഹാജരായി നിൽക്കുന്നു. അഞ്ചാറു ദിവസത്തേക്കുവേണ്ട സസ്യാദികൾ മുതലായവയെ കാർണ്ണോത്തികൾ കരുതിത്തുടങ്ങുന്നു. വരുന്ന വിഷുവും ഓണവും പാഴാകുന്നല്ലോ എന്നു വിചാരിച്ച് കുട്ടികൾ വ്യസനിക്കുന്നു. തൽസംബന്ധമായുള്ള വ്യയങ്ങൾ ലാഭമാകുമെന്ന് ലുബ്ധന്മാരായ ജനങ്ങൾ സന്തോഷിക്കുന്നു. ചന്ദനക്കട്ട, ഘൃതം എന്നീവക സാധനങ്ങളെ രാജമന്ദിരത്തോട് ചേർന്നുള്ള ചില ശാലകളിൽ നാ

യന്മാർ ഋദ്ധമായി സംഭരിക്കുന്നു. വലിയ സർവ്വാധികാര്യക്കാർക്കു് ഊണുമില്ല, ഉറക്കവുമില്ല. അദ്ദേഹത്തിന്റെ ഭാര്യ പ്രസവിച്ചു കിടക്കുന്നു; ഒരു മകൾ പത്തുമാസവും തികഞ്ഞു് ഗർഭിണിയായിരിക്കുന്നു. ഒരനന്തരവൻ രോഗാതുരനായി ഇഹപരലോകങ്ങളുടെ മദ്ധ്യത്തിലായിരിക്കുന്നു. എങ്കിലും തന്റെ സ്വാമിയെക്കുറിച്ചുള്ള ഭക്തിമൂലം അദ്ദേഹം പള്ളിയറവാതിൽക്കൽത്തന്നെ കാത്തുനിൽക്കുന്നു.

കാപ്പി, തേയില മുതലായ സാധനങ്ങൾ അന്നു നടപ്പില്ലായിരുന്നു. അതിനാൽ അദ്ദേഹത്തിനെ ഭവനത്തിലേക്കു് പ്രത്യേകം ആകർഷിക്കുന്നതിനു യാതൊന്നും തന്നെ ഇല്ലായിരുന്നു. അതുകൊണ്ടായിരിക്കാം അദ്ദേഹത്തിന്റെ സ്വാമിഭക്തിക്കു് ഒരു ലംഘനവും വരാതിരുന്നതു്. ആ സംഗതി പോകട്ടെ, ആകപ്പാടെ മഹാരാജാവിന്റെ അത്യാസന്ന രോഗസ്ഥിതി അറിഞ്ഞു് ജനങ്ങൾ സകല ഉത്സാഹങ്ങളേയും വെടിഞ്ഞു മുമ്പിൽക്കൂട്ടിത്തന്നെ ദുഃഖം ആചരിച്ചുതുടങ്ങിയതുപോലെ ഇരിക്കുന്നു.

ചെമ്പകശ്ശേരിയിൽ ചില ആളുകൾ... ഈ കഥ ഒന്നും അറിയാത്തതിനാലായിരിക്കാം... സന്തോഷവർത്തികളായിത്തന്നെ ഇരിക്കുന്നു. ചെമ്പകശ്ശേരി മൂത്തപിള്ള പാട്ടക്കാരെയും മറ്റും വരുത്തി ഓരോ ഏർപ്പാടുകൾ ചെയ്യുന്നു. അദ്ദേഹത്തിന്റെ സഹോദരിയ്ക്കു് വലിയ സർവ്വാധികാര്യക്കാരെപ്പോലെതന്നെ ഊണും ഉറക്കവുമില്ല. നിദ്ര ആകുന്നതുവരെ ഗൃഹകാര്യാന്വേഷണങ്ങളും നിദ്രയ്ക്കു് ആരംഭിച്ചാൽ മനോരാജ്യങ്ങളുംകൊണ്ടു് ദിനരാത്രങ്ങൾ കഴിച്ചുവരുന്നു. മുറ്റങ്ങളിൽ ഒരു പുല്ലുപോലും നിൽക്കാൻ സമ്മതിക്കുന്നില്ല. അടിച്ചുതളിക്കാരിയെ ഒരു നേരം സ്വസ്ഥമാ

യിരിക്കാൻ വിടുന്നില്ല. തുന്നൽപ്പണിക്കാരെക്കൊണ്ട് മേക്കട്ടി, വെളിയട മുതലായതുണ്ടാക്കിച്ച് പൂമുഖം, അറപ്പുരത്തളം ഈ സ്ഥലങ്ങളെ അലങ്കരിച്ചിരിക്കുന്നത് കൂടാതെ ഭവനത്തിൽ ഇരിപ്പുണ്ടായിരുന്ന മേനാവിന് ചുവന്ന ചകലാസിൽ ഒരു ഉറയും തുന്നിച്ചിരിക്കുന്നു. തിരിയുന്ന ദിക്കിലെല്ലാം വെള്ളിസാമാനങ്ങൾ കാണ്മാനുണ്ട്. വിശേഷമാതിരിയിലുള്ള പുല്ലുപായ്, രത്നക്കംബളം മുതലായതുകളെ പുറത്തെടുത്തിട്ടിരിക്കുന്നു. ഉണക്കുന്നതിന് വെയിലില്ലാഞ്ഞിട്ട് കാർത്ത്യായനിയമ്മ മനസ്താപപ്പെടുന്നു. തലയണ, ചാവട്ടകൾ എന്നിവയുടെ ഉറകൾ ദിവസേന മാറ്റുന്നു. മുഷിഞ്ഞ വസ്ത്രത്തോടുകൂടി കാണപ്പെടുന്ന വേലക്കാർക്ക് ഉടനേ വെളുത്ത വസ്ത്രങ്ങൾ കൊടുക്കുകയും ഭൃത്യവർഗ്ഗത്തെ ദിവസംപ്രതി കുളിക്കുന്നതിന് നിർബ്ബന്ധിക്കയും ചെയ്യുന്നു. കാർത്ത്യായനിയമ്മയുടെ വയസ്സിൽ പാതി താൻ അറിയാതെ മാഞ്ഞുപോയതുപോലെയും ഇരിക്കുന്നു. തന്റെ ഭർത്താവായി ഒരാൾ ഉണ്ടായിരുന്നു എന്നും മറ്റുമുള്ള സംഗതികൾ ചെമ്പകശ്ശേരിയിലെ ഗ്രന്ഥവരികളിലല്ലാതെ കാർത്ത്യായനിയമ്മയുടെ സ്മരണയിൽ ഉള്ളതായി തോന്നുന്നില്ല. അസ്തമനം ഒന്നുണ്ടെങ്കിൽ സുന്ദരയ്യന്റെ ആഗമനവും ഉണ്ടെന്നു നിയമമായിരിക്കുന്നു. സുന്ദരയ്യനെ കാർത്ത്യായനിയമ്മ നിലത്തല്ല വച്ചിരിക്കുന്നത്.

പാറുക്കുട്ടിയും മുമ്പിലത്തെ സ്ഥിതിയിൽനിന്നു വളരെ ഭേദപ്പെട്ടിരിക്കുന്നു. സുന്ദരയ്യനെ കണ്ട് ഭയാക്രാന്തയായ യുവതി ഇതാണോ എന്നു വായനക്കാർ ഇക്കാലത്ത് കണ്ടുവെങ്കിൽ നിസ്തർക്കമായി സംശയിച്ചു പോകുമായിരുന്നു. മുഖത്തുണ്ടായിരുന്ന ദൈന്യരസങ്ങൾക്ക് പകരം ഇപ്പോൾ

കാണപ്പെടുന്നതു് ഇന്നതാണെന്നു് ക്ലിപ്തമായി പറയുന്നതിനു് കഴിവുള്ളതല്ല. ആ വിധത്തിൽ മുഖത്തിലെ ഭാവം പകർന്നിരിക്കുന്നു. വ്യസനഭാവും അധികം ഇല്ല. ഗാംഭീര്യം കുറച്ചു കൂടീട്ടുണ്ടു്. എന്നാൽ തന്റെ ഭവനത്തിന്റെ പുരോഭാഗങ്ങളിലും വടക്കേക്കെട്ടിലും ഉള്ള സഞ്ചാരം ഏകദേശം നിറുത്തി അറപ്പുരയിൽത്തന്നെ സദാ ഇരിപ്പായിരിക്കുന്നു.

മാങ്കോയിക്കൽ യുദ്ധം കഴിഞ്ഞു്, ഏഴാം ദിവസം വെളിച്ചം ആയി നാലഞ്ചുനാഴിക ചെന്നപ്പോൾ, പാറുക്കുട്ടി അറപ്പുരയുടെ പടിഞ്ഞാറേ വാതിലിന്റെ പടിയിന്മേൽ വരാന്തയുടെ ചവിട്ടുപടിയിൽ കാലും ഉറപ്പിച്ചു്, കൈ രണ്ടും മുട്ടുകളിന്മേൽ മടക്കി ഊന്നി, വദനത്തെ ഉള്ളംകൈകളാൽ താങ്ങിക്കൊണ്ടും, പ്രസന്നമായി മന്ദഹാസം ചെയ്തുകൊണ്ടും ഇരിക്കുന്നു. മുഖം കുറച്ചു വിളറിയും നേത്രങ്ങളുടെ പ്രകാശം മങ്ങിയും കാണപ്പെടുന്നു. മന്ദഹാസത്തിനു് ഹേതുഭൂതൻ നമ്മുടെ ശങ്കു ആശാനാണു്. മൂപ്പൻ വടിയുമൂന്നി മുറ്റത്തു നിന്നു കരയുകയോ, ചിരിക്കുകയോ, പുലമ്പുകയോ എന്തെല്ലാമൊക്കെയോ ചെയ്യുന്നു. കാർത്ത്യായനിയമ്മയുടെ ശാസന അനുസരിച്ചു് ആശാൻ അറപ്പുരയ്ക്കകത്തു് കടക്കുന്നില്ലെന്നു മാത്രമല്ല, ചെമ്പകശ്ശേരിയിലുള്ള സകലജനങ്ങളോടും… പാറുക്കുട്ടിയോടു് ഒഴികെ… പരിഭവപ്പെട്ടും ഇരിയ്ക്കുന്നു. വിശപ്പു് സഹിക്കാതാവുമ്പോൾ അടുക്കളക്കാരോടു് വല്ലതും വാങ്ങി കഴിയ്ക്ക എന്നല്ലാതെ മൂന്നുനേരത്തെ ഊണും മറ്റും ഉപേക്ഷിച്ചു് മിക്കവാറും പട്ടിണി കിടന്നു്, ആശാന്റെ ദേഹം വളരെ ശോഷിച്ചിരുന്നു.

ആശാൻ: “ഒരു കാലനും എന്നെ വേണ്ടല്ലോ. എടുത്തോണ്ടു് നടന്നതിനു് വയത്തുകാലത്തു് ഒരു കൂലി തരണ്ട

യോ? അതിനാണ് (ആകാശത്ത് നോക്കിക്കൊണ്ടു്) എന്റെ പഹവാനേ, എന്റെ ചീവനെ തിടുങ്കമിനെ എടുത്തോണ്ടു് പോണേ."

പാറുക്കുട്ടി: "ഇത്ര ശുദ്ധനാണോ ആശാൻ? അമ്മ പറയുന്നതിനെ സാരമാക്കുന്നല്ലോ. എന്തെല്ലാം പറയാറുണ്ടു്. അതൊക്കെ കുണ്ഠിതമായി വിചാരിച്ചു തുടങ്ങിയാൽ പിന്നെ അതിനേ നേരമുള്ളൂ."

ആശാൻ: "ഈ വയത്തിനിടയിൽ ഒരുത്തരു് കമാന്നൊരു ചത്തം എന്റടുത്തു മൂളീട്ടില്ല. ഇപ്പം ഇതാ ഇങ്ങനെയും കേട്ടു. കാലംതന്നെ!"

പാറുക്കുട്ടി: "എന്താണ കേട്ടതു്? തൽക്കാലത്തെ ദേഷ്യം കൊണ്ടു് എന്തോ പറഞ്ഞതിനെ വകവയ്ക്കാനുണ്ടോ?"

ആശാൻ: "കട്ടയ്ക്കു് കാലും നീട്ടിയിരിക്കണ ഈ കിഴവന്റെ അടുത്താണോ തേക്ഷ്യങ്ങളും മറ്റും?"

പാറുക്കുട്ടി: "ഇങ്ങു കേറി നിൽക്കണം ആശാനേ. ഈറ നിൽനിന്നു തണുപ്പുകൊള്ളണ്ട."

ആശാൻ: "ഞാനോ! ഈ ചെമ്മാന്ത്രത്തു് ഇനി ഇല്ല."

പാറുക്കുട്ടി: "ആശാന്റെ പരിഭവവവും സിദ്ധാന്തവുംകൊണ്ടു് നിവൃത്തിയില്ലാതായി. പറഞ്ഞാൽ ഒന്നും സാരമില്ല."

ആശാൻ: "തങ്കത്തിനു പറയരുതോ? പാക്യം പെറന്ന തങ്കം! എക്കു് ഇങ്ങനെ കെടന്നു ചത്താ മതി. ഒരുത്തരു് പറയണതും കേക്കണ്ടാ."

പാറുക്കുട്ടി: "മഹാഭാഗ്യം! സ്ത്രീജാതിയിൽ ഇത്ര ഭാഗ്യം വേറെ ആർക്കും ഇല്ല. അത് ആശാനും നിശ്ചയമുണ്ടല്ലോ."

ആശാൻ: "ഇല്ലായിരിക്കും പിന്നെ! വലിയ തമ്പി അങ്ങത്തെ കൊച്ചമ്മ അല്ലയോ ആവാൻ പോണത്!"

പാറുക്കുട്ടി: (പ്രസന്നത പോയി താമ്രവർണ്ണമായ മുഖത്തോടുകൂടി); "എന്തു വർത്തമാനമാണിത്?"

ആശാൻ: "എന്തരു വത്വാനമോ? ആരും അറിയാത്ത പോലെ. അവനേ, ആ ചങ്കും പുങ്കമില്ലാത്ത പട്ടൻ, അവൻ എന്നും വന്നുകേറണത് ആരും കണ്ടില്ലെന്നായിരിക്കും. എക്കിപ്പം ആരെയും പേടിയും മറ്റും ഇല്ല. കണ്ടതിനെ ചൊല്ലിയാലക്കൊണ്ടു കേറി മൂക്കിപ്പാഞ്ഞൂടുമ്മറ്റുമില്ല."

പാറുക്കുട്ടി: "അദ്ദേഹം വന്നേച്ചുപോട്ടെ. അദ്ദേഹത്തിന്റെ കാലിനല്ലാതെ നമുക്കെന്തോണ്ട ചേതം?"

ആശാൻ: "അത് കാണമ്പമാണ് എക്കെന്റെ ചങ്ക കഴയ്ക്കണത്. ഇപ്പറയണ തങ്കത്തിന് അതൊക്കെ തന്തോഴം."

പാറുക്കുട്ടി തന്റെ ശരീരത്തിൽ കൂർത്തുള്ള ഒരസ്ത്രം തറച്ചതുപോലെ ഞെട്ടി, ആശാന്റെ മുഖത്തു ലജ്ജയോടും കോപത്തോടും വെറുപ്പോടും നോക്കി. നെടുതായുള്ള പുരികക്കൊടികൾ അടുത്തു. അഗ്രോന്നതമായുള്ള അധരം എന്തോ ഉച്ചരിക്കുന്നതിനായി മൂന്നു നാലു് പ്രാവശ്യം ചെറുതൊന്നിളകി. ഉച്ചരിക്കാൻ ഭാവിച്ച വിചാരങ്ങളെ അടക്കീട്ടു് ആ സ്ഥലത്തു നിന്നു പോകുന്നതിനായി എഴുന്നേൽക്കുവാൻ വട്ടംകൂട്ടി. പോകാതെ പടിക്കൽത്തന്നെ കുറച്ചുനേരം വിചാരത്തോടെ ഇരുന്നു. മുഖത്തോട്ടുവീണ ധമ്മില്ല

ത്തെ നീക്കി പുറകോട്ടിട്ടിട്ട്, വലത്തേ കൈമുട്ടിനെ ഊരുവിന്മേൽ ഊന്നി, ഓമനയായ ഉള്ളങ്കയ്യാൽ ഫാലത്തെ താങ്ങിക്കൊണ്ട് അധോമുഖിയായിരുന്നു. ഇതു കണ്ടു പശ്ചാത്താപത്തോടുകൂടി അടുത്ത് വരാന്തമേൽ വടി ഊന്നി കുനിഞ്ഞു് പാറുക്കുട്ടിയുടെ മുഖത്ത് നോക്കിയുംകൊണ്ട് ഇങ്ങനെ പറഞ്ഞു. "കളിവട്ടം പറഞ്ഞതിനു കലിവച്ചിരിക്കാറുണ്ടോ? എന്റെ പൊന്നു തങ്കം അല്ലിയോ? ഇത്തിപ്പോരം എന്റെ മൊകത്തു നോക്കുല്യോ? അയ്യേ, കരയണോ?"

പാറുക്കുട്ടി ആനനത്തെ ഉയർത്തി ആശാന്റെ മുഖത്തു നോക്കി. നേത്രങ്ങൾ കലുഷിതമായിരിക്കുന്നു. വദനം വാടിയും ഇരിക്കുന്നു. ഇതുകൾ കണ്ട് ആശാൻ പാറുക്കുട്ടിയേക്കാൾ അധികം പാരവശ്യം കലർന്ന്, "കെഴവൻ പറഞ്ഞതിനെ വകയിൽ കൂട്ടണല്ലോ, കൊള്ളാം!" എന്നു പറഞ്ഞു.

പാറുക്കുട്ടി: "ആശാനും ഇതുവരെ എന്റെ സ്വഭാവം മനസ്സിലായില്ലല്ലോ, കഷ്ടം!"

ആശാൻ: "തങ്കം ഒന്നും പറയണില്ല. പട്ടരു് എന്നും കേറി വരുണ. തങ്കം തന്തോഴമായിരിക്കുന്നമുണ്ട്. അതുകൊണ്ട്…"

പാറുക്കുട്ടി: "ഞാൻ എന്താണ് പറയേണ്ടതു്? പറഞ്ഞാൽ ത്തന്നെ ഫലമുണ്ടോ? അമ്മ അതിമോഹത്തിൽ മുങ്ങിയിരിക്കുന്നു. ഒരു വസ്തുവും ഇപ്പോൾ കാണുകയും കേൾക്കുകയുമില്ല. വല്ലതും പറഞ്ഞാൽ വഴക്കായിത്തീരും."

ആശാൻ: "ചണ്ടയും കൂട്ടവും നമുക്കയ്യം. അമ്മ കണ്ണിവയ്ക്കണതെന്തരിനെന്നു പിള്ളയ്ക്കു് അറിയാമല്ലോ. എന്റെ പി

ള്ളേ, ഞാനൊന്നും പറയണില്ല. എക്കവനെ കാണുമ്പ മൊണ്ടല്ലോ എങ്ങുമില്ലാത്ത തുന്തിരി ഒക്കെ വരും."

പാറുക്കുട്ടി: "ആശാൻ പറയണ്ട; പട്ടർ വന്ന അന്നുതന്നെ എനിക്കു മനസ്സിലായി. തമ്പിയദ്ദേഹത്തിനെക്കൊണ്ടു് എന്നെ സംബന്ധം ചെയ്യിക്കാനാണു് പട്ടരും അമ്മയും ശ്രമിക്കുന്നതു്."

ആശാൻ: "അതുതന്നെ. അതാ! വീട്ടിനെ ഒക്കെ തേവിടി യാക്കുടി പോലെ ഒരുക്കണതെല്ലാം അതിനാണു്."

പാറുക്കുട്ടി: "വീടിനെ വെടിപ്പാക്കി ഇടേണ്ടതു് ആവശ്യം തന്നെ. പക്ഷേ അമ്മയുടെ ഉദ്ദേശ്യം നല്ലതല്ല. ഇങ്ങനെ എന്നെക്കുറിച്ചു് ഈ അമ്മയ്ക്കു് കുറില്ലാതായല്ലോ. ഈശ്വ രൻതന്നെ അറിയട്ടെ. കഷ്ടം! ഞാൻ... എന്റെ... അ മ്മേടെ മനസ്സു് കല്ലുകൊണ്ടോ? ഭഗവാനേ! നാരായണ! വിചാരിക്കാൻ പോലും പാടില്ല. തലയിലെഴുത്തിനെ മാ റ്റാൻ കഴിയുമോ? എന്റെ വിചാരം പോലെ നടന്നില്ലെ ങ്കിലും വേണ്ടൂല്ല; ജീവിച്ചിരിക്കുന്നു എന്നു കേട്ടാൽ മതി. എല്ലാവരും പുരുഷന്മാരോ?"

ആശാൻ: "ഇതൊക്കെച്ചുമ്മാ അമ്മേടെ അടുത്തു പറഞ്ഞൂ ടായോ? തങ്കം പേടിക്കണതെന്തിനു്? തല വീയിക്കള യുമോ?"

പാറുക്കുട്ടി: "നല്ല ഉപദേശം! നമ്മുടെ ഇടയിലുള്ള നട പ്പു് ആശാനറിയാമല്ലോ. ഇപ്പോൾത്തന്നെ ഭ്രാന്തിയെ ന്നു് അമ്മയും മറ്റും എന്നെ പറയുന്നുണ്ടു്. ഇനി വല്ല തും പറഞ്ഞാൽ താന്തോന്നി എന്നും ഗുരുത്വം കെട്ടവ ളെന്നുംകൂടി പേരു വരും. എന്റെ പ്രാണ... എന്റെ മ

നസ്സിലുള്ള എല്ലാ വിചാരങ്ങളെയും പുറത്തു പറയുന്ന തായാൽ നല്ലതായ ഒരു പേരു് വേറേയും കിട്ടും. അതു് സഹിച്ചുകൂടുന്നതല്ല. ഒന്നും കൂടാതെ കഴിക്കാം ആശാനേ. അതാണു നന്നു്."

ആശാൻ: "അല്ലേ, നായരെക്കൊണ്ടു് തലയിൽ കെട്ടിവയ്ക്കാറും മറ്റുമുണ്ടോ?"

പാറുക്കുട്ടി: "അതെല്ലാം നടപ്പും ആർപ്പാട്ടും ആണു്. ചുമത്തുന്ന ഭാരം ചുമക്കണം. മര്യാദയുള്ള സ്ത്രീകൾക്കാണു് ഒരു മാർഗ്ഗത്തിലും ഒഴിയാൻ പാടില്ലാത്തതു്. പക്ഷേ, എന്നെ അമ്മ നിർബ്ബന്ധിക്കുന്നതു് കഷ്ടമാണു്. ഞാൻ സന്തോഷിച്ചിരിയ്ക്കുന്ന എന്നു് ആശാനെപ്പോലെ തന്നെ അമ്മയും വിശ്വസിക്കുന്നു. എന്റെ സ്ഥിതി എനിക്കറിയാം. മനോവ്യാധി മഹാവ്യാധിയാണു്. അണയാൻ പോകുന്ന ദീപത്തിന്റെ പ്രകാശം കണ്ടു് ആളുകൾ വെറുതെ സന്തോഷിക്കുന്നു."

ആശാൻ എന്തോ മനോരാജ്യത്തിൽ പ്രവേശിച്ചിരുന്നതിനാലോ ഒടുവിലത്തെ വാക്കുകൾ തനിക്കു മനസ്സിലാകായ്കയാലോ മറുപടി പറഞ്ഞതു് ഇങ്ങനെയായിരുന്നു: "ഒന്നു നോക്കുമ്പം തമ്മന്തവും കിമ്മന്തവും ഇല്ലാതിരിക്കണെതു തൊർക്കം."

"തൊർക്കവുംകൊണ്ടു് അവിടുന്നു പോണം പിന്നെ" എന്നു് ആക്ഷേപമായി പറഞ്ഞുകൊണ്ടു് കാർത്ത്യായനിയമ്മ പുത്രിയുടെ പുറകിൽ എത്തി. ആശാൻ ചിരിക്കൊണ്ടു് ആയുധപ്പുരയിലേക്കു തിരിച്ചു. പാറുക്കുട്ടി അകത്തോട്ടു കടന്നു് അമ്മയുടെ മുമ്പിലായിട്ടു് നിന്നു. തന്റെ അമ്മയെ ആ സന്ദർഭത്തിൽ കാണുകയാൽ പാറുക്കുട്ടിയുടെ ഉൾ

പ്പൂവിൽ പെട്ടന്നു് അപാരമായ ഒരു വ്യസനം ഉണ്ടായി. അതിനെ ഹൃദയത്താൽ ഗോപനം ചെയ്യുന്നതിനു് ശ്രമിച്ചുവെങ്കിലും പാറുക്കുട്ടിയുടെ ആത്മസംയമനശക്തിയെ ആക്രമിച്ചു് ചില ക്ഷോഭങ്ങൾ മുഖത്തു് പ്രകാശിച്ചു. തന്റെ കാംക്ഷിതത്തിന്റെ അനവാപ്തിയെയും, അതിനു വിപരീതമായി വരാൻ പോകുന്ന പരിണാമത്തെയും ഓർത്തപ്പോൾ മുഖത്തിൽ പ്രകൃത്യാലുള്ള ഗാംഭീര്യം ആസകലം നീങ്ങി. ആ വിധമായ പരിണാമത്തിനു് ഹേതുഭൂതരായവരുടെ നിഷ്കരുണത്വം ഓർത്തപ്പോൾ മുഖത്തു് അധികമായ കാലുഷ്യവും പരവശതയും ഉദിച്ചു. ഈ സ്ഥിതിയിൽ പാറുക്കുട്ടിയുടെ മുഖം ദിനാന്തചിത്രഭാനുവിനെപ്പോലെ കോമളകാന്തിയോടുകൂടി വിലസി. ആ മനോഹരമായ മുഖത്തിൽ തന്റെ ഉദ്ദേശ്യത്തെ സഫലമാക്കുന്നതിനു് വേണ്ടിടത്തോളം വശീകരണശക്തിയുണ്ടോ എന്നു്, ചിത്രമെഴുത്തുകാർ തങ്ങളുടെ കരരചനകൾക്കു് വൈശിഷ്ട്യം മതിയായോ എന്നു പിന്മാറിനിന്നു നോക്കി നിശ്ചയിക്കും പോലെ, കാർത്ത്യായനിയമ്മ കുറച്ചുനേരം നോക്കിക്കൊണ്ടു നിന്നു. അനന്തരം സന്തോഷത്തോടുകൂടി പുത്രിയുടെ സമീപത്തണഞ്ഞു് കേശബന്ധത്തെപ്പിടിച്ചു് മുമ്പോട്ടു് ഇട്ടിട്ടു്, ശിരസ്സിൽ അതികരുണയോടുകൂടി തലോടി. പിന്നീടു് പാറുക്കുട്ടിയെ തന്റെ മാറോടണച്ചു് നിർത്തീട്ടു് ഇങ്ങനെ പറഞ്ഞു; "നിനക്കു വിശപ്പില്ലയോ തങ്കം? അതുപോട്ടെ, ഈ തലയെ ഒന്നു പിടിച്ചുകെട്ടിയാൽ നിനക്കെന്തു് ചേതം. പറയുമ്പോഴോ ദേഷ്യവും വരും. ഇതാ ഈ മുഷിഞ്ഞ മുണ്ടു് ഉടുത്തുകൊണ്ടിരിക്കുന്നല്ലോ, നീ എന്നെപ്പോലെ പേറും പെറുതിയും മാറിയവളാണോ? ഒരു നല്ല താലിയോ ക

ണ്ഠശരമോ എടുത്തു കെട്ടിക്കൊണ്ടൂടയോ? ഇല്ലാത്ത കുറ്റമല്ലല്ലോ."

പാറുക്കുട്ടി: "മുണ്ട് ഇന്നലെ എടുത്തതാണല്ലോ. ഇന്നു കുളിക്കുമ്പോൾ മാറ്റാം. കണ്ഠശരത്തിനെക്കാൾ ഈ താലിയാണ് എനിക്കു കെട്ടാൻ സുഖമുള്ളത്."

കാർത്ത്യായനിയമ്മ: "പോടീ, നിനക്കൊരു വസ്തു അറിഞ്ഞൂടാ. നിന്റെ തരത്തിലുള്ള നാലു പെണ്ണുങ്ങളോടു ചോദിച്ചാലറിയാം. എന്തൊരു വേഷമാണിതു്! പെണ്ണുങ്ങളായാൽ നന്നായിരിക്കണമെന്നൊരു വിചാരം വേണം. മൂപ്പും മുറയും പറയാൻമാത്രം മുതിർന്നുനിന്നോ നീ."

പ്രണയശാസനയായിട്ട് കാർത്ത്യായനിയമ്മ ഇപ്രകാരം പറഞ്ഞതിന് പാറുക്കുട്ടി ഉത്തരം ഒന്നും പറഞ്ഞില്ല.

കാർത്ത്യായനിയമ്മ: "മണവും ഗുണവും ഇല്ലാത്ത പെണ്ണ്! ആ സുഭദ്രയെക്കണ്ടെങ്കിലും കുറച്ചു പഠിയ്ക്കരുതോ? എന്നുവച്ച് അവളെപ്പോലെ ആട്ടക്കാറി ആകരുതു്. തങ്കം, നീ ഒരു കോടാങ്കിയെ കണ്ടില്ലല്ലോ? (ചിരിച്ചുകൊണ്ട് ) കള്ളലക്ഷണം! മിണ്ടാതെ നിൽക്കുന്നതു് കണ്ടില്ലയോ! കോടാങ്കി എന്തെല്ലാം പറഞ്ഞെന്നറിഞ്ഞോ? മിടുക്കൻ! ഭിക്ഷയ്ക്കു് വരുന്ന കള്ളക്കൂട്ടങ്ങളെപ്പോലെയല്ല."

പാറുക്കുട്ടി: (തന്റെ സ്വന്തമായ ഒരു വിചാരത്തിന് അനുകൂലമായി) "അവൻ പോയോ?"

കാർത്ത്യായനിയമ്മ: "പിന്നെ ഇല്ല! നിനക്കുവേണ്ടി നിൽക്കുണം. മൂലയിൽ കേറി ഇരുന്നോ. നീ ഇങ്ങനെ അമ്മാ

വി ചമഞ്ഞു് അറപ്പുരയ്ക്കകത്ത് കേറി ഇരിക്കുന്നതെന്തിനാണ്?"

പാറുക്കുട്ടി: (കോടാങ്കിയുടെ കഥ കേൾക്കാൻ കൊതിയോടുകൂടി) "അവൻ ഇനി വിരികയില്ലയോ അമ്മാ?"

കാർത്ത്യായനിയമ്മ: "അതെന്തോ? അവൻ പറഞ്ഞതൊക്കെ ഒത്തിരുന്നു. എനിക്കെത്ര മക്കളുണ്ടെന്നും, നിന്റെ അച്ഛന്റെ കാര്യങ്ങളും അണ്ണന്റെ കാര്യവും, തിരുമു... അല്ല... എല്ലാം ശരിയായി പറഞ്ഞു. നിനക്കൊരു വലിയ ഭാഗ്യം വേഗം വരുമെന്നും പറഞ്ഞു."

സുന്ദരയ്യന്റെ ആദ്യവരവു ദിവസം മുതൽ പാറുക്കുട്ടി മുമ്പിലത്തെ വ്യസനം മറന്നതുപോലെ ആചരിച്ചു വന്നിരുന്നു. അതുകണ്ടിട്ട് തമ്പിയുടെ സംബന്ധം പാറുക്കുട്ടിക്ക് ഹിതകരമായി നിശ്ചയിച്ച് കാർത്ത്യായനിയമ്മ സന്തോഷിച്ചു വന്നിരുന്നു. "തിരുമു... അല്ലാ... എല്ലാം" എന്നിങ്ങനെ തിരുമുഖത്തുപിള്ളയുടെ മകനും പാറുക്കുട്ടിയുടെ പ്രമഭാജനവും ആയിരുന്ന യുവാവിനെക്കുറിച്ച് താൻ അറിയാതെ പറഞ്ഞുപോയ വാക്കുകളെ കേട്ട് പാറുക്കുട്ടിയുടെഭാവം പകർന്നതു കൊണ്ടു് കാർത്ത്യായനിയമ്മ ക്ഷണത്തിൽ വിഷയം മാറ്റി. "തങ്കം, നീകേട്ടോ? കിഴക്കൊരു വീട്ടിൽ ഇളയതമ്പുരാൻ തീവെച്ചു കളഞ്ഞുപോലും! നമ്മുടെ തമ്പി അങ്ങത്തെ വേൽക്കാരെയും ഒക്കെ കൊന്നുകളഞ്ഞുപോലും! നമുക്കും സൂക്ഷിച്ചിരിക്കണം. വേലിതന്നെ വിളവ് തിന്നു തുടങ്ങിയിരിക്കുന്നു! എന്തൊരു കാലമാണ്! തമ്പുരാക്കന്മാരിങ്ങനെ തുടങ്ങിയാലെങ്ങനെ?"

പാറുക്കുട്ടി: "തമ്പുരാനോ തമ്പി അദ്ദേഹമോ തീ വച്ചത്?"

കാർത്ത്യായനിയമ്മ: "ഛേ! അങ്ങുന്നങ്ങനെ ചെയ്യൂല്ല."

പാറുക്കുട്ടി: "അതും ചെയ്യും, അപ്പുറവും ചെയ്യുമെന്നാണല്ലോ ശ്രുതി."

കാർത്ത്യായനിയമ്മ: "നിനക്കെന്തും പറയാം. ചുമ്മാ പറഞ്ഞോ. എനിയ്ക്കു് പാടില്ല."

പാറുക്കുട്ടി: "അമ്മയ്ക്കും പറയാം. ധാരാളം പറയാം."

കാർത്ത്യായനിയമ്മ: "നിന്റെ അമ്മ ആകകൊണ്ടോ? കുറച്ചു ചെല്ലട്ടെ. അപ്പോൾ ഞാൻ തന്നെ വല്ലതും പറഞ്ഞാലും നീ കേറി കൊല്ലുകൊല്ലെന്നു് നിൽക്കുമേ."


പാറുക്കുട്ടി: "അങ്ങനെ ഒരു കാലം വരൂല്ല."

കാർത്ത്യായനിയമ്മ: "നീയാകകൊണ്ടു് വരൂല്ലായിരിക്കാം."

പാറുക്കുട്ടി: "അതല്ല."

കാർത്ത്യായനിയമ്മ: "അല്ലെങ്കിൽ ഇരിക്കട്ടെ. നീ വാ."

ഇത്രയും പറഞ്ഞപ്പോൾ ചെമ്പകശ്ശേരി മൂത്ത പിള്ള വടക്കേ വാതിലിനു് പുറത്തു വന്നു നിന്നുകൊണ്ടു്, "കാർത്ത്യായനീ, തിരുമുഖത്തണ്ണന്റെ ഒരെഴുത്തിതാ പടിയിൽ ഇരിയ്ക്കുന്നു" എന്നു് പറഞ്ഞു് ഒരു ഓലയെ വാതിലിന്റെ പടിമേൽ വച്ചിട്ടു പോയി. കാർത്ത്യായനിയമ്മ എഴുത്തിനെ എടുത്തു വായിച്ചു തുടങ്ങി. എഴുത്തിന്റെ താത്പര്യം മനസ്സിലായപ്പോൾ കാർത്ത്യായനിയമ്മയുടെ മുഖഭാവം മാറി, കുറച്ചു വ്യസനിച്ചു. ഉടനേ മുഖം പ്രസന്നമായി: "ഇതാ ഇനിയോ?" എന്നു് പറഞ്ഞുകൊണ്ടു് എഴുത്തു് പാറുക്കുട്ടിയുടെ കൈയ്യിൽ കൊടുത്തു. പാറുക്കുട്ടി എഴുത്തു വാ



ങ്ങി വായിച്ചപ്പോൾ വിഗതധൈര്യയായി, മുഖത്തുള്ള രക്തപ്രസാദം ആസകലം പോയി, പ്രേതം പോലെ ആയി ചമഞ്ഞു. നിലത്തു വീഴുമെന്നു ഭയന്നു് കാർത്ത്യായനിയമ്മ മകളെ താങ്ങി. എഴുത്തു് പാറുക്കുട്ടിയുടെ കൈയ്യിൽ നിന്നും നിലത്തു വീണു. “ശുദ്ധ കളവാണു്” എന്നു പാറുക്കുട്ടി തൊണ്ട വിറച്ചുകൊണ്ടു പറഞ്ഞിട്ടു് അമ്മയുടെ പിടി വേർപെടുത്തി പിന്നെയും എഴുത്തു് എടുത്തു് വായിച്ചു തുടങ്ങി. കാർത്ത്യായനിയമ്മ മകളുടെ മുമ്പിൽ ആശ്ചര്യത്തോടുകൂടി നിന്നു. എഴുത്തു വായിച്ചിട്ടു് പാറുക്കുട്ടി അതു ദൂരത്തെറിഞ്ഞു. ഹാസ്യത്തോടുകൂടി അമ്മയുടെ മുഖത്തു നോക്കി കരഞ്ഞുകൊണ്ടു് “അമ്മാ, എന്നെ ചതിയ്ക്കുന്നതിനു് അമ്മയ്ക്കു് മനസ്സു വരുന്നല്ലോ” എന്നു് ചോദിച്ചതിനു് ഉത്തരം പറയാതെ, തന്റെ പുത്രിയുടെ അവിശ്വാസത്തെ ഓർമ്മിച്ചു് വ്യസനിച്ചുകൊണ്ടു്, കാർത്ത്യായനിയമ്മ വടക്കേകെട്ടിലേയ്ക്കു് തിരിച്ചു.

# 10

> “ശൃണു സുമുഖി! തവ ചരണനളിനദാസോസ്മ്യഹം
> ശോഭനശീലേ, പ്രസീദ പ്രസീദ മേ.”

അന്നും സൂര്യാസ്തമനത്തോടുകൂടി ചെമ്പകശ്ശേരിയിൽ സുന്ദരയ്യന്റെ ഉദയം ഉണ്ടായി. ബ്രാഹ്മണനെ കണ്ടപ്പോൾ കാർത്ത്യായനിയമ്മയുടെ മുഖം ‘മുഴുതിങ്കളുദയേന കുമുദമെന്നതു പോലെ’ വികസിച്ചു. സുന്ദരയ്യനെ കണ്ടാൽ ഉടനേ തന്നെ ആ വീട്ടിലെ ഭൃത്യരെല്ലാം ഓരോ കോണിൽ ഒതുങ്ങിക്കൊള്ളും. സുന്ദരയ്യന്റേയും ചെമ്പകശ്ശേരിനായികയുടേയും സംഭാഷണം ശ്രവിക്കുന്നതിൽ ആസക്തി തോന്നുന്നവർക്ക് ആശാന്റെ ഗതി അനുഭവമെന്ന് അവർക്ക് മനസ്സിലായിട്ടുണ്ട്. സുന്ദരയ്യനും കാർത്ത്യായനിയമ്മയും സ്വേച്ഛപോലെ രണ്ടുമൂന്നു നാഴിക നേരം സ്വസ്ഥരായി സ്വകാര്യവാദം തുടർന്നു. അന്നത്തെ സംഭാഷണത്തിന്റെ അവസാനത്തിൽ, അഭിലാഷത്തെ പ്രദാനം ചെയ്യാൻ ചെയ്യുന്നതിനായി പ്രത്യക്ഷനാകുന്ന ഭഗവാനെ എന്ന പോലെ, ഉചിതമായുള്ള സ്തോത്രങ്ങൾ കൊണ്ടുംമറ്റും കാർത്ത്യായനിയമ്മ സുന്ദരയ്യനെ അഭിനന്ദിച്ചു. സുന്ദരയ്യൻ അന്നു വഹിച്ചിരുന്ന നിർദ്ദേശത്തെ, കാർത്ത്യായനിയമ്മയുടെ അപേക്ഷാനുസാരമായി

അദ്ദേഹം തന്നെ ചെമ്പകശ്ശേരി മൂത്തപിള്ളയോട്ട് അറിയിച്ചു. മൂത്തപിള്ള വർത്തമാനം കേട്ട ഉടനേ, താൻ കിടന്നിരുന്ന കട്ടിലിൽനിന്ന് എഴുന്നേറ്റ് 'കാർത്ത്യായനീടെ അടുത്ത് ആലോചിച്ചോ?' എന്ന് ചോദിച്ചു. 'ശൊല്ലി ആയി. കൊച്ചമ്മയ്ക്ക് സന്തോഷം താൻ ഹാകുന്നു. ഇവിടെ ശൊല്ലാൻ പറഞ്ഞു.' സുന്ദരയ്യൻ മറുപടി പറഞ്ഞു. മൂത്തപിള്ളയും സുന്ദരയ്യനും സംഭാഷണം കൊണ്ട്ട് അന്നത്തെ രാത്രി ഒരു ശിവരാത്രി ആക്കിക്കഴിച്ചു. കാർത്ത്യയനിയമ്മയുടെ കഥ പിന്നെ പറയേണ്ടതുമില്ല. അടുത്ത ദിവസം നടത്തേണ്ട കാര്യങ്ങളെക്കുറിച്ച് മനഃക്ലേശം ചെയ്ത് തന്നെ നേരം വെളുപ്പിച്ചു. ചെമ്പകശ്ശേരിയിൽ മറ്റൊരാൾക്കും അന്നു മിയ്ക്കവാറും നിദ്രയുണ്ടായില്ല. തന്റെ ശിരോലിഖിതത്തെ ഓർത്ത് ഖേദിച്ചും, സ്വാത്മനാ വരിച്ചിട്ടുള്ള പതിയുടെ മനോഹരമായ കളേബരത്തെ ധ്യാനിച്ച് ആനന്ദിച്ചും, സ്വപ്രണയാസ്പദനായിരുന്ന യുവാവിന്റെ പരിചര്യ തനിക്ക് അപ്രപ്തമാക്കിത്തീർത്തിരിക്കുന്ന വിയോഗത്തെ വിചാരിച്ച് സദാ ആധിവശയായും മന്ദഗതിയായ രജനിയെ ശപിച്ചും, ഒടുവിൽ ആലസ്യത്തോടുകൂടി നിദ്രയെ പ്രാപിച്ച് ഭയങ്കരമായ സ്വപ്നങ്ങൾ കണ്ടും, പാറുക്കുട്ടിയും ഒരു വിധത്തിൽ രാത്രി കഴിച്ചുകൂട്ടി.

അൽപമായുള്ള പ്രകാശം കണ്ട് ഉദയമായെന്ന് ലോകർ നിശ്ചയിച്ചു എങ്കിലും ആദിത്യദർശനം അസാദ്ധ്യമായിരിക്കുന്നു. എന്തെന്നാൽ സർവ്വോന്മേഷത്തേയും പരിഖണ്ഡനം ചെയ്യുന്ന ഒരു തമസ്സോടുകൂടിയാണ് അന്ന് അരുണോദയം ആയത്. ഉദയരാശിവേള കഴിഞ്ഞിട്ടും ആകാശമണ്ഡലത്തിന്റെ മനോഹരമായുള്ള നീലവർണ്ണത്തെ കാർ

മേഘസഞ്ചയങ്ങൾ മറച്ചിരിക്കുന്നു. ധൂമത്തിന്റെ വർണ്ണത്തോട് സാമ്യമുള്ള ഒരു നീലിമാവ് ഭൂമിക്കൊരു പരിവേഷമെന്ന പോലെ ആവരണം ചെയ്തിരിക്കുന്നു. ഇത് മേഘങ്ങളുടെ കാളനിറം ആകാശത്ത് വ്യാപരിക്കുന്ന ജലബിന്ദുക്കളിൽ പ്രതിബിംബിക്കുന്നതിന്റേയും നിബിഡമായി നിൽക്കുന്ന വൃക്ഷങ്ങളിൽ നിരുല്ലാസികളായി വിരമിക്കുന്ന പത്രങ്ങളുടെ മരതകവർണ്ണത്തിന്റേയും സമ്മേളനത്തിൽ നിന്നു ജന്യമായിട്ടുള്ളതാണ്. ജീവസ്വരങ്ങളിൽ, അസ്വാസ്ഥ്യത്തോടു പറന്നു നടക്കുന്ന കാകഗണങ്ങളുടെ കർണ്ണാരുന്തുദമായ നിനാദങ്ങളല്ലാതെ അന്യപക്ഷിസ്വരങ്ങൾ പോലും കേൾപ്പാനില്ല. എന്നാൽ ഹുങ്കാരത്തോടുകൂടി പശ്ചിമസമുദ്രത്തിലെ തിരമാലകൾ ഭൂഭേദനം ചെയ്‌വാനെന്ന പോലെ ഗർജ്ജിക്കുന്ന ഗംഭീരധ്വനി ഒരേ ശ്രുതിയിൽ കേൾപ്പാനുണ്ട്. ഉദയാനന്തരമുള്ള പ്രഥമയാമം കഴിഞ്ഞപ്പോൾ അതിഘോരമായ മാരിയും മാരുതപ്രചാരവും ആരംഭിച്ചു. വൃക്ഷങ്ങളിലും പുരപ്പുറങ്ങളിലും നിലത്തും വൃഷ്ടി പൊഴിയുന്ന ത്രിവിധമായ സ്വരങ്ങൾ ഇടകലർന്ന്, ശ്രവണപുടഭേദനം ചെയ്യുന്ന അർണ്ണവർണ്ണത്തിന്റെ ശ്രുതിക്ക്, ഒരു ഉപശ്രുതിയായി ചമഞ്ഞു. ദ്വിഗ്വാസികൾ എല്ലാം അവരവരുടെ ഭവനങ്ങളിൽ ഒതുങ്ങി അവരവർക്ക് ഹിതമായുള്ള ഓരോ സുഖവൃത്തികളെ തുടർന്നു.

പുലർച്ച ആയപ്പോൾ മുതൽക്ക് ചെമ്പകശ്ശേരിയിലൊരു പൊടിപൂരമായിരിക്കുന്നു. ആ ഭവനത്തിൽ കാർത്ത്യായനിയമ്മ അഞ്ചോ എട്ടോ ഉള്ളതുപോലെ തോന്നിക്കുന്നു. ഉരക്കളത്തിൽ അടപ്രഥമന് അരി ഇടിയ്ക്കുന്നതിനി

ടയിൽ 'തെളളിയതു് പോരാ' എന്നു് കുറ്റം പറയുന്നതി നും കാർത്ത്യായനിയമ്മ ഉണ്ടു്. ഉപ്പേരിയിൽ ശർക്കര പു രട്ടാൻ പാവുകാച്ചുന്നിടത്തു്"മുറുകിപ്പോകരുതു്" എന്നു ഗുണ ദോഷിക്കാനും കാർത്ത്യായനിയമ്മ ഹാജർ. കെട്ടിനക ത്തു് എരിശ്ശേരി മുതലായതിനു നുറുക്കുന്നിടത്തു് 'വേണ്ടിട ത്തോളം അരിയിൻ. കൂടി ആളുവരെ വന്നേക്കാം' എന്നു് ലു ബ്ധു കൂടാതെ വ്യയം ചെയ്തുകൊള്ളുന്നതിന് അനുവദിക്കുന്ന തിനും കാർത്ത്യായനിയമ്മ തന്നെ. ഓരോ സ്ഥലങ്ങളിൽ നിന്നു് ഓരോരുത്തർ കൊണ്ടുവരുന്ന പഴക്കുലകൾ വാ ങ്ങി സംഭരിക്കുന്നതും മറ്റാരുമല്ല. വിളക്കു് മുതലായതു് തു ടച്ചുമിനുസമാക്കുന്നതിന് നിയമിക്കപ്പെട്ടിരുന്ന വേലക്കാ രി ഉപേക്ഷ കാണിച്ചു എന്നു സംശയിച്ചുകൊണ്ടു് 'കൈ യ്യിൽ കുരുവോ? വെള്ളിപോലെ മിനുങ്ങണം' എന്നു ശാ സന ചെയ്യുന്നതും ആ സ്ത്രീ തന്നെ. ഇരുപത്തിനാലു തി രിയിടുന്ന നിലവിളക്കു് മൂന്നിനും ഒന്നു് പൂമുഖത്തു വയ്ക്കുന്ന തിന് തലനാരിഴയിൽ നേർത്ത കവിണി കീറി അഞ്ഞൂ റോളം തിരി തെറുത്തതും നമ്മുടെ കാർത്ത്യായനിയമ്മ തന്നെ. ഈ വക ജോലികൾ കൂടാതെ വെള്ള അടപ്പ നിൽ കാത്തുകൂട്ടിയ നൂറടച്ചതും മുഴങ്ങുകൾ കൂടാതെ ചെ റിയ ചെറിയ കഷണങ്ങളാക്കി അടയ്ക്ക നുറുക്കി വെള്ളി ക്കിണ്ണത്തിൽ ആക്കിയതും, അരിഞ്ഞുകൂട്ടി പച്ചക്കർപ്പൂര വും പൂഴവും ചേർത്തു് മണിത്തിരട്ടിയ പുകയില വെള്ളിക്കു ഴലിൽ ഇട്ടതും, ഏലം, കരയാമ്പൂ, കൊട്ടത്തേങ്ങാ, കുങ്കുമ പ്പൂ മുതലായി എട്ടുകൂട്ടം സാധനങ്ങൾ വെള്ളിലവംഗത്തളി കയിൽ ഒരുക്കിയതും, വെള്ളിത്തട്ടത്തിൽ പള്ളിപ്പുറം ത ളിർവെറ്റില നിരത്തി സുമാറാക്കിയതും പുത്രിയെക്കുറിച്ചു

ള്ള പരമവാത്സല്യം ഹേതുവായിട്ട് എന്തും പ്രവർത്തിക്കു ന്നതിന് സന്നദ്ധയായിരിക്കുന്ന കാർത്ത്യായനിയമ്മ ത ന്നെ.

ആദിത്യാസ്തമനത്തോടുകൂടി പാചകന്മാരുടെ സാഹസ ങ്ങൾ ഒതുങ്ങി. മഴയും ഒന്നുനിന്നു. പൂമുഖം അണ്ടർകോടന്റെ മണിമന്ദിരം പോലെ ശോഭിച്ചു. പടിഞ്ഞാറുള്ള വാതിൽ ക്കൽ നിന്നു ചുവന്ന വെളിയടയെയും, വെള്ള മേൽക്കട്ടി യേയും, സൂര്യപടമെത്ത, തലയണ എന്നിതുകളെയും, പൂ മുഖത്ത് ഇട്ടിരുന്ന കട്ടിലിനു ചുറ്റും വിരിച്ചിരിക്കുന്ന കവള പ്പാറ പുള്ളുപായകളെയും, ദീപയഷ്ടി പോലെ എരിയുന്ന ദീ പത്തെയും നോക്കി സന്തോഷിപ്പിച്ചിട്ട് കാർത്ത്യായനിയ മ്മ അറപ്പുരയിലേക്കു തിരിച്ചു. ഈ ആഡംബരങ്ങൾ കാ ണുന്നതിനായി ചില വാല്യക്കാർ ശങ്കു ആശാനെ ക്ഷണി ച്ചു. 'പിള്ളരെ ... അ ... എന്റടുത്തു കളിച്ചാലക്കൊണ്ടൊണ്ട ല്ലോ ... വച്ചു താങ്ങൂടും, പറഞ്ഞേക്കാം' ആശാൻ ഇതിലൊ ന്നിനും ചേരുന്നില്ലെന്നുറച്ച് ആയുധപ്പുരയിൽത്തന്നെ കിട ന്നു.

പാറുക്കുട്ടിയുടെ സ്ഥിതി വായനക്കാർക്ക് ഊഹിക്കാവു ന്നതാണല്ലോ. വടക്കേക്കെട്ടിലും മറ്റും പുരുഷന്മാരുടെ സ ഞ്ചാരം അന്ന് അധികമുണ്ടായിരുന്നതിനാൽ പാറുക്കു ട്ടി അറപ്പുരയിൽത്തന്നെ ഇരുന്നതേയുള്ളൂ. പതിവുപോ ലെ കുളി മുതാലയവയും കഴിച്ച് തനിക്ക് നേരിടാൻ പോ കുന്ന ഉപദ്രവത്തെ തടുക്കുന്നതിനുള്ള വഴികളും ആലോചി ച്ചുകൊണ്ടിരിക്കുമ്പോൾ, കാർത്ത്യായനിയമ്മ ചില ആ ഭരാണാദികളെ താങ്ങി എടുത്തുകൊണ്ട് പാറുക്കുട്ടിയു ടെ മുമ്പിൽ എത്തി. 'തങ്കം നീ ഒരു കാര്യം ചെയ്യണം. ഇ

താ ഈ ഉൾക്കെട്ടും കണ്ഠശരവും നാലുപന്തിയും കെട്ടിക്കോ; പിന്നെ ഈ തക്കയും കൂടി ഇട്ടോ. വാ, ഇങ്ങു വാ, ആ മൂക്കുത്തി എടുത്തുകളയരുതോ? അടുത്തു വാ … തണ്ടയും പാദസരവും ഞാൻതന്നെ കാലിലിട്ടു തരാം. നോക്ക്, ഇതാ കണ്ടോ, നിനക്കുടുക്കാൻ എന്റെ പുടവയും കവിണിയും ഞാൻ തന്നെ എടുത്തോണ്ടു വന്നിരിക്കുന്നു. പട്ടക്കരയേ, വലിയ പട്ടക്കര' എന്നിങ്ങനെയെല്ലാം പറഞ്ഞതിന് പാറുക്കുട്ടി മറുപടി പറയാതെയും അനുസരണഭാവം കാണിക്കാതെയും നിന്നു.

കാർത്ത്യായനിയമ്മ: "എന്റെ തങ്കം അല്ലയോ? തല ഉണങ്ങീട്ടില്ലെങ്കിൽ മുമ്പോട്ടു കെട്ടി ഇടണ്ട. ഇതാ പൂ തലയിൽ ചൂടിക്കോ തങ്കം. ഒരു ചാന്തുപൊട്ടും തൊടണം."

പാറുക്കുട്ടി: "ഇതെല്ലാം എന്തിനായിട്ടെന്ന് എനിക്ക് മനസ്സിലാകുന്നില്ല."

കാർത്ത്യായനിയമ്മ: "ഒന്നും അറിയാത്ത പോലെ! ഇതാണല്ലോ! ഞാൻ പറയുന്നത് കേൾക്ക്."

പാറുക്കുട്ടി: "എന്തിനായിട്ടെന്നു പറയണം."

കാർത്ത്യായനിയമ്മ: (പുത്രിയുടെ അടുത്ത് ചെന്നു സാവധാനത്തിൽ) 'എന്തെന്ന് ഞാൻ പറഞ്ഞേ കഴിയുവോ? പിന്നെ … ഇന്ന് വലിയതമ്പി അങ്ങുന്ന് ഇവിടെ വരുന്ന പോലും.'

പാറുക്കുട്ടി: "വരട്ടെ; അതിനു ഞാൻ എന്തുവേണം?"

കാർത്ത്യാനിയമ്മ: "നീ ശ്രുണ്ഠിക്കുകേറി നിൽക്കുന്നതെന്തിന്? നീ വല്ലതും മല മറിക്കണമെന്നു വല്ലോരും പറ

ഞ്ഞോ? നിനക്കു നേരേ ഒന്ന് നിന്ന് കളയരുതോ? അത്രേ പറയുന്നുള്ളൂ. അല്ലാതൊന്നും വേണ്ട. അദ്ദേഹം പക്ഷേ, ... നിന്നെ ... പിന്നെ കാണണമെന്നു പറഞ്ഞാലോ?"

പാറുക്കുട്ടി: "എന്നെ കാണണമെന്ന് പറകയോ? അത്ര മര്യാദ ഇല്ലാത്ത ആളാണോ അദ്ദേഹം?"

കാർത്ത്യായനിയമ്മ: "ഒരുത്തിയെ കാണണമെന്ന് പറയുന്നത് മര്യാദകോടോ? ഇതെവിടുത്തെ ന്യായം? നല്ല യോഗ്യത തന്നെ! ആട്ടെ നിന്നെ സംബന്ധം ചെയ്യാനാണെങ്കിലോ?"

പാറുക്കുട്ടി: "എന്നാൽ സംബന്ധം ചെയ്യുമ്പോൾ കണ്ടുകൊള്ളണം."

കാർത്ത്യായനിയമ്മ: "പെണ്ണിനെ കാണാതെ സംബന്ധം ചെയ്ക എവിടെയെങ്കിലും നടപ്പുണ്ടോ?"

പാറുക്കുട്ടി: "ഭർത്താവ് തന്നെ പെണ്ണ് കാണാൻ ഒരുങ്ങി പ്പുറപ്പെടുക നമ്മുടെ ഇടയിൽ നടപ്പുണ്ടോ? അത് കേൾക്കട്ടെ."

കാർത്ത്യായനിയമ്മ: "അദ്ദേഹമല്ലാതെ ആരു വന്നുകാണണമെന്നാണ് നിന്റെ അഭിപ്രായം?"

പാറുക്കുട്ടി: "അദ്ദേഹത്തിന്റെ അച്ഛനോ അമ്മാവനോ വന്നു കാണട്ടെ."

കാർത്ത്യായനിയമ്മ: "അച്ഛൻ വലിയ തമ്പുരാൻ കൽപ്പിച്ചിങ്ങെഴുന്നള്ളുന്നു! പണ്ടും നടക്കുന്ന കാര്യം തന്നെ! 'പണ്ടേ ഗർഭിണി' എന്ന ചൊല്ല് പോലെ ആലസ്യവും കൂടി ഉണ്ട്."

പാറുക്കുട്ടി: "എന്നാൽ അമ്മാവനാകാമല്ലോ?"

കാർത്ത്യായനിയമ്മ: "ഇല്ലാത്ത ആളുകളെ നിനക്കായിട്ട് നിർമ്മിക്കാൻ കഴിയുമോ?"

പാറുക്കുട്ടി: "എന്നാൽ ബന്ധുക്കളിൽ വേറേ ആരെങ്കിലും വരട്ടെ."

ഈ വാക്കുകൾ കേട്ട് കാർത്ത്യായനിയമ്മ കുറച്ചുനേരം ആലോചനയോടുകൂടി നിന്ന് ഉത്തരം ഒന്നും പറവാൻ പാടില്ലാതെ കുഴങ്ങി. ഒടുവിൽ ഭേദോപായം അനുഷ്ഠിക്കതന്നെ എന്ന് നിശ്ചയിച്ച് ഇങ്ങനെ പറഞ്ഞു;

"അവരവർക്ക വേണ്ടത് അറിഞ്ഞുകൂടെങ്കിൽ പറയുന്നത് കേൾക്കണം. ഇതു 'വെള്ളത്തിലുമില്ല, കരയ്ക്കുമില്ല' എന്ന പറഞ്ഞപോലെ ആയിത്തീർന്നല്ലോ. നീ ആരെക്കൊതിച്ചുകൊണ്ടിരിക്കയാണ്? നീ അല്ലയോ എഴുത്ത് വായിച്ചത്? എഴുത്ത് കള്ളമാണെന്ന നീ മാത്രം പറഞ്ഞാൽ മതിയോ? കാത്തിരുന്നോ, ഒടുവിൽ നീ തന്നെ ദുഃഖിക്കും."

പാറുക്കുട്ടി: "ഇതിലും വലിയ ദുഃഖം ഏതാണ്?"

കാർത്ത്യായനിയമ്മ: "ഏതിലും?"

പാറുക്കുട്ടി: "തമ്പി അദ്ദേഹത്തിന്റെ ഭാര്യയാകുന്നതിലും?"

കാർത്ത്യായനിയമ്മ: "അദ്ദേഹത്തിന് എന്താണൊരു കുറവ്? അവസ്ഥ പോരെന്നോ, മുതലില്ലെന്നോ, അതോ സൗന്ദര്യം കുറവെന്നോ?"

പാറുക്കുട്ടി: "അതെല്ലാമുണ്ട്. അതിലും വലിയ ഗുണങ്ങൾ ഇല്ലെന്നേ ഉള്ളൂ."

കാർത്ത്യായനിയമ്മ: (ഹാസ്യമായിട്ട്) "എന്തെല്ലാമാണ് നിന്റെ വലിയ ഗുണങ്ങൾ? കേൾക്കട്ടെ? അങ്ങത്തെ ബുദ്ധി നിസ്സാരമായിട്ടുള്ളത്; എന്റെ മകളുടെ ബുദ്ധി മനുഷ്യരെ കവിഞ്ഞതു്! ആട്ടെ, പറയണം."

പാറുക്കുട്ടി: (ഈ ഹാസ്യവാക്കുകൾ കേട്ടിട്ടും തന്റെ ഗൗരവത്തെ വിടാതെ) "മനുഷ്യരായാൽ ചില ഗുണങ്ങൾ ഉണ്ടായിരിക്കണം. അതുകളുടെ ദാരിദ്ര്യം ഏതു് പുരുഷനിൽ കാണുന്നോ അങ്ങനെയുള്ള ആളുകളുടെ ഭാര്യ ആകുന്ന സ്ത്രീക്ക് വേറേ നരകമില്ല."

കാർത്ത്യായനിയമ്മ: "ഈ പ്രസംഗങ്ങൾ ഒന്നും എനിക്കു മനസ്സിലാകുന്നില്ല. അങ്ങത്തേക്ക് നല്ല ഗുണങ്ങളില്ലെന്ന് നീ പറഞ്ഞാൽ പോരല്ലോ."

പാറുക്കുട്ടി: "ഉള്ളതിൽ ഒരു സദ്ഗുണം കേൾക്കട്ടെ; അമ്മ പറയണം."

കാർത്ത്യായനിയമ്മ: (കുറച്ച് ആലോചിച്ചിട്ട്) "നേരവും പോണല്ലോ ഈശ്വരാ! ഇതെന്തൊരു ദുസ്തർക്കമാണ്! അദ്ദേഹത്തിനോളം ശൗര്യം ആർക്കാണുള്ളതു്?"

പാറുക്കുട്ടി: "ശരി, അമ്മയ്ക്കു് ഓർമ്മ ഉണ്ടായിരിയ്ക്കുമല്ലോ. നമ്മുടെ കരുമനെപ്പോലെ ശൗര്യം . . ."

പാറുക്കുട്ടിയുടെ വാക്കുകളെ അവസാനിപ്പിക്കുന്നതിന് കാർത്ത്യായനിയമ്മ സമ്മതിച്ചില്ല: "അധികപ്രസംഗം കേറി മുഴുത്ത് പോണു. മതി മതി . . . ഏറെ കിഴക്കുപോയാൽ കല്ല് ചവിട്ടും. പറഞ്ഞുപറഞ്ഞുകൊണ്ടുവരുന്നതു് തമ്പി അങ്ങുന്ന പട്ടിയെന്നോ?" എന്നു കാർത്ത്യായനിയമ്മ കടുത്ത കോപത്തോടെ പറഞ്ഞു.

പാറുക്കുട്ടി: "എന്നു ഞാൻ പറഞ്ഞില്ല. ശൗര്യം മനുഷ്യരിൽ അസംഖ്യം പേർക്കും മൃഗജാതിയിൽ അനേകത്തിനും സഹജമായുള്ള ഒരു ഗുണമാണ്. മനുഷ്യർക്ക് മാത്രമുള്ള ചില വിശേഷഗുണങ്ങൾ ഉണ്ട്. അതിലേതെങ്കിലും തമ്പിഅദ്ദേഹത്തിനുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. അതാണ് ഞാൻ പറഞ്ഞു വന്നത്. വെറുതേ ദേഷ്യപ്പെടേണ്ട."

കാർത്ത്യായനിയമ്മ: "പറയുന്നതിനൊക്കെ തടിമൊറണ്ടു പറഞ്ഞുകൊള്ളുക. നല്ല ഗുരുത്വം! അല്ലേ, നീ ഈ മുറയും തറയും പറയുന്നല്ലോ. നിന്റെ ആ മാതിരി എവിടത്തെ നടപ്പാണ്?"

പാറുക്കുട്ടി: "ഒരിടത്തേയും നടപ്പല്ലായിരിക്കാം. എന്റെ ഈ മാതിരികൊണ്ട് ഒരുത്തർക്കും ദോഷത്തിന് വഴിയില്ലല്ലോ. ഉണ്ടോ?"

കാർത്ത്യായനിയമ്മ: "ഉണ്ടേ ഉണ്ട്. നിനക്ക് തന്നെ."

പാറുക്കുട്ടി: "എന്റെ ഗുണത്തിന് ഞാൻ തന്നെ വിരോധിയായിത്തീരുമോ? ഒരിക്കലുമില്ല."

കാർത്ത്യായനിയമ്മ: "അറിയുമേ! മിടുമിടുക്കി തന്നെ! ലാളിച്ച ലാളിച്ച് വകയ്ക്കുകൊള്ളാതെ ആയിത്തീർന്നു. അച്ഛൻ വളർത്തുന്ന മക്കള് ഇങ്ങനെ വരും. കേൾപ്പാനാരുമില്ലെന്നാണ് ഒരു ഹുങ്ക്. വരട്ടെ പഠിപ്പിച്ചേക്കാം."

പാറുക്കുട്ടി: "അമ്മ എന്നെ ഇങ്ങനെ വെറുതേ വ്യസനിപ്പിക്കുന്നതെന്തിന്? എന്റെ മനസ്സിന്റെ സ്ഥിതികൂടി കുറച്ചെങ്കിലും ആലോചിക്കാതെയും എന്റെ സുഖത്തെ തീരെ നോക്കാതെയും ഇങ്ങനെ പറയുന്നതിന് അമ്മയ്ക്കു

തോന്നുന്നല്ലോ. ഞാൻ പറയുന്നത് കാര്യമാണോ എന്ന് ആലോചിച്ചിട്ട് ദേഷ്യപ്പെടണം."

കാർത്ത്യായനിയമ്മ: "കാര്യം! കാര്യം! നിനക്കെന്ത് കാര്യമറിയാം? മിനക്കെട്ട വേലയക്ക് തുടങ്ങി കുറച്ചിലുമായി. അദ്ദേഹം ഇപ്പോൾ വരികയും ചെയ്യുമല്ലോ! എന്ത് ചെയ്യും? '(കൈകൂടഞ്ഞുകൊണ്ട്) ഇവളെക്കൊണ്ട് നിവൃത്തിയില്ലാതായേ എന്റീശ്വരാ!"

പാറുക്കുട്ടി: "അമ്മ വരുത്തിവച്ച അനർത്ഥത്തിന് മറ്റുള്ളവരോട് ദേഷ്യപ്പെടുന്നതെന്തിന്?"

കാർത്ത്യായനിയമ്മ: "ഞാൻ വരുത്തിവച്ചത്! ആർക്കുവേണ്ടി? എനിക്ക് സുഖമായിരിക്കാനോ? (പിന്നെയും മനോഗതമായിട്ട് ഉറക്കെ) അടിക്കയും പിടിക്കയും ചെയ്യട്ടോ ഇനി? ആ മുഹൂർത്തത്തിന് തന്നെ കേറിത്തിരിഞ്ഞു കൊണ്ടാലെങ്ങനെ? (സമവാക്കായിട്ട്) തങ്കം, എന്റെ പൊന്നല്ലയോ? എന്ത് കുറച്ചിലാണെന്ന് നീ തന്നെ ഒന്ന് വിചാരിക്ക്. അറിവുള്ളവളാണല്ലോ നീ."

പാറുക്കുട്ടി: "ഇത്ര ക്ഷണത്തിൽ ഇങ്ങനെ വരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻ എന്ത് ചെയ്യും? എനിക്ക് തമ്പിഅദ്ദേഹത്തെക്കുറിച്ച്, എന്തുകൊണ്ടോ, തീരെ ബഹുമതി തോന്നുന്നില്ല. ഞങ്ങൾ തമ്മിൽ ചേർച്ചയും പ്രയാസമാണ്. ഈ സ്ഥിതിക്ക് ഇപ്പോഴത്തേതിലും സംഗതിയെ വഷളാക്കുന്നതെന്തിന്?"

ഇങ്ങനെ തന്റെ അഭിപ്രായത്തെ പാറുക്കുട്ടി ഖണ്ഡിച്ച് പറഞ്ഞു. ശാന്തപ്രകൃതരായുള്ള ജനങ്ങൾ പ്രഥമദൃഷ്ടി

ക്ക് ഭീരുക്കളാണെന്നു തോന്നിയേക്കാം. അനായാസേന അവരെ സ്വാധീനമാക്കാമെന്നും ആളുകൾ വിചാരിച്ചുപോകും. എന്നാൽ സമബുദ്ധികളും ഉന്നതമതികളും ക്ഷമാശീലരുമായുള്ള ജനങ്ങൾ തങ്ങളുടെ ഹിതങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും സംഗതി നേരിടുന്ന അവസരങ്ങളിൽ, ഉന്നത ശീലന്മാരായുള്ളവരെക്കാൾ സ്ഥൈര്യവും ധൈര്യവും പ്രകടിപ്പിക്കും. ഈ വിധമുള്ള സ്വഭാവവിശിഷ്ടതകളെ തന്റെ പുത്രി പ്രദർശിപ്പിച്ചപ്പോൾ കാർത്ത്യായനിയമ്മയുടെ ശരീരം ഒന്നു വിയർത്തു. എന്തുകൊണ്ടെന്നാൽ കോപികളും ദ്രുതഗതികളും ആയുള്ളവരുടെ കോപവൈരാഗ്യാദികൾ ജലാശയങ്ങളിൽ സംഭ്രതമാകുന്ന തിരത്തള്ളൽ പോലെ അൽപ്പകാലമേ നിൽക്കുകയുള്ളൂ. തൽക്കാലഹേതുവായ ശക്തിയുടെ ക്ഷയത്തോടുകൂടി ഏതാദൃശന്മാരുടെ അവിവേകസാഹസങ്ങൾ അസ്തമിക്കുന്നതാണ്. പാറുക്കുട്ടിയെപ്പോലുള്ള സാത്വികഗുണവത്തുക്കളുടെ ആർജ്ജവശീലത്തിന് ധ്വംസനം സംഭവിച്ചാൽ പിന്നീടു സന്ധിക്ക എന്നുള്ളത് അതിവിഷമമാണ്. ഈ തത്വം കാർത്ത്യായനിയമ്മ അറിഞ്ഞിരുന്നു. അതിനാൽ പാറുക്കുട്ടിയുടെ വാക്കുകൾ കേട്ടപ്പോൾ താൻ കെട്ടിവന്നിരുന്ന ഏഴുനിലമാടത്തിന്റെ അസ്തിവാരം മറിഞ്ഞുപോയെന്ന് കാർത്ത്യായനിയമ്മയ്ക്ക് ബോദ്ധ്യമായിട്ട് വളരെ പരവശയായിച്ചമഞ്ഞു. എന്നാൽ തമ്പിയുടെ വരവ് അടുത്തിരിക്കുന്നതും, സുന്ദരയ്യന്റെ കൃത്രിമോപായങ്ങൾ അനുകരിച്ച് താൻ ചെയ്യുന്ന ഒരുക്കങ്ങൾ നിഷ്ഫലമായാൽ ഭൃത്യർ പോലും ഹസിക്കുമല്ലോ എന്നുള്ളതും, തന്റെ കുടുംബത്തിലുണ്ടാകുമെന്ന് വിചാരിച്ചിരുന്ന ശ്രേയസ്സുകൾ പാറുക്കുട്ടിയുടെ ഒ

രു വാക്കാൽ നഷ്ടമാകുന്നതും ഓർത്തപ്പോൾ വിയർപ്പുമാറി കാർത്ത്യായനിയമ്മയുടെ സ്വാഭാവികമായുള്ള ഗാംഭീര്യവും സിദ്ധാന്തവും ഉജ്ജ്വലിച്ച് ആ സ്ത്രീ കോപംകൊണ്ട് വിറച്ചു തുടങ്ങി; ഏകപുത്രിയെന്നും മറ്റും പാറുക്കുട്ടിയെക്കുറിച്ചുള്ള വിചാരങ്ങൾ അകലെയായി. പുത്രിയെ പ്രഹരിക്കുമെന്നുള്ള സ്ഥിതിയിലായിട്ട് കാർത്ത്യായനിയമ്മയുടെ ബാഹുക്കൾക്ക് ചില ഇളക്കങ്ങളുമുണ്ടായി. ഇതുകൾ കണ്ടിട്ടും പാറുക്കുട്ടി വഴിപ്പെടുന്നതിനുള്ള ഭാവം ഒന്നും കാണിച്ചില്ല. സാധാരണയായി ലോകത്തിൽ കണ്ടുവരുന്നത് രണ്ട് പക്ഷങ്ങളായി ജനങ്ങൾ തിരിയുന്ന സംഗതികളിൽ ന്യായമുള്ള ഭാഗത്ത് ധൈര്യവും ഇതരപക്ഷത്തിൽ ഭീരുത്വവും, ധൈര്യമുണ്ടാകകൊണ്ട് ഒരു ഭാഗത്ത് ക്ഷമയും, മറുപക്ഷത്തിൽ ഭീരുത്വം ഹേതുവായിട്ട് അവിവേകവും, ക്ഷമമൂലം ഒരു ഭാഗത്ത് ധർമ്മാധർമ്മവിചാരവും, അവിവേകമുള്ള പക്ഷത്തിൽ ഫലസംപ്രാപ്തിയിലുള്ള അത്യാകാംക്ഷകൊണ്ട് കാര്യസിദ്ധിക്കായി അനുഷ്ഠിക്കുന്ന മാർഗ്ഗങ്ങളുടെ ന്യായാന്യായവിവേചനം ഇല്ലായ്മയും ഉണ്ടായിരിക്കുന്നതാണ്. പാറുക്കുട്ടിയുടെ മനഃക്ലേശത്തിന് എത്രത്തോളം ഇളക്കമുണ്ടായോ അത്രത്തോളം അവളുടെ നിശ്ചയത്തിന് ഉറപ്പുമുണ്ടായി. പാറുക്കുട്ടി ക്ഷമയും സ്ഥൈര്യവും എത്രത്തോളം പ്രദർശിപ്പിച്ചുവോ അത്രത്തോളം കോപാദിദുശ്ശീലങ്ങൾ കാർത്ത്യായനിയമ്മ പ്രത്യക്ഷമാക്കി. തമ്പിയെപ്പോലുള്ള ഒരു പുരുഷൻ ഒരു സ്ത്രീയെ കാമിക്കുമ്പോൾ ആ പുരുഷനെ ത്യജിക്കുന്നതിനു വേണ്ടിയുള്ള നിശ്ചയത്തേയും സ്ഥൈര്യത്തേയും സ്വാഭിപ്രായാഭിമാനത്തെയും ആ സ്ത്രീയിൽ ജനിപ്പി

ക്കുന്നതിനുവേണ്ട ശക്തിയുള്ളതായ സംഗതികൾ ചിലതുണ്ടായേക്കാമെന്നുള്ളത് കാർത്ത്യായനിയമ്മ അറിഞ്ഞിരുന്നില്ല. ഭർത്താക്കന്മാരായി വരുന്നവർ ദുഷ്ടരോ ശിഷ്ടരോ എന്നുള്ള ആലോചനയും അംഗീകാരനിഷേധ സ്വാതന്ത്ര്യവും മലയാള കുലസ്ത്രീകൾക്ക് അനുവദിച്ചിട്ടില്ലാത്തതിനാലും, പാറുക്കുട്ടിയുടെ പരിശുദ്ധമായുള്ള പ്രേമത്തിന്റെ മഹത്വം ഗ്രഹിക്കുന്നതിന് തനിക്ക് ബുദ്ധിശക്തി ഇല്ലാതിരുന്നതിനാലും ആ വിധമായുള്ള പ്രേമത്തിന്റെ അപരിമിതാവസ്ഥ പരിചയത്താലാവട്ടെ മറ്റുപ്രകാരേണ ആകട്ടെ തന്റെ അറിവിൽ പെട്ടിട്ടില്ലാതിരുന്നതിനാലും, തന്റെ ഭേഷജങ്ങൾ കണ്ടാൽ തന്നെക്കുറിച്ചുള്ള വാത്സല്യം ഹേതുവായെങ്കിലും പാറുക്കുട്ടി വഴിപ്പെട്ടു കതന്നെ ചെയ്യുമെന്ന് കാർത്ത്യായനിയമ്മ വിചാരിച്ചിരുന്നു. അത് കേവലം മൗഢ്യമെന്ന് ഇപ്പോൾ ബോദ്ധ്യപ്പെട്ടു് എങ്കിലും ഒന്നുകൂടി പരീക്ഷിക്ക എന്ന് നിശ്ചയിച്ചിട്ട് പാറുക്കുട്ടിയുടെ ഒടുവിലത്തെ വാക്കുകൾ സംബന്ധിച്ച് കാർത്ത്യായനിയമ്മ അതികോപിഷ്ഠയായ ഭാവത്തിൽ ഇങ്ങനെ ചോദിച്ചു: 'എന്തുകൊണ്ടാണ്? നിങ്ങൾ മൂന്നാം നാളാണോ?'

പാറുക്കുട്ടി: "അതല്ല. അച്ഛൻ മരിക്കാറായി കിടക്കുമ്പോൾ ഭാര്യയുണ്ടാക്കാൻ പുറപ്പെടുന്ന മകൻ നല്ല ഭർത്താവായിരിക്കയില്ല. എന്നു മാത്രമല്ല ..."

കാർത്ത്യായനിയമ്മ: "ഛേ! ഇപ്പറയുന്നതാര്? നിന്റെ ഗുരുത്വം പറവാനില്ല! എന്റെ വയറ്റിലേ കിടന്നതല്ല നീ. നിന്റെ പാടേ വിധിയേ ആയിക്കോ. തലയിലെഴുത്തു പോലല്ലാതെ വരുമോ?"

ഇപ്രകാരം പറയുകയും താൻ കൊണ്ടുവന്നിരുന്ന ആഭരണാദികളെ പാറുക്കുട്ടിയുടെ കട്ടിലിന്മേൽ ഇടുകയും ചെയ്തിട്ട് അറപ്പുര ആകപ്പാടെ കിടുങ്ങത്തക്കവണ്ണം ഊക്കോടെ ചാടി കാർത്ത്യായനിയമ്മ വടക്കേക്കെട്ടിലേക്ക് യാത്രയായി. അറപ്പുരയിൽ നിന്ന് മേൽപ്പറഞ്ഞ കെട്ടിലേക്ക് കടക്കുന്നതിനുള്ള വാതിലിനെ ഉടനേതന്നെ പാറുക്കുട്ടി അടയ്ക്കയും ചെയ്തു.

തമ്പിയുടെ അത്യാഡംബരത്തോടുകൂടിയുള്ള ആഗമനവും, അദ്ദേഹത്തെ ചെമ്പകശ്ശേരി മൂത്തപിള്ള ബഹുമാനപൂർവ്വം എതിരേറ്റ് ചെയ്ത സൽക്കാരവിധികളും, സുന്ദരയ്യൻ ചെമ്പകശ്ശേരിയിലെ നായകത്വം വഹിച്ച് പ്രകടിപ്പിച്ച അതിസാമർത്ഥ്യങ്ങളും, ഉപ്പിലിട്ടത് അറുപത്തിനാലും തുടങ്ങിയുള്ള സാധനസമന്വിതമായ സദ്യയുടെ കോലാഹലങ്ങളും ഗ്രന്ഥവിസ്തരം ഭയന്നു വിവരിക്കാതെ മറ്റു കഥാഭാഗങ്ങളിലേക്കു പ്രവേശിക്കുന്നു.

തമ്പി ഊണു കഴിഞ്ഞു് മുറുക്കിത്തുടങ്ങിയപ്പോൾ അറപ്പുരയുടെ വടക്കേവാതിൽക്കൽ ചെമ്പകശ്ശേരി മൂത്തപിള്ള കവാത്ത്് ചെയ്ത് തുടങ്ങി. ക്രുദ്ധന്മാരിൽ മുമ്പനായ ചെമ്പകശ്ശേരി മൂത്തപിള്ള തന്റെ ഭാഗിനേയി വാതിലടച്ചിരിക്കുന്ന വൃത്താന്തം സുന്ദരയ്യൻ പറഞ്ഞറികയാൽ വാതിൽ തുറപ്പിക്കുന്നതിനായി അവിടെ എത്തിയിരിക്കുന്നതാണ്. വാതിലടച്ചിരിക്കുന്നത് കണ്ടപ്പോൾ തന്റെ സഹോദരിയുടെ ശ്രമങ്ങൾ പാറുക്കുട്ടിയുടെ ഇച്ഛയ്ക്ക് വിരുദ്ധമായിരുന്നു എന്ന് മൂത്തപിള്ളയ്ക്ക് മനസ്സിലായി. തന്റെ സഹോദരി, ചെമ്പകശ്ശേരിത്തറവാട്ടിന്റെ അവസ്ഥയ്ക്ക് ന്യൂനത വരുത്തുന്നതായും പാറുക്കുട്ടിയുടെ ഹിതത്തിനു വിരുദ്ധ

മായും ഉള്ള യാതൊരു കാര്യത്തിനും ഒരുമ്പെടുന്നതല്ലെ ന്നും മൂപ്പർക്ക് വിശ്വാസമുണ്ടായിരുന്നു. എന്നാൽ മേൽപ്പ റഞ്ഞതുപോലെ വാതിലിൽ ഗാട്ടുകേറിയപ്പോൾ മുതൽ ക്ക് ആ വിശ്വാസത്തിന് കുറച്ചിളക്കമുണ്ടായിത്തുടങ്ങി. ത ന്റെ അനന്തരവളെ തമ്പി സംബന്ധം ചെയ്താൽ നന്നെ ന്ന് മൂത്തപിള്ളയ്ക്ക് അഭിപ്രായമുണ്ട്. തമ്പി സംബന്ധം ചെ യ്യുമെന്നുള്ള നിശ്ചയംകൊണ്ട് അദ്ദേഹത്തിന്റെ പക്ഷ ത്തിൽ പ്രത്യക്ഷമായി ചേർന്ന എട്ടുവീടരുമായി യോജി ച്ച് പടക്കോപ്പുകൾ കൂട്ടുന്നതിൽ ചില സഹായങ്ങളും ചെ യ്തിരിക്കുന്നു. ഈ വിവരം യുവരാജാവറിയുമ്പോൾ വലുതാ യ ആപത്തുണ്ടാകുമെന്നുള്ളതിനാൽ തമ്പിയുടെ സഹായ മെങ്കിലും ബലമായി ഉണ്ടായിരിക്കേണ്ടതു് ആവശ്യമായി രിക്കുന്നു. തമ്പിയുടെ ആഗ്രഹം നിറവേറ്റാതെ വന്നപോ ലെ തിരിച്ചു യാത്രയാക്കുന്നതായാൽ ത്രിശങ്കു സ്വർഗ്ഗത്തി ലാകുമെന്നതു് തീർച്ചയാണ്. അതിനാൽ തന്റെ അനന്തര വളുടെ ശാഠ്യം നീക്കി തമ്പിയെ കാണുന്നതിന് അനുവദി ക്കതന്നെ വേണ്ടിയിരിക്കുന്നു. സാധുശീലയായ ഭാഗിനേ യിയെ നിർബന്ധിക്ക എന്നുള്ളതിന് മനസ്സ് ധൈര്യപ്പെ ടുന്നുമില്ല. ആകപ്പാടെ ഈ വിധമുള്ള വിചാരങ്ങൾകൊ ണ്ടു വിഷണ്ണനായപ്പോൾ കാർത്ത്യായനിയമ്മ, തമ്പി, സു ന്ദരയ്യൻ ഇവരോട്ട് മൂത്തപിള്ളയ്ക്ക് ബഹുനീരസം തോന്നി ത്തുടങ്ങി. എങ്കിലും പിന്മാറാൻ പാടില്ലാത്ത സ്ഥിതിയിലാ യിരിക്കുന്നതുകൊണ്ട് നീരസത്തെ അടക്കുകതന്നെ എന്നു റച്ചിട്ട് വാതിലിൽ വിളിക്കുന്നതിനായി മുമ്പോട്ടു നടന്നു. വി ളിച്ചാൽ പാറുക്കുട്ടി വാതിൽ തുറക്കുമോ എന്നും, തുറന്നാ ലും തമ്പിയെ കാണുന്ന സംഗതിയിൽ വിരോധം പറക

യില്ലയോ എന്നും ഉള്ള സംശയങ്ങളോടുകൂടി അങ്ങോട്ടും ഇങ്ങോട്ടും തല ചോറിഞ്ഞും, തന്റെ പ്രവൃത്തിയെക്കുറിച്ച് വെറുപ്പുതോന്നി പല്ലു കടിച്ചും, കൈഞെരിച്ചും, മറ്റോരോ ചേഷ്ടകൾ കാട്ടിയും, കുറച്ചുനേരം നടന്നു. വാതിലിൽ തട്ടുന്നതിനായി മുന്നോട്ടു നടക്കും; മാതുലന് വിഹിതമായുള്ള കൃത്യം അല്ലല്ലോ എന്ന് കരുതി പിന്നോട്ടു തിരിയും; തമ്പിയെ ധിക്കരിച്ചു എന്നു വരുത്തിക്കൂടല്ലോ എന്ന് വിചാരിച്ച് പിന്നെയും മുന്നോട്ടടുക്കും; തന്നെ ആ നിലയിൽ ആക്കിയ സഹോദരിയുടെ ദുർമ്മോഹത്തെക്കുറിച്ച് കലുഷത്തോടുകൂടി പിന്നെയും പുറകോട്ടു മാറും; കാര്യം സഫലമായെങ്കിൽ എന്ത് ഭാഗ്യമെന്നുള്ള വിചാരത്തോടുകൂടി പിന്നെയും മുന്നോട്ടു ചെല്ലും… ഇങ്ങനെ ഒരു നാഴികയോളം കഴിഞ്ഞിട്ട് ഒടുവിൽ ഒരുവിധം ഒന്ന് നിശ്ചയിച്ചുകൊണ്ട് വാതിലിന്മേൽ തട്ടി. അകത്തുനിന്ന് പ്രതിശബ്ദം ഒന്നും ഉണ്ടായില്ല. ‘തങ്കം, തങ്കം’ എന്ന് സാവധാനത്തിൽ വിളിച്ചു. കാരണവർ വിളിക്കുന്നു എന്നറിഞ്ഞു് പാറുക്കുട്ടി വാതിൽ തുറന്ന് വാതിലിന്റെ പുറകിലായി മാറിനിന്നു. ‘തമ്പി അങ്ങുന്ന് നിന്നെ കാണാൻ വരുന്നു. കതകടച്ചു കളയരുതു്. കുറച്ചിലൊന്നും വരുത്തരുതു്. മാനമുള്ളാളുകളാണ്. അതു് ഓർമ്മവേണം,’ എന്ന് ഒരു വിധത്തിൽ പറഞ്ഞുകൂട്ടീട്ട് മൂത്തപിള്ള ചാവടിയിലേക്ക് ഭ്രാന്തനെപ്പോലെ പാഞ്ഞു. കുറച്ചുനേരം അവിടെ ഇരുന്ന് മനസ്സമാധാനം വരുത്തീട്ട് തമ്പിയുടെ സമീപത്തേയ്ക്ക് ചെന്നു.

അൽപ്പം കഴിഞ്ഞപ്പോൾ സുന്ദരയ്യൻ അകത്തുനിന്ന് പൂമുഖത്തിലേക്ക് ചാടി തമ്പിയുടെ കർണ്ണങ്ങളിൽ എന്തോ

മന്ത്രിച്ചു. തമ്പി ഗംഭീരനായി എഴുന്നേറ്റു. ഉടുത്തിരുന്ന കവിണി നോക്കി, ശരിയായിരിക്കുന്നു എന്നു നിശ്ചയം വരുത്തി പടിഞ്ഞാറുള്ള വലിയതളത്തിലേക്കു തിരിച്ചു. പുറകെ അദ്ദേഹത്തിന്റെ ഛായയായി സുന്ദരയ്യനും എത്തി. മൂത്തപിള്ളക്കുടി എത്തി സുന്ദരയ്യനെ തടഞ്ഞു. തമ്പി ഏകനായി അറപ്പുരയിലേക്കു യാത്രയാരംഭിച്ചപ്പോൾ 'സലജ്ജോഹ' ത്തിന്റെ മുമ്പുള്ള അർജ്ജുനന്റെ ഇരിപ്പിലും അതികേമമായി ഞെളിഞ്ഞു് കൈലേസുകൊണ്ട് അധരം തുടയക്കുക, മീശ ഒതുക്കുക, കുടുമയെയും പുരികങ്ങളെയും തലോടി മിനുസമാക്കുക, കുണ്ഡലങ്ങളെപ്പിടിച്ച് ശരിയായ സ്ഥാനത്തുറപ്പിക്കുക, കല്ലുവച്ച മുഖപ്പുകൾ പുറത്തു് കാണത്തക്ക സ്ഥിതിയിൽ മോതിരങ്ങൾ തിരിച്ചുവയ്ക്കുക ... ഈ വക പ്രവൃത്തികളോടുകൂടി തമ്പി അറപ്പുരയിലേക്കു കടന്നു.

തന്റെ പാദം അറപ്പുരയ്ക്കകത്തു് വച്ചപ്പോഴേക്കുതന്നെ തമ്പി പരമാനന്ദചിത്തനായി. ഇരട്ടത്തുടൽ പൊന്നരഞ്ഞാണത്തിന്റെ ചെമ്പകമൊട്ടുകൾ പുറപ്പെടുവിക്കുന്ന 'ഘിണിഘിണി' സ്വരം അതിമധുരം. രസജ്ഞയാണെങ്കിൽ പാറുക്കുട്ടി തമ്പിക്കടിമപ്പെടും; സംശയമില്ല. കണ്ണാടിയിഴയിലുള്ള വസ്ത്രത്തിനെ ഭേദിച്ച് കാന്തിയെ നാലുപാടും ചിതറുന്ന ഊരുക്കളായ സ്വർണ്ണസ്തംഭങ്ങളും കളഭാഞ്ചിതമായുള്ള മാറിടവനപ്രദേശവും നഖരങ്ങളായുള്ള ചെറു് ചെന്താമരദളങ്ങളും ദന്തങ്ങളായുള്ള മുല്ലമുകുളങ്ങളും ഭ്രൂഭംഗങ്ങളായുള്ള ശൃംഗാരരസസാഗരതരംഗങ്ങളും ഫാലദേശാകാശത്തിൽ ശോഭിക്കുന്ന കുങ്കുമതിലകമായ അസ്തമയ ദിവാകരനും കൊഞ്ചിക്കുഴഞ്ഞു് ഉുകിത്തുടങ്ങിയിരിക്കുന്ന പുഞ്ചിരിക്കുളിർനിലാവും അംഗുലീയാദി ആഭരണങ്ങളിലെ വ

ജ്യങ്ങളായ നക്ഷത്രപംക്തികളും ... ഇതുകളുടെ മനോഹരമായുള്ള സമ്മേളനം കണ്ടാൽ 'കല്ലും മെല്ലെണീറ്റ് കാലിണ കുമ്പിടും.' പാറുക്കുട്ടി നിലത്തൊരു പായിന്മേൽ ഇരിക്കയായിരുന്നു. തമ്പിയെ കണ്ടപ്പോൾ കപടയോഗിയായ രാവണനെക്കണ്ട സീതയെപ്പോലെ ഞെട്ടി എഴുന്നേറ്റ് പഠിഞ്ഞാറോട്ട് നീങ്ങി വടക്കോട്ട് മുഖവുമായി നിന്നു. തമ്പി അങ്ങുന്ന് പാറുക്കുട്ടിയുടെ ശയ്യയിന്മേൽ ചെന്നിരിപ്പായി. നവരസങ്ങളും അഭിനയിച്ചിട്ട് പതിഞ്ഞൊരു ശൃംഗാരപ്പദം ആടുന്നതിന് ആരംഭിച്ചു. സംബോധനകൈ പാറുക്കുട്ടിയുടെ പൃഷ്ഠഭാഗത്തോട്ട് ആകുന്നതിനെ വിചാരിച്ച് മന്ദമായി എഴുന്നേറ്റ് പുരോഭാഗത്തുചെന്ന് ചുമച്ച് കണ്ഠത്തെ തെളിച്ചിട്ട് തന്റെ വചനകൗശലങ്ങൾ പ്രയോഗിച്ചുതുടങ്ങി. എന്നാൽ തന്റെ നേത്രങ്ങൾക്ക് ഗോചരമായ സൗന്ദര്യം കണ്ടപ്പോൾ തമ്പിയുടെ പാടവങ്ങൾ എല്ലാം അസ്തമിച്ചു. സുന്ദരയ്യൻ കളവുപറഞ്ഞു് തന്നെ വഞ്ചിച്ചതോ, പാറുക്കുട്ടിയുടെ ലജ്ജമൂലം പുറംതിരിഞ്ഞുനിന്നതോ എന്നു തമ്പിക്കു സംശയമുണ്ടായെങ്കിലും ഈ കാഴ്ച ലഭിക്കുന്നതിന് സംഗതി വരുത്തിയ സുന്ദരയ്യനെ തമ്പി മനഃപൂർവ്വമായി അഭിനന്ദിച്ചു. ചാരിത്രതേജസ്സുകൊണ്ട് വിളങ്ങുന്ന പാർവ്വതിയമ്മയുടെ ഗാത്രലാവണ്യം കണ്ട മനസ്സ് ഭിന്നമായി. രാജ്യവും സ്ഥാനവും പോയാലും പാർവ്വതിയമ്മയെ ലഭിച്ചാൽ സമാധാനമാകുമെന്ന് വിചാരിച്ചുകൊണ്ട് തമ്പി ഇങ്ങനെ മധുരമായി ചോദിച്ചു: “തങ്കം നമ്മെ അറിയില്ലേ?”

തമ്പി തന്റെ മുമ്പിലെത്തിയപ്പോൾ പാറുക്കുട്ടി ആദ്യത്തെ നില ഉപേക്ഷിച്ചിട്ട് അദ്ദേഹത്തിന്റെ മുഖത്തുനോ

ക്കി നിലയായി. നമ്രമുഖിയായി നിന്ന് നിലത്ത് പാദം കൊണ്ടുവരച്ച്, ലജ്ജയെ അഭിനയിക്കേണ്ടതായിരുന്ന എന്ന ചിലർ അഭിപ്രായപ്പെടുമായിരിക്കും. പാറുക്കുട്ടിയെ തന്റെ മാതാവാകട്ടെ അന്യഗുരുക്കന്മാരാകട്ടെ ഈ വിഷയത്തിൽ ഒട്ടും തന്നെ അഭ്യസിപ്പിച്ചിട്ടില്ലായിരുന്നു. പ്രകൃത്യാ അപരിഷ്കൃതയും ആയിരുന്നു. അതിനാൽ പുറം തിരിഞ്ഞുനിന്നതുതന്നെ ശരിയല്ലെന്നുള്ള വിചാരത്തോടുകൂടിയാണ് തമ്പിയുടെ മുഖത്തു നോക്കിയത്. തമ്പിയുടെ ചോദ്യം കേട്ട് കുഴങ്ങി, കുറച്ചു നേരം മിണ്ടാതെ നിന്നിട്ട് പാറുക്കുട്ടി "ഇല്ല" എന്നത്തരം പറഞ്ഞു. സ്വരമാധുര്യത്താൽ തമ്പിയുടെ മനസ്സ് ഒന്നുകൂടി ആകർഷിക്കപ്പെട്ടു. തന്റെ ചോദ്യത്തിന് ഉത്തരം പറവാൻ പാറുക്കുട്ടിക്ക് കരുണ ഉണ്ടായതിനെ വിചാരിച്ച് 'നിത്യം ഓരോരോ വല്ലഭൻ, ഞങ്ങടെ പാതിവ്രത്യമിങ്ങനെ' എന്നുള്ള രംഭയുടെ വാക്കുകൾ കേട്ട ദശകണ്ഠനെപ്പോലെ തമ്പി പരമാഹ്ലാദചിത്തനായി.

തമ്പി: "നമ്മെ കേട്ടിട്ടുമില്ലേ?"

പാറുക്കുട്ടി: "കേട്ടിട്ടുണ്ട്"

തമ്പി: "നമ്മെക്കുറിച്ചന്വേഷണം ഉണ്ട്, അങ്ങനെ വരട്ടെ. എന്തെല്ലാമാണ് കേട്ടിട്ടുള്ളത്?"

തമ്പിയ്ക്ക് സംഭാഷണത്തെ ദീർഘമാക്കണമെന്നായിരുന്ന മോഹം. പാറുക്കുട്ടിക്ക് വിപരീതോദ്ദേശ്യവുമായിരുന്നു.

പാറുക്കുട്ടി: "ചെമ്പകം അക്കൻ പറഞ്ഞോരോന്ന് കേട്ടിട്ടുണ്ട്." ഈ വാക്കുകൾ തമ്പിയ്ക്ക് ലേശവും രസിച്ചില്ല. എന്നാൽ അസന്തോഷത്തെ തീരെ പ്രകാശിപ്പിച്ചില്ല.



തമ്പി: "ഓ! ചെമ്പകമോ! ആ അസത്തെത്തൊത്ത സ്ഥലം ഒരിടമില്ല. ഹേ, അവളോട്ടുള്ള സംസർഗ്ഗം തങ്കത്തിന് നന്നല്ല. പരമവഷള്. തങ്കത്തിനെക്കുറിച്ച് വലിയ സ്നേഹം എന്നൊക്കെ നടിക്കുന്നുണ്ടായിരിക്കും. അതൊന്നും വിശ്വസിക്കരുത്. തങ്കം മാൻകിടാവിനെപ്പോലെ സാധുപ്രകൃതിയാണ്. ചെമ്പകം ചെന്നായയാണ്. ആവൂ! അവളുടെ നാക്ക്! തങ്കമ്മയെ നാം കാണാൻ വന്നത് എന്തിനെന്നറിയാമല്ലോ?"

പാറുക്കുട്ടി മിണ്ടാതെ നിന്നു.

തമ്പി: "അറിഞ്ഞു. അറിഞ്ഞു. മൗനംകൊണ്ട് അങ്ങനെ ആണല്ലോ മനസ്സിലാക്കേണ്ടതു്. എന്നോട് ലജ്ജ എന്തിനാ? പത്മനാഭപുരത്തുവച്ചുതന്നെ സുന്ദരം പറഞ്ഞു് സകലതും അറിഞ്ഞിരിക്കുന്നു. തമ്മിൽ കാണുകയുണ്ടായില്ലെന്നു് മാത്രമേ ഉള്ളൂ. തിരുവനന്തപുരത്തെത്തി നാലഞ്ചു ദിവസമായി. അതു് തങ്കം അറിഞ്ഞില്ലേ?"

പാറുക്കുട്ടി കുറച്ചുനേരം മിണ്ടാതെ നിന്നു. പിന്നെ "ഇല്ല" എന്നു പറഞ്ഞു.

തമ്പി: "സുന്ദരം ഇവിടെ ദിവസവും വരാറുണ്ടല്ലോ. അയാൾ തങ്കത്തിനോട് പറഞ്ഞെന്നാണല്ലോ എന്നോട് പറഞ്ഞതു്." ഇതിനു് പാറുക്കുട്ടി ഉത്തരം ഒന്നും പറഞ്ഞില്ലെങ്കിലും തമ്പി സംഭാഷണം നീട്ടാൻ പിന്നെയും ആരംഭിച്ചു. "എന്നാൽ എനിക്കു് ഇതുവരെ വരാൻ തരമുണ്ടായില്ല. അതിന്റെ കാരണം ഞാൻ പ്രത്യേകം പറയണമെന്നില്ലല്ലോ? തങ്കത്തിനു് അറിഞ്ഞുകൂടേ വർത്തമാനങ്ങളെല്ലാം?"

പാറുക്കുട്ടി: "അറിഞ്ഞുകൂടാ."

തമ്പി: "അച്ഛന്റെ ആലസ്യത്തെക്കുറിച്ചു് ഒന്നും അറിഞ്ഞില്ലേ?"

പാറുക്കുട്ടി: "അറിഞ്ഞു."

തമ്പി: "അതാണു് ഞാൻ പത്മനാഭപുരത്തുനിന്നു് വന്നയുടനേ ഇവിടേയ്ക്കു് പുറപ്പെടാഞ്ഞതു്."

പാറുക്കുട്ടി: "എന്നാൽ ഇപ്പോഴും ആലസ്യം കലശലാണല്ലോ?"

തമ്പി: "അങ്ങനെ പറയൂ; പരിഭവവാക്കുകളെക്കൊണ്ടല്ലേ പ്രേമം പ്രത്യക്ഷപ്പെടേണ്ടതു്? കലശൽ കൂട്ടേണ്ട. മുഷിച്ചിൽ തോന്നേണ്ട. ഉണ്ടോ മുഷിച്ചിൽ? പറയൂ"

ഈ വാക്കുകൾ കേട്ടിട്ടു് വന്ന കോപത്തെ അടക്കി പാറുക്കുട്ടി മിണ്ടാതെ നിന്നു. തമ്പി വീണ്ടും 'പറയൂ' 'പറയൂ' എന്നു പല പ്രാവശ്യം നിർബന്ധിച്ചപ്പോൾ പാറുക്കുട്ടി, "വരാത്തതുകൊണ്ടു് എനിക്കു് അശേഷം മുഷിച്ചിൽ തോന്നാൻ ഇടയില്ല" എന്നു തന്റെ മനഃപൂർവ്വ വിചാരത്തെ പറഞ്ഞു.

തമ്പി: "ഹോ! സ്വരത്തിന്റെ മാധുര്യം! എന്തു് ഭംഗി! പൂന്തേൻ … അല്ല, അമൃതമയം!' (പാറുക്കുട്ടിയോടു്) 'അങ്ങനെ വരാനേ വഴിയൊള്ളൂ. ഇഷ്ടമുള്ള ജനം എന്തുചെയ്താലും കുറ്റമായു് വരുല്ല. സുന്ദരം പറഞ്ഞതൊക്കെ സത്യമാണെന്നു് ഇതിനാൽ നിശ്ചയംതന്നെ. എന്തേ ഓമനമുഖം വാടിക്കാണുന്നു? ഞാനുണ്ടല്ലോ സകല വ്യസനത്തെയും നീക്കാൻ.'

പാറുക്കുട്ടി "എന്നാൽ …" എന്നു പറഞ്ഞു്, തമ്പിയുടെ സാന്നിദ്ധ്യം തനിക്കും വ്യസനഹേതുവാകയാൽ അതിനെ അവസാനിപ്പിക്കണമെന്നാണു് തന്റെ ഒന്നാമത്തെ കാംക്ഷ എന്നു പറയുന്നതിനു് ഭാവിച്ചതിനെ ഉച്ചരിക്കാതെ പിന്നെയും മിണ്ടാതെ നിലയായി.

തമ്പി: "എന്നാൽ എന്താ? പറയൂ. പറയൂ. എന്തുപറഞ്ഞാലും എനിക്കു കർണ്ണപീയൂഷമാണു്. തങ്കത്തിന്റെ ഹിതമെന്തോ അതു് ചെയ്‌വാൻ ഞാൻ കാത്തിരിക്കുന്നു. ഇതേ, എന്റെ രാജ്യവും സകലതും പാറുക്കുട്ടിക്കു്, എന്റെ പൊന്നോമനക്കുട്ടിക്കു്."

'ഓമനക്കുട്ടിയുടെ' മുഖം കറുത്തു. തമ്പിയുടെ തലയ്ക്ക് ലഹരി കൊണ്ടുപിടിച്ചിരിക്കുന്നതിനാൽ ചുറ്റുമുള്ള അവസ്ഥകളും അതുകളുടെ ഭേദങ്ങളും അറിയുന്നില്ല. സാവധാനത്തിൽ പാദങ്ങൾ നീക്കി തമ്പി പാറുക്കുട്ടിയോട്ട് വളരെ അടുത്തു. വല്ല ദുഃസ്വപ്നവും കാണുക ആണോ എന്നുള്ള വിചാരത്തോടുകൂടി പാറുക്കുട്ടി മിണ്ടാതെയും താൻ നിന്നിരുന്ന സ്ഥലത്ത് തറഞ്ഞുപോയപോലെയും നിന്നു. ഇതിനെ അനുകൂലഭാവമായി വ്യാഖ്യാനിച്ച് തമ്പി പാറുക്കുട്ടിയുടെ ചില അംഗങ്ങളുടെ സൗന്ദര്യത്തെയും അതുകൾ അദ്ദേഹത്തെ വലിപ്പിക്കുന്ന സ്ഥിതിയെയും പാറുക്കുട്ടി തന്നെ രക്ഷിക്കേണ്ട ആവശ്യകതയേയും ബഹുസരളമായുള്ള അലങ്കാരപ്രയോഗങ്ങളോടുകൂടി വിസ്തരിച്ച് പറഞ്ഞതുകൂടാതെ ഒന്നുരണ്ട് അസംബന്ധമായുള്ള ശ്ലോകക്ഷണങ്ങളേയും പുറത്ത് ചാടിച്ചു. അംഗവർണ്ണന തുടങ്ങിയപ്പോൾ പാറുക്കുട്ടി കർണ്ണങ്ങൾ പൊത്തി. തമ്പി അങ്ങുന്ന് പ്രസംഗം അവസാനിപ്പിച്ചില്ല. പറയാനുള്ളതെല്ലാം പാറുക്കുട്ടിയോട്ട് പറഞ്ഞുതീരാറായപ്പോഴേ പാറുക്കുട്ടി തന്റെ വാക്കുകൾ കേൾക്കുന്നില്ലെന്ന് തമ്പിക്കു മനസ്സിലായുള്ളു. പാറുക്കുട്ടി തന്നോടു കാണിച്ച നിർദ്ദയത്വം തന്റെ ഭാര്യ ആകാൻ പോകുന്നവൾക്ക് ഒരു ഭൂഷണംതന്നെ എന്നു വിചാരിച്ചുകൊണ്ട് തമ്പി ഒട്ടുംമടിക്കാതെ പാറുക്കുട്ടിയുടെ ശ്രവണനിരോധികളായിരിക്കുന്ന കരവല്ലികളെ അകലത്താക്കുന്നതിന് തന്റെ കരദണ്ഡങ്ങളെ നിയോഗിച്ചു. പാറുക്കുട്ടി സംഭ്രമം അധികം കാണിക്കാതെ, 'പൊന്നേ നില്ല്, തങ്കമേ നില്ല്'' എന്നുള്ള തമ്പിയുടെ അപേക്ഷകളേയും ഗണ്യമാക്കാതെ, ആ സ്ഥലത്തുനിന്ന് വടക്കേ

ക്കെട്ടിലേക്ക് യാത്രയായി. തമ്പി കുറച്ചുനേരം അറപ്പുര യിൽ നിന്നിട്ട് നാണംപൂണ്ട് പൂമുഖത്തേക്ക് തിരിച്ചു. അ വിടെ ചെന്നപ്പോൾ ചെമ്പകശ്ശേരി മൂത്തപിള്ളയും സുന്ദര യ്യനും അവിടെ നിൽക്കുന്നതു് കണ്ടു്, തന്റെ ഉദ്ദേശ്യം സ ഫലമായതുപോലെ സന്തോഷം നടിച്ചുകൊണ്ടു്, തമ്പി ക ട്ടിലിന്മേൽ ചെന്നിരുന്നു്, മൂത്തപിള്ളയോടു് രാജ്യകാര്യ ങ്ങൾ പറഞ്ഞുതുടങ്ങി.

മഴ അതികഠിനമായി പിന്നെയും ആരംഭിച്ചു. ധാരമുറി യാതെ വർഷിച്ചു മുറ്റങ്ങളിൽ മുട്ടോളം വെള്ളം പൊങ്ങി. തി രിച്ചു് യാത്രയ്ക്കു് ഒട്ടും തന്നെ സുഖമില്ലെന്നു് തമ്പി നടിച്ചു. ത മ്പിയ്ക്കു് പാറുക്കുട്ടിയിൽ വാസ്തവമായ പ്രേമം ജനിച്ചിരിക്കു ന്നു. 'തങ്കം' എന്നുള്ള നാമം ജപിക്കുന്നതുതന്നെ ഒരു സു ഖമായിത്തീർന്നിരിക്കുന്നു. പാറുക്കുട്ടിയുടെ സഞ്ചാരസ്ഥല ങ്ങളെ ചുംബനം ചെയ്‌വാനും തമ്പി സന്നദ്ധനായിരിക്കു ന്നു. താൻ ഇരിക്കുന്ന കട്ടിലിന്മേൽ കിടക്കുന്ന ഉപധാനങ്ങ ളെ പ്രേമപൂർവ്വം തമ്പി തലോടുന്നു. ചെമ്പകശ്ശേരിയിൽ നി ന്നു് പോകുന്നതിനു് മനസ്സില്ലാതെയും വന്നിരിക്കുന്നു. പാറു ക്കുട്ടിയുമായി ഒരേ ഗൃഹത്തിൽത്തന്നെ താമസിക്കുന്ന സു ഖമെങ്കിലും സിദ്ധിക്കുന്നതിനു് ആശ മുഴുത്തിരിക്കുന്നു. ആ ആഗ്രഹസിദ്ധിക്കായി മാർഗ്ഗം ആലോചിച്ചു് മഴയോടു ക യർത്തുതുടങ്ങി. അതുകണ്ടിട്ടു് "ഇവിടെ കിടക്കാമല്ലോ" എ ന്നു ലൗകികത്തിനായി മൂത്തപിള്ള പറഞ്ഞു. "അങ്ങനെ ത ന്നെ" എന്നു സന്തോഷപൂർവ്വം തമ്പി സമ്മതിച്ചു. തമ്പി പൂ മുഖത്തുതന്നെ കിടന്നു. മൂത്തപിള്ള ചാവടിയിലേക്കു പോ യി, സുന്ദരയ്യൻ കട്ടിലിനു സമീപത്തു് കിടന്നു് കൂർക്കം വ ലിച്ചുതുടങ്ങി.

തമ്പിക്കു മേൽപറഞ്ഞ വിചാരങ്ങൾ നിമിത്തം ഉറക്കമില്ലാതായിത്തീർന്നു. കാർത്ത്യായനിയമ്മ അത്താഴം പോലും കഴിക്കാത്ത പാറുക്കുട്ടിയുടെ ശാഠ്യംകണ്ടു് പതിവുപോലെ പുത്രിയുടെ സമീപത്തു് ചെല്ലാതെ കോപത്തോടും വ്യസനത്തോടും വടക്കേതളത്തിൽ കിടന്നു് ഉറക്കമായി. തമ്പിയുടെ പരിവാരങ്ങളും ചെമ്പകശ്ശേരിയിലെ വാല്യക്കാരും ഓരോ മൂലകളിൽ ഒതുങ്ങി കുംഭകർണ്ണസേവ തുടങ്ങി.

പാറുക്കുട്ടിയുടെ കഥ എന്താണെന്നു് അന്വേഷിക്കതന്നെ. തമ്പി പൂമുഖത്തിലേക്കു് പോയതിന്റെ ശേഷം പാറുക്കുട്ടി ഉള്ളിൽ തിങ്ങിനിന്നിരുന്ന വ്യസനം സഹിക്കാൻ വഹിയാഞ്ഞു് ശയ്യയിന്മേൽ ചെന്നു് നിന്നു വീണു. തന്റെ പ്രിയതമന്റെ അകാലമൃതി സംശയസ്ഥാനത്തിലായിരുന്നപ്പോഴും തന്നെ ബാധിച്ച വ്യസനത്തിനു്, തിരുമുഖത്തുപിള്ളയുടെ എഴുത്തു് നിമിത്തമുണ്ടായ ആധിക്യം, വാത്സല്യസമേതം തന്റെ ഹിതങ്ങളെ അനുവർത്തിച്ചുവന്നിരുന്ന മാതുലൻപോലും തന്റെ ഇഷ്ടത്തിനു് വിരുദ്ധമായി നിന്നു് ഒഴിയാൻ പാടില്ലാത്ത നിലയിൽ തന്നെക്കൊണ്ടു മുട്ടിച്ചിരിക്കുന്നതിനെക്കൊണ്ടു് അതിരില്ലാതെ ആവുകയാൽ, പാറുക്കുട്ടിയുടെ മനോഗാംഭീര്യവും ധൈര്യവും പാടേ വിപാടനം ചെയ്യപ്പെട്ടു. ദിനംപ്രതി ക്ഷീണിച്ചു് വന്നിരുന്ന പാറുക്കുട്ടിയുടെ ശരീരം, മനസ്സിനു് ദുസ്സഹമായുള്ള വ്യസനാതിരേകം നേരിട്ടപ്പോൾ നിസ്സീമമായുള്ള അധീനമായി. ഇപ്രകാരം മനഃകായശക്തികൾ ക്ഷയിച്ച തന്റെ ശയ്യയിന്മേൽ ഉറക്കം വരാതെ കിടന്നു് ഇടയ്ക്കിടെ ഉരുളുന്നതിനിടയിൽ തന്റെ മാതാമാതുലന്മാരാൽ തനിയ്ക്കു് നിശ്ചയിക്കപ്പെ

ട്ട വല്ലഭന്റെ ക്രൂരത, ഡംഭം, വിടത്വം ആദിയായുള്ള അനേക സ്വഭാവദോഷങ്ങൾക്കും സ്വാത്മാനാ സ്വീകരിക്കപ്പെട്ട പ്രിയതമന്റെ സത്യം, സ്നേഹം, വിനയം, ശൗര്യം, വൈഭവം, മനോനൈർമ്മല്യം മുതലായ അനേക ശ്രേഷ്ഠഗുണങ്ങൾക്കും തമ്മിലുള്ള വിപരീതാന്തങ്ങളുടെ അതിക്രമത്തെക്കുറിച്ച് പാറുക്കുട്ടി മനോവ്യാപാരം തുടങ്ങി. ഈ വ്യത്യാസം ഗ്രഹിക്കാതെതന്നെ വലപ്പിക്കുന്ന ദുർമ്മോഹികളോട് മനസാ കോപിച്ചും ആജീവനാന്തം ദുഃസ്ഥിതമാക്കാൻ പാടില്ലാത്തവിധത്തിൽ തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിതമായിട്ടുള്ള പ്രാണപ്രിയതമന്റെ ദേഹവിയോഗത്തെ ഓർത്ത് കരഞ്ഞും ആ തേജോരൂപന്റെ വിഗ്രഹത്തെ ധ്യാനിച്ച് വിഹ്വലചിത്തയായി പലതും പ്രേമപൂർവ്വം പറഞ്ഞും തന്നെ ആ യുവാവിൽനിന്ന് വേർപെടുത്തിയ കർമ്മദോഷങ്ങളേക്കുറിച്ച് അപാരമായി ഖേദിച്ചു പുലമ്പിയും നിരപരാധിയായ തന്നെ ആധിസമുദ്രത്തിൽനിന്നും ആയുരന്തം വരുത്തിയെങ്കിലും കരകേറ്റുന്നതിന് വിശ്വനാഥനെ പ്രാർത്ഥിച്ചും ഈവിധമുള്ള മനഃക്ലേശങ്ങൾ കൊണ്ട് പാറുക്കുട്ടിയുടെ ബുദ്ധി ക്ഷോഭിച്ചപ്പോൾ, ഹൃദയത്തിൽ അഗ്നിസ്പർശനം ഉണ്ടായതുപോലെ ഒരു ചൂട് ഉദ്ഭവിച്ചു. കൈകാൽ തളരുകയും മനസ്സ് വ്യസനവിചാരങ്ങളുടെ കുഴപ്പങ്ങൾക്ക് ഒരു കളിപ്പാത്രമായിത്തീരുകയും ചെയ്തു. ഒന്നിലും ഓർമ്മയില്ലാതെ ആകുന്ന എന്നു തോന്നി. ഇങ്ങനെ കുറേനേരം കഴിഞ്ഞപ്പോൾ ഒരു വലിയ സാഹസത്താൽ താൻ കട്ടിലിന്മേലാണ് കിടക്കുന്നതെന്ന് ഓർമ്മയുണ്ടായി. ആ കട്ടിലന്മേൽത്തന്നെ നേരത്തെ തമ്പി ഇരുന്നിരുന്നു എന്നുള്ള വിചാരവും ക്രമേണ ഓർമ്മയിൽ തെളി

ഞ്ഞു. ഈ വിചാരം തന്റെ നിരന്തരമായുള്ള മനഃക്ലേശവിഷയത്തെ വീണ്ടും പ്രകാശിപ്പിച്ചു. ശൈശവം മുതൽ താരുണ്യാരംഭംവരെ തന്റെ പ്രിയസഖാവായിരുന്ന ആളുടെ പ്രതിരൂപത്തിൽ മനസ്സ് വീണ്ടും ഉറച്ചു. അത് പഞ്ചവങ്കാട്ടിലെ കഥയെ ഓർമ്മപ്പെടുത്തി. മഴ ഘോരമായി ചൊരിയുന്നു. വിളക്കിന്റെ പ്രഭ മങ്ങിത്തുടങ്ങി. പാറുക്കുട്ടി ഭയംകൊണ്ട് ഏറ്റവും വിവശയായി. മഴ ചൊരിയുന്ന ആരവമല്ലാതെ വേറേ ഒരു ശബ്ദവും കേൾപ്പാനില്ല. തന്റെ ദാസികൂടി തന്നെ അനുപേക്ഷിച്ചതിനെക്കുറിച്ച് മനസ്താപത്തോടുകൂടി എഴുന്നേൽക്കാൻ ശ്രമിച്ചു. പാദങ്ങൾ ഇളകുന്നില്ല. അർദ്ധനിദ്രാവസ്ഥപോലെ ഒരു ബോധക്ഷയം പാറുക്കുട്ടിയെ ബാധിച്ചു. അന്ധകാരത്താൽ മൂടപ്പെട്ട അതിഭയങ്കരമായ ഒരു വനപ്രദേശത്ത് അസാധാരണവും അമാനുഷമായുള്ള ചില രൂപങ്ങളുടെ സമ്മിശ്രമായ ഭ്രമണം എന്നപോലെ, അവ്യക്തമായും ഭയജനകമായും ചില വിചാരങ്ങൾ പാറുക്കുട്ടിയുടെ മനസ്സിൽ സഞ്ചരിച്ചുതുടങ്ങി. കർണ്ണങ്ങളിൽ ഘണ്ടാനാദത്തിന്റെ അവസാനധ്വനിപോലെ ഒരു മുഴക്കം ആരംഭിച്ചു. നേത്രങ്ങൾ അടഞ്ഞിട്ടില്ല. വല്ലതും വിളിച്ചുപറയുന്നതിന് നാവും വശമില്ലാതായി. കൈകൊണ്ടു മഞ്ചത്തിൽ അടിച്ച് അങ്ങനെ എന്തെങ്കിലും ശബ്ദം പുറപ്പെടുവിച്ചു വല്ലവരെയും ഉണർത്താമെന്ന് വിചാരിച്ച് കരങ്ങൾപൊക്കാൻ ശ്രമിച്ചതിൽ അതും സാധിച്ചില്ല. ഹൃദയത്തിൽ ഉദ്ഭവിച്ച ചൂട് ക്ഷണനേരംകൊണ്ടു വർദ്ധിച്ച് ദേഹത്തെങ്ങും വ്യാപിച്ചു. അറപ്പുര മുഴുവൻ അഗ്നിജ്വാല നിറഞ്ഞിരിക്കുന്നതുപോലെ പാറുക്കുട്ടിയ്ക്ക് തോന്നി. സൂചികൾകൊണ്ട് രോമകൂപ

ങ്ങൾതോറും കുത്തിയാലുണ്ടാകുന്നതുപോലുള്ള വേദനയും ദേഹം ആസകലം ഉണ്ടായി. ഈ സ്ഥിതിയിൽ കുറച്ചുനേരം കഴിഞ്ഞപ്പോൾ ഉന്നതമായുള്ള ഒരു പുരുഷസ്വരൂപം തന്റെ സമീപത്തോട്ട് അണയുന്നതായി പാറുക്കുട്ടിക്കു തോന്നി. ആ സ്വരൂപം മഞ്ചത്തിനടുത്ത് തന്റെ മുമ്പിലായി നിൽക്കുന്നത് കണ്ടിട്ടു താൻ ഉറക്കെ വാവിട്ടലറി വിളിച്ചുവെന്ന് പാറുക്കുട്ടിയ്ക്കുതന്നെ തോന്നി. വാസ്തവത്തിൽ പാറുക്കുട്ടി അപ്പോൾ ഒരു ശബ്ദവും പുറപ്പെടുവിച്ചില്ല. തന്റെ മാറ് പിളർക്കാനെന്നപോലെ ആ സ്വരൂപം കൈനീട്ടി എന്ന് അവൾക്ക് തോന്നുകയും ചെയ്തു. അപ്പോൾ വേറൊരു സ്വരൂപംകൂടി അറപ്പുരയിൽ നിൽക്കുന്നതായി തോന്നി. ഈ സ്വരൂപത്തിൽ തന്റെ ദൃഷ്ടികളെ വിശേഷമായി ആകർഷിക്കുന്നതിന് ശക്തിയുള്ളതായ ഒരു ഛായ കാണപ്പെട്ടതുപോലെയും തോന്നി. രണ്ടാമത്തെ സ്വരൂപം ആദ്യത്തെ സ്വരൂപത്തെ ബലേന വലിച്ചിഴച്ചു വടക്കോട്ടുകൊണ്ടുപോയി. രണ്ടു സ്വരൂപങ്ങളും മുൻപിൽനിന്നു മറഞ്ഞതായി തോന്നി. അൽപം കഴിഞ്ഞപ്പോൾ രണ്ടാമത്തെ സ്വരൂപം പിന്നെയും പ്രത്യക്ഷമായി തന്റെ ശിരസ്സിൽ ഒന്നു ചുംബിക്കയും ശിരസ്സുമുതൽ പാദത്തോളം അൻപു കലർന്ന് പലവുരു തലോടുകയും തന്റെ മേൽ ബാഷ്പധാര ചൊരികയും ചെയ്തിട്ടു മറഞ്ഞു എന്ന് പാറുക്കുട്ടിയ്ക്ക് തോന്നി. സാധുശീലയായ പാറുക്കുട്ടിയുടെ നേത്രങ്ങൾ അടഞ്ഞു. കൈകൾ കുഴഞ്ഞ് ഇരുഭാഗത്തും വീണു.

സൂര്യോദയത്തിനു മുമ്പിൽ തമ്പിയും പരിവാരങ്ങളും യാത്രയായി. സൂര്യരശ്മികൾ അറപ്പുരയിൽ പ്രവേശിച്ചുതുടങ്ങി

യിട്ടും അതിനകത്ത് യാതൊരു സഞ്ചാരശബ്ദവും കേൾക്കുന്നില്ല. കാർത്ത്യായനിയമ്മ പാറുക്കുട്ടിയെ കഠിനമായി ശാസിക്കുന്നതിന് തക്കതായ അവസരം ഉണ്ടാവട്ടെ എന്നുറച്ച് കാത്തിരിക്കയായിരുന്നു. ഉണരാൻ താമസിക്കുന്നതിനെക്കുറിച്ച് ശണ്ഠകൂട്ടുകതന്നെയെന്ന് നിശ്ചയിച്ചുകൊണ്ട് കാർത്ത്യായനിയമ്മ വട്ടം ചവുട്ടി, കലാശം മുറുക്കി, അറപ്പുരയിലേയ്ക്ക് പുറപ്പാടായി. അറപ്പുരയിൽ പ്രവേശിച്ച് കുറച്ചു കഴിഞ്ഞപ്പോൾ "എന്റെ പൊന്നു മകളേ... എന്നെ ഇട്ടേച്ചുപോയോ തങ്കം... എന്റെ തലയിൽ തീ കോരി ഇട്ടേ... അയ്യോ ഞാൻ ചെയ്ത ദുരിതമേ!..." എന്നും മറ്റും അതിദയനീയമായുള്ള മുറവിളികൾ ആ സ്ഥലത്ത് നിന്ന് പുറപ്പെടുന്നത് കേൾക്കാറായി.

# 11

"മാർത്താണ്ഡാലയ രാമനാമഠ കുളത്തൂരും കഴക്കൂട്ടവും
വെങ്ങാനൂരഥ ചെമ്പഴന്തി കുടമൺ പള്ളിച്ചലെന്നിങ്ങനെ
ചൊൽപ്പൊങ്ങീടിന ദിക്കിലെട്ടു ഭവനം തത്രത്യരാം പിള്ളമാ-
രൊപ്പം വിക്രമവാരികരാശികളഹോ! ചെമ്മേ വളർന്നീടിനാർ."

തിരുവനന്തപുരത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്ന് ഒരു നാഴിക കിഴക്ക് ആണ്ടിയിറക്കം എന്ന് പേരു് പറയപ്പെടുന്ന സ്ഥലത്ത്, രാജപാതയ്ക്ക് കുറച്ചു വടക്കു മാറി, കുടമൺ പിള്ള എന്ന് പ്രസിദ്ധനായിരുന്ന എട്ടുവീട്ടിൽപിള്ളമാരിൽ പ്രമാണിക്ക് ഒരു ഗൃഹം ഉണ്ടായിരുന്നു. ഈ പിള്ള തിരുവനന്തപുരത്ത് താമസിക്കുന്ന കാലങ്ങളിൽ പാർപ്പും ഈ ഗൃഹത്തിൽത്തന്നെ ആയിരുന്നു. പതിവായിട്ട് അവിടെ പാർത്തുവന്നിരുന്നത് അദ്ദേഹത്തിന്റെ ശേഷക്കാരി ഒരു സ്ത്രീയായിരുന്നു. പത്താമദ്ധ്യായത്തിന്റെ അവസാനത്തിൽ വിവരിച്ച സംഗതികൾ നടന്ന ദിവസം രാത്രി, മേൽപറഞ്ഞ ഭവനത്തിന്റെ അറപ്പുരയിൽ വടക്കേനിരയിൽ ചേർത്തിട്ടിരിക്കുന്ന ഒരു ദണ്ഡുചാവട്ട ചാരി ഗംഭീരനായ ഒരു വൃദ്ധൻ ആരുടേയോ വരവ് കാത്തിരിക്കുന്നതുപോലെ ഇരിക്കുന്നു. അറപ്പുര മുഴ

വൻ പാകൾ വിരിച്ചിട്ടുള്ളതു് കൂടാതെ പടിഞ്ഞാറും തെക്കുമുള്ള നിരകളിൽ ചേർത്തു് കല്യാണപ്പന്തൽ തലയണകളും മൂന്നുനാലു താമ്പാളങ്ങളിൽ മുറുക്കാനും വരാന്തയിൽ കോളാമ്പികളും പതിനൊന്നു് തിരിയിട്ടു് കത്തിച്ചിട്ടുള്ള രണ്ടു നിലവിളക്കുകളും അവിടെ കാണ്മാനുണ്ടു്. അവിടെ ഇരിക്കുന്ന വയോധികനു് വയസ്സു് എഴുപതിൽ കുറവല്ലെങ്കിലും ശരീര ദാർഢ്യത്തിനു് ലേശവും ക്ഷയം സംഭവിച്ചിട്ടില്ല. പൊക്കം ആറടിയിൽ കുറവല്ല. സ്കന്ധത്തോടു് സ്കന്ധമുള്ള വിസ്താരം കോൽ ഒന്നേകാലെന്നു സംശയം കൂടാതെ കണക്കുകൂട്ടാം. എന്നാൽ ശ്മശ്രുശൂന്യമായുള്ള മുഖവും കരിന്താളിപ്പലക ചിന്തേരിട്ടു് മിനുക്കിയതുപോലെ തെളിയുന്ന ശരീരവും മേൽപോട്ടു് ചാടിക്കഴിഞ്ഞ സ്ഥിതിയിലുള്ളവസ്തു് തുല്യമായ വക്ഷോജകുംഭങ്ങളും കണ്ടാൽ ഇദ്ദേഹത്തെ, അബലാവർഗ്ഗത്തിലേക്കു് ഉദ്ദേശിച്ചു് സൃഷ്ടിച്ചതിന്റെ ശേഷം വിധി തന്റെ ചാപല്യത്താൽ പുരുഷാകൃതികൂടി കുറച്ചൊക്കെ സംഘടിപ്പിച്ചു് ഭൂമിയിലേക്കു് യാത്രയാക്കിയതാണോ എന്നു കാണികൾ സംശയിച്ചുപോകും. മരിച്ചുപോയ കഴക്കൂട്ടത്തു പിള്ളയുടെ കാലത്തു് കുടമൺ പിള്ള ആയ ഇദ്ദേഹത്തിന്റെ പ്രാധാന്യം ഒന്നു് മങ്ങിക്കിടന്നിരുന്നു. എട്ടുവീട്ടിൽപിള്ളമാരുടെ ആലോചനകളെ അദ്ദേഹം ശരിയാക്കിക്കൊണ്ടുപോയിരുന്നു. അക്കാലങ്ങളിലും അദ്ദേഹത്തിന്റെ ആജ്ഞകളെ ലംഘിച്ചു് കുടമൺ പിള്ള ചില അക്രമങ്ങൾ പ്രവർത്തിച്ചും പ്രവർത്തിപ്പിച്ചും വന്നിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം കുടമൺ പിള്ള സ്വാതന്ത്ര്യാധികാരത്തോടുകൂടി എട്ടുവീടന്മാരെ വട്ടംതിരിച്ചുവരുന്നു. തമ്പിയുമായി ഗൂഢമായി സ

ഖ്യംചെയ്തു്, രാജവംശത്തെ നിഗ്രഹിച്ച് തമ്പിയെ രാജാവായി അഭിഷേകം കഴിക്കുന്നതിനുവേണ്ട ആലോചനകൾ നടത്തിവരുന്നു. ഇദ്ദേഹത്തിന്റെ വാർദ്ധക്യത്തെ ആദരിച്ച്, തങ്ങളുടെ അഭിപ്രായങ്ങളെയും എട്ടുവീടന്മാർ വൃദ്ധഹിതത്തിന് അടിമപ്പെടുത്തി വന്നിരുന്നതിനാൽ കുടമൺ പിള്ള എന്ന നാമത്തിൽ എട്ടുവീടന്മാർ സകലരും അന്തർഭൂതമായെന്നപോലെ ആയിച്ചമഞ്ഞിരിക്കുന്നു. കുടമൺ പിള്ളയുടെ നിശ്ചയങ്ങൾ അബദ്ധമാകട്ടെ. സുബദ്ധമാകട്ടെ ഊർജ്ജിതമായി നടക്കുന്നു. സ്തോത്രപ്രിയന്മാരിൽ അഗ്ര്യനില ഇദ്ദേഹത്തിനായിരുന്നുവെങ്കിലും ദുർവ്വിധങ്ങൾ പ്രവർത്തിക്കുന്നതിന് മനോധൈര്യമുള്ളവർ തത്തുല്യന്മാരായി ആരുമല്ലാതിരുന്നതിനാൽ എട്ടുവീടരിൽ ശേഷമുള്ളവരും ഇദ്ദേഹത്തെ ശങ്കിച്ചു വന്നിരുന്നു. കുടമൺ പിള്ളെ … ത്വാരകയിൽ … കുടിയാണ്ട ശാമിയാർപോൽ … കുറാണ്ടൻ മങ്കയാർ … പതിനാറായിരത്തിഎട്ടൈ’ എന്നിങ്ങനെ ഇദ്ദേഹത്തിന്റെ സഹജീവിയായ ഒരു കവി രചിച്ചിട്ടുള്ളതോർക്കുമ്പോൾ ഇദ്ദേഹം പ്രേമവിഹീനനായിരുന്നുവെന്നു പറഞ്ഞുകൂട്ടുന്നതല്ല. എന്നാൽ പുരുഷജാതിയിൽ കുടമൺ പിള്ളയുടെ സ്നേഹത്തിന് പാത്രവാനായി ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുടമൺ പിള്ളയും രാമാനാമഠത്തിൽ പിള്ളയും രണ്ടു ദേഹമായിരുന്നെങ്കിലും അവരുടെ സ്നേഹത്തിന്റെ വിശേഷസ്ഥിതിക്ക് ആത്മാവ് ഒന്നുതന്നെ ആയിരുന്നു എന്നല്ലാതെ പറഞ്ഞു കൂട്ടുന്നതല്ല. തിരുവിതാംകൂർ ചരിത്രവായനക്കാർക്ക് ഈ രാമനാമഠത്തിൽ പിള്ളയെ പരിചയമുണ്ടായിരിക്കും. പത്തിരുപതുകൊല്ലത്തോളം യശസ്സോടുകൂടി തി

രുവിതാംകൂർ സംസ്ഥാനത്തിൽ ഒരംശത്തെ ദിവാൻപേഷ്ക്കാർസ്ഥാനം വഹിച്ച് ഭരിച്ചിരുന്ന ശങ്കുണ്ണിമേനോൻ അവർകളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഇംഗ്ലീഷ് തിരുവിതാംകൂർ ചരിത്രത്തിൽ ഈ രാമനാമഠത്തിൽ പിള്ള പ്രവർത്തിച്ച ഒരു നിഷ്ഠുര കൃത്യത്തെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതു് ഈ കഥയിൽ ചില സംഭാഷണങ്ങളിലുള്ള അന്തരാർത്ഥങ്ങളെ വ്യക്തമായി അറിയുന്നതിനും ഈയാളുടെ യോഗ്യതാഗ്രഹണത്തിനും സഹായിക്കുന്നതാകകൊണ്ടു് അതു് ഭാഷാന്തരപ്പെടുത്തി ഇവിടെ ചേർക്കുന്നു. 'കൊല്ലം 903-ന് ക്രി. 1728-ൽ ഈ രാജകുമാരനെ (മാർത്താണ്ഡവർമ്മ യുവരാജാവിന്റെ ഭാഗിനേയനും 933 മുതൽ 973 വരെ തിരുവിതാംകൂർ രാജ്യഭരണം തനിയ്ക്കും പ്രജകൾക്കും യശസ്കരമാംവണ്ണം നടത്തിയിരുന്ന നൃപനും ആയ രാമവർമ്മ മഹാരാജാവ്. 'കൊച്ചുതമ്പുരാൻ' എന്ന് തമ്പി പറഞ്ഞതു് സംബന്ധമായി എട്ടാമദ്ധ്യായത്തിൽ സുന്ദരയ്യൻ ചില അബദ്ധങ്ങൾ പറഞ്ഞിട്ടുള്ളതു് ഈ രാജകുമാരനെ ഉദ്ദേശിച്ചായിരുന്നു.) ആറ്റുങ്ങൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് എഴുന്നള്ളിക്കുമ്പോൾ രാമനാമഠത്തിൽ പിള്ള മുമ്പായ എട്ടുവീട്ടിൽപിള്ളമാർ ആൾശേഖരത്തോടുകൂടി അമ്മത്തമ്പുരാട്ടിയെയും രാജകുമാരനെയും കൊല ചെയ്യുന്നതിന് ഒരുമ്പെട്ടു. ദൈവഗത്യാ വിക്രമനായ കിളിമാനൂർ കോയിത്തമ്പുരാൻ അവർകൾ എഴുന്നള്ളത്തോടുകൂടി ഉണ്ടായിരുന്നതിനാൽ അദ്ദേഹം ചില കൗശലങ്ങൾ പ്രയോഗിച്ച് രാജ്ഞിയേയും പുത്രനേയും രക്ഷപ്പെടുത്തി. സമീപത്തുള്ള ഒരു ഗ്രാമത്തിലേക്ക് രാജ്ഞിയെ പുത്രസമേതം വേഷപ്രച്ഛന്നരാക്കി അയച്ചിട്ട് താൻതന്നെ പള്ളിമേനാവിൽ കയ

റി രാജപരിവാരങ്ങളോടുകൂടി പുറപ്പെട്ട് വൈരിസംഘത്തിന്റെ നടുവിൽ എത്തി. തന്നെ വട്ടമിട്ട വൈരികളോട്, കൈയിൽ വാളുമായി മേനാവിൽനിന്നും പുറത്തുചാടി അതിസാമർത്ഥ്യത്തോടുകൂടി പൊരുതി, അടുത്തവരിൽ അസംഖ്യം പേരെ ഒടുക്കി, കാലദോഷത്താൽ താനും മൃതനായി.

നാലാമദ്ധ്യായത്തിൽ 'കോടയിക്കുളിക്കണ രാവണമ്മടത്തിപ്പിള്ള' എന്നും മറ്റും ശങ്കു ആശാൻ പറഞ്ഞിട്ടുള്ളതും കുടമൺ പിള്ളയുടെ പ്രാണസഖനായ ഇദ്ദേഹത്തെ സംബന്ധിച്ചാണ്. ഇദ്ദേഹത്തിന്റെ ജീവനും ആത്മാവും കുടുംബവും രാജ്യവും ഈശ്വരനും കുടമൺ പിള്ള ഒരാളായിരുന്നു. കുടമൺ പിള്ളയെ കാണാത്ത തിവസങ്ങളിൽ രാമനാമഠത്തിൽ പിള്ളയക്ക് നിദ്രയില്ലതന്നെ. തന്റെ ഭാര്യാപുത്രാദികളെ ചിങ്ങമാസത്തിൽ തിരുവോണംതോറും പകൽ ഒരിക്കൽ കണ്ടാൽ മതിയാകുന്നതാണ്; എന്നാൽ 'ദർഭേ കുശേ ഞാങ്ങണേ വയ്ക്കോലേ' എന്നിങ്ങനെ ഈ ദിക്കുകളിൽ നടപ്പുള്ള പ്രമാണം അനുസരിച്ച് കുടമൺ പിള്ളയെക്കാണ്മാൻ കഴിഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന്റെ ശേഷക്കാരിൽ വല്ലവരേയും കണ്ടാലും നിഷ്ഠ സാധിച്ചുകൂടുന്നതാണ്. ഇതിലേക്കായി ആദിത്യൻ അസ്തമിച്ചുകൂടുമ്പോഴേയ്ക്കു് രാമനാമഠം കുടമൺ പിള്ളയുടെ അനന്തരവൾ താമസിക്കുന്ന മേൽപറയപ്പെട്ട ഗൃഹത്തിൽ കണിശമായി ഹാജർ കൊടുക്കും. നിദ്രയും അവിടെത്തന്നെ ആകും. പാരാശ്രയം കൂടാതെ ഏകാകിനിയായി താമസിക്കുന്ന തന്റെ ഇഷ്ടന്റെ അനന്തരവളുടെ ക്ഷേമം അന്വേഷിക്കേണ്ടതു് രാമനാമഠം അല്ലാതെ ആരാണ്? കുടമൺ പി



ള്ളയിലും വിശേഷിച്ച് അദ്ദേഹത്തിന്റെ ശേഷക്കാരിയി ലും രാമനാമഠത്തിൽ പിള്ള കാണിച്ചുവന്നിരുന്ന പ്രതി പത്തിയെക്കുറിച്ച് ലോകരും ഒരുവിധം കൊണ്ടാടുക പ തിവായിരുന്നു. രാമനാമഠത്തിൽ പിള്ളയ്ക്ക് അക്കാലങ്ങ ളിൽ അധികം പ്രചാരമില്ലാതിരുന്ന ഒരു ഭക്തിമാർഗ്ഗാനു

ഷ്ഠാനം പതിവുണ്ടായിരുന്നു. അതിനാൽ മേൽപറഞ്ഞ വീട്ടിലേക്ക് സന്ധ്യാസമയങ്ങളിൽ യാത്രയാകുന്നതിനിടയ്ക്ക് രാമനാമഠവും വഴിക്കിരുഭാഗങ്ങളിലും ചില സ്ഥലങ്ങളിലുള്ള ചുവരുകളും ആയി ചില കൂടിക്കാഴ്ചകൾ കഴിയ്ക്ക പതിവായിരുന്നു. ആകപ്പാടെ രാമനാമഠം നിസ്സാരനല്ലായിരുന്നു എന്ന് മേൽ പ്രസ്താവിച്ചിട്ടുള്ള ഭാഗങ്ങൾകൊണ്ട് തെളിയുമല്ലോ.

ഈ കഥാസംബന്ധമായുള്ള രാത്രിയിൽ മേൽപറഞ്ഞ ഗൃഹത്തിൽ എട്ടുവീടന്മാരുടെ സംഘയോഗം തമ്പിയുടെ അപേക്ഷപ്രകാരം നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനാൽ കുടമൺ പിള്ള അവിടെ ഹാജരായി മറ്റുള്ളവരുടെ വരവ് കാത്തിരിക്കയായിരുന്നു. മൂന്ന് നാഴിക ഇരുട്ടിയപ്പോഴേയ്ക്ക് എട്ടുവീടർ ഓരോരുത്തരായി ഖഡ്ഗാദി ആയുധങ്ങളും ധരിച്ച് വന്നുതുടങ്ങി. ചെമ്പഴന്തിപ്പിള്ള, പള്ളിച്ചൽപിള്ള, മാർത്താണ്ഡൻ തിരുമഠത്തിൽപിള്ള, വെങ്ങാന്നൂർ പിള്ള, കുളത്തൂർപിള്ള ഇത്രപേരും വന്നുചേർന്നതിന്റെ ശേഷം അടുത്തുണ്ടായ ആഗമനം സുന്ദരയ്യന്റേതായിരുന്നു. അന്നത്തെ യോഗത്തിൽ തമ്പിതന്നെ ഹാജരാകുന്നതിന് നിശ്ചയിച്ചിരുന്നു എങ്കിലും എന്തോ അതികഠിനമായുള്ള വ്യസനം അദ്ദേഹത്തെ ബാധിച്ച് ഉത്സാഹശൂന്യനാക്കിത്തീർത്തിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ പ്രതിനിധിയായി തന്നെ അയച്ചിരിക്കുന്നതാണെന്ന് സുന്ദരയ്യൻ താഴ്മയോടുകൂടി പറഞ്ഞു, ഹാജരുള്ളവരെ ധരിപ്പിച്ചു. അച്ഛന്റെ രോഗാതിക്രമത്തെപ്പറ്റി വിചാരിച്ചുള്ള വ്യസനത്താൽ വരാതിരിക്കുന്നതാകാമെന്ന് വ്യാഖ്യാനിച്ചിട്ട് ചിലർ തമ്പിയുടെ പിതൃഭക്തിയെ ശ്ലാഘിച്ചു. കു

ടമൺ പിള്ളയ്ക്ക് ഈ വർത്തമാനം അത്ര സന്തോഷപ്രദമായിരുന്നില്ല. തമ്പിതന്നെ ഹാജരായെങ്കിൽ അന്നത്തെ നിശ്ചയങ്ങൾക്ക് കുറച്ചുകൂടി ഊർജ്ജിതമുണ്ടായിരിക്കുമെന്നുംമറ്റും വിചാരിച്ചിരുന്നതിനാൽ സുന്ദരയ്യന്റെ കഥ കേട്ടപ്പോൾ കുടമൺ പിള്ളയുടെ ഉത്സാഹം ഒന്നു മന്ദിച്ചു. തമ്പിയുടെ മനോവ്യാധിയുടെ സൂക്ഷ്മഹേതു അറിഞ്ഞിരുന്ന കഴക്കൂട്ടത്തു പിള്ളയുടെ മുഖം സുന്ദരയ്യന്റെ വാക്കുകൾ കേട്ടു ചുവന്നു. എന്നാൽ തന്റെ അന്തർഗതങ്ങൾ മറ്റുള്ളവർ ഗ്രഹിക്കാതിരിക്കുന്നതിനുവേണ്ടി അന്യവിഷയാകർഷിതമനസ്കനെന്ന നാട്യത്തിൽ 'രാമനാമഠത്തിനെ കാണുന്നില്ല' എന്നു പറഞ്ഞു. "ഇവിടെങ്ങാനും തന്നെ കാണും. ആ അസത്ത് ഇതിനകത്ത് കടന്നാൽ അടുക്കളമൂലയിലേ ഇരിക്കൂ" എന്നു കുടമൺ പിള്ള വാത്സല്യപൂർവ്വം പറയുന്നതിനിടയ്ക്ക് "ഴാമനാമഴം എന്തഴ് വേണം? ഇതാ ഏലാങ്കേഴിയത് ഴാമനാമഴമാണ്. ക്ങ്ങ്!" എന്നിങ്ങനെ പറഞ്ഞുകൊണ്ട് രാമനാമഠത്തിൽ പിള്ള നിരയെ ആധാരമാക്കിപ്പിടിച്ചും തപ്പിത്തടഞ്ഞും ഒരുവിധത്തിൽ കുടമൺ പിള്ളയുടെ മുമ്പിൽ ചെന്നിരുന്നു. ചുറ്റിനോക്കീട്ട് ഇങ്ങനെ പറഞ്ഞു. "അടി! സുന്തഴസ്സാമികഴും വന്നോ? തല എവിഴേഴാ? വാല്യ തനിയെ വന്നൂട്ടതെന്തെങ്കിഴേൻ… കിഴേൻ? കഴക്കൂട്ടത്തപ്പി; നീയും വന്നോഴാ?… കാമാനുമില്ല കേപ്പാനുമില്ല, ചെമ്പഴന്തിപ്പിള്ള തേവൻനന്തിഅണ്ണനും… ഹ ഹ… ചിഴിക്കിൻ… ചിഴിക്കിൻ!"

കുടമൺ പിള്ള: "അബദ്ധം ഒന്നും എഴുന്നള്ളിക്കാതിരിക്കൂ. അങ്ങത്തേക്ക് സുഖക്കേടാണുപോലും."

രാമനാമഠത്തിൽ പിള്ള സുന്ദരയ്യനെ നോക്കി ഒന്നു പുഞ്ചിരിയിട്ടു. ചെമ്പഴന്തിപ്പിള്ള ... തേവൻനന്തിയെന്നു സ്ഥാനപ്പേരുള്ള മഹാൻ ഇങ്ങനെ പറഞ്ഞു: "നേരം പോണു. നമ്മുടെ കാര്യം നോക്കാം. എന്തിനായിട്ടാണ് ഇപ്പോൾ അവിടുന്ന് (കുടമൺ പിള്ള) കുറി അയച്ച് ഞങ്ങളെ വരുത്തിയത്?"

രാമനാമഠം: "ശഴി, ശഴി ജോലി നഴക്കട്ട്. പഴവാനുള്ളതിനെ ഒക്കെ പഴഞ്ഞു തീഴ്പ്പിൻ. കഴക്കൂട്ടത്തപ്പി പഴയടാ നീ എന്തൊക്കെ പിഴപിഴത്തോണ്ട് നടക്കണെന്നും മറ്റും കേട്ടേ. പഴ. അ! നില്ല്, സത്യം ... സത്യം ചെയ്യാഴെ ... ക് ഹ്ഹ."

കുടമൺ പിള്ള: "എത്രയായാലും പഴകിയപുള്ളി പഴകിയപുള്ളി തന്നെ; ആരെടാ അവിടെ?"

ഈ വിളികേട്ടു കുടമൺ പിള്ളയുടെ പരിചാരകന്മാരിൽ ഒരുവൻ അറപ്പുരയ്ക്കകത്തേക്കു ചെന്നു. 'സത്യത്തിനൊരുക്കെടാ' എന്നു കുടമൺ പിള്ള ആജ്ഞാപിച്ചതനുസരിച്ച് പരിചാരകൻ ഒരു വാഴയില കൊണ്ടുവന്ന് അറപ്പുരത്താളിന്റെ മദ്ധ്യത്തിൽ ഇട്ടു. അതിന്മേൽ ചുവന്ന പുഷ്പങ്ങൾകൊണ്ട് അലങ്കരിക്കപ്പെട്ടതും കത്തുന്ന ദീപത്തോടു കൂടിയതുമായ ഒരു വിളക്കും അതിന്റെ മുമ്പിൽ ഒരു സ്വർണ്ണമോതിരവും കൊണ്ടുവച്ചതിന്റേശേഷം കുടമൺ പിള്ളയുടെ മുഖത്തുനോക്കി, അദ്ദേഹത്തിന്റെ ഭാവത്താൽ എല്ലാം ശരിയാണെന്നറിഞ്ഞു് പുറത്തേയ്ക്കു് പോകയും ചെയ്തു. ഉടനേ കുടമൺ പിള്ള എഴുന്നേറ്റ് പടിഞ്ഞാറു മുഖവുമായി നിന്ന് ദീപത്തിന്റെ മേൽ വലതുകൈ നീട്ടിപ്പിടിച്ചിട്ട് ഇങ്ങനെ സത്യം ചെയ്തു: "തിരു അനന്തശയനത്തിൽ പ

ള്ളികൊണ്ടരുളും ശ്രീപത്മനാഭപ്പെരുമാളാണെ, പൊന്നാണെ, വിളക്കാണെ, ഇക്കുലമാളും കരുങ്കാളിയാണെ, നാമിപ്പരിഷകൾ തവയോഹമാകെക്കൂടി, ഒരുയിരായിക്കൂറും ചൊല്ലുയാവൊന്നും ഇക്കരളറ്റു പിണമാകിലും കുലം പോകിലും എപ്പേർപ്പെട്ട വിനയിടരയാവൊന്നിലും കനകക്കൊതിയിലും മങ്കമടിയിലും മനംമയങ്ങിയും മറുചെവി പോകാതു പോകാതു സത്യം." സുന്ദരയ്യനെ ഒഴിച്ച് മറ്റുള്ളവരെല്ലാം ഇപ്രകാരമുള്ള സത്യവാചകം ചൊല്ലി പൂർവ്വാചാരാനുസാരമായി പ്രതിജ്ഞചെയ്തു. സുന്ദരയ്യന്റെ മുറയായപ്പോൾ എഴുന്നേറ്റു തനിക്ക് വാചകം അറിഞ്ഞുകൂടാത്തതിനാൽ എങ്ങനെ വേണ്ടതെന്ന് യോഗത്തോട് ചോദ്യം ചെയ്തു.

രാമനാമഠം: "ഛീ! ചിങ്കഴത്തിന്റെ മോനേ, നീയും നിന്റെ അങ്ങുന്നും! ഞാൻ അഴിയൂല്ലെന്നോ? നെനക്കു വാചകമഴിഞ്ഞൂഴ, ഇല്ലയോ? തഴയിൽ നിന്നാൽ മതി. ഇന്നോക്ക്…"

കഴക്കൂട്ടത്തു പിള്ള: "എന്തുമാതിരിയാണിതു? അദ്ദേഹത്തിനറിഞ്ഞുകൂടാഞ്ഞാൽ അസഭ്യം പറകയാണോ വേണ്ടതു? സുന്ദരയ്യൻ സത്യം ചെയ്യൂ. വാചകം ഞാൻ പറഞ്ഞുതരാം."

കഴക്കൂട്ടത്തു പിള്ളയുടെ സഹായത്തോടുകൂടി സുന്ദരയ്യൻ സത്യംചെയ്തു. എന്നാൽ മയങ്കിയും 'മറുചെവി' എന്നുള്ള ഭാഗം ആയപ്പോൾ, ആവശ്യപ്പെടുന്നെങ്കിൽ ഈ നടപടികളെ സത്യലംഘനം കൂടാതെ ആരെയും ഗ്രഹിപ്പിക്കുന്നതിന് തടസ്സമില്ലാതിരിക്കണമെന്നുള്ള കരുതലോടുകൂടി ഒരു 'മ' കാരത്തെ സുന്ദരയ്യൻ വിഴുങ്ങി, 'മയങ്കി

യും അറുചെവി' എന്നുച്ചരിച്ചു. ഇതു് ആർക്കും സൂക്ഷിക്കുന്നതിനു് ഇടയായില്ല. എന്തുകൊണ്ടെന്നാൽ സുന്ദരയ്യൻ സത്യത്തിനു് ആരംഭിച്ചപ്പോൾ തെക്കേവശത്തു് ഒരു ശബ്ദം കേട്ടു. മാർജ്ജാരയുദ്ധകോലാഹലമായിരുന്നു അതു്. സത്യം അവസാനിക്കാറായപ്പോൾ യോദ്ധാക്കളിൽ ഒന്നിന്റെ മരണസൂചകമായ ദീനനാദം വ്യക്തമായി കേട്ടു. ശകുനങ്ങളിൽ ഉണ്ടായിരുന്ന പൂർണ്ണവിശ്വാസംകൊണ്ടു് തങ്ങളുടെ ശ്രമപരിണാമം ദോഷമായി വന്നേക്കുമോ എന്നു് ഭയന്നു് സുന്ദരയ്യന്റെ സത്യത്തെ ഗൗനിക്കാതെയും വളരെ ചാഞ്ചല്യത്തോടുംകൂടി എല്ലാവരും നിശ്ശബ്ദന്മാരായി ഗൗരവഭാവത്തോടുംകൂടി ഇരുന്നപ്പോൾ മാത്രമേ എട്ടുവീട്ടിൽപിള്ളമാരായ മാനുഷകേസരികളുടെ ഗൂഢസദസ്സിലാണു് താൻ നിൽക്കുന്നതെന്നുള്ള യാഥാർത്ഥ്യത്തെ സുന്ദരയ്യൻ ഗ്രഹിച്ചൊള്ളൂ. ബ്രാഹ്മണൻ നിന്നിരുന്നേടത്തു നിന്നു് ഒന്നു വിറച്ചു് തന്റെ സത്യത്തോടുകൂടി ദുശ്ശകുനമായ ഒരു സംഗതി നടന്നതിനെ ഓർത്തു്, ശേഷം എന്തെന്നുള്ള ഭയത്തോടുകൂടി സദസ്യരുടെ മുഖങ്ങളിൽ നോക്കിത്തുടങ്ങി.

രാമനാമഠം: "ഛീ! പൂവാൻ പഴ? (സുന്ദരയ്യനോടു്) ചങ്കും കഴ്ലും വഴിയിപ്പോയതുപോലെ വിഴച്ചോണ്ടു് അവിടെ നിക്കണോ? ഈ ചട്ടിശ്ശാസ്സഴങ്ങളെ വഹവയ്ക്കണ ആണങ്ങളാഴ്? അഹ ഹഹ!"

വെങ്ങാനൂർ പിള്ള: "ഇരവിക്കുട്ടിപ്പിള്ളേടെ ദൃഷ്ടാന്തം അറിഞ്ഞോണ്ടു് അങ്ങനെ പറയരുതു്."

കുടമൺ പിള്ള: “നാലും മൂന്നും പറഞ്ഞ് നേരം വെറുതെ പോകുന്നല്ലോ. സുന്ദരയ്യൻ പറയട്ടെ; എന്തെല്ലാമാണ് ഇളയ തമ്പുരാൻ നിശ്ചയിച്ചിരിക്കുന്നത്?”

സുന്ദരയ്യൻ: “അങ്കത്തമാർക്ക് തെരിയുമെല്ലോ; നാൻ താൻ ശൊല്ലണമെന്നുണ്ടോ? രാമനാമഠം അങ്കത്തെ ശെയ്തതുക്ക് അവരേയും അതുക്ക് ഒതവിശെയ്ത അങ്കത്ത മാരേയും കൊല്ലറുതുക്ക് പൂതപ്പാണ്ടിപ്പടയെ ഇങ്കേ വരുത്തുന്നു. കിഴക്കേപോയി എന്നെല്ലാമോ ആൾ ശേർത്തിരിക്കുന്നു. മാങ്കോയിക്കലക്കുരുപ്പും തമ്പിമാരാന ആറു വീട്ടുകാരും രെണ്ടു നാളേയ്ക്കുള്ളെ വന്തുശേരും. പിൽപാട്...”

കുടമൺ പിള്ള: “നമുക്ക് എന്തായാലും ഒരൊരുക്കം വരുത്തണം. തമ്പി അങ്ങത്തെ സഹായം ഉണ്ടല്ലോ.”

ചെമ്പഴന്തിപ്പിള്ള: “എന്നും വഴക്കും കലശലും! ഇതു നിറുത്തണം”

രാമനാമഠം: “പിള്ളഴകളിയേ പിള്ളഴകളി. രാജ്യത്തിന്റെ അവസ്സയും പോയി, അഹിമാന്യവും കെട്ടു.”

പള്ളിച്ചൽപിള്ള: “നാം മുമ്പിൽ തമ്പി അങ്ങത്തോടു ചെയ്ത വാഗ്ദത്തം നിറവേറ്റാം.”

കുടമൺ പിള്ള: (സന്തോഷത്തോടുകൂടി) “അതു ശരിയാണ്. അങ്ങുമിങ്ങും എന്നു രണ്ടുപക്ഷം വേണ്ട. കൂട്ടരെന്തു പറയുന്നു?”

രാമനാമഠം: “എന്തെഴ പഴയണതു? അങ്ങനേന്നാലങ്ങനെ അല്ലാതെ?”

സുന്ദരയ്യൻ: "ആൺപിള്ളെ ശിങ്കം."

രാമനാമഠം: "ചെത്തക്കൊമ്പിലഴിച്ച കേറ്റാതെ. ശ്ശ മൂതേവി, ചിഴിക്കണോ?"

കഴക്കൂട്ടത്തു പിള്ള: "മുമ്പിലത്തെ വാശത്തമെന്ന പറഞ്ഞതു് എനിക്കു മനസ്സിലായില്ല."

രാമനാമഠം: "പുത്തിയൊണ്ടെങ്കിലേ അഴിയൂ."

കഴക്കൂട്ടത്തു പിള്ള: "എന്താണെന്ന കേൽക്കാൻ അവകാശമുള്ളതുകൊണ്ടു് ചോദിക്കയാണ്. എന്തോ ചില ആലോചനകൾ നടന്ന എന്ന കേട്ടു. സൂക്ഷ്മം നിങ്ങളാരെങ്കിലും പറയണം."

കുടമൺ പിള്ള: "അന്നു് കാശിയാത്രയ്ക്കു പോയിരുന്നോ?"

കഴക്കൂട്ടത്തു പിള്ള: "ഇവിടെത്തന്നെ ഉണ്ടായിരുന്നു. അവിടുന്നു് അന്നെനിയ്ക്കു് കുറി അയച്ചില്ല.'"

കുടമൺ പിള്ള: "കുറി അയച്ചു. തന്നെക്കണ്ടില്ല. എന്തിനു് അതൊക്കെ പറയുന്നു? വലിയതമ്പുരാൻ നാടുനീങ്ങിയാൽ വലിയതമ്പി അങ്ങത്തെ പട്ടം കെട്ടണമെന്നു് ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇപ്പോൾ മനസ്സിലായോ?"

കഴക്കൂട്ടത്തു പിള്ള: "മനസ്സിലായി. എന്തു മുറ അനുസരിച്ച പട്ടം കെട്ടും?"

കുടമൺ പിള്ള: "ആരാണ ചോദിക്കുന്നതു്?"

കഴക്കൂട്ടത്തു പിള്ള: "വല്ലോരും ചോദിച്ചുവെങ്കിൽ? അതിനും ആളുണ്ടെന്ന വിചാരിക്കതന്നെ."

കുടമൺ പിള്ള: "കളിപ്പാൻകുളത്തിലെ കാര്യത്തിന് എന്തു കേൾവിയുണ്ടായി? രാമനാമഠം പറയെടാ, നിന്റെ കൈകണ്ട കാര്യത്തിന് നിന്റെ തല ആരു വീശി?"

കഴക്കൂട്ടത്തു പിള്ള: "ഒന്നുരണ്ടു കാര്യങ്ങൾക്ക് കേൾവി ഉണ്ടായില്ലെന്നുവച്ച്, ഒരിക്കലും കേൾവി ഉണ്ടാകയില്ലെന്നു വിചാരിച്ചുപോകരുത്. എല്ലാംകൂടി ഒരു കാലത്തു തലയിൽ വന്നുകേറും. അന്നു താങ്ങാനും ശക്തിയുണ്ടാകയില്ല. തരമുണ്ടെന്നുവെച്ച് രാത്രി മുഴുവൻ കട്ടാൽ നേരം വെളുത്തുപോകും."

കുടമൺ പിള്ള: "ചെയ്താലിരുപ്പതു്."

കഴക്കൂട്ടത്തു പിള്ള: "എന്തെങ്കിലും ചെയ്യുന്നതു് ഒരു നീതി അനുസരിച്ചുവേണ്ടയോ?"

കുടമൺപിള്ള: "ബലംതന്നെ നീതി."

കഴക്കൂട്ടത്തു പിള്ള: "അതു നമുക്കു തന്നെ മനസ്സിനൊരു സമാധാനമാകുമോ?"

കുടമൺ പിള്ള: "എടാ തമ്പുരാന്റെ ബീജംതന്നെയോ തമ്പിഅങ്ങുന്നു്?"

കഴക്കൂട്ടത്തു പിള്ള: "ആയിരിക്കാം."

കുടമൺ പിള്ള: "പിന്നെ എന്തു്?"

കഴക്കൂട്ടത്തു പിള്ള: "ശരി, എന്നാൽ നമ്മുടെ വസ്തുക്കളും മക്കൾവഴിക്ക് അവകാശപ്പെടുത്തണം."

രാമനാമഠം: "ചെക്കെന്നു പഴയുമ്പം കൊക്കെന്നു മനസ്സിലാക്കിയാലെങ്ങനെ?"

സുന്ദരയ്യൻ: “അങ്കത്തമാരേ,അനവാദപ്പടി നാനും കൊഞ്ചം ശൊല്ലുന്നു. കോപിക്കലാഹാതു്. നീങ്കൾ മഹാപ്രഭുക്കൾ. ബഹുബുദ്ധിയുള്ള ജനങ്കൾ, അപാരഗുണമുടയോർകൾ, അളവറ്റ ശക്തിമാൻകൾ, രാജ്യത്തുക്കെ ...”

രാമനാമഠം: “പഴിയെടാ അപ്പീ, പട്ടഴെ അഴുത്തുവന്നു് പഴി. കൊള്ളാം സാമീ. തട്ടിവിഴ്.”

സുന്ദരയ്യൻ: “നീങ്കൾ പരമധൈര്യശാലികൾ, അങ്കത്തമാർ ചെയ്യറതു് അന്യായമായിരുക്കാതു്. ന്യായക്കേടാനാലും ഇന്ത നാട്ടാളുകൾ കേക്കവരാതു്. അതെ ...”

കഴക്കൂട്ടത്തു പിള്ള: “അങ്ങേടെ പരിചയം കൊണ്ടുണ്ടായ ഒരു ധൈര്യമാണിതു്. (എട്ടുവീടരോട്) ഇപ്പോഴത്തെ രാജകുടുംബം നമ്മെ ഭരിച്ചു തുടങ്ങീട്ടു് കാലം ഒന്നുരണ്ടല്ല, യുഗങ്ങൾ കഴിഞ്ഞിരിക്കുന്നു. ജനങ്ങൾക്കു ബഹുഭക്തിയുമാണു്. നാം ഇപ്പോൾ വിചാരിക്കുന്നതിൽ എന്തെങ്കിലും ചെയ്‌വാൻ തുടങ്ങിയാൽ നാട്ടാർ കൂട്ടമിട്ടിളകും.”

സുന്ദരയ്യൻ: “എന്ന പയം! കഞ്ചികുടി നി ...” ശേഷം ക്ഷണത്തിൽ അമർത്തിക്കൊണ്ടു സുന്ദരയ്യൻ അത്യാദരവോടുകൂടി ഒരു വെറ്റിലത്തട്ടത്തെ വെങ്ങാന്നൂർ പിള്ളയുടെ അടുത്തു നീക്കിവെച്ചു.

കുടമൺ പിള്ള: “നാട്ടാരും കൂട്ടാരും! നാമല്ലാതെ നാടട്ടാരാരു്!”

രാമനാമഠം: “നാട്ടാഴെ കണ്ടതാഴ് കേട്ടതാഴ്!”

കഴക്കൂട്ടത്തു പിള്ള: "എന്നൊക്കെ തോന്നും. ഈ സംഗതിയിൽ ചോദിക്കുന്നതിന് നാം വിചാരിക്കുന്നതിലും അധികം ആളുകൾ കാണും. ഗോകർണ്ണം മുതൽ കന്യാകുമാരിപര്യന്തത്തുള്ള ജനങ്ങൾ പുരാതനകാലം മുതൽക്കേ ആചരിച്ചുവരുന്ന ഒരു നടപ്പിനെ നാം നാലു പേരോട്ടുകൂടി ഒരു ദിവസംകൊണ്ടു് മറിച്ചുവച്ചിട്ടു് അതാണു നീതി, നാട്ടാരാരു്, എന്നു പറഞ്ഞുകൊണ്ടു് നിന്നാൽ ..."

സുന്ദരയ്യൻ: "രാജ്യത്തുക്കു രൊമ്പ ക്ഷേമം. എന്ത ശാസ്ത്രത്തിലെ ഇപ്പടിയൊള്ള നടപ്പെ ശൊല്ലിയിരിക്കുന്നു? തുച്ഛമാന ഇന്ത നടപ്പ് എന്തക്കാലത്തിലെ എന്ത രാജ്യത്തിലെ ഇരുന്തതു്? ഇന്ത ഊർബ്രാഹ്മണാൾ വച്ചിരുക്കറ ഇന്ത അനാചാരത്താൽ എന്നവെല്ലാം ദോഷങ്ങൾ വരുന്നു? അങ്കത്തമാരേ, ഇരുക്കിറ നടപ്പിലെ, ഒരു കുടുംബത്തിലേതാൻ ശിങ്കാസനം കിടയ്ക്കുണു. മക്കവഴി ആനാൽ അപ്പടിവരാതു്. അങ്കത്തമാരുടെ പിൻകാലത്തു് വരുകിറ അങ്കത്തമാർക്കും രാജ്യം കിടച്ചൂടലാം."

രാമനാമഠം: "ശഴി. നല്ല പെണ്ണുങ്ങൾ നമ്മുടെ തവവാട്ടുകളിലുമൊണ്ടാഹ്ഹമേ."

വേറേ ചിലർ: "ശരി തന്നെയാണ്. പക്ഷേ അതൊന്നും ഇപ്പോൾ ആലോചിക്കേണ്ട. കഴക്കൂട്ടം വെറുതെ തർക്കിക്കുന്നല്ലോ."

കഴക്കൂട്ടത്തു പിള്ള: "ഞാൻ വെറുതെ തർക്കിക്കുന്നതാണെന്നു നിങ്ങൾക്കു് തോന്നിയതു് എന്തുകൊണ്ടോ? ആ

കട്ടെ , തമ്പി അദ്ദേഹത്തെ പട്ടംകെട്ടീട്ടു തമ്പുരാക്കന്മാരെ എന്തുചെയ്യണമെന്നാണ് നിങ്ങടെ ആലോചന?"

കുടമൺ പിള്ള: "എവിടെ എങ്കിലും പോയി തുലയട്ടേ."

കഴക്കൂട്ടത്തു പിള്ള: "പോകാഞ്ഞാലോ?"

രാമനാമഠം: "ഴാമനാമഠം പോക്കും. പന്തം പൊലിഞ്ഞോഴാ പഴപ്പഹ്ഹട്ടി... പനിവെള്ളം വിഴുന്നിട്ടെ തമ്പുഴാനെ ... ചതിയോഴാ വിതിയോഴാ പഴപ്പഹ്ഹട്ടി... ചതിയല്ല വിതിയാണേ തമ്പുഴാനേ? അങ്ങനെ വാഴും; എന്നാലോഴാ ..."

കഴക്കൂട്ടത്തു പിള്ള: "ചെയ്തതൊന്നും പോരെന്നാണ് അല്ലേ? എന്നാൽ ഒന്നുകൂടി കേൾപ്പിൻ. ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് അതിബുദ്ധിമാനും ദയാലുവും, നമ്മെ എല്ലാവരേക്കാളും സാമർത്ഥ്യവും ഏറും. അദ്ദേഹത്തെ നാം പോക്കുമ്മുമ്പേ, നമ്മെ അദ്ദേഹം പോക്കും. സുന്ദരയ്യൻ ആദ്യം പറഞ്ഞതു് ശരിയാണ്. എന്നാൽ ശണ്ഠയ്ക്കൊരുമ്പെടാതെ നാം ചെയ്തിരിക്കുന്ന അപരാധങ്ങളെ ക്ഷമിക്കണമെന്നു മുഖംകാണിച്ചു തിരുമനസ്സറിയിച്ചാൽ നമ്മുടെ അവസ്ഥയോടും സ്ഥാനമാനങ്ങളോടും സുഖമായിരിക്കാം."

സുന്ദരയ്യൻ: "ഭേഷാനാ യുക്തി! ഹഹ! കുടമണ്ണകത്തെയും പോയി കാലുക്കു കുമ്പിടണമാം, അതുക്കെന്ന? അവർ രാജാവാച്ചെ!"

കുടമൺ പിള്ള: "അവന്റെ മറ്റവൻ പോയി കാലുപിടിക്കണം. എഴുപതും കഴിഞ്ഞു കോമട്ടിയാകണതാരെടാ?"

വെങ്ങാന്നൂർ പിള്ള: "പേടിക്കുടല്യ്!"

ചെമ്പഴന്തിപ്പിള്ള: "കുറച്ചില്യ്!"

മറ്റുള്ളവർ: "ഹ! കുടുംബത്തിന്റെ മാനം കെട്ടു."

രാമനാമഠം: "കാലെ വാർറിപ്പഴിച്ചു തഴയി കാച്ചുടണം ഈ ചൺഡ്രിത്തരം പഴയണതിന്."

കഴക്കൂട്ടത്തു പിള്ള: "തോന്നുമേ! പലതും തോന്നും. ഇനിയും ഒന്നു പറയാനുണ്ട്, ഓർമ്മിച്ചുകൊള്ളിൻ. ന്യായസ്ഥനായ ഒരു വൈരിയേക്കാൾ നീതിരഹിതനായ മിത്രത്തെ ഭയപ്പെടണം. കാര്യം കണ്ടാൽ പിന്നെ നമ്മെ കണ്ടിട്ടില്ലെന്നും വരും. തമ്പി അങ്ങുന്നു തിരിഞ്ഞു മാറും. നമ്മെക്കൊണ്ടു രാജവംശത്തെ കൊല്ലിക്കുംപോലെ മറ്റുള്ളവരെക്കൊണ്ടു നമ്മെ നശിപ്പിക്കും. നാമും അദ്ദേഹവും യോജിക്കുന്ന ബന്ധുക്കളല്ല."

സുന്ദരയ്യൻ: "ഹരി! ഹരി! എന്ന വാർത്തൈ!"

രാമനാമഠം: "എന്റപ്പീ ഗീഴ്വാണത്തിലല്ലയോ ശപ്പണത്? എഴേ ചാത്തിഴികളേ, പിച്ചു പഴയാതെ എഴിച്ചോഴ്ഴ്."

ചിലർ: "അങ്ങനെ വന്നേക്കാം."

സുന്ദരയ്യൻ: "അപ്പടി ഒരുക്കാലം വരാതു്. അങ്കത്തമാർക്കും ഒന്ന് വിചാരിക്കലാമേ. ഇപ്പവും അവരിടത്തിൽ താനധികാരം ഇരിക്കേ. ഒരു കൊല ശെയ്യിക്ക അവരാൽ മുടിയാതാ?"

ചിലരു്: "അതു ശരി."

സുന്ദരയ്യൻ: “അങ്കത്തേക്ക് രാജ്യവും വേണ്ടാം, ഒന്നും വേണ്ടാം. കുടമണ്ണങ്കത്തയെ പട്ടം കെട്ടുങ്കോ. അദുവും അങ്കത്തേക്കു സമ്മതം താൻ. കഴക്കൂട്ടത്തങ്കത്തെ ആനാൽ അതുക്കും അങ്കത്ത മറുത്തശൊല്ലാതു്. അവർക്കെന്ന... ന്യായമാക രാജ്യപരിപാലനം ശെയ്യറവരാരെയാവിതു പട്ടം കെട്ടവേണം. അവരെയും അങ്കത്തമാരെയും ദ്രോഹിക്കവും കൂടാതു്.”

കുടമൺ പിള്ള: “ഞങ്ങൾക്കും അത്രേ താത്പര്യമുള്ളു. പട്ടം കെട്ടുന്നതു് അങ്ങത്തെത്തന്നെ. നേരം കോഴികൂവാറായി. ഒന്നു നിശ്ചയിക്കിൻ.”

മറ്റെല്ലാവരും: “അവിടുന്നു നിശ്ചയിക്കുംപോലെ.”

കഴക്കൂട്ടത്തു പിള്ള: “ഇളയതമ്പുരാൻ തിരുമനസ്സിലെ നമുക്കു മുഖം കാണിക്കാം; അതാണു നന്ന്. നാംകൂടി തുണച്ചാൽ ഇപ്പോഴത്തെ കലക്കങ്ങൾ എളുപ്പത്തിൽ നീങ്ങും. പിന്നീടുള്ള പരിപാലനവും ഭംഗിയായി നടക്കും.”

സുന്ദരയ്യൻ: ”കുടവായിടത്തിലെ കൊടലേകഴകക്കൊടുങ്കോ? എനക്കെന്ന? അങ്കത്തേക്കെന്ന?”

വെങ്ങാനൂർ പിള്ള: “മിടുക്കൻ! എന്തൊരു തർക്കമോ വഴക്കോ? എനിക്കൊന്നുമറിഞ്ഞുകൂടാ.”

ചെമ്പഴന്തിപ്പിള്ള: “സ്വരുമിപ്പില്ലാത്തവൻ!”

പള്ളിച്ചൽപിള്ള: “ഇതു കാര്യം മറിഞ്ഞുപോയി...”

സുന്ദരയ്യൻ: “രാമാനാമഠത്തങ്കത്തെ പേശാത്തതെന്ന?”

രാമനാമഠം: “ഞാനോ? ആ പഴയാം കൂട്ടഴെ, ഇതിന്റെ എല്ലാം സാഴം ഞാൻ പഴയാം. എവന്റെ മനസ്സെല്ലാം ആ

പെണ്ണിലേ കിഴക്കണ്ടെ. ഏതു പെണ്ണ്? അവന്റെ മുഴപ്പെണ്ണു തന്നെ. ചെമ്പകശ്ശേരിയിലെ മധുരക്കൊഴഞ്ചാത്തി. ഇപ്പം അവനൊഴു പേഴി. വലിയതമ്പി അങ്ങുന്ന പെണ്ണിനെ കൊണ്ടുപോകുമോന്ന പേഴി. (കഴക്കൂട്ടത്തു പിള്ളയോട്) നിന്റെ ന്യായവും മൊഴയും നടപ്പും ശാസ്സഴവും പഴമാണവും ആഴം അഴിഞ്ഞില്ലേന്നോഴാ"

എല്ലാവരും: "ഓഹോ, കേട്ടിട്ടുണ്ട്. ശരി, ശരി. വെറുതെ അല്ല തമ്പി അങ്ങുന്ന് ദുഷ്ടനായിപ്പോയത്."

സുന്ദരയ്യൻ: (രാമനാമഠത്തോടു ഗൂഢമായിട്ട്) "ഇവർ ശെതിച്ചു പോട്ടാലോ?"

രാമനാമഠം: "എവൻ ചതിക്കും. പിഴിക്കവനെ."

'പിടിക്കിൻ,' 'കെട്ടിൻ,' 'കാച്ചിൻ,' 'ചതിക്കും' എന്നിങ്ങനെ ഓരോരുത്തർ ഘോഷിച്ചുതുടങ്ങി. കഴക്കൂട്ടത്തു പിള്ള യാതൊരു ചലനവും കൂടാതെ ഒരു ചാവട്ടമേൽ ചാരി ക്ഷീണിച്ചതുപോലെ ഇരുന്നു. രാമനാമഠം മുതൽപേർ കാണിച്ചതു് അവിവേകമെന്ന് അവർക്കുതന്നെ തോന്നി. രാമനാമഠം എഴുന്നേറ്റു കഴക്കൂട്ടത്തു പിള്ളയുടെ സമീപത്തുചെന്ന്, സാന്ത്വനവാക്കുകൾ പലതും പറഞ്ഞു. എന്നിട്ടും കഴക്കൂട്ടത്തു പിള്ള അനങ്ങാതെ ഇരുന്നതേയുള്ളു. ഇതു കണ്ടിട്ട് "ഇത്രയൊക്കെ പറയുന്നതെന്തിന്? ചതിക്കാൻ തുടങ്ങിയാൽ അനുഭവം ഇങ്ങനെതന്നെ" എന്ന വെങ്ങാന്നൂർ, ചെമ്പഴന്തി ഈ പിള്ളമാർ ആക്ഷേപമായി പറഞ്ഞു. കഴക്കൂട്ടത്തു പിള്ള തന്റെ വാൾ കൈയിലാക്കിക്കൊണ്ട് ചാടി എഴുന്നേറ്റു. മറ്റുള്ളവരും എഴുന്നേറ്റ് അവരവരുടെ ആയുധങ്ങൾ ധരിച്ചുകൊണ്ട് കഴക്കൂട്ടത്തിന്റെ വഴിയിൽനി

ന്നു മാറിനിന്നു. കഴക്കൂട്ടത്തു പിള്ള എഴുന്നേറ്റതു യാത്രയ്ക്കായിരുന്നു. പോകുന്നതിനുമുമ്പ് ഇത്രയും പറഞ്ഞു: "ഈ യോഗത്തിൽ എന്റെ നേരായ അഭിപ്രായം പറഞ്ഞതിൽ നിങ്ങൾ വിപരീതാർത്ഥത്തിൽ ധരിക്കുന്നു. രാമനാമഠത്തിന്റെ കളിവാക്കു കടുത്തുപോയി. ചെമ്പകശ്ശേരിയിലെ കഥ അറിഞ്ഞിരിക്കും; എന്നിട്ടും... ഈ യോഗത്തിൽ ഇനി ഞാൻ ഇരിക്കുന്നില്ല. എന്നാൽ ഞാൻ ചതിക്കുമെന്നു നിങ്ങൾ ഭയപ്പെടേണ്ട. വിശേഷിച്ചും നിങ്ങൾക്ക് ആപത്തു വന്നിരിക്കുന്ന ഈ കാലത്ത് ഞാൻ പിന്മാറുയില്ല. ആലോചനകൾക്ക് ഞാനില്ല. ക്രിയയ്ക്ക്... നമ്മുടെ രക്ഷയ്ക്കുവേണ്ടിടത്തോളമുള്ള ക്രിയയ്ക്ക്... ഞാൻ മുമ്പുണ്ട്. പൊകുന്നതുകൊണ്ട് നിങ്ങൾ മറിച്ചു വയ്ക്കരുത്. വെറുതെ അല്ല, ഇരുപത്തിനാലു ശാസ്താക്കന്മാരെ കേരളത്തിന്റെ രക്ഷയ്ക്കായി മലവാരത്തിൽ പണ്ടു പ്രതിഷ്ഠിച്ചതു്. കുടമണ്ണമ്മാവന്റെ കുറിപ്രകാരം നടക്കാൻ ഞാൻ കാത്തിരിക്കും" എന്നു പറഞ്ഞിട്ട് കഴക്കൂട്ടത്തു പിള്ള യോഗത്തിൽനിന്നു പോകയും ചെയ്തു.

കഴക്കൂട്ടത്തു പിള്ള കുപിതനായി പോയതുകൊണ്ട് മറ്റുള്ളവർ ക്ഷീണന്മാരായി ചമഞ്ഞു. അദ്ദേഹത്തിന്റെ കോപത്തെ ഭയന്ന് ഉത്ഥാനംചെയ്ത് അകലെ മാറിനിന്നവർ വീണ്ടും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു. എല്ലാവരും മിണ്ടാതെ ഇരുന്നതുകണ്ട് കുടമൺ പിള്ള ഇങ്ങനെ പറഞ്ഞു: "ഉം? എല്ലാവരും ഊമകളായിപ്പോയതെന്ത്? ഒന്നും പേടിക്കാനില്ല. തരം കണ്ടു കൊള്ളിവയ്ക്കുന്നവനല്ലാ കഴക്കൂട്ടം; ആണാണ്. ദേഷ്യപ്പെടുത്തി അയച്ചല്ലോ എന്ന് എനിക്കും ഒരു വല്ലായ്മയുണ്ട്."

രാമനാമഠം: “ഞാൻ പോയി വിളിക്കട്ടോ? എനിക്കും ഒരു കിഴുകിഴുപ്പ്. ശ്ശേ!” എന്നു പറഞ്ഞിട്ട് രാമനാമഠം വലതുകൈ കുടയുകയും മുഖംകൊണ്ടു ചില ഗോഷ്ഠികൾ കാട്ടുകയും ചെയ്തു.

കുടമൺ പിള്ള: “വിളിക്കണ്ട. വിളിച്ചാലും വരികയില്ല. നമുക്കു കാര്യം നോക്കാം. കഴക്കൂട്ടത്തിനെ ഞാനേറ്റു.”

എല്ലാവരും: “അവിടുന്ന് പറയുമ്പോലെ അല്ലാതെ ഞങ്ങൾക്കൊരു തർക്കവും തകരാറും ഇല്ല. നമ്മുടെ സ്ഥിതിക്ക് തമ്പുരാനോടു രമ്യപ്പെടുക പ്രയാസം. ഇനി നിൽക്കാൻ നോക്കണം. അതാണു വേണ്ടത്.”

ഇങ്ങനെയുള്ള അഭിപ്രായം കേട്ട് കുടമൺ പിള്ള താഴെ പറയുംപ്രകാരമുള്ള നിശ്ചയങ്ങൾ ചെയ്തു:

ഒന്നാമതായി തമ്പിയെത്തന്നെ മഹാരാജാവായി പട്ടം കെട്ടേണ്ടതാണ്. അതിലേക്കു വലുതായ തടസ്സങ്ങൾ നേരിടുന്നതായാൽ പൂർവ്വകാലങ്ങളിലെ നടപ്പുപ്രകാരം അദ്ദേഹത്തെ പന്ത്രണ്ടുകൊല്ലത്തേക്ക് രക്ഷാപുരുഷനായി വാഴിക്കണം. രണ്ടാമത്... (ഇത് കുറച്ചു തർക്കം കഴിഞ്ഞു ചെയ്ത നിശ്ചയമാണ്) തിരുവനന്തപുരത്തുവച്ച് യുവരാജാവിനെ ഹനിക്കുന്നത് ആപൽക്കരമായി വന്നേക്കാമെന്നുള്ളതിനാൽ, നാടുവാഴുന്ന മഹാരാജാവ് നാടുനീങ്ങി പുണ്യാഹം കഴിഞ്ഞ് ഉടവാൾ എടുക്കുന്നതിനായി മാർത്താണ്ഡവർമ്മരാജാവ് തെക്കോട്ടു എഴുന്നള്ളുമ്പോൾ വഴിക്കു വച്ച് എട്ടുവീടന്മാർ കൂട്ടംകൂടി അദ്ദേഹത്തെ നിഗ്രഹിക്കണം. മൂന്നാമത്... തൽക്കാലം എല്ലാവരും ഒതുങ്ങിപ്പാർക്കണം. എന്നാൽ തെക്കൻദിക്കുകളിൽനിന്ന് യുവരാജാവിന് സഹായമായി ജനങ്ങൾ വന്നുചേരാതെ വെങ്ങാ

ന്നൂർ, പള്ളിച്ചൽ ഈ സ്ഥലങ്ങളിലെ പിള്ളമാരും വടക്കൻ ദിക്കുകളിൽനിന്നു വരാതെ കഴക്കൂട്ടം, ചെമ്പഴന്തി ഈ പിള്ളമാരും തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലുള്ള ജനങ്ങൾ ഇളകാതെ കുടമൺ, രാമനാമഠം ഈ പിള്ളമാരും ഭൂതപ്പാണ്ടിയിൽ താമസിക്കുന്ന പാണ്ടിപ്പട രാജാവിനു വഴിപ്പെടാതിരിക്കാൻ വേണ്ട യത്നങ്ങൾ ചെയ്യുന്നതിനു തമ്പിമാരും ഭരം ഏൾക്കേണ്ടതാണ്. ഒന്നാമത്തെ നിശ്ചയത്തിന്റെയും തമ്പിമാർ നിർവ്വഹിക്കേണ്ട കാര്യത്തിന്റെയും വിവരങ്ങൾ കാണിച്ചും പുണ്യാഹം കഴിഞ്ഞു് ഇരണിയലിലേക്ക് എഴുന്നള്ളത്തുണ്ടാകുന്നതുവരെ ക്ഷമിച്ചിരിക്കേണ്ടതിലേക്ക് അപേക്ഷിച്ചും ഒരു യോഗക്കുറി എഴുതി തമ്പിയുടെ പക്കൽ ഏൽപ്പിക്കുന്നതിനായി സുന്ദരയ്യന്റെ കൈയിൽ കൊടുത്തിട്ടു യോഗം പിരിഞ്ഞു.

# 12

> “നളിനവിശിഖവീരപ്രാഭവപ്രൗഢി തേടും
> കളലളിത വിലാസശ്രേണികൊണ്ടൂഢമാനം
> നളിനമിഴി കവർന്നാൽ മാനസം മാനവാനാം-
> നളനഖിലവധൂനാം ചിത്തതാരെന്നപോലെ.”

സംഘം പിരിഞ്ഞു മറ്റുള്ളവർ പോയതിന്റെ ശേഷം കുട മൺ പിള്ളയും രാമനാമഠവും ഒരുമിച്ച് ഊണുകഴിച്ചു. ഗൃഹ ത്തിന്റെ ഉടമസ്ഥർ മാന്യസ്ഥാനമായ അറപ്പുരയിൽ കിട ന്ന കടച്ചിൽ യന്ത്രത്തിന്റെ ചീറ്റൽ പോലെ കൂർക്കം വലി ച്ചുതുടങ്ങി. രമാനാമഠം തസ്കരിക്കുന്നതിന് പുറപ്പെടുന്ന മാർ ജ്ജാരനെപ്പോലെ, കാലടികളുടെ പതനശബ്ദം കേൾ പ്പിക്കാതെ സാവധാനത്തിൽ വടക്കേകെട്ടിലേയ്ക്ക് കട ന്നു. അദ്ദേഹം മദ്യത്തിന്റെ ലഹരി വിട്ട് സ്വബുദ്ധിയോ ടുകൂടിയവനായിരിക്കുന്നു. തന്റെ ആസുര പ്രകൃതിക്കനു രൂപമായി തനിക്കുള്ള പടുത്വം എല്ലാം തൽക്കാലം ത ന്നെ വെടിയുകയാൽ രാമനാമഠം നിസ്സാരമായുള്ള മോ ഹങ്ങൾക്ക് വശനായ ഒരു കേവലപുരുഷനായിത്തീർ ന്നിരിക്കുന്നു. കെട്ടിന്റെ പടിഞ്ഞാറേത്തളത്തിൽ ഒരു ദീ പപ്രകാശംകൊണ്ട് രാമനാമഠത്തിന്റെ നേത്രങ്ങൾ മാർ ജ്ജാരന്മാരുടേതു് പോലെ പ്രകാശിക്കുന്നു. അദ്ദേഹത്തി

ന്റെ പാദങ്ങൾ ഭൂമിയെ സ്പർശിക്കുന്നില്ല. നന്ദനോദ്യാനത്തിൽ സ്വർഗ്ഗംഗാസംഗത്താൽ ശീതളമായും മന്ദാരാദി പുഷ്പസഞ്ചയ സംയോഗത്താൽ സൗരഭ്യമുള്ളതായും ഉള്ള മന്ദവായു ഏറ്റും സ്വർവേശ്യാജനങ്ങളുടെ ലാസ്യഗാനാദികളിൽ ലയിച്ചും നാകലോകസുഖം അനുഭവിച്ചു തുടങ്ങിയിരിക്കുന്നത് പോലെ രാമനാമഠം പരിതഃസ്ഥിതികൾ ആസകലം മറന്നിരിക്കുന്നു. തന്റെ ഹൃദയത്തിൽ രക്തത്തിന്റെ ശീഘ്രഗതിയാൽ സഞ്ജാതമാക്കപ്പെട്ട തുടിതുടിപ്പ് തനിക്കുതന്നെ കേൾക്കാമായിരുന്നു. പടിഞ്ഞാറെത്തളത്തിൽ കടന്ന്, വടക്കോട്ട് ഒരു മുറിയിലേക്കുള്ള വാതിൽ തുറന്നിരുന്നതിലൂടെ ആ മുറിയിലേയ്ക്ക് രാമനാമഠം കടക്കുന്നു. മല്ലികാദിപുഷ്പപരിമളം ഏറ്റ് രാമനാമഠത്തിന്റെ മനം മയങ്ങുന്നു. മുറിയിൽ കിഴക്കോട്ടു മുഖമായിനിന്ന് സാഷ്ടാംഗമായി പ്രണമിക്കട്ടയോ എന്നു രാമനാമഠം വിചാരിക്കുന്നു. മുറിയിൽ കിഴക്കെ അരികിൽ വച്ചിരിക്കുന്നതായും ശയനസുഖപരിപൂർണ്ണതയ്ക്കായി നാലഞ്ചു മെത്തകൾ അടുക്കി വിരിച്ചിട്ടുള്ളതായും ഉള്ള കട്ടിലിന്റെ മുമ്പിൽ നിന്നുകൊണ്ട് വിടലോകനാഥനായ രാമനാമഠത്തിൽ പിള്ള 'ചെമ്പകം, ചെമ്പകം' എന്ന് 'കളകണ്ഠകണ്ഠമുരളി' നാദത്തിൽ കൂകുന്നു. ഏറ്റവും പ്രകാശത്തോടുകൂടി ഒരു ദീപം ആ മുറിക്കകത്തു കത്തി നിൽക്കുന്നതിന്റെ ശോഭയേയും താഴ്ത്തുന്ന കാന്തിയോടുകൂടിയ ഒരു സ്വരൂപം മഞ്ചത്തിൽ നിന്നെഴുന്നേറ്റ് താഴത്തിറങ്ങി വന്നു. വിഖ്യാതനായുള്ള രവിവർമ്മ കിളിമാനൂർത്തമ്പുരാനാകുന്ന വിധാതാവിനാൽ നിർമ്മിതകളായി, പ്രേക്ഷകന്മാരുടെ നേത്രങ്ങൾക്ക് പരമാനന്ദത്തെയും അന്തഃകരണ

ങ്ങൾക്കു വ്യാകുലതയേയും പ്രദാനം ചെയ്കയും അദ്ദേഹത്തിന്റെ നിസ്തുല്യമായുള്ള മനോധർമ്മചാതുര്യത്തെ പ്രദർശിപ്പിക്കയും ചെയ്യുന്ന ചില ചിത്രയുവതികളുടെ അസൽ ഛായയെന്ന് തോന്നിക്കുന്നതായ അംഗസൗന്ദര്യസമ്പത്തോടുകൂടിയ ഒരു വധൂരത്നമാണ് രാമനാമഠത്തിന്റെ മുമ്പിൽ ആവിർഭൂതയായത്. ഈ സ്ത്രീയുടെ അമാനുഷ്യകമായുള്ള സൗന്ദര്യസമൃദ്ധി, മോഹനതരാംഗിയായ വല്ല യക്ഷിയാണോ എന്നു കാണികളുടെ ഉള്ളിൽ ശങ്ക തോന്നിക്കുന്നതായ അപൂർവ്വഭാസോടുകൂടിയതായിരുന്നു. ചേതോഹരമായുള്ള അംഗസൗഷ്ഠവത്തോടുകൂടി, നദികളിൽ ചിറകെട്ടിയാൽ തീരങ്ങളിൽ മുട്ടി ജലം കെട്ടിനിൽക്കുന്നതുപോലെ, ഈ സ്ത്രീയിൽ യൗവ്വനം മുതിർന്നിരിക്കുന്നതിനാൽ ഗാത്രം വിശിഷ്ടരമായുള്ള പുഷ്ടിയോടുകൂടിയതായും ഇരിക്കുന്നു. കേതകീപുഷ്പത്തിനോട് സാമ്യമുള്ള വർണ്ണം കൊണ്ട് ശോഭനമായുള്ളതും വിസ്താരമുള്ളതും ആയ മാറിടത്തിൽ ക്രമേണ ഉന്നതികലർന്ന് തങ്ങളിൽ ഇടഞ്ഞുനിൽക്കുന്ന കുചകലശങ്ങളും, പൃഥുലമായുള്ള നിതംബങ്ങളും തന്റെ ശരീരധാടിയെയും പ്രൗഢാവസ്ഥയെയും പ്രത്യക്ഷീകരിക്കുന്നു. കേശമോ, ശിരസ്സിൽ നിന്നുത്പന്നമായി ഒഴുകീട്ട് വൻപിച്ച തരംഗങ്ങളുടെ ആകൃതി കൈക്കൊണ്ട് ഉരുണ്ടും ചുരുണ്ടും ഉന്നതജഘനതീരത്തോളം പ്രവഹിച്ച് ആ ഭാഗത്തെ ആസകലം ആച്ഛാദനം ചെയ്യുംവണ്ണം പരന്നുകിടക്കുന്നു. മുഖമോ, ഏകദേശം മാരദേവന്റെയും മാരവൈരിയുടെയും കലഹഭൂമിയോട് അതിനെ ഉപമിക്കാം. നീലക്കരിമ്പുകൊണ്ടുള്ള മാരദേവന്റെ ചാപവും അരവിന്ദാദിയായുള്ള പഞ്ചായുധങ്ങളും അളിവൃന്ദനിർ

മ്മിതമായുള്ള മൗർവ്വിയും കൊടി അടയാളമായുള്ള മീനങ്ങളും ചാരിത്രവൈധുര്യാദിനിഷ്ഠകളെ ധ്വംസനം ചെയ്യുന്നതായ അദ്ദേഹത്തിന്റെ പടുതയേറുന്ന വിലാസങ്ങളും കിങ്കരരായ പഞ്ചമിചന്ദ്രനും മന്ദാനിലാദികളും ആ മുഖത്ത് പരചിത്തധൈര്യത്തെ കവരുന്നതിനുള്ള ഉദ്വേഗത്തോടുകൂടി കാണപ്പെടുന്നു. എന്നാൽ, ജഗജ്ജയിയായ കന്ദർപ്പന്റെ ദർപ്പഹരണം ചെയ്തതായ രുദ്രനിടിലനേത്രാഗ്നിയുടെ ദീപ്തിയോടുകൂടിയ ഒരു തേജസ്സും ആ മുഖത്തു വിളങ്ങുന്നുണ്ട്.

ഈ നാരീകുലമാലികയെ കണ്ടിട്ട്, സൗരഭ്യത്തോടുകൂടി വിലസുന്ന കേതകീപുഷ്പത്തെക്കണ്ട മധുപാമകാംക്ഷിയായ ഭ്രമരം പോലെ, അടുത്തണഞ്ഞു് വട്ടംചുറ്റിക്കൊണ്ട് രാമനാമഠത്തിൽ പിള്ള ദീർഘശ്വാസങ്ങൾ വിട്ടുതുടങ്ങി. രാമനാമഠം കണ്ടകനും മദ്യപനും ചിലപ്പോൾ വങ്കനും ആയിരുന്നെങ്കിലും, 'കണ്ടാൽ നല്ലവൻ' എന്നു തുടങ്ങി 'മധുവാണ്മാർക്കനുരാഗമുണ്ടാക്കുന്ന'തായ ഗുണങ്ങളിൽ 'ഗൂഢമാം നാരീവൃത്തം മറയ്ക്ക' എന്നുള്ളതൊഴിച്ച് സകലതും തികഞ്ഞവനായിരുന്നു. ഇദ്ദേഹത്തിന്റെ പ്രണയസൂചകങ്ങളായ നാട്യങ്ങൾ കണ്ട്, രാമനാമഠത്തിന്റെ മനോമോഹങ്ങളെ ഉദ്ദീപിപ്പിക്കുന്നതായ ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹത്തിന്റെ പ്രേമഭാജനമായ ആ സ്ത്രീ ഇങ്ങനെ പറഞ്ഞു: "ആലോചനകൾ കഴിഞ്ഞോ? ഞാനുറങ്ങിപ്പോയി."

രമാനാമഠം: "ആലോചനകൾ എപ്പഴേ കഴിഞ്ഞു. പിന്നെ ഉണ്ടു, വെറ്റില തിന്നു, വെടിപറഞ്ഞു, ഇവിടെ വന്നു് വിളിച്ചു ഉണർത്തി."

സ്ത്രീ: "വളരെ കഷ്ടപ്പെട്ടു. അതിനൊരു കൂലിയായി ഒന്നുകൂടി മുറുക്കിക്കൊള്ളണം."

രാമനാമഠം: (നിലത്തു വിരിച്ചിരിക്കുന്ന കംബളത്തിൽ ഇരുന്ന് മുറുക്കാൻതട്ടം നീക്കി തന്റെ അടുത്തുവച്ചിട്ട്) "ഇന്നെത്തെ കേമമായിരുന്നു! ചെമ്പകം കേൾക്കേണ്ടതായിരുന്നു. ആ കഴക്കൂട്ടത്തിന്റെ അഹമ്മതി ഒന്നും പറവാനില്ല. വെട്ടിമുറിച്ചേക്കട്ടോ എന്നു വിചാരിച്ചു. എന്നിട്ട്, പിന്നെയും നമ്മുടെ പിള്ള അല്ലയോ എന്നു വിചാരിച്ചുകളഞ്ഞു."

സ്ത്രീ: "ക്ഷമിച്ചതു നന്നായി. എന്തായിരുന്നു ഇന്നത്തെ ആലോചന?"

രാമനാമഠം: "അതൊക്കെ വെളിയിൽ പറയാമോ? ഒക്കെ സുകാര്യം ... സുകാര്യം. കേൾക്കരുത്."

സ്ത്രീ: "എനിക്കു കേട്ടുകൂടാത്തതല്ല. പറയണം."

രാമനാമഠം: "സത്യം, സത്യം ചെയ്തിട്ടുണ്ട്."

സ്ത്രീ: "എന്നും വില കൂട്ടീട്ടേ പറകയൊള്ളു എന്നൊരു സമ്പ്രദായം! ഇതെന്തിനായിട്ട്?"

രാമനാമഠം: "ഞാൻ വില കൂട്ടീട്ടെങ്കിലും ചെമ്പകം പറയുന്നതിനെ തട്ടുന്നുണ്ടോ? ചെമ്പകമോ?"

സ്ത്രീ: "തുടങ്ങി! പോയുറങ്ങണം. എനിക്കൊന്നും കേൾക്കണ്ട."

രാമനാമഠം: "ഞാൻ കേൾപ്പിക്കും."

സ്ത്രീ: "സത്യം ... അല്ല, അതിനെ മറന്നോ?"

രാമനാമഠം: “ശത്രുക്കളുടെ അടുത്തു പറഞ്ഞൂടെന്നേ ഉള്ള ല്ലോ. അല്ലെങ്കിലും ചെമ്പകത്തിനെ മറച്ചൊന്നുണ്ടോ? കൊള്ളാം.”

അന്നത്തെ സംഘത്തിൽ നടന്ന സംഗതികളെല്ലാം രാമനാമഠം ആ സ്ത്രീയെ ധരിപ്പിച്ചു. സ്ത്രീ കുടമൺ പിള്ളയുടെ മാതൃസഹോദരിയുടെ പൗത്രിയാണ്. നാമം സുഭദ്ര എന്നും സാധാരണയായി മറ്റുള്ളവർ വിളിച്ച് പോരുന്നത് ചെമ്പകക്കുട്ടിയെന്നും ചെമ്പകം എന്നും ആണ്. സുഭദ്രയുടെ ചരിത്രം ചുരുക്കമായി ഇവിടെ പ്രസ്താവിക്കുന്നു. സുഭദ്രയുടെ അമ്മയ്ക്ക് പതിനേഴവയസ്സായിരുന്ന കാലത്ത് ആ സ്ത്രീയോളം സൗന്ദര്യവതികൾ മറ്റാരുമില്ലായിരുന്നു. ആ സ്ത്രീക്ക് യോഗ്യനായ ഒരു ഭർത്താവിനെ ഉണ്ടാക്കുന്നതിന് കുടമൺ പിള്ളതന്നെ ഉദ്യോഗിച്ചിരിക്കുന്നതിനിടയിൽ തന്റെ സ്വസാവിൽ തനിക്കൊരു ഭാഗിനേയി ജാതയായിരിക്കുന്നു എന്ന് അദ്ദേഹത്തിന് അറിവ് കിട്ടി. ക്ഷണത്തിൽ സഹോദരി താമസിച്ചിരുന്ന തിരുവനന്തപുരത്തെ ഗൃഹത്തിൽ കയറി ഖഡ്ഗം ഓങ്ങിക്കൊണ്ട് ആ സ്ത്രീയെ കൊലചെയ്‌വാൻ അടുത്തു. അടുത്തുണ്ടായിരുന്ന കഴക്കൂട്ടത്തുപിള്ള കുടമൺ പിള്ളയെ വിളിച്ച് ഗൂഢമായി എന്തോ പറഞ്ഞു് അദ്ദേഹത്തിന്റെ കോപം ശമിപ്പിച്ചു. കുടമൺ പിള്ള ഉടനേതന്നെ തന്റെ തറവാട്ടു ഭവനത്തിലേക്ക് പോകയും ചെയ്തു. പുത്രിയുടെ മുഖം വഴിപോലെ കണ്ട് ആനന്ദിക്കാൻ ഇടവരാതെ കുടമൺ പിള്ളയുടെ ഭഗിനി മരിച്ചു. മാതൃവാത്സല്യം എന്നുള്ളതറിയാതെ സുഭദ്ര വളർന്നു. തന്റെ അച്ഛൻ ആരാണെന്നുള്ളതിനെക്കുറിച്ച് തന്നെ വളർത്തിയ അച്ചിമാരിൽനിന്നുപോ

ലും സുഭദ്രക്കറിയുന്നതിന് കഴിവുണ്ടായിരുന്നില്ല. കഴക്കൂട്ടത്തു പിള്ള (മരിച്ചുപോയി), രാമനാമഠത്തിൽ പിള്ള, ചെമ്പകശ്ശേരി മൂത്തപിള്ള മുതലായ ചിലർക്കും കുടമൺ പിള്ളയുടെ ചില ഭൃത്യന്മാർക്കും ഇതിന്റെ വാസ്തവം അറിവുണ്ടെന്ന് സുഭദ്രയോട്ട് ചിലർ പറഞ്ഞിട്ടുണ്ട്. രാമനാമഠത്തിനോട്ട് ചോദിച്ചാൽ അക്കാര്യത്തെപ്പറ്റി ഒരക്ഷരം ഒരാളോടും മിണ്ടിപ്പോകരുതെന്ന് തന്നെയും മറ്റും കുടമൺ പിള്ള സത്യം ചെയ്യിപ്പിച്ചുണ്ടെന്ന് പറഞ്ഞതിനാൽ സുഭദ്ര ആ വഴിക്കുള്ള അന്വേഷണങ്ങൾ നിറുത്തി. ഈ സംഗതികളെക്കുറിച്ച് വ്യക്തമായ അറിവ് കഥാശേഷം കൊണ്ടുണ്ടാകുന്നതാകൊണ്ട് ഇവിടെ അതുകളുടെ യഥാർത്ഥസ്ഥിതികളെ സംബന്ധിച്ച് പ്രസ്താവന ആവശ്യമില്ല. സുഭദ്ര യാതൊരു ബാലാരിഷ്ടതകളും കൂടാതെ കാണുന്നവർക്കെല്ലാം പരമാനന്ദ പ്രദായിനിയായി വളർന്നു. യൗവ്വനാരംഭം ആയപ്പോൾ തമ്പിമാർ, ചെമ്പഴന്തിപ്പിള്ള മുതലായ യുവാക്കളും, രാമനാമഠം മുതലായ ചില മൂത്ത വിടന്മാരും അടുത്തുകൂടിത്തുടങ്ങി. സുഭദ്ര ഒരുതരത്തിലും പക്ഷപാതം കാണിക്കാതെ എല്ലാവരേയും തന്റെ വശത്താക്കി ഒരുപോലെ സന്തോഷിപ്പിച്ചുവന്നു. തന്റെ ഭാഗിനേയി തനിക്കു ഹിതമല്ലാത്ത ചില നാഗരികത്വങ്ങൾ കാണിച്ചുവരുന്നു എന്ന് കുടമൺ പിള്ളയ്ക്ക് അറിവു കിട്ടി. തന്റെ ബന്ധുവായ ഒരു ഗൃഹസ്ഥന്റെ അനന്തരവനെക്കൊണ്ട് സുഭദ്രയെ സംബന്ധം ചെയ്യിപ്പിച്ചു. ദമ്പതിമാർ പരസ്പരാനുരാഗത്തോടുകൂടി ആറുമാസം ഭർത്തൃഗൃഹത്തിൽ പാർത്തു. അനന്തരം ഭർത്താവിന് ചില സംശയങ്ങൾ തോന്നിത്തുടങ്ങി. കാലുഷ്യം വർദ്ധിച്ച് ഭാര്യയെ ഭർത്താവ് ചിലപ്പോൾ പ്രഹരി

യ്ക്കയും ചെയ്തു. സുഭദ്രയ്ക്ക് എന്നിട്ടും ഒരു കുലുക്കവും ഇല്ലെന്ന് ഭർത്താവിന് തോന്നി. അനുരാഗം എന്നതേ ഇല്ലാതായി. സുഭദ്രയ്ക്ക് വയസ്സ പതിനേഴായി. ഒരു രാത്രി ഭർത്താവിനെ കാണാനില്ലാതെയും ആയി. കുടമൺ പിള്ള മുതലായവർ തിരുവിതാംകൂർ, ദേശിംഗനാട്ട് മുതലായ ദേശങ്ങളിലെല്ലാം ചാരന്മാരെ അയച്ചന്വേഷിപ്പിച്ചിട്ടും സുഭദ്രയുടെ ഭർത്താവിന്റെ ഗതിയെക്കുറിച്ച് യാതൊരറിവും കിട്ടിയില്ല. സുഭദ്ര ഭർത്താവിന്റെ ഗൃഹത്തിൽനിന്ന് മാറി തിരുവനന്തപുരത്ത് പാർപ്പായി. പൂർവ്വബന്ധുക്കൾ പിന്നെയും തങ്ങളുടെ പരിചര്യത്തെ അനുവർത്തിച്ച തുടങ്ങി. ചിലർ തൃപ്തരാകയാലോ മറ്റോ ഉപേക്ഷാധീനന്മാരുമായി. വൃദ്ധൻ രാമനാമഠം മാത്രം തന്റെ ഭക്തിയ്ക്ക് അന്തരം വരുത്താതെ സേവിച്ച് വരുന്നു. ഭർത്താവിന്റെ വേർപാട്ട് തുടങ്ങി കൊല്ലം എട്ടായിരിക്കുന്നു. കുലട എന്ന നാമവും ലോകരുടെ ഇടയിൽ ഈ സ്ത്രീ സമ്പാദിച്ചിരിക്കുന്നു. ശങ്കു ആശാൻ, കാർത്ത്യായനിയമ്മ മുതലായവർക്ക് സുഭദ്രയെക്കുറിച്ചുള്ള അഭിപ്രായംകൊണ്ടുതന്നെ ഈ സംഗതി വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. ‘ചെമ്പകം’ എന്നും ‘സുഭദ്ര’ എന്നും ഉള്ള നാമങ്ങൾ അക്കാലത്ത് തിരുവനന്തപുരം മുതലായ പ്രദേശങ്ങളിലുള്ള സ്ത്രീപുരുഷന്മാർക്ക് സ്വതന്ത്രയെന്നുള്ളതിന്റെ പര്യായ ശബ്ദങ്ങളായിത്തീർന്നു. സുഭദ്രയോട്ട് നേരെനിന്ന് പുരുഷനാകട്ടെ, സ്ത്രീയാകട്ടെ സംസാരിക്കപോലും പരസ്യമായി ചെയ്കയില്ല. എങ്കിലും സുഭദ്ര എത്താത്ത സ്ഥലങ്ങൾ വളരെ ചുരുക്കമായിരുന്നു. ദരിദ്രകൾക്കും ദരിദ്രന്മാർക്കും മാത്രം സുഭദ്രയെക്കുറിച്ച് വളരെ ബഹുമതിയായിരുന്നു. മാതൃസ്വമായി തന്റെ അധീനത്തിൽ അ

നവധി ദ്രവ്യം ഉണ്ടായിരുന്നതിനെ തന്റെ സുഖവൃത്തികൾക്കായും സുഭദ്ര ലോഭംകൂടാതെ വ്യയം ചെയ്തുവന്നിരുന്നതിനോട്ടുകൂടി, തന്റെ അറിവിൽപ്പെട്ടുന്നതായ ഓരോരുത്തരുടെ അരിഷ്ടതകളെ നിവാരണം ചെയ്യുന്നതിലേക്ക് യഥാശക്തി സഹായിയ്ക്കയും ചെയ്തിരുന്നത് കേവലം ധൂർത്താണെന്ന് ജനങ്ങൾ വ്യാഖ്യാനിച്ചുപോന്നിരുന്നു. ഇക്കഥ തത്ക്കാലത്തേക്ക് ഇവിടെ നിറുത്തുന്നു. ഈ അദ്ധ്യായത്തെ അവസാനിപ്പിക്കുന്നതിനുമുമ്പായി ആ രാത്രി തന്നെ നടന്നതായ ഒരു സംഗതികൂടി പ്രസ്താവിച്ചുകൊള്ളുന്നു.

കുടമൺ പിള്ളയുടെ ഗൃഹത്തിൽ നിന്ന് സുന്ദരയ്യൻ ഏകനായി പുറപ്പെട്ട്, രാജവീഥിയിലായപ്പോൾ ഏകദേശം അർദ്ധരാത്രി ആയിരുന്നു. പൂർവ്വരാത്രിയിലെ മഴയിൽ നിന്ന്, നക്ഷത്രങ്ങൾ ആകാശത്തു പ്രകാശിക്കുന്നുണ്ടെങ്കിലും വടക്കുപടിഞ്ഞാറുനിന്ന് ശൈത്യമുള്ള വായു കഠിനമായി വീശുന്നുണ്ട്. കാറ്റിന്റെ ചീറ്റവും ആറന്നൂർ എന്നു വിളിക്കപ്പെടുന്ന പാടത്തിൽനിന്നും പുറപ്പെടുന്ന മണ്ഡൂകഗീതങ്ങളും വടക്കുപടിഞ്ഞാറു ചെന്തിട്ടക്കാട്ടിലും തെക്കുകിഴക്കു നെടുങ്കാടെന്നു പറയപ്പെടുന്ന പ്രദേശത്തും കാടന്മാർ മേളിച്ചാർക്കുന്ന ഘോഷവും ചീവിടുകളുടെ മുരളീപ്രയോഗങ്ങളും അല്ലാതെ മറ്റൊരു ശബ്ദവും കേൾപ്പാനില്ല. ജനസഞ്ചാരം ആസകലം തീർന്നിരിക്കുന്നു. സുന്ദരയ്യന്റെ മനോധൈര്യം കുറേശ്ശെ അദ്ദേഹത്തെ ഉപേക്ഷിച്ചുതുടങ്ങി. മറ്റു ജനങ്ങൾക്ക് ഭയം ഉണ്ടാക്കുന്നതായ ചില സംഗതികൾ സുന്ദരയ്യന്റെ മനോധൈര്യവിച്ഛേദനം ചെയ്യുന്നതിന് കഴിവുള്ളതല്ലായിരുന്നു എങ്കിലും ഹിന്ദുമതാ

ചാരികളുടെ ചില അന്ധവിശ്വാസങ്ങളെ സംബന്ധിച്ചിടത്തോളം സാധാരണനീതിക്ക് അദ്ദേഹം ഒരു വ്യത്യസ്തമായിരുന്നില്ല. മേൽപറഞ്ഞ വിശ്വാസങ്ങൾ ഈ കാലങ്ങളിൽ വളരെ മാഞ്ഞുപോയിട്ടുണ്ടായിരിക്കാം. എങ്കിലും ഈ ചരിത്രകാലത്ത് ദക്ഷിണ ഇൻഡ്യയിൽ, വിശേഷിച്ച് കന്യാകുമാരിക്കടുത്ത് വടക്കായി പൂർവ്വ പശ്ചിമസമുദ്രങ്ങൾക്ക് മദ്ധ്യേയുള്ള രാജ്യങ്ങളിൽ ഇതുകളുടെ പ്രചാരം പ്രബലമായിരുന്നു. ഈ തെക്കൻദിക്കുകളിൽ ഇന്നും നടത്തിപ്പോരുന്ന ഊട്ട്, പാട്ട്, ഉരുവംവയ്പ്, അമ്മൻകൊട, കുരുതി, ചാവൂട്ട് മുതലായ ജുഗുപ്സാവഹമായുള്ള ദുർദ്ദേവതാരാധനം പൂർവ്വകാലങ്ങളിലെ ആചാരാവശിഷ്ടങ്ങളാണ്. ഇതുകളിൽ നിന്ന് ജനങ്ങൾക്ക് ആ കാലങ്ങളിൽ ദുർദ്ദേവതകളിൽ ഉണ്ടായിരുന്ന വിശ്വാസത്തിന്റെ അഗാധതയെ അനുമാനിക്കാവുന്നതാണ്. വിദ്വജ്ജനനേത്രങ്ങൾക്ക് അദൃശ്യമായുള്ളതും അജ്ഞന്മാരായുള്ളവരുടെ മുമ്പിൽ പ്രത്യക്ഷമാകുന്നതും ആയുള്ള ഓരോവക ദേവതകൾ ഉണ്ടെന്നും അവർ മനുഷ്യരെ പലവിധേന ദ്രോഹിക്കുമെന്നും ജനങ്ങൾ… ആ കൂട്ടത്തിൽ നമ്മുടെ സുന്ദരയ്യനും… വിശ്വസിച്ചു പോന്നത് അവർ ഭീരുക്കളായിരുന്നതിനാലല്ല. ഇപ്രകാരമുള്ള അബദ്ധമതങ്ങളുടെ ഉദ്ഭവാദികളെക്കുറിച്ച് ഇവിടെ പ്രഖ്യാപനം ചെയ്യുന്നതിനും ആവശ്യമില്ല. എന്നാൽ ഈ പ്രസ്താവന അവസാനിപ്പിക്കുന്നതിന് മുമ്പായി, അപമൃത്യുവായി ജീവനാംശം വരുന്ന ജനങ്ങൾ പ്രേതങ്ങൾ എന്നൊരുവക പിശാചങ്ങളായിത്തീരുമെന്ന് അക്കാലത്തെ ആളുകൾ ഉറപ്പായി വിശ്വസിച്ചിരുന്നു എന്നുള്ള സംഗതിയെ വായനക്കാർ പ്ര

ത്യേകം ഓർമ്മിച്ചുകൊള്ളേണ്ടതാണെന്ന് അപേക്ഷിക്കു ന്നു.

എട്ടുവീട്ടിൽപിള്ളമാരുടെ ആലോചനകൾ തന്റെ യജ മാനന്ന് അനുകൂലമായി അവസാനിപ്പിച്ചതുകൊണ്ട് അത്യ ന്മേഷത്തോടുകൂടിയാണ് തമ്പിയുടെ മന്ദിരത്തിലേക്കാ യി സുന്ദരയ്യൻ യാത്ര ആരംഭിച്ചത്. എന്നാൽ രാജവീഥി യിൽ താൻ ഏകനായി ചരിയ്ക്കുന്ന എന്നുള്ള സംഗതിയെ ക്കുറിച്ച് ആലോചന തുടങ്ങിയപ്പോൾ സുന്ദരയ്യന്റെ മാന സികശക്തികൾ തളർന്നുവശായി. പാടത്തിന്റെ മദ്ധ്യത്തി ലായപ്പോൾ സാധു പരക്കെ നോക്കി, ചെവി വട്ടം പിടി ച്ചുതുടങ്ങി. തന്റെ മാർഗ്ഗനിരോധനം ചെയ്‌വാൻ ഭൂലോക പാതാളസ്വർഗ്ഗങ്ങൾ നിറഞ്ഞു് വല്ല സത്വവും മുമ്പിൽ പ്ര ത്യക്ഷമാകുന്നുണ്ടോ എന്ന് നേത്രങ്ങളെ വളരെ പരിശ്ര മിപ്പിച്ചുനോക്കി. യാതൊന്നും ഇല്ലെന്ന നിശ്ചയപ്പെടുത്തീ ട്ട്, പിൻതിരിഞ്ഞു നോക്കുക വർജ്ജ്യമാണെങ്കിലും കിഴ ക്കോട്ടും ഇടയ്ക്കിടെ നോക്കിക്കൊള്ളുന്നു. കാലാവസ്ഥ അനു സരിച്ചുള്ള ഈ സാംക്രമികപീഡകൾക്ക് സുന്ദരയ്യന്റെ പ ക്കൽ ഔഷധം ഇല്ലാതിരുന്നില്ല. അർജ്ജുനന്റെ നാമദശ കത്തെ സുന്ദരയ്യൻ ഉച്ചത്തിൽ നാസികകൊണ്ടു ജപിച്ചു തുടങ്ങി, “അർജ്ജുനഫൽഹ്നനഹ”' എന്ന് ആരംഭിച്ച ശ്ലോ കം “കൃഷ്ണാഹാ വൈകുണ്ഠഹാ വിഷ്ഷരശ്രുവഹാ ... ലക്ഷ്മ ണഹ പ്രാണദാതാരഹാ – ധീയോഹോ നപ്രശോധനാ ത്”' എന്നിങ്ങനെ പരിണമിച്ചു. ഇതിനെത്തുടർന്നു ഭയോ ദ്ഭ്രതമായുള്ള ചിന്തകൾ അകറ്റിനിർത്തുന്നതിനായിട്ട് “ക ലാഭ്യാം ശ്ചുഡാലംകൃത ശശി കലാഭ്യാം നിജതപഹ ഫ ലാഭ്യാം ബക്തേഷു ഹ്പപ്രടിത ഫലാഭ്യാം” എന്ന ശിവ

സ്തോത്രം ആരംഭിച്ചതിൽ ചൊല്ലിയതിന്റെശേഷം തോന്നാതെ ആയിട്ട് 'കലാഭ്യാം' എന്നാവർത്തിച്ച് രാഗവിസ്താരം ചെയ്തുതുടങ്ങി. ഏകദേശം കിള്ളിയാറ് എന്ന പേരു പറയപ്പെടുന്ന നദി അടുക്കാറായപ്പോൾ സുന്ദരയ്യന്റെ സംഗീതം മുറുകി, തലകൊണ്ടും ബാഹുക്കൾ കൊണ്ടും അദ്ദേഹം ആകാശത്തെ തകർത്തുതുടങ്ങി. ഈ ഗോഷ്ടികൾ കണ്ടു പ്രസാദിച്ചോ, സംഗീതത്തിൽ ലയിച്ചോ, കേരളാചാരകർത്താവിന്റെ കൃതിയെ വികൃതമാക്കിത്തീർത്തതിനെക്കുറിച്ച് കയർത്തോ, പുറകിൽ ആരോ എത്തി സുന്ദരയ്യനെ ആലിംഗനം ചെയ്കയോ പിടികൂടുകയോ ചെയ്യുന്നു. സുന്ദരയ്യന്റെ ഉള്ളിൽ ഒരു മിന്നൽ ഉണ്ടായി. ഉദരഗഹ്വരത്തിൽനിന്ന് പുറപ്പെടുന്നോ എന്ന് തോന്നിക്കുംവണ്ണം "ഹാ… ഹാരത്?" എന്ന് ഭയങ്കരമായുള്ള അഗാധസ്വരത്തിൽ ചോദ്യം ചെയ്കകയും ഉണ്ടായി. ഇതിന് ഉത്തരമുണ്ടായത് സുന്ദരയ്യനെ നിലത്തുനിന്ന് അനായാസേന പൊക്കി ഭൂമിയിൽ ശയിപ്പിക്കുകയായിരുന്നു. നിലത്തുവീണപ്പോൾ സുന്ദരയ്യന് തന്നെ പിടികൂടിയതും വീഴ്ത്തിയതും താൻ ആദ്യം വിചാരിച്ചതുപോലെ ദേവത അല്ലെന്നും കേവലം ഒരു യാചകൻ ആണെന്നും ബോദ്ധ്യം വരത്തക്കവണ്ണം അവന്റെ ഉടൽ കാണുന്നതിന് വഴിയുണ്ടായി. യാചകൻ ദ്രവ്യേച്ഛകൊണ്ട് തന്റെ പക്കൽ വിലയുള്ള സാധനങ്ങൾ യാതൊന്നുമില്ലെന്ന് പറഞ്ഞുതുടങ്ങി. എന്നിട്ടും പിടിവിടാതെതന്നെ അമർത്തിപ്പിടിച്ചുകൊണ്ട് ഒരു കൈയാൽ വസ്ത്രത്തിന്റെ ഇടയ്ക്ക് പരിശോധന ആരംഭിക്കുന്നതുകണ്ട് സുന്ദരയ്യൻ ഊക്കോടുകൂടി അവനെ തള്ളിയിട്ട് എഴുന്നേറ്റ് പടിഞ്ഞാറോട്ടോടി. ബ്രാഹ്മ

ണന്ന് ഇത്രത്തോളം ശക്തിയുണ്ടെന്ന് യാചകൻ വിചാരിച്ചിരുന്നില്ല. സുന്ദരയ്യൻ ഓടിയതുകൊണ്ടു് അവനും പുറകെ എത്തി. കിള്ളിയാറിൽ അന്നുണ്ടായിരുന്ന കൽപാലത്തിന്മേൽവച്ചു് അദ്ദേഹത്തിന്റെ കുടുമയ്ക്കു് പിടികൂടി; എങ്കിലും ബ്രാഹ്മണൻ പിന്നെയും മുന്നോട്ടു പാഞ്ഞു. പിന്തിരിഞ്ഞു് ഈറ്റപ്പുലിയെപ്പോലെ മുതുന്നുനിന്നു. യാചകനും നിലയായി. ബ്രാഹ്മണന്റെ നില കണ്ടിട്ടു് അദ്ദേഹം മുഷ്ടിയുദ്ധത്തിന് ഒരുമ്പെട്ടു നിൽക്കുകയാണെന്ന് ഒറ്റ നോട്ടത്താൽത്തന്നെ ഭിക്ഷുവിന് മനസ്സിലായി. ഉത്തരീയത്തെ ക്ഷണേന മുറുക്കി അരയിൽ ബന്ധിക്കയും ഉപവീതത്തെപ്പിടിച്ചു് വസ്ത്രത്തിന്റെ ഇടയ്ക്കു് താഴ്ത്തുകയും ചെയ്തിട്ടു്, മുഷ്ടി മുറുക്കി യാചകന്റെ നാസികപ്രമാണമാക്കി സുന്ദരയ്യൻ ഒന്നു താഡിച്ചു. ഭിക്ഷു ഇടി ഏൽക്കാതെ സാമർത്ഥ്യത്തോടുകൂടി ഒഴിഞ്ഞുകളഞ്ഞു. യാചകൻ അസാരനല്ലെന്ന് സുന്ദരയ്യനു് ബോദ്ധ്യപ്പെട്ടു. തന്റെ പ്രതിയോഗിയുടെ സാമർത്ഥ്യത്തെ യാചകൻ ആ നില കണ്ടുതന്നെ മനസ്സിലാക്കീട്ടും ഉണ്ടു്. പൂവൻകോഴികൾ തമ്മിലിടഞ്ഞു പിന്മാറി തരം നോക്കി നിൽക്കുമ്പോലെ, രണ്ടുപേരും കുറച്ചുനേരം വലതുകരങ്ങളെ മുന്നോട്ടുവച്ചിരിക്കുന്ന വലതുപാദങ്ങളുടെ മുട്ടുകളിന്മേൽ ഊന്നിക്കൊണ്ടു് ദൃഷ്ടികൾ പറിക്കാതെ നോക്കി നിൽക്കുന്നു. സുന്ദരയ്യൻ മുന്നോട്ടു കുതിക്കുമ്പോൾ ഭിക്ഷു മാറത്തു കൈകൊടുത്തു പുറകോട്ടു തള്ളുന്നു. ഭിക്ഷു സുന്ദരയ്യന്റെ നാഭിക്കു നേരേ പായുമ്പോൾ ബ്രാഹ്മണൻ ഭിക്ഷുവിന്റെ അരയ്ക്കു പിടികൂടുന്നതിനു തക്കം നോക്കുന്നു. അൽപനേരംകൊണ്ടു് രണ്ടുപേരും തങ്ങളിൽ ഇടഞ്ഞു പരസ്പരം പാദത്തെ നിലത്തുനിന്നുയർത്തുന്നതിന് അതിസാഹ

സങ്ങൾ ചെയ്യുന്നു. കൽപാലം കുലുങ്ങുംവണ്ണം ബലം പ്രയോഗിച്ചും ഒരടി വിട്ടുകൊടുക്കാതെയും സർപ്പങ്ങളെപ്പോലെ പിണഞ്ഞും തോളോടുതോൾ ചേർത്തു തള്ളിയും ശിരസ്സോടു ശിരസ്സുരുമ്മിയും ഇടയ്ക്ക് പാദങ്ങളെ തട്ടിയും കരങ്ങളെ ഊക്കോടു വെട്ടിവലിച്ചും പിടിയിട്ട് രണ്ടുപേരും നിൽക്കുന്നതിനിടയിൽ സുന്ദരയ്യനെ ഭിക്ഷു തോളിൽ കയറ്റിയിരിക്കുന്നു. സുന്ദരയ്യൻ ഭിക്ഷുവിന്റെ കണ്ഠത്തെ തന്റെ കക്ഷത്തിനിടയ്ക്കാക്കി അമർത്തുന്നു. ഭിക്ഷു സുന്ദരയ്യനെ കൽപാലത്തിന്റെ രുചി ഒന്ന് അറിയിക്കുന്നു. സുന്ദരയ്യൻ എന്നിട്ടും പിടിവിടുന്നില്ല. ശ്വാസം മുട്ടിത്തുടങ്ങിയപ്പോൾ ഭിക്ഷു തന്റെ അരയിൽ തിരുകിയിരുന്ന ഒരു കഠാരി ഊരി ഓങ്ങുന്നു. കുത്താതെ എന്തോ വിചാരിച്ചിട്ട് അതിനെ താഴത്ത് ഇട്ടുകളഞ്ഞിട്ട് സുന്ദരയ്യന്റെ പിടി വിടുവിയ്ക്കാനായി ശ്രമിക്കുന്നു. സുന്ദരയ്യൻ തന്റെ വസ്ത്രത്തിനിടയിൽ വച്ചിരുന്ന യോഗക്കുറി എടുത്തു നദിയിലേക്ക് എറിയുന്നു. രണ്ടുപേർക്കും പ്രാണാപായം വരുമെന്നുള്ള സ്ഥിതിയിൽ കരുണകൂടാതെ അവരവർക്ക് കിട്ടിയ തരംനോക്കി പ്രതിയോഗിയെ വീഴ്ത്താൻ നോക്കുന്നു. പാലത്തിന്റെ ഇരുവശത്തും യാതൊരു രക്ഷയും ഇല്ലാതിരുന്നതിനാൽ ഒട്ടുവിലത്തെ കഠിനദ്വന്ദ്വയുദ്ധത്തിൽ കൈലാസത്തെക്കൊണ്ടുയർന്ന ദശകണ്ഠനെപ്പോലെ ഭിക്ഷു സുന്ദരയ്യനെ നിലത്തടിക്കുന്നതിനായി പിന്നെയും ഉയർത്തിയപ്പോൾ ബ്രാഹ്മണൻ തന്റെ ശക്തി ആസകലം പ്രയോഗിച്ച് ഒന്നു കുടഞ്ഞതുകൊണ്ട് രണ്ടുപേരും ഒരുമിച്ച് നദിയിൽ വീഴുന്നു. വീഴുംവഴിക്ക് തങ്ങളിൽ പിടിവിട്ട് രണ്ടുപേരും ഒരുമിച്ചു നദിയിൽ താഴുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പാലത്തി

ന് അൽപം തെക്കായി രണ്ടുപേരും ഉയർന്നു. ഭിക്ഷു കര നോക്കി നീന്തുകയും സുന്ദരയ്യൻ രണ്ടാമതു് താഴുകയും ചെയ്യുന്നു.

സുന്ദരയ്യന് നീന്താൻ വശമില്ലെന്ന് ഭിക്ഷു അറിഞ്ഞപ്പോൾ തന്റെ വൈരത്തെ മറന്ന് സുന്ദരയ്യൻ താണസ്ഥലം നോക്കി നീന്തിച്ചെന്നു. സുന്ദരയ്യൻ രണ്ടാമതും പൊങ്ങി 'പൊന്നയ്യാ' എന്നുള്ള വിളിയോടും കൈകൊണ്ടു ജലത്തിൽ ഊക്കോടു പലവുരു അടിച്ചും മൂന്നാമതും താണു. 'കഷ്ടം' എന്നു പശ്ചാത്താപപ്പെട്ടും, താനേ ശാസിച്ചുകൊണ്ടും ഭിക്ഷു ആയംകൂട്ടി ഒഴുക്കോടുകൂടി നീന്തിച്ചെന്ന് 'വ്' എന്നു മുഴങ്ങുന്നധ്വനിയോടുകൂടിപ്പൊങ്ങിയ സുന്ദരയ്യനെ പിടിച്ചു.

രണ്ടുമൂന്നു നാഴികകൊണ്ടു് സുന്ദരയ്യന്റെ ബോധക്ഷയം തീർന്നു. ഉണർന്നു നോക്കിയപ്പോൽ വജ്രകോടികൾ പോലെ ആകാശമണ്ഡലത്തെ വിതാനിച്ചു വിളങ്ങുന്ന നക്ഷത്രങ്ങൾ കാണാനുണ്ടു്. നദീജലം ഇരുകരയും മുട്ടി ചെടികളിൽ തടഞ്ഞൊഴുകുന്ന ശബ്ദവും കേൾക്കുന്നുണ്ടു്. സമീപത്തു് തേജോമയനായ ഒരു യുവാവിനെയും കാണുന്നുണ്ടു്. യാചകനോടുള്ള സമരത്തിൽ അസാധാരണമായുള്ള ധൈര്യം പ്രകാശിപ്പിച്ച സുന്ദരയ്യൻ യുവാവിനെ കണ്ടപ്പോൾ ഉള്ളിൽ ഉദ്ഭൂതമായ ഭയംനിമിത്തം കടുതായി വിറച്ച് 'അടിയൻ പിഴയ്ക്കല്ലേ' എന്നു കരഞ്ഞു പറഞ്ഞുകൊണ്ടു് ഝടിതിയിൽ കണ്ണടച്ചു.

പിന്നീടുണർന്നു നോക്കിയപ്പോൾ യുവാവു് അപ്രത്യക്ഷനായിരിക്കുന്നു. നക്ഷത്രങ്ങളും മിക്കവാറും അരുണോദയത്തിന്റെ പ്രകാശത്താൽ മറഞ്ഞിരിക്കുന്നു. ആ കാരണ

ത്താൽത്തന്നെ ധൂസരമായിച്ചമഞ്ഞിരിക്കുന്ന ശശാങ്കകലയും കിഴക്കു കാണ്മാനുണ്ട്.



# 13

> “ദുഷ്ടരാം ദാനവന്മാരുടെ പിട്ടുകൾ
> ഒട്ടുമേ തട്ടുകില്ലെന്ന മട്ടാക്കി ഞാൻ
> ഒട്ടുമേ താമസം കൂടാതെ നിങ്ങടെ
> പൃഷ്ഠമോദത്തെ വരുത്തുന്നതുണ്ടല്ലോ.”

രാമവർമ്മ മഹാരാജാവിന്റെ ആലസ്യം വൈദ്യന്മാരുടെ പാടവങ്ങളെ ഭിന്നമാക്കി ദിനംപ്രതി വർദ്ധിച്ച് അദ്ദേഹം ഈ ലോകത്തോടുള്ള ബന്ധത്തെ അധികകാല വിളംബം കൂടാതെ ഖണ്ഡിക്കുമെന്നുള്ള സ്ഥിതിയിൽ ആയിരിക്കുന്നു. മാതുലന്റെ രോഗ ശമനത്തിനായിട്ട് ഓരോ വഴിപാടുകൾ, ഹോമങ്ങൾ, ദാനങ്ങൾ മുതലായവ യുവരാജാവു നടത്തിക്കുന്നു. എന്നാൽ ഈവക ക്രിയകൾക്കും അ രോഗതയ്ക്കും തമ്മിൽ കാര്യകാരണസംബന്ധം സംഘടിപ്പിക്കാൻ ക്രിയാകർത്താക്കന്മാർക്ക് അശക്യമായിരുന്നതിനാലോ, ആയുരാരോഗ്യാദികളുടെ നിയന്താവായ ശക്തിയെ ഏതാദൃശങ്ങളായ കർമ്മങ്ങൾകൊണ്ടു പാട്ടിലാക്കുക പരമാർത്ഥത്തിൽ അസാദ്ധ്യമാകകൊണ്ടോ, തന്ത്രികൾ, വൈദികന്മാർ, മാന്ത്രികന്മാർ മുതലായ ഓരോ വക വിദ്വജ്ജനങ്ങൾ രാമവർമ്മ മഹാരാജാവിന്റെ ആയുർവർദ്ധനയ്ക്കായി ചെയ്യുന്ന സാഹസങ്ങൾ രാജഭണ്ഡാരത്തി

ലെ ദ്രവ്യത്തെ ക്ഷയിപ്പിക്കുന്നതിലേയ്ക്ക് മാത്രം പ്രയോജകമായിരിക്കുന്നതല്ലാതെ അന്യവിഷയങ്ങളിൽ ഫലശൂന്യങ്ങളായിരിക്കുന്നതേയുള്ളൂ. മഹാരാജാവിന്റെ ഭരണത്താൽ പ്രജകൾക്കുണ്ടായിട്ടുള്ള ഗുണദോഷങ്ങളെ പരിശോധിച്ച് പരസ്യമായി അഭിപ്രായങ്ങൾ പറയുന്നതിന് ഭീരുക്കളും ധൈര്യത്തെ അവലംബിച്ചിരിക്കുന്നു. മഹാരാജാവിന്റെ പ്രത്യേക സേവകന്മാരും ഈ വിഷയത്തിൽ സത്യവാദികളായിത്തുടങ്ങിയിരിക്കുന്നു. വലിയ സർവ്വാധി മുമ്പായുള്ള ഉദ്യോഗസ്ഥന്മാർ യുവരാജാവിന്റെ രാജ്യഭരണാരംഭം അടുത്തിരിക്കുന്നതിനെ ഓർത്ത് അവരവരുടെ ഉദ്യോഗസംബന്ധമായി സൂക്ഷിക്കേണ്ട റിക്കാർഡുകളേയും മറ്റും ശരിയാക്കി വയ്ക്കുന്നു. മഹാരാജാവിന്റ ഭൃത്യജനങ്ങളുടെ ആനനങ്ങൾ മ്ലാനമാവുകയും യുവരാജാവിന്റെ ശിഷ്യസംഘങ്ങൾ ഗൂഢമായി സന്തോഷംകൊണ്ടു പുളയ്ക്കുകയും ചെയ്യുന്നു.

ശ്രീപത്മനാഭൻ തമ്പി രാജപദവിയോടുകൂടി തലസ്ഥാനത്തു താമസം ഉറപ്പിച്ചിരിക്കുന്നു. എട്ടുവീട്ടിൽ പിള്ളമാരും പരിവാരസമേതന്മാരായി രാജധാനിയിൽ എത്തി, രാജകുടുംബത്തെ നഷ്ടമാക്കുന്നതിനു മുതിർന്ന് സന്നാഹങ്ങൾ കൂട്ടുന്നു. കടുതായ കലഹങ്ങൾ ഉണ്ടാകുമെന്നുള്ള ശങ്കകൊണ്ട് പുരവാസികൾ തങ്ങൾ തങ്ങൾക്കുള്ള ദ്രവ്യങ്ങൾക്ക് ദോഷം സംഭവിക്കാതെ ഇരിയ്ക്കുന്നതിനായിട്ട് ഓരോ ഗൂഢസ്ഥലങ്ങളിൽ അതുകൾ സംഭരിക്കുന്നു. രാജ്യാവകാശക്രമത്തിന് ഒരു ഭേദഗതിയുണ്ടായേക്കാമെന്ന് പരക്കെ വിശ്വാസം ജനിയ്ക്കയാൽ നാടുവാഴിയെ അനുസരിച്ചുപോന്ന ജനങ്ങളിലും അനേകം പേർ രാജഭോഗ

ങ്ങൾ കൊടുക്കാതെ വിപരീതഭാവം കലർന്ന് ശണ്ഠയ്ക്ക് ഒരുമ്പെട്ടു നിൽക്കുന്നു. രാജഭണ്ഡാരത്തിലെ ദ്രവ്യക്കുറവുമൂലം നേരിടുന്ന ബുദ്ധിമുട്ടുകളുടെ നിവൃത്തിക്കായി ദ്രവ്യസ്ഥന്മാരായ ചില കുടികളോട് മന്ത്രിജനങ്ങൾതന്നെ ദ്രവ്യസഹായം യാചിച്ചതിൽ വൈരിപക്ഷത്തെക്കുറിച്ചുള്ള ഭയം നിമിത്തം യാതൊരുത്തരും അപ്രകാരമുള്ള സഹായം ചെയ്യുന്നതിന് ധൈര്യപ്പെടുന്നില്ല. നാഞ്ചിനാടായ ദക്ഷിണഭാഗത്ത് പാർപ്പുകാരായുള്ളവർ ആ സ്ഥലങ്ങളിലെ പ്രമാണികളായ ചേരകോനാർ, മൈലാവണർ, വണികരാമൻ എന്നുള്ള സ്ഥാനനാമങ്ങൾ വഹിക്കുന്ന മുതലിയാരന്മാരെ വഴിപ്പെട്ടു തമ്പിമാരുടെ പാട്ടിലായിരിക്കുന്നു. ചിറയിൻകീഴ്, തിരുവനന്തപുരം, നെയ്യാറ്റുങ്കര ഈ ദിക്കുകളായ ഉത്തരഭാഗത്തെ ജനങ്ങൾ എട്ടുവീട്ടിൽ പിള്ളമാരുടെ അധികാരസ്ഥലങ്ങളിൽ ഉൾപ്പെട്ടവരാകയാൽ മിക്കവാറും ആ ഭാഗത്തുതന്നെ ചാഞ്ഞു നിൽക്കുന്നു. പൂർവ്വരാജധാനികളായ തിരുവിതാങ്കോട്, പത്മനാഭപുരം ഈ നഗരികൾക്ക് സമീപമുള്ള മദ്ധ്യദേശമായ ഇരണിയിൽ, കൽക്കുളം, വിളവങ്കോട് എന്നീ ദിക്കുകളിലെ ജനങ്ങൾ രാജധാനി തിരുവനന്തപുരത്തേയ്ക്ക് മാറ്റിയതിനാലുള്ള കുണ്ഠിതംകൊണ്ടും നിഷ്ഠുരന്മാരായ എട്ടുവീട്ടിൽ പിള്ളമാരോട് ഇടയുന്നതിന് അത്ര ധൈര്യമില്ലാതിരുന്നതിനാലും, രാജകുടുംബത്തെ തുണയ്ക്കുന്നതിനായി വടക്കോട്ട് ആക്രമിക്കുന്നതിന് മടിക്കുന്നു. ആകപ്പാടെ രാജപാർശ്വത്തിൽ ജനങ്ങൾ തുലോം കുറവാണെന്ന് മന്ത്രിജനങ്ങൾക്കും യുവരാജാവിനും ബോദ്ധ്യപ്പെടുകയാൽ രാജമന്ദിരത്തിന്റെ രക്ഷയ്ക്കായി വേണ്ട കാവലുകൾ ഏർപ്പെടുത്തിയി

രിക്കുന്നു. രാജധാനിയിലുള്ള രാജഭടന്മാരെയും വിശ്വസിക്കാൻ പാടില്ലാത്ത വിധത്തിൽ അവരും ചിലപ്പോൾ ആജ്ഞകൾ ലംഘിക്കുന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ ഭൃത്യവർഗ്ഗങ്ങൾ ആയുധപാണികളായി രാജവീഥികളിൽ അഹങ്കാരം പൂണ്ട് സഞ്ചരിക്കുകയും കൊട്ടാരത്തിന്റെ വാതിൽക്കൽ ചിലപ്പോൾ കൂട്ടം കൂടി നിന്നു ലഹളകൾ കൂട്ടുകയും ചെയ്യുന്നു. യുവരാജാവും മന്ത്രിമാരും കാലാവസ്ഥകൾ കണ്ടും കേട്ടും, തങ്ങളെ ചുറ്റിവരുന്ന ആപൽപാശത്തിൽ നിന്നു മോചനം സമ്പാദിക്കുന്നതിന് മാർഗ്ഗം കാണാതെ ബുദ്ധി കുഴങ്ങിയും, പ്രാണഭയത്തോടുകൂടി കൊട്ടാരത്തിനകത്തുതന്നെ ഒളിച്ചു പാർക്കുമ്പോലെ ദിനങ്ങൾ കഴിച്ചുകൂട്ടുന്നു.

യുവരാജാവിനോട് മാങ്കോയിക്കൽ കുറുപ്പ് ചെയ്തിട്ടുള്ള വാഗ്ദാനത്തെ അദ്ദേഹം നിറവേറ്റാതെ ഇരിയ്ക്കയില്ലെന്ന് യുവരാജാവിന് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. അതിനാലും തന്റെ മാതുലനെ വളരെക്കാലം സേവിച്ച് പാർക്കയും തന്നെയും അനേക ആപത്തുകളിൽനിന്ന് രക്ഷിയ്ക്കയും ചെയ്തിട്ടുള്ള തിരുമുഖത്തു പിള്ള എന്ന ഗൃഹസ്ഥന്, ദ്രവ്യത്താലും ആളാലും സഹായം ചെയ്യണമെന്ന് താൻ എഴുതി അയച്ചിട്ടുണ്ടായിരുന്നതിനാലും കിളിമാനൂർ കോവിലകത്തേക്ക് ഒരു ദൂതനെ നിയോഗിച്ചിരുന്നതുകൊണ്ടും ഈ മൂന്നു സ്ഥലങ്ങളിൽനിന്നും അധികതാമസം കൂടാതെ തന്റെ പക്ഷത്തിലേയ്ക്ക് മതിയായ ഒരു സൈന്യം ചേർക്കുന്നതിന് വേണ്ട ആളുകൾ വന്നുകൂടുമെന്നുള്ള വിശ്വാസം ഒന്നുകൊണ്ട് യുവരാജാവ് ആശ്വസിച്ചിരിയ്ക്കുന്നു. മാങ്കോയിക്കൽ കുറുപ്പിന്റെ ഭടന്മാരുടെ യുദ്ധവൈദഗ്ദ്ധ്യവും മ

റ്റം കണ്ടു് തനിക്കു ബോദ്ധ്യം വന്നിരുന്നതിനാൽ അവരെ തന്റെ സ്വാധീനത്തിൽ കിട്ടിയാൽ എട്ടുവീടന്മാരുടെ വമ്പുകൾ ഒട്ടു ശമിപ്പിക്കാമെന്നും മധുരപ്പടയെ സമാധാനപ്പെടുത്തി കൊണ്ടുവന്നിരുന്നെങ്കിൽ സംശയം കൂടാതെ വൈരികളുടെ മൂലനാശം വരുത്താമെന്നും യുവരാജാവിന് ഉറപ്പുണ്ടായിരുന്നു. അതിനാൽ മാങ്കോയിക്കൽ കുറുപ്പിന്റെ ആഗമനത്തെയാണ് യുവരാജാവു് മുഖ്യമായി പ്രതീക്ഷിച്ചിരിക്കുന്നതു്.

പൂർവ്വകാലങ്ങളിൽ രാജകുടുംബത്തെ രാജ്യഭരണ ക്രിയകളിൽ സഹായിക്കയും ക്രമേണ സ്വശക്തിയെ സ്ഥാപിച്ചുതുടങ്ങി, രാജവൈരികളായിച്ചമയുകയും ചെയ്തിട്ടുള്ള എട്ടുവീട്ടിൽ പിള്ളമാരുടേയും, പ്രകൃത്യാ മൂഢനായും ഡംഭാദി ദോഷാസ്പദനായും ഉള്ള തമ്പിയുടേയും കൃത്രിമങ്ങൾക്കു് അനുകൂലഭാവം നാട്ടിലുള്ള ജനങ്ങളിലും കാണുന്നുണ്ടെന്നു് യുവരാജാവിന് അറിവു കിട്ടിയതു്, മാതുലനായ മഹാരാജാവു് പരദേശത്തുനിന്നു് ഒരു സേനയെ വരുത്തിയതു് ജനങ്ങളുടെ സ്വാതന്ത്ര്യഖണ്ഡനം ചെയ്‌വാനാണെന്നു് അവർക്കു് ആദ്യമേ ശങ്ക ഉദിച്ചിരുന്ന വിവരംകൂടി തനിക്കു് അറിവുണ്ടായിരുന്നതിനാൽ, വാസ്തവമായിത്തന്നെ ഇരിയ്ക്കാമെന്നു് യുവരാജാവു് ഊഹിച്ചു. അതുകൊണ്ടും, യുദ്ധം കൂടാതെ കഴിക്കണമെന്നു് പ്രജാവത്സലനായ യുവരാജാവിന് മോഹമുണ്ടായിരുന്നതുകൊണ്ടും, തന്റെ പ്രത്യേക ആശ്രിതനും കാര്യനിർവ്വഹണങ്ങളിൽ അതിസമർത്ഥനും ആയുള്ള രാമയ്യൻ എന്ന ബ്രാഹ്മണൻ മുഖേന തമ്പിയോടു സന്ധി പറയുന്നതിന് അദ്ദേഹം ശ്രമിച്ചു. എന്നാൽ, തമ്പിയെ ഗ്രസിച്ചിരിക്കുന്ന സുന്ദരയ്യനാ

യ രാഹുവോടടുത്തപ്പോൾ, തിരുവിതാംകൂർ സംസ്ഥാനത്തിന്റെ വിസ്തീർണ്ണതയെ വർദ്ധിപ്പിക്കുന്നതിന് ഉപയുക്തങ്ങളായിരുന്ന ആ ബ്രാഹ്മണന്റെ മന്ത്രനൈപുണ്യാദികൾ കേവലം നിരസ്തശക്തികളായി ചമഞ്ഞു. അനാവശ്യമായ കലഹങ്ങൾക്ക് ആരംഭിക്കാതെ തന്റെ സ്ഥാനസംബന്ധമായുള്ള പദവികളോടും അവകാശങ്ങളോടും അടങ്ങിപ്പാർത്തുകൊള്ളുന്നത് നാട്ടിനും തനിക്കും തന്റെ അച്ഛന്റെ കുടുംബത്തിനും മറ്റും ഉദ്യോഗിക്കുന്നത് അനർത്ഥദവും ആണെന്ന് തമ്പിയെ ഗ്രഹിപ്പിക്കുന്നതിന് യുവരാജാവുതന്നെ ഒരിക്കൽ ഉത്സാഹിച്ചു. ഒരു ദിവസം മഹാരാജാവിന്റെ പള്ളിയറയിലേയ്ക്കു് യുവരാജാവു് എഴുന്നള്ളുന്ന മാർഗ്ഗത്തിൽ കൊട്ടാരത്തിന്റെ വാതിൽക്കലായിട്ട് തങ്കരേക്കവേലകൾ ചെയ്തിട്ടുള്ള ഒരു മേനാവിനെ ചുറ്റി പഠാൺ സമ്പ്രദായത്തിൽ കുപ്പായങ്ങൾ ഇട്ടുമുറുക്കിയ പട്ടക്കാരും, നാട്ടുസമ്പ്രദായത്തിൽ വസ്ത്രം ധരിച്ചിട്ടുള്ള അകമ്പടിക്കാരും നിൽക്കുന്നതുകണ്ടു് തമ്പിയുടെ പരിവാരങ്ങൾ ആണെന്നറിഞ്ഞു്, തന്റെ ഉദ്ദേശസാദ്ധ്യത്തിന് നല്ല അവസരം ലബ്ധമായെന്നുള്ള സന്തോഷത്തോടുകൂടി, മാതുലന്റെ പള്ളിയറയിലേക്ക് യുവരാജാവു കടക്കുന്നതിന് ആരംഭിച്ചു. ഇദ്ദേഹത്തിന്റെ ആഗമനം ഉണ്ടെന്ന് മുമ്പിൽ ചെന്ന ചില തിരുമുൽപാടന്മാരെയും മറ്റും കണ്ടു മനസ്സിലാക്കീട്ടു്, തനിക്ക് ആ സ്ഥലത്ത് നിൽക്കാൻ അർഹതയില്ലെന്നുള്ള നാട്യത്തിൽ സുന്ദരയ്യൻ പള്ളിയറയിൽനിന്ന് പുറത്തിറങ്ങി യുവരാജാവിനെ ബഹുമാനപൂർവ്വം വണങ്ങീട്ടു്, മേനാവിന്റെ സമീപത്തേയ്ക്കു് യാത്രയായി. ദൃഷ്ടിഗോചരമല്ലാതുള്ള വല്ല കമ്പികളാലും സുന്ദരയ്യനോടു ബന്ധിക്കപ്പെട്ടിട്ടു

ള്ളതുപോലെ, മന്ദസ്മിതത്തോടുകൂടി തന്റെ സമീപത്തോടടുത്ത യുവരാജാവിനെ കണ്ടില്ലെന്നുള്ള നാട്യത്തോടുകൂടിയും, “തമ്പിയോടു കുറച്ചു സംസാരിക്കാനുണ്ട്, നിൽക്കണം” എന്നു യുവരാജാവു് അപേക്ഷിച്ചതിനെ ധിക്കരിച്ചും അച്ഛനെ വന്ദിക്കേണ്ട ഗുരുത്വത്തെ ഉപേക്ഷിച്ചും മദിച്ച മഹിഷം കണക്കെ ജൃംഭിച്ചുകൊണ്ടും, സുന്ദരയ്യന്റെ പുറകേ ഒട്ടും താമസിയാതെ തമ്പിയും നടകൊണ്ടു. സമാധാനോദ്ദേശ്യത്തോടുകൂടി ചെയ്ത പ്രയത്നങ്ങളുടെ അവസാനം ഇപ്രകാരമുള്ള ധിക്കാരമാണെന്ന് കണ്ടപ്പോൾ യുവരാജാവിന് അധികമായ വ്യസനം ഉണ്ടായി. ഇങ്ങനെ വ്യസനം ഉണ്ടായതു് ഭീരുത്വത്താലാണെന്ന് വായനക്കാർ സംശയിച്ചു പോകരുതു്. മാതുലന്റെ ദയനീയമായുള്ള അവസ്ഥയെയും, അദ്ദേഹത്തോടുള്ള സഹവാസം ഈശ്വരേച്ഛയാൽ അവസാനിക്കാറായിരിക്കുന്ന കാലത്തു് അദ്ദേഹത്തിന്റെ പുത്രനോടുതന്നെ കലഹത്തിന് ആരംഭിക്കേണ്ടതായിരിക്കുന്നതിനെയും, മറ്റോരോ സംഗതികളാൽ നേരിട്ടിരിക്കുന്ന ഞെരുക്കങ്ങളെയും യോജിപ്പിച്ചു് ആലോചിച്ചപ്പോൾ ആ മഹാപുരുഷന്റെ മനസ്സിന് ഒരു വ്യാധിയായിത്തീർന്നു.

യുവരാജാവിന്റെ പരിചാരകൻ പരമേശ്വരൻ പിള്ള തന്റെ ഗൃഹത്തിൽപ്പോലും പോകാതെ ഈ കാലങ്ങളിൽ ഭ്രാന്തു പിടിച്ച ശ്വാനനെപ്പോലെ കൊട്ടാരത്തിൽത്തന്നെ ഉഴറി നടക്കുകയായിരുന്നു. മാങ്കോയിക്കൽ കുറുപ്പിന്റെ ഭവനത്തിൽ നിന്ന് രക്ഷപ്പെട്ടതു് ഈശ്വരന്മാരിൽ ഒരാൾ പ്രത്യക്ഷനായി സഹായിച്ചതിനാൽ ആണെന്ന് അയാൾ വളരെ ആലോചനകൾ കഴിച്ചു് തീരുമാനിച്ചിരിക്കുന്നു. അ

ന്ത്യാവതാരത്തിനു മുമ്പായി ഭ്രാന്തൻ ചാന്നാന്റെ സ്വരൂപമായിട്ട് അവതാരം ചെയ്ത ഭഗവാൻ ആയ മഹാവിഷ്ണു ഭക്തജനപരിത്രാണനവും ദുഷ്ടനിഗ്രഹവും ചെയ്യുമെന്നുള്ളതിനെ അറിയാതെ അവതാരങ്ങളെ പത്തായി ഖണ്ഡിച്ചതു് പുരാണകർത്താക്കന്മാരുടെ അന്ധത്വംകൊണ്ടാണെന്ന് ഒരു അഭിപ്രായവും ആ വിദ്വാന്റെ ബുദ്ധിയിൽ അങ്കുരിച്ചിരിക്കുന്നു. മാങ്കോയിക്കൽ കുറുപ്പും ഭടന്മാരും വന്നു ചേരണമെന്നുള്ള അത്യാകാംക്ഷകൊണ്ടു് അതിനായി സദാ പ്രാർത്ഥിക്കയും വിരലുകളിന്മേലും മറ്റു വിധേനയും ഓരോ പ്രശ്നപരീക്ഷകൾ കഴിക്കയും ചെയ്യുന്ന ഈ രാജഭൃത്യന് ഭ്രാന്തനെ മാത്രമെങ്കിലും കിട്ടിയാൽക്കൊള്ളാമെന്നുള്ള മോഹം വർദ്ധിച്ചിട്ട് അയാൾ അതു സിദ്ധമാകുന്നതിന് ആത്മീയമായും തപസ്സംബന്ധമായുള്ള ഓരോ മാർഗ്ഗങ്ങളെ ആലോചിച്ചു തുടങ്ങിയിരിക്കുന്നു.

എട്ടുവീട്ടിൽ പിള്ളമാരുടെ സംഘയോഗരാത്രിക്കടുത്ത ദിവസം പരമേശ്വരൻ പിള്ളയ്ക്കു് ഒരു മംഗളകരമായ ദിവസമായിരുന്നു. ഏകദേശം ഏഴുനാഴിക പുലർന്നപ്പോൾ അതിനു മുമ്പിൽ അയാൽ കണ്ടിട്ടില്ലാത്തതായ ഒരു സാധനം അയാളുടെ കൈയിൽ കിട്ടി. അതു നാലുപുറവും തിരിച്ചു നോക്കി ആശ്ചര്യപ്പെട്ടുകൊണ്ടു് യുവരാജാവിനു കാഴ്ചവയ്ക്കാനായി വല്ല ചെറിയ പ്രാണികളുടേയും ശവത്തെ എന്ന പോലെ അതിനെ രണ്ടുവിരലുകൾക്കിടയിലാക്കി ഞുക്കിപ്പിടിച്ചു നടന്നുതുടങ്ങി. അശുദ്ധമായുള്ള സാധനത്തെ കൊട്ടാരത്തിനകത്തുകൊണ്ടു പ്രവേശിച്ചാൽ പുണ്യാഹം കഴിക്കേണ്ടിവരും എന്ന ഭയം കൊ

ണ്ടു ചില പ്രതിവിധികളും തോന്നിയതുപോലെ കഴിച്ചു. യുവരാജാവിന്റെ മുമ്പിൽ എത്തിയപ്പോൾ രാമയ്യൻ എന്നു മുമ്പിൽ പേർ പറയപ്പെട്ട ബ്രാഹ്മണനും അവിടെ ഉണ്ടായിരുന്നു. ഇദ്ദേഹം തിരുവിതാംകൂർ ഭൂമിയിൽ ജനിച്ച് രാജകുടുംബത്തെ സേവിച്ചു പാർക്കുന്ന ഒരാളാണ്. ഈ ബ്രാഹ്മണന്റെ ബുദ്ധിക്ക് അസാമാന്യ വൈശിഷ്ട്യമുണ്ടെന്ന് മഹാരാജാവിനും ബോദ്ധ്യം വരികയാൽ ബ്രാഹ്മണനെ വലിയ കൊട്ടാരം രായസംപണിക്ക് മഹാരാജാവുതന്നെ നിയമിച്ചു. ഈ ഉദ്യോഗം സംബന്ധിച്ച് തനിക്കുള്ള ജോലികൾ ബ്രഹ്മണൻ അതിശുഷ്കാന്തിയോടുകൂടി നിർവ്വഹിച്ചു വരുന്നതിന് പുറമേ രാജ്യഭാരസംബന്ധമായുള്ള കണക്കുകളെയും വഴിപോലെ ആരാഞ്ഞു ഗ്രഹിക്കയും ആയുധാഭ്യാസം കുറേശ്ശെ വശമാക്കുകയും ചെയ്തിട്ടുണ്ട്.

പരമേശ്വരൻ പിള്ളയെ കണ്ടിട്ട് യുവരാജാവ്, “എന്താ പരമേശ്വരാ, വിശേഷം വല്ലതുമുണ്ടോ?” എന്നു ചോദിച്ചു. പരമേശ്വരൻ പിള്ള “അടിയൻ” എന്നറിയിച്ചുകൊണ്ടു് തന്റെ കൈയിലുണ്ടായിരുന്ന സാധനം യുരാജാവിന്റെ മുമ്പിൽ നിക്ഷേപിച്ചു.

യുവരാജാവ്: “ഇത് ഒരു കടലാസ്സെഴുത്താണല്ലോ. നീ അതിനെ കുളിപ്പിച്ചുവോ?”

പരമേശ്വരൻ പിള്ള: (അതിബുദ്ധിയെ പ്രദർശിപ്പിച്ചുവെന്നുള്ള നാട്യത്തിൽ) “അടിയൻ. മേത്തന്മാരു തൊട്ടതാണ്. ചാന്നാനെ തൊട്ടു തൊടക്കിയതിനു തന്നെ, ഉള്ള മന്ത്രവും തന്ത്രവും ഒക്കെ കഴിച്ചു. ഇനി തോലും തു

ണിയും ആട്ടക്കൊഴപ്പും ഒക്കെക്കൊണ്ടുണ്ടാക്കിയ ഇതിനെ തൊട്ട്..."

യുവരാജാവ്: "വെള്ളം തൊട്ടുകൂടാത്ത ഒരു സാധനമാണിത്. ആട്ടെ, ആരാണിതിനെ നിന്റെ കയ്യിൽ എത്തിച്ചത്?"

പരമേശ്വരൻ പിള്ള: "മൂത്ത ചെറുക്കൻ കിടാത്തൻ. അവൻ ഒളിച്ചു പതുങ്ങി ആരും കാണാതെ കൊണ്ടുതന്നേച്ച് ഓടെടാ ഓട്ടം. ചെറുക്കന് കരുത്തും മറ്റും ഉണ്ട്."

യുവരാജാവ്: "നന്നായി വരട്ടെ. രാമയ്യൻ ശ്രദ്ധം മാറീട്ടുണ്ടല്ലോ? എടുത്തു വായിക്കൂ."

ഈ കൽപനയനുസരിച്ച് രാമയ്യൻ ലേഖനത്തെ എടുത്ത് വളരെ വിഷമപ്പെട്ടു തുറന്നിട്ട് ഇങ്ങനെ വായിച്ചു:

"ബഹുമാനപ്പെട്ട മഹിമയേറുന്ന രാജകുമാരൻ ബഹദൂർ അറിയേണ്ടും സംഗതിക്ക് അവിടത്തെ പാദശുശ്രൂഷകൻ, ആജിം-ഉദ്-ദൗളാഖാൻ എഴുതിക്കൊള്ളുന്നത്..."

യുവരാജാവ്: "അവിടുന്നാണെന്ന് എനിക്ക് മനസ്സിലായി. എന്താ വിശേഷം? വായിക്കൂ."

'... അള്ളാവിന്റെ കൃപയാൽ ക്ഷേമം...'

പരമേശ്വരൻ പിള്ള: "ഇന്നത്തെ ചോറു തുലഞ്ഞു. ശ്രീപത്മനാഭസ്വമികടാക്ഷം എന്നോ മറ്റോ തുടങ്ങരുതോ? ബൗദ്ധന്മാര്..."

യുവരാജാവ്: "മിണ്ടാതിരിക്കൂ." പരമേശ്വരൻ പിള്ളയുടെ മുഖം മങ്ങി. "... തിരുമേനിക്ക് സർവശ്കതനായ ഈശ്വരൻ ദീർഘായുസ്സും സർവസുഖവും നൽകട്ടെ..."

യുവരാജാവ്: “ആ കൂട്ടത്തിലെ ദ്വിഭാഷിക്ക് മലയാളം നല്ല ശീലമാണെന്നു തോന്നുന്നു. ഇങ്ങനെ നാമും സാധാരണ എഴുതാറില്ലല്ലോ.”

രാമയ്യൻ: “സ്വാമി! നല്ലതിന്മണ്ണം എഴുതുന്നുണ്ട്. വകതിരിവായും നല്ല വാചകമായും എഴുതുന്നു. ആശ്ചര്യം തന്നെ.”

പരമേശ്വരൻ പിള്ള: (മുറുമുറുക്കുന്നു) “ഞാൻ തടുത്തപ്പോൾ കുറ്റമായിപ്പോയി. വീട്ടിൽ മൂത്തവർക്ക് എറയത്തും ... വകതിരിവായി എഴുതിരിക്കുന്നു! ഏു! കയ്യുറ്റപ്പാട്ട് ചെയ്തു കൊള്ളുന്നത് എന്നു വയ്യാതെ വെറും എഴുതിക്കൊള്ളുന്നതു! വല്ലതും കൊള്ളണം. അപ്പോൾ പടിക്കും.”

പരമേശ്വരൻ പിള്ള സാവധാനത്തിൽ കോപഭാവത്തോടുകൂടി ഇങ്ങനെ പുലമ്പുക ആയിരുന്നെങ്കിലും അയാളുടെ അഭിപ്രായങ്ങൾ യുവരാജാവിനും രാമയ്യനും കേൾക്കാമായിരുന്നു. പരമേശ്വരൻ പിള്ള ശുദ്ധനും സാധുവും അതിഭക്തനും വിശ്വസ്തനും ആയിരുന്നതിനാൽ അയാൾക്ക് യുവരാജാവിന്റെ സന്നിധിയിൽ പ്രത്യേക സ്വാതന്ത്ര്യമുണ്ടായിരുന്നു. യുവരാജാവിന്റെ സന്തോഷം ഒന്നിനെ മാത്രം ദീക്ഷിച്ച് അദ്ദേഹത്തെ ഒരിക്കലും വേർപിരിയാതെ സേവിക്കുന്ന ഇയ്യാൾ അൽപംകൊണ്ട് പ്രസാദിയ്ക്കയും കോപിക്കയും വ്യസനിക്കയും ചെയ്യുന്ന കൂട്ടത്തിലായിരുന്നു. യുവരാജാവ് അയാളുടെ അഭിപ്രായങ്ങൾ കേട്ടപ്പോൾ ചിരിച്ചുപോയതിനാൽ വീണ്ടും അയാളുടെ മുഖം പ്രസാദത്തോടുകൂടിയതായി.

“... ചൈത്താന്മാരായ രാജദ്രോഹികൾ ഇന്നലെ രാത്രി കുടമൺപിള്ളയുടെ വീട്ടിൽ കൂടിയിരുന്നു ...”

പരമേശ്വരൻ പിള്ള: "കേന്ത്രിച്ച!"

"... ആലോചനകൾ എന്തെല്ലാമായിരുന്നു എന്നറിയുന്നതിന് കഴിവുണ്ടായില്ല..."

പരമേശ്വരൻ പിള്ള: "ശരി! കാലം അടുത്തു. എന്നും ദയ! എന്നും പത്മനാഭൻ രക്ഷിക്കും! അതാ ആണുങ്ങൾ ദൂരെക്കുട്ടി കാണുന്നു. ഇവിടെ ഇങ്ങ്... പത്മനാഭൻ... തല കഴുത്തീന്നു പോവാറായി... പോട്ട്."

യുവരാജാവ്: "മിണ്ടാതിരിക്കു പരമേശ്വരാ. എന്റെ തല പോയിട്ടേ നിന്റേതു പോകയുള്ളൂ. നീ പേടിക്കേണ്ട."

പരമേശ്വരൻ പിള്ള: "തല പോണത് ആദ്യം അടിയന്റെ."

യുവാരാജാവ്: "അതിനെക്കുറിച്ച് പിന്നീട് തർക്കിക്കാം. വായിച്ചു തീർക്കു രാമയ്യൻ."

"... സൃഷ്ടിച്ചവന്റെ കൽപനകൾപോലെ അല്ലാതെ മനുഷ്യരുടെ ആഗ്രഹങ്ങൾപോലെ ഒന്നും നടക്കുകയില്ല. ഊണിലും ഉറക്കത്തിലും ആപത്തുണ്ടെന്നു കരുതിയിരിക്കണം. മാങ്കോയിക്കൽ കുറുപ്പ് സാഹേബ് ഇന്നലെ രാത്രി ഇവിടെ എത്തി..."

പരമേശ്വരൻ പിള്ള: (സന്തോഷംകൊണ്ട് ഒന്നിച്ചു പൊങ്ങിച്ചാടുന്നതിന് ഭാവിച്ചിട്ട്) "ഹാ! വ്യാഴൻ പതിനൊന്നിലായി. പതിനൊന്നില്... ചാടീ പതിനൊന്നില്! ഇനി ആലോചിച്ചിട്ട്, അയ്യ! ആ ചാന്നാൻ കൂടി ഒണ്ടെങ്കിൽ എന്തു രസം! കുറുപ്പദ്ദേഹത്തിനെ കണ്ടിട്ടി

ല്ലല്ലോ? (രാമയ്യനോട്) ആ... മേത്തു വിഴുന്നാൽ രാമയ്യൻകുട്ടി സാമി പൊടിപൊടി! ഇപ്പോൾ വരും; കാണാം."

യുവരാജാവ്: "പത്മനാഭൻ നമുക്കു സഹായമുണ്ട്."

പരമേശ്വരൻ പിള്ള: "കളങ്കമില്ലാത്ത തിരുമനസ്സല്ലയോ? പിന്നെ അടിയനേയും പൊന്നുപത്മനാഭൻ വ്യസനിപ്പിക്കുമോ?"

പരമേശ്വരൻ പിള്ളയുടെ പൂർവ്വോത്തരാഭിപ്രായങ്ങളുടെ ഭേദങ്ങൾ ഓർത്ത് രാമയ്യൻ പുഞ്ചിരിയിട്ടു. "വായിച്ചു തീർക്കു രാമയ്യൻ" എന്നു യുവരാജാവ് അരുളിച്ചെയ്തു.

"... തിരുമനസ്സിലെ ദാസന്മാരായ ഞങ്ങൾ കൽപന കാത്തിരിക്കുന്നു. മഹാരാജാവിന്റെ രോഗശമനം വരുത്തുന്നതിനും രാജകുമാരന് അനുഗ്രഹങ്ങൾ നൽകുമാറും അന്തമില്ലാത്തവൻ പ്രസാദിക്കട്ടെ. വിശേഷിച്ചും, മഹാരാജാവിന്റെ മകൻ റായി പത്മനാഭൻ തമ്പി അവർകളുടെ സേവകനായ സുന്ദരയ്യൻ എന്നൊരു പാപ്പാൻ ഉണ്ടല്ലോ. അയാളെ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. അയാളുടെ ഉശിർ പാപ്പാന്റേതല്ല. സൃഷ്ടിച്ചവൻ രക്ഷിക്കട്ടെ."

യുവാരാജാവ്: "കുറപ്പു നല്ല കണിശമുള്ള ആളാണ്. പറഞ്ഞതുപോലെ വന്നുചേർന്നല്ലോ. ഇനി എട്ടുവീടന്മാരുടെ തകരാറുകൾ എന്തെല്ലാമാണെന്ന് അറിയണം. അതിനു വഴി എന്താണു രാമയ്യൻ?"

രാമയ്യൻ: "അതിന് വഴി ആലോചിച്ചിട്ടു കാര്യമില്ല. കുറപ്പദ്ദേഹം വന്നു ചേർന്നാൽ ഇവിടെ ഇപ്പോൾ ഉള്ളവ

രേയും അദ്ദേഹത്തിന്റെ ആളുകളെയും ചേർത്ത് എട്ടുവീട്ടിൽ പിള്ളമാരെ അടക്കുന്നതിന് നോക്കണം."

പരമേശ്വരൻ പിള്ള: "അതാണു ബുദ്ധി."

യുവരാജാവ്: "അവരോടു പോരിനു പുറപ്പെടാൻ വേണ്ട ആളുകൾ എന്നാലും നമ്മുടെ ഭാഗത്തു കാണുകയില്ലല്ലോ?"

രാമയ്യൻ: "നേരെ നിന്ന് ഒന്നും വേണ്ട, കുടമൺ, കഴക്കൂട്ടം, രാമനാമഠം ഈ മൂന്നു പേരെയും കൽപനയുണ്ടെങ്കിൽ ഞാൻ കൊണ്ടുവരാം. അവരെ അടക്കിയാൽ അനർത്ഥമെല്ലാം തീരും."

യുവരാജാവ്: "രാമയ്യന്റെ ഉപദേശം നന്നുതന്നെയാണ്. തന്ത്രംകൊണ്ട് അവരെ അടക്കാൻ കഴിയുന്നതും ആണ്. ആ മാർഗ്ഗങ്ങളെ ഞാൻ ആലോചിക്കാതെയും ഇരുന്നിട്ടില്ല. എന്നാൽ അവരെ നിഗ്രഹിക്കാതെ പാട്ടിലാക്കി രാജ്യഭാരം നടത്തിക്കാണണമെന്ന് എനിക്കൊരു മോഹമുണ്ട്."

രാമയ്യൻ: "സ്വാമീ . . ."

യുവരാജാവ്: "തന്റെ അഭിപ്രായം എനിക്കു മനസ്സിലായി. അവർ നമ്മെയും നമ്മുടെ പൂർവ്വികന്മാരെയും വളരെ ദ്രോഹിച്ചിട്ടുണ്ട്. എങ്കിലും അവർ നമ്മുടെ പ്രജകളിൽ പ്രമാണികളാണെന്നുള്ള സംഗതി മറന്നുകൂടാ. അതുമല്ലാതെ അവരെ ഇപ്പോൾ നശിപ്പിക്കുന്നതായാൽ മേലിൽ പ്രബലന്മാരായി വരുന്ന കുടികൾക്കു നമ്മെക്കുറിച്ച് ഭയവും സംശയവും അല്ലാതെ സ്നേഹവും ഭക്തിയും ഉണ്ടാകുന്നതല്ല."

രാമയ്യൻ: “ഇങ്ങനെ ദയ കാണിച്ചുകൊണ്ടിരുന്നാൽ യാതൊന്നും തന്നെ നടക്കയില്ല. ഒന്നാമതു്, രാജകൽപനയ്ക്കു് എതിരായ ഒരു കൽപന നാട്ടിലുണ്ടായിരിക്കുന്ന കാലത്തു് ന്യായങ്ങൾ നടത്താനും രാജഭോഗങ്ങൾ പിരിക്കാനും പ്രയാസമാണ്.”

യുവരാജാവ്: “ഏകനായകത്വം ആക്കിത്തീർക്കുന്നതിനാണ് നാം വഴി നോക്കിവരുന്നതു്. ഒരു രാജ്യത്തെയും ജനസമുദായത്തെയും സംബന്ധിച്ചുള്ള സംഗതികളിൽ ഝടിതിയിൽ വല്ലതും നടത്തുന്നതിന് ഒരുമ്പെടുന്നതു് ഭോഷത്വമാണ്. അതുമല്ലാതെ, നമ്മുടെ സ്ഥിതിയെത്തന്നെ ഒന്നുറപ്പിച്ചിട്ടുവേണം വൈരിസംഹാരത്തിന് ആലോചനകൾ ചെയ്യുന്നതു്.”

പരമേശ്വരൻ പിള്ള: “ഇരുന്നിട്ടേ കാലുനീട്ടാവൂ.”

യുവരാജാവ്: “പരമേശ്വരനും ബുദ്ധിയുണ്ടായിത്തുടങ്ങി.”

രാമയ്യൻ: “കൽപിച്ച് ദീർഘമായി ആലോചിക്കുന്നു; മറുകക്ഷി പിടിപിടി എന്നും നിൽക്കുന്നു. വഞ്ചന പ്രവൃത്തികൾക്ക് അവർ മടിക്കയുമില്ല. ആലോചനകൾ നടന്നും ഇരിക്കുന്നു. ഇങ്ങനെയുള്ള സ്ഥിതിയിൽ അവരിൽ ചിലരെ തട്ടി ഒന്നു പഠിപ്പിക്കാഞ്ഞാൽ അറിയാതെ കുഴിയിൽ വിഴുന്നു പോകും.”

പരമേശ്വരൻ പിള്ള: “അതു ശരി. തമ്പി അങ്ങുന്നന്മാരും കൂടീട്ടുണ്ട്. വട്ടങ്ങളും കേമമാണ്. മുമ്പിലത്തെപ്പോലെ ഒളിച്ചും പതുങ്ങിയുമല്ല. നാട്ടിലും തോട്ടിലും മലയിലും വച്ചല്ല ഇന്നത്തെ കളി. നേരെ മല്ലിനാണ് കച്ച കെട്ടുന്നതു്.”

യുവരാജാവ്: "അവർ ചെയ്യുന്നതുപോലെ നമുക്കും ചെയ്തുകൂടാത്തതിനാലാണ് നാം ക്ഷമിക്കുന്നത്. കേൾക്കു രാമയ്യൻ. സാമം, ദാനം, ഭേദം, ദണ്ഡം ഇതുകൾ രാജാക്കന്മാർക്ക് അനുവദിച്ചിട്ടുള്ള ഉപായങ്ങൾ ആണ്. വഞ്ചന ഇതിൽ ഉൾപ്പെടുന്നില്ല. അവർ അന്ധത്വങ്ങൾ പ്രവർത്തിക്കുന്നു എന്നുള്ളതിനെ സമാധാനമാക്കി ക്ഷത്രിയകർമ്മത്തെ നമുക്കു ലംഘിച്ചുകൂടാ. ദുർജ്ജനങ്ങളുടെ പന്ഥാവിനെ നാമും സ്വീകരിക്കുന്നതായാൽ അവരും നാമും തമ്മിൽ ഭേദമാണ്?'

രാമയ്യൻ: "അവർ ചെയ്തിരിക്കുന്ന കഠിനപ്രവർത്തികൾ വിചാരിക്കുമ്പോൾ വഞ്ചനയും ഉചിതം തന്നെ എന്നു തോന്നുന്നുണ്ട്."

യുവരാജാവ്: "അവരുടെ ദുഷ്കീർത്തി ഒട്ടുകാലംകൊണ്ടു നീങ്ങിപ്പോകും. നാം ലോകാപവാദത്തിന്നിടവരുത്തുന്നതായാൽ, അത് ഈ രാജ്യത്തമുള്ള കാലത്തോളം നിലനിൽക്കും. ഓരോ ദീപങ്ങളെ ബാധിക്കുന്ന കളങ്കത്തിനെ അന്നന്ന് അതാതു ഗ്രഹത്തിലുള്ളവരേ അറിയുന്നുള്ളു. ചന്ദ്രന്റെ കളങ്കത്തേയോ?"

രാമയ്യൻ: "ഇപ്പോൾ വലുതായ ആപത്ത് തീർച്ചയായി നേരിടും. ഈ കാലത്ത് ഈ നീതികൾ ആലോചിക്കണമോ? ഒന്നുരണ്ടു പേരെ എങ്കിലും വഴിപോലെ ശിക്ഷിക്കുന്നതായാൽ പ്രജകൾ എല്ലാവരും ആജ്ഞ അനുസരിച്ചു നടക്കും."

യുവരാജാവ്: "എന്തഭിപ്രായമാണിത്? എട്ടുവീട്ടിൽ പിള്ളമാരിൽ ചിലർ ശിക്ഷാർഹന്മാർ തന്നെയാണ്; അ

തിനു സംശയമില്ല. പക്ഷേ ആരാണ് ശാസനയ്ക്കു പാത്രമെന്നുള്ളത് നമുക്ക് അത്ര നിശ്ചയമായി ക്ലിപ്തപ്പെടുത്തിക്കൂടാ. ആ സ്ഥിതിയൽ സംഘത്തെ മുഴുവനെയുമോ അവരിൽ ചിലരെയുമോ, വല്ലവിധത്തിലും മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമാക്കിത്തീർക്കുന്നതിനാകട്ടെ, ശിക്ഷിക്കുന്നത് ധർമ്മശാസ്ത്രവിരുദ്ധം ആയിരിക്കും. അത് നാം അനുവദിക്കുന്നതല്ല. രാജനീതി ശരിയായി നടത്തുന്നതിന് കാലംവരും. അതുവരെ ക്ഷമിക്കണം."

പരമേശ്വരൻ പിള്ള: "എന്നാൽ സന്യസിക്കരുതോ?"

യുവരാജാവ്: "ശരിയായ ചോദ്യം. സന്യസിക്കുന്ന സംഗതി പറഞ്ഞതുകൊണ്ട് ഓർമ്മ വരുന്നു. പാണ്ഡവകൗരവന്മാർ തമ്മിൽ കലഹം ഉണ്ടായിട്ട് വളരെക്കാലം പാണ്ഡവന്മാർ ക്ഷമിച്ചു പാർത്തില്ലേ? അതുപോലെ കുറച്ചു ക്ഷമിക്കാം. തലകൊണ്ടുപോകാതെ സൂക്ഷിച്ചുകൊള്ളണമെന്ന് പറയുമായിരിക്കും. അതിനു മിടുക്കില്ലെങ്കിൽ പോട്ടെ. ഇരുന്നിട്ടു ഫലമെന്ത്? ഈ സംഗതികളെക്കുറിച്ച് കുറുപ്പ് വന്നിട്ട് ആലോചിക്കാം. അയാൾ ശരിയായ ഗുണദോഷങ്ങൾ ഉപദേശിച്ചു തരും. ഇന്നലത്തെ ആലോചനകൾ എന്തായിരുന്നു എന്നറിയണം. അതിനു മാർഗ്ഗമെന്ത്?"

പരമേശ്വരൻ പിള്ള: "കടുവാക്കൂട്ടിൽ തലയിടാൻ ആരു പോകും?"

രാമയ്യൻ: "കല്പനയുണ്ടെങ്കിൽ ഒന്നു ശ്രമിക്കാം."

യുവരാജാവ്: "തനിക്ക് ആപത്തുവരുമെങ്കിൽ വേണ്ട."

രാമയ്യൻ: "ആപത്ത് ഒന്നുമില്ല. നമ്മുടെ കാലക്കുട്ടിപ്പട്ടക്കാരന്റെ അനന്തരവൾക്കാണ് സുന്ദരം സംബന്ധം."

ഈ വാക്കുകൾ കേട്ട് യുവാരാജാവ് ഒന്നു ഞെട്ടി. തന്റെ ഉള്ളിലുണ്ടായിരുന്ന ഒരു സംശയത്തെ സ്ഥിരപ്പെടുത്തുന്നതായ ലക്ഷ്യം രാമയ്യന്റെ പക്കൽനിന്ന് കിട്ടിയത് യഥാർത്ഥമായിത്തന്നെ ഇരിക്കുമെന്നുള്ള വിചാരത്തോടുകൂടി കുറച്ചുനേരം ചിന്താകുലനായിരുന്നു. പരമേശ്വരൻ പിള്ള ഇതിനിടയ്ക്ക് തനിക്കുണ്ടായ സന്തോഷം അടക്കാൻ പാടില്ലാതെ രാമയ്യന്റെ പുറത്ത് താളം പിടിക്കുകയും, തലകൊണ്ടും പുരികങ്ങൾകൊണ്ടും യുവരാജാവിന്റെ മുഖത്തെ ലക്ഷ്യമാക്കി നൃത്തം തുള്ളിക്കയും ചെയ്തു.

യുവരാജാവ്: "പരമേശ്വരാ, നിന്റെ അഭിപ്രായം ശരിയായിരിയ്ക്കാം. കാലക്കുട്ടി ചതിച്ചിരിക്കണം. അല്ലെങ്കിൽ തിരുമുഖത്തു പിള്ളയുടെ മറുപടി എങ്കിലും ഇതിനു മുമ്പിൽ കിട്ടുമായിരുന്നു."

പരമേശ്വരൻ പിള്ള: "മൂത്തോർ ചൊല്ലും മുതുനെല്ലിയ്ക്കയും ആദ്യം കയ്ക്കും, പിന്നെ ഇനിയ്ക്കും. അടിയനു് അന്നേ അറിയാമായിരുന്നു. ചതിക്കും, ചതിക്കും എന്ന് അടിയൻ എത്ര തവണ അറിയിച്ചു. തിരുവുള്ളത്തിൽ എന്തോ ദുഷ്യം പറയുന്നെന്ന് മനസ്സിലാക്കിക്കൊണ്ടു. കിഴക്കോട്ട് എഴുന്നള്ളുന്ന അന്ന് അവനും തിരിച്ചു. അങ്ങു മധുരയിലും കാശിയിലും പോവാനല്ലല്ലോ പോയത്?"

രാമയ്യൻ: "സ്വാമീ, പരമുപിള്ള അറിയിച്ചിട്ടുള്ളതു ശരിയാണ്. സുന്ദരം അവിടെ സംബന്ധം ചെയ്തതു് തിരുമനസ്സറിയിക്കാത്തതുതന്നെ സംശയകരമായിരിക്കുന്നു. യദൃച്ഛയാ എനിക്ക് അറിവു കിട്ടിയതാണ്. ആ വഴിക്ക് എ

ട്ടുവീട്ടിൽ പിള്ളമാരുടെ ആലോചനകൾ എന്തായിരു ന്നു എന്നു തിരക്കാം."

യുവരാജാവ്: "അങ്ങനെ ചെയ്യൂ. തിരുമുഖത്തുപിള്ളയ്ക്കു വേ റേ ആൾ അയയ്ക്കണം. ഇനി താമസം കണക്കല്ല. കാല ക്കുട്ടി ചതിച്ചിരിക്കും." യുവരാജാവിന്റെ നേത്രങ്ങൾ ചെ മ്പരത്തിപ്പൂ കണക്കെ അരുണമായിരിക്കുന്നു. ദന്തങ്ങൾ തമ്മിൽ ഉരസുന്ന സ്വരവും പുറത്തു കേൾപ്പാനുണ്ട്. അധ രങ്ങളിലും കോപം ചൊടിക്കുന്നതുകൊണ്ട് ചില തുടിതു ടുപ്പുകൾ പ്രത്യക്ഷമാകുന്നുണ്ട്. രാമയ്യൻ മനഃപൂർവ്വം യുവ രാജാവിന്റെ കോപാഗ്നിയെ ഉജ്ജ്വലിപ്പിച്ചതായിരുന്നു. "ഇനി എല്ലാം വഴിക്കുപോകു" എന്ന് രാമയ്യൻ മനസ്സാ നിശ്ചയപ്പെടുത്തുന്നു. നരസിംഹമൂർത്തിയെപ്പോലെ ക്രൂ രതരമായുള്ള നോട്ടങ്ങളോടുകൂടിയിരിക്കുന്ന തന്റെ സ്വാ മിയുടെ കോപത്തെ ശമിപ്പിക്കാനെന്തുപായമെന്ന് പര മേശ്വരൻ പിള്ള ആലോചിക്കുന്നു.

യുവരാജാവ്: "ഉപേക്ഷ വളരെ ദോഷത്തെ ചെയ്യും. രാ മയ്യൻ കണ്ടുകൊള്ളൂ. എട്ടുവീട്ടിൽ പിള്ളമാർ മുതലാ യവരുടെ പ്രതാപങ്ങൾ അസ്തമിക്കാറായി. പരമേശ്വ രൻ അരനിമിഷംകൊണ്ടു കുറുപ്പിനെ വിളിച്ചുകൊണ്ടുവ രണം. എവിടെ താമസിക്കുമെന്നു നിന്നോടു പറഞ്ഞിട്ടു ണ്ടല്ലോ."

പരമേശ്വരൻ പിള്ള അരനിമിഷംകൊണ്ട് യുവരാജാ വിന്റെ മുമ്പിൽനിന്നു മറഞ്ഞു. അരമണിക്കൂർ നേരംകൊ ണ്ടു മടങ്ങി തിരുമുമ്പിൽ എത്തി, 'കുറുപ്പു വന്നിട്ടില്ലെന്നും പ റാണിമാർക്കു തെറ്റിപ്പോയെന്നും ഉണർത്തിച്ചു. യുവരാജാ വിന്റെ ഉള്ളിൽ അന്യഥാ ഒരു സംശയമുണ്ടായി. 'എട്ടുവീ

ട്ടിൽ പിള്ളമാർ കുറുപ്പിനെ കൊലചെയ്തിട്ടുണ്ട്’’ എന്നു യുവാരാജവ് ആത്മഗതമായി ഉച്ചരിച്ചതും ‘നാരായണ! പത്മനാഭ!’ എന്നു ജപിച്ചും കരഞ്ഞും കൈകൾകൊണ്ടു തലയിൽ അലച്ചുംകൊണ്ടു പഠാണിപ്പാളയത്തിലേയ്ക്കു് പരമേശ്വരൻ പിള്ള യാത്ര ആരംഭിച്ചതും ഒരേ മുഹൂർത്തത്തിൽ കഴിഞ്ഞു.

# 14

"നന്ദിച്ചുള്ളൊരു ചന്ദ്രികക്ക് സമമാക്കേളീവിലാസങ്ങളും
ഇന്നാളല്ലയോ കണ്ടു് ഞാൻ അതിനിടയ്ക്കെന്തായഹോ കാലവും."

നമ്മുടെ കഥാനായിക ആകുന്ന പാറുക്കുട്ടിയുടെ അവസ്ഥ എന്താണെന്നു് അറിയുന്നതിന്നു് വായനക്കാർക്ക് ആകാംക്ഷ ഉണ്ടായിരിക്കുമെന്നുള്ളതിനാൽ പത്താം അദ്ധ്യായത്തിന്റെ ഒടുവിൽ പ്രസ്താവിച്ച സംഗതി വിശദമാക്കുന്നതിന്നു് യത്നിച്ചുകൊള്ളുന്നു.

പുത്രിയെ ഉണർത്തി ശാസിക്കുന്നതിനായി കാർത്ത്യായനിയമ്മ അറപ്പുരയ്ക്കുള്ളിൽ കടന്നു പുത്രിയുടെ സമീപത്തു് ചെന്നപ്പോൾ തന്റെ മനോധൈര്യത്തെ പാടേ ഒടുക്കിയതായ ഒരു കാഴ്ചയാണു് കണ്ടതു്. പാറുക്കുട്ടിക്കു് ഒരു മഹാരോഗം, പൂർവ്വരാത്രിയിൽ നിദ്രയ്ക്കു് ആരംഭിച്ചതിന്റെ ശേഷമായി, പിടിപെട്ടിരിക്കുന്നു. ഈ രോഗത്തിന്റെ ചിഹ്നങ്ങൾ കണ്ടു് ഝടിതിയിൽ ഉണ്ടായ അപാരമായ വ്യസനത്തോടുകൂടി കാർത്ത്യായനിയമ്മ മുറവിളികൂട്ടിത്തുടങ്ങി. പുത്രിയുടെ ശരീരത്തിന്മേൽ വീണു മുറുകെ അണച്ചു് ആലിംഗനം ചെയ്തു് നിലയല്ലാത്ത പരവശതയോടുകൂടി ഉരുണ്ടും, ദിഗ്ഭേദനം ചെയ്യുമാറു് നിലവിളിച്ചും, തല



യെ മഞ്ചത്തിന്മേൽ അടിച്ചും മാറത്തു് നിർദ്ദയമായി അലച്ചും പുത്രിയെ ഇടയ്ക്കിടെ ചുംബിച്ചും, തലോടിയും, വാൽസല്യത്തോടുകൂടി വിളിച്ചും, താൻ ചെയ്തിട്ടുള്ള അപരാധങ്ങളെ ക്ഷമിക്കണമെന്നു് അപേക്ഷിച്ചും, മറ്റോരോവിധ

ത്തിലും പ്രദർശിപ്പിച്ചുതുടങ്ങിയ വ്യസനത്തിന് മൂത്തപിള്ള മുതലായവരുടെ സ്വാന്തനവാക്കുകളാലും അടക്കം വന്നില്ല. ദിവസം ഒന്ന് കഴിഞ്ഞിരിക്കുന്നു. ഈ ദിവസങ്ങളിലെ വൃത്താന്തങ്ങൾ വായനക്കാർക്ക് ഊഹിക്കാൻ കഴിയുന്നിടത്തോളം ശരിയായി വർണ്ണിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ കഥാസംബന്ധമായി ആവശ്യപ്പെടുന്ന സംഗതികൾ മാത്രം വിവരിക്കുന്നതല്ലാതെ എല്ലാ അവസ്ഥകളും യഥാക്രമം സൂക്ഷ്മമായി വർണ്ണിയ്ക്കുന്നതിന് ശ്രമിക്കുന്നില്ല.

പാറുക്കുട്ടിയുടെ രോഗത്തിന്റെ ലക്ഷണങ്ങൾ മിക്കവാറും പക്ഷവാതത്തിന്റേതായിരുന്നു. അനന്യസാധാരണമായുള്ള ചാരുത്വത്തോടുകൂടിയ മുഖത്തിന് നാസികയുടെ അധോഭാഗത്തായി ഒരു വക്രത്വവും, വാമനേത്രത്തിന് നിർജ്ജീവത്വവും വാമശ്രോത്രത്തിന് ശ്വനശക്തിക്ഷയവും വാമപാദത്തിനും കരത്തിനും സ്തംഭനവും ബുദ്ധിക്ക് അതിമാന്ദ്യവും പൂർവ്വസംഗതികളെക്കുറിച്ച് വിസ്മൃതിയും സംഭവിച്ചിട്ടുണ്ട്. ഈ രോഗം അനുരൂപനായ ഒരു യുവാവ് തന്റെ ഭർത്തൃസ്ഥാനത്തെ കാംക്ഷിച്ചതിൽ പാറുക്കുട്ടി വിപരീതഭാവം കാണിച്ചതിലേക്ക് ശിക്ഷയായി കൽപിക്കപ്പെട്ടതു തന്നെയോ എന്നു തോന്നും. എന്തുകൊണ്ടെന്നാൽ, യൗവ്വനാരംഭംകൊണ്ട് ഏറ്റവും രമണീയമായിരിക്കുന്ന ശരീരത്തിന്, വിശേഷിച്ച് മുഖത്തിന് വൈരൂപ്യമാണ് ഈ രോഗത്താൽ മുഖ്യമായി സംഘടിക്കപ്പെട്ടിട്ടുള്ളത്. കേവലം നിശ്ചേഷ്ടയായി കിടക്കുന്ന പാറുക്കുട്ടിക്ക് അശനപാനാദികളിലും ലേശവും അഭിരുചിയില്ലാതെയായിത്തീർന്നിരിക്കുന്നു. അതിനാൽ ക്ഷീണം വർദ്ധിച്ച് വല്ലി

കൾ വാടിവീഴുന്നതുപോലെ പാറുക്കുട്ടിയുടെ ശരീരം മുഴുവൻ തളർന്നവശായിരിക്കുന്നു. രോഗം അപകടമായി പരിണമിക്കുമോ എന്ന് ചികിത്സകന്മാർക്കും സംശയം ഉത്ഭവിക്കുന്നുണ്ട്. ചിലപ്പോൾ വലതുകരത്താൽ ചില ആംഗ്യങ്ങൾ സംഭ്രമത്തോടുകൂടി കാണിക്കുന്നതിന്റെ താത്പര്യം ആർക്കും മനസ്സിലാകുന്നില്ല. ചിലപ്പോൾ വളരെ കഷ്ടപ്പെട്ട് വാ വിടുർത്തി, നാവ് പുറത്തേക്ക് നീട്ടി, തന്റെ ആത്മഗതങ്ങൾ ഉച്ചരിക്കുന്നതിന് ശ്രമിക്കുമ്പോൾ നാവ് കുഴങ്ങി ചലിക്കയും, അർത്ഥശൂന്യമായും നിശിതങ്ങളായുള്ള ബാണങ്ങളെപ്പോലെ മാതാവാദിയായുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ തറയ്ക്കുന്നതായുമുള്ള ചില ശബ്ദങ്ങൾ പുറപ്പെടുകയും ചെയ്യുന്നതേയുള്ളു. നേത്രങ്ങൾ അടച്ചുകിടക്കുന്നതിനിടയിൽ അപ്പഴപ്പോൾ പെട്ടെന്നുണർന്നു ഞെട്ടി എഴുന്നേൽക്കുന്നതിന് ശ്രമിക്കുമ്പോൾ തന്റെ ശക്തിക്ഷയത്തെക്കുറിച്ച് ജാഗരൂകയായി അതിദീനയായി മേൽപോട്ട് നോക്കുകയും കരയുകയും ചെയ്യുന്നു. ഉടനേ ബോധക്ഷയവും പിൻതുടരുന്നു. മാതാവിന്റെ പ്രേമപുരസ്സരമായുള്ള പ്രലാപങ്ങളും സാന്ത്വനവചനങ്ങളും കേട്ടാൽ ചിലപ്പോൾ വലതുകൈ നീട്ടി മാതാവിന്റെ കരം ഗ്രഹിക്കുന്നതിന് ശ്രമിക്കയും ഓരോസ്തോഭങ്ങളോടുകൂടി ഗാഢനിദ്രയിൽ ലയിക്കയും ചെയ്യുന്നു.

പ്രായം തികഞ്ഞാൽ പരസ്പരം കണ്ടുകൂടെന്നുള്ള (ദക്ഷിണ) കേരളാചാരത്തെ ലംഘിച്ച് മൂത്തപിള്ളയും ഭഗിനിയും പാറുക്കുട്ടിയുടെ സമീപത്ത് ശുശ്രൂഷാശ്രമങ്ങളോടുകൂടെ സഞ്ചരിക്കുന്നു. കാർത്ത്യായനിയമ്മയുടെ സ്ഥിതി പാറുക്കുട്ടിയുടെ സ്ഥിതിയിലും അതിദയനീയമായിട്ടുള്ളതാ

യിരിക്കുന്നു. തന്റെ പാടവങ്ങളും പ്രൗഢികളും കോപങ്ങളും എന്നുവേണ്ട കരാറുകളും പുത്രിയുടെ ശരീരാസൗഖ്യത്തോടുകൂടി പലായനം ചെയ്തിരിക്കുന്നു. കാർത്ത്യായനിയമ്മയെപ്പോലുള്ള സാധുബുദ്ധികളായ, ദുരാശകൊണ്ട ജനങ്ങളുടെ ധൈര്യവും മിടുക്കും ഒരു തട്ടുകിട്ടുന്നേടത്തോളമേ നിലനിൽക്കയുള്ളു. ഈ വിധമുള്ള ജനങ്ങളെപ്പോലെ ക്ഷണത്തിൽ മറ്റുള്ളവർ ആപത്തിൽ ശുഷ്കവീര്യന്മാരായി ചമയുന്നതല്ല.

മൂത്തപിള്ളയുടെ മനോവികാരങ്ങളെ സൂക്ഷ്മമായി തിരിച്ചറിയുന്നതിന് കഴിവുള്ളവരില്ലായിരുന്നു. സഹോദരിയുടെ മുറവിളികേട്ട് അറപ്പുരയിൽ എത്തി താനും കരഞ്ഞുതുടങ്ങി. എങ്കിലും ഭാഗിനേയി സജീവയാണെന്നും മറ്റും അദ്ദേഹം ഗ്രഹിച്ചപ്പോൾ മുൽക്ക് കുറച്ച് ധൈര്യം അവലംബിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ബുദ്ധിയെ കഠിനമായ രോഷം തപിപ്പിക്കുന്നുണ്ടെന്ന് സഹോദരിയെ നോക്കുന്ന നോട്ടങ്ങളാൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഭാഗിനേയിയുടെ മുഖത്ത് ഉള്ളലിഞ്ഞു നോക്കി ദീർഘമായി നിശ്വസിച്ചിട്ട് കത്തുന്ന നേത്രങ്ങളോടുകൂടി സഹോദരിയേയും നോക്കുന്നു. ഇതിൽ അന്തർഭൂതമായിട്ടുള്ള അദ്ദേഹത്തിന്റെ അന്തർഗ്ഗതം, 'അത്യാഗ്രഹവശയായി എന്നെയും വശപ്പെടുത്തി ചെയ്ത സാഹസങ്ങളുടെ ഫലമായി വന്നുകൂടിയ ഈ വിപത്തിനെ സഹിക്ക്' എന്നല്ലാതെ മറ്റെന്തായിരിന്നിരിക്കാം?

മൂത്തപിള്ളയെ മുമ്പിട്ട് കാർത്ത്യായനിയമ്മയുടെ രോദനം കേട്ടിട്ട് ഒരാൾ അറപ്പുരയിൽ എത്തുക ഉണ്ടായി. ഈയാൾ നമ്മുടെ ശങ്കു ആശാനല്ലാതെ മറ്റാരുമല്ലായി

രുന്നു. കാർത്ത്യായനിയമ്മയും അന്ധാളിക്കത്തക്കവിധ ത്തിൽ ആശാൻ നിലവിളിക്കയും, പരവശതകൾ കാണി ക്കയും ചെയ്തു. തന്നെയും, കാർത്ത്യായനിയമ്മ, മൂത്തപി ള്ള, തമ്പി, സുന്ദരയ്യൻ ഇവരെയും, ബ്രഹ്മവിഷ്ണുമഹേശ്വര ന്മാരെയും, ആശാന്റെ അറിവിൽ കേട്ടിട്ടുള്ള എല്ലാ ക്ഷേ ത്രങ്ങളിലെ ദേവന്മാരേയും, ശപിക്കയും ശാസിയ്ക്കയും മാറ ത്തും തലയിലും താഡിച്ചു വ്രണപ്പെടുത്തുകയും ചെയ്തു. ആ ശാന്റ ഉള്ളിൽ കെട്ടിനിന്നിരുന്ന കോപാശയത്തിന്റെ ക രകൾ പൊട്ടി കാർത്ത്യായനിയമ്മയുടെമേൽ അതികേ മമായ ഒരു പ്രവാഹവും ഉണ്ടായി. ആശാന്റെ വ്യസന വും കോപവും, വൈദ്യന്മാർ വന്നുകൂടി ഭയപ്പെടാനില്ലെ ന്നുംമറ്റും ഓരോ ഉറപ്പുകൾ പറഞ്ഞതിന്റെ ശേഷവും ശ മിച്ചില്ലെങ്കിലും, അപ്പോൾ കാർത്ത്യായനിയമ്മ ചെയ്ത തായ ഒരു അന്വേഷണം ആരംഭിച്ചതു് മുതൽക്കു് അന്ത രംഗത്തിൽ ഉണ്ടായിരുന്ന എന്തോ ഒരു ഗൂഢ അറിവി നെ അനുസരിച്ചു് തന്റെ കോപവ്യസനങ്ങൾ അടങ്ങി വൃ ദ്ധൻ വല്ലാതുള്ള സംഭ്രമത്തിന് അധീനനായി. പാറുക്കു ട്ടിക്കു് അണിയുന്നതിനായി കാർത്ത്യായനിയമ്മ കൊ ണ്ടുചെന്നിരുന്ന ആഭരണാദികളെ മഞ്ചത്തിൽ ത്യജിച്ചി ട്ടു് പോയതായി മുൻപിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആവ ക സാധനങ്ങളിൽ വസ്ത്രങ്ങൾ ഒഴികെ യാതൊന്നും പാ റുക്കുട്ടിയുടെ മഞ്ചത്തിലാകട്ടെ അടുത്തുള്ള വടക്കേമുറിയി ലാകട്ടെ കാണ്മാനില്ലായിരുന്നു. ഈ സംഗതി പുറത്തായ പ്പോൾ തസ്ക്കരന്മാർ എങ്ങനെയോ അറപ്പുരയിൽ കട ന്നു എന്നും, അവരാൽ പ്രയോഗിക്കപ്പെട്ട ബലത്താലോ മ ന്ത്രതന്ത്രങ്ങളാലോ പാറുക്കുട്ടിയുടെ രോഗത്തിന് സംഗ

തി വന്നിട്ടുള്ളതാണെന്നും, അതിനാൽ രോഗഹേതു അറിഞ്ഞു് ചികിത്സിക്കുന്നതിന് വഴിയായി എന്നും, മൂത്തപിള്ള മുതലായവർക്ക് തോന്നി. കഠിനമായുള്ള വ്യസനത്താൽ തപ്തമാക്കപ്പെട്ട മനസ്സോടുകൂടിയവരായ മൂത്തപിള്ളയ്ക്കും സഹോദരിക്കും ദ്രവ്യനാശത്തെക്കുറിച്ച് ഒരു ചിന്തയാകട്ടെ, കള്ളന്മാരെ തിരക്കിപ്പിടിക്കുന്നതിന് ആഗ്രഹമാകട്ടെ ഉണ്ടായില്ല. വൈദ്യന്മാരോടും ഗണിതശാസ്ത്രപടുക്കളോടും മറ്റും ഉള്ള ആലോചനകൾക്കിടയിൽ അന്യവിഷയങ്ങളിൽ മനസ്സിനെ ക്ലേശിപ്പിക്കുന്നതിന് അവർക്ക് അവസരമുണ്ടായിരുന്നില്ല. ശങ്കു ആശാനിൽ മാത്രം ആഭരണങ്ങൾ കാണാത്ത സംഗതി എന്തോ മറ്റുള്ളവരുടെ ബുദ്ധിക്ക് അപ്രാപ്തമായിരുന്ന ചില ഊഹങ്ങളെ ജനിപ്പിച്ചു. ആഭരണങ്ങൾ കളവുപോയതുതന്നെ എന്ന് തീർച്ച ആയപ്പോൾ ആശാന്റെ പരവശതകൾ നിന്നു. വൃദ്ധൻ വടിയും ഊന്നി പുറത്തേക്ക് യാത്രയായി. ഗൃഹത്തിന്റെ നാലുഭാഗത്തും ചുറ്റിനടന്നു തുടങ്ങി. ഈ കൃത്യങ്ങളെയും ആശാന്റെ മറ്റോരോ പ്രവൃത്തികളെയും വ്യസനം അതീതമായി ബുദ്ധിക്ക് പകർച്ച നേരിടുകകൊണ്ടു് വൃദ്ധന്മാർ അനുഷ്ഠിച്ചുപോകുന്ന ചാപല്യങ്ങളാണെന്ന് എല്ലാവരും വ്യാഖ്യാനിച്ചു.

പാറുക്കുട്ടിയുടെ രോഗവർത്തമാനത്തെക്കുറിച്ച് അറിവ് കിട്ടിയ ഉടൻതന്നെ സുന്ദരയ്യൻ ചെമ്പകശ്ശേരിയിൽ എത്തി. എന്നാൽ അദ്ദേഹത്തെ സത്ക്കരിക്കുന്നതിന് ആരുംതന്നെ തയ്യാറായിരുന്നില്ല. എങ്കിലും ആ തറവാട്ടിലെ ഭരണകർത്തൃത്വം തനിക്കും ഉണ്ടെന്നുള്ള നാട്യത്തോടുകൂടി അദ്ദേഹം വൈദ്യന്മാരോടും മറ്റും ഓരോ നിഷ്കർഷ

കൾ ചെയ്തു; ചിലരെ ശാസിച്ചു; മറ്റു ചിലരോട് തമ്പി അ ങ്ങത്തേയ്ക്കുള്ള പ്രേമത്തിന്റെ സ്ഥിതിയെ വെളിവായി അ റിയിക്കയും ചെയ്തു. മൂത്തപിള്ളയോടും കാർത്ത്യായനി യമ്മയോടും വിധിയന്ത്രത്തിന്റെ തിരിച്ചിലിനെ സംബ ന്ധിച്ച് പ്രമാണസഹിതം ഒട്ടേറെ പ്രസംഗിച്ചിട്ട് ബ്രാ ഹ്മണൻ യാത്രയായി. സന്ധ്യ അടുത്തപ്പോൾ കഴക്കൂട്ട ത്തു പിള്ളയും ചെമ്പകശ്ശേരിയിൽ എത്തി. ഇദ്ദേഹത്തി ന്റെ വ്യസനത്തിന് അതിരില്ലായിരുന്നു. തന്നെ ധിക്ക രിച്ചതിനെയും മറ്റും മറന്ന് മാതുലപുത്രിയെക്കുറിച്ചുണ്ടാ യ സഹോദര സ്നേഹത്തോടും ഹൃദയപൂരസ്സരമായ വ്യ സനത്തോടും ചികിത്സയ്ക്കുവേണ്ട ദ്രവ്യം താൻതന്നെ ചെ ലവിടുന്നതിന് അനുവദിക്കണമെന്ന് മൂത്തപിള്ളയോട പേക്ഷിച്ചു; മൂത്തപിള്ളയുടെ വിസമ്മതത്തെ നിർബന്ധ വാക്കുകളെക്കൊണ്ട് നീക്കി, തന്റെ അപേക്ഷയെ അനു വദിപ്പിച്ചു. അനന്തരം അസ്തമിച്ച് രണ്ടുനാഴിക കഴിഞ്ഞ പ്പോൾ കുടമൺ പിള്ളയുടെ ഗൃഹത്തിലേക്ക് തിരിക്ക യും ചെയ്തു. ചെമ്പകശ്ശേരിയിൽ നിന്നും പുറത്തിറങ്ങി കു റച്ച് കിഴക്കു ചെന്നപ്പോൾ വഴിയിൽ നിന്നിരുന്ന ഒരു ഭി ക്ഷു ഇദ്ദേഹത്തെ അൽപനേരം സൂക്ഷിച്ചുനോക്കീട്ട് പിന്തു ടർന്നു. എന്നാൽ ഇങ്ങനെ ഒരാൾ തന്നെ പിന്തുടരുന്ന സം ഗതി കഴക്കൂട്ടത്തു പിള്ള അറിഞ്ഞതുമില്ല.

ഈ അദ്ധ്യായത്തിൽ രണ്ടാം ദിവസത്തെ സംഗതിക ളെ വിവരിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് പ്രാ രംഭത്തിലെ സൂചകപദങ്ങളാൽ വായനക്കാർക്കുമനസ്സി ലായിരിക്കുമല്ലോ. ചെമ്പകശ്ശേരി വീട്ടുകാരുടെ ബന്ധുക്ക ളും ചാർച്ചക്കാരും മറ്റുമായുള്ള സ്ത്രീപുരുഷന്മാർ പാറുക്കുട്ടിയു

ടെ രോഗത്തെ അന്വേഷിച്ചുചെല്ലുന്നുണ്ട്. ഈ കൂട്ടത്തിൽ രണ്ടാം ദിവസം ഉച്ച ആയപ്പോൾ നാലഞ്ചു നായന്മാരുടേയും മൂന്നുനാലു സ്ത്രീകളുടേയും ഒരുമിച്ച് കുടമൺ പിള്ളയുടെ അനന്തരവൾ സുഭദ്ര ആ സ്ഥലത്ത് എത്തി. കാർത്ത്യായനിയമ്മ സർവ്വദാ അശ്രുധാര വർഷിച്ചും പുത്രിയുടെ സ്വഭാവഗുണങ്ങൾ വർണ്ണിച്ച് ഓരോന്ന് പുലമ്പിയും, ഭക്ഷണാദികള കൈവെടിഞ്ഞും, പുത്രിയെ ശുശ്രൂഷിച്ചുകൊണ്ടും കിടക്കുക ആയിരുന്നു. സുഭദ്രയെ കണ്ടപ്പോൾ കുറച്ചുനേരം പുത്രിയുടെ അടുക്കൽ കിടന്നുകൊണ്ടുതന്നെ ആ സ്ത്രീയെ പാദാദികേശം ഒന്നു പരിശോധിച്ചു. തന്റെ വരവ് കാർത്ത്യായനിയമ്മയ്ക്ക് രസിച്ചില്ലെന്ന് സുഭദ്രയ്ക്ക് അർത്ഥമായി. കാർത്ത്യായനിയമ്മ മഞ്ചത്തിൽ എഴുന്നേറ്റിരുന്ന്, പിന്നെയും സുഭദ്രയുടെ ഗാത്രപരിശോധന ഒന്നുകൂടി കഴിച്ചു. സുഭദ്രയ്ക്ക് അൽപം ഈർഷ്യതോന്നി, പാറുക്കുട്ടിയുടെ സമീപത്തണയാതെ അകലെത്തന്നെ നിന്നു. ഗംഭീരയായ കാർത്ത്യായനിയമ്മ മഞ്ചത്തിൽനിന്ന് എഴുന്നേറ്റ്, സുഭദ്രയുടെ അടുത്തുചെന്ന്, കണ്ണിൽ നിറഞ്ഞ അശ്രുക്കളോടുകൂടി ആ സ്ത്രീയെ മാറോടണച്ച് ആലിംഗനം ചെയ്തു. സുഭദ്ര 'പങ്കജാക്ഷകൃപകൊണ്ടു മുട്ടീ കുചേലൻ' എന്നപോലെ പരമാനന്ദംകൊണ്ടു പരവശയായി. മാതാവിന്റെ വാത്സല്യപൂർവ്വമായുള്ള ലാളനാദികളുടെ സുഖത്തെ അറിഞ്ഞിട്ടില്ലാത്തതിനാലും, കാർത്ത്യായനിയമ്മയ്ക്ക് തന്നെക്കുറിച്ച് ഹാസ്യമാണെന്ന് താൻ അതുവരെ വിചാരിച്ചതിനാലും, കാർത്ത്യായനിയമ്മയുടെ ആലിംഗനം സുഭദ്രയുടെ മനസ്സിൽ അഭിനവങ്ങളായുള്ള ചില വികാരങ്ങളെ ഉത്പാദിപ്പിച്ചു. അപ്പോൾ ഉണ്ടായ രോമാഞ്ചത്തിന്റെ അ

തിക്രമത്താൽ അപഹൃതചിത്തയാകനിമിത്തം, സുഭദ്ര തന്റെ പ്രായത്തെയും മറന്ന്, ആശ്ലേഷാനുരൂപമായുള്ള ശൈശവാസ്ഥയിൽ ആയതുപോലെ കാർത്ത്യായനിയമ്മയുടെ മാറോടണഞ്ഞുനിന്ന് അൽപനേരം വിശ്രമിക്കയും, ഒരു കൈയാൽ ആ സ്ത്രീയുടെ പുറത്തു താനറിയാതെ മന്ദമായി തലോടുകയും ചെയ്തു. കാർത്ത്യായനിയമ്മയുടെ നേത്രങ്ങൾ നിറഞ്ഞു് ഒഴുകി; ആ അശ്രുധാര മാർഗ്ഗമായി ആ സ്ത്രീയുടെ ഉള്ളിൽ സുഭദ്രയെ സംബന്ധിച്ച് വല്ല ദുരൂഹങ്ങളുടെ അവശിഷ്ടങ്ങളും ഉണ്ടായിരുന്നെങ്കിൽ അതുകളും നിഷ്കാന്തങ്ങളായി. സുഭദ്രയോ, കാർത്ത്യാനിയമ്മയുടെ ലാളനകൾക്കു് സ്വാധീനയായി നിന്ന്, എന്താശ്ചര്യമാണ് തനിക്കു വന്നുകൂടിയ പദവി എന്നെല്ലാം ആലോചിച്ചുതുടങ്ങി. ‘മകളേ, ഈശ്വരൻ എന്തെല്ലാം വരുത്തിവയ്ക്കുന്നു എന്നു നോക്കു്. എന്റെ തങ്കത്തിന്റെ സ്ഥിതി ഇങ്ങനെ ആയല്ലോ. മറുമുഖം നോക്കാനുണ്ടോ എനിക്കു്? എന്റെ കർമ്മമെന്നല്ലാതെ എന്തു പറയുന്നു?’ എന്ന് പറഞ്ഞുകൊണ്ടു് സുഭദ്രയെ പാറുക്കുട്ടിയുടെ മഞ്ചത്തിന്റെ മുമ്പിലായിട്ടു കൊണ്ടുചെന്നു നിറുത്തി, കാർത്ത്യായനിയമ്മ പൂർവ്വസ്ഥാനത്തു് കിടക്കാതെ ഇരിപ്പായി. പാറുക്കുട്ടിയുടെ അത്യന്തവ്യസനകരമായ അവസ്ഥ ഒന്നിൽ ഏകാഗ്രചിത്തയായി നിൽക്കുന്ന സുഭദ്രയുടെ മുഖത്തെ ലക്ഷ്യമാക്കി കാർത്ത്യായനിയമ്മയുടെ നേത്രങ്ങൾ സ്ഥിതി ചെയ്യുന്നു. എന്തു് നൂതനവിചാരങ്ങളാണ് ആ സ്ത്രീയുടെ മനസ്സിനെ ഇപ്പോൾ പരിതപിപ്പിക്കുന്നതു്? കരുണാശബളിതമായ വ്യസനത്തിന്റെ ലക്ഷണങ്ങൾ ആണല്ലോ മുഖത്തു് കാണുന്നതു്. ‘നീ ഈ വെയിലിൽ നടന്നു മുഖം ചെമ്പരത്തി

പ്പപോലെ ആയല്ലോ. സന്ധ്യയ്ക്കു വന്നാൽ പോരായിരു ന്നോ?' എന്നു് കാർത്ത്യായനിയമ്മ ചോദ്യം ചെയ്തതി നു് 'വെയിലധികമില്ലായിരുന്നു' എന്നു മാത്രം സുഭദ്ര പറ ഞ്ഞതു് കേട്ടുണർന്ന പാറുക്കുട്ടിയുടെ മുഖത്തു് സുഭദ്രയെ ക ണ്ടപ്പോൾ ഉണ്ടായ ചേഷ്ടകളെ, പട്ടിണികിടന്നും പുത്രി യെ ശുശ്രൂഷിക്കുന്ന മാതാവു് എന്തു് കാരണത്താലാണു് നി സ്സാരമാക്കിയിരിക്കുന്നതു്? പാറുക്കുട്ടിയുടെ മുഖം ശുഷ്കമാ യും വികൃതമായും ചമഞ്ഞിരിക്കുന്നതു് കണ്ടുണ്ടായ ചാഞ്ച ല്യത്തോടുകൂടി നിൽക്കുന്ന സുഭദ്രയെ അംഗംപ്രതി എന്തി നായിട്ടാണു് കരുണയോടുകൂടി പരിശോധിക്കുന്നതു്? അ ന്യദുഃഖത്തെക്കുറിച്ചു് സഹതാപം, തനിക്കുതന്നെ ആപ ത്തു നേരിട്ടപ്പോൾ ഉണ്ടായിത്തുടങ്ങിയതുകൊണ്ടായിരി ക്കാം. എന്നാൽ അംഗങ്ങളെ പരിശോധിച്ചിട്ടു് ആവശ്യ മില്ലല്ലോ. സുഭദ്രയുടെമേൽ പ്രത്യേകവാൽസല്യത്തിനു് വ ല്ല സംഗതിയുമുണ്ടായിരിക്കുമെന്നു് ഊഹിക്കാവുന്നതാ ണ്. വാസ്തവം എങ്ങനെ എന്നു് വഴിയെ അറിയാവുന്നതാ ണ്.

തന്റെ വിഷാദത്തിന്റെ അതിക്രമം ഹേതുവായിട്ടു് ഇ തര വിഷയങ്ങൾക്കു് ജാഗരൂകയല്ലാതെ നിന്നു് സുഭദ്ര യെ കണ്ടിട്ടു് പാറുക്കുട്ടി എഴുന്നേൽക്കാനും തന്റെ അഭിമ തങ്ങളെ അറിയിക്കുന്നതിനും യത്നിക്കുന്നതുപോലെ ശ യ്യയിൽ കിടന്നുതന്നെ ചില സാഹസങ്ങൾ ചെയ്തു. സുഭ ദ്രയെ കണ്ടപ്പോൾ തന്റെ പ്രാണപ്രിയന്റെ കഥ പാറുക്കു ട്ടിക്കു് സുഭദ്രയെ ഗ്രഹിപ്പിക്കാനും സുഭദ്രയിൽനിന്നു ഗ്ര ഹിക്കാനും ഉള്ളതായി പൂർവ്വകഥാഭാഗംകൊണ്ടു് അറി യാവുന്നതാണല്ലോ. എന്നാൽ ഈ സംഗതികളിൽ ബു

ദ്ധിയെ പ്രവേശിച്ചപ്പോൾ അതുകൾ താങ്ങുന്നതിന് ശക്തിയില്ലാതെ ചമഞ്ഞു്, ബുദ്ധി ക്ഷയിച്ച്, മുഖം ക്ലാന്തമായി, തുറന്ന നേത്രം അടയുകയും ചെയ്തു. ഹാ കഷ്ടം! എന്തു വൈരൂപ്യമാണ് ആ മുഖത്തു് അപ്പോൾ കാണപ്പെട്ടതു്! സുഭദ്രയുടെ കണ്ഠത്തിൽനിന്ന് നിർഗ്ഗമിച്ച ദീർഘനിശ്വാസത്തിൽ അന്തർഭൂതമായിരുന്ന അനുതാപത്തിന്റെ അഗാധതയെ, അഭിനവങ്ങളായ പ്രേമചിഹ്നങ്ങളോടുകൂടി ആ സ്ത്രീയെ സത്ക്കരിച്ച കാർത്ത്യായനിയമ്മയ്ക്കും ഗണിക്കാൻ പാടില്ലായിരുന്നു. നിസ്സാരമതികളായ ചില സമീപവാസികൾ, സുഭദ്ര അനാവശ്യമായ വിലാപസംഭാഷണങ്ങൾകൊണ്ട് രോഗിണിയെ അസഹ്യപ്പെടുത്താതിരുന്നതു് ആക്രമങ്ങളെക്കുറിച്ചുള്ള ധിക്കാരത്തിലാണെന്നും, ഇങ്ങനെ ഉള്ളവരുടെ സാഹചര്യം അത്ര സുഖവും ശരിയും അല്ലെന്നും, നിശ്ചയിച്ചുകൊണ്ട് തദ്ദേശവായുവിനു സ്വാതന്ത്ര്യമായി സഞ്ചരിക്കാൻ വേണ്ട സ്ഥലം ഒഴിച്ചുകൊടുത്തു്. സുഭദ്രയുടെ നടപടികൾ കാർത്ത്യായനിയമ്മയ്ക്കും അത്ര സന്തോഷപ്രദങ്ങളായിരുന്നില്ല. എങ്കിലും തന്റെ ഉള്ളിലുണ്ടായ നീരസത്തെ അടക്കിക്കൊണ്ട്, 'ഇരിക്കു സുഭദ്രേ, തങ്കത്തിന്റെ ബോധക്ഷയത്തെക്കുറിച്ച് നീ വ്യസനിക്കേണ്ട. ഇതാണ് ഈ ദീനത്തിന്റെ പ്രധാനലക്ഷണം' എന്നു തിങ്ങിപ്പൊങ്ങുന്ന വ്യസനത്തെ പുറത്തുവിടാതെ കാർത്ത്യായനിയമ്മ പറഞ്ഞു. സുഭദ്രയുടെ സ്വഭാവത്തിന്റെ ഒരു വിശേഷലക്ഷണം എന്തെന്നാൽ കാര്യനടപ്പുകളെ സംബന്ധിച്ച് വേണ്ട ശ്രമങ്ങൾ ചെയ്കയല്ലാതെ ലൗകികങ്ങൾകൊണ്ടും മധുരമായ വാക്കുകൾകൊണ്ടും മനോരാജ്യങ്ങൾകൊണ്ടും വൃഥാ കാലക്ഷേപം ചെയ്യാതിരിക്കു

ക ആയിരുന്നു. കാർത്ത്യായനിയമ്മയുടെ ക്ഷണത്തിനു ണ്ടായ ഉത്തരം ഇങ്ങനെ ആയിരുന്നു. 'അമ്മ പട്ടിണി കിടന്നാൽ മകളുടെ രോഗം വാശിയാകുമെന്ന് വിചാരിക്കുന്നുണ്ടോ? എഴിക്കണം, വല്ലതും കഴിച്ചുകൊണ്ടു വരാം; വരണം' ഇങ്ങനെ പറഞ്ഞുകൊണ്ടു് കാർത്ത്യായനിയമ്മ പുറപ്പെട്ടുവിച്ച് തുടങ്ങിയ സമാധാനങ്ങളെ ഗണിക്കാതെ ബലേനതന്നെ ആ സ്ത്രീയെ പിടിച്ചുകൊണ്ടു്, ആ സ്ഥലത്തു തന്നെ ഉണ്ടായിരുന്ന ആശാനോടു പാറുക്കുട്ടിയെ സൂക്ഷിച്ചുകൊള്ളണമെന്നതിന് നിയോഗിച്ചിട്ടു് വടക്കേക്കെട്ടിലേക്കു സുഭദ്ര തിരിച്ചു.

കാർത്ത്യായനിയമ്മ ഭക്ഷണം കഴിക്കുന്നതിനിടയിലും പുത്രിയുടെ സ്ഥിതിയെക്കുറിച്ച് സ്മരണ വിടതെ പലതും പുലമ്പുന്നുണ്ടു്. സുഭദ്രയെക്കുറിച്ച് ആ സ്ത്രീക്ക് വാത്സല്യം വർദ്ധിച്ചിരിക്കുന്നു. സുഭദ്രയുടെ ആദരവോടുകൂടിയുള്ള ശുശ്രൂഷകൾകൊണ്ടു് സന്തുഷ്ടയായിരിക്കുന്ന കാർത്ത്യായനിയമ്മയെ വിശ്വസ്തയായിട്ടു് ഗണിച്ചു തുടങ്ങിയിരിക്കുന്നു. കാർത്ത്യായനിയമ്മ മറ്റോരോ സംഗതികൾ പറഞ്ഞതിനിടയിൽ ഇങ്ങനെ പറഞ്ഞു: 'ഈ ദീനം തുടങ്ങീട്ടു കാലം കുറച്ചായി. ഇപ്പോഴാണു മൂർച്ചയായതു്. തങ്കത്തിന്റെ അച്ഛനുള്ളപ്പോഴേ ഇതിന്റ ലാഞ്ഛനകൾ കാണാനുണ്ടായിരുന്നു. വെറുതെ കള്ളന്മാരെയും മറ്റും സംശയിച്ചിട്ട് കാര്യമെന്തു്? ആഭരണങ്ങൾ ഉള്ളതവരാരോ കൊണ്ടുപോയി; അത്രതന്നെ.'

സുഭദ്ര: 'അങ്ങനെയായിരിക്കാം. തങ്കത്തിന്റെ മനസ്സ് ഇടിഞ്ഞുപോയി; അതോടുകൂടി രോഗവും തുടങ്ങി.'

കാർത്ത്യായനിയമ്മ: 'അതുതന്നെ, നീ അനന്തപത്മനാഭനെ കണ്ടിട്ടുണ്ടോ? ഇല്ലായിരിക്കാം (സുഭദ്രയുടെ മുഖത്ത് സൂക്ഷിച്ചുനോക്കിക്കൊണ്ട് കുറച്ചുനേരം ഇരുന്നിട്ട്) ഉരുണ്ടു നല്ല പൊന്നുണ്ണിക്കൃഷ്ണനെപ്പോലെ ഇരുന്നു. ഇന്നലെ എന്നു തോന്നുന്നു. ഞാൻ തങ്കത്തിനെ പെറ്റുകിടക്കുമ്പോൾ തിരുമുഖത്തെ അക്കൻ മകനേയും കൊണ്ടുവന്നു. എന്നിട്ട് അന്നുണ്ടായ നേരംപോക്കൊന്നും പറവാനില്ല. അന്ന് കുറിച്ചു, അവനാണ് ഭർത്താവെന്ന്. എന്നിട്ട് ഇവളുടെ അടുത്ത് കേറിയിരിപ്പുമായി. അക്കൻ പോകുന്നേരം വിളിച്ചിട്ടും അവൻ പോകുല്ല. എന്തു കളിയാണ്! അന്നത്തെ അവന്റെ നിശ്ചയം വിധി നിശ്ചയം പോലെ ആയി. ഏകദേശം ഇവൾക്കു പത്തുവയസ്സാകുന്നതുവരെ ഭാര്യയും ഭർത്താവും ഒന്നിച്ചുതന്നെ വളർന്നു എന്നുപറയാം. അക്കഥയൊക്കെ നിനക്കറിയാമല്ലോ. അവന്റെ മര്യാദയും നിലയും വയസ്സുചെന്നവർക്കുമില്ല. തങ്കത്തിന്റെ അച്ഛനു് അവൻ ജീവനായിരുന്നു. പഞ്ചപാപി ആ എളയതമ്പുരാൻ! ആരെ വിശ്വസിക്കാം മകളെ? സന്യാസിയെപ്പോലെ ഇരിക്കുന്ന അദ്ദേഹത്തിനെ കണികണ്ടാൽ വെള്ളം കിട്ടുകയില്ല. ദ്രോഹി! മഹാപാപി!'

സുഭദ്ര: 'അമ്മ ഇങ്ങനെ പറയുന്നതെന്തു്? അദ്ദേഹം പരമയോഗ്യനെന്നാണല്ലോ അദ്ദേഹത്തിന്റെ പക്ഷത്തുള്ളവർ പറയുന്നതു്.'

കാർത്ത്യായനിയമ്മ: 'നന്നായ് പറഞ്ഞു! ആഭാസൻ, മഹാ ആഭാസൻ. ആ അനന്തപത്മനാഭനേയും ദുർന്നടപ്പുകാരനാക്കി. അവസാനത്തിൽ കഴുത്തിൽ കത്തിയും

വച്ചു. ആർക്കുതോന്നും മകളേ, അങ്ങയെ ആശ്രയിച്ചവരോട് പ്രവർത്തിക്കാൻ?'.

സുഭദ്ര: 'എനിക്കൊന്നും മനസ്സിലാകുന്നില്ലമ്മാ. എന്തൊരു കഥയാണിത്? എളയതമ്പുരാന്റെ വലിയ സേവകനെന്നായിരുന്നല്ലോ കേൾവി. പഞ്ചവങ്കാട്ടിൽ യക്ഷി കൊന്നെന്നും മറ്റും ഉള്ള കഥയൊക്കെപ്പോയോ?'

കാർത്ത്യായനിയമ്മ: 'നീ തങ്കത്തിനോട് പറഞ്ഞത് ശരിതന്നെ. യക്ഷി കണ്ടതുമല്ല, കേട്ടതുമല്ല. ആ അറകൊല തമ്പുരാൻതന്നെയാണ് യക്ഷി. വെറുതെയാണോ നിന്റെ അമ്മാവനും മറ്റും ഇവരെ കണ്ടുകൂടാത്തത്? പരമദ്രോഹി! നാഗർകോവിലിലോ മറ്റോ ഉള്ള ഒരു തേവിടിശ്ശീടെ സംഗതിയിൽവച്ച് കലശലുണ്ടായിട്ടാണ് കൊലപാതകം മകളേ. ഈ കഥ അറിഞ്ഞിട്ടാണ് എന്റെ മകൾക്കിങ്ങനെ വന്നത്. അല്ലാതെ വറെ ഒന്നുമല്ല. അണ്ണനും മറ്റും എന്റെ പേരിൽ ബഹുദ്വേഷ്യമുണ്ട്. തമ്പി അദ്ദേഹമേ… വലിയതമ്പി അങ്ങുന്ന്, ഇവൾക്കു മുണ്ട് കൊടുത്താൽ കൊള്ളാമെന്ന് താൽപര്യപ്പെട്ട് ഇവിടെ വന്നു. മിനഞ്ഞാന്നു രാത്രി ഇവിടെ താമസിയ്ക്കയും ചെയ്തു. (സുഭദ്ര 'അ!' എന്ന് ആശ്ചര്യത്തോടുകൂടി ഉച്ചരിച്ചു) നീയും അണ്ണന്റെ ഭാഗത്തു തന്നെയോ? അത് അണ്ണന് രസിച്ചില്ല. (ഹാസ്യമായി) അതുകൊണ്ടു വന്ന ദണ്ഡമാണെന്നുതോന്നും. അവൾക്കു വേണ്ടിത്തന്നെയാണ് ഞാൻ ചെയ്ത ശ്രമങ്ങൾ; ഇതാ ഇങ്ങനെ വന്നുതീർന്നു എന്റെ മകളേ… നീ എന്താണാലോചിക്കുന്നത്?'

സുഭദ്ര: ‘അ … എന്തമ്മ? ആലോചിക്കുന്നതോ? ഒരു വസ്തുവുമില്ല. ഇവിടുന്ന് മോഷണംപോയ ഉരുപ്പടി വല്ലതും കിട്ടിയോ? നാരായണ! എന്ത് തമ്പുരാക്കന്മാരാണിത്!’

കാർത്ത്യായനിയമ്മ: ’ഒന്നും കിട്ടീല്ല. ആരു കൊണ്ടുപോയോ? ഈശ്വരനറിയാം! കൊണ്ടുപോയവർ വച്ച് വാഴട്ടെ. മകളേ, ഈ എളയ തമ്പുരാന്റെ കാര്യം ഒന്നും വെളിയിൽ പറയണ്ട. എന്റെ വ്യസനംകൊണ്ടു പറഞ്ഞു പോയതാണ്. നിന്നെ കണ്ടിട്ട് എന്തോ ഇന്നെനിക്ക്, … മകളേ … അ … ന … ന്ത … പത്മനാഭനുണ്ടായിരുന്നെങ്കിൽ ഇതെല്ലാം കാണാനിടവരുമോ പത്മനാഭ! നീ … നീ … നിന്നെ …’

സുഭദ്ര: ‘അമ്മ എന്താണിത് ഒന്നും കഴിക്കാത്തത്? വല്ലതും രോഗം വരുത്തിവച്ചാൽ തങ്കത്തിനെ സൂക്ഷിക്കാനാര്? കഴിഞ്ഞ കഥകളെക്കുറിച്ച് വ്യസനിച്ചിട്ട് കാര്യമില്ല. അമ്മ പറഞ്ഞ സംഗതി പുറത്താകില്ല. വ്യസനിക്കാതിരിക്കണം. തങ്കത്തിന്റെ ദീനം വേഗത്തിൽ വാശിയ്ക്കും.’

ഊണു കഴിഞ്ഞ് കാര്യത്ത്യായനിഅമ്മയും പാറുക്കുട്ടിയുടെ അടുത്ത് തിരിച്ച് ചെന്നപ്പോഴും പാറുക്കുട്ടി നിദ്രയിൽനിന്ന് ഉണർന്നിട്ടില്ല. ആശാൻ അടുത്തുതന്നെ നിധി കാക്കുന്ന ഭൂതംപോലെ നിൽക്കുന്നുണ്ട്. സുഭദ്രയെ കോപത്തോടുകൂടി ഇടക്കണ്ണിട്ട് നോക്കുകയും ചെയ്യുന്നു.

സുഭദ്ര: ‘എന്താണ് ആശാൻ നോക്കുന്നത് (സാവധാനത്തിൽ പുഞ്ചിരിയോടുകൂടി) മോഷ്ടിച്ചത് ഞാനല്ല; ഞാനറിഞ്ഞിട്ടുമില്ല. തങ്കത്തിനോട് എനിക്കും ആശാനെ

പ്പോലെതന്നെ ഇഷ്ടമുണ്ട്. വരണം, ആശാനു കളിയ്ക്ക ലശലായിരിക്കുന്നു. എന്നെക്കണ്ടിട്ടുള്ള ദേഷ്യംകൊണ്ട് വിറയ്ക്കയാണോ?'

കാർത്ത്യായനിയമ്മ: 'ആശാനും സുഖക്കേടുതന്നെ. നീ മിണ്ടാതിരിക്ക്. അതാ ... പിടിച്ചോ. ആശാൻ വീഴുന്നു.'

സുഭദ്രയുടെ വാക്കുകൾകേട്ട് വിറച്ചുതുടങ്ങിയ വൃദ്ധൻ ബോധക്ഷയത്തോടുകൂടി വീണുതുടങ്ങിയതിനെക്കണ്ടാണ് മേൽപ്രകാരം കാർത്ത്യായനിയമ്മ പറഞ്ഞത്. വൃദ്ധൻ നിലത്ത് വീഴുന്നതിനുമുമ്പായി സുഭദ്ര താങ്ങിക്കൊണ്ടു. ബോധവും ശ്വാസവും കൂടാതെ അൽപനേരം ആശാൻ കിടക്കുന്നതുകണ്ട് എല്ലാവരും സംഭ്രമപ്പെട്ടു. കാർത്ത്യായനിയമ്മ അടുത്തുചെന്ന് 'ആശാനേ ... ആശാനേ' എന്നു സ്നേഹത്തോടുകൂടി വിളിച്ചു. ഭൃത്യന്മാരും വട്ടമിട്ടു കരഞ്ഞുതുടങ്ങി. സുഭദ്ര എഴുന്നേറ്റ് കുറച്ചു വെള്ളം എടുത്ത് ആശാന്റെ മുഖത്തു തളിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ല. ശ്വാസമില്ലെന്നല്ല. എല്ലാവരും അധികമായ വ്യസനത്തോടുകൂടി നിൽക്കുന്നതിനിടയിൽ 'പിടിച്ചുകെട്ടിൻ. അവൻ. അവൻ. അവൻതന്നെ, അവന്റെ കൊടിലും തഞ്ചിയും.' എന്നു പുലമ്പിക്കൊണ്ട് ആശാൻ ഉണർന്നു. ആശാനെ കുറച്ചുനേരത്തേക്ക് ആരും ഉപദ്രവിച്ചില്ല. പിന്നീട്, ഓരോരുത്തർ ചോദ്യം ചെയ്യാനാരംഭിച്ചു. ആശാൻ മൗനവ്രതം ആചരിച്ചുകളഞ്ഞു. ഇങ്ങനെ മൗനവ്രതം അനുഷ്ഠിച്ചതിലും ആശാന്റെ ബോധക്ഷയത്തിലും എന്തോ സാരമുണ്ടെന്ന് ഊഹിച്ചിട്ട്, താൻ ഉപയോഗിച്ച വാക്കുകൾ എന്താണെന്നു സുഭദ്ര ആലോചിച്ചു. 'ഞാൻ കളിയ്ക്കാണല്ലോ പറഞ്ഞത്. മോഷ്ടിച്ചത് ഞാനല്ലെന്നും ഞാനറിഞ്ഞിട്ടി

ല്ലെന്നും... ഇതിൽ ആശാനെ ബാധിക്കാനെന്താണുള്ള തു്? ആകട്ടെ, ഇവിടുത്തെ സ്ഥിതികൾ മുഴുവൻ മനസ്സി ലാക്കട്ടെ. എന്താണോ അമ്മയ്ക്കു് ഇന്നെന്നെക്കുറിച്ചു് കുറ ച്ചു് സ്നേഹമായിരിക്കുന്നതു്? നല്ലകാലം വരാൻ പോകു ന്നതായിരിക്കാം. പാവപ്പെട്ട തങ്കത്തിന്റെ സ്ഥിതി മഹാ കഷ്ടം! എന്തു രോഗമാണിതു്? എങ്ങനെ വന്നു? മനോ വ്യസനത്താൽ വന്നതുതന്നെ. മിനിഞ്ഞാന്നു് രാത്രി തുട ങ്ങാനെന്തു്? തിരുമുഖത്തദ്ദേഹത്തിന്റെ മകന്റെ മരണകാ ര്യത്തെക്കുറിച്ചു് അറിഞ്ഞതുകൊണ്ടായിരിക്കാമോ? മി നിഞ്ഞാന്നാണോ ആ വർത്തമാനം ഇവിടെ എത്തിയ തു്? ആയിരിക്കാം. എന്നാൽ ഒന്നാലോചിക്കാനുണ്ടു്. രാ ത്രിയോ പകലോ ആ വർത്തമാനം കിട്ടിയതു്? മുമ്പിൽ മ രിച്ചിട്ടില്ലെന്നായിരുന്നു തങ്കത്തിന്റെ വിശ്വാസം. മരിച്ചു എ ന്നു് തീർച്ചയായ അറിവു് കിട്ടിയാൽ തങ്കം ഉടനേ വീഴേ ണ്ടതായിരുന്നു. എന്തെല്ലാമോ? ഒന്നും അറിവാൻ പാടി ല്ല. അമ്മയോട്ടു് തന്നെ എല്ലാം ചോദിച്ചറിയാം. ഇവിടെ ര ണ്ടു ദിവസം നിന്നാൽ ഞാനും കിടപ്പിലാകും. തങ്കത്തി ന്റെ മുഖം കാണുമ്പോൾ എന്റെ ഉള്ളു് കലങ്ങുന്നു. അമ്മ ഒ ടുവിൽ 'നീ... നീ... എന്നും മറ്റും പറഞ്ഞതിന്റെ സാരമെ ന്തു്?'

# 15

"ധന്യേ, മാനിനി,നീ മമ സദനേ താനേ വന്നതിനാൽ ശശിവദനേ,
മന്യേ മാമതിധന്യം ഭുവനേ മദകളകളഹംസാഞ്ചിതേ ഗമനേ."

ചെമ്പകശ്ശേരിയിൽ താമസിച്ച രാത്രിക്ക് അടുത്ത ദിവസം തമ്പിയുടെ സ്ഥിതി ആശ്ചര്യകരമായിട്ടുള്ളതായിരുന്നു. അദ്ദേഹത്തെ കാണുന്നതിനായി ചെന്ന ചില പ്രഭുക്കന്മാരുടെ ഉദ്ദേശ്യം സാധിക്കുന്നതിന് അവസരം കൊടുക്കാൻ വേണ്ടിടത്തോളം മനസ്സന്തോഷസമാധാനങ്ങൾ അദ്ദേഹത്തിനില്ലായിരുന്നു. 'എന്തു മായം!' എന്നിങ്ങനെ പറഞ്ഞുകൊണ്ടും അടുത്തുചെന്നവരോട് വൃഥാ കയർത്തും അങ്ങോട്ടും ഇങ്ങോട്ടും നടന്നും തന്നെ ദിവസം കഴിച്ചുകൂട്ടി. സുന്ദരയ്യൻ ചെമ്പകശ്ശേരിയിൽ പോയി മടങ്ങിച്ചെന്ന് പാറുക്കുട്ടിയുടെ സ്ഥിതിയെക്കുറിച്ച് ധരിപ്പിക്കുന്നതിന് ആരംഭിച്ചപ്പോൾ 'മേനാവു കൊണ്ടരട്ടെ… നിൽക്കു… വേണ്ട… എനിക്കൊന്നും കാണുകയും കേൾക്കുകയും വേണ്ട. എന്നോടൊന്നും പറയണ്ട… പൊയ്ക്കൊള്ളു' എന്ന് അതിദീനനായി പറഞ്ഞു. ഈ വാക്കുകൾ കേട്ട് സുന്ദരയ്യൻ ഇപ്രകാരം പറഞ്ഞ്, അദ്ദേഹത്തെ സമാധാനപ്പെടുത്തുന്നതിന് ശ്രമം ചെയ്തു: 'പോനാലും പോട്ടും അ

ങത്തെ; നൂറ്റിലെ ഒന്നു താനേ. ഇന്നുരിലെ പൊണ്ടികൾ ക്കു പഞ്ചമാ? ഇതെന്ന കൂത്ത്! ഇന്ത അവസരത്തിലെ യാ ഇന്ത പെൺക്കുത്തെല്ലാം!... ശി... ശി, ഇതാഹാ ത്.'

തമ്പിയുടെ മനസ്സിനെ പീഡിപ്പിക്കുന്ന സംഗതി അ റിയാതെ പറയപ്പെട്ട സ്വാന്തന വചനങ്ങൾ ഫലസി ദ്ധിക്ക് ഉപയുക്തമായിരുന്നില്ല. സുന്ദരയ്യന്റെ പക്കൽനി ന്നും ഒരു സംഗതി തമ്പിക്കും, തമ്പിയുടെ പക്കൽനിന്നും മ റ്റൊരു സംഗതി സുന്ദരയ്യനും ഗ്രഹിക്കാനുണ്ടായിരുന്നതി നാൽ അവരവരുടെ ഉദ്ദേശലാഭത്തിന് അനുരൂപമായു ള്ള മാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ട് രണ്ടുപേരും അൽപ നേരം മിണ്ടാതെ നിന്നു.

സുന്ദരയ്യൻ: (ആത്മഗതം) 'നേരെ കേട്ടാക്കൽ ശൊല്ലാത് ... പാർപ്പോം (പ്രകാശം) അങ്കത്തെ, ഇപ്പടി കൊഴന്ത യാട്ടം അഴവും കിഴവും ...'

തമ്പി: 'അഴവും കിഴവും! ആരാണെടാ കരയുന്നത്? ഭ്രാന്തു പറഞ്ഞാൽ അനുഭവമുണ്ട്. (ആത്മഗതം) കള്ളമേ പറ യുകയുള്ളൂ. പക്ഷേ ഇതിൽ കള്ളം പറഞ്ഞിട്ടു കാര്യമി ല്ലല്ലോ. ചോദിച്ചേക്കാം. അങ്ങനെയല്ല; സമ്പ്രദായത്തി ലാകുകയാണ് നന്ന്. അല്ലെങ്കിൽ ഇങ്ങോട്ടും നേരെ ചി ല ചോദ്യങ്ങൾ തുടങ്ങും. (പ്രകാശം) 'എന്തു ക്ഷീണമായി രുന്നെടോ ഇന്നലെ? ആ വീട്ടിനെ വലിച്ച് മണ്ടയിൽ കേറ്റുമെന്നെനിക്ക് തോന്നി. ശപ്പനെ ഒരിടത്തും കൊ ണ്ടുപൊയ്ക്കൂടാ. മഹാ കുംഭകർണ്ണൻ!'

സുന്ദരയ്യൻ: (ആത്മഗതം) 'ആഹാ! അപ്പടി ശാടട്ടും. ശ്രുന്ത രത്തുടെ കൊണത്തെ തെരിയാതാർക്കും.' '(പ്രകാശം)

അങ്കത്തെ, കണ്ണെ മൂടിനതിൽ പിറക് എന്ന ളുക്കം! ഭേഷാന മഴൈ! (ചിരിച്ചുകൊണ്ട്) അങ്കത്തെ ളുങ്കലെ പോലിരിക്കേം.'

തമ്പി: (തന്റെ താൽപര്യത്തിന് അനുസരണമായുള്ള മറുപടി കേട്ടുകൊണ്ട്, അതിന്റെ വക്താവിനെ ജനനാൽത്തന്നെ ബാധിച്ചിട്ടുള്ള കാപട്യത്തെക്കുറിച്ച് അധികം ആലോചിക്കാതെ സന്തോഷത്തോടുകൂടി) 'ഒന്നു ചോദിക്കുമ്പോൾ അതിന്റെ ഉത്തരവും ഇങ്ങോട്ടൊരു ചോദ്യവും! പിള്ളർക്കും പട്ടർക്കും എളുപ്പം കൊടുത്തുകൂടെന്നുള്ള ചൊല്ല്, അറിഞ്ഞു് പറഞ്ഞതാണ്. അധികപ്രസംഗം കേറി മുറ്റിപ്പോയി. പോയി കുടമൺ പിള്ളയുടെ വീട്ടിൽ പോകാൻ തയ്യാറാകു.'

സുന്ദരയ്യൻ: 'അതല്ല അങ്കത്തെ … അങ്കത്തെ നേത്തയ്ക്ക് ളുങ്കലെ … ഇന്നേക്കു മുഖത്തിലെ ഒരിതും കാണറതു് … അങ്കെ ആരോ കളവാണ്ടും ഇരുക്കു് …'

തമ്പി: 'ഗജപോക്കിരി! എന്താണ് സൂചിപ്പിക്കുന്നതു്? നാം മോഷ്ടിച്ചെന്നോ? ആരു് സംശയിക്കും നമ്മെ? തങ്കത്തിന്റെ വ്യാധിയെക്കുറിച്ച് നാം വ്യസനിക്കുന്നു. അതിനെക്കുറിച്ച് ചോദിക്കാൻ ആരുണ്ട്? കരുതി സംസാരിക്കു. ഫോ, മറയത്തു പോ.' (സുന്ദരയ്യൻ താൻ പറഞ്ഞതിന്റെ താൽപര്യത്തെ വ്യാഖ്യാനിച്ചു സമാധാന സഹിതം പറയുന്നതിന് ഒരുമ്പെടുകയാൽ) 'വേണ്ട, എനിക്കൊന്നും കേൾക്കണ്ട. വല്ലതും പറഞ്ഞാൽ നാക്കുപുറത്തു്. ശ്രീപത്മനാഭൻ തമ്പിയാണിതു്. നടപുറത്തു്.'

സുന്ദരയ്യൻ തല താഴ്ത്തിക്കൊണ്ട് പുറത്തിറങ്ങിപ്പോയി. തന്റെ വാക്കുകളുടെ ഗൗരവത്തെ ഓർത്തു് സന്തുഷ്ടനായി

തമ്പി അൽപനേരത്തേക്ക് തന്റെ മനോവേദനയെ മറന്നു നിന്നു. തമ്പിക്ക് അന്നത്തെ രാത്രി നിദ്ര ഉണ്ടായില്ലെന്നുതന്നെ പറയാം. സുന്ദരയ്യൻ അടുത്തില്ലാതിരുന്നതിനാലും, മുമ്പിലത്തെ രാത്രി തനിക്കു ലബ്ധമായ ഒരു ഭയങ്കരദർശനം ഓർത്തുണ്ടായ ഭയംകൊണ്ടും, എട്ടുവീട്ടിൽ പിള്ളമാരുടെ സംഘവിധി എങ്ങനെയായി വരുമെന്നുള്ള സംശയംകൊണ്ടും, മനസ്സിന് അതിരില്ലാത്ത ചാഞ്ചല്യങ്ങൾ ഉണ്ടായിരുന്നതിനാൽ നിദ്രയിൽ അഭിരുചിയില്ലാതെ തന്റെ ധൂളിമെത്തമേൽ കിടന്നുരുണ്ട് പാതിരാത്രി കഴിച്ചു. അർദ്ധരാത്രിയായിട്ടും സുന്ദരയ്യനെ കാണാത്തതിനാൽ തമ്പിയുടെ മനഃക്ലേശം വർദ്ധിച്ചു. എന്നാൽ തന്റെ നിലയനത്തിൽ കാവലായി കിടപ്പുള്ള അനേകഭടന്മാരിൽ ഒരുവനെയെങ്കിലും സുന്ദരയ്യനെ തിരക്കിവരുന്നതിന് നിയോഗിക്കാൻ തമ്പിയുടെ അന്നത്തെ ഭീരുത്വം അനുവദിച്ചില്ല. താംബൂലാദി ചതുഷ്ടയം അനവധി ചെലവാക്കിയും, ഭൃത്യജനങ്ങളെക്കൊണ്ട് വീശിച്ചും കാൽ തിരുമിച്ചും, ശേഷം രാത്രിയും കഴിച്ചുകൂട്ടി. രാവിലെ സുന്ദരയ്യന്റെ പ്രേതം എന്നു തോന്നിക്കുംവിധം, വിളറി കണ്ണുകൾ കുഴിഞ്ഞുതാണും, ഭയത്താലോ തന്റെ നേത്രങ്ങൾ വർഷിച്ച ജലംകൊണ്ടോ മറ്റോ വസ്ത്രം നനഞ്ഞതിനാലുണ്ടായ ശൈത്യത്താലോ, താടിവിറച്ച്, ദന്തങ്ങൾ തമ്മിൽ തകൃതിയായി താളം പിടിച്ചും, മുട്ടുകൾ തമ്മിൽ മുട്ടിയും, കാൽ, കരം എന്നിവ വിറച്ചും, ഒരു സത്വം തമ്പിയുടെ മുമ്പിൽ പ്രത്യക്ഷമായി. വിളറിയതിനാൽ ആളിന്റെ സൗന്ദര്യവും, എന്തോ സംഗതിവശാൽ മുഖത്തിന്റെ പുഷ്ടിയും കുറച്ചൊന്ന് കൂടീട്ടുണ്ട്. ഇപ്രകാരമെല്ലാം വന്നതിന്റെ കാരണം വായനക്കാർക്ക് അറിവുള്ളതാണല്ലോ.



കിള്ളിയാറ്റിന്റെ തീരപ്രദേശത്തെ ശഷ്പപങ്കാദികളായുള്ള വിവിധസാധന നിർമ്മിതമായ ശയ്യിൽനിന്ന് എഴുന്നേറ്റ്, അർദ്ധസ്നാനവും കഴിച്ച്, തന്റെ സ്വാമിയുടെ സന്നിധിയിൽ സുന്ദരയ്യൻ പ്രവേശിച്ചിരിക്കുന്നതാണ്. ഈ വിധം വിശേഷാകൃതിയിൽ കാണപ്പെട്ട പുരുഷൻ തന്റെ സേവകനായ സുന്ദരയ്യനാണെന്നു തമ്പിക്കു ബോദ്ധ്യപ്പെട്ടപ്പോൾ മെത്തയിൽനിന്ന് 'എട്ടുവീടർ ചതിച്ചോ?' എന്നു ചോദ്യം ചെയ്തുകൊണ്ട് ചാടിയെഴുന്നേറ്റു.

സുന്ദരയ്യൻ: (ഗദ്ഗദത്തോടും കണ്ണുനീരോടും) 'ഇ . . . ഇ . . . ഹില്ലെ. ഹതെല്ലാം . . . സു . . . സുമാർ.'

തമ്പി: (തന്റെ കാര്യം സാദ്ധ്യമായെന്നറിഞ്ഞതിനാൽ സുന്ദരയ്യന്റെ അവസ്ഥയെക്കുറിച്ച് അനുകമ്പ തോന്നിത്തുടങ്ങീട്ട്) 'അതെങ്ങനെയും പോട്ടെ . . . എന്റെ സുന്ദരത്തിനും വല്ല രോഗവും പിടിപെട്ടിരിക്കുന്നോ? പറയൂ, എന്തു കഷ്ടം!'

സുന്ദരയ്യൻ: ‘പൊന്നങ്കത്തെ, കാപ്പാത്തവേണം. ഇന്ത ഊരിലെ ഇരുന്നതും പോതും. അങ്കത്തയുടെ തൃപ്പാദത്തെ ആശ്രയിച്ചതും പോതും. അങ്കത്തെ മഹാബലിയാട്ടം ശക്രവർത്തിയാക ഇരും. ഒമ്മുടെ ദാസൻ ഇതോ പോറേൻ.’

ഇങ്ങനെ പറഞ്ഞുകൊണ്ട് യാത്രയ്ക്ക് അനുവാദത്തിനായി തമ്പിയുടെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ച് നിലത്ത് കിടന്നുകൊണ്ട്, മഹാപ്രാകൃതനായി കരഞ്ഞു തുടങ്ങി. സംഗതിയുടെ ഗ്രാഹ്യം ഇല്ലാതിരുന്നതിനാൽ ശരിയായ സമാധാനം പറവാൻ കഴിയാതെ തമ്പി ബുദ്ധികെട്ട് അൽപനേരം നിന്നുപോയി. അനന്തരം വാൽസല്യത്തോടുകൂടി രണ്ടു കരങ്ങൾകൊണ്ടും സുന്ദരയ്യനെ താങ്ങി എഴുന്നേൽപിച്ചു തലോടി ആശ്വസിപ്പിച്ചു. തമ്പിയുടെ ശുശ്രൂഷകൊണ്ട് സുന്ദരയ്യന്റെ സംഭ്രമവ്യസനങ്ങൾക്കു ശാന്തി വന്നു. ഒടുവിൽ, കുടമൺ പിള്ളയുടെ വീട്ടിൽ നടന്ന ആലോചനകളെയും, മടങ്ങി വരുന്ന വഴിക്ക് യുവാരാജാവിന്റെ പരിവാരങ്ങളിൽ പത്തിരുപതുപേർ തന്നെ കൊല്ലാൻ ശ്രമിച്ചു എന്നും, അവരിൽ ചിലരെ നിഗ്രഹിച്ചിട്ട് ഒടുംവഴിക്ക് പാദംതെറ്റി കിള്ളിയാറ്റിൽ വീണുപോയെന്നും, ഈശ്വരസഹായംകൊണ്ടു നീന്തി ഒരു കരപറ്റിയെന്നും മറ്റും മഹാവ്യാജങ്ങളെയും ബ്രാഹ്മണൻ തമ്പിയെ ഗ്രഹിപ്പിച്ചു. ആലോചനകളുടെ തീർച്ച കേട്ട് സന്തോഷവും ശത്രുഭടന്മാരുടെ കൃത്യത്തെ ഓർത്തു കോപവും ഇടകലർന്ന് ‘സുന്ദരം, കുറച്ചു ക്ഷമിച്ചോളൂ, അനുഭവിപ്പിച്ചേക്കാം. ഞാനുള്ളപ്പോൾ താൻ എങ്ങും പോകണ്ട. താൻ പോകുകേ? എന്നാൽ ഈ ഞാനും പുറകേ ഉ

ണ്ടു്'' എന്നുപറഞ്ഞു തന്റെ ആശ്രിതനെ ഭക്തവത്സലനായ തമ്പി ആശ്വസിപ്പിച്ചു.

അന്നുരാത്രി തമ്പി നേരത്തെ നിദ്രയ്ക്കാരംഭിച്ചിരിക്കുന്നു. സുന്ദരയ്യൻ താമസിപ്പിക്കുന്നതുകൊണ്ടുള്ള നീരസം തനിക്ക് ഇത്രയെന്നില്ല. ബ്രാഹ്മണനോട്ട് തമ്പി ഇങ്ങനെ പറയുന്നു; 'താനും ഇന്നലെ ഉറങ്ങീട്ടില്ലല്ലോ?'

സുന്ദരയ്യൻ: 'അതുക്കെന്ന? അങ്കത്തയുടെ കാര്യത്തേക്ക പോനാൽ ഉക്കമേതു് കീക്കമേതു്?'

തമ്പി: 'എടോ തന്റെ വാക്സാമർത്ഥ്യം കുറച്ചല്ല. രക്ഷാപുരുഷസ്ഥാനം എന്റെ പട്ടിക്കു വേണം. അങ്ങനെ സമ്മതിക്കാത്തതു് നന്നു്.'

സുന്ദരയ്യൻ: 'എന്നുടെ വാക്സാമർത്ഥ്യമോ? അങ്കത്തെയുടെ യശസ്സിനാലെ സാധിക്കറതു്.'

തമ്പി: 'സുന്ദരം, എനിക്ക് ഒരപേക്ഷ കൂടിയുണ്ടു്. തങ്കത്തിന്റെ സ്ഥിതി ഒന്നുകൂടി അന്വേഷിച്ചുവരണം. വല്ല ഹോമമോ മറ്റോ കഴിച്ചു് ഒന്നുഴിഞ്ഞുപറിച്ചു കളയാൻ പറയണം.'

സുന്ദരയ്യൻ: 'പയത്തുക്ക് അപ്പടിത്താൻ വേണം.'

തമ്പി: 'ശരിയാണു്. പറയാതിരിക്കരുതു്. ഭയംകൊണ്ടാണു് ഇതെല്ലാം വന്നതെന്നു തോന്നുന്നു.'

സുന്ദരയ്യൻ: 'ആയിരുക്കലാം. പയത്തുക്കു ശങ്കതി ഇല്ലെയേ.'

തമ്പി: 'നമുക്കറിയാമോ? വല്ലതുമുണ്ടായിരിക്കാം.'

സുന്ദരയ്യൻ: 'അങ്കത്തെ കണ്ടതിലെ.'

തമ്പി: (ആലോചിക്കാതെ) 'എപ്പഴെടോ?'

സുന്ദരയ്യൻ: 'രെണ്ടാമതു്.'

തമ്പി: 'താനുറങ്ങീല്ല. അവലക്ഷണം, കള്ളം പറഞ്ഞു.'

സുന്ദരയ്യൻ: 'ഊഹത്തെ വൈത്തു കേൾക്കിറേൻ; അവളവുതാൻ.'

തമ്പി: 'രണ്ടാമതും ഞാൻ അകത്തു് പോയെന്നു് ഊഹിക്കാൻ ഒരു സംഗതിയും ഇല്ല. തന്റെ മനോരാജ്യമാണു്. എനിക്കു് ഉള്ളിൽ ഒരു തീ ആയിരിക്കുന്നു. അവളെ വചാരിക്കുമ്പോൾ സഹിക്കുന്നില്ല. അവളെക്കൂടാതെ എനിക്കു് രാജ്യവും വേണ്ട, ഒന്നും വേണ്ട, പോയേച്ചു വരൂ. അധികം താമസിക്കരുതു്.'

'ഉത്തരവു്' എന്നു പറഞ്ഞുകൊണ്ടു് സുന്ദരയ്യൻ നടന്നു തുടങ്ങി. 'ദണ്ണം വാശിയാക്കുന്നവർക്കു് രണ്ടു കൈയ്ക്കും വീരശൃങ്ഖലയും അറുപത്തിനാലു പദവിയും ഉണ്ടെന്നു് പറഞ്ഞേക്കു,' എന്നു തമ്പി കിടന്നിടത്തുനിന്നു് നീങ്ങാതെ ഉറക്കെ ഉത്തരവുകൂടി കൊടുത്തു. 'ഉത്തരവു്' എന്നു പുറത്തുനിന്നു സുന്ദരയ്യൻ മൂളുകയും ചെയ്തു. സുന്ദരയ്യൻ പുറത്തേയ്ക്കു് നടകൊള്ളുന്നതിനിടയിൽ അദ്ദേഹത്തിന്റെ മനോവിചാരങ്ങൾ ഇങ്ങനെ ആയിരുന്നു: 'നടന്തതൈ മുച്ചൂടും തെരിയാവടിക്കു ശ്രുന്തരം അടങ്കുവനാ? ഉശിർ പോനാലും ഇവരെ വിടുവനാ? ശ്രുന്തരംകയ്യിലെ അമ്പു രെണ്ടിരുക്കു്. ഒരേ വാക്കാലെ കുടമൺ കിടമൺ പയകളെല്ലാം തിരിഞ്ചു് ഇവരെ കടിച്ചിഴപ്പാരെ. ചെമ്പകശ്ശേരിയിലേയ്ക്കു് പോവാൻ തുടങ്ങിയ സുന്ദരയ്യനു് ഇരുട്ടു കണ്ടപ്പോൾ പൂർവ്വരാത്രിയിലെ ദർശനം ഓർമ്മവന്നു് ഭയത്തോടുകൂടി തമ്പിയുടെ നാലുകെട്ടിൽ ഒരു കോണിൽ ഒളിച്ചിരുപ്പായി.

സുന്ദരയ്യൻ പുറത്തിറങ്ങിയതിന്റെ ശേഷം പാറുക്കുട്ടിയെ ഭാര്യയായി സ്വീകരിച്ചാലുള്ള പരമാനന്ദത്തെയും രാജാവായാലുള്ള പദവിയേയും സ്മരിച്ചുകൊണ്ട് തമ്പി സ്വപ്നാവസ്ഥയിൽ ലയിച്ചു. എന്നാൽ, ഈ അവസ്ഥയ്ക്ക് ക്ഷണംകൊണ്ടു ഭംഗം വന്നു. തന്റെ മുറിക്കകത്ത് ഒരു ശബ്ദംകേട്ട് തമ്പി ഞെട്ടി എഴുന്നേറ്റു. തന്റെ മുമ്പിൽ ഒരു സ്ത്രീ നിൽക്കുന്നതായി കണ്ടു. തന്റെ നേത്രങ്ങളെത്തന്നെ തമ്പിക്കു വിശ്വസിക്കാൻ പാടില്ലാതെയായി. കണ്ണുകൾ തിരുമ്മിയിട്ടു പിന്നെയും സൂക്ഷിച്ചുനോക്കി. കുങ്കുമച്ഛായ കലർന്നുള്ള കവിൾത്തടങ്ങളുടെ ഇടയിലായി കാണപ്പെട്ട ദന്തങ്ങളുടെ ശോഭ തന്റെ അന്തരംഗത്തേയും പ്രശോഭിപ്പിച്ചു. നേത്രങ്ങളിലും മറ്റും കോപലാഞ്ഛനകൾ ഉണ്ടായിരുന്നെങ്കിലും അഗ്രോന്നതമായുള്ള ശോണാധരത്തിൽ ചെറുപുഞ്ചിരി കളിയാടുന്നുണ്ട്. തമ്പിയുടെ സന്തോഷപാരവശ്യം വർണ്ണിക്കുക അശക്യമാണ്. ആനന്ദക്കടലിൽ മുങ്ങി തിരമാലകളിൽ നീന്തി കൈകാൽ കുഴങ്ങി, ഒരുവിധത്തിൽ മെത്തയിൽനിന്നു താഴത്തിറങ്ങി ശയ്യ തട്ടി ശരിയാക്കീട്ട് 'വരാം, ഇരിക്കാം. സേവിച്ചാൽ സ്ത്രീകളെത്തന്നെ സേവിക്കണം. പരമേശ്വരനെപ്പോലെ ആദ്യം ബുദ്ധിമുട്ടിക്കും. ഒടുവിൽ താനേ പ്രസാദിക്കും. ഇത്ര ദയ ഉണ്ടായല്ലോ ചെമ്പകത്തിന്. ആശ്ചര്യം! ഇങ്ങോട്ടുതന്നെ പോന്നല്ലോ. ധൈര്യം, മഹാധൈര്യം! അമ്മാവൻ അറിഞ്ഞിട്ടില്ലല്ലോ?' എന്നു കുശലപ്രശ്നം ചെയ്തു.

ആഗതയായ സ്ത്രീ കുടമൺ പിള്ളയുടെ അനന്തരവൾ സുഭദ്രയായിരുന്നു. ഈ സ്ത്രീയും തമ്പിയും പരസ്പരം കണ്ടിട്ട് ഏഴെട്ടുകൊല്ലമായിട്ടുണ്ട്. ഇവർ തമ്മിലുള്ള പരിചയ

ത്തിന്റെ സ്ഥിതിയും മറ്റും ഇവരുടെ സംവാദത്താൽ അറിയാവുന്നതാണ്. തമ്പിയുടെ പ്രസംഗം അവസാനിക്കുന്നതുവരെ സുഭദ്ര മിണ്ടാതെ നിന്നിട്ട് 'നേർവഴിക്ക് പോയാൽ കാര്യം സാധിക്കയില്ല' എന്നുള്ള വിചാരത്തോടുകൂടി തമ്പിയുടെ മനസ്സിൽ പ്രതിഷ്ഠിതമായിട്ടുള്ള പാറുക്കുട്ടിയുടെ വിഗ്രഹത്തെ അദ്ദേഹത്തിന്റെ പ്രേമമായുള്ള നാളത്തിൽനിന്ന് ഉദ്ധൂതമാക്കുന്നതായ ഒരു പുഞ്ചിരിയോടുകൂടി, 'അവിടുത്തെക്കണ്ടിട്ട് വളരെക്കാലമായി. പഴയ ബന്ധുക്കളെ കാണാൻ കൊതി തോന്നിയതിനെക്കുറിച്ച് അതിശയിക്കാനുണ്ടോ? ഇങ്ങോട്ടു പോന്നു എന്ന് അമ്മാവൻതന്നെ അറിഞ്ഞാലെന്ത്?'

തമ്പി: 'അറിഞ്ഞിരിക്കില്ല; തീർച്ചയാണ്. അമ്മാവന്റെ കണ്ണിൽ മണ്ണിടാൻ ചെമ്പകത്തിന് മിടുക്കുണ്ട്. ആട്ടെ, വരു; ഈ കട്ടിലിൽ കേറി ഇരിക്ക തന്നെ; മടിക്കേണ്ട. വന്നതിന്റെ ഉദ്ദേശ്യം എനിക്ക് മനസ്സിലായി. ഇന്നലത്തെ ആലോചനകൾ എന്തായിരുന്നുവെന്ന് ചെമ്പകം അറിഞ്ഞു; ഇനി സേവകൂടുക എന്നു നിശ്ചയിച്ചു. ആട്ടെ, എന്നാലും എനിക്ക് വിരോധമില്ല. അപ്പോൾ എന്നെക്കുറിച്ചല്ല എന്റെ കിരീടത്തെക്കുറിച്ചാണ് ചെമ്പകത്തിന് സ്നേഹം എന്നു തോന്നുന്നു. പോട്ടെ, എന്തായാലും എന്റെ അപേക്ഷ സാധിക്കുമല്ലോ. വരു, ചെമ്പകം; എന്തിനാണീ ലജ്ജയൊക്കെ?'

ഇങ്ങനെ പറഞ്ഞുകൊണ്ട് സുഭദ്രയെ പിടിച്ച് മഞ്ചത്തിന്മേൽ ആരോഹണം ചെയ്യിക്കാനായി തമ്പി ആ സ്ത്രീയുടെ അടുത്തണഞ്ഞു. എന്നാൽ ആ സ്ത്രീയുമായുള്ള തന്റെ പൂർ

വ്വപരിചയങ്ങളെ ഓർത്തതിൽ അപ്രകാരം ചെയ്യുന്നതിന് തമ്പിക്ക് ധൈര്യമുണ്ടായില്ല.

സുഭദ്ര: ( മധുരമായി) 'അവിടുത്തെ കട്ടിലിൽ ഇരിക്കാൻ വേറേ ആളുണ്ട്. ആ ഭാഗ്യം എനിക്ക് വേണ്ട; തങ്കത്തിനാണതു് വിധിച്ചിരിക്കുന്നതു്.'

തമ്പി: (ക്ഷീരംകൊണ്ടു തന്നെ അഭിഷേചിച്ചതുപോലെ ഉള്ളിൽ പരമസന്തോഷത്തോടുകൂടി) 'ഹൂ... കാട്ടുപോത്ത്! രസം അവളുടെ വഴിക്കേ പോയിട്ടില്ല. മണമില്ലാത്ത പൂവിനേയും കപ്പില്ലാത്ത കല്ലിനേയും ഗുണമറിയാത്തവർ അണിയും. തങ്കം കിടക്കുന്ന കിടപ്പെവിടെ? ചെമ്പകം എവിടെ? എന്റെ ഈ ഓമനച്ചെമ്പകം!' എന്നു പറഞ്ഞുകൊണ്ട് സുഭദ്രയെ ആലിംഗനം ചെയ്യുന്നതിനായി തന്റെ കൈ ഉയർത്തി.

സുഭദ്ര: 'വരട്ടെ, അവിടുന്ന് ഇരുന്നു സംസാരിക്കണം.'

തമ്പി: 'ചെമ്പകം ഇരിക്കാതെ ഞാനിരിക്കയോ? ഒരു കാലം ഇല്ല. പത്മനാഭ! എന്തുകാലം വെറുതെ കളഞ്ഞു! ചെമ്പകത്തിന്റെ കഠിനഹൃദയം! ഇരുമ്പും വജ്രവും തോറ്റുപോകും. ഇന്നുതന്നേ സ്ത്രീകളുടെ സ്വഭാവഗുണങ്ങളെ ഞാൻ അറിയുന്നുള്ളു. ചെമ്പകം ഇരുന്നാൽ ഞാനുമിരിക്കാം. വരൂ, ഓമനേ, മടി എന്തിന്?' തമ്പി ഇപ്രകാരം പറഞ്ഞുകൊണ്ട് സന്തോഷോൽക്കർഷത്താൽ മദോന്മത്തനായി സകല കഥയും മറന്ന്, സുഭദ്രയുടെ അരികിൽ വീണ്ടും അണഞ്ഞ്, ഒരു ഗാഢാശ്ലേഷത്തിന് ഒരുമ്പെട്ടു.

സുഭദ്ര: (പുറകോട്ടു മാറിനിന്നുകൊണ്ട്) 'എന്തു കഥയാണി തു്? മനുഷ്യർക്കിങ്ങനെ ഒരു ഭ്രമമുണ്ടോ? അച്ഛന് ചികി ത്സയ്ക്കു നല്ല വൈദ്യന്മാർ വന്നിട്ടുണ്ടല്ലോ. ഒരു തളം …'

തമ്പി: 'ഹ ഹ ഹ ഹ! എനിക്കു ഭ്രാന്തെന്നോ? അതിനു കാ രണം ആരു്? ഈ നിൽക്കുന്ന എന്റെ പൊന്നു തങ്കം.'

സുഭദ്ര: 'അങ്ങനെ … അതാ വന്നു മനസ്സിലിരിപ്പ്. ഈ നാ ട്യങ്ങൾ എന്തിനു്? അവിടുത്തേയ്ക്കു സ്നേഹം തങ്കത്തി നെയാണു്.'

തമ്പി: (തുള്ളിച്ചാടി പുരമുറിയിൽ ചുറ്റും നടനം ചെയ്തുകൊ ണ്ട്) 'അതാ ചാടി പെണ്ണുങ്ങളുടെ അസൂയ! അങ്ങനെ വ രട്ടെ. അമ്പോ! ചെമ്പകത്തിനും ഈ ദുശ്ശീലമുണ്ടോ? എ ന്നെ സ്നേഹമുണ്ട്. ഇല്ലെങ്കിൽ അസൂയ എന്തിനു്?'

സുഭദ്ര: (തമ്പി വലയിൽപ്പെട്ടു എന്ന് നിശ്ചയമായിട്ട്) 'ഇ ത്രയൊക്കെ ചാടേണ്ട. ഇങ്ങൊരസൂയയും ഇല്ല. വെറുതെ ഈ വലിയ ഭാവങ്ങളെന്തിനാണു്?'

തമ്പി: 'ഹേയി! ഇല്ല, ഒട്ടുമില്ല. ചെമ്പകം ദേഷ്യപ്പെടാ തെ. ഞാൻ ചെമ്പകശ്ശേരിയിൽ പോയതു് ആ മൂത്തപി ള്ളയെ നമ്മുടെ പാർശ്വത്തിൽ ആക്കാനാണു്, മറ്റൊ ന്നിനുമല്ല.'

സുഭദ്ര: 'എന്നാൽ തങ്കത്തിനെ കാണണമെന്നുണ്ടോ?'

തമ്പി: 'ഹേ! ഇതു വലിയ വഴക്കായല്ലോ. അല്ലേ, നല്ല പെ ണ്ണുങ്ങളെ വെറുതെ കാണാൻ കിട്ടിയാൽ വിടുന്നതാരാ ണു്?'

സുഭദ്ര: 'അവിടെ താമസിച്ചതോ?'

തമ്പി: (സുഭദ്രയുടെ മാത്സര്യത്തെ ഒന്നുകൂടി വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി) 'തങ്കത്തിനെ ഒന്നുകൂടി കാണാൻതന്നെ.'

സുഭദ്ര: 'പച്ചക്കൊതിയൻ! നാണമില്ലല്ലോ ഇങ്ങനെ വിളിച്ച് പറയാൻ.'

തമ്പി: 'നല്ല അഭിപ്രായം! പെണ്ണുങ്ങളെക്കാണുന്നത് കുറച്ചിലോ?'

സുഭദ്ര: 'കണ്ടു! മൂക്കിലിടിക്കും ചെന്നുകേറിയാൽ. എന്തോ അവർക്കു ദയതോന്നി ഒരിക്കൽ കാണാൻ സമ്മതിച്ചു. പിന്നെയും കണ്ടുപോലും! തണ്ടിനറ്റമില്ല.'

തമ്പി: 'പോടീ പോ; നീ എന്തറിഞ്ഞു? എല്ലാരും നിന്നെപ്പോലെ കമ്പിളികളാണെന്ന് വിചാരിച്ചോ? കാര്യക്കുട്ടികൾ വഴിയുംതെളിച്ച് വിളക്കും വച്ചുതന്നു. ആ പെണ്ണുമാത്രം ശവം.'

സുഭദ്ര: 'ചെമ്പകശ്ശേരിക്കാർ ഒരുകാലം ആ മാതിരിക്കാരല്ല. കള്ളം പറവാൻ അവിടുത്തേക്കു മാത്രം പ്രത്യേകം പിടിപാടുണ്ടെന്ന് തോന്നുന്നു.'

തമ്പി: 'നല്ല മാതിരിക്കാരെങ്കിൽത്തന്നെ ഞാൻ വിട്ടേക്കുമോ? നമ്മുടെ കയ്യിലില്ലയോ വിദ്യകൾ?'

സുഭദ്ര: (ആത്മഗതം) 'ഞാൻ സംശയിച്ചപോലെതന്നെ. ഇദ്ദേഹം എന്തോ ക്ഷുദ്രപ്രയോഗം ചെയ്തു' (പ്രകാശം) 'ബഹുസാമർത്ഥ്യം! എങ്കിലും ആ രാത്രിതന്നെ പിന്നെയും കണ്ടുകളഞ്ഞല്ലോ! ആരുമറിഞ്ഞിട്ടില്ല. അതാണ് അതിലെ രസികത്വം!'

തമ്പി: 'ഉറക്കംതുങ്ങി സുന്ദരത്തിനേയും മറികടന്നു ചെന്നു കണ്ടു.'

സുഭദ്ര: 'മര്യാദക്കാരൻതന്നെ! വല്ലോരും കണ്ടിരുന്നെങ്കിൽ പൂജ്യം എല്ലാം വെളിയിലായേനെ. അതു ഭാഗ്യമായിപ്പോയി, ആരും കാണാത്തതു്? തങ്കം എന്തു പറഞ്ഞു?.'

ഭയംകൊണ്ടോ, ശേഷം കഥയെ സുഭദ്രയോടു് പറവാൻ മടിതോന്നിയതിനാലോ സംഭാഷണഗതി മാറ്റുന്നതിനായി തമ്പി ഇങ്ങനെ പറഞ്ഞു:

'ചെമ്പകം, ഇരിക്കാതെ എന്തു നിലയാണിതു്? ഒന്നു മുറുക്കു. കേട്ടുകാണുമല്ലോ. അച്ഛന് ആലസ്യം കലശല്. നിന്റെ അമ്മാവൻ ...'

സുഭദ്ര: 'തങ്കം എന്തു സംസാരിച്ചു എന്നു ഞാൻ കേൾക്കുന്നതു് ശരിയല്ലതന്നെ. വേണ്ട ... ഞാനിതാ പോണു.'

തമ്പി: (ധൃതിയിൽ) 'പോകാതെ. തങ്കത്തിനെ രണ്ടാമതു് കണ്ടു എന്നു് പറഞ്ഞതു് കള്ളമാണു്.'

സുഭദ്ര: 'ഇപ്പറഞ്ഞതാണു കള്ളം. നിങ്ങളുടെ സ്വകാര്യങ്ങൾ ഒന്നും എനിക്കു കേൾക്കണ്ട. അവിടുന്നു് എന്നെ പത്തു വയസ്സു മുതൽക്കു് ഉരുട്ടിത്തുടങ്ങി. ഞാൻ അങ്ങയുടെ മിരട്ടിൽ ഉൾപ്പെട്ടില്ല. എന്നെ ഒരാൾ സംബന്ധം ചെയ്തു. അങ്ങേടെയും അങ്ങേടെ മന്ത്രി സുന്ദരയ്യന്റേയും കൃത്രിമംകൊണ്ടു് അദ്ദേഹം വീടും കുടിയും വിട്ടു് ഓടിപ്പോയി. ഇതൊന്നും ഞാൻ അറിഞ്ഞില്ലെന്നാണോ ഭാവം? പിന്നെയും അങ്ങു് അടുത്തുകൂടി എന്നെ പൊന്നു കൊണ്ടു് മൂടാമെന്നും മറ്റും പറഞ്ഞു. എ

ന്നിട്ടും ഞാൻ വശപ്പെട്ടില്ല. അങ്ങനെയുള്ള ഞാൻ ... തടുക്കേണ്ട, മുഴുവനും പറഞ്ഞുകൊള്ളട്ടെ ... ഇന്നു താനേ ഇവിടെ വന്നപ്പോൾ എന്റെ അവസ്ഥ പോയി; അങ്ങയ്ക്കും അങ്ങയുടെ തങ്കത്തിനും അവസ്ഥ കൂടുകയും ചെയ്തു. മതി അങ്ങുന്നേ, മതി.'

'അങ്ങുന്ന്' എന്നുള്ള ബഹുമാനസൂചകമായുള്ള പദം സുഭദ്രയുടെ നാവിൽനിന്നു പുറപ്പെട്ടതുകേട്ട് തമ്പിക്കുണ്ടായ സന്തോഷം സുഭദ്രയുടെ ആഗമനസമയത്തുണ്ടായതിലും ശതഗുണം വലുതായിരുന്നു. തമ്പിയോടുള്ള പ്രഭാഷണങ്ങളിൽ അദ്ദേഹത്തിന്റെ പിതാവിന്റെ സകല പ്രജകളും ... സ്ത്രീകളും പുരുഷന്മാരും ... 'അങ്ങുന്ന്' എന്നുള്ള ബഹുമാനവചനത്തെ ഉപയോഗിക്കാറുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ആവിധമുള്ള അവസ്ഥയ്ക്ക് അർഹതയില്ലെന്നുള്ള ആക്ഷേപത്തെ ആസ്പദമാക്കി, സുഭദ്ര തന്റെ സംഭാഷണങ്ങളിൽ ആ പദത്തെ ഉപയോഗിക്കാതെ വന്നിരുന്നു. എല്ലാ അങ്ങത്തമാർക്കും സാധാരണയായി 'അങ്ങുന്ന്' എന്നുള്ള പദം കർണ്ണപീയൂഷമാണ്. വിശേഷിച്ചും സുഭദ്ര തന്റെ ഗർവ്വങ്ങൾ തിരസ്കരിച്ച് ഈ പദം ഉപയോഗിച്ചതാണെന്ന് തമ്പിക്കു മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ സർവ്വസ്വവും സുഭദ്രയ്ക്കായി അട്ടിപ്പേറെഴുതി പാദകാണിക്കയായി സമർപ്പിക്കുന്നതിനും അദ്ദേഹം സന്നദ്ധനായി. 'ഛേ ... ചെമ്പകം, കഠിനവാക്ക് പറയാതെ. നിന്റെ വിശേഷ ഗുണങ്ങൾ എന്നെപ്പോലെ ആരറിഞ്ഞിരിക്കുന്നു? എല്ലാം നിന്നോടു പറയാം. പൊന്നെ, നീ ഭയപ്പെടുമെന്ന് വിചാരിച്ചാണ് ഞാൻ മുഴുവനും പറയാത്തത്. പറഞ്ഞേ തീരുവോ?'

സുഭദ്ര: ‘മനസ്സാണെങ്കിൽ പറയണം. അടിയോ പിടിയോ ഉണ്ടോ ഇതിന്? നിർബന്ധിക്കാൻ എനിക്കെന്തവകാശം? പണ്ടേതന്നെ അങ്ങത്തെ ശത്രു; ലോകർ വേറേവിധം വിചാരിക്കുന്നെങ്കിലും ...’

തമ്പി: ‘ലോകർ! ശവങ്ങളെക്കൊണ്ട് ചുട്. എന്തു പറഞ്ഞു? ചെമ്പകത്തിന് എന്നോടു ചോദിക്കാൻ അവകാശമില്ലെന്നോ? എന്നാലിന്നീ ഞാനുമില്ല. ചെമ്പകത്തിന്റെ മനസ്സിന് വെളിവില്ല. കാര്യം അങ്ങനെയാണ്. ഞാനൊന്നും ഒളിക്കുന്നില്ല. അറപ്പുരയിൽ രണ്ടാമതും പോയി; ഉള്ളത് തന്നെ. പക്ഷേ, ആഭാസനെന്നു വിചാരിക്കരുതെന്നെ. സത്യം ഇങ്ങനെ ആയിരുന്നു. തങ്കത്തിന്റെ സൗന്ദര്യത്തിനും ഒരു വിശേഷഗുണമൊക്കെയുണ്ട്. എനിക്കു കണ്ടിട്ട് കുറച്ച് ഭ്രമം തോന്നീലെന്നുമില്ല. എന്നാൽ രണ്ടാമതും കാണമണെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. അച്ഛനാണെ ഇല്ല. ഉറങ്ങിത്തുടങ്ങിയപ്പോൾ എന്തു ശക്തിയാണെന്നറിഞ്ഞില്ല, എന്നെ ഉണർത്തി. ഞാൻ എഴീച്ച്. എനിക്ക് അവളുടെ അടുത്ത് സ്വാതന്ത്ര്യമായി ചെല്ലുന്നതിന് അവകാശമുണ്ടെന്ന് എങ്ങനെയോ തോന്നിപ്പോയി. അല്ലെന്നു വിചാരിക്കുന്നുണ്ടോ? ഞാൻ പറയുന്നതു പത്മനാഭനാണെ സത്യമാണ്.’

സുഭദ്ര: ‘ആയിരിക്കാം. അന്തസ്സുള്ളവർക്ക് അങ്ങനെ ഒക്കെ ബുദ്ധിക്ക് പകർച്ചകൾ വരും. ഒന്നല്ലല്ലോ ആലോചിക്കേണ്ട കാര്യം. ശേഷവും കേൾക്കട്ടെ.’

തമ്പി: ‘ചെമ്പകത്തിന് എന്നെക്കുറിച്ച് സ്നേഹമുണ്ടെന്നറി അങ്ങനെ വരില്ലായിരുന്നു.’

സുഭദ്ര: (മുഷിഞ്ഞ നാട്യത്തോടുകൂടി) 'ഇത്ര സമ്പ്രദായക്കാരനോ അങ്ങുന്ന്?'

തമ്പി: 'സമ്പ്രദായമല്ല; പറയാം. ഞാൻ അകത്തു ചെന്നു. തങ്കം ഉറങ്ങുകയായിരുന്നു.'

സുഭദ്ര: 'മുഖം കണ്ടോ?'

തമ്പി: 'കണ്ടു.'

സുഭദ്ര: 'സ്വസ്ഥമായുറങ്ങുന്നെന്നാണോ തോന്നിയത്?'

തമ്പി: 'അതെതെ. അപ്പോൾ ദീനം തുടങ്ങിയിട്ടില്ലായിരുന്നു. ഞാൻ ഉണർത്താനായി കൈനീട്ടി. അപ്പോൾ ... അയ്യോ! ചെമ്പകം ... എന്നെപ്പിടിച്ചോ ... തല ചുറ്റിക്കൊണ്ടു വരുന്നു.'

സുഭദ്ര: (ദേഷ്യത്തോടുകൂടി) 'തല ചുറ്റുന്നത് സുന്ദരയ്യന്റെ മരുന്ന് സേവിച്ചതുകൊണ്ടായിരിക്കാം.'

തമ്പി: (ആശ്ചര്യം നടിച്ചുകൊണ്ട്) 'ഇതാരു പറഞ്ഞു നിന്നോട്? സുന്ദരയ്യന്റെ മരുന്നോ? ഞാൻ സേവിക്കയോ? ഇങ്ങനെയാണിതാ അപവാദങ്ങൾ ഉണ്ടാകുന്നത്. ആളുകൾക്ക് എന്തും പറയാമെന്നതന്നെ.'

സുഭദ്ര: 'അങ്ങു ഗണപതികൊണ്ട് നേരം വെളുപ്പിക്കും.'

തമ്പി: 'ദേഷ്യപ്പെടാതെ. അന്നത്തെ കഥ വിചാരിക്കുമ്പോൾ ഉടൽ തളരുന്നു. തങ്കം പാതിവ്രത്യമുള്ളവളാണ്, സംശയമില്ല. (തമ്പി തന്റെ കട്ടിലിന്മേൽ ചാരിക്കൊള്ളുന്നു.) 'ആ വിളക്കൊന്നു തെളിക്കു ചെമ്പകം.' (സുഭദ്ര അപ്രകാരം ചെയ്തു.) 'ആ കതകം അടച്ചേക്കു' (സുഭദ്ര സംശയിച്ചു.)

'വേണ്ട, ചെമ്പകം എന്റെ അടുത്തുണ്ടല്ലോ. ചെമ്പകം തങ്കത്തിനെ തൊടാൻ തുടങ്ങിയപ്പോൾ ഒരു ...' (അപസ്മാര ഉപദ്രവം ഉള്ളതുപോലെ ചില ചലനങ്ങൾ തമ്പിയുടെ ശരീരത്തിനുണ്ടായി. കണ്ഠത്തിൽ കഫം നിറഞ്ഞുതിങ്ങിയതുപോലെ സ്വരം അസ്പഷ്ടമായും തീർന്നു.)

സുഭദ്ര: 'ഒരു എന്താണ്? പറയരുതോ? ബാധഉപദ്രവം പുരുഷന്മാർക്ക് ഞാനിന്ന് ആദ്യം കാണുകയാണ്.'

ഈ വാക്കുകൾ കത്തുന്ന തീയിൽ തൈലവർഷം ചെയ്തതുപോലെ തമ്പിയുടെ സംഭ്രമങ്ങളെ വർദ്ധിപ്പിച്ചു.

തമ്പി: 'എങ്ങനെയോ ഒരാൾ ആ സമയത്ത് എന്റെ അടുത്തെത്തി.'

സുഭദ്ര: 'ആരായിരുന്നു? മൂത്തപിള്ളമ്മാവനോ?'

തമ്പി: 'അല്ല.'

സുഭദ്ര: 'കഴക്കൂട്ടത്തു ചേട്ടനോ?'

തമ്പി: 'അവരാരുമല്ല. വേറെ.'

സുഭദ്ര: 'അവിടുത്തെ ശത്രുവോ?'

തമ്പി: 'എന്തു പറഞ്ഞു? ... ചെമ്പകം എല്ലാം അറിഞ്ഞുകൊണ്ട് ചോദിക്കയാണ്.'

സുഭദ്ര: 'അവിടുത്തെ പരിഭ്രമം കണ്ട് ഇളയതമ്പുരാൻ തിരുമേനി ആയിരിക്കുമെന്ന് ഊഹിച്ചതാണ്.'

തമ്പി: 'തിരുമേനി! അദ്ദേഹമല്ല. എന്റെ മറ്റേ ശത്രു.'

മഹാധൈര്യവതിയായ സുഭദ്രയും 'അയ്യോ' എന്നു സ്വബോധരഹിതമായി വിളിച്ചുപോയി. 'ആരങ്ങുന്നെ? വെളിവായിപ്പറയണം.'

തമ്പി: 'ചെമ്പകം ഇപ്പോൾ വിചാരിച്ച ആൾതന്നെ. അതിനെപ്പറ്റി സംസാരിക്കണ്ട. എന്റെ അകം വേകുന്നു.'

സുഭദ്ര: 'തിരുമുഖത്തെ ...?'

തമ്പി: 'അ ... അ ... അവൻ തന്നെ. അതു പോട്ടെ. വേറേ കാര്യം ചോദിക്ക്.'

സുഭദ്ര: (കുറച്ചുനേരം ആലോചനയോടുകൂടി നിന്നിട്ട്) 'ഈ പറഞ്ഞത് സത്യമാണോ അങ്ങുന്നേ?'

തമ്പി: 'എന്നാണെ, നിന്നാണെ, ഈ ദീപത്താണ സത്യം.'

സുഭദ്ര: 'അങ്ങുന്നു തങ്കത്തിനെ തൊട്ടില്ലയോ?'

തമ്പി: 'ഇല്ല.'

സുഭദ്ര: 'ഒന്നുകൂടി ചോദിക്കട്ടെ. വല്ല മരുന്നോ മന്ത്രമോ വിദ്യയോ അങ്ങുന്നു പ്രയോഗിച്ചോ?'

തമ്പി: 'ഹെയ്! ഒരു വസ്തു ഉണ്ടായില്ല.'

സുഭദ്ര: 'ആഭരണങ്ങളുടെ കഥ കേട്ടോ?'

തമ്പി: 'കേട്ടു. ഞാൻ കണ്ടതും കേട്ടതുമല്ല. ആകപ്പാടെ എനിക്ക് ഉറക്കം പോലുമില്ല.'

സുഭദ്ര: 'അങ്ങുന്നു കണ്ടത് അനന്തപത്മനാഭനെത്തന്നെയോ?'

തമ്പി: 'അവന്റെ പ്... പ്... പ്ര... പ്രേതം. ആ മഹാപാപി ഇളയതമ്പുരാൻ ചെയ്ത ചെലവ്. സേവ മുഴുത്തപ്പോൾ ഉയിരോടെ സ്വർഗ്ഗത്തയച്ചു.'

സുഭദ്ര: 'കേട്ടു ഇളയതമ്പുരാനാണ് കൊന്നതെന്ന്. വെറുതെ യക്ഷിയെന്നല്ലാവരും പറഞ്ഞു. അങ്ങത്തേയും ചിലർ സംശയിച്ചു.'

തമ്പി: 'ചെമ്പകത്തിനു കിട്ടാത്ത വർത്തമാനം ഒന്നുമില്ല.'

സുഭദ്ര: 'അങ്ങത്തേക്കു് പ്രേതത്തെക്കണ്ടു് ഭയം ഉണ്ടായില്ലയോ?'

തമ്പി: 'നാരായണ! എന്നെ തൊട്ടു എന്ന് എനിക്കു് ഓർമ്മയുണ്ടു്. പിന്നെ സുന്ദരം ഉണർത്തിയതും ഓർമ്മയുണ്ടു്. അതു വെളുക്കാറായപ്പോളായിരുന്നു.'

സുഭദ്ര: 'പട്ടുറങ്ങിക്കിടന്നോ ഉണർന്നുകിടന്നോ?'

തമ്പി: 'ആദ്യം ഉറങ്ങിക്കിടന്നു. പിന്നത്തെക്കാര്യം എനിക്കറിഞ്ഞുകൂടാ.'

സുഭദ്ര: 'പടിഞ്ഞാറെക്കതകു തുറന്നു കിടന്നോ?'

തമ്പി: 'ഇല്ല. മഴ കലശലായിരുന്നു. ഒരു പ്രാണി അപ്പോൾ സഞ്ചരിക്കുല്ല.'

സുഭദ്ര: (ഇദ്ദേഹം പിഴച്ചതല്ല. അന്വേഷണം വേറെതന്നെ ചെയ്യണം എന്നു നിശ്ചയിച്ചുകൊണ്ടു്) 'ഞാൻ പോണു. കിടന്നുറങ്ങണം.'

തമ്പി: 'എന്നെ ഈ സ്ഥിതിയൽ വിട്ടിട്ടോ?'

സുഭദ്ര: "ഈ സ്ഥിതിയിൽ വിടുന്നില്ല. കുറച്ചു ഗുണദോഷം പറഞ്ഞു തരാം. ഞാൻ വെറുതെ വന്നതാകരുതല്ലോ. കേട്ടുകൊള്ളണം."

തമ്പി: "എനിക്കൊന്നും കേൾക്കണ്ട. ഒന്നു പാടിയാൽ പക്ഷേ, കേൾക്കാം."

സുഭദ്ര: "പാടാൻ ശിവകാമിയുണ്ട്. ഗുണദോഷിക്കാനും ഒരു ബന്ധു വേണമല്ലോ? അതിനു ഞാൻ."

തമ്പി: "നീ എന്നെ വെറുതെ വഞ്ചിക്കാൻ വരികയായിരുന്നോ?"

സുഭദ്ര: "നല്ല ഉപദേശം തരുന്നതു് വഞ്ചനയാണെങ്കിൽ വഞ്ചിക്കാൻ തന്നെ."

തമ്പി: "എന്നെക്കൊണ്ടു് എല്ലാം പറയിച്ചിട്ടു് ഇതെന്തു മാതിരി?"

സുഭദ്ര: "അതിന്റെ പ്രതിഫലം ഇതാ. അങ്ങു വെറുതെ ആളുകളെ കൊല്ലിക്കാൻ തുടങ്ങരുതു്."

തമ്പി: "ഇന്നലത്തെ ആലോചന അറിഞ്ഞു എന്നു് ഇപ്പോൾ തീർച്ചയായി. അതു പറയാനാണു നീ വന്നതു്."

സുഭദ്ര: "വലിയ ദോഷം തന്നെ ഞാൻ ചെയ്യുന്നതു്."

തമ്പി: (ദേഷ്യത്തോടുകൂടി) "നിന്റെ വെളുത്ത തൊലി കണ്ടു് എന്റെ മതി മറന്നു പോയിട്ടില്ല."

സുഭദ്ര: "പട്ടം കെട്ടീട്ടു് ഈ ദേഷ്യം ആകാം."

തമ്പി: "പട്ടം കെട്ടുകയില്ലെന്നോ?"

സുഭദ്ര: "ഇല്ലതന്നെ. അമ്മാവൻ മുതൽപ്പേരാൽ ഒന്നും സാദ്ധ്യമാകയില്ല. പണ്ടത്തെക്കാലമൊക്കെപ്പോയി."

തമ്പി: "കുടികൾക്കും ഇളയതമ്പുരാനോടു വിരോധമാണല്ലോ."

സുഭദ്ര: "അവിടുത്തേക്കു വിരോധമുണ്ടെന്നു കാണുക കൊണ്ടും അവിടത്തെ അച്ഛൻ തിരുമേനി ജീവിച്ചിരിക്കുന്നതുകൊണ്ടും ആ കക്ഷിയിൽ ആളുകൾ ചേരുന്നില്ല. ഇന്നു നാടു നീങ്ങട്ടെ; അങ്ങേ എല്ലാവരും ചാണകത്തിനു സമമാക്കിക്കളയും. ഇവിടത്തെ ആളുകളുടെ സ്ഥിതി അറിയാതെ വെറുതെ ചാടുന്നല്ലോ."

തമ്പി: "മധുരപ്പടയെ ഞാൻ കൈവശപ്പെടുത്തും."

സുഭദ്ര: "അങ്ങേക്ക് പണമോ?"

തമ്പി: "എന്റെ മുതൽ സകലതും പോട്ടെ."

സുഭദ്ര: "രണ്ടു മാസത്തേക്കു കാണും. മധുരപ്പടയെ ഇങ്ങോട്ടു ചേർക്കാൻ വിചാരിക്കേണ്ട. അവരുടെ നാഥന്മാർ അറിഞ്ഞാൽ ഉടനെ തിരിച്ചു വിളിക്കും. അല്ലെങ്കിൽ രാജ്യത്തിന്റെ നാഥന്മാരെ സഹായിക്കാൻ ചട്ടം കെട്ടും. ഇപ്പോഴത്തെ അവരുടെ പിണക്കം ആ ദിക്കിൽ അറിഞ്ഞു കാണുകയില്ല."

തമ്പി: "അവർ തിരുമുഖത്തു പിള്ളയെ വിട്ടു പോകുല്ല."

സുഭദ്ര: "അദ്ദേഹം അങ്ങത്തെ ഭാഗത്താണോ?"

തമ്പി: "സംശയമോ? അയാൾതന്നെയാണ് എല്ലാം തിരക്കി കൊലപാതകസംഗതി കൊച്ചുതമ്പുരാന്റെ തലയിൽ സ്ഥാപിച്ചത്. പത്മനാഭപുരത്തുവച്ച് എന്നെ വന്നു കണ്ടു."

സുഭദ്ര: "അങ്ങത്തെ തടഞ്ഞ പ്രേതം അവിടെച്ചെന്ന് അദ്ദേഹത്തിനേയും കണ്ടാലോ?"

തമ്പി: (വല്ലാതെ ആയി) "എന്നാൽ എനിക്കു ബഹു അനുകൂലം."

സുഭദ്ര: "വേൽക്കാരൻ വേലുക്കുറുപ്പിനെ സാക്ഷിയാക്കണം. എന്നാൽ പക്ഷേ, അനുകൂലമാകും."

ഇങ്ങനെ പ്രതികൂലാർത്ഥമായും ഹാസ്യമായും സുഭദ്ര പറഞ്ഞ വാക്കുകൾ കേട്ട് തമ്പി അതിപരവശനായി. തനിക്ക് അത്യന്തം ആപൽക്കരമായ ഒരു സംഗതി ഗ്രഹിച്ചിരിക്കുന്ന ഇവളെ സംശയം കൂടാതെ ഈ അവസരത്തിൽ ഒടുക്കേണ്ടതാനെന്ന് നിശ്ചയിച്ചും അതിലേക്ക് 'വേലുവും ഇല്ലല്ലോ' എന്നു വിചാരിച്ചുകൊണ്ടും തന്റെ തലയണയ്ക്കടിയിൽനിന്ന് സ്വർണ്ണപ്പിടിയോട് കൂടിയതായ ഒരു ചെറിയ കഠാരി എടുത്ത് ഓങ്ങി സുഭദ്രയുടെ മാറത്ത് കുത്താനായി അടുത്തു. നിന്നിരുന്ന സ്ഥാനത്തുനിന്ന് ഒരു രേഖ അളവുപോലും നീങ്ങാതെ സുഭദ്ര ഇങ്ങനെ പറഞ്ഞു: "കുത്തണം, മടിക്കേണ്ട; ശൂരന്മാർക്ക് ഉചിതമാണിത്. ഒന്നിനെ മറയ്ക്കാൻ മറ്റൊന്ന്; അത്രയല്ലെ ഉള്ളു. സാരമില്ല. എത്ര പുഴുക്കളെ നാം ദിവസം ചവിട്ടിക്കൊല്ലുന്നു. അതുപോലെതന്നെ. കൈ പിൻവലിക്കുന്നോ? ക്ഷത്രിയനാകാൻ പോകുന്ന അവിടുത്തേക്ക് ആയുധം പിൻവലിക്കുന്നത് ഉചിതമോ? അല്ലേ... എങ്ങോട്ടു മാറുന്നു? സത്യമില്ല, മാനമില്ല, മര്യാദയില്ല, മനുഷ്യരെക്കുറിച്ച് ദയയില്ല. എന്നിട്ട് രാജ്യം കൊതിക്കുന്നു. കോഴിയെ വളർത്താൻ കുറുക്കന്റെ കൈയിൽ ഏല്പിക്കുന്നതുപോലെ ആകും അങ്ങേ രാജാവാക്കിയാൽ. എന്തിനു പല്ലു കടിച്ചുകൊണ്ട് തുള്ളുന്നു?"

തമ്പി: (ആയുധം പിൻവലിച്ചിട്ട്) "ചെമ്പകം, ക്ഷമിക്ക്... ഇപ്പോൾ, എന്റെ ആഗ്രഹങ്ങൾ സാധിക്കാൻ പോകുന്ന

ഈ കാലത്തു്, വിപരീതമായി നില്ക്കാതെ, ചതിക്കാതെ, മാനം കെടുക്കാതെ …”

സുഭദ്ര: “മറ്റുള്ളവർക്കു ദോഷമില്ലെങ്കിൽ ഞാൻ ഒന്നിനും തുടങ്ങുകയില്ല. വിശേഷിച്ചും തങ്കത്തിനെ ഇനി ഒരു വിധത്തിലും ഉപദ്രവിക്കരുതു്.”

തമ്പി: “ഇല്ല … എല്ലാം നിന്റെ മനസ്സുപോലെ നടക്കാം.”

“എന്നാൽ അങ്ങയ്ക്കു നന്നു്” എന്നു പറഞ്ഞുകൊണ്ടു സുഭദ്ര തമ്പിയുടെ മുമ്പിൽനിന്നു മറഞ്ഞു. തമ്പി ക്ഷീണിച്ചു വിയർത്തു് “എന്തെല്ലാം വരുത്തിവയ്ക്കുന്നോ ശനി! എന്തു സൗന്ദര്യമോ!” എന്നെല്ലാം ആലോചിച്ചുകൊണ്ടു് കുറച്ചുനേരം കിടന്നു. പിന്നീടു് “ആരവിടെ?” എന്നു തന്റെ ഭൃത്യരെ വിളിച്ചു. സുന്ദരയ്യൻ മുമ്പിൽ എത്തി. തമ്പിയും സുഭദ്രയും തമ്മിൽ സംസാരിച്ചതിൽ ഒരക്ഷരം തെറ്റാതെ സകലതും ഈ ബ്രാഹ്മണൻ പതുങ്ങിനിന്നു കേട്ടിരിക്കുന്നു.

തമ്പി: (ചിരിച്ചുംകൊണ്ടു്) “നമ്മുടെ ചെമ്പകം ഇവിടെ വന്നിരുന്നു. കണ്ടോ താൻ?”

സുന്ദരയ്യൻ: “ഇങ്കയാ? ഉള്ളതുതാനോ അങ്കത്തെ?”

തമ്പി: “സത്യമെടോ. കാര്യം വെടിപ്പല്ല. അവൾ വേണ്ടാത്തതൊക്കെ അറിഞ്ഞിരിക്കുന്നു. നമ്മെ കണക്കറ്റു ശകാരിക്കുകയും ചെയ്തു.”

സുന്ദരയ്യൻ: “സ്ഥാനേ സ്ഥിതസ്യ പത്മസ്യഹ …”

തമ്പി: (‘ആ!’ എന്നലറിക്കൊണ്ടു്) “പത്തു ലക്ഷം ഉരു ആയി. സ്ഥാനേ സ്ഥിതസ്യഹാ … മണ്ണാങ്കട്ടിഹീ! മിണ്ടാതിരിക്കു.”

ഇവരുടെ സംവാദം ഏകദേശം നാലഞ്ചു നാഴികനേരം ഉണ്ടായിരുന്നു. ഒടുവിൽ തമ്പി ഇങ്ങനെ പറയുകയുണ്ടായി: “ആട്ടെ, മനസ്സുപോലെ ചെയ്യൂ. മഹാ കഷ്ടമാണ്. എന്തുചെയ്യാം? പക്ഷേ, രാമനാമഠം മുതലായവർക്കു് സംശയം പോലും ജനിക്കരുത്.”

# 16

"വിന്ധ്യനെ ഇളക്കുവൻ സിന്ധുക്കൾ കലക്കുവൻ
ഹന്ത വിവിദൻ മനസി ചിന്തിതമിളക്കുമോ?"

തിരുവനന്തപുരം പട്ടണത്തിന്റെ ദക്ഷിണ ഭാഗമാകുന്ന മണക്കാടെന്ന ദിക്കിൽ, മുകിലന്റെ ആക്രമണകാലത്ത് സുന്നത്തു ചെയ്ത മഹമ്മദീയരാക്കപ്പെട്ട ചില കുടുംബങ്ങളുടെ വാസസ്ഥലങ്ങൾക്കു സമീപിച്ച്, കണ്ടൻകത്തിരി, തകര മുതലായ പാഴ്ച്ചെടികൾ നിറഞ്ഞിട്ടുള്ളതായി കുറേ സ്ഥലം മരുഭൂമിയായി കിടന്നിരുന്നു. ഈ ഭൂമി വെട്ടിത്തെളിച്ച്, രാമവർമ്മ മഹാരാജാവിന് ആലസ്യം തുടങ്ങിയ ഇടയ്ക്ക്, പാണ്ടിദേശത്തുനിന്ന് വന്ന ഒരു മഹമ്മദീയ വ്യാപാരയോഗം അവരുടെ പാളയം സ്ഥാപിച്ചിരുന്നു. നാലഞ്ചു ചെറിയ കൂടാരങ്ങളും വേമ്പായകൊണ്ട് കുത്തിമറച്ചിട്ടുള്ള ചില നെടുമ്പുരകളും മൂന്നുനാല് ഒട്ടകങ്ങളും പത്തിരുപതു കുതിരകളും അവിടെ കാണ്മാനുണ്ടായിരുന്നു. വ്യാപാരികളിൽ പ്രമാണികൾ മഹാരാജാവിന് ആലസ്യം ആരംഭിച്ചതിന്റെ ശേഷമാണ് ആ സ്ഥലത്തു വന്നുചേർന്നിട്ടുള്ളത്. വാണിഭ സാധനങ്ങളായി കിങ്കാബ്, നീരാളം, സൂര്യപടം, പട്ട്, ചീട്ടി, സാൽവാ, രത്നങ്ങൾ, വാൾ, കഠാരി, കു

ന്തം, തോക്ക്, വെടിമരുന്ന്, കണ്ണാടി മുതലായി അനേക വിധമായ സാമാനങ്ങൾ ഉണ്ടായിരുന്നു.

തിരുവനന്തപുരത്ത് വ്യാപാരം സ്ഥാപിക്കുന്നതിനുമുമ്പ് തിരുവിതാംകോട്ട് മുതലായ സ്ഥലങ്ങളിൽ ഈ കൂട്ടക്കാർ കുറച്ചുകാലം പാളയം അടിച്ചു പാർത്തിരുന്നതായി ഒരു ശ്രുതിയുണ്ട്. ഇവരിൽ നാഥന്മാർ ഒരു വൃദ്ധനും നാലു യുവാക്കളും ആയിരുന്നു. വൃദ്ധന്റെ ഛായ മനസ്സിലാക്കുന്നതിന് അംബരീഷചരിതത്തിലെ യവനനാഥന്റെ വേഷത്തെ പരിമിതി കൂട്ടി സങ്കല്പിച്ചുകൊണ്ട് ധ്യാനിച്ചാൽ മതിയാകുന്നതാണ്. തെളുതെളെ തെളിയുന്നതും നാഭിയോളം എത്തുന്നതുമായ വൻപിച്ച താടിക്ക് വെൺചമരി മൃഗത്തിന്റെ ലാംഗൂലത്താലുള്ള പ്രയോജനങ്ങൾക്ക് ഉപയോഗിക്കത്തക്ക നീളവും മാർദ്ദവവും നൈർമ്മല്യവും ഉണ്ടായിരുന്നു. നീണ്ടു മദ്ധ്യം ഉയർന്ന് അഗ്രം വളഞ്ഞുള്ള നാസികയാൽ അലങ്കരിക്കപ്പെട്ടും വാർദ്ധക്യരേഖകൾ വീണ് ഏറ്റം ചുളുങ്ങിച്ചമഞ്ഞും ഇരിക്കുന്ന ചുവന്നു പരന്നുള്ള മുഖത്തിന്റെ അസ്ഥിവാരം മാറിലാണെന്ന് തോന്നിക്കുംവണ്ണം കണ്ഠം തുലോം ഹ്രസ്വമായിട്ടുള്ളതായിരുന്നു. പുരികങ്ങൾ നരച്ച് കൊഴിഞ്ഞുപോയിട്ടുണ്ട്. തന്റെ ഉദരപരിമിതിയെയും കായോന്നതിയെയും ഭയന്നു മൃത്യുവും തന്നോട്ട് അടുക്കാതിരിക്കുന്നതിനാൽ മരണത്തിന് വഴി കാണുന്നില്ലെന്ന് അദ്ദേഹംതന്നെ ഉന്മേഷത്തോടുകൂടി ഇരിക്കുന്ന അവസരങ്ങളിൽ പറയാറുണ്ടായിരുന്നു. ചികിത്സാശാസ്ത്രത്തിൽ അപാരമായുള്ള പരിജ്ഞാനം ഇദ്ദേഹത്തിനുണ്ടായിരുന്നു. എന്നു മാത്രമല്ല, ആ പരിജ്ഞാനത്തിന്റെ ഫലസിദ്ധി തനിക്കും അന്യർക്കും വഴിപോലെ ഉണ്ടായി



ട്ടുമുണ്ട്. അദ്ദേഹത്തിന്റെ ചികിത്സാവിശേഷങ്ങൾ അറിഞ്ഞ് ആശ്ചര്യപ്പെട്ടും മറ്റും കാഞ്ചീപുരം മുതലായ ദേശങ്ങളിലുള്ള ശാസ്ത്രിമാർ വാഗ്ഭടാചാര്യരുടെ ഒരു അവതാരമെന്ന് ഇദ്ദേഹത്തെക്കുറിച്ച് പറയാറുണ്ടായിരുന്നു. ഇപ്രകാരമുള്ള കീർത്തിലാഭത്തിലുപരമായി ആർക്കാട്ട് നവാബ് മുതലായ കിരീടപതികളിൽനിന്ന് അനേക ബിരുദങ്ങളും അസംഖ്യം ധനവും ഇദ്ദേഹത്തിന് സിദ്ധിച്ചിട്ടുണ്ട്. തന്റെ മതാനുഷ്ഠാനങ്ങളിൽ കഠിനമായ സിദ്ധാന്തമുള്ള ഒരാളായിരുന്നു എന്നുവരികിലും പ്രവൃത്തിയിൽ ഏകദൈവമെന്നുള്ള പ്രമാണത്തെ ലംഘിച്ച്, അപരമായുള്ള രണ്ടു മൂർത്തികളെക്കൂടി തന്റെ ദൈവതങ്ങളായി സ്വീകരിച്ചുവന്നിരുന്നു. പ്രഥമമായി ദ്രവ്യത്തെയും രണ്ടാമതായി തന്റെ അനുജന്റെ രണ്ടു പുത്രിമാരെയും ഇദ്ദേഹത്തിന്റെ ആത്മീയകരണങ്ങൾ ആരാധിച്ചു വന്നിരുന്നു. നിയമമായി കോപിയും ദുശ്ശീലക്കാരനും ആയ ഇദ്ദേഹത്തിന് ധനത്തിലുള്ള അത്യാഗ്രഹം അതിരില്ലാത്തതായിരുന്നു. അളവറ്റതായി തനിക്കുള്ള ധനംകൊണ്ടു് സന്തുഷ്ടിയുണ്ടാകാതെ അതു വാണിഭോപായത്താൽ വർദ്ധിപ്പിക്കുന്നതിനായി അനുജന്റെ പുത്രനായ നുറഡീൻ, പുത്രിമാരായ ഫാത്തിമാ, സുലൈഖാ, ജാമാതാവായ ബീറാംഖാൻ, കാര്യസ്ഥനായ ഉസ്മാൻഖാൻ, സുലൈഖയുടെ പ്രേമത്തിനു ഭാജനമായ ഷംസുഡീൻ എന്നിവരോടുകൂടി വൃദ്ധനായ ഹാക്കിം കേരളത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ നാമധേയം പരമേശ്വരൻ പിള്ളയാൽ ആശൗചപരിഹാരം ചെയ്യപ്പെട്ട ലേഖനത്തിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. വിലയേറിയതായ അനവധി സാധനങ്ങൾ അട

ങ്ങീട്ടുള്ള തന്റെ വ്യാപാരശാലയുടെ രക്ഷയ്ക്കായി ആയുധ പ്രയോഗങ്ങളിൽ ചതുരന്മാരായ ചില ഭടന്മാരും ആ വൃദ്ധ ന്റെ ആജ്ഞാനുസാരികളായി ആ പാളയത്തിൽ ഉണ്ടാ യിരുന്നു.

വൃദ്ധൻ ഹാക്കിമിനോട്ടുകൂടിയുള്ള യുവാക്കൾ നാലുപേ രും അതികോമളഗാത്രന്മാരായിരുന്നു. കോതി മിനുസ മാക്കീട്ടുള്ള മീശകേശങ്ങൾ അവരുടെ മനോഹരതരമാ യുള്ള വർണ്ണത്തോടുകൂടിയ ആനനങ്ങളെ വർണ്ണവിപരീ തതകൊണ്ട് വിശിഷ്യ ശോഭിപ്പിക്കുന്നു. ഇവരുടെ പാ നാശനസാധനങ്ങൾ ഗുരുത്വമുള്ള ദ്രവ്യങ്ങൾ ആയിരുന്ന തിനാലും ഇതുകളിൽ അത്യാസക്തി അക്കാലംവരെ അ വരെ ബാധിക്കാതിരുന്നതിനാലും ആയുധാഭ്യാസം മുത ലായ വ്യായാമമാർഗ്ഗങ്ങൾ തുച്ഛവൃത്തികളെന്നു വിചാരി ക്കാതിരുന്നതിനാലും കായനാശകരങ്ങളായ മദ്യപാനാ ദി വിഷയങ്ങളിൽ അനുരക്തചിത്തന്മാരാകാതിരുന്നതു കൊണ്ടും ഈ യുവാക്കളുടെ ഗാത്രങ്ങൾക്ക് വിശേഷി ച്ചൊരു കാന്തിയും മുഴപ്പും ഉണ്ടായിരുന്നു. ഇവരിൽ ബീ റാംഖാന്റെ കായം കൃശവും ഹ്രസ്വവും ആയിരുന്നു. ശ്മശ്രു രഹിതനായിരുന്നെങ്കിൽ സ്ത്രീവേഷത്തിന് ഇത്ര അനു രൂപനായ പുമാൻ ഉണ്ടായിട്ടില്ലെന്നു ഖണ്ഡിച്ച് അഭിപ്രാ യപ്പെടാം. നാലുപേരിലും അതികോമളൻ ഷംസുഡീനാ യിരുന്നു. തെളിവുള്ള മേചകവർണ്ണത്തോടുകൂടി ചുരുണ്ടു ള്ള കേശവും ഉയർന്ന് അല്പം ഉരുണ്ടു വിസ്താരമുള്ളതാ യ നെറ്റിയും അനല്പമായ തേജസ്സോടും ദൃഢവീക്ഷണങ്ങ ളോടും കൂടിയതായ വിശാലനേത്രങ്ങളും അധികം നീ ണ്ടിട്ടില്ലാത്ത ശ്മശ്രുപോതങ്ങളുടെ അടിയിൽ കാണപ്പെ

ടുന്ന അധരവും ധാവള്യം ഏറുന്ന ദന്തങ്ങളും വിധിപ്രസാദത്താൽ ഈ യുവാവിനു നൽകപ്പെട്ടിട്ടുള്ള വിശിഷ്ട സമ്പത്തുക്കളാണ്. ഷംസുഡീൻ ധരിച്ചിരുന്ന മിന്നുന്ന കുപ്പായങ്ങളുടെ ഉള്ളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന മാറിടത്തിന്റെയും മറ്റും ബഹിഃഛായകളാൽ പ്രത്യക്ഷപ്പെടുന്ന അംഗദാർഢ്യം ലോഹവിഗ്രഹ നിർമ്മാണപടുക്കളായുള്ളവരുടെ സൃഷ്ടികളെ നാണിപ്പിക്കുമെന്നുതന്നെ നിസ്സംശയമായി പറയാവുന്നതാണ്. ഈ യുവാവിന്റെ നടയിൽ അതിരസവത്തായ പ്രൗഢിയുടെയും വിനയത്തിന്റെയും ആശ്ചര്യകരമായുള്ള ഒരു സമ്മേളനവും നോട്ടങ്ങളിൽ കരുണാരസചേഷ്ടിതമായുള്ള ആ ഗാംഭീര്യവും മന്ദഹാസങ്ങളിലും മുഖകമലത്തിന്റെ പ്രസന്നതയ്ക്ക് വിശേഷമാധുര്യോൽക്കർഷത്തെ നൽകുന്നു എങ്കിലും പ്രേക്ഷകന്മാരിൽ സ്നേഹബഹുമാനങ്ങളോടുകൂടി ബലമായും എന്നാൽ അഹേതുകമെന്നു തോന്നിക്കുന്നതായും ഉള്ള അനുതാപഭ്രാന്തിയെ ഉത്പാദിപ്പിക്കുന്നതായ ഒരു വ്യസനച്ഛായയുടെ പ്രചാരവും പ്രബലമായുള്ളതിനാൽ, ഷംസുഡീന്റെ സൂക്ഷ്മപ്രകൃതത്തെ പരിച്ഛേദനം ചെയ്ത്, ആയതു് അധികം സ്നേഹയോഗ്യമോ ബഹുമാനയോഗ്യമോ എന്ന് അതിപരിചിതന്മാർക്കും നിർണ്ണയിക്ക അസാദ്ധ്യം ആയിരുന്നു. ഷംസുഡീന്റെ വയസ്സ് ഇരുപത്തിമൂന്നിൽ താഴെ ആയിരിക്കാമെങ്കിലും ദേഹപുഷ്ടിയും ആരോഗ്യവും സകലവിഷയങ്ങളിലും ആ യുവാവ് പ്രദർശിപ്പിച്ചിട്ടുള്ള സാമർത്ഥ്യവും പ്രായത്തിൽ ഏറ്റവും കവിഞ്ഞുള്ളതായിരുന്നു. ഹിന്ദുസ്ഥാനി, തമിൾ, മലയാളം ഈ മൂന്നു ഭാഷകളിലും അസാമാന്യമായുള്ള പരിജ്ഞാനം ഷംസുഡീന് ഉണ്ടായിരു

ന്നതിനാൽ, ആ വർത്തക സംഘത്തിലേക്ക് കേരളം മുതലായ സ്ഥലങ്ങളിൽ ഒരു ദ്വിഭാഷി സ്ഥാനത്തെ അയാൾ വഹിച്ചുവരുന്നു. യൗവനയുക്തയായ സുലൈഖാ, ഷംസുഡീനെ പിരിഞ്ഞിരിക്കുന്ന സമയങ്ങളിൽ സജീവയല്ലെന്ന് വൃദ്ധൻ ഹാക്കിമിനോട്ട് ഫാത്തിമ ഗ്രഹിപ്പിച്ചിട്ടുള്ളതിനാലുംമറ്റും അയാൾക്ക് ഈ യുവാവിനോട്ട് ബഹുവാത്സല്യമായിരുന്നു. ഷംസുഡീനെക്കൊണ്ട് തന്റെ ഹിതത്തെ പറയിക്കുന്നതിനായി, സുലൈഖയെ അനുരൂപനായ ഒരു ഭർത്താവോട്ട് ചേർത്തിട്ട് മക്കത്ത് പോയി മരിക്കണമെന്ന് മോഹമുണ്ടെന്നുംമറ്റും വൃദ്ധൻ യുവാക്കളുടെ സദസ്സിൽ പ്രസ്താവിക്കാറുണ്ടായിരുന്നു. എന്നാൽ ഷംസുഡീന്റെ അന്തരംഗം ഗ്രഹിക്കുന്നത് ആദിത്യനെ കരസ്ഥമാക്കി ദ്രവിപ്പിക്കുന്നതിലും വൈഷമ്യമേറുന്ന ഒരു ശ്രമമായിരുന്നു.

സുഭദ്രയും തമ്പിയും തമ്മിൽ കൂടിക്കാഴ്ച കഴിഞ്ഞ രാത്രിക്ക് അടുത്ത ദിവസം മദ്ധ്യാഹ്നമായപ്പോൾ മണക്കാട്ട് കച്ചവടപ്പാളയത്തിൽ ഒരു നെടുമ്പുരയ്ക്കകത്ത് ഹാക്കിം മുതലായവർ ഭക്ഷണത്തിനിരിയ്ക്കുന്നു. ഈ പുരയ്ക്കകം വിശേഷമായി പട്ട്, ചീട്ടി മുതലായ ശീലത്തരങ്ങൾകൊണ്ട് അലങ്കരിക്കപ്പെട്ടിരുന്നു. ഈ വിതാനത്തിന് പുറമേ നിലത്ത് വലുതായ രത്നക്കമ്പിളി വിരിച്ച് അതിന്മേൽ കോസടി മുതലായ ശയ്യോപകരണങ്ങൾ ഇട്ടിട്ടുള്ളതായ ഒരു തട്ടുപടി ഹാക്കിമിന്റെ ഉപയോഗത്തിനായും തട്ടുപടി ഇല്ലാതെ കോസടി മുതലായത് മാത്രം മറ്റു നാലുപേരുടെ ഇരിപ്പിനായും ഒരുക്കീട്ടുണ്ട്. ഭക്ഷണത്തിനിരിക്കുന്ന കൂട്ടത്തിൽ ഷംസുഡീനെ കാണ്മാനില്ല. ജിലേബി മുതലായ മധുരസാധനങ്ങളും

മാംസം കൊണ്ടുണ്ടാക്കപ്പെട്ട ചില രസാലങ്ങളും സുഗന്ധ ത്തോടുകൂടിയ ഷർബത്തുകളും ഉള്ളിലായപ്പോൾ വൃദ്ധൻ ഉത്സാഹം കലർന്ന് ഇങ്ങനെ സംഭാഷണം ആരംഭിച്ചു. സംഭാഷണം ഹിന്ദുസ്ഥാനിയിൽ ആയിരുന്നു. അതിന്റെ ശരിയായ തർജ്ജമ ആവിത്:

ഹാക്കിം: "ഉസ്താൻ, യൗവനം മഹാദിവ്യമായൊരവസ്ഥയാണ്. നാം അതിന്റെ മഹത്വത്തെ അന്നറിഞ്ഞില്ല. ഇപ്പോൾ ഇതാ, അറിയേണ്ട കാലത്തറിയാതെ, പശ്ചാത്താപപ്പെടുന്നു. നമ്മെപ്പോലെ മറ്റുള്ളവരും വ്യസനിക്കുന്നതിന് ഇടവരരുത്. ദൈവം നിങ്ങളുടെ ജീവിതങ്ങളെ നമ്മുടെ പക്കൽ ഏല്പിച്ചിരിക്കുന്നു. നാം ദുർന്നയനായ ഒരു കാവൽപ്പണിക്കാരൻ ആകരുതല്ലോ. അതിനാൽ ഷംസുഡീന്റെ വിവാഹകാര്യത്തെക്കുറിച്ച് ഇന്നുതന്നെ ഒരു തീരുമാനം വരുത്തണം. ദൈവത്തിന്റെ മതം ആരറിയുന്നു? താമസം നമ്മുടെ ആത്മാവിന് വ്യസനമൂലമായേക്കാം. കേൾക്ക നൂറഡീൻ, നിന്റെ സഹോദരിയും ഷംസുഡീനും ഒന്നുപോലെ വ്യസനഗ്രസ്തരായിത്തീർന്നിരിക്കുന്നു. നമുക്ക് അത് കണ്ടിട്ട് സഹിക്കുന്നില്ല. അതിനാൽ ഷംസുഡീൻ രണ്ടിലൊന്ന് പറയട്ടെ."

നൂറഡീൻ: "ഷംസുഡീന്റെ ഹിതം വേറെ വിധത്തിലായിരുന്നാൽ?"

ഹാക്കിം: "ഓ, നമ്മുടെ സുലൈഖയുടെ സൗന്ദര്യവാങ്മാധുര്യങ്ങളിൽ ലയിക്കാത്ത വജ്രഹൃദയൻ ഏവൻ? പിന്നെയും ഷംസുഡീൻ കൃതഘ്നനോ? ആ! അങ്ങനെയും വന്നേക്കാം. എന്നാൽ അത് അറിയട്ടെ."

നൂറഡീൻ: “ഷംസുഡീൻ പുരുഷരത്നമാണ്.”

ഹാക്കിം: ‘ശരി, ശരി. സമുദ്രതീരത്തിലെ മണൽത്തരികളെപ്പോലെ ഉപകാരസ്മരണാശൂന്യമായ ഹൃദയം അല്ല അവന്റേത്.’

നൂറഡീൻ: “എന്നാൽ നാം ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കു പ്രതിഫലമായി നമ്മുടെ കുഞ്ഞിനെ വിവാഹം ചെയ്തുകൊള്ളണമെന്ന് അപേക്ഷിക്കുന്നത് നമുക്ക് ചേരുന്നതാണോ? നബിയുടെ കല്പനകൾക്ക് അതു വിപരീതമല്ലയോ? പിതാവിന്റെ അവസ്ഥയ്ക്കും.”

ഹാക്കിം: “ഛീ! ഛീ! നൂറദ്ദ്, നീ എന്തു ഭോഷൻ! അവന്റെ ശ്രേയസ്സിനായിത്തന്നെ അല്ലയോ നാം അവനോട് അപ്രകാരം നിർബ്ബന്ധിക്കുന്നത്?”

നൂറഡീൻ: “ഹിതംപോലെ ആകട്ടെ. നാം അപേക്ഷിക്കുന്നതും നിർബ്ബന്ധിക്കുന്നതും പോരായ്മയാണ്. അവൻ മഹാപുരുഷൻ. നിർബ്ബന്ധം കൊണ്ടു് ഫലമുണ്ടാകയില്ല. അത് ഏറ്റവും അയുക്തവുമാണ്. പിതാവ് നിർബ്ബന്ധിക്കുന്നത് വൈദ്യൻതന്നെ വിഷം കൊടുക്കുന്നതുപോലെ ആണ്.”

ഹാക്കിം: (മുഖം കോപംകൊണ്ടു ചുവന്ന്) “പോ നൂറഡീൻ, നാം ആരുടെ അഭിപ്രായത്തെയും അറിവാൻ ആഗ്രഹിക്കുന്നില്ല. നിന്റെ നീതികളെ ചെങ്കടലിന്റെ മദ്ധ്യത്തിൽ കൊണ്ടുചെന്നു സ്ഥാപിക്ക്. നാം ഇതാ, നമ്മുടെ അഭിപ്രായത്തെ പറയുന്നു. നമ്മുടെ അനുജന്റെ പുത്രനും അതിനെ ഇളക്കുന്നതിന് അവകാശമില്ല. എന്തു പറഞ്ഞു നൂറഡീൻ? നമ്മുടെ പുത്രിയുടെ പ്രേമ

പുരസ്സരമായുള്ള ശുശ്രൂഷകൾക്കും മറ്റും വിലയില്ലെന്നോ? സുലൈഖയുടെ ദാസൻ ... ആട്ടെ പ്രിയൻ ... എന്നുള്ള സ്ഥിതിയിൽ മാത്രമേ നാം അവനെ അറിയുന്നുള്ളു. അവളുടെ ഒരു നോട്ടത്തിന് ആയിരം ഷംസുഡീൻ അടിമപ്പെടണം. ആ സ്ഥിതിക്ക് ഇവൻ, ഈ കീടം, ഈ ... ആ! ഫൂ! ഇവൻ അവളെ ധിക്കരിക്കയോ?"

നൂറഡീൻ: "അച്ഛാ, ഷംസുഡീൻ ഇല്ലാത്ത സമയത്ത് അവനെ ഈ വിധം ക്രോധവശനായി അധിക്ഷേപം പറയരുത്. പ്രതിഫലത്തെ ആഗ്രഹിച്ചല്ല എന്റെ സഹോദരി നിദ്രയെ ഉപേക്ഷിച്ചും അവനെ വാത്സല്യപൂർവ്വം സംരക്ഷണ ചെയ്തത്. ഈശ്വരാനുകൂല്യത്തെ ദീക്ഷിച്ച്, മഹാനബിയുടെ വചനപ്രകാരം ചെയ്ത ധർമ്മമാണ്. സഹജീവിയുടെ കഷ്ടതയിൽ ഉളവായ അനുകമ്പ ഒന്നാണ് അവളെ പ്രോത്സാഹിപ്പിച്ചത്."

വൃദ്ധൻ 'അഹഹാ' എന്നു പൊട്ടിച്ചിരിച്ചു. ബീറാംഖാൻ സന്തോഷഭാവത്തിൽ ശിരസ്സുകൊണ്ട് തന്റെ ഇംഗിതം നൂറഡീനെ ഗ്രഹിപ്പിച്ചു. ഉസ്മാൻഖാൻ കോപനാട്യത്തോടുകൂടി ഒട്ടുനേരം നൂറഡീനെ കടക്കണ്ണുകൊണ്ട് നോക്കി. ഒട്ടുനേരം ചിരിച്ച് തൃപ്തനായി, ഹാക്കിം ഇങ്ങനെ പറഞ്ഞു: "ഷംസുഡീൻ നമ്മുടെ ദൈവമല്ല. നമ്മുടെ വക അസംഖ്യം ദ്രവ്യത്തെ അവനായിക്കൊണ്ട് നാം വ്യയം ചെയ്തിട്ടുണ്ട്. പ്രതിഫലത്തെ ഇച്ഛിക്കാതെ ബീറാമിന്റെയും നിന്റെയും സന്തോഷത്തിന് മാത്രമായി നാം കഷ്ടപ്പെട്ടുണ്ടാക്കിയ ധനം വ്യയം ചെയ്തു എന്ന് നീ വിചാരിക്കുന്നോ? ഷംസുഡീൻ ആര്? എല്ലാ വിധത്തിലും അവൻ നമ്മുടെ അടിമയാണ്."

നൂറഡീൻ: "ഈ അഭിപ്രായങ്ങളെ ഷംസുദ്ധീനെ ഗ്രഹിപ്പിക്കാതെ ഇരിക്കണം. അവന്റെ മഹത്തായ ആത്മാവിന് രുചികരമായുള്ള പ്രമാണങ്ങളായിരിക്കയില്ല, ഈ വക സ്വാർത്ഥത്തെ മാത്രം പ്രധാനമാക്കുന്ന ക്രിയകളും വചനങ്ങളും. അച്ഛന്റെ ഉദ്ദേശ്യം സാധിക്കണമെന്നുണ്ടെങ്കിൽ തീർച്ചയായി എന്റെ ഉപദേശത്തെ സ്വീകരിക്കണം."

ബീറാംഖാൻ: "ശരിയാണ് നൂറഡീൻ പറഞ്ഞത്."

ഹാക്കിം: "ഞങ്ങളുടെ കുടുംബസംഗതിയിൽ നിനക്കെന്തു കാര്യം?! അരമനയിൽ കൊതുവാട്ടി ഇരിക്കാൻ മാത്രം കൊള്ളുന്ന നപുംസകൻ! നീ ഞങ്ങളെ ഹീനന്മാരാക്കി, കുഷ്ഠരോഗികൾ എന്നവണ്ണം ലോകരെക്കൊണ്ട് വെറുപ്പിച്ചു. നിന്റെ പാദം എന്റെ ഗൃഹത്തിൽ വച്ച ദിവസം ശപിക്കപ്പെട്ടതായിരിക്കട്ടെ! വൃദ്ധനെക്കൊണ്ട് ശപിപ്പിക്കാതെ. എന്റെ കുട്ടി കാമിച്ചവനെ ലഭിക്കാതെ വാടി പട്ടു പോകണമെന്നോ? ഹാ! നൂറദ്ദ്, നീ എന്തു കണ്ടു? എന്തറിഞ്ഞു? ഷംസുഡീൻ മായപ്പൊടികൊണ്ട് നിങ്ങളെ മയക്കിയിരിക്കുന്നു. അവനെ നിങ്ങൾ അറിയുന്നില്ല. കിഴവൻ നിങ്ങൾ വിചാരിക്കുന്നതുപോലെ ഏഭ്യനല്ല. ഷംസുഡീൻ അവന്റെ സത്യത്തെ ആദരിച്ചല്ല നമ്മോടുകൂടി താമസിക്കുന്നത്. നമ്മുടെ ധനത്തിലാണ് അവന്റെ ദൃഷ്ടി. അതിനെ നാം സാരമാക്കുന്നില്ല. നമ്മുടെ പുത്രിയെ സ്നേഹിക്കുമെങ്കിൽ നാം എല്ലാം ക്ഷമിക്കും. അല്ലെങ്കിൽ നമ്മുടെ കടുത്തതായ കോപത്തിനും പ്രതിക്രിയയ്ക്കും അവൻ പാത്രമാകും. രണ്ടിലൊന്ന് ഇന്നുതന്നെ നാം തീർ

ച്ചയാക്കുന്നുണ്ട്. ഈ നിശ്ചയത്തിന് ഇളക്കമില്ല. സൈനായി പർവ്വതത്തിലെ പാറകളെപ്പോലെ നാം ഉറച്ചിരിക്കുന്നു."

നൂറഡീൻ: "അച്ഛാ, ഇങ്ങനെ ശപഥം ചെയ്യരുത്. അള്ളാവിന്റെ അനുഗ്രഹത്തിന് പാത്രമായവർ ഇപ്രകാരം അരുളിച്ചെയ്യരുതെന്ന്..."

ഹാക്കിം: (അത്യന്തം കോപത്തോടുകൂടി തന്റെ മീശയെ കരുണകൂടാതെ വലിച്ചു പറിച്ചുകൊണ്ട്) "നീ മഹാനീതിജ്ഞൻ! അറിയും, അറിയും. നിന്റെ ആത്മാവിനുള്ളിൽ ചൈത്താൻ കുടികൊണ്ടിരിക്കുന്നു. ആട്ടെ, ഉസ്മാൻ, ഇവിടത്തെ വ്യാപാരം രണ്ടു നാൾക്കുള്ളിൽ നിറുത്തി നമുക്കു നാട്ടിലേക്കു മടങ്ങണം."

ബീറാംഖാന്റെ മുഖപ്രസാദം പെട്ടെന്നു മങ്ങി. എന്നാൽ ഉസ്മാൻഖാൻ ഇങ്ങനെ പറയുന്നതു് കേട്ട് ആശ്വസിതനായി.

ഉസ്മാൻ: "അല്ലയോ മഹാൻ, അങ്ങേടെ ശാസനയെ ദാസൻ ശിരസാ വഹിക്കുന്നു. ധർമ്മമായി അവിടുന്നു ചെയ്ത രക്ഷയെക്കുറിച്ച് സ്മരണയില്ലാത്തവന് അള്ളാവിന്റെ കരുണ സിദ്ധമാകയില്ല."

ഹാക്കിം: "അതു് ബുദ്ധിമാന്റെ വാക്കുകളാണ്."

ഉസ്മാൻ: "അങ്ങ് ആജ്ഞാപിക്കുംപോലെ നടക്കുന്നതിന് ഷംസുഡീൻ നിർബ്ബന്ധിതനാണ്. ഇതുവരെ ക്ഷമിച്ചതു് ദയ. വേദവിധിയെ ഇനിമേൽ താമസിയാതെ നാം നടത്തണം. ലഭ്യമായ അവസരത്തെ ഉപേക്ഷിക്കുന്നതു് ദൈവകോപത്തിന് മാർഗ്ഗമാണ്."

ഹാക്കിം: "അതു ശരി... അതു ശരി. ഓ! നാം മഹാപാപിയായി. മക്കത്തെ ദർശിച്ചാലും ഈ മഹാപാപം നീങ്ങുമോ എന്ന് അറിയുന്നില്ല."

ഉസ്മാൻ: "എന്നാൽ ഈ രാജ്യം എത്രയോ ധനസമൃദ്ധിയുള്ളതു്. ജനങ്ങൾ ബഹുസത്യവാന്മാർ, സാധുശീലന്മാർ. ലേശവും കുടിലശീലന്മാരല്ല. അന്യമതദ്വേഷവും ഇല്ല. നമുക്ക രാജ്യാധികാരം ഉള്ളിടത്തും ഇത്ര ബഹുമതി നമുക്കില്ല. വ്യാപാരത്തിൽ അധികം ലാഭം കിട്ടുന്നു..."

നൂറഡീൻ: "അതിന് സംഗതിയാക്കിയ ഷംസുഡീനെ കുറച്ചുമുമ്പേ നിങ്ങൾ ഭർത്സിച്ചുവല്ലോ."

ഉസ്മാൻ: "ഷംസുഡീൻ യജമാനന്റെ ദാസൻ എന്നു പറഞ്ഞാൽ പോരാ. അടിമയാണ്. അങ്ങനെയിരിക്കെ 'അവൻ സംഗതിയാക്കി' എന്നു പറയുന്നതെങ്ങനെ എന്ന് ഞാൻ അറിയുന്നില്ല. അല്പബുദ്ധിയായതുകൊണ്ടായിരിക്കാം. (ഹാക്കിമിനോട്ട്) പ്രഭോ, ഇവിടുത്തെ കലശൽ നമ്മെ ബാധിക്കയില്ല. ജയിക്കുന്ന ഭാഗത്തു് നമുക്ക് ചേർന്നുകൊള്ളാം. നമുക്ക് കച്ചവടം അല്ലാതെ അന്യ ഉദ്ദേശ്യം ഇല്ലല്ലോ. അതിനെ ഇപ്പോൾ ഉപേക്ഷിച്ചുകൂടാ. നമ്മുടെ ഈ പ്രാരംഭശ്രമം സ്വജാതീയർക്ക് നല്ലൊരു പന്ഥാവിനെ കാട്ടിക്കൊടുക്കുന്നതാണ്. അതിനെ പരിഷ്കാരസ്ഥിതിയിൽ ആക്കാതെ, മുളച്ചുവരുന്ന സ്ഥിതിയിൽത്തന്നെ വേരിളക്കിക്കളയുന്നതു് ആലോചിച്ചു വേണം."

ഹാക്കിം: "ഉസ്മാൻ, നീ വലിയൊരു രാജ്യത്തിലെ മന്ത്രിസ്ഥാനം വഹിക്കാൻ യോഗ്യനാണ്. നിനക്ക് തരുന്ന

ഭക്ഷണം ഉത്തമതരുക്കൾക്ക് ഒഴിക്കുന്ന ജലംപോലെ ആണ്. നിന്റെ അഭിപ്രായത്തെ നാം സ്വീകരിക്കുന്നു. ഷംസുഡീന്റെ വാക്കിനെയും ഹിതത്തേയും ബലമാക്കി നാം കുരുക്കിൽ അകപ്പെടരുതല്ലോ. നമുക്കു യാതൊരു സംബന്ധവുമില്ലാത്ത അർത്ഥത്തിൽ നാം ചാടുന്നതെന്തിന്? ബീറാം, നീ നമ്മെ കയർത്തുനോക്കുന്നതെന്തിന്? ഓഹോ! നമ്മുടെ എഴുത്തിനെക്കുറിച്ച് ഓർമ്മിപ്പിക്കുകയാണോ? യുവരാജാവിനോട്ട് നാം ചെയ്ത സഖ്യം എന്ത് സഖ്യം? ഷംസുഡീന്റെ കൃത്രിമം! നമുക്കിവിടെ ബന്ധം എന്ത്? നമ്മുടെ വ്യാപാരം ഇവിടെ ഉറപ്പിക്കാൻ നോക്കണം. നമ്മുടെ കൈയിലുള്ള ധനത്തെ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. പ്രഥമോദ്ദേശ്യമതാണ്."

ഉസ്സാൻ: "ആഹാ! എന്തു മഹാബുദ്ധി! ശരി, നമുക്ക് ഇവിടെ കക്ഷിയില്ല. ഇവരുടെ പിണക്കത്തെ നാം വർദ്ധിപ്പിക്കുന്നതാണ് നന്ന്. രണ്ടു കക്ഷിയും നശിച്ചാൽ ഏറെ നന്ന്. ഒന്നു ജയിക്കുന്നു എങ്കിൽ ആ ഭാഗത്ത് നാമും. ഛിദ്രമുണ്ടെങ്കിൽ ക്രമേണ നാം തന്നെ ഇവിടെ നായകന്മാരായിത്തീരും."

നൂറഡീൻ: "എന്ത് ആലോചനകളാണിത്! നരകത്തിലെ വാതിൽ തുറന്ന് അച്ഛൻ വഴി കാട്ടിത്തരുന്നു ഉസ്സാൻ. രാജകുമാരനെ സഹായിക്കാമെന്ന് അച്ഛൻതന്നെ വാക്കുകൊടുത്തത് ഷംസുഡീന്റെ കൃതിയാണെന്ന് എങ്ങനെ പറയും? അച്ഛൻതന്നെ ആലോചിച്ച് ചെയ്ത സത്യമല്ലേ?"

ഹാക്കിം: "നമ്മുടെ സ്വാതന്ത്ര്യമനസ്സാലെ ചെയ്തതല്ല."

ഉസ്മാൻ: "അല്ല. കേവലം ഷംസുഡീന്റെ കളികളിൽ ഒരംശമാണ്."

ഈ വാക്കുകൾ കേട്ട് നൂറഡീനും ബീറാംഖാനും കോപത്തോടുകൂടി ഉസ്മാൻഖാനെ നോക്കി. മനഃപൂർവം വൃദ്ധനെ ഇളക്കി ഷംസുഡീനോട് വൈരം തോന്നത്തക്കവണ്ണം ഇങ്ങനെ പറഞ്ഞത് രണ്ടുപേർക്കും സ്പഷ്ടമേ കൃത്രിമമെന്നു തോന്നി. ഹാക്കിമിന്റെ സിദ്ധാന്തം വർദ്ധിക്കുമെന്നുള്ള ഭീതിയും രണ്ടുപേരുടെ ഉള്ളിലും ജനിച്ച് എങ്കിലും വൃദ്ധൻ മറുപടി പറഞ്ഞത് ഈ വിധമായിരുന്നു.

ഹാക്കിം: "എന്നാൽ ഒന്നുണ്ട്, ഉസ്മാൻ. നാം ഷംസുഡീന്റെ ഹിതത്തെ ഇപ്പോൾ അനുവർത്തിക്കാതെ കഴിവില്ല. അവന്റെ മുഖം കറുപ്പിച്ചു എങ്കിൽ ഇതോ, ഈ കുട്ടികൾ കയർക്കുന്നതിലും കഠിനമായി സുലൈഖയും അവളെത്താങ്ങി ജ്യേഷ്ഠത്തിയും ശണ്ഠകൂട്ടും. ഈ ചായമിട്ട ദന്തപ്പാറകളോടു പടവെട്ടുന്നതിന് നാം സമർത്ഥനമല്ല. എന്തു കാട്ടുന്നു? വല്ലാത്ത നിലയിലായിരിക്കുന്നു! ബീറാം, നീയാണ്, നിന്റെ യന്ത്രത്തിരിപ്പാണ്, നമ്മെ ഈ ദുർഘടാവസ്ഥയിൽ ചാടിച്ചിരിക്കുന്നത്. ഷംസുഡീൻ പിഴച്ചതല്ല."

ബീറാംഖാൻ: "പിതാവേ, ഞാൻ എന്തു പിഴച്ചു?"

ഹാക്കിം: "എന്തു പിഴച്ചു എന്നോ? ഇന്ന് അതിരാവിലെ ഒരുവൻ ഇവിടെ വന്നിരുന്നില്ലേ? അവൻ ഷംസുഡീനോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ നിന്റെ മുഖം ചൈത്താന്റേതായിരുന്നു. അതിനു സംഗതി എന്ത്? അവൻ എന്തിന്ന് വന്നു?"

ബീറാംഖാൻ വലിയ ചുറ്റിലായെന്നപോലെ നൂറഡീന്റെ സഹായം ആവശ്യപ്പെടുന്ന നാട്യത്തിൽ ആ യുവാവിന്റെ മുഖത്തു നോക്കി. നൂറഡീൻ മുഖം തിരിച്ച് ഒന്നു പുഞ്ചിരിയിട്ടു.

ഹാക്കിം: "എന്തു് സംസാരിച്ചു? എന്തിന് വന്നു? പറ. നമുക്ക് അറിവാൻ അവകാശമില്ലെന്നോ? വൃദ്ധനോട്ട് ഏറെക്കളിക്കാതെ". വൃദ്ധൻ കോപിച്ച് ഇങ്ങനെ ശണ്ഠ തുടങ്ങിയപ്പോൾ താൻ ഭക്ഷിച്ചുകൊണ്ടിരുന്ന മാംസത്തിൽ ഒരു കഷണം അല്പനേരം കണ്ഠത്തിനുള്ളിൽ തടഞ്ഞിരുന്നുപോയി. മറ്റുള്ള കൃത്രിമങ്ങളിൽ ഒരംശമാണ് ഈ സംഭവവുമെന്ന്, കോപംകൊണ്ട് വിനഷ്ടബുദ്ധിമാൻ ആയിരുന്ന വൃദ്ധന് തോന്നുകയാൽ ഇങ്ങനെ അസഭ്യവാക്കുകൾ പറഞ്ഞുതുടങ്ങി: "ശുദ്രന്മാരുടെ ആത്മാവോട്ടുകൂടിയവർ നിങ്ങൾ! ദീർഘദർശിയാൽ അനുഗ്രഹിക്കപ്പെടാത്തവർ! ഹീനമൃഗങ്ങൾ! അമേധ്യപ്പുഴുക്കൾ! ഈ നരച്ച താടിയെ അനാദരിക്കുന്ന നിങ്ങൾ, ജീവനാംശം വരുമ്പോൾ അള്ളാവിന്റെ പരിശുദ്ധസന്നിധിയിലെ അണയാതെ പാതാളത്തിൽ വീണ് ദൈവവിരോധികളിൽ മുമ്പനായ പിശാചിന്റെ അടിമകളായി അനന്തകാലം വലയും. നൂറഡീൻ, നിന്റെ മടിയിൽ കിടന്ന് മരിക്കാൻ മോഹിക്കുന്ന എന്നെ നീയും വഞ്ചിക്കുന്നുവോ?"

നൂറഡീൻ: "പിതാവേ, കയർക്കേണ്ട. വാസ്തവം കേട്ടാലും. ഷംസുഡീൻ ഇതാ വരുന്നു." (ഷംസുഡീൻ എന്ന പേർ പറയപ്പെട്ട തരുണൻ ഈ സന്ദർഭത്തിൽ നെടുമ്പുരയ്ക്കകത്തു പ്രവേശിച്ചു. മുഖത്താകെ അല്പം മുമ്പ് അ

ശ്രുകണങ്ങൾ പൊഴിഞ്ഞതിന്റെ ലക്ഷണങ്ങൾ കാണ്മാനുണ്ട്. നടയിലും പ്രത്യക്ഷമാകുന്നതു് ഉന്മേഷശൂന്യതയാണ്. ആദരവോടുകൂടി വൃദ്ധന്റെ സമീപത്തു ചെന്നിരുന്നു എങ്കിലും ഭക്ഷണസാധനങ്ങൾ തൊടുകപോലും ചെയ്തില്ല) “സഹോദരാ, ഇന്നും നാം ചെയ്ത കച്ചവടത്തെക്കുറിച്ച് അച്ഛൻ ചോദ്യം ചെയ്യുന്നു. നിന്റെ അനുമതിയുണ്ടെങ്കിൽ അച്ഛനെ ധരിപ്പിക്കാമെന്ന് വിചാരിയ്ക്കുന്നു.” നൂറഡീൻ ഇങ്ങനെ പറഞ്ഞിട്ട് ചെറുതായി മന്ദഹാസം തൂകി.

ഹാക്കിം: “കുട്ടികൾ നിങ്ങൾ ചിരിക്കുന്നു. വൃദ്ധനു ബുദ്ധിയില്ലെന്നു തന്നെയാണു നിങ്ങളുടെ വിചാരം. നിങ്ങൾക്ക് എല്ലാം കളിതന്നെ. പുരുഷന്മാർ വൈരിസംഹാരാദി ക്രിയകൾക്ക് ഒരുങ്ങും. കുട്ടികൾ ചെറുവണ്ടുകളുടെ പിമ്പേ മണ്ടും. പുരുഷന്മാർ യശസ്സു സമ്പാദിക്കും. കുട്ടികൾ പിരണ്ടു കുണ്ടിൽ വീണ് കരഞ്ഞു മാതാപിതാക്കളുടെ ശാസന കേട്ട് വ്യസനിക്കും.”

ഷംസുഡീൻ: (ധൈര്യം അവലംബിച്ചുകൊണ്ട്) “ഞങ്ങളുടെ സകലകാര്യങ്ങളും അവിടുന്നു വഴിപോലെ നോക്കി വരുമ്പോൾ ഞങ്ങൾക്ക് ഉത്സാഹത്തിനല്ലാതെ മറ്റൊന്നിനും സംഗതിയില്ല. അവിടത്തെ ശാസനയ്ക്കു ഞങ്ങൾ പാത്രമാകത്തക്കവണ്ണം വല്ലതും പ്രവർത്തിച്ചു എന്ന് തോന്നുന്നു എങ്കിൽ അതിന് മാപ്പു തരണം. അവിടുന്ന് കോപിക്കുന്നതു കാണുമ്പോൾ ഞങ്ങളുടെ മനസ്സുഖം നഷ്ടമാകുന്നു.”

ഹാക്കിം: “നാം കോപിച്ചുവോ? എന്തു ശുദ്ധൻ നീ! ഷംസുഡീൻ, നമ്മുടെ സമീപത്തു ചേർന്നിരിക്ക. നീ സത്യവാ

നാണല്ലോ. നിന്നോട്ട് സംസാരിച്ചുകൊണ്ടു് നിന്നിരുന്ന വനാരാണു്?"

ഷംസുഡീൻ: "സമീപത്തുള്ള ഒരു ഗൃഹത്തിൽനിന്നു് ഇവിടെ ചില അന്വേഷണങ്ങൾ ചെയ്‌വാൻ വന്ന ഒരു വൃദ്ധനാണു്."

ഹാക്കിം: "ഇതാ ഒരു പുതിയ കഥ വരുന്നു. വൃദ്ധൻ എന്തിനു് വന്നു എന്നു വിസ്തരിച്ചു പറ. ഉസ്മാൻ, നീ നിന്റെ പണിക്കുപോ. (ഉസ്മാൻ എഴുന്നേറ്റു യാത്രയായി) ഷംസുഡീൻ, എന്തന്വേഷണത്തിനാണു വൃദ്ധൻ ഈ സ്ഥലത്തു വന്നതു്?"

ഷംസുഡീൻ: 'കോട്ടയ്ക്കകത്തു് ഒരു ശൂദ്രഭവനത്തിൽ നിന്നു് ചില ആഭരണങ്ങൾ ആരോ മോഷ്ടിച്ചിരിക്കുന്നു. കള്ളനെ തിരക്കിപ്പിടിക്കുന്നതിനായി ഓരോരുത്തർ ഓരോ വഴിക്കു് തിരിച്ചിട്ടുണ്ടു്. കിഴവൻ ഇങ്ങോട്ടു വന്നു.'

ഹാക്കിം: 'വളരെ ധനം മോഷണം പോയോ?'

ഷംസുഡീൻ: 'ആയിരത്തിലധികം വരാഹൻ വിലപിടിക്കുന്ന ഉരുപ്പടി കളവു പോയിട്ടുണ്ടുപോൽ.'

ഹാക്കിം: (താൻ അതിസമർത്ഥനാണെന്നു നടിച്ചുകൊണ്ടു്) 'കള്ളനെ നാം പിടിച്ചു കൊടുക്കാം. നമ്മുടെ നേത്രങ്ങളെ ദൈവം നമുക്കു് വ്യഥാ തന്നിരിക്കുന്നതല്ല. നാം ഇന്നലെ ഒരുവനെ ഈ സ്ഥലത്തു കണ്ടു. അവനുള്ളടത്തു് മോഷണവും സഹജമാണു്. മിന്നൽ ഉണ്ടെങ്കിൽ ഇടിയും ഉണ്ടെന്നതു് പോലെയാണു്. അവൻ വേഷം മാറി ഈ നഗരത്തിൽ വന്നു താമസിക്കുന്നു. ഈ രാജ്യം ധനസമ്പാദനത്തിനു് പല മാർഗ്ഗത്തിലും സൗകര്യമുള്ള

ത് തന്നെ. വൃക്ഷങ്ങളിലെ പാൽ കറക്കുന്നതിന് എന്താണ് തടസ്സമുള്ളത്? അതുപോലെ തന്നെ ഇവിടുന്നു ധനം കൈക്കലാക്കാനും. ഹാ! കേരളം സ്വർഗ്ഗം തന്നെയാണ്. ധനവൃക്ഷമാണ് അക്ഷയഫലത്തോട്ട് കൂടി ഇവിടെ നിൽക്കുന്നത്. തസ്കരനെ നാം അറിയും. അവൻ ഹിന്ദുവൈരാഗി വേഷമായി നടക്കുന്നു. ഇനിയും ഇവിടെ വരും. നാം കാണിച്ചു തരാം. അവന്റെ ജോഡിയായി ഒരുവൻ ഉണ്ട്. അവനും ഈ സ്ഥലത്ത് ഇന്നു വന്നിരുന്നു. ആകട്ടെ, ഷംസുഡീൻ, നാം ചോദിച്ചത് വൃദ്ധന്റെ കാര്യമല്ല. നിന്നോടും ബീറാമിനോടും സംസാരിച്ച് നിന്നവനാരാണ്?'

ഷംസുഡീൻ: "മഹാരാജാവിന്റെ മകൻ റായിപത്മനാഭൻ തമ്പിയുടെ സേവകൻ പാപ്പാനാണ്."

ഹാക്കിം: "അയാൾ എന്തിനായിട്ട് ഇവിടെ വന്നു? ചാരനായിട്ട് വന്നുവെങ്കിൽ നിങ്ങളുടെ പാദങ്ങളിൽ പാപ്പാസുകൾ ഇല്ലായിരുന്നോ?" (ഈ വാക്കുകൾ പറയുന്നതിനിടയ്ക്ക് വൃദ്ധൻ താൻ മഹത്തായി സാധാരണമനുഷ്യർക്ക് അപ്രാപ്യമായിരുന്ന ഒരു സംഗതി കണ്ടുപിടിച്ചതുപോലെ ചില പ്രൗഢികൾ നടിച്ചു.)

ഷംസുഡീൻ: 'അയാൾ കുറച്ചു വിഷം ആവശ്യപ്പെട്ടു വന്നു."

ഹാക്കിം: 'നമ്മുടെ ഊഹവും അങ്ങനെ തന്നെ ആയിരുന്നു. ദൈവം വൃഥാ അല്ല നമുക്ക് ബുദ്ധി തന്നിരിക്കുന്നത്. യുവരാജാവിന്റെ കഥ തീർക്കാനാണ്. അദ്ദേഹത്തിന് ഉടനേ അറിവ് കൊടുക്കണം.'

ഷംസുഡീൻ: ‘വിഷശക്തിയില്ലാത്ത ഒരു ഭസ്മമാണ് ഞങ്ങൾ കൊടുത്തതു്.’

ഹാക്കിം: ‘അഃ നന്നായി. ആശ്ചര്യം! നമുക്കു പിന്നെയും ദൈവം പ്രസാദിച്ച് ആലോചനകൾ തിളയ്ക്കുന്നു. ഇതു് വിഷമല്ലെന്നു കണ്ടാൽ പാപ്പാൻ വേറേ മാർഗ്ഗം നോക്കും. കൃത്രിമക്കാറായ പ്രഭുക്കന്മാർ അറിയാതെ ഇവൻ കത്തിവയ്ക്കുവാൻ നോക്കുന്നു. (ഹാക്കിമിന്റെ ആലോചനകൾ ഈ വഴിക്ക് പോയതുകൊണ്ട് നറഡീനും ബീറാംഖാനും വളരെ സന്തോഷിച്ചു) ഷംസുഡീൻ, പിന്നെയും ഒരു സംഗതി ഓർമ്മ വന്നു. എത്രയോ യോഗ്യൻ, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൻ, നമുക്കു എത്രയോ വലിയ സഹായങ്ങൾ ചെയ്ത മഹാത്മാ, മൂസായ്ക്കു തുല്യം മാന്യൻ … അദ്ദേഹം ആപത്തിലായിരിക്കുന്നു. നമുക്ക് കുലുക്കമില്ല. രാത്രി മുഴുവൻ മനസ്സിവിടെ ആയിട്ട് എവിടെ എല്ലാമോ ചുറ്റി. ഷംസുഡീന്റെ ബുദ്ധിയെ ഔവ്വാമാതാവിന്റേതിനെ എന്ന പോലെ ചൈത്താൻ അപഹരിച്ചിരിക്കുന്നു. (ചിരിച്ചുകൊണ്ട്) ഓ! കഷ്ടം! ഷംസുഡീൻ, നീയാണോ പുരുഷൻ? എന്തു്? (വൃദ്ധൻ മനസ്സാക്ഷിക്കു വിപരീതമായി ഏതും മടികൂടാതെ പറയുന്നു) നമ്മുടെ ആയിഷയുടെ ചെറുപുത്രി ഇത്ര സമർത്ഥയോ? അരമനകാവൽ ഇത്ര ആനന്ദകരമായുള്ള ഒരു തൊഴിലോ? നമുക്കറിവാൻ പാടില്ല. നാം എന്തു ജന്തു? നിർഭാഗ്യവാൻ! ഷംസുഡീൻ സരസൻ, അനുഗ്രഹിക്കപ്പെട്ടവൻ. ബന്ധുക്കളെ മറന്നു പ്രിയതമയെ സേവിക്കുന്നതു് ഷംസുഡീനല്ലാതെ ആരു ചെയ്യും? ഷംസുഡീൻ, നീ എന്തോ വി

ഷണ്ണനായിരിക്കുന്നു. നാം കളിയാക്കുന്നില്ല. നീ ആനന്ദിച്ചോ; നമുക്ക് വിരോധമില്ല. എന്നാൽ ഒന്നു രണ്ടു ദിവസമായി നിന്റെ മുഖത്ത് ഒരു കുറമ്പ് കാണുന്നതെന്തുകൊണ്ടാണ്? സന്തോഷത്തിനിടയിൽ വ്യസനം എങ്ങനെ വന്നു?. സുലൈഖ വല്ലതിനും വഴക്കു കൂടിയോ?'

ഷംസുഡീൻ ഉത്തരം പറയാതെ കഠിനമായ പാരവശ്യത്തോടുകൂടിയിരുന്നു. ഷംസുഡീന്റെ മുഖഭാവം അതിദയനീയമായിരുന്നു. അപ്പോൾ കാണപ്പെട്ടതുപോലെയുള്ള പാരവശ്യം ഷംസുഡീന്റെ മുഖത്ത് നറഡീൻ മുതലായവർ ഒരു കാലത്തും കണ്ടിട്ടില്ലായിരുന്നു. ഷംസുഡീന്റെ മുഖത്തെ കഠിനപാരവശ്യത്തേയും ആയാൾ മിണ്ടാതിരിക്കുന്നതിനേയും കണ്ടപ്പോൾ, വൃദ്ധൻ പിന്നെയും കോപം ജ്വലിച്ചു തുടങ്ങി. നീതിജ്ഞനായ നറഡീൻ തന്റെ പിതൃസഹോദരനെ സമാശ്വസിപ്പിക്കുന്നതിന് ഇങ്ങനെ പറഞ്ഞു: 'ഓരോരുത്തർക്ക് മറ്റുള്ളവർ അറിയാതെ പലവിധമായി വ്യസനങ്ങൾ ഉണ്ടായേക്കാം. അതുകൊണ്ട് വലുതായ ബുദ്ധിക്ഷയവും നേരിടാം. എന്താണു വ്യസനകാരണം എന്നു ബന്ധുക്കൾക്കും ചോദിക്കാൻ അവകാശം ഇല്ല. പറവാൻ പാടുള്ളതാണെങ്കിൽ നമ്മിൽനിന്ന് ഷംസുഡീൻ അത് ഒളിക്കയില്ലായിരുന്നു. ഷംസുഡീന്റെ മൗനത്തിന്റെ താത്പര്യം വ്യാജം പറവാൻ സന്നദ്ധനല്ലെന്നും സത്യം പറയുന്നതിന് നിർബന്ധിക്കരുതെന്നും ആണ്. ഷംസുഡീന്റെ ഇന്നലത്തെ പ്രയത്നങ്ങൾ നിഷ്ഫലമായതുകൊണ്ട് വ്യസനിക്കാനില്ല, ഞങ്ങൾകൂടി ഷംസുഡീനെ സഹായിച്ച് കുറപ്പ് സാഹേബിനെ ഇന്നു രാത്രി തിരയാം.'

ഹാക്കിം: ‘എന്തു പറഞ്ഞു? നീ ആപത്തുള്ളടത്ത് പോകണ്ട. നമ്മുടെ ശാസന കേൾക്ക.’

ഷംസുഡീൻ: ‘പിതാവേ, ഞാൻ ഏകൻ മതിയാകുന്നതാണ്. എന്നെ പീഡിപ്പിക്കുന്ന വ്യസനം, കൃതജ്ഞത മുതലായ സദ്ഗുണങ്ങളെ നശിപ്പിക്കുന്ന വിധത്തിലുള്ളതല്ല.’

ഹാക്കിം: ‘കുറുപ്പു സാഹേബ്ബിനെ നീ കണ്ടു എന്നുള്ളത് നിശ്ചയമാണോ? രാജകുമാരന് നാം അബദ്ധം എഴുതിപ്പോയതല്ലേ? ആ പരമേശ്വരൻ പിള്ളയുടെ വ്യസനം കണ്ടില്ലേ? നല്ല യജമാനനന് നല്ല ഭൃത്യൻ. കുറുപ്പുസാഹേബ്ബിനെ എല്ലാവർക്കും സ്നേഹം തന്നെ. മഹാഗുണവാൻ. ഷംസുഡീൻ, ആലോചിക്ക. നീ കണ്ണുകൊണ്ട് കണ്ടുവോ?’

ബീറാംഖാൻ: ‘അന്ധകാരത്തിലും ഷംസുഡീന്റെ നേത്രങ്ങൾ പിഴച്ചു കാണുകയില്ല.’

ഹാക്കിം: ‘എന്നാൽ സാഹേബ് എവിടെ?’

ഷംസുഡീൻ: ‘സാഹേബ്... പരിഭ്രമിക്കേണ്ട. ഞാൻ കണ്ടു. ഈ രാത്രികൊണ്ട് അദ്ദേഹത്തിന്റെ ഗതി അറിഞ്ഞു വരാം. അങ്ങനെ ചെയ്തില്ലെങ്കിൽ ഞാൻ ഇങ്ങോട്ടില്ല.’

ഹാക്കിം: “അങ്ങനെ പറയാതെ. ജയിച്ചുവാ. രാത്രി അധികം സഞ്ചരിക്കരുത്. സുലൈഖ ഊണുകഴിഞ്ഞുവോ എന്ന നോക്കിവാ.” (ഷംസുഡീൻ രണ്ടാമത് ഈ ആജ്ഞയ്ക്ക് ഇടകൊടുക്കാതെ എഴുന്നേറ്റ് ന്യായാധീനേയും മറ്റും വണക്കത്തോടുകൂടി കടാക്ഷിച്ചുപോയി) “ഇവനെ കാ

ണമ്പോൾ സൂര്യകിരണം തട്ടിയ മഞ്ഞു പോലെ നമ്മുടെ കോപം ദ്രവിച്ചു പോകുന്നു. ഇവന്റെ മനസ്സിനെ തേന്മാങ്ങയ്ക്കുള്ളിൽ വണ്ടത്താൻ എന്നവണ്ണം എന്തോ മഹാ ആധി ഭക്ഷിക്കുന്നു. രോഗത്തിനുള്ള വഴിയാണ്. ബീറാം, നീ പോയി ഒന്നറിഞ്ഞു വരണം. സലൈഖയുടെ സമീപത്ത് ഷംസുദ്ധീൻ ഉണ്ടോ എന്നു നോക്കി, ഉണ്ടെങ്കിൽ അവരുടെ സംഭാഷണം എന്താണെന്നറിക. ഇല്ലെങ്കിൽ നീ തന്നെ അവളുടെ മനസ്സമാധാനത്തിനു വേണ്ടി വല്ല കഥയും പറഞ്ഞു് കേൾപ്പിക്കു്."

ബീറാംഖാൻ ഭക്ഷണം നിറുത്തി എഴുന്നേറ്റു. 'ഇദ്ദേഹം എത്ര തുള്ളിയാലും എന്റെ അഭിലാഷം സാധിക്കാതെ വിടുകയില്ല. അച്ഛനു മകനോട്ട് എന്തോ സ്വകാര്യമായി പറവാനുണ്ട്. അതിലേക്കായി നമ്മെ ഓടിച്ചിരിക്കുന്നു. സത്യവാനായ നുറുഡീനെ പേടിക്കേണ്ട. കിഴവൻ... കിഴവനെ ഞാൻ അറിയും. കിഴവൻ എന്റെ ഇഷ്ടസാദ്ധ്യത്തിന് തടസ്സങ്ങൾ ഉണ്ടാക്കുന്നെങ്കിൽ സുലൈഖയ്ക്കു ഷംസുഡീനില്ല. ഷംസുഡീൻ! എന്തു പേരു്! ഫ്! അള്ളാ... നിബി! കഷ്ടമേ! ജന്മമിങ്ങനെ ആയല്ലോ! കഴിയട്ടെ; എന്നെ ചതിച്ച ദ്രോഹികൾ അനുഭവിക്കും. ഈ സ്ഥിതിയിലാക്കിയ ശഠന്മാർക്കു് താമസം കൂടാതെ ശിക്ഷയുണ്ട്. പ്രിയേ, നീ ഉത്തമ സ്ത്രീ തന്നെ. എന്റെ അപരാധം നീ ക്ഷമിക്കണം. ലോകപരിജ്ഞാനമില്ലാതെ കണ്ടകന്മാരുടെ വായിലകപ്പെട്ടു. ഈ ബൗദ്ധന്മാരുടെ ദാസനും ആയി. ഈ ബന്ധം വേർപെടുത്താൻ നമ്മുടെ മതം അനുവദിക്കുന്നതുമില്ല. അയ്യോ ചാപല്യമേ! എന്റെ ആ

ലോചനക്കുറവിനാൽ എന്റെ പ്രിയയ്ക്കും ഞാൻ വ്യസനം വരുത്തിയല്ലോ. നാരായണ! മഹാപാപിയായ എന്റെ ദുരിതത്തിന് മോചനമാർഗ്ഗവും കാണുന്നില്ലല്ലോ. എന്നിങ്ങനെ എല്ലാം ഉള്ള ആലോചനകളോടുകൂടി നടകൊണ്ടു. അനന്തരം ഹാക്കിം നുറഡീനോടു പറയുന്നു. 'പുത്രാ, ഈ ഷംസുഡീൻ നമ്മിൽ നിന്ന് സകലതും മറയ്ക്കുന്നു. അവൻ ഈ ബീറാമിന്റെ തിരുക്കിൽ ഉൾപ്പെട്ട് നമ്മെ ചതിക്കും. ഇങ്ങോട്ട് കൊണ്ടുവന്നതിൽ എന്തോ സാരമുണ്ട്. ബീറാമിന്റെ ബുദ്ധി നിലയില്ലാത്ത അഗാധതയോടുകൂടിയതാണ്. അവനെ നാം സ്വീകരിച്ച് രക്ഷിച്ച് നമ്മുടെ കുടുംബത്തിൽ ചേർത്തത് അബദ്ധം. ഷംസുഡീനും സ്വാർത്ഥപരനാണ്. നീ വിചാരിക്കുമ്പോലെ അവൻ ശുദ്ധനല്ല.'

നുറഡീൻ: 'അവൻ നമ്മെ വഞ്ചിക്കയില്ല എന്നു നല്ല ഉറപ്പ് ഈ മനസ്സിനുണ്ട്. നമ്മെക്കുറിച്ച് ബഹുവാത്സല്യവും ബഹുമാനവും ആണ്. അവനെ അന്യഥാ ശങ്കിക്കേണ്ട.'

ഹാക്കിം: 'നമ്മുടെ പുത്രിക്ക് അങ്ങോട്ടുള്ളതുപോലെ അവന് അവളെക്കുറിച്ചും പ്രേമം ഉണ്ടോ?'

നുറഡീൻ: 'ഇല്ലെങ്കിൽ അതൊരു സ്വഭാവകളങ്കമായി വിചാരിക്കപ്പെടാവുന്നതാണോ?'

ഹാക്കിം: 'പോ, പോ. നല്ല ആലോചനക്കാരൻ! ഉസ്താന്റെ അടുത്തു പോയി പഠിക്ക്. നിൽക്ക്, അവനെ ഇങ്ങോട്ടു വരാൻ പറ; പോ. നുറഡീനും തന്റെ മുമ്പിൽ നിന്ന് മറഞ്ഞതിന്റെ ശേഷം വൃദ്ധൻ ഹുക്കാക്കുഴൽ എടുത്ത് സുഗന്ധദ്രവ്യങ്ങൾ ഇട്ടു ധൂമാശനം കഴിച്ചു തുടങ്ങി. പുക

തലയ്ക്ക് പിടിച്ചു തുടങ്ങിയപ്പോൾ ഓരോ ആലോചനകളും ആരംഭിച്ചു.' ഷംസുദ്ധീൻ അസാരനല്ല. പഠിച്ച കൗശലങ്ങൾ എല്ലാം പ്രയോഗിച്ചിട്ടും ഒന്നും അറിവാൻ കഴിവുണ്ടായില്ലല്ലോ. അവന്റെ ബോധം ക്ഷയിപ്പിച്ച് അവനെക്കൊണ്ടു് സംസാരിപ്പിക്കുന്നതിനായി കൊടുത്ത ഔഷധങ്ങളുടെ ശക്തിയും അവനിൽ ഫലിച്ചില്ലല്ലോ! അവന്റെ മനക്കരുത്തിനെ കുറിച്ച് നാം അതിശയിക്കുന്നു. ഹാ! ഉസ്മാനെക്കൊണ്ടു് അവനെ വേണ്ടപോലെ സൂക്ഷിപ്പിച്ചിട്ടും ഫലമുണ്ടായില്ലല്ലോ. ബീറാം, ബീറാം, നീയാണു തെറ്റിച്ചതു്. നല്ല വിദ്യയുണ്ടായിരുന്നു. മതഭേദം അന്നു തന്നെ വരുത്തിയിരുന്നെങ്കിൽ ഹാ! എന്തു തരമായിരുന്നു. പോകട്ടെ. ഇനിയും വഴിയുണ്ടു്. നമ്മുടെ കുഞ്ഞിനെ വഞ്ചിക്കുന്നതായാൽ ... ആരു പറയട്ടെ ... നറഡീനല്ല, നവാബു തന്നെ കൽപ്പിക്കട്ടെ ... നാം കുലുങ്ങുകയില്ല. അവനെ അറിയിക്കുന്നുണ്ടു്.'

# 17

“വിരഹം മേ മർമ്മദാരണം,
അതിലേറെ നല്ല മാരണം, അതിദാരുണം
കുടിലമതികളുടെ കുസൃതികൾ കളവാൻ
നിടിലനയനനൊരു തടവിഹ നഹി നഹി.”



തമ്പിയുടെ നാലുകെട്ടിൽ നിന്ന് ചെമ്പകശ്ശേരിയിലേക്ക് പോന്നതിന്റെ ശേഷം തങ്കത്തിന്റേയും മറ്റും സ്ഥിതികളെക്കുറിച്ചും തന്റെ അറിവിൽ ഉൾപ്പെട്ടിട്ടുള്ള സംഗതികളെ സംബന്ധിച്ചും പര്യാലോചന ചെയ്യുന്നതിനല്ലാതെ നിദ്രാസുഖം അനുഭവിയ്ക്കുന്നതിന് സുഭദ്രയുടെ ഉത്സാഹശക്തി അവളെ അനുവദിച്ചില്ല. 'പ്രേതമോ? ഭയംകൊണ്ട് അങ്ങനെ തോന്നിയതോ? എന്നാൽ ആൾ ആരാണ്? കരിയിലയുടെ ഇളക്കം കൊണ്ട് ഭയപ്പെടുന്ന ആളല്ല തമ്പിയദ്ദേഹം. അതുമല്ലാതെ ആഭരണങ്ങളെ ഒരാൾ കൈക്കലാക്കിക്കൊണ്ടുപോയിരിക്കണം. അതാരാണ്? അദ്ദേഹമല്ല. ഇവിടത്തെ വേലക്കാർ ആരുമല്ല. ഓരോന്നിന്റെ മുഖവും ഞാൻ വേണ്ടതുപോലെ പരിശോധിച്ചു. സാധുക്കൾ അറിഞ്ഞതല്ല. ആശാൻ മാത്രം പതറുന്നു. മൂപ്പനെ ഇളക്കി പുറത്തു ചാടിക്കാം. ഓ! സുന്ദരയ്യൻ കൂടി ഉണ്ടായിരുന്നല്ലോ. ഭാര്യയ്ക്ക് കൊടുക്കാൻ ആഭരണങ്ങൾ വേണ്ടിയിരുന്നിരിക്കും. അയാളെ കണ്ടാൽ തമ്പിയദ്ദേഹത്തിന് പ്രേതശങ്ക തോന്നുമോ? ഇല്ല. പിന്നെ ആരാണ്? വരട്ടെ ... പ്രേതമെന്നു വിചാരിക്കപ്പെട്ടതും മോഷ്ടിച്ചതും രണ്ടാളായിരിക്കുമോ? അങ്ങനെ വരാം. അങ്ങനെയാണെങ്കിൽ കള്ളൻ പട്ടര്. എന്നാലും പ്രേതം ആരാണ്? എങ്ങനെ അകത്തു കടന്നു? എന്തിനായിട്ടു വന്നു? ദുഷ്ടനല്ല. മോഷ്ടിക്കയും ചെയ്കയില്ല. അനന്തപത്മനാഭൻ തന്നെയോ? എന്നാൽ തങ്കം ഭാഗ്യവതി. ഏയ്, അതിമോഹം! അങ്ങനെയാണെങ്കിൽ ഒളിച്ചുകാണണമോ? അല്ലെങ്കിൽ ഛായ എങ്ങിനെ തോന്നിച്ചു? ഛായ ശരിയായിരുന്നിരിക്കാം. അതാണ്... അങ്ങനെയാവട്ടെ ... ആ രൂപത്തെക്കണ്ടുണ്ടാ

യ ഭയത്തിൽ നിന്നാണ് തങ്കത്തിന് ഈ രോഗമുണ്ടായ ത്. പ്രേതം തന്നെ ആയിരിക്കാം. അബദ്ധം! എന്നാൽ അ ന്ന ശരീരമെവിടെപ്പോയി? മരിച്ചിട്ടില്ല... എങ്കിൽ എവി ടെ? തങ്കത്തിന്റെ സ്ഥിതി മഹാകഷ്ടം തന്നെ. രണ്ടിലൊ ന്ന നിശ്ചയം. ഒന്നുകിൽ മരിച്ചുപോയി; ഇല്ലെങ്കിൽ ഇ ങ്ങോട്ടുള്ള സ്നേഹമില്ലാതായി. ഇവൾ ഇതാ മരിക്ക യും ചെയ്യുന്നു. എന്താണു ചെയ്യേണ്ടതു്? വല്ല ദിവ്യശക്തിയു മുണ്ടെങ്കിൽ തങ്കത്തിനെ നല്ല സ്ഥിതിയിലാക്കാമായിരു ന്നു. എന്നാൽ എന്റെ സ്ഥിതി തന്നെ നന്നാക്കരുതോ? എ ന്റെ സ്ഥിതി നന്നാക്കിയാലെത്ര നന്നാകും? കഷ്ടം! പു രുഷന്മാരുടെ സ്നേഹം എത്ര നിസ്സാരമായിട്ടുള്ളതു്! ഇ വർക്ക് അധികബുദ്ധിയും കാര്യജ്ഞാനവുമുണ്ടെന്ന് നാ ട്യമുണ്ട്. എന്തിന് ഓരോന്നു പേ പറയുന്നു? മരിക്കുന്നുമി ല്ലല്ലോ ഭഗവാനേ! എന്തിന് മരിക്കുന്നു? ഈശ്വരന്റെ മ തം പോലെ നടക്കട്ടെ. ദുഷ്പേരുകൾ കേട്ടെങ്കിലും പാ പം നീങ്ങട്ടെ. ഒരു മോഹം സാധിക്കണമെന്നുണ്ട്. സാ ദ്ധ്യമാകാൻ പത്മനാഭൻ സഹായിക്കണം. എന്റെ ഭർ ത്താവായിരുന്ന ആളെ ഒന്നുകൂടി കണ്ടിട്ട് ജീവൻ പോക ണം. അമ്മയ്ക്കും മകൾക്കും ഒന്നുപോലെ ഭർത്താവിന്റെ ഹേ തുവാൽ കഷ്ടത അനുഭവിക്കാനാണല്ലോ സംഗതി. ‘അ മ്മ’ എന്നുള്ള നാമം തന്റെ മനോവിചാരങ്ങളിൽ ഉൾപ്പെട്ട പ്പോൾ സുഭദ്രയുടെ ആത്മഗതങ്ങൾക്ക് നിലയുണ്ടായി. ഏ കദേശം രണ്ടു നാഴികയോളം കണ്ണുനീർകൊണ്ട് ഉപധാ നാദികൾ തണുപ്പിച്ചു. അനന്തരം ‘എന്തെല്ലാം അനുഭവിക്ക ണം! നടക്കുന്ന പ്രപഞ്ചം. കഴികയില്ല കരയാനും മറ്റും.’ എ ന്നിങ്ങനെയുള്ള ഓരോ വിചാരങ്ങൾ മനസ്സിൽ വ്യാപരി

ച്ചുകൊണ്ടിരുന്നതിനാലാണ് ഉറക്കത്തിന് സംഗതിയാകാത്തത്. നേരം വെളുത്തപ്പോൾ എഴുന്നേറ്റ് ഗൃഹം ചുറ്റി ഒന്നു പരിശോധിച്ചു. ഈ പരിശോധനയ്ക്കിടയിൽ അടിച്ചുവാരിയതായ ചപ്പിന്റെ ശേഖരത്തിൽ കിടന്ന ഒരു ലേഖനം കണ്ടുകിട്ടിയതിനെ മടിയിലാക്കിക്കൊണ്ട് അറപ്പുരയ്ക്കകത്ത് കടന്നു. അറപ്പുര വലിയകെട്ടിന്റെ കിഴക്കേ വരാന്തയിൽ നിന്ന് വലിയ പുരയ്ക്കടിയിലുള്ളതായ കല്ലറയിലേക്ക് ഒരു വാതിൽ ഉള്ളത് തുറന്നിരിക്കുന്നതിനെ നല്ല വണ്ണം പരിശോധന കഴിച്ചുകൊണ്ട് ആയുധപ്പുരയിൽ ആശാന്റെ സമീപത്ത് ചെന്നു. ശങ്കു ആശാന് സുഭദ്രയെക്കുറിച്ച് നല്ല അഭിപ്രായമല്ലെന്നുള്ള വിവരം ആ സ്ത്രീക്കും മനസ്സിലായിട്ടുണ്ട്. അതിനാൽ ആശാനെ കുറിച്ച് തനിയ്ക്ക് വളരെ ബഹുമതിയുണ്ടെന്ന് അയാളെ ബോദ്ധ്യപ്പെടുത്തി, ഉപായം കൊണ്ട് വൃദ്ധനിൽ നിന്നു ഗ്രഹിക്കേണ്ട സംഗതിയെ വമിപ്പിക്കണമെന്നുള്ള നിശ്ചയത്തോടുകൂടി, ‘എന്താണമ്മാവാ? അമ്മാവൻ തന്നെ ഭാഗ്യവാൻ. ഇത്ര നേരത്തേ ഉണർന്നല്ലോ. അമ്മാവന് വയസ്സിപ്പോൾ നാല്പത്തി…?’ എന്ന് അത്യാദരവോടുകൂടി ചോദിച്ചു. സുഭദ്രയുടെ സഹവാസം ആശാന് ഒരിക്കലും സന്തോഷപ്രദമായിരുന്നില്ലെങ്കിലും ‘അമ്മാവൻ’ എന്നുള്ള പദവും ഒട്ടുവിലത്തെ ആശാനെ ചെറുപ്പമാക്കിയുള്ള ചോദ്യവും പിംഗളയുടെ തപസ്സിനാലുണ്ടായതിലും ശീഘ്രമായും അധികമായുമുള്ള ഫലത്തെ ജനിപ്പിച്ചു. മുമ്പോട്ട് നീണ്ട് അകത്തോട്ട് വളഞ്ഞിട്ടുള്ള താടി വിടുർത്തി ചിരിച്ചുകൊണ്ടും കരുണയോടുകൂടി സുഭദ്രയെ നോക്കീട്ടും ‘നാൽപ്പത്തിയേഴോ എട്ടോ തന്നെ കുഞ്ഞേ,’ എന്നുത്തരം പറഞ്ഞു. ‘പ്ര

ത്യക്ഷമായി ഇനി സംസാരിക്കാം. പാടേ ഒന്നിളക്കി മറിക്കണം. അപ്പോൾ പുറത്ത് ചാടും. അനുകൂലമായ ഉത്തരമായിരിക്കുമോ എന്തോ?' എന്നിങ്ങനെ വിചാരിച്ചുകൊണ്ട് 'ഇവിടെക്കേറി മോഷ്ടിച്ചതാരാണ്? പറയണം' എന്ന സുഭദ്ര ഗൗരവത്തോടുകൂടി ചോദിച്ചു. ചില ചെറുമുൾച്ചെടികൾ വാടിച്ചായുംപോലെ ആശാന്റെ മുഖം വാടിയിരുണ്ടു.

സുഭദ്ര: 'സത്യം പറയണം, മടിക്കണ്ട. ഓഹോ! ആശാന് ഈ വീട്ടുകാരെക്കുറിച്ചുള്ള കൂറ് ഇങ്ങനെയാണോ? ഉചിതം വേണം മനുഷ്യരായാൽ. വെറുതെ ചോറു തിന്നു മുടിച്ചാൽ മാത്രം പോരാ. ആശാനെ ബഹുയോഗ്യനെന്ന് വിചാരിച്ചു പോയി, കാര്യം തിരിഞ്ഞിരിക്കുന്നത് ഇങ്ങനെയാണോ? ഇന്നലത്തെ വിറയലും ആശാന്റെ സവാരികളും ആരും കണ്ടില്ലെന്നായിരിക്കും. ആയുധപ്പുര സൂക്ഷിപ്പുകാര് ഈയിടെ തേവർ തന്നെ ഭണ്ഡാരം മുറിക്കുന്ന സമ്പ്രദായം പഠിച്ചിരിക്കയാണ്.'

ആശാൻ മങ്ങി, ശരീരമാസകലം വിയർത്ത്, കിടുകിടെ വിറച്ചുതുടങ്ങി. കണ്ണിൽ അശ്രുക്കളും നിറഞ്ഞു. തൊണ്ട വിറച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "ഞാൻ... ഞാൻ കണ്ടതോ കേട്ടതോ? നാക്കിൽപ്പടച്ചതൊക്കെ കേപ്പിൻ. ആർക്കെന്തു ശേതം?"

സുഭദ്ര: "ചെമ്പകത്തെ ഉരുട്ടി അയയ്ക്കാമെന്നോ? വലിയ നിലവറയുടെ പടിഞ്ഞാറേ വാതിൽ ഇന്നും തുറന്നു കിടക്കുന്നു. അതിന്റെ പൂട്ട് അകത്താണ്."

ആശാൻ: “വേണ്ടതും വേണ്ടാത്തതും പിള്ളയ്ക്കു കേട്ടിട്ട് ഇപ്പം എന്തു വേണം? ഞാൻ കേറി മോട്ടിച്ചെന്നോ കൊണ്ടരണത്?”

സുഭദ്ര: “ചോദിക്കുന്നതിന് ഉത്തരം പറയണം. നാലാന്നാൾ രാത്രി ഈ ആയുധപ്പുരയുടെ താക്കോൽ ആശാന്റെ പക്കൽത്തന്നെ ഇരുന്നോ?”

ഈ ചോദ്യം കേട്ടപ്പോൾ സുഭദ്ര സംഗതി മുഴുവൻ ഗ്രഹിച്ചുകൊണ്ട് ചോദിക്കുകയാണെന്ന് ആശാനു നിശ്ചയമായെങ്കിലും ഒന്നുകൂടി ഒഴിഞ്ഞുനോക്കുക എന്നുള്ള വിചാരത്തോടുകൂടി “പെണ്ണുങ്ങൾക്ക് ഇതിലൊക്കെ എന്തരാണു കാര്യം? തർവാഥിയെപ്പോലെ അല്ലയോ ശോദ്യങ്ങള്!” എന്നു പറഞ്ഞു.

സുഭദ്ര: “വരണം, ആണുങ്ങളെക്കൊണ്ട് ചോദിപ്പിക്കാം. മൂത്ത പിള്ളമ്മാവന്റെ അടുത്ത് പോകാം.”

ആശാൻ: “വേണ്ട പിള്ളേ, എന്തരു വേണോ പറയാം. എന്നെ ഇട്ടലമാറടിക്കാതിൻ, ചീവനെയുംകൊണ്ട് പാട്ടിക്കു കെടന്നോട്ട്.”

സുഭദ്ര: “അങ്ങനെ ... സത്യം പറഞ്ഞേയ്ക്കണം. അന്ന് ഇവിടെ വിശേഷിച്ച് ആരുണ്ടായിരുന്നു? അയാൾ അറപ്പുരയ്ക്കകത്ത് കടന്നതെങ്ങനെ? ആശാൻ ഓടി നടന്നിട്ട് എന്തു സാധിച്ചു?”

ആശാൻ: “പൊന്നുകുഞ്ഞേ, ഒള്ളതു പറയാം. മുടിഞ്ഞുപോണ കാലത്തിന്, എന്തരു പറയണത്? അവന്റെ തലയിൽ ഇടിവീഴാൻ വന്നുകേറി ഒള്ളതൊക്കെ മോട്ടിച്ച്, എന്റെ കുഞ്ഞിനേയും ചതിച്ച്, മാവാവി ഇപ്പേ

രും കേപ്പിച്ചു,... ഞാൻ മോട്ടിച്ചെന്ന്." ഇത്രയും പറഞ്ഞിട്ടു് പണ്ടു് ശ്രീപരമേശ്വരൻ ദേവകളോടും മറ്റും കയർത്തു് കഠിന തപോനിഷ്ഠയിൽ സ്ഥിതി ചെയ്തതുപോലെ ആശാൻ പഞ്ചേന്ദ്രിയങ്ങളേയും അടക്കി, വൈരാഗ്യം അവലംബിച്ച് മൗനിയായി ഇരുന്നു. ആശാന്റെ സമാധിലംഘനത്തിനായി സുഭദ്ര തന്റെ കൂർത്തു മൂർത്തുള്ള വാക്കുകളാകുന്ന പുഷ്പശരങ്ങൾ പ്രയോഗിച്ചു. 'ശരി, ശരി, വെറുതെയാണോ അപവാദങ്ങൾ ഉണ്ടായതു്? മോഷ്ടിച്ചവനെ ആശാൻ അറിയുമെന്ന് ഇപ്പോൾ സമ്മതിച്ചല്ലോ. ഇത്രയും അറിഞ്ഞതുമതി. ശേഷം രണ്ടു നാഴികയ്ക്കുള്ളത്തു ഞാൻ അറിഞ്ഞേക്കാം. യോഗ്യൻ! യോഗ്യൻ! (ഹാസ്യമായി ഓരോ വാക്ക് നെഞ്ചത്തു തറയ്ക്കും വണ്ണം) പരമയോഗ്യൻ! ഹ ... തങ്കത്തിനോട് ഇങ്ങനെ ചെയ്ത ആളിനെത്തന്നെ ഈ വീടിന്റെ കാരണവരാക്കി വച്ചിരിക്കുന്നല്ലോ. നാൽപ്പതു കാശിസന്യാ...'

'കാശി' എന്നുള്ള വാക്കായപ്പോൾ ആശാന്റെ സിദ്ധാന്തത്തിന് വല്ല ദിവ്യമന്ത്രവും പ്രയോഗിക്കപ്പെട്ടതുപോലെ ഭംഗം വന്നു. 'ആ' എന്ന് ഒന്ന് അലറിക്കൊണ്ടു് "തപ്പരവി തപ്പരവി കെഴട്ടുകെഴവന്റടുത്തല്ലയോ മല്ലു വെട്ടാൻ വന്നു കേറീരിക്കണതു്" എന്ന് ലോകത്തോടൊരു അപവാര്യ ആയിട്ടു പറഞ്ഞു.

സുഭദ്ര: 'അലറണം; തുള്ളിയാൽ ആരു വകവയ്ക്കും? സുന്ദരയ്യനും ആശാനുമായി ഭേദമെന്താണ്? ഞാൻ പറയാനുള്ളടത്തു് പോയി പറയാം. വെറുതെ ആരാനോടും ശണ്ഠ പിടിക്കുന്നതെന്തിന്?' എന്നു പറഞ്ഞുകൊണ്ടു് ആയുധ

പ്പുരയ്ക്ക് പുറത്തിറങ്ങാൻ ഭാവിച്ചു. കോപിച്ചും ശാസിച്ചും ആക്ഷേപിച്ചും ഭയപ്പെടുത്തിയും ശണ്ഠ തുടങ്ങിയിട്ടും കുലുങ്ങാതെ ഇരുന്ന ആശാൻ സുഭദ്ര പുറത്തിറങ്ങാൻ തുടങ്ങിയപ്പോൾ വൃദ്ധന്റെ പ്രായത്തിന് ഏറ്റവും ആശ്ചര്യപ്പെടേണ്ടതായ വേഗത്തിൽ എഴുന്നേറ്റ് സുഭദ്രയെ തടഞ്ഞു നിറുത്തി 'അ ... കു ... കു ... കുഞ്ഞിനെപ്പോലെ നല്ല കുഞ്ഞു് ആരൊണ്ടു്? എക്കൊരു കുറച്ചില് വന്നുപോയി. വെളിപ്പറയൂല്ലെങ്കിൽ എല്ലാം പറയാം. ചത്തു് കരിപറക്കണെ കഴുവേറി പോണവഴിക്കു് പുല്ലുപോലും കുരുക്കുല്ല.'

സുഭദ്ര: "എന്നോട്ടു പറയുന്ന സ്വകാര്യം ഭദ്രം തന്നെ."

ആശാൻ: "നല്ല പിള്ള ... നല്ല പിള്ള. അന്നു് എക്കൊരു കിയുമത്തു് പറ്റി. ഒരു കാശിവാതി ആ മഴേത്തും കാറ്റത്തും വന്നു് ഇവിടെ കേറി. ചെറുപ്പം. ഒരിക്കലോ മറ്റോ കണ്ടിട്ടുമൊണ്ടു്. എക്കൊരു ദശാവു തോന്നിയതു്. അവന് വേതാന്തങ്ങളും ചാത്രങ്ങളും യോഹമൊറകളും പച്ചവെള്ളം കുഞ്ഞേ പച്ചവെള്ളം. ഈ വേതാന്തപ്പരിഷകളെ ഒണ്ടല്ലോ കുടിക്കണെ വെള്ളത്തിപ്പോലും വിചുതിച്ചൂട. മുന്തി അറുക്കണെ കാക്രോടമ്മാര്! എന്റെ കുഞ്ഞു് വെളിയിപ്പറയരുതേ. എന്റെ ചെമ്മാന്ത്രത്തിലും ഇങ്ങനെയൊള്ള പോക്കണക്കേട്ട് പറ്റീട്ടില്ല."

ആശാൻ മനസ്സിളക്കി സത്യം പറയുന്നതു് വല്ല ചോദ്യത്താലോ മറ്റോ തടസ്സപ്പെടുത്തിയാൽ സാരമായ സംഗതികളേയോ അറിവുള്ള വൃത്താന്തം മുഴവനേയുമോ മറച്ചേയ്ക്കുമെന്നുള്ള ശങ്കകൊണ്ടു് സുഭദ്ര കേമനായ ഒരു പോലീസുദ്യോഗസ്ഥനെപ്പോലെ ഞെളിഞ്ഞു്, കുറ്റസമ്മതം ഉജ്ജാറാ

യി കേൾക്കുന്ന നാട്യത്തിൽ നിൽക്കയായിരുന്നു. രണ്ടാമതും കള്ളക്കുതിരകളെപ്പോലെ പുറകോട്ടു് അടിവെച്ചു് തുടങ്ങിയതു് കണ്ടു് ആശാനു ധൈര്യം വരത്തക്കവണ്ണം സുഭദ്ര ഒരു സത്യവും ചെയ്തുകൊടുത്തു്.

ആശാൻ: ‘മതി, അതുമതി. ഇനി എല്ലാം പറയാം. ആ മഴയത്തു് ഞാൻ എന്തരു ചെയ്യും കുഞ്ഞേ? എന്റെ ഏഴരാണ്ടച്ചനിക്കു് അവന്റെ പൊക്കണത്തീന്നു് അവൻ എന്തരോ എടുത്തു തിന്നു. വാശ്ശുവിനു കൊള്ളാമെന്നു പറഞ്ഞു. തന്ന്യാഥി അല്ലയോ? എന്റെ കെരവപ്പിഴയ്ക്കു് മുടിഞ്ഞുപോവാനക്കൊണ്ടു് ഞാനും ഇത്തിരി ഒരെള്ളോളം വാങ്ങിച്ചു തിന്നു. കുഞ്ഞു ചിരിക്കണം. വെളിയി… അയ്യോ! പൊയിലച്ചാതം എറങ്ങിയാക്കുടെയും പഞ്ചിപ്പാലറുതി എക്കു് വെളിയെലുടുക്കും. അന്നു തിന്നെന്നേ ഒള്ളു. പിന്നെ ചെവിത്തയുമില്ല ചെമ്മണ്ടയുമില്ല. നേരം വെളുത്തതു മാത്രം അറിഞ്ഞു. അവൻ… ആ വെട്ട തൊറന്നുപോണ ഈനാഞ്ചാത്ത… അവൻ തന്നെ മോട്ടിച്ചതു്. എന്റെ ചെല്ലപ്പിള്ളയെ മായപ്പൊടി ഇട്ടു മയക്കിയാണു് നാക്കില്ലാതെ ആക്കിയതു്. കേപ്പിൻ കുഞ്ഞേ; ഇതാണ്ടെ, ഈ കാണുന്ന ഉള്ളറയിലെ താക്കോലു് എന്റെ തലയ്ക്കൽ വച്ചിരുന്നു. നേരം വെളുത്തു നോക്കിയപ്പം അതൊണ്ടു പൂട്ടിലിരിക്കുന്നു. അവൻ… നാരായണ! അവന്റെ വേതാന്തങ്ങളു് മുടിഞ്ഞുപോണേ പഹവാനേ!’

കാശിവാസി എന്നു പറയപ്പെട്ട ആൾ അറപ്പുരയ്ക്കകത്തു കടന്നു എന്നും മോഷ്ടിച്ചു എന്നും ആശാന്റെ തെളിവിനാൽ സുഭദ്രയ്ക്കു ബോദ്ധ്യം വന്നു. കുറച്ചുനേരം ആലോചിച്ചു നിന്നി

ട്ട് 'ആശാൻ ഉണരുന്നതിനു മുമ്പേ പൊയ്ക്കളഞ്ഞോ?' എന്നു ചോദിച്ചു.

ആശാൻ: 'പിന്നേ! മോട്ടിച്ചതുംകൊണ്ട് ഇവിടെ നിക്കുമോ?'

സുഭദ്ര: 'ആശാൻ ഇതിനു മുമ്പിൽ അയാളെ കണ്ടിട്ടുണ്ടോ?'

ആശാൻ: 'ഒണ്ട്... ഇല്ലെ വഴിയില് ഒരു തന്ത്യ്യേ നിക്കണതു കണ്ടു.'

സുഭദ്ര: 'ഈ വീട്ടിൽ ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും ആശാനോട് ചോദിക്കയോ പറകയോ ചെയ്തോ?'

ആശാൻ: "യേങ്ഹേ, ഒരു വാക്കുപോലും ഇല്ല."

സുഭദ്ര: "ചെറുപ്പമോ, അതോ?"

ആശാൻ: "ചെറുപ്പം... എരട്ടക്കരളുവച്ച ഒറ്റയാനെപ്പോലെ പീപ്പന്നിമാടൻ."

സുഭദ്ര: "നിറം?"

ആശാൻ: "അകം പോലെ പൊറവും കറുപ്പ്. ചാമ്പപ്പറയനേ ചാമ്പപ്പറയൻ! കണ്ണും കാലും കറുത്ത എന്തൊരുത്തൻ. വെട്ടിക്കുരുതികഴിച്ചൂടണം. അതാ!"

സുഭദ്ര: (ആത്മഗതം) "എന്നാൽ തമ്പിയദ്ദേഹം കണ്ട ആളായിരിക്കാൻ വഴിയില്ല. പ്രേതമാകുമ്പോൾ പക്ഷേ കറുക്കുമോ? ആർക്കറിയാം?" (പ്രകാശം) "അവനെ കണ്ടിട്ട് വല്ലോരുടേയും ഛായ ആശാനു തോന്നിയോ?"

ആശാൻ: (ആലോചിച്ചിട്ട്) "പറയാം. ഒരു ക്നാവുപോലെ തോന്നുന്നു. പിന്നെ, നമ്മുടെ ... ഛീ, അതല്ല. ഒണ്ടെങ്കില്, വാക്കുകേട്ടാൽ നമ്മുടെ ... അതുമല്ല."

സുഭദ്ര: (ആത്മഗതം) "ആശാനു പരിചയമുള്ള സ്വരൂപവും സ്വരവും ആണ്; സംശയമില്ല. ആരായിരിക്കാം? അതു തീർച്ചയായെങ്കിൽ മതി. മോഷ്ടിക്കാൻ കടന്ന ആളാണെങ്കിൽ തമ്പിയദ്ദേഹത്തെ തടുക്കുമോ? അതുമല്ലാതെ ഈ വീട്ടിന്റെ കിടപ്പെല്ലാം അറിഞ്ഞ ആളാണ്. എന്തു മറയി ഞാൻ! കഴക്കൂട്ടത്തു ചേട്ടനാണ്; അതാണ് യോഗത്തിലെ ദേഷ്യമെല്ലാം. ആഭരണങ്ങൾ എടുത്ത് കൈക്കലാക്കി എന്നേയുള്ളു, ഇവരെ ഭയപ്പെടുത്താൻ. ഇപ്പോൾ തങ്കത്തിന് ഇങ്ങനെ വന്നതുകൊണ്ട് വല്ലാതെയുമുണ്ട്. അതാണ് തങ്കത്തിന്റെ ദീനചികിത്സയ്ക്ക് എല്ലാ ചെലവും താൻ ചെയ്തുകൊള്ളാമെന്ന് പറഞ്ഞത്." (പ്രകാശം) "ഇന്നലെയും മറ്റും ആശാൻ ചുറ്റി നടന്നത് എവിടെയാണ്?"

ആശാൻ: "അവനെ തപ്പരവി നടന്നു."

സുഭദ്ര: "എന്നിട്ടു കണ്ടോ?"

ആശാൻ: "ഇന്നലെ ഊരെ വച്ചു കണ്ടു. ലവിടെ ഇല്ലെപ്പട്ടാണിപ്പേട്ടയില്."

സുഭദ്ര: "തീർച്ചയാണോ? അയാളെത്തന്നെ എന്നു നിശ്ചയമുണ്ടോ?"

ആശാൻ: 'ഇതു കുഞ്ഞു തന്നെ എങ്കില്, കണ്ടത് അവനെത്തന്നെ.'

സുഭദ്ര: "ആവനെത്തന്നെയാണ് കണ്ടതെങ്കിൽ ആശാൻ ഇന്നും ഒന്നു പോയന്വേഷിക്കണം. ആശാനെ അവൻ കണ്ടോ?"

ആശാൻ: "കണ്ടു ; എന്നെ മിഴുമിഴാ നോക്കി."

സുഭദ്ര: (ആത്മഗതം) "കഴക്കൂട്ടത്തു ചേട്ടനല്ല (പ്രകാശം) 'ആശാൻ കണ്ടിരിക്കുന്ന സ്ഥിതിക്ക് മോഷ്ടിച്ചത് അവനാണെങ്കിൽ ഇനി അവിടെ കാണുകയില്ല. അവിടെ ഉണ്ടോ എന്നു നോക്കിക്കൊണ്ട് വരണം. ആശാൻ തന്നെ പോകണം."

ആശാൻ: "ആ നീശക്കൂട്ടത്തില് എക്കു വയ്യ പോവാൻ."

സുഭദ്ര: (ആത്മഗതം) "ആശാനെ ഉറക്കാൻ കൊടുത്ത മരുന്നു പോലെ എന്തോ തങ്കത്തിനെ ഉറക്കാനും കൊടുത്തു. എന്നിട്ടായിരിക്കാം മോഷ്ടിച്ചത്. എന്നാൽ വിദ്വാനെ തമ്പിയദ്ദേഹവും ആശാനും കണ്ടിരിക്കുന്ന സ്ഥിതിക്ക് കടന്നുകളയേണ്ടതല്ലായിരുന്നോ? ആശാൻ കാണുക തന്നെ വേണം. മറ്റുള്ളവരെ അയച്ചുകൂടാ. അന്യൻ ഈ അറപ്പുരയ്ക്കകത്തു കടന്നു; പട്ടാണി ആണ്; തങ്കത്തിനെ മയക്കി എന്നൊക്കെ വന്നാൽ വലിയ കുറച്ചിൽ! പാടില്ല; എന്നെപ്പറയുന്ന ആളുകൾ വല്ലതും സംഗതി പിടികിട്ടിയാൽ തങ്കത്തിനേയും ദൂഷിക്കും. വേണ്ട, മറ്റാരും വേണ്ട; ആശാൻ തന്നെ പോണം. കഞ്ചാവിന്റെ കഥ പുറത്തു വരുമെന്ന് ഭയന്ന് ഒന്നും പുറത്ത് പറകയില്ല." (പ്രകാശം) "ആശാൻ ഇങ്ങനെ തർക്കം പറയരുത്. തങ്കത്തിന്റെ ദണ്ഡം ഒന്നു രണ്ടു ദിവസം കൊണ്ട് ഞാൻ ഭേദമാക്കിത്തരാം."

ആശാൻ: “പൊന്നു തന്നെ കെട്ടിത്തന്നാലും ഇല്ല. തിരുമുകത്തെപ്പിള്ളേടെ കാര്യത്തിപ്പോലെ എക്കു വയ്യ അടിച്ചോണ്ടു നടപ്പാൻ.”

സുഭദ്ര: ‘കഞ്ചാവും കറുപ്പും തിന്നാൻ കഴിയുമോ?’

ആശാൻ: ‘അതാണ്ടെ, പറഞ്ഞതേ എക്കു വെന; ഞാൻ പോവാം പിള്ളേ, പോവൂലാന്നു പറഞ്ഞോ വല്ലോരും?’

സുഭദ്ര: ‘പോയി ആളിന്റെ തരം, നിറം, വയസ്സ് ഇത്രയും നിശ്ചയപ്പെടുത്തി വരണം. ഒന്നുമില്ലെങ്കിൽ കണ്ടിട്ട് വന്നാൽ മതി. തരമുണ്ടെങ്കിൽ തങ്കത്തിന്റെ ദീനസംഗതി , മോഷണക്കാര്യം ഇതുകളും പറഞ്ഞുകേൾപ്പിക്കണം.’

ആശാൻ: ‘ഒരു വാക്കു തപ്പൂല്ല. ലതു തിന്നത് ഇനിയെങ്കിലും മിണ്ടല്ലേ.’

സുഭദ്ര: ‘ഞാനോ, ഒരു കാലം … ആശാൻ ഇത്ര സംശയിക്കുന്നതെന്തിന്?’

ആശാൻ: ‘കുഞ്ഞു പറയൂല്ല; എക്കറിയാം. ഒരു മിടാന്തു വെള്ളപ്പഴിഞ്ഞിവെള്ളവും മോന്തിക്കൊണ്ട് ഇതാ നടന്നു.’

സുഭദ്ര: ‘അവനോട് കാര്യങ്ങൾ പറയുമ്പോൾ കേട്ടാലുണ്ടാകുന്ന മുഖഭാവങ്ങൾ കൂടി നോക്കിക്കൊള്ളണം.’

ആശാൻ: ‘അതൊക്കെ എക്കറിയാം. ഒന്നും പറഞ്ഞു തരണ്ട.’

സുഭദ്ര: ‘മിടുക്കനല്ലയോ! ഞാൻ ചോദിക്കുന്നതിനെല്ലാം ഉത്തരം പറയണം.’

ആശാൻ: 'പള്ളിപ്പിള്ളരെപ്പോലെ.' അബദ്ധത്തിൽ ലഹരിപദാർത്ഥം ഭക്ഷിച്ചുപോയതു ഗോപ്യമായി വച്ചുകൊള്ളണമെന്നു പിന്നെയും അപേക്ഷിച്ചിട്ട് ആശാൻ ആയുധപ്പുര പൂട്ടിക്കൊണ്ട് വടക്കേക്കെട്ടിലേക്കു യാത്രയായി.

സുഭദ്ര: 'മഹാശുദ്ധൻ! കള്ളിൽ കുളിച്ചു വഴിയിൽ ഉറങ്ങുന്നവർക്ക് ഈ അഭിമാനം വല്ലതുമുണ്ടോ? അറിയാതെ വന്ന അബദ്ധത്തെ പുറത്താക്കാൻ മടിച്ച് തനിക്ക് എത്രയും പ്രിയമുള്ള ആളിന് നേരിട്ടിരിക്കുന്ന ആപത്തിനു മോചനം വരുത്താൻ അവശ്യം അറിയേണ്ടതായ സംഗതികളെയും മറച്ചുകൊണ്ട് ഭ്രാന്തനെപ്പോലെ ഒന്നും പാടില്ലാതെ ഉഴലുന്നു; ആട്ടെ ഈ എഴുത്തിനെ വായിക്ക തന്നെ.'

എന്നിങ്ങനെ വിചാരിച്ചുകൊണ്ട് താൻ മുമ്പിൽ കണ്ടുപിടിച്ച എഴുത്തിനെ എടുത്ത് രണ്ടു മൂന്ന് ആവൃത്തി വായിച്ചു.'എന്തു കൃത്രിമം! എന്തു കള്ളം! കഷ്ടം! കഷ്ടം! ഇത് എല്ലാം അദ്ദേഹം വിശ്വസിച്ചല്ലോ! അദ്ദേഹം കീർത്തിമാനാണെങ്കിലും ശുദ്ധനാണ്. അല്ലേ, ഈ വ്യാജം അറിവാൻ പാടില്ലാത്ത ആളായിപ്പോയല്ലോ. തിരുമുഖത്തെ അദ്ദേഹം ഈ രാജ്യത്തിന് ഒരു രത്നമാണുപോലും. മഹാബുദ്ധിമാൻ, സമർത്ഥൻ, തമ്പുരാക്കന്മാരുടെ കൺമണി, വലിയ സർവ്വാധിയും ആയിരുന്നു. സുന്ദരം പട്ടരുടെ തിരുക്കിൽ പെട്ടപ്പോൾ മഹാമോശം! അദ്ദേഹം ഈ കള്ളം വിശ്വസിച്ച സ്ഥിതിക്ക്, ഈ എഴുത്തിനെ തങ്കം വിശ്വസിച്ചു എന്നു വിചാരിക്കുന്നതിൽ എന്താണ് ആശ്ചര്യം? വിശ്വസിക്കുന്നില്ലെന്ന് അമ്മയോടു പറഞ്ഞത് ആത്മവഞ്ചനയുടെ ഒരു വകഭേദം; അത്രേയുള്ളു. ഇതു വിശ്വസിച്ച് വ്യ

സനിച്ചിരിക്കുമ്പോൾ തമ്പിയദ്ദേഹത്തിനെക്കൊണ്ട് ചാടിച്ച അമ്മ എന്തു് ദുർമോഹിയാണ്.' ഇപ്രകാരം ആലോചിച്ച് എഴുത്തിനെ പൂർവ്വസ്ഥിതിയിൽ ഒളിച്ചുകൊണ്ട് അറപ്പുരയിലേക്കു ചെന്നു.

പത്തു നാഴിക പുലർച്ച ആയപ്പോൾ മുതൽ സുഭദ്ര ആശാന്റെ വരവ് നോക്കിത്തുടങ്ങി. അധികം താമസിക്കുന്നതിനാൽ എന്തോ വിശേഷ സംഗതിയുണ്ടെന്ന് ആ സ്ത്രീക്കു നിശ്ചയമായി. ഉച്ചതിരിഞ്ഞു തുടങ്ങിയപ്പോൽ ആശാൻ വാടി വിയർത്തു ക്ഷീണിച്ചു തിരിച്ചെത്തി. ആയുധപ്പുരയ്ക്കകത്ത് കടന്ന് കിടപ്പായി. സുഭദ്ര ക്ഷണത്തിൽ മുമ്പിലെത്തി. 'കണ്ടോ ആശാനേ?' എന്നു ചോദ്യം ചെയ്തു. ആശാൻ 'കണ്ടു, കണ്ടു' എന്ന് ഉന്മേഷത്തോടുകൂടി പറഞ്ഞു.

സുഭദ്ര: 'സംസാരിച്ചോ?'

ആശാൻ: 'ഓഹോ! ഞാൻ പെയ്യാ ചുമ്മാ വരുമെന്നോ?'

സുഭദ്ര: 'അതുണ്ടോ! ആശാൻ ഏതു കേമൻ! സാധാരണ മനുഷ്യരേയും ആശാനേയും സാമ്യം കൂട്ടാമോ? പറയണം. നടന്ന കഥയെല്ലാം ഭാരതംപോലെ വിസ്തരിച്ചു പറയണം.'

ആശാൻ: 'പിന്നെ ഒണ്ടല്ലോ ... ഇവിടുന്ന് അവിടെച്ചെന്നപ്പോഴൊണ്ടല്ലോ, ഒരു പട പട്ടാണിത്തുലുക്കമ്മാരു്. ഓരോരുത്തരു് മുക്കിട്ടുകേറി നിക്കണ്, കാണാനും കൊള്ളാനും. ഞാൻ ഒരു വഴിയേ ചെന്ന് അങ്ങ് കേറിയപ്പം ഒരു കൊച്ചുപിള്ളത്തുലുക്കൻ വന്ന്' 'ഇങ്ങനെ, അവിടെ പെണ്ണുങ്ങളിരിക്കണിടം' എന്നു പറഞ്ഞു വിളിച്ചു. ഞാൻ അവന്റെ അടുത്തുചെന്ന് 'കാശിവാതി എവിടെ? എന്നു

ചോദിച്ചു. എന്തിനെന്ന് അവൻ.' 'കണ്ടാലക്കൊണ്ടു പറയാ' മെന്നു ഞാൻ. അവൻ തുപ്പായി ആണുപോലും. നമ്മുടെ മൊഴി അവനേ അറിയാവൂ. കിളിപ്പിള്ളപോലെ വാക്ക്. ഹ … അവൻ അകത്തുചെന്ന് കാശിവാതിയെ ഒട്ടക്കം പറഞ്ഞയച്ചു. കുഞ്ഞേ, ഞാനൊന്നു പറയാം. കെഴവന്ന പറ്റിയതെല്ലാം പറ്റി. മോട്ടിച്ചതു് അവനല്ല. ഈ കാര്യം പറഞ്ഞപ്പംതന്നെ അവൻ കരഞ്ഞു തുമിച്ചു പൊടിച്ചു കളഞ്ഞു. തോഴമൊണ്ട്, അവനാണെന്നു പറഞ്ഞാലക്കൊണ്ട്. നല്ലപിള്ള അവനും. നല്ല കറുപ്പുതന്നെ.'

സുഭദ്ര: ( ആത്മഗതം) 'ഒന്നുകിൽ വലിയ കള്ളൻ. അല്ലെങ്കിൽ യദൃച്ഛയാ ഇവിടെ വന്നു. മോഷ്ടിച്ചതു് വേറേ ആൾ. നിറം കറുപ്പാകകൊണ്ട് എന്റെ ഊഹം തെറ്റാണ്. കരഞ്ഞതെന്തിന്? തന്റെ മേൽ കള്ളം ആരോപിക്കപ്പെട്ടതുകൊണ്ടോ?അത്ര സാധുശീനലനോ? അല്ല. എന്തോ ഉണ്ട്.' (പ്രകാശം) 'ദീനത്തിന്റെ സംഗതിയും പറഞ്ഞോ?'

ആശാൻ: 'പറഞ്ഞു പറഞ്ഞു. അതു കേട്ടപ്പം അവൻ അങ്ങ് കൊച്ചുങ്ങളെപ്പോലെ ഏങ്ങിക്കരഞ്ഞു. ഉടനെ എക്കും കണ്ണിക്കൂടെയും മൂക്കിക്കൂടെയും കുടുകുടാ എടുത്തിട്ടു പിള്ളെ.' (മുമ്പിലത്തെ അദ്ധ്യായത്തിൽ വിവരിച്ചതുപോലെ മുഹമ്മദീയൻ ഭക്ഷണത്തിനിരിക്കുന്നതിനിടയിൽ നടന്ന സംഗതിയാണിതു്.) 'നല്ല മനക്ഷേരെക്കുറിച്ച് ദശാവുള്ളവൻ. ആ അവൻ എന്നെത്തടവി, കൈപിടിച്ചു മുറുക്കി കുലുക്കി. നല്ല മൂക്കിക്കണ്ണാടി വേണമോ എന്നു കേട്ടു. കുഞ്ഞേ, നമ്മുടെ ആളുകളുക്കേ ഈ വലിപ്പങ്ങളും

മറ്റുമൊള്ളു. തുപ്പായി ഇട്ടിരിക്കണത് പൊന്നുടുപ്പ്. എന്നിട്ട് എന്നെ ഇങ്ങനെ ഒക്കെ ചെയ്തില്ലയോ. അവന്റെ മീശ മുറുക്കി വച്ചേക്കണെ കുഞ്ഞേ, കുരുകുരാക്കോറി നിക്കണ്. എന്റെ പാവങ്ങളും കണ്ടട്ട് അവനും കരഞ്ഞു. ഇല്ല, അവനും ചുമ്മാ എള്ളോളം കരഞ്ഞപോലെ എക്കു തോന്നി. എന്തിന് വന്നെന്ന് അവൻ കേട്ടു. കാശിവാതിയെ കണ്ടാലേ പറയുന്ന് ഒരേ പിടി പിടിച്ചോണ്ടു ഞാൻ. പിന്നെ അവൻ അകത്തുപോയി. നിന്നുനിന്ന് കാലും തളർന്നു. കാശിവാതിയെക്കണ്ടപ്പം തളർച്ച തീർന്നു.'

സുഭദ്ര: (ആത്മഗതം) 'വിഷമിച്ചു ഇക്കഥ കേട്ടു. ഒന്ന് നിശ്ചയമാണ്. ഇവരിൽ ആർക്കോ ഈ വീട്ടിനെക്കുറിച്ച് അറിവുണ്ട്. അല്ലെങ്കിൽ മോഷ്ടിക്കുവാൻ വന്നിരിക്കുന്ന കൂട്ടമാണ്. എല്ലാം അന്വേഷിച്ചറിഞ്ഞിട്ടുണ്ട്. (പ്രകാശം) 'ദ്വിഭാഷിയെ രണ്ടാമത് കണ്ടോ ആശാനേ?'

ആശാൻ: 'ഇല്ല. അവന്റെ എള്ളുംപൂമുക്കു കാണാൻ എക്കിപ്പവും കൊതി.'

സുഭദ്ര: 'അയാൾ കരഞ്ഞോ? നല്ലതിന്മണ്ണം ഓർമ്മിച്ചു നോക്കണം.'

ആശാൻ: 'ഛീ! ഛീ! അവൻ മല വന്നു വിഴുന്നാലും അനങ്ങൂല്ല. എന്നെക്കണ്ടപ്പം മാത്രം, എന്തോ ഒന്നിത്തിരി വല്ലാതെ ആയി. പിന്നെ ഒന്നുകൂടി . . . അവന്റെ കൈ എന്റെ മേത്തു വച്ചപ്പം എന്തരു ചൂട്! രാപ്പനിയുള്ള കൂട്ടമാണ്. വെള്ളമില്ലാത്ത രാച്യക്കാറല്ലേ?'

സുഭദ്ര: 'ആശാനേ കണ്ടപ്പോൾ വ്യസനിക്കാൻ സംഗതി എന്ത്? അയാൾക്ക് ഭ്രാന്തായിരുന്നോ?'

ആശാൻ: ‘സത്യം പറയാം. അവനെക്കണ്ടപ്പം ഞാൻ കരഞ്ഞു പോയി. ചത്തവരു തിരിച്ചുവന്നോ എന്നെക്കു തോന്നി.’

ഈ വാക്കുകൾ കേട്ട് സുഭദ്ര ഞെട്ടി, അരനാഴിക നേരം മിണ്ടാതെ നിന്നു. (ആത്മഗതം): ‘ഇനി സംശയിക്കാനില്ല. കാശിവാസിയെ ഇവിടെ അയച്ചത് ദ്വിഭാഷിയാണ്. ജാതി മാറിപ്പോയി. ആഭരണങ്ങളേയും കൊണ്ടുപോയി. ഒരു ഓർമ്മയ്ക്കായി തട്ടിച്ചു. കഷ്ടമായി ആകപ്പാടെ. എന്തിന് തിരക്കുന്നു? ആദ്യമേയുള്ള എന്റെ സംശയം ഇപ്പോൾ സ്ഥിരപ്പെട്ടു. രണ്ടാമത്തെ സംശയവും ശരിയായിരിക്കുന്നു. ഇനി അന്വേഷിക്കേണ്ട. ചികിത്സിച്ചാൽ മതി. പോയതെല്ലാം പോട്ടെ. ഇപ്പോൾ ഉള്ള വിശ്വാസത്തോടു കൂടിത്തന്നെ എല്ലാവരും ഇരിക്കട്ടെ. തമ്പി അദ്ദേഹത്തിന് ആളിന്റെ ഛായ ശരിയായി തോന്നിയതിന്റെ കാര്യവും മനസ്സിലായി. ദ്വിഭാഷികൂടി വന്നിരുന്നു. ആയാളാണ് അകത്ത് കടന്നത്. കണ്ടാൽ ആൾ അറിയുമെന്ന് വിചാരിച്ച് ആശാന്റെ മുമ്പിൽ മാത്രം ചെന്നില്ല.’ (പ്രകാശം) ‘പിന്നെ എന്തെല്ലാമായിരുന്നു ആശാനേ? ദ്വിഭാഷിമേത്തൻ ബൗദ്ധനാണ്. എവിടുന്നു വന്നവനോ? നമുക്ക് അവന്റെ കാര്യമൊന്നും അറിയേണ്ട. അവർ പറഞ്ഞതെല്ലാം പറയണം.’

ആശാൻ: ‘കുഞ്ഞ് എല്ലാം അറിഞ്ഞതുപോലെ കേക്കണു. നാരായണ! അടുത്തു വരിൻ … പപ്പനാവ! രാമ! രാമ! എന്തരു കാലമോ? കലി മുറ്റിയാലും ഇങ്ങനെ വരുമോ?’

സുഭദ്ര: ‘എന്താണാശാനേ? പറയണം?’

ആശാൻ: ‘കാശിവാതി ഒരു കാര്യം പറഞ്ഞു. ഒരു പട്ടരു് അവിടെ നിന്നു നഞ്ചു വാങ്ങിച്ചോണ്ടു് പോന്നെ

ന്ന്. നഞ്ചല്ലപോലും കൊടുത്തത്. ചെവന്ന മത്താപ്പൂപൊടിയേ കൊടുത്തുള്ളുപോലും. തങ്കത്തിന്ന വെഴം കൊടുക്കാനാണ്. വെളിയിലാരെ അടുത്തും പറയരുതെന്നും പറഞ്ഞു.' (യുവരാജാവിന് കൊടുക്കാനാണെന്ന് ഹക്കിം ഊഹിച്ച വിഷമാണിത്). 'തമ്പിഅങ്ങത്തെ അവിടുന്ന് എന്തത് കൊണ്ടന്നാലും തൊടരുത്'' എന്ന് അവൻ തന്നെ പറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ സുഭദ്രയുടെ കായധൈർഘ്യം ഒന്ന വർദ്ധിച്ചു. മുഖം ശോണമായി ശോഭിച്ച്, പുരികങ്ങൾ വകരമായി തമ്മിലിടഞ്ഞു. ദന്തംകൊണ്ട് അധരത്തെ കടിച്ചമർത്തുകയാൽ ആ ഭാഗത്തുനിന്നും രക്തം പ്രവഹിക്കുന്നുവോ എന്ന തോന്നിച്ചു. ദേഹം ആസകലം ഒന്ന വിറച്ചു. സ്ത്രീകൾക്ക് സഹജമല്ലാതുള്ള ആകൃതിഭേദത്തോടും രൗദ്രപ്രഭയോടും കോപചേഷ്ടകളോടും സുഭദ്ര നിന്നതുകണ്ട്. കേസരിയെക്കണ്ട ജംബൂകനെപ്പോലെ നടുങ്ങി, വിറയലോടുകൂടി വൃദ്ധൻ പുറകോട്ട മാറിത്തുടങ്ങി. ആശാന്റെ സംഭ്രമംകണ്ട് സുഭദ്രയുടെ കോപം ശാന്തമായി.

സുഭദ്ര: 'ആരാണ വിഷം വാങ്ങിയത്?'

ആശാൻ: 'ആ കാക്കക്കൊറവൻ ചൊടലമാടൻ ചന്തരം അണ്ണാവി.'

സുഭദ്ര: 'വിഷം വേണമെന്ന ചോദിച്ചോ?'

ആശാൻ: 'എന്നാണ കാശിവാതി പറഞ്ഞത്. അതു പറഞ്ഞ സ്ഥിതിക്ക്, അവൻതന്നെയോ എന്തോ മോട്ടിച്ചതും?'

സുഭദ്ര: 'അവരാരുമല്ല. ആശാൻ പരിഭ്രമിക്കേണ്ട. ഈ സംഗതികൾ ഒന്നും ആരോടും പറയരുത്.'

ആശാൻ: 'കുഞ്ഞിനാണെയില്ല. എന്റെ മോയത്തനവും.'

സുഭദ്ര: 'അതിനക്കുറിച്ച് പേടിവേണ്ട. ആശാൻ പോയി ഉണ്ണണം.'

'പപ്പനാവൻ സഹായം' എന്നു പറഞ്ഞുകൊണ്ട് ആശാൻ നടന്നു. ഈ സൊല്ല ഒഴിഞ്ഞാൽ മതി എന്നേ ആശാന് വിചാരമുണ്ടായിരുന്നുള്ളു. ആശാൻ വടിയും ഊന്നി പോകുന്നതിനിടയ്ക്ക് തന്റെ അപേക്ഷയെ പല പ്രാവശ്യം ആവർത്തിക്ക ഉണ്ടായി. ആശാൻ മുമ്പിൽനിന്നു മറഞ്ഞപ്പോൾ സുഭദ്ര പെട്ടെന്നു നിലത്തിരുന്നു. മുഖത്തിലെ ഗാംഭീര്യങ്ങൾ മറഞ്ഞു, ആലസ്യത്തോടുകൂടി, തന്റെ ഹൃദയമാർദ്ദവത്തെ സ്ഫുടീകരിക്കുമാറ് ഖിന്നത കലർന്ന്, ഫാലം കരത്താൽ താങ്ങിക്കൊണ്ട്, കുറച്ചുനേരം ഇരുന്നു. പിന്നീട് എഴുന്നേറ്റ് അങ്ങോട്ടും ഇങ്ങോട്ടും നടന്നുതുടങ്ങി. 'വിഷം തങ്കത്തിനല്ല, ഈ എനിക്കാണ്. തരട്ടെ എന്നുവയ്ക്കുകയോ? ഈ ജന്തു മരിച്ചാൽ ആർക്കെന്തു ചേതം? എങ്കിലും വെറുതെ ജീവനാശം വരുത്തുന്നതെന്തിന്? അതുമല്ലാതെ ഇവരുടെ കൈയാൽ മരിക്കയോ? ഇവരെ ഒന്നു പഠിപ്പിക്കാതെ വിടുകയോ? ഒരിക്കലും പാടില്ല. എന്റെ ഹൃദയത്തിൽ കത്തുന്ന തീ ബ്രാഹ്മണ നാമത്തെ ധരിക്കുന്ന ആ നീചൻ അറിയുന്നുണ്ടോ? മറ്റേ വഞ്ചകൻ തമ്പിപ്രഭു അറിയുന്നുണ്ടോ? ലോകർ അറിയുന്നുണ്ടോ? എന്റെ ഭർത്താവുതന്നെ അറിയുന്നുണ്ടോ? വ്യാജയെഴുത്തുണ്ടാക്കി പട്ടരും 'അങ്ങുന്ന്' മായി ഞങ്ങളെ വേർപെടുത്തി, എന്നെ അനാഥയാക്കി; അവരുടെ ഹിതങ്ങൾ

ക്കു വഴിപ്പെടാതിരുന്നതിന് എന്നെ അവർ കഠിനമായി വ്യസനിപ്പിച്ചു; ഇപ്പോൾ ഇതാ കൊല്ലുന്നതിനും തുടങ്ങുന്നു. തമ്പി സിംഹാസനത്തിൽ കയറി ഭരിക്കുന്നതും പട്ടർ മന്ത്രിപ്പട്ടം വഹിക്കുന്നതും ഒന്നു കാണട്ടെ. വരട്ടെ ചാകാൻ. പക്ഷേ, അമ്മാവൻ അറിഞ്ഞാൽ എന്തു ചെയ്യുമോ? അതു വിചാരിച്ച് ഭീരുവാകയോ? പാടില്ല. ‘ഇപ്രകാരമെല്ലാം ആലോചിച്ചുകൊണ്ട്, ഉടനേതന്നെ കാർത്ത്യായനിയമ്മയോട്ട് അനുമതിയും വാങ്ങി, സുഭദ്ര ഭൃത്യന്മാരോടൊന്നിച്ച് തന്റെ ഗൃഹത്തിലേക്കു പോകയും ചെയ്തു.

# 18

“മറിവില്ല ഞാൻ പറയുന്നു …
ബാണബദ്ധനാ–
യനിരുദ്ധനങ്ങു വാഴുന്നു, ആർത്തനായിന്നു.”

മഹാരാജാവിന്റെ പുത്രനായ ശ്രീപത്മനാഭൻ തമ്പിയുടെ പാദപത്മപാംസുക്കൾ ചെമ്പകശ്ശേരി ഗൃഹത്തെ പൂതമാക്കിച്ചെയ്ത ശുഭരാത്രിയപ്പോലുള്ള മറ്റൊരു രാത്രിയിലെ ചില സംഭവങ്ങളെ ആകുന്നു ഈ അദ്ധ്യായത്തിൽ



വിവരിക്കുന്നതു്. അന്നത്തെപ്പോലെതന്നെ, മാരുതദേവന്റെ പടുത്വത്തോടുകൂടിയുള്ള കലാശത്താൽ തങ്ങൾ ദുഃസ്ഥിതരാക്കാമെന്നുള്ള ഭീതികൊണ്ടെന്നപോലെ താരതതികൾ കാർമേഘമണ്ഡലത്തിനിടയിലും ഭൂമി അന്ധകാരാതിരസ്കുള്ളിലും മറഞ്ഞിരിക്കുന്നു. എന്നാൽ, ഇടവപ്പാതിയാകുന്ന വൃഷ്ടിദേവതയുടെ പ്രതാപം വളരെ ക്ഷയിച്ചു് കാണുന്നുണ്ടു്. നടന സൂത്രങ്ങളിൽ പരിജ്ഞാനവും തങ്ങളുടെ ബുദ്ധിയിൽ മനോഘർമ്മമെന്നുള്ള ഒരംശവും തുലോം കുറഞ്ഞവരായ ചില പൈതങ്ങൾ കഥാനായികമാരായി രംഗങ്ങളിൽ പ്രവേശിച്ചാൽ, ക്ഷണനേരംകൊണ്ടു നിദ്രാധീനന്മാരാകയും ഇടയ്ക്കിടെ ചേങ്ങലദണ്ഡത്താൽ പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ, ശൃംഗാരാദി രസങ്ങളെ അഭിനയിക്കയും ചെയ്യുമ്പോലെ, പെട്ടെന്നുണർന്നു് ഒട്ടുചാറും; പിന്നെയും തന്ദ്രീവശയാകും; ഈ വിധത്തിലായിരിക്കുന്നു വൃഷ്ടിയുടെ സ്ഥിതി. മാരിയുടെ സഹായംകൂടാതെതന്നെ മാരുതൻ ആ രാത്രിയെ അതിഭയങ്കരരാത്രിയാക്കുന്നുണ്ടു്. അതിനാൽ, തിരുവനന്തപുരം രാജധാനിയിലെ പ്രധാന വീഥികൾപോലും മനുഷ്യമൃഗാദിയായ ജീവജാലങ്ങളാൽ ഉപേക്ഷിക്കപ്പെട്ടതുപോലെ കാണപ്പെടുന്നു. എന്നാൽ ഇതു സർവ്വസാധാരണമായി പറഞ്ഞുകൂട്ടുന്നതല്ലാതേയും ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ആണ്ടിയിറക്കം ദേശത്തെ രണ്ടായി വിഭജിക്കുന്ന രാജപാതയുടെ വടക്കരികിലായിട്ടു് ഒരു വടവൃക്ഷം നിൽക്കുന്നതിന്റെ ചുവട്ടിൽ രണ്ടുപേർ മാരുതകോപത്തെയും രജനിയുടെ ഭയങ്കരസ്വഭാവത്തെയും ഗണ്യമാക്കാതെ തണുത്ത ഭൂമിയിൽത്തന്നെ സ്ഥിതിചെയ്യുന്നു. വ

ടവൃക്ഷം ദ്വാപരയുഗാന്ത്യത്തെയും അനന്തര സംഖ്യയി ല്ലാതുള്ള പാന്ഥപരമ്പരകളെയും കണ്ടും, 'കൊണ്ടൽനി റംപോലെ നീലയാം പത്രാവലി' കൊണ്ടു തന്റെ അധോ ഭാഗത്തുള്ള ഭൂമിയെ സംരക്ഷിക്കുന്ന സൂര്യകിരണങ്ങളു ടെ പ്രവേശനത്തിൽനിന്നും രക്ഷിച്ചും നിൽക്കുന്ന ഒരു മ ഹാമരമാണ്. വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്ന രണ്ടുപേ രും ആയുധപാണികളാണ്. അവരുടെ വേഷം ജ്ഞാനശ ക്തിയില്ലാതുള്ള ആ ആയുധങ്ങളേയും നാണിപ്പിക്കുന്നു. ധ രിച്ചിരിക്കുന്ന വസ്ത്രങ്ങൾ കുചേലനോടോ തെക്കൻദിക്കു കളിലെ അടുക്കളക്കാറികളോടോ തത്ക്കാല ഉപയോ ഗത്തിനായി വാങ്ങിയതുകളാകണം. പക്ഷേ, ഹരിശ്ച ന്ദ്ര മഹാരാജാവു് ചണ്ഡാലവേഷം ത്യജിച്ചപ്പോൾ ശ്മശാന ത്തിൽ ഉപേക്ഷിച്ചതുകളായിരിക്കാം. വസ്ത്രങ്ങളുടെ സ്ഥി തി ഇപ്രകാരമാണെങ്കിലും, അതുകൾ ധരിച്ചിരിക്കുന്ന സ മ്പ്രദായം എത്രയോ മാന്യന്മാരായ ജനങ്ങളാൽ മാതൃ കയായി സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. തിരുവനന്തപുര ത്തു് ഉത്സവമഠം എന്നു പറയപ്പെടുന്ന അക്ഷയ വിഭവ ശാലയുടെ മുമ്പിൽ അരനാഴിക നേരം നിൽക്കുന്നവർ ക്കു് ഈ മാതൃകയുടെ ദർശനം സുലഭമാണ്. യദൃച്ഛയാ വ ല്ല ജനങ്ങളും തങ്ങളെ കാണുന്നതായാൽ വലുതായ ആപ ത്തുണ്ടാകുമെന്നുള്ള ഭയം ഈ ആളുകൾക്കുണ്ടെന്നു് അവ രുടെ സാവധാനത്തിൽ മന്ത്രിക്കുന്നതുപോലെയുള്ള സം ഭാഷണത്താൽ വെളിവാകുന്നുണ്ട്. കിഴക്കു് കുറച്ചകലെ നി ന്നു് ഒരാൾ വരുന്നതുപോലെ തോന്നിയപ്പോൾ രണ്ടുപേ രും പേടിയോടെ എഴുന്നേറ്റു് വൃക്ഷത്തിന്റെ പുറകിൽ മറ ഞ്ഞു ശ്വാസം അടക്കിക്കൊണ്ടുനിന്നു. പാന്ഥൻ തന്റെ വഴി

ക്ക പോയതിന്റെ ശേഷം മേൽപറഞ്ഞ രണ്ടാളുകളിൽ ഒരാൾ ഇങ്ങനെ പറഞ്ഞു: 'നമുക്ക് ഏഴരശ്ശനിയാണ്; സംശയമില്ല. ഇതാ ഈ പോയവനും അങ്ങനെതന്നെയാണ്.'

രണ്ടാമൻ: 'അച്ഛനും അമ്മയും ഇല്ലാത്ത പാപികളാരോ ആണ്. വീട്ടിൽ കേൾപ്പാനും അന്വേഷിക്കാനും ആളുണ്ടെങ്കിൽ ഈ കുറ്റാക്കുറ്റിരുട്ടത്ത് തനിച്ച നടക്കാൻ വിടുമോ?'

ഒന്നാമൻ: 'അവനും നമുക്കുള്ളതുപോലെ വല്ലതും വലിയ ആവശ്യം ഉണ്ടായിരിക്കും.'

രണ്ടാമൻ: 'ശപ്പ, എനിക്ക് ഭ്രാന്താണെന്നാണോ നീ പറയുന്നത്? ഉചിതമില്ലാത്ത ഏഭ്യശിരോമണിയാണ നീ.' 'തീയൽ നന്നായി, അവിയൽ നന്നായി എന്നോരോന്ന പറഞ്ഞുകൊണ്ടു ചാടിയവൻ നീയല്ലയോ?'

ഒന്നാമൻ: 'എന്നുവച്ച്? … കൊള്ളാം കൊള്ളാം. കൽപിച്ച് കൊട്ടാരത്തിലിരിക്കണം. അടിയങ്ങൾ ഏതു കുഴിയിലോ തീയിലോ വേണമെങ്കിൽ പോയി ചാടാം. പിന്നെ ഇതെന്തൊരു മാതിരിയാണ്? ഒള്ള കരിപ്പഴന്തുണിയെല്ലാം എടുത്തുടുത്തുംകൊണ്ട് എഴുന്നള്ളത്ത്! അതുംപോട്ട്. അടിയൻകൂടി നിലംപൊത്തണമെന്ന് കൽപിച്ചത് എന്തു ന്യായം?'

യുവരാജാവായ ഒന്നാമൻ: 'വല്ലോരും കണ്ടാൽ ലേശവും സംശയിക്കയില്ല. ഒരാൾ നിന്നാൽ മറ്റേ ആൾ മാന്യനാണെന്ന കാണുന്നവർ വിചാരിക്കും.'

പരമേശ്വരൻ പിള്ളയായ രണ്ടാമൻ: ‘ഇതെല്ലാം എന്തിനാണെന്നാണ് അടിയന്റെ ചോദ്യം. അടിയനും രാമയ്യനും അന്വേഷിച്ചാൽ പോരയോ?’

യുവരാജാവ്: (കുറച്ച ദേഷ്യത്തോടുകൂടി) ‘ഇന്നലെ അന്വേഷിച്ചിട്ട് ഫലമെന്തായിരുന്നു?’ ‘ആൾ ഏറെപ്പോകുന്നതിൽ താനേറെപ്പോകുക നന്ന്’ എന്നാണല്ലോ പഴഞ്ചൊല്ലുതന്നെ.

പരമേശ്വരൻ പിള്ള: ‘പഴഞ്ചൊല്ലിനെയും പഴങ്കയറിനെയും വിശ്വസിച്ചാൽ കുഴിയിൽ ചാടുന്നതു ശട്ട്.’

യുവാരാജാവ്: ‘കേൾക്കു പരമേശ്വരാ, ഞാൻ ആ കാലക്കുട്ടിയെ വിശ്വസിച്ചതു് അബദ്ധമായി. എന്റെ മുദ്രമോതിരം അവന്റെ കൈയിലുണ്ട്…’

പരമേശ്വരൻ പിള്ള: ‘കെട്ടുത്തു!’

യുവരാജാവ്: ‘എന്തെല്ലാം പ്രവർത്തിക്കുന്നോ എന്നൊന്നും അറിവാൻ പാടില്ല. തിരുമുഖത്തുപിള്ളയെ അവൻ കണ്ടിരിക്കയില്ല; തീർച്ചയാണ്. ഈ സ്ഥിതിയിൽ കുറുപ്പൊരാൾ മാത്രമേ നമ്മുടെ കൈവശമുള്ളതായി വിചാരക്കാവൂ. അയാൾ നമുക്ക് ചെയ്ത സഹായത്തെക്കുറിച്ച് സ്മരണയില്ലെങ്കിലും, ഇനിയുണ്ടാകാവുന്ന ഫലങ്ങൾക്കുവേണ്ടിയെങ്കിലും നാം അയാളെ അന്വേഷിച്ച കണ്ടുപിടിക്കേണ്ടതല്ലയോ?’

പരമേശ്വരൻ പിള്ള: (ഇരുട്ടാണെങ്കിലും ‘ശരി’ എന്നു സമ്മതിക്കുന്ന ഭാവത്തിൽ തല കുലുക്കിക്കൊണ്ട്) ‘ഇതൊക്കെ അടിയന്റെ പഴമനസ്സിലും ഉണ്ട്. പക്ഷേ, കൽപിച്ച് എന്തിനിതിനൊക്കെ വരുന്നെന്നാണ്.’

യുവരാജാവ്: 'വേറെ ആൾ ഇല്ലാഞ്ഞിട്ടുതന്നെ.'

യുവരാജാവിനു വേണ്ട കാര്യങ്ങൾ സാധിക്കുന്നതിനു തനിക്കും വൈഭവമില്ലെന്നു സൂചിപ്പിച്ചു പറഞ്ഞ വാക്കുകൾ കേട്ടുണ്ടായ നീരസത്തോടുകൂടി പരമേശ്വരൻ പിള്ള ഹാസ്യമായി എന്തോ പറവാൻ ഭാവിച്ചതു് പടിഞ്ഞാറുനിന്നു് ഒരു ശബ്ദം കേൾക്കയാൽ അമർത്തിക്കൊണ്ടു്. പടിഞ്ഞാറ് ഒരാൾ സംസാരിക്ക ആയിരുന്നു. "കഴക്കൂട്ടം ആണ്. ആണെന്നുവച്ചാല് ഒന്നാന്തരം ആണ്; ജഗജില്ലി ശിങ്കം! പിഴിച്ച് അമഴിത്തുട്ടു. അവവെക്കെഴ. കുഴപ്പം, പട്ടാഴവും, തമ്പഴാനും കിമ്പഴാനും, എല്ലാങ്കെഴന്ന് എഴവുകൊണ്ടാഴട്ടു്. മാങ്കോയിക്കക്കുഴപ്പു! എഴാ കുഴപ്പേ, നിന്റെ ഒഴപ്പിപ്പമെവഴേഴാ?' എന്നിങ്ങനെ രാമനാമഠത്തിന്റെ ഉള്ളിൽനിന്നു ചാടുന്ന ആത്മഗതങ്ങൾ കേട്ടു യുവരാജാവ് തന്റെ പാദത്തിന്റെ ശബ്ദം അയാൾ കേൾക്കാതിരിക്കത്തക്കവണ്ണമുള്ള സാവധാന പതനങ്ങളോടുകൂടി അയാളുടെ പുറകിൽ എത്തി, കുറച്ചുദൂരം നടന്നിട്ടു് പൂർവ്വസ്ഥാനത്തു് മടങ്ങിച്ചെന്ന് പരമേശ്വരൻ പിള്ളയോടു് ഇങ്ങനെ പറഞ്ഞു. 'നിന്റെ അഭിപ്രായങ്ങൾ ചിലതൊക്കെ ശരി തന്നെയാണ്. നാം വളരെ ഉപേക്ഷ കാണിച്ചിരിക്കുന്നു. ആട്ടെ, പാദം വയ്ക്കാൻ നിലം കിട്ടട്ടെ. ഇതാ, ഈ രാമനാമഠം പറഞ്ഞതു് കേട്ടില്ലേ്ലാ? കാര്യം നിനക്ക് മനസ്സിലായോ? മാങ്കോയിക്കൽ കുറുപ്പിനെ കഴക്കൂട്ടത്തു പിള്ളയാണ് പിടികൂടിയിരിക്കുന്നതു്. അതുകൊണ്ടു് അത്ര ഭയപ്പെടാനില്ല. കുറുപ്പിനെ കൊല്ലാൻ കഴക്കൂട്ടം അനുവദിക്കയില്ല. പട്ടാളത്തെക്കുറിച്ചും ഇവൻ എന്തോ പറഞ്ഞു. എന്താണെന്ന് മനസിലാകുന്നില്ല. ഇതാ രാമയ്യൻ വരുന്നു. എന്താ രാമയ്യൻ. സുന്ദരയ്യന്റെ പുറപ്പാട് എന്തിനായിരുന്നു?'

യുവരാജാവും പരമേശ്വരൻ പിള്ളയും കുടമൺ പിള്ളയുടെ ഗൃഹത്തിൽ കടന്ന മാങ്കോയിക്കൽ കുറുപ്പ് ആ സ്ഥലത്തുണ്ടോ എന്നന്വേഷിക്കുന്നതിനായി പുറപ്പെട്ടതായിരുന്നു. മേൽപറഞ്ഞ വടവൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നുചേർന്നതിന്റെ ശേഷം ആ ഗൃഹത്തിലെ സ്ഥിതി ഒന്നു നോക്കിവരുന്നതിനായി രാമയ്യനെ നിയോഗിച്ചു. രാമയ്യൻ കുടമൺ പിള്ളയുടെ ഭവന പരിശോധനയ്ക്കായി പോയി കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ കൈയിൽ ചില സാധനങ്ങളും വഹിച്ചുകൊണ്ടു് കിഴക്കോട്ടു് പോകുന്നതു് കണ്ടു് യുവരാജാവിനു് ചില സംശയങ്ങൾ തോന്നുകയാൽ രാമനാമഠത്തിന്റെ പുറകെ എത്തിയതുപോലെ, അയാളേയും കുറച്ചു പിന്തുടർന്നു. ഈ ശ്രമത്താൽ, പോയ ആൾ സുന്ദരയ്യനാണെന്നു് യുവരാജാവിനു് മനസ്സിലായി. എന്നാൽ ഭയങ്കരമായുള്ള രാത്രി, തന്റെ ഭാര്യഗൃഹത്തിലേക്കുതന്നെയാകട്ടെ, യജമാനനായ തമ്പി ഉറങ്ങുന്നതിനു് മുമ്പിൽ പോകുന്നതാകട്ടെ, യജമാനനായ തമ്പി ഉറങ്ങുന്നതിനു് മുമ്പിൽ പോകുന്നതിനുണ്ടായ ആവശ്യം എന്തോ കൃത്രിമം ആണെന്നും, അല്ലെങ്കിൽ ബ്രാഹ്മണൻ തമ്പിയെ വേർപെട്ടു പോരികയില്ലെന്നും യുവരാജാവു് നിശ്ചയിച്ചുകൊണ്ടു്, രാമയ്യൻ തിരിച്ചു് വടവൃക്ഷത്തിന്റെ ചുവട്ടിൽ എത്തിയ ഉടൻതന്നെ സംഗതികൾ ധരിപ്പിച്ചു് അയാളെ സുന്ദരയ്യന്റെ ഭാര്യാഗൃഹമാകുന്ന കാലക്കുട്ടിപ്പിള്ളയുടെ വീട്ടിലേക്കു് അയച്ചു. യുവരാജാവിന്റെ ചോദ്യത്തിനുത്തരമായി ബ്രാഹ്മണൻ ഇങ്ങനെ അറിയിച്ചു: 'സ്വാമീ, സുന്ദരയ്യന്റെ സമ്പ്രദായങ്ങൾ അറിവാൻ പ്രയാസമാണു്. ഞാൻ അകത്തുകടന്നു്, ചില വാഴകളുടെ മറവിൽ ഒളിച്ചുനിന്നു. അയാൾ ഭാര്യയെ വിളിച്ചു മുറിക്കകെ

ത്തു് കൊണ്ടുപോയി സംസാരിക്കുന്നു. ഒരു കോടാങ്കി, ഇന്നലെ കണ്ടവൻതന്നെ… അവൻ അവിടെ ചുറ്റി നടക്കുന്നതുകൊണ്ടു് അടുക്കാൻ പാടില്ലായിരുന്നു. സുന്ദരയ്യൻ എന്തോ അപകടം ആലോചിക്കതന്നെയാണു്.'

യുവരാജാവു്: 'അതു രണ്ടു പക്ഷമായി വിചാരിക്കേണ്ട; നിശ്ചയമാണു്. എന്തെന്നറിവാനും കഴിവില്ലല്ലോ. ആരാണു് ആ കോടാങ്കി? സുന്ദരയ്യനുമായിട്ടു് എന്തു ബന്ധമാണു്?' (വ്യസനത്തോടുകൂടി) 'ഇയാൾ ഈ രാജ്യത്തെ മുടിക്കും; നിവൃത്തിയില്ല.'

രാമയ്യൻ: 'നിവൃത്തിയില്ലെന്നു കൽപിക്കണ്ട. ഇങ്ങനെ കൃത്രിമബുദ്ധികളായുള്ളവരെ കൃത്രിമംകൊണ്ടുതന്നെ തോൽപിക്കണം. നാഗാസ്ത്രത്തിന്നു് ഗരുഡാസ്ത്രം. ബ്രഹ്മാസ്ത്രത്തിന്നു് ബ്രഹ്മാസ്ത്രം തന്നെ പ്രത്യസ്ത്രം.'

യുവരാജാവു്: 'ശരി, അതിനാൽ…?'

രാമയ്യൻ: 'സുന്ദരം ഇപ്പോൾ തിരിച്ചുവരും. കൽപനയുണ്ടെങ്കിൽ, നാളെ സമുദ്രത്തിൽ മത്സ്യങ്ങളുടെ വയറ്റിൽ.'

യുവരാജാവു്: 'അതെങ്ങനെ?'

രാമയ്യൻ: 'കിള്ളിയാർ വഴിയിലാണു്. പരമേശ്വരൻ പിള്ളയും കൽപിച്ചാൽ… (ശേഷം വാക്കുകളെ അടക്കിക്കൊണ്ടു്) ബ്രഹ്മസ്വം കിടക്കുന്നതുകൊണ്ടെന്തു്? അശ്വത്ഥമാരെ എത്ര വധം ചെയ്തു? ദ്രോണാചാര്യരെ കൊല്ലുകയല്ലായിരുന്നോ? ബ്രാഹ്മണന്നു് ബ്രാഹ്മണനെ കൊന്നുകൂടെന്നു് മാത്രം ഒരു വിധിയുമില്ല.'

യുവരാജാവ്: ‘പാടില്ല രാമയ്യൻ. വഞ്ചിച്ച് കൊല ചെയ്യുന്നത് കഷ്ടം!’

രാമയ്യൻ: ‘സ്വാമീ, സുന്ദരം ബ്രാഹ്മണമാനത്തെ എത്രയും നികൃഷ്ടമാക്കുന്നു. സമുദായത്തിന്റെ അവസ്ഥയെ രക്ഷിക്കാൻവേണ്ടിയെങ്കിലും അയാളെ സംശയം കൂടാതെ ...’

യുവരാജാവ്: ‘പാടില്ല, പാടില്ല.’

രാമയ്യൻ: ‘രാജ്യത്തിന്റേയും സ്വാമിയുടേയും രക്ഷ ...’

യുവരാജാവ്: ‘വരൂ, മഹാസിദ്ധാന്തിയാണ് താൻ. പരമേശ്വരനെ അമർത്താം. തന്നോട്ട് വാദിച്ചുനിൽക്കാൻ വളരെ പ്രയാസം. മാങ്കോയിക്കൽ കുറുപ്പ് എവിടെയുണ്ടെന്ന് ഞങ്ങളറിഞ്ഞു.’

രാമയ്യൻ ‘അതു നന്നായി. ആപത്തൊന്നുമില്ലല്ലോ?’

യുവരാജാവ്: ‘ഇല്ല. ബന്ധനത്തിലാണെന്ന് തോന്നുന്നു. ഒന്നുകിൽ കഴക്കൂട്ടത്തു പിള്ളയുടെ വക ശ്രീപണ്ടാരത്തുവീട്ടിൽ. അല്ലെങ്കിൽ ചെമ്പകശ്ശേരിയിൽ കാണും. ഈ രണ്ട് സ്ഥലത്തുമാണ് വലിയ കല്ലറകൾ ഉള്ളത്.’

രാമയ്യൻ: ‘എന്നാൽ വിടീക്കാൻ വഴിയെങ്ങനെ?’

യുവരാജാവ്: ‘ചെമ്പകശ്ശേരിയിലാണെങ്കിൽ വഴിയുണ്ട്. അവിടത്തെ ആയുധപ്പുരയിൽനിന്ന് കല്ലറയിലേക്ക വഴിയുണ്ടെന്നും ആയുധപ്പുരയിലെ താക്കോൽ മുമ്പിൽ ഞാൻ ഒരു വടി സമ്മാനിച്ച വൃദ്ധന്റെ കൈയിലാണെന്നും നമ്മുടെ, ആ സാധു, മരിച്ചുപോയ അനന്തപ

ത്മനാഭൻ പറഞ്ഞുകേട്ടിട്ടുണ്ട്. കിഴവന് എട്ടുവീട്ടിൽ പിള്ളമാരോട്ട് ബഹുവിരോധമാണ്. നമ്മെക്കുറിച്ച് സ്നേഹമാണ്.'

രാമയ്യൻ: 'ശ്രീപണ്ടാരത്തു് വീട്ടിലാണെങ്കിൽ ഞാനമേറ്റു.'

യുവരാജാവ്: 'തനിക്കവിടെ വല്ല സ്വാധീനവുമുണ്ടോ?'

രാമയ്യൻ: 'കഴക്കൂട്ടത്തു പിള്ള ഇവിടെ ഇല്ല. ചില വാല്യക്കാർ മാത്രമേയുള്ളു. ഇന്നലത്തെ അന്വേഷണംകൊണ്ടു് ഇത്രയും അറിഞ്ഞു. വഴി സ്വാമി ഞാൻ കൊണ്ടരാം.'

പരമേശ്വരൻ പിള്ള: 'പോകാം. ഇതാ ആരോ രണ്ടുപേർ വരുന്നു. മറഞ്ഞുകൊള്ളാം.'

രണ്ടുപേർ രാജപാതവഴിക്ക് പടിഞ്ഞാറോട്ട് കുറച്ചുദൂരം നടന്നിട്ട് കുടമൺ പിള്ളയുടെ ഗൃഹത്തിലേക്കായി ഒരാളും, നേരേ പടിഞ്ഞാറോട്ടു മറ്റേ ആളും, ഇങ്ങനെ പിരിഞ്ഞു.

യുവരാജാവ്: 'സുന്ദരയ്യനല്ലേ നേരെ പോയതു്?'

രാമയ്യൻ: 'കുടമൺ പിള്ളയുടെ വീട്ടിലേക്ക് തിരിഞ്ഞതു് സുന്ദരത്തിന്റെ ഭാര്യയാണ്.'

യുവരാജാവ്: 'അവിടെ ഒരു വ്യഭിചാരിണിയുണ്ടെന്നു കേട്ടിട്ടുണ്ട്. നല്ല കൂട്ടമാണ്. ചേരണ്ട ആളുകൾ എല്ലാം ചേർന്നിട്ടുണ്ട്. നല്ല യോഗം! എന്താണ് അവളുടെ പേരു? സുഭദ്ര. പരമേശ്വരൻ കണ്ടിട്ടുണ്ട്; ഇല്ലേ? കൃത്രിമത്തിൽ അതിവാസനയാണെന്നാണ ജനശ്രുതി. തമ്പി, രാമനാമഠം ഇവരെല്ലാമാണ് സംസർഗ്ഗമെന്നും കേട്ടിട്ടുണ്ട്. അ

തിനാൽ സുന്ദരയ്യന്റെ ഭാര്യ വൃഥാ പോകുന്നതല്ല. എന്തോ സന്ദേശവുംകൊണ്ട് പോകയാണ്. അസത്തുക്കളുടെ കഥയെക്കുറിച്ച് ആലോചിക്കേണ്ട, നടക്കാം. പരമേശ്വരാ, രാമയ്യൻ നമ്മെ വിട്ടുപോയി കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ പടിഞ്ഞാറോട്ടുപോയതു്. ആരാണെന്നറിഞ്ഞില്ലേ?'

പരമേശ്വരൻ പിള്ള: 'പാഴൂർപോയി അന്വേഷിക്കാം.'

യുവരാജാവു്: 'പരമേശ്വരന് ഉറക്കം വന്നുതുടങ്ങി. ഇനി ഇവിടെ നിന്നാൽ കണക്കല്ല. പട്ടാണിവൈദ്യന്റെ മരുന്നു സേവിച്ചിട്ട് അമ്മാവനു സുഖമുണ്ടോ എന്നും അറിയാം. പോകാം. ചെമ്പകശ്ശേരിയിൽ കേറിയിട്ട് നേരെ കൊട്ടാരത്തിലേക്ക്.'

യുവരാജാവിന്റെ ഈ വാക്കുകൾ കേട്ടയുടനെ രാമയ്യൻ രാജപാതയിൽ കടന്നു മുമ്പിൽ നടന്നുതുടങ്ങി. അൽപം താമസിച്ചിട്ട് യുവരാജാവും പരമേശ്വരൻ പിള്ളയും അദ്ദേഹത്തെ അനുഗമിച്ചു. വഴിയിൽ വല്ലതും ആപത്തിന് സംഗതിയുണ്ടോ എന്നറിയുന്നതിനായി രാമയ്യൻ മുമ്പിലും, യുവരാജാവും ഭൃത്യനും പുറകെയും, ഇങ്ങനെ യാത്ര ആരംഭിച്ചപ്പോൾ നാലാമനായ ഒരാൾ രാജപാതയിൽ എത്തി. ഈയാൾ കിഴക്കുനിന്നു വരുന്ന പാന്ഥനായിരുന്നു. തന്റെ മുമ്പിൽ നടക്കുന്ന രണ്ടുപേരെയും കണ്ട് ആരെന്നറിയുന്നതിന് അയാൾക്കു മോഹമുണ്ടായി. ഓടിച്ചെന്നു നോക്കിയാൽ ശരിയല്ല. ആരെങ്കിലും ആകട്ടെ. ക്ഷുദ്ധപീറനായന്മാരാരോ ആണ്. ഇവരെന്തിനായി ഈ മരത്തിന്റെ താഴെ നിന്നിരുന്നു? എന്തെങ്കിലും ആകട്ടെ. ഒന്നു ഭയപ്പെടുത്താം. "എന്നിങ്ങനെ ആലോചിച്ചു നിശ്ച

യിച്ചുകൊണ്ട് കൈയിലുണ്ടായിരുന്ന ഒരു ചെറിയ വില്ലിനെ എടുത്ത് ഞാൺവലിച്ചു പൂട്ടി ലാക്കു നോക്കി ഒരു അസ്ത്രം പ്രയോഗിച്ചു. പരമേശ്വരൻ പിള്ളയുടെ ശിരസ്സിന് ആഭരണമായിരുന്ന പഴന്തുണിയെ അതിന്റെ സ്ഥാനത്തുനിന്ന ഇളക്കി അൽപം മുന്നോട്ട് പായിച്ചു നിലത്ത് പതിപ്പിച്ചു. 'തിരുമേനീ! എന്നു പരമേശ്വരൻ പിള്ള ഭയത്തോട് വിളിച്ചതും അയാളുടെ കൈയ്ക്കു കടന്നുപിടിച്ചുകൊണ്ട് യുവരാജാവ് ഓടിത്തുടങ്ങിയതും വസ്ത്രം താഴത്ത് വീണതോടുകൂടി ത്തന്നെ കഴിഞ്ഞു. ഓടി രാമയ്യന്റെ അടുത്തായപ്പോൾ 'ഓടിക്കൊള്ളുക, ആപത്തുണ്ട്, എതിർത്തുനിന്നു ലഹളയുണ്ടാക്കേണ്ട" എന്നു യുവരാജാവ് പറഞ്ഞു. തന്റെ സ്വാമിയുടെ അഭിമതം പൂർണ്ണമായി ക്ഷണേന ധരിച്ച് രാമയ്യൻ യുവരാജാവിന്റെ പിൻഭാഗത്തിന് ഒരു രക്ഷയായി ഇടയ്ക്കിടെ പുറകിൽ നോക്കിക്കൊണ്ട് വേഗത്തിൽ ഓടിത്തുടങ്ങി. ഇതിനിടയ്ക്ക് വസ്ത്രം ദൂരത്തെറിച്ചതുമാത്രം കണ്ട് ഇത്ര ഭീരുത്വം കാണിച്ച നായന്മാർ ആരാണെന്ന് അറിയണമെന്ന് കാട്ടാളനെപ്പോലെ യുവരാജാവിനെയും മറ്റും പിന്തുടർന്നുതുടങ്ങിയ വില്ലാളിക്ക് അധികം ആഗ്രഹമുണ്ടായി. പാദം നിലത്ത് തൊടാതെ ഓടുന്നതിനിടയിൽ രണ്ടാമതും അസ്ത്രം ഒന്നു തൊടുത്തുവലിച്ചു. എന്നാൽ അസ്ത്രത്തോടുകൂടി വില്ലും ഒരു ഏറ് ചീറിക്കൊണ്ട് ആകാശത്തിലേക്ക് തിരിച്ചത് കണ്ട് രാക്ഷസനെപ്പോലെ ചിരിച്ചും കയർത്തും, തന്റെ ശ്രമത്തിന് വിരുദ്ധം വരുത്തിയ പുരുഷനെ ഭക്ഷിക്കുമെന്നുള്ള നാട്യത്തോടുകൂടിയും, തിരിഞ്ഞു കിഴക്കോട്ട് നോക്കിത്തുടങ്ങി. പ്രാകൃതമായ ഒരു സ്വരൂപമാണ് മുമ്പിൽ കാണപ്പെട്ടത്. അതിനാൽ ഉ

ണ്ടായ കോപത്തിൽ അർദ്ധവും ശമിച്ച എങ്കിലും 'ആരെ ടാ അതു്?' എന്ന പത്താംശതവർഷത്തിലെ സവ്യസാചി ആയിരുന്ന ചുള്ളിയിൽ മാർത്താണ്ഡൻ പിള്ള ചോദ്യം തുടങ്ങി. ഈ ചോദ്യത്തിന് ഉത്തരമായുണ്ടായതു് 'ഒളിയമ്പാൽ വാലിതലൈ… വീശി വരക്കാണയിലെ' എന്നൊരു പാട്ടായിരുന്നു. മാർത്താണ്ഡൻ പിള്ളയ്ക്കു പാട്ട് കേട്ട ഉടനേതന്നെ ആൾ ആരാണെന്ന് മനസ്സിലായി. 'എടാ, മാർത്താണ്ഡന്റെ അമ്പിനെ തട്ടിക്കളയാൻ നീ ആണാ യോ? വാ, വാ, പേടിക്കേണ്ട; അടുത്തു വാ' എന്ന് ആദ്യ ഭാഗം ആശ്ചര്യത്തോടും ഉത്തരാർദ്ധം കരുണയോടും പറഞ്ഞു. നമ്മുടെ ഭ്രാന്തവേഷക്കാരനായ ചാന്നാൻ ആയിരുന്ന യുവരാജാവിനെ ലക്ഷ്യമാക്കി വലിച്ച അസ്ത്രത്തെ ഒരു വടികൊണ്ട് എറിഞ്ഞു നിലത്തു വീഴ്ത്തിയതു്. മാർത്താണ്ഡൻ പിള്ളയുടെ കരുണയോടുകൂടിയുള്ള സ്വാഗതവചനം കേട്ട്, ധൈര്യത്തോടുകൂടി ചാന്നാൻ അയാളുടെ അടുത്തു ചെന്നു.

മാർത്താണ്ഡൻ പിള്ള: 'നീ എന്തിനു വന്നെടാ ഇവിടെ?'

ഭ്രാന്തൻ: 'മാങ്കോയിക്കൽ ഏമാൻ ഇങ്കെ വന്താരു്.'

മാർത്താണ്ഡൻ പിള്ള: 'എന്തിനെടാ പയലേ?'

ഭ്രാന്തൻ: 'നാട്ടരശർ തിരുവടികൾക്കു് ഉതവിശെയ്യ.'

മാർത്താണ്ഡൻ പിള്ള: 'അങ്ങേർക്കു് ഇത്ര പിച്ച പിടിച്ചോ? എവിടെയാണെടാ താമസം?'

ഭ്രാന്തൻ: 'അതറിയപ്പണി'

മാർത്താണ്ഡൻ പിള്ള: 'ഛീ! കള്ളപ്പട്ടീ, എവിടെ എന്നു പറ'

ഭ്രാന്തൻ: ‘അടിയൻ അറിഞ്ചാ ചൊല്ലമാട്ടെണ്ണാ?’

മാർത്താണ്ഡൻ പിള്ള: ‘എടാ കേൾക്കു്. അന്നു് എന്നെ ഒരു പാമ്പു കടിച്ചപ്പോൾ നീ ആ വിഷം നീക്കി. അതിനു് വേലക്കാരുടെ വായിൽനിന്നു് നിന്നെ ഞാൻ രക്ഷിച്ചു. അങ്ങനെ കടത്തിനു് കടംകൊണ്ടു് എന്റെ ചുമതല തട്ടിക്കിഴിച്ചിരിക്കുന്നു. മാർത്താണ്ഡന്റെയടുത്തു് കളിക്കാതെ എവിടെയുണ്ടെന്നു് പറഞ്ഞേക്കു്; അതാണു നല്ലതു്.’

ഭ്രാന്തൻ: ‘ഇതെന്നാ കൂത്താ? പിച്ച എപ്പടി അറിയുമെണ്ണാ? ഏമാമ്മാരെ ളുച്ചിക്കണ വേല പിച്ചക്കെന്നാ?’

മാർത്താണ്ഡൻ പിള്ളയ്ക്കു ചാന്നാന്റെ വാക്കുകൾ സത്യമാണെന്നു ബോദ്ധ്യം വന്നില്ല. ‘നീചപ്പരിഷകൾ കേറിക്കേറി കൊമ്പിലായിരിക്കുന്നു’ എന്നു് പറഞ്ഞുകൊണ്ടു്, കൃഘ്നനായി ലേശവും കരുണകൂടാതെ, വേലുക്കുറുപ്പിന്റെ പ്രകൃതത്തെ അനുഗമിച്ചു് ചാന്നാന്റെ ചെകിട്ടത്തു് പാദത്താൽ പ്രഹരിക്കുന്നതിനു് ഭാവിച്ചു. എന്നാൽ ഈ ശ്രമത്തിന്റെ അവസാനം മാർത്താണ്ഡൻ പിള്ളയുടെ ഉദ്ദേശ്യത്തിനും ഉറപ്പിനും ഏറ്റവും വിപരീതമായിരുന്നു. പ്രഹരിക്കുന്നതിനായി ഒരു പാദം ഇളക്കിയ ആളിന്റെ മറ്റേപ്പാദവും നിലത്തുനിന്നു് ഇളകി, കരണം കുത്തി ഒന്നു് മറിഞ്ഞു്, കേമനായ മാർത്താണ്ഡൻ പിള്ള ഭൂമിദേവിയെ പുണർന്നു. ‘ആഹാ! എന്റെ ഒരമ്പിനു് നീ ഇര’ എന്നു പല്ലു ഞെരിച്ചുകൊണ്ടു് മാർത്താണ്ഡൻ പിള്ള എണീറ്റു് തന്റെ ബാണാസനത്തേയും മറ്റും തിരഞ്ഞു് എടുത്തു. ‘നേരേ തമ്പി അങ്ങത്തെ അങ്ങു്; പിന്നെ ചെമ്പകശ്ശേരിയിലും’ എന്നുള്ള ആത്മഗതത്തോടുകൂടി പടിഞ്ഞാറ്റു് നോക്കി നടന്നു.

ഇതിനിടയിൽ മഹാനായ തമ്പി തന്റെ മന്ദിരത്തിൽ ഇരുന്ന് ഓരോ ആലോചനകൾ കഴിച്ചിരിക്കുന്നു. സുന്ദരയ്യൻ സന്ധ്യ കഴിഞ്ഞപ്പോൾ ഭാര്യാഗ്രഹത്തിലേക്ക് തമ്പിയുടെ അനുവാദത്തോട്ട് കൂടി പോയി. രണ്ടുനാഴിക കഴിഞ്ഞപ്പോൾ തമ്പിക്കു സ്വർഗ്ഗത്തിൽ ഉന്നത പദവി ലഭിച്ചാലും ഉണ്ടാകാത്തതായ സന്തോഷത്തെ ജനിപ്പിക്കുന്ന ഒരു കാഴ്ച സാധിച്ചു. യുവരാജാവും പരമേശ്വരൻ പിള്ളയും തനിച്ചു വടവൃക്ഷച്ചുവട്ടിൽ നിൽക്കുമ്പോൾ വഴിയേ പടിഞ്ഞാറോട്ട് പോയ ആളാണ് തമ്പിയുടെ മുമ്പിൽ പ്രത്യക്ഷമായത്. തമ്പി ആനന്ദപരവശനായി ആഗതനായ സത്വത്തെ ആലിംഗനം ചെയ്ത് 'ഹ ഹ! തരത്തിനു വന്നു! നല്ല ജോലി ഉണ്ടിന്ന്; കഥയൊക്കെ പിന്നെ. ആരും കാണരുത്. വാ, കേറ്, ഇതാ ഈ പുരമുറിക്കകത്തിരുന്നോ. വേറേ ആളുണ്ടെങ്കിൽ നിന്നെ ബുദ്ധിമുട്ടിക്കുന്നില്ല' എന്നുള്ള പ്രസ്താവനകളോടു കൂടി താൻ ചൂണ്ടിക്കാണിച്ച പുരയ്ക്കകത്ത് അയാളെപ്പിടിച്ചു തള്ളിവിട്ടിട്ട് വാതിലും ബന്ധിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ രാമനാമഠത്തിൽ പിള്ള തമ്പിയുടെ മുമ്പിൽ എത്തി തൊഴുതു. തമ്പി ഞെളിഞ്ഞു ഗൗരവത്തോടുകൂടി 'എന്തെല്ലാമാണ്? നമുക്കുവേണ്ടി കഴക്കൂട്ടം ഒരു മിടുക്കു കാട്ടി എന്നു കേട്ടു. മാങ്കോയിക്കൽക്കുറുപ്പിനെ പിടിച്ചിട്ടു, ഇല്ലേ?'

രാമനാമഠം: 'ഉത്തഴവ്.'

തമ്പി: 'യോഹത്തീന്നു തിഴിച്ചു പോവുമ്പോൾ കണ്ടു്, പതുക്കെ കളിപ്പിച്ചു വിളിച്ചോണ്ടു പോയി, കഴക്കിലിട്ട് ഇഴക്കിയും കളഞ്ഞു.'

തമ്പി: 'കഴക്കൂട്ടത്തിന് നമ്മോട്ട് കുറച്ച് നീരസം ഉണ്ടെന്നാണല്ലോ കേട്ടതു്?'

രാമനാമഠം: 'അങ്ങത്തെ അഴുത്ത് ഒണ്ടെങ്കിലെന്തു്? ശവത്തെ പോവാൻ പഴയണം. യോഗത്തിനെ കളിപ്പിച്ചാല്, അവന്റ തെല മണ്ണു തിന്നും.'

തമ്പി: 'ഭേഷ് ഏർപ്പാട്ട്! നമുക്ക് കഴക്കൂട്ടത്തെക്കുറിച്ചും ബഹുസന്തോഷമാണ്. കേട്ടോ രാമനാമഠം, രാമനാമഠം വേണം നമ്മുടെ വലിയസർവ്വാധി ആയിരിക്കാൻ.'

രാമനാമഠം: 'ഓഹോ, എന്തഴിനും ഞാൻ ആളുതന്നെ.'

തമ്പി: 'പിന്നെ, ഈ മാങ്കോയിക്കൽ കുറുപ്പിന്റെ വരവും കഥയും കേട്ട് നമുക്കൊരാലോചനയുണ്ടായിരിക്കുന്നു. രാമനാമഠം മാത്രം അറിഞ്ഞാൽ മതി; പുറത്ത് പറയണ്ട. വരണം, സ്വകാര്യമായി പറയാം.'

രാമനാമഠം: 'ഇല്ല, സത്യം. ഉത്തഴവാകണം.'

തമ്പി രാമനാമഠത്തിനെ അടുത്തു വിളിച്ച് ഏകദേശം അരനാഴിക മന്ത്രിച്ചുകൊണ്ടു നിന്നു. അനന്തരം അയാൾ ഇങ്ങനെ പറഞ്ഞു: 'യോഗത്തിന്റെ നിശ്ചയം അങ്ങനെ അല്ലല്ലോ. അതുകൊണ്ടു് എനിക്ക് പാഴില്ല. വല്ലവഴും ആണങ്ങഴുണ്ടെങ്കിൽ തീട്ടട്ട്.'

ഇത്രയും സംഭാഷണം ആയപ്പോൾ സുന്ദരയ്യൻ അകത്ത് പ്രവേശിച്ചു. രാമനാമഠത്തിനെ കണ്ടപ്പോൾ, തമ്പി തന്റെ ശുദ്ധഗതികൊണ്ടു് സുഭദ്രയുടെ നേർക്ക് നടത്തുന്ന വഞ്ചനയെ അയാളോട്ട് പറഞ്ഞുപോയിരിക്കുമോ എന്നു ശങ്കിച്ച്, സുന്ദരയ്യൻ വിളറി, തമ്പിയുടെ മുഖത്ത് നോക്കി. 'അതൊന്നും പേടിക്കണ്ട' എന്നുള്ള ഭാവത്തിൽ നേത്രങ്ങൾ

കൊണ്ടു് ചില അഭിനയങ്ങൾ കാണിച്ച് സുന്ദരയ്യനെ സമാധാനപ്പെടുത്തി. തമ്പിയും രാമനാമഠവും തമ്മിലുള്ള തർക്കവിഷയത്തെ സുന്ദരയ്യനോട്ട് തമ്പി അവർകൾതന്നെ പ്രസ്താവിച്ചു.

സുന്ദരയ്യൻ: 'രാമനാമഠത്തിങ്കത്തേക്കു് ഇവളവു് പയമാ? നാൻ താൻ ശെയ്യുടിറേൻ.'

തമ്പി: 'താൻ വേണ്ടെടോ. ഒരു സംശയവും ഉണ്ടായിക്കുടാ. ആളുണ്ടു്. എല്ലാം ഭംഗിയായി നടത്താം.'

ആ സംഗതിയെക്കുറിച്ച് ഓരോ തീരുമാനങ്ങൾ ചെയ്യുന്നതിനിടയിൽ ഒരു പട്ടക്കാരൻ അകത്തു് കടന്നു് 'ചുള്ളിയിൽ മാർത്താണ്ഡപ്പിള്ള വന്നു് നിൽക്കുന്നു' എന്നു് തമ്പിയെ ഗ്രഹിപ്പിച്ചു. 'വരാൻ പറ' എന്നു് തമ്പി ഉത്തരവായി.

തമ്പി: 'തിരുമുഖത്തു പിള്ള നമ്മുടെ ഭാഗത്തുതന്നെ എന്നു നിശ്ചയമായി. രാമനാമഠവും സുന്ദരയ്യനും എന്റെ വലതും ഇടതും കൈകളാണു്. നിങ്ങൾ കൊണ്ടുകൊള്ളിച്ച കോളു് എത്ര ഭംഗിയായിപ്പറ്റി! ഇങ്ങനെയാണു് ബുദ്ധിസാമർത്ഥ്യം കാണിക്കേണ്ടതു്.'

രാമനാമഠം ഈ പ്രശംസ കേട്ടു് ഞെളിഞ്ഞു. തന്റെ നാമത്തെ രണ്ടാമതായി പറഞ്ഞതുകൊണ്ടു് കുറച്ച് ഈർഷ്യ തോന്നി എങ്കിലും സുന്ദരയ്യനും തമ്പിയുടെ സ്തുത്യർഹമായ വാക്കുകൾ കൊണ്ടു് കൃതാർത്ഥനായി എന്നു് നടിച്ചു.

# 19

“ദന്തിഗാമിനി തന്റെ വൈഭവം ചിത്രം ചിത്രം.”

യുവരാജാവ് വേഷപ്രച്ഛന്നനായി വടവൃക്ഷത്തിന്റെ ചുവട്ടിൽ എത്തിയപ്പോൾ സുഭദ്ര രാമനാമഠത്തിൽ പിള്ളയോട്ട് സംസാരിച്ചുകൊണ്ടിരിക്ക ആയിരുന്നു. സുഭദ്രയുടെ മുറിക്ക് തെക്കോട്ടുള്ള വാതിൽ ബന്ധിച്ച് പടിഞ്ഞാറുനിരയിലുള്ളത് തുറന്നിട്ടിരിക്കുന്നു. മുറിക്കകം ഏറ്റവും ഭംഗിയാക്കീട്ടുണ്ട്. സുഭദ്രയും ശ്രീപത്മനാഭൻ പശ്ചിമസമുദ്രത്തിൽ ആറാട്ടുവാൻ എഴുന്നള്ളുന്ന സമയം ‘ഉഭയപാർശ്വത്തിലും മേവും ഉന്നതസൗധപംക്തി’യിലെ ജാലകങ്ങളെ വിതാനിക്കുന്നതിനായി സ്ഥാപിക്കപ്പെടുന്ന ‘രംഭ’കളെപ്പോലെ രത്നമയമായുള്ള ആഭരണങ്ങളെക്കൊണ്ടും കസവുള്ള വസ്ത്രങ്ങളെക്കൊണ്ടും തന്റെ ദേഹത്തെ അലങ്കരിച്ചിരിക്കുന്നു. സുഭദ്രയുടെ ദേഹത്തോട്ട് സംഘടിപ്പിക്കപ്പെട്ടിരുന്ന സ്വർണ്ണ ഭൂഷണങ്ങൾ യാതൊരു കാരണത്താലും ക്ലേശിക്കുന്നില്ലെന്നേ ഉള്ളൂ. അകത്ത് മദ്യവും, പുറത്ത് സുഭദ്രയുടെ സൗന്ദര്യവിലാസ മനോജ്ഞതയും, ഇങ്ങനെ രണ്ട് ശക്തികളുടെ ഇടയിൽ അകപ്പെട്ട് വിധുരനായിത്തീർന്നിരിക്കുന്ന രാമനാമഠത്തിൽ പിള്ള ചില



പ്പോൾ സൈരന്ധ്രിയുടെ സന്നിധിയിൽ കീചകനെന്ന പോലെയും, ചിലപ്പോൾ ഭ്രപതിയായ സീതയുടെ സന്നിധിയിൽ ഹനുമാനെന്ന പോലെയും, കാമപാരവശ്യ രസികത്വങ്ങളെയും, ഭക്ത്യനുസരണവിനയാദിയായുള്ള രസങ്ങളേയും, ഇടവിട്ടു് പ്രകടിപ്പിക്കുന്നു. ഏകദേശം രണ്ടു നാഴിക സംസാരിച്ചുകൊണ്ടിരുന്നതിന്റെ ശേഷം രാമനാമഠത്തിൽ പിള്ള വിടവാങ്ങി യാത്രയ്ക്കാരംഭിച്ചു. അനുയാത്രയായി കുറച്ചുദൂരം കൂടിനടന്നിട്ടു് ഉത്സാഹത്തോടുകൂടി ‘വരാതിരിക്കരുതു്. അധികം താമസിക്കരുതു്, ഈ രാത്രിയിൽ. നല്ലകാലം വരുന്നു. ഓടിപ്പോകണം’. എന്നു സുഭദ്ര പറഞ്ഞതു് തടഞ്ഞു് ‘ചെമ്പകം വഴാൻപഴഞ്ഞാലു്, ഴാമനാമഴത്തി

ന് വേഴെയുണ്ടോ… കൊളാം' എന്ന് ആ മഹാനം പറഞ്ഞു് പിരിഞ്ഞു. സുഭദ്ര തന്റെ പുരമുറിക്കകത്തു് കടന്ന് കട്ടിലിന്മേൽ ഇരിപ്പായി. സന്ധ്യാസമയങ്ങളിൽ മേഘശൂന്യമായുള്ള ആകാശത്തിന്റെ പ്രതിബിംബത്താൽ ഏറ്റവും രമണീയമായും, വായുവിന്റെ മാന്ദ്യത്താൽ നിശ്ചലമായും കാണപ്പെടുന്ന തടിനീജലം പോലെ സുഭദ്രയുടെ മുഖം അതിശാന്തമായിരിക്കുന്നു. ആ സ്ത്രീയുടെ ഉള്ളിൽ യാതൊരു കാലത്തും യാതൊരു വ്യസനവും പ്രവേശിച്ചിട്ടില്ലാത്തതിന്മണ്ണം സ്വസ്ഥയായിരുന്നുകൊണ്ടു് പഠിച്ച പാഠങ്ങളെ ഹൃദിസ്ഥമാക്കുന്നതുപോലെ ഇപ്രകാരം വിചാരം തുടങ്ങി: 'എന്തിനാണ് ഞാൻ ഈ കൃത്രിമങ്ങളിൽ ചെന്ന് ചാടുന്നതു്? തങ്കത്തിനെ കുറിച്ചുള്ള സ്നേഹത്തിനാൽ, തങ്കത്തെക്കുറിച്ച് എനിക്കിത്ര സ്നേഹത്തിന് സംഗതി എന്തു്? അച്ഛന്റെ ആകട്ടെ, അമ്മാവന്റെ ആകട്ടെ, സ്ഥാനത്തിൽ അവളുടെ അച്ഛൻ ഒരാൾ മാത്രമേ നിഷ്കപടമായുള്ള സ്നേഹത്തോടെ എന്നെ ലാളിച്ചിട്ടൊള്ളു. എന്റെ (ശാന്തത നീങ്ങി മുഖം ചുവന്ന് കണ്ണിൽ അശ്രുക്കൾ മിന്നിത്തുടങ്ങി) അമ്മയെ കൊല്ലാൻ തുടങ്ങിയ അമ്മാവനെ അദ്ദേഹമാണ് തടസ്സം ചെയ്തതു്. കുട്ടിക്കാലത്തു് എന്നെ ലാളിച്ചിട്ടുണ്ടു്. പിന്നീടു് ഗുണദോഷം പറഞ്ഞുതന്നിട്ടുണ്ടു്. ഈ രാമനാമഠത്തിനെപ്പോലെയും മറ്റും അനാഥയായ എന്നെ ദുർമ്മാർഗ്ഗങ്ങളിൽ പ്രവേശിപ്പിക്കാൻ ശ്രമിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അപ്പഴപ്പോഴുള്ള ശാസനയാണ് മഹാവ്യസനങ്ങൾക്കിടയിലും മനസ്സുഖം അനുഭവിപ്പിക്കാൻ വേണ്ട നിഷ്പക്ഷത്വം എനിക്കു് സമ്പാദിച്ചുതന്നിട്ടുള്ളതു്. ഉപകർത്താവായ അദ്ദേഹത്തിന് എന്നാൽ ഒന്നും പ്രത്യുപകാ

രമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, അദ്ദേഹത്തി ന്റെ മകളെ ഞാൻ മനഃപൂർവ്വമായി, പ്രതിഫലേച്ഛ കൂടാ തെ സ്നേഹിക്കുന്നുണ്ട്. ഈ സ്നേഹബന്ധമാണ് എ ന്നെ ഈ ശ്രമങ്ങളിലേക്ക് ആകർഷിക്കുന്നത്. തങ്കത്തി നെ കുറച്ചുകാലം കാണാതെ ഇരുന്നത് ഒരറിവും കൊടു ക്കാൻ കഴിയാത്തതിനാലാണ്. കഴക്കൂട്ടത്തദ്ദേഹം മരി ച്ചപ്പോൾത്തന്നെ എന്റെ ശ്രമങ്ങൾക്കുണ്ടായിരുന്ന സ ഹായി പോയി. പിന്നീടും ഞാൻ ഉപേക്ഷ കാണിച്ചിട്ടി ല്ല. ഈ രാമനാമഠത്തിനെ പാട്ടിലാക്കി അന്നന്ന് നട ക്കുന്ന കഥകളെല്ലാം അറിഞ്ഞു. സുന്ദരയ്യനും രാമനാമഠ വും വലിയ കൂട്ടുകെട്ടുകാർ ആയതും ഭാഗ്യം തന്നെ. അ ല്ലെങ്കിൽ ഒന്നും അറികയില്ലായിരുന്നു. ഈ പുള്ളികൾ ക്ക് എന്റെ ഊഹം മനസ്സിലായിട്ടില്ല. അവരുടെ വിചാ രം തന്നെ പക്ഷേ, ശരിയായി വന്നേക്കാം. എന്നാൽ ഇ പ്പോൾ കണ്ടേടത്തോളം എന്റെ ഊഹം തന്നെ ശരിയാകു മെന്നാണ് എനിക്ക് തോന്നുന്നത്. ആട്ടെ, ഒരു മഴയിൽ ഉ ണ്ടാകുന്ന ഉടപ്പ് മറ്റൊരു മഴയിൽ നികന്നുപോകുന്ന പോ ലെ, അന്നത്തെ കലാപങ്ങളെല്ലാം തങ്കത്തിന്റെ ദീനത്തി നിടയിൽ ശരിയാകും. ഈ തിരുമുഖത്തദ്ദേഹം എന്തു ശു ദ്ധനാണ്! നാട്ട് ഭരിച്ച മന്ത്രിയുമാണ്. ആകപ്പാടെ സ്ത്രീ കളിലും താണബുദ്ധിക്കാരനായി കാണുന്നു. ഒന്ന് കണ്ടു വെങ്കിൽ ഞാൻ എല്ലാം ശരിയാക്കും. ഈ തിരുവനന്ത പുരത്ത് അദ്ദേഹത്തിനെ കണ്ടിട്ടില്ലാത്ത ആളുകൾ കുറ യും. എനിക്ക് മാത്രം അതിന് യോഗമുണ്ടായിട്ടില്ല. ക ണ്ടിട്ട് തന്നെ കാര്യമെന്ത്? തങ്കത്തിന്റെ അനന്തപത്മ നാഭന്റെ അച്ഛനാണ്; മഹാപ്രസിദ്ധനുമാണ്. മനഃശുദ്ധി

യുള്ള ആളും ആയിരിക്കണം. അത്രയും അല്ല, അദ്ദേഹ ത്തെക്കുറിച്ച് എനിക്കും എന്തോ വിശേഷിച്ചൊരു ബ ഹുമതിയുണ്ട്. കഴക്കൂട്ടദ്ദേഹത്തിന്റെ ഇഷ്ടനായിരുന്നു എ ന്ന് കേട്ടിട്ടുള്ളതുകൊണ്ടായിരിക്കാം. അദ്ദേഹം വലിയ ത മ്പിയെ സഹായിക്കുന്നതായാൽ എളയതമ്പുരാൻ തിരുമ നസ്സുകൊണ്ട് ചുറ്റും. അദ്ദേഹത്തിന്റെ മകനെ കൊന്ന വർ ത്തമാനം എല്ലായിടത്തും പരന്നിട്ടുണ്ട്. അതു തമ്പിക്ക് ബ ഹു അനുകൂലമായി. തിരുമുഖത്തു പിള്ളയിൽ നിന്നുത ന്നെ ആ വർത്തമാനം പുറപ്പെട്ടിരിക്കുന്നതിനാൽ ആളു കൾ അത് വിശ്വസിക്കും. ഈ കുഴക്കിൽ ഞാൻ ചാടുന്ന തെന്തിന്? ചാടാതിരുന്നാൽ തമ്പി രാജ്യം കൈക്കലാ ക്കി സുന്ദരയ്യന് ദത്തം ചെയ്യും. പിന്നെ ഇവിടെ കോലാ ഹലം തന്നെ … ആരോ വരുന്നുണ്ട്. വിഷവുംകൊണ്ട് പ ട്ടർ പുറപ്പെട്ടിരിക്കുന്നതാണ്. അല്ല. സുഭദ്രയുടെ ആത്മ ഗതങ്ങൾ ഈ ഭാഗത്തിലായപ്പോൾ അതുകളുടെ ഗതി യെ നിരോധിച്ച പദന്യാസം ആരുടേതോ, ആ ആൾ പടി ഞ്ഞാറുള്ള വാതിൽക്കൽ എത്തി. സുഭദ്രയുടെ മുമ്പിൽ അ പ്പോൾ കാണപ്പെട്ടതുപോലുള്ള രൂപം ഈ ദിക്കുകളിൽ അ സംഖ്യം എന്നും കാണാവുന്നതാണ്. പഴകിയ ചർമ്മത്തി ന്റെ നിറവും, സദാ അകാരണമായുള്ള ചിരിയോട് കൂടിയു ള്ള വട്ടമുഖവും കാണുന്നവരെല്ലാം കാമിക്കയാൽ ചാരിത്ര ത്തിന് മുറിവേറ്റതുപോലുള്ള നാട്യത്തോടുകൂടി ലജ്ജ അ ഭിനയിച്ച് കണ്ഠത്തിന് സംഭവിച്ചിട്ടുള്ള കുനിവും, തിമിർ ത്ത കവിൾത്തടങ്ങളും, ഞെരുങ്ങിയതും തൈലപരിച യമില്ലാതെ ചിന്നിച്ചിതറി പറക്കുന്നതായ ഒരു മുഴം കേ ശത്തെ ബലാൽക്കാരേണ ബന്ധിച്ച് ധമ്മില്ലമാക്കിയി

രിക്കുന്നതും, മുരളിച്ച കർണ്ണാഭരണദ്വാരവും ഹ്രസ്വമായ കായവും, പരന്ന ഉദരവും, കനത്ത ഭുജകുചജഘനങ്ങളും ചേർന്നിരുന്നതിനാൽ സൗന്ദര്യവതി എന്ന് പറഞ്ഞുകൂടാ എങ്കിലും, കേരളീയസ്ത്രീകൾക്ക് സഹജമായുള്ള ഒരു വിശേഷശ്രീയുണ്ടായിരുന്നതിനാൽ വിരൂപ എന്നും പറഞ്ഞുകൂടാത്തതുമായ ഒരു സ്ത്രീയാണ് പ്രത്യക്ഷയായത്. ഈ സ്ത്രീ അതിസൗരഭ്യത്തോടുകൂടിയതും വികസിച്ചതും ആയ മുല്ലപ്പൂകൊണ്ട് കച്ചപ്പുറത്തിന്റെ ഛായയിൽ കെട്ടീട്ടുള്ള ഹാരങ്ങളും ഘൃതത്തിന്റെ പരിമളം വീശുന്നതായ ചില പലഹാരങ്ങളും സുഭദ്രയ്ക്ക് കാഴ്ചയായി കൊണ്ടുവന്നിരുന്നു. ഇതുകൾ സുഭദ്രയുടെ മുമ്പിൽകൊണ്ടുവച്ചിട്ട്, വാതിലിന്റെ ഇടയിൽ പാതി മറഞ്ഞുനിന്ന്, അത്യാദരവോടുകൂടി, രണ്ടു വരി കവടിപോലെ വെളുത്തുള്ള ദന്തങ്ങളെ കാട്ടിത്തുടങ്ങി. സുഭദ്ര പുഞ്ചിരിയോടുകൂടി, “ആനന്തത്തിനെ കാണാൻ പോലും കിട്ടുന്നില്ല. എന്താണിന്നിങ്ങോട്ട് പോരാൻ തോന്നിയത്?” എന്ന് ചോദിച്ചു.

ആനന്തം എന്ന പേരായ സ്ത്രീ സുന്ദരയ്യന്റെ ‘പരിഗ്രഹം’ ആണ്. ഇവളുടെ കഥയെയാണ് രാമയ്യൻ യുവരാജാവിനോട് പതിമൂന്നാം അദ്ധ്യായത്തിൽ അറിയിച്ചത്. സുഭദ്രയുടെ ചോദ്യത്തിന്, ആനന്തം ലജ്ജയോടും ഭർത്താവിനെക്കുറിച്ച് കുറച്ച് പരിഭവം നടിച്ചും, താടിയിൽ കൈകൊടുത്ത് ഇരുഭാഗത്തോട്ട് ആഞ്ഞും, ഇങ്ങനെ ഉത്തരം പറഞ്ഞു: ‘എന്തു ചെയ്യാം കൊച്ചമ്മ? ഒരുത്തൻ വന്നു ചേർന്നാലക്കൊണ്ട് പിന്നെ പറയണ കൂത്തെല്ലാം ആടണ്ടയോ? ഈ രാജ്യത്ത് കണ്ടിട്ടില്ല, ഈ നടപ്പൊന്നും.

ഞാൻ അമ്മച്ചിയോ പോറ്റി അമ്മമാരോ ആണോ? വെളിയിൽ ഇറങ്ങാൻ സാമി സമ്മതിക്കുല. പിന്നെ എങ്ങനെയാണ് വേണ്ടത്തക്കവരെ വല്ലപ്പഴും വന്ന് കാണുന്നതു്?'

സുഭദ്ര: "വരാത്തതു് ശരിയായി. ഭർത്താവിന്റെ ഹിതം അറിഞ്ഞു് നടക്കണം. അല്ലെങ്കിൽ എന്നെപ്പോലെ വ്യസനിക്കാൻ ഇടവരും. സുന്ദരയ്യൻ എന്നും വരുന്നുണ്ടല്ലോ? നിനക്കു് സുഖം തന്നെയോ?"

ആനന്തം: "സാമിയോ കൊച്ചമ്മാ? വല്ലപ്പഴും ഒരിക്ക വരും. വലിയങ്ങുന്ന് വിടൂല്ലേന്നേ (ചിരിച്ചും ലജ്ജയോടും) കൊച്ചമ്മ ഇന്നലെ അങ്ങത്തെ അങ്ങു് പോയിരുന്നു, ഇല്ലയോ? അതാണ് നല്ലതു് കൊച്ചമ്മാ. വലിയവരെ വിരോതം കെട്ടീട്ടു് നമുക്കിപ്പം എന്തു് കാര്യം? ആകിലും അവരെ ഒക്കെ അനുതരിക്കണം. അങ്ങുന്ന് തമ്പുരാനാകുമ്പം കൊച്ചമ്മ അമ്മച്ചിയാകും; ഈയുള്ളവൾക്കും വല്ലതും നയ്യവരും. ഇതാണ്ടെ അങ്ങുന്നാണ് ഈ പൂവും പലാരവും കൊടുത്തയച്ചതു്."

സുഭദ്ര: (അറിയാത്ത നാട്യത്തിൽ) 'നിന്റെ സമ്മാനമല്ലയോ?'

ആനന്തം: 'അല്ല; സാമി കൊണ്ടു് എന്റെ കൈയ്യിത്തന്നു. എനിക്കും ഒരു തന്തോഴമായി. കൊച്ചമ്മയെ കാണാൻ തരം ഇതുതന്നെ എന്നുറച്ച് ഞാനും എറങ്ങി.'

സുഭദ്ര: 'നീ തനിച്ചാണോ വന്നതു്?'

ആനന്തം: 'സാമി കൂടി വന്നു. ഇങ്ങു് കേറിയാലക്കൊണ്ടു് കൊച്ചമ്മ പിടിച്ച് വത്വാനത്തിനിരുത്തിക്കൊള്ളു

മെന്ന് പറഞ്ഞു നടയി വന്നപ്പം ഓടിക്കളഞ്ഞു. അങ്ങുന്ന് കാത്തിരിക്കും കൊച്ചമ്മാ. അതാണ് ഓടിക്കളഞ്ഞതു്.'

സുഭദ്ര: (മനോഗതം) 'ഇവൾ ഒന്നും അറിഞ്ഞിട്ടില്ല. വിഷത്തെക്കൊണ്ടുവന്ന് തരുന്നതിന് പട്ടർക്ക് ധൈര്യമില്ലാഞ്ഞിട്ടോ അയാളുടെ മേൽ സംശയമില്ലാതിരിക്കാൻവേണ്ടി രാമനാമഠത്തിന്റെ അടുത്ത് ഹാജർ കൊടുക്കാനോ രണ്ടിലൊരു കാരണത്താൽ ഇവളെ അയച്ചിരിക്കുന്നതാണ്. നല്ല സംബന്ധക്കാരൻ! ഇന്നലെ രാത്രി ഞാൻ പോന്നതിൽപ്പിന്നെ ആലോചിച്ച് നിശ്ചയിച്ചതാണ്. നോക്കണേ ബുദ്ധിസാമർത്ഥ്യം! രാമനാമഠത്തിനേയും അകറ്റീരിക്കുന്നു. ആട്ടെ, രണ്ടു് പേർക്കും വിരുതു് തന്നേക്കാം. (പ്രകാശം). തമ്പി അദ്ദേഹത്തിന് ഇത്ര കുറ്റ് തോന്നിയല്ലോ എന്ന് വിചാരിക്കയാണ്. ആനന്തം, കാലക്കുട്ടിപ്പിള്ളയെ ഈയിടെ കാണാനില്ല. അയാൾ എവിടെപ്പോയിരിക്കുന്നു?'

ആനന്തം: "തമ്പുരാന്റെ കോലും കുന്തവും ചപ്പീച്ച്, ആണങ്ങളെ ചേവുകത്തിന് പോയിരിക്കുണ്. കൊച്ചമ്മ അറിഞ്ഞില്ലയോ വത്വാനം? തിരുമുഖത്തെ കൊച്ചങ്ങത്തെക്കൊന്നതു് ഇളയതമ്പുരാനാണ് പോലും! (ഈ വാക്കുകൾ കേട്ടു് ആരോ 'അ' എന്ന് ആശ്ചര്യവ്യസനങ്ങളോടുകൂടി ഒന്ന് ഉച്ചരിച്ച് അമർത്തിയതുപോലെ സുഭദ്രയ്ക്കു് തോന്നി.) തമ്പുരാന്റെ പൂച്ചെല്ലാടത്തും പരന്നു. തിരുമുഖത്തങ്ങുന്ന് പടകൂട്ടുണ് പോലും. കാണാം, കണ്ണീരും കൈയുമായി..." പിന്നെയും അതിവേദനയോടുകൂടി ആരോ സീൽക്കാരം ചെയ്യുന്നതായ ശബ്ദം കേ

ട്ട് സുഭദ്ര ഉത്ഥാനം ചെയ്ത് ഝടിതിയിൽ പടിഞ്ഞാറു വശത്തിറങ്ങി നോക്കി. ഇരുട്ടിനിടയിൽക്കൂടി ഒരു നിഴൽ തെക്കോട്ട് പാഞ്ഞു പോകുന്നതുപോലെ തോന്നുകയാൽ സുഭദ്ര അൽപ്പനേരം ചിന്താഗ്രസ്തയായി നിന്നു. "സുന്ദരയ്യനല്ല; അയാൾക്ക് ഇത്ര ആശ്ചര്യവും വ്യസനവും തോന്നാൻ സംഗതിയില്ല. ഒന്നുകിൽ യുവരാജാവ്, അല്ലെങ്കിൽ ആശ്രിതന്മാരിൽ ഒരുവൻ; അല്ലെങ്കിൽ... അങ്ങനേയും വരാം. ആട്ടെ അത് ക്രമത്തിൽ" എന്നിങ്ങനെയുള്ള ആത്മഗതത്തോടുകൂടി നിഴലിനെ പിന്തുടരുന്നതിന് ശ്രമിക്കാതെ തന്റെ ക്രിയകൾ കണ്ട് ആശ്ചര്യം കലർന്നുനിന്നിരുന്ന ആനന്തത്തോട് ഇപ്രകാരം പറഞ്ഞുകൊണ്ട് സുഭദ്ര സ്വസ്ഥാനത്ത് വീണ്ടും ഇരിപ്പായി. "എന്തോ ഒന്ന് അനങ്ങിയതുപോലെ തോന്നി. നോക്കിയതിൽ ഒന്നും കാണുന്നില്ല."

ആനന്തം: "കണ്ണിലിട്ടു കുത്തിയാ കണ്ടൂടാത്ത ഇരുട്ട് കൊച്ചമ്മാ. വല്ല പട്ടിയോ മറ്റോ ആയിരിക്കും."

സുഭദ്രയുടെ ആത്മഗതത്തിന്റെ ഒടുവിലത്തെ ഭാഗം ഉള്ളിൽനിന്ന് വിട്ടുപോകാതെ മനസ്സിനെ ചലിപ്പിച്ചുകൊണ്ടിരുന്നതിനാൽ ആനന്തത്തിന്റെ അഭിപ്രായങ്ങളെ സുഭദ്ര കേട്ടില്ല. എന്നുവരികിലും ആ സ്ത്രീയുടെ മനസ്സ് അന്യവിഷയത്തിൽ പ്രവേശിച്ചിരിക്കുന്നു എന്ന് സുന്ദരയ്യന്റെ സാധുശീലയായ പത്നി ഗ്രഹിക്കയോ ശങ്കിക്കയോ ചെയ്യുന്നതിന് ഇടവരാതിരിക്കത്തക്കവണ്ണം സുഭദ്ര തന്റെ മുഖഭാവങ്ങളെ നിയമനം ചെയ്തിരിക്കുന്നു. തിരുമുഖത്തു പിള്ളയുടെ മകന്റെ കഥയെ സംബന്ധിച്ചാണെന്നുള്ള ഭാവ

ത്തിൽ തമ്പിമാരുടേയും, സേവകൻ സുന്ദരയ്യന്റേയും സ്ഫ ടികസമാനമായുള്ള മനോനൈർമ്മല്യാദി ഗുണങ്ങൾ വർ ണ്ണിച്ച് ആനന്തം പ്രസംഗിച്ചുതുടങ്ങി. ആനന്തത്തിന്റെ പ്ര ശംസകൾക്ക് സുഭദ്രയുടെ ഇപ്രകാരമുള്ള ചോദ്യം അന്ത രം വരുത്തി. “ആനന്തം, ഞാൻ ഒന്ന് ചോദിക്കട്ടെ? സാര മില്ലാത്ത സംഗതിയാണ്. നീ സത്യം പറയുമോ?”.

ആനന്തം: “ഉടുതുണി പോലും തന്ന് രക്ഷിക്കുന്നവർക്ക് എന്ത് തന്നെ കേട്ടുടാ? നല്ല കാര്യം! കൊച്ചമ്മ ‘ഊം’ എ ന്നൊന്ന് മൂളിയാൽ കരളിനെ ചൂന്നുവയ്ക്കുണവരെക്കൊ ണ്ട് സത്യവും ചെയ്യിക്കണമോ?”.

സുഭദ്ര: “അതെല്ലാം എനിക്കറിയാം. നിന്നോളം ഉചിതമു ള്ളവരാരുമില്ല. പിന്നെ ഒരു കോ … പാണ്ടിക്കാരൻ അ വിടെ പാർപ്പില്ലയോ?”.

ആനന്തം: “ഉണ്ട്. ഒരു എന്തരുത്തൻ.”.

സുഭദ്ര: “അയാൾ ആരാണ്?”.

ആനന്തം: “സാമീടെ തിക്കുകാറൻപോലും”.

സുഭദ്ര: “എന്തിനായിട്ട് ഇവിടെ വന്നിരിക്കുന്ന് എന്നറി യാമോ?”

ആനന്തം: “അങ്ങത്തേക്കും സാമിക്കും വലിയ ചങ്ങാത്ത മാണെന്ന് മാത്രമറിയാം”.

ഇത്രത്തോളവും ഇതിലധികവും സംഗതികൾ സുഭദ്ര യ്ക്കറിയാമായിരുന്നു. അതിനാൽ തന്റെ ചോദ്യങ്ങൾക്കു ണ്ടായ ഉത്തരങ്ങൾകൊണ്ട് തൃപ്തിപ്പെടാനാവാതെ കുറ ച്ചൊരു നീരസഭാവത്തോടുകൂടി “നിന്റെ സാമിയും (മനോ

ഗതം) കോടാങ്കി എന്നേ വരുന്നുള്ളൂ നാക്കിൽ. (പ്രകാശം) പാണ്ടിക്കാറനും തമ്മിൽ എന്താണ് ഇത്ര പിടുത്തത്തിനു വഴി? ശൂദ്രവീട്ടിൽ കൊണ്ടുവന്ന് ഈ എങ്ങാനും കിടന്നവനെ പാർപ്പിച്ചിരിക്കുന്നത് എന്ത് മര്യാദയാണ്? പറ, നിന്നോട് ചോദിക്കയാണ്."

ആനന്തം അതുവരെ സുഭദ്രയുടെ ദയാപൂർവ്വമുള്ള സൽക്കാരവചനങ്ങൾ കേട്ടും മറ്റും ആനന്ദക്കടലിൽ മുങ്ങിക്കിടന്നിരുന്നു. ഈ കോപഭാവം കണ്ടപ്പോൾ ആപത്ക്കരമായ ചുഴിയിൽ അകപ്പെട്ടതുപോലെ ആയി. "ഞങ്ങളെന്തര് ചെയ്യും കൊച്ചമ്മാ? സാമി കൊണ്ടുപാർപ്പിച്ചിരിക്കണ. കൊച്ചമ്മ പറയണം. ഞങ്ങളടിച്ചെറക്കുടാം."

സുഭദ്ര: "ആരെന്നറിയാതെ നിങ്ങളെങ്ങനെ പാർപ്പിച്ചിരിക്കുന്നു? അവർ സംസാരിക്കുന്നതുപോലും നിങ്ങൾ കേട്ടിട്ടില്ലയോ? അതിൽനിന്നെങ്കിലും ആരെന്നറിഞ്ഞിട്ടില്ലയോ?"

ആനന്തം: "ഖറാം പിറാം എന്ന് ഒരു പാഴയാണ് അവർക്കുള്ളത്. ഇന്തുത്താനമോ എന്തരു കുന്തിരിക്കമോ? ആർക്കറിയാം? ഞങ്ങൾക്ക് ഒരക്ഷരം അറിഞ്ഞൂടാ. പിന്നെ കാര്യം ഞങ്ങളെങ്ങനെ അറിയും?"

സുഭദ്ര: "ഹ! വല്ലാത്ത കൂട്ടമാണ് നിങ്ങൾ! മര്യാദക്കാരല്ല. കണ്ടവരെ വിളിച്ച് വീട്ടിൽ പാർപ്പിക്കുന്നതിനെക്കുറിച്ച് ആ കാലിക്കുട്ടിപ്പിള്ളയ്ക്കും ലജ്ജ തോന്നുന്നില്ലല്ലോ!"

ആനന്തം: "ഞങ്ങളും കൊറച്ചിലിനൊന്നും പോയിട്ടില്ല. കേക്കണോ കൊച്ചമ്മയ്ക്ക്? ആ എരുമച്ചീമ്മോൻ കേറി, ഒരിക്കലുണ്ടല്ലോ കൊച്ചമ്മാ, എന്റെ അടുത്ത് കൊ

ഴയാൻ വന്നു. ഞാൻ തൊറപ്പ എടുത്തില്ലെന്നേ ഉള്ളു. എന്നിട്ടു് അവനെന്റെ അടുത്തു് കേക്കണ. 'നിങ്കടെ ശാതിയിലെ തമയനും തമ്പിയും ഒരേ അച്ചിയെ ഇരുത്തറുതുണ്ടോ?'. പിന്നെ എന്നാ എന്നു്. വലിയ ഒരങ്ങത്തെപ്പോലെ. എന്തരു പറയും അതിനൊക്കെ? എരുമച്ചവംതന്നെ ഞാനും; എന്റെ നാക്കിനു് വായി കെടക്കാമായിരുന്നു. അതില്ലാതെ സാമി വന്നപ്പം ഞാൻ എല്ലാം ചൊല്ലിക്കൊടുത്തു. (ആനന്ദം കരഞ്ഞുതുടങ്ങി.) 'അദെല്ലാം എങ്കിട്ടേ ശൊല്ലവാനേ' എന്നു പറഞ്ഞോണ്ടു് എന്നെ കേറി കൊല്ലാൻ നിന്നു് കൊച്ചമ്മാ സാമി. പിന്നേ കൊച്ചമ്മാ, (ചിരിച്ചുകൊണ്ടു്) ഈ അങ്ങൊള്ള ജാതികള്, അയ്യേ!... സാമി തന്നെ പറഞ്ഞു, നമ്മളിലും കേടാണു്. സാമി പറഞ്ഞ കഥകള് കേട്ടു് എന്റെ തൊലിതന്നെ വഴിഞ്ഞെറങ്ങിപ്പോയി. പറഞ്ഞുകൊണ്ടുവച്ചതു് ഞാൻ ആ പിഴക്കച്ചവത്തിന്റെ അച്ചികൂടി ആകണമെന്നാണു്. (ദേഷ്യത്തോടുകൂടി) കൊല്ലട്ടെ; കൊന്നാലും എനിക്കു് വയ്യ. വലിയങ്ങത്തേക്കു് പക്ഷം തന്നെ. അദ്യത്തിന്റെ അമ്മേടെ പൊന്നും വെള്ളിയുമെല്ലാം കൊടുത്തു; ശരി തന്നെ. ആരുതന്നെ എന്തുതന്നെ ആയാലും, വേണമെങ്കിൽ ചെരട്ട കൈയിലെടുത്തോളാം. അല്ലേ... കൊച്ചമ്മേടെ മൊഖത്തുതന്നെ ഞാനെങ്ങനെ നോക്കും പിന്നെ?..."

സുഭദ്രയുടെ നീരസവാക്കുകൾ കേട്ടു് മനസ്സിളകിയ ആനന്ദം, തന്റെ ഭർത്താവു് കാർത്ത്യായനിയമ്മയോടു് തുടങ്ങിയതുപോലെ, വാഗ്വർഷം തുടങ്ങിയപ്പോൾ, യന്ത്രത്തെ തിരിച്ചുവച്ചിട്ടു് അതിന്റെ പ്രവൃത്തികളെ നോക്കി

നിൽക്കുന്ന യന്ത്രനേതാവിനെപ്പോലെ സുഭദ്ര തടസ്സഹേതുക്കളായ സകല ക്രിയകളേയും അടക്കിക്കൊണ്ടിരുന്നു. എന്നാൽ ആനന്ദത്തോട്ട് പാരദേശികൻ ചെയ്ത അപേക്ഷയേയും തത്സംബന്ധമായി ആ സ്ത്രീ തന്റെ ഭർത്താവിനോട്ട് സങ്കടം ബോധിപ്പിച്ചതിൽ ഉണ്ടായ തീരുമാനത്തേയും കുറിച്ചുള്ള വിവരങ്ങൾ കേട്ടപ്പോൾ സുഭദ്ര ‘ഒന്ന്’’ എന്ന് മനസ്സുകൊണ്ട് എണ്ണിയതു് കൂടാതെ ‘പട്ടർക്ക് കോടാങ്കിയെ എന്തു സംഗതിവശാലോ പേടിയുണ്ട്’’ എന്ന് നിശ്ചയിക്കയും ചെയ്തു. പിന്നീട് ആഭരണത്തെക്കുറിച്ചുള്ള ഭാഗമായപ്പോൾ സുഭദ്ര ‘രണ്ട്’’ എന്നു മുമ്പിലെത്തെപ്പോലെ കണക്ക് വയ്ക്കയും ‘ഇതാ എനിക്കു വിഷം കൊണ്ടുവന്നവൾ തങ്കത്തിന് അമൃതു് വിളമ്പുന്നു. ഇനി ഇവളോട്ട് ശണ്ഠ പാടില്ല. ആഭരണത്തിന്റെ കഥ ഇവൾ അബദ്ധത്തിൽ അറിഞ്ഞിട്ടുള്ളതും ഇപ്പോൾ ക്ഷണിച്ചു പോയതും ആണ്. പക്ഷേ പുറത്തു് പറയരുതെന്ന് സത്യം ചെയ്യിച്ചിരിക്കും. അതുകൊണ്ട് എനിക്കറിവാൻ ആഗ്രഹമുണ്ടെന്ന് ഇവൾക്ക് സംശയംപോലും ഉദിച്ചുകൂടാ’ എന്ന് നിശ്ചയിക്കയും ചെയ്തു. അതിനാൽ, ശിശുക്കളേയും മൃഗങ്ങളേയും പരിലാളനം ചെയ്യുന്നവർ അവരുടെ സന്തോഷാതിക്രമത്തിൽ നിന്ന് ഉളവാകുന്ന ഉന്മേഷപ്രവൃത്തികൾകൊണ്ട്, സ്വാധീനരായിരുന്നവരെ ഭയപ്പെടുത്തി അസ്വാധീനരാക്കിത്തീർക്കുന്നതു് പോലെ സംഭവിക്കരുതെന്ന് കരുതി കേട്ടതിനെ എല്ലാം നിസ്സാരമാക്കി ചിരിച്ചുകൊണ്ട് സുഭദ്ര ഇങ്ങനെ ചോദിച്ചു. ‘നിന്റെ സ്വാമിയിയും അയാളും ഇഷ്ടമായിരിക്കുന്ന സ്ഥിതിക്ക്, നീ കുറച്ചു മുമ്പിൽ എന്നോട്ട് ഉപദേശിച്ചപോലെ, നമുക്ക് വേണ്ടതാ

യുള്ള ആളുകളുടെ വിരോധം സമ്പാദിക്കാതിരിക്ക അല്ലയോ നന്ന്?'

ആനന്തം: (ഉത്തരം മുട്ടുകയാൽ) "പിന്നേ… കൊച്ചമ്മാ, അവരെ ചങ്ങാത്തമെല്ലാം വെളിക്കേ ഒള്ളു. ചെലപ്പം കേറി രണ്ടുപേരും തമ്മിൽ അടിക്കാനും, വെട്ടാനും, കുത്താനും നിക്കും. എന്നാൽ സാമിക്ക് ഒരു കൊണമുണ്ട്. മുട്ടുവിക്കുടുമ്പം എണങ്ങിക്കൊള്ളും."

സുഭദ്ര: (ആത്മഗതം) "എന്റെ അഭിപ്രായം സ്ഥിരപ്പെട്ടു." (പ്രകാശം) "നിന്റെ സ്വാമി വളരെ ഒതുങ്ങുന്ന കൂട്ടത്തിലാണ്." (പിന്നെയും ആത്മഗതം) "സ്ത്രീസ്വരം, അതിവിനീതി, കപടവൈദികത്വം ഇങ്ങനെയുള്ള ലക്ഷണങ്ങളോടുകൂടിയ പുരുഷന്മാരെ മൂർഖപ്പാമ്പിലും അധികം ഭയപ്പെടണം. സുന്ദരത്തിന് ഒടുവിലത്തെ രണ്ടു ലക്ഷണവും തികഞ്ഞിട്ടുണ്ട്. ആദ്യത്തേതു കൂടിയുണ്ടായിരുന്നെങ്കിൽ ഭൂമി താങ്ങുകയില്ല. നാരായണ! ഇങ്ങനെയുള്ള മനുഷ്യർ അങ്ങറിയാതെ ഇങ്ങ് പോന്നതാണോ?" (പ്രകാശം) "ആ… എന്തോ ഞാൻ ചോദിക്കാൻ ഭാവിച്ചു. എത്ര വേഗം മറന്നു പോയി! കഷ്ടം! എന്താണ് ആനന്തം? ഛേ!"

ആനന്തം: "അരുമ്പാവിത്തമ്പുരാൻ കൊലചെയ്തതോ?"

സുഭദ്ര: "അതല്ല."

ആനന്തം: "എന്റെ അടുത്ത് ലയാള് കൊഴഞ്ഞതോ?"

സുഭദ്ര: "അതുമല്ല, വേറേ എന്തോ ആണ്. സാരമില്ല. പോട്ടെ."

ആനന്തം: "സാമീടെ കാര്യം വല്ലതുമോ?"

സുഭദ്ര: "അതൊന്നുമല്ല. നമ്മുടെ തമ്പി അദ്ദേഹത്തെക്കുറിച്ച് എന്തോ ആണ്."

ആനന്തം: "ആ! ശരി ശരി ഒള്ളതുതന്നെ. ഞാനും ചെവിത്തകെട്ട ചവം തന്നെ. (സുഭദ്രയുടെ ആത്മഗതം: 'ഞാൻ എന്ന് മാത്രം മതി') അങ്ങത്തേക്ക് പട്ടംകെട്ടാൻ പോണതല്ലയോ?"

സുഭദ്ര: 'ഇത്രവേഗം പറഞ്ഞതെല്ലാം നീയും മറന്നോ? പോട്ടെ, എനിക്ക് കേൾക്കണ്ട. നീ ഒടുവിൽ എന്തോ പറഞ്ഞു ... ആഭരണം ...'

ആനന്തം: "അതോ? ... ആ പാണ്ടിമൂതേവിക്ക് ചത്തുപോയ അമ്മച്ചീടെ ഉരുപ്പടി എല്ലാം അങ്ങുന്നെടുത്ത് കൊടുത്തു കളഞ്ഞു. അതാണ്. അമ്മച്ചിക്ക് വലിയ തമ്പുരാൻ കൽപ്പിച്ചുകൊടുത്ത താലിയും മാലയും എല്ലാം."

സുഭദ്ര: "ഇത്രേ ഉള്ളോ? അദ്ദേഹത്തിന് ഭ്രാന്തായിരിക്കും."

ആനന്തം: "പിന്നെ അല്ലാതെ?"

സുഭദ്ര: "ഞാൻ ഇന്നലെ കണ്ടപ്പഴം അദ്ദേഹത്തിന് പിച്ചു പിടിച്ചിരിക്കുന്നത് പോലെ തോന്നി."

ആനന്തം: "അതൊള്ളതായിരിക്കും. ഇതെന്തര് കുഞ്ഞേന്നേ? ഒരു വലിയ മാറാപ്പ് നിറച്ച് പൊന്നും വെള്ളിയും ഒണ്ട്."

സുഭദ്ര: "ഇതെന്തു കൊടുത്തു? മനസ്സിന് സുഖക്കേട് തുടങ്ങിയതിൽപ്പിന്നെയാണോ?"

ആനന്തം: "കൊടുത്തതു് നാലാന്നാൾ രാത്രിയാണ്."

അന്ധകാരംകൊണ്ടു് വഴി കാണ്മാൻ പാടില്ലാത്ത പാറക്കൂട്ടങ്ങളുടെ ഇടയിൽ അകപ്പെട്ടു ചുറ്റുന്ന കപ്പലിന്റെ അമരക്കാരനു തന്റെ കൈയിൽ ആദിത്യനെ കിട്ടിയാൽ എത്ര സന്തോഷമുണ്ടാകുമോ അതിലും അധികമായ സന്തോഷം ഈ വാക്കുകൾ കേട്ടപ്പോൾ സുഭദ്രയ്ക്കുണ്ടായി. 'ചെമ്പകശ്ശേരിയിൽനിന്നു് ആഭരണങ്ങളെ മോഷ്ടിച്ചതു് സുന്ദരയ്യനാണ്. ഇനി കാശിവാസി ആരെന്നു് സംശയിക്കാൻ സംഗതിയില്ല. കാശിവാസി എന്നൊരാളും അകത്തു് കടന്നിട്ടുണ്ടു്. തമ്പി അദ്ദേഹം അയാളെക്കണ്ടു. തങ്കവും കണ്ടു. തമ്പി അദ്ദേഹത്തെപ്പോലെതന്നെ തങ്കവും വിചാരിച്ചു. പ്രേതത്തെ കാണുന്നെന്നുള്ള വിചാരത്തോടുകൂടി സകല നാഡികളും ക്ഷയിച്ചു. ഇങ്ങനെയാണ് രോഗം വന്നിട്ടുള്ളതു്. തങ്കത്തിനു് ബോധക്കേടു് തുടങ്ങിയതിൽപ്പിന്നെ സുന്ദരയ്യൻ അകത്തു കടന്നു. ഇനി ഒന്നേ സംശയമൊള്ളൂ. അല്ല, രണ്ടു് സംശയമുണ്ടു്. ജാതിഭ്രഷ്ട് വന്നിട്ടുണ്ടോ എന്നും, ദ്വിഭാഷി ആരു്, കാശിവാസി ആരു് എന്നും. അതു് നാളത്തേക്കു് എന്നിങ്ങനെ ആലോചിച്ചു് നിശ്ചയിച്ചുകൊണ്ടു് സുഭദ്ര പറയുന്നു: "തമ്പി അദ്ദേഹത്തിന്റെ സ്ഥിതി വിചാരിച്ചു് ഇരുന്നുപോയി. ആനന്തം എങ്ങനെ അറിഞ്ഞു?"

ആനന്തം: (പരിഭ്രമത്തോടുകൂടി) "ഞാനോ കൊച്ചമ്മാ? പിന്നെ... എന്റെ പൊന്നു് കൊച്ചമ്മാ, ഇതിൽ ഒരക്ഷരം വെളിയി മിണ്ടിപ്പോവരുതു്. വലിയ തമ്പുരാനറിഞ്ഞാലക്കൊണ്ടു് തല വീശി, പട്ടിച്ചൂടും വച്ചു്, ആറാം വ

ഴി കടത്തിക്കളയും പോലും! നാടുനീങ്ങിയാല്, പറ ഞ്ഞാലും വേണ്ടില്ലെന്ന് സാമിതന്നെ പറഞ്ഞു."

സുഭദ്ര: "അത്ര സ്വകാര്യമാണെങ്കിൽ എനിക്ക് കേൾക്ക ണ്ട. തമ്പി അദ്ദേഹത്തിനോടുതന്നെ ചോദിച്ച് എല്ലാം അറിയാൻ പ്രയാസമില്ല."

ആനന്തം: "അയ്യോ! കൊച്ചമ്മേ, മിണ്ടരുതേ. സാമി എ ന്നെ കൊല്ലും. ഞാൻ ആ മഴയത്ത് പേടിച്ച് ഒറങ്ങാതെ കെടക്കുമ്പം അവൻ കള്ളനെപ്പോലെ കൊട്ടിയമ്പലവും ചാടിക്കൊണ്ട് കേറിവന്നു. ഞാൻ കണ്ടുംപോയി. അ തെനിക്കിപ്പം ഏഴരാണ്ടനും ആയി."

സുഭദ്ര: "ഹേയി! ഞാൻ ചോദിക്കാനും മറ്റും പോകുന്നില്ല. എന്ന് നീ പേടിക്കേണ്ട. വേണമെങ്കിൽ ചോദിച്ചാൽ അ ദ്ദേഹംതന്നെ പറയുമെന്ന് പറഞ്ഞതാണ്. പിന്നെ അ യാൾക്ക് ഇതെല്ലാം വെറുതെ കൊടുത്തതാണോ?"

ആനന്തം: "അല്ല. പെരശനം വെച്ചോ ഉച്ചിനാകാളി സേ വകൊണ്ടോ വരാമ്പോണ ഫലം പറഞ്ഞതിന് എനാം കൊടുത്തതാണ്. സാമി പകലേ വന്ന് പറഞ്ഞേച്ചുപോ യി. അയാളു രാത്രിയും പോയി ഒണ്ട്, എല്ലാം കെട്ടിച്ചൊ മന്ന് കൊണ്ടരുണ! കള്ളപ്പൂച്ച് പറഞ്ഞോണ്ട് നടന്നാ ലും കാലം കഴിയുമേ'.

സുഭദ്ര: "സുന്ദരൻ അന്നു രാത്രി അവിടെ വന്നോ?'

ആനന്തം: "ഇല്ല. പകലേ വന്നേച്ചുപോയതിപ്പിന്നെ പിറ്റാ ന്തെയ്യ്ത്തി ഇരുട്ടി വെളക്ക് വച്ചപ്പോഴോ മറ്റോ വന്നു."

സുഭദ്ര: "ആനന്തം, രാത്രി അകാലമായി."

ആനന്തം: “അയ്യോ, ഒള്ളതുതന്നെ.”

സുഭദ്ര: “നാളെ ഇങ്ങോട്ടു വാ. സുന്ദരയ്യൻ ദേഷ്യപ്പെട്ടാൽ ഞാൻ പറഞ്ഞു സമാധാനപ്പെടുത്തിക്കൊള്ളാം ... എടാ, (ഒരു വാല്യക്കാരൻ വന്നവനോട്) ആനന്തത്തിനെ വീട്ടിൽക്കൊണ്ട് ആക്കീട്ടു വാ.”

ആനന്തം: “കൊച്ചമ്മേ ഒളിച്ച് എനിക്ക് ഒരു കാര്യവുമില്ല. അതുകൊണ്ട് ...”

സുഭദ്ര: “പോ നിനക്കു പേടിക്കാൻ ഒന്നുമില്ല. ഞാനില്ലയോ?”

ആനന്തം: “മതി.”

ആനന്തം യാത്രയായതിന്റെശേഷം സുഭദ്ര അവൾ കൊണ്ടുചെന്നു കൊടുത്ത പുഷ്പമാല്യം എടുത്ത് പുറത്തെറിഞ്ഞു. പലഹാരത്തിൽ ഒരു കഷണം എടുത്തു ദീപത്തിന്റെ മുകളിൽ പിടിച്ചു. ജലസംബന്ധംകൂടി ഉണ്ടായിരുന്നതിനാൽ അഗ്നിസ്ഫുലിംഗങ്ങളെ കുറച്ചുനേരം പുറപ്പെടുവിച്ചിട്ട് മനോഹരമായുള്ള നീലച്ചന്ദ്രികപോലെ പലഹാരം കത്തിത്തുടങ്ങി. ഇതു കണ്ട് സുഭദ്ര വളരെ ആശ്ചര്യപ്പെട്ടു. “ദ്വിഭാഷി പറഞ്ഞത് കളിയും കൃത്രിമവും അല്ല. തങ്കത്തിനെക്കുറിച്ച് സ്നേഹമുള്ള ആളാണെന്നുള്ളതിന് സംശയമില്ല. സുന്ദരയ്യന്റെ സ്ഥിതികളും നന്നായറിഞ്ഞിട്ടുണ്ട്. സംഗതികൾ എല്ലാം ചേർത്ത് ആലോചിക്കുമ്പോൾ മറ്റാരുമായി വരാൻ ഇടയില്ല. അതിനെക്കുറിച്ചുള്ള തിരക്കും നാളെ പൂർത്തിയാക്കിയേക്കാം. ഒന്ന് മറന്നുപോയി. ആരാണ് ഇതിനകത്ത് കടന്നിരുന്നത്? പത്മനാഭാ!” എന്നിങ്ങനെയുള്ള വിചാരങ്ങളോടും അനന്ത

രം പ്രാർത്ഥനാരംഭത്തോടും ദീർഘനിശ്വാസങ്ങളോടും കണ്ണുനീരോടും മഹാധൈര്യവതിയായ ആ സ്ത്രീ പടിഞ്ഞാറ് മുഖമായി നിന്ന് കൈകൂപ്പി കണ്ണടച്ച് ധ്യാനത്തോടുകൂടി കുറച്ചുനേരം നിന്നു. ഈ സ്ഥിതിയിൽനിന്ന് "എന്താണ് ചെമ്പകം, തപസ്സിനോ മറ്റോ ഭാവമുണ്ടോ?" എന്നുള്ള രാമനാമഠത്തിന്റെ ചോദ്യത്തിനാൽ സുഭദ്ര ഉണർത്തപ്പെട്ടു.

സുഭദ്ര നേത്രങ്ങളെ ക്ഷണത്തിൽ തുടച്ച് കുറച്ച് വിഷമിച്ച് പുഞ്ചിരിതൂകിക്കൊണ്ട്, "നിങ്ങളെല്ലാം നന്നായിരിക്കട്ടെ എന്നു പ്രാർത്ഥിക്കയാണ്" എന്നു മേല്പറഞ്ഞ ചോദ്യത്തിന് ഉത്തരം പറഞ്ഞു.

രാമനാമഠം: "നിന്റെ പ്രാർത്ഥന ഫലിച്ചു. നമ്മെ വലിയ സർവ്വാധി ആക്കാമെന്ന് അങ്ങുന്ന് സത്യം ചെയ്തു. ഇനി നിനക്ക് സന്തോഷിക്കരുതോ, കള്ളത്തങ്കക്കരിങ്കല്ലേ?"

സുഭദ്ര: "ഇന്നെന്തെല്ലാം നടന്നു?"

രാമനാമഠം: "പറയൂല്ല, പറയൂല്ല. നിന്റെ അടുത്ത് ഒന്നും പറയരുതെന്ന് അങ്ങുന്ന് ഉത്തരവായിട്ടുണ്ട്. പോ, ഒന്നും ചോദിക്കരുത്. കണിശമാണ്."

സുഭദ്ര: "ഓഹോ! ഇപ്പറയുന്നത് കളിയല്ലേ, കാര്യംതന്നെ ആണോ?"

രാമനാമഠം: "ചെമ്പകം കലമ്പിപ്പോയി! ഏഹേ! നമുക്ക് സർവ്വാധിയും വേണ്ട, കുന്തവും വേണ്ട. പിടിച്ചോ വർത്തമാനം."

സുഭദ്ര: “ഇന്നു് ഇളകിമറിഞ്ഞിരിക്കുന്നു. തമ്പി അദ്ദേഹത്തിന്റെ കാറ്റു് തട്ടീട്ടുതന്നെയോ?”

ഇങ്ങനെ തുടങ്ങിയ സംഭാഷണത്തെ സുഭദ്ര ഗ്രഹിക്കാനുള്ള സംഗതി ഗ്രഹിച്ച ഉടനെ നിറുത്തി, രാമനാമഠത്തിനെ ഉറങ്ങാൻ അയച്ചു. രാമനാമഠം ഉത്സാഹമദംകൊണ്ടു് അവിടെ താമസിക്കാതെ പിന്നെയും സുന്ദരയ്യനെ കാണാനായി തമ്പിയുടെ നാലുകെട്ടിലേക്കു് തിരിച്ചു. സുഭദ്രയും നിദ്രയ്ക്കാരംഭിക്കാതെ, രാമനാമഠം പോയ ഉടനെ ഇങ്ങനെ ആലോചിച്ചു: “ഈ ആഭാസനോടും മറ്റും എന്റെ നില വിട്ടു് ഞാൻ കളിച്ചിട്ടുള്ളതു് ആ തമ്പിയേയും പട്ടരേയും തരം കണ്ടു് വഴിപോലെ പഠിപ്പിക്കാനാണു്. ഇപ്പോൾ ഇതാ, അവർ എനിക്കു് എത്താത്ത സ്ഥിതിയിലാവാൻപോകുന്നു. ഇപ്പോൾ അവർ ആലോചിക്കുന്നതു് ഒരു നീതിമാനായ പുരുഷകേസരിയെ വ്യാജത്താൽ കൊല്ലാനാണു്. ഇതുവരെ പലപ്പോഴും തരംവന്നിട്ടും സ്ത്രീകൾക്കു് അടുത്തതല്ലല്ലോ ഈ കലശലുകളിലും മറ്റും ഉൾപ്പെടുന്നതു് എന്നു വിചാരിച്ചും, മറ്റോരോ സംഗതിവശാലും ഞാൻ അടങ്ങിപ്പാർത്തു. ഇനി ഈ പെണ്ണു് അടങ്ങുന്നതല്ല. ദുഷ്ടക്കൂട്ടത്തിനെ ജയിക്കാൻ സമ്മതിക്കയോ? ഒരു കാലം, ഈ സുഭദ്രയാൽ തടുക്കാൻ കഴിയുമെങ്കിൽ, നടക്കുന്നതല്ല. അമ്മാവനറിഞ്ഞാൽ …? അറിയട്ടെ. ചോദിക്കുമ്പോൾ ഉത്തരം തോന്നും.” ഈ നിശ്ചയങ്ങളോടുകൂടി വേഗത്തിൽ ഒരു ഓല എടുത്തു നറുക്കി ചെറിയ ചീട്ടാക്കി ഇങ്ങനെ എഴുതി:

ശ്രീ

തിരുമനസ്സറിയിക്കാൻ: വേലുക്കുറുപ്പ് കുടുപൊട്ടിച്ചു. അയാളും ചുള്ളിയിൽ പിള്ളയും വേട്ടയ്ക്കിറങ്ങീട്ടുണ്ട്. മുടിചൂടാനുള്ള തലകൾ മോടില്ലാത്ത സ്ഥലങ്ങളിൽ കാണരുത്. ഉണർന്നിരുന്നും തല സൂക്ഷിക്കണം.

ശുഭം.

ഈ എഴുത്ത് തയ്യാറാക്കിക്കൊണ്ട് പടിഞ്ഞാറേ വശത്തിറങ്ങി പറമ്പിൽക്കൂടി കുറച്ചുദൂരം പടിഞ്ഞാറോട്ട് നടന്ന്, വാഴക്കൂട്ടങ്ങളും കൈയാലകളും കടന്ന്, ചെറുതായ ഒരു ഭവനത്തിന്റെ മുറ്റത്ത് ചെന്നുനിന്ന്, "ശങ്കരാ" എന്ന് വിളിച്ചു. ഈ വിളി കേട്ട്, ഇക്കാലത്തെ നായന്മാർ നാലു കൂടിയാൽ ഏകദേശം ഉള്ള അളവ് ശരിയായിട്ടുന്നതായ ശരീരങ്ങളുള്ളവരായി രണ്ട് പേർ പുറത്തിറങ്ങി വന്നു. "നീ പോയി അഞ്ചെട്ടു പേർ നമ്മുടെ ആളുകളിൽ നല്ല വിശ്വസ്തന്മാരായുള്ളവരെ വിളിച്ചുകൊണ്ടുവാ." (പാവയെപ്പോലെ മിണ്ടാതെ ആജ്ഞ കേട്ടയുടനേതന്നെ ഒരുവൻ നടകൊണ്ടു. ശേഷിച്ചവനോട്) "ശങ്കരാ, ആയുധങ്ങൾ എടുത്തുകൊള്ളണം. ഇതാ, ഈ ഓല കൈയിൽ വാങ്ങിക്ക്. ഇവിടുന്ന് ഓടിയാൽ തെക്കേക്കോയിക്കൽ എളയതമ്പുരാന്റെ തിരുമുമ്പിൽ പോയി നിൽക്കണം. പള്ളിയുറക്കമാണെങ്കിൽ ലഹളയുണ്ടാക്കണം. അപ്പോൾ ഉണർന്ന് പുറത്ത് വരും. ഈ ഓലയെ തൃക്കയ്യിൽ കൊടുക്കണം. ചോദ്യങ്ങൾ ഉണ്ടായാൽ നിനക്ക് നാക്കില്ല, കാതില്ല, ബുദ്ധിയില്ല. മനസ്സിലായോ? എങ്ങനേയും ഇതിനെ തൃക്കയ്യിൽ എത്തിക്കണം. ശേഷം നിന്റെ യുക്തിപോലെ. ഓട്. "ഇപ്രകാരമുള്ള ആജ്ഞകൾ കൊടുത്തിട്ട് സുഭദ്ര ആ ഭവനത്തിന്റെ തളത്തിൽ കയറി ഇരുന്നു. ശങ്കരൻ എന്നു പേർ പ

റയപ്പെട്ടവൻ തന്റെ വാളും കൈയിലാക്കി രാമശരംപോലെ പാഞ്ഞു. ഏകദേശം ഒരു നാഴിക കഴിഞ്ഞപ്പോൾ ശങ്കരന്റെ കൂട്ടുകാരൻ പത്തുപന്ത്രണ്ടു നായന്മാരുമായി തിരിയെ വന്നു. സുഭദ്രയെക്കണ്ടു് എല്ലാവരും ആദരവോടുകൂടി ഒതുങ്ങി നിന്നു.

സുഭദ്ര: "നിങ്ങൾ ഒന്നും സംശയിക്കേണ്ട. ചോദ്യം വന്നാൽ ഞാൻ ഉത്തരം പറഞ്ഞുകൊള്ളാം. രണ്ടുപേരു് നീങ്ങിനിൽക്കിൻ." (രണ്ടു പേർ അപ്രകാരം ചെയ്തു) "ശേഷം പേർ കാലക്കുട്ടിയുടെ വീട്ടിൽ ചെന്നു് കാണുന്ന പെട്ടി, പാത്രം, ഉപ്പുചിരട്ട അറുതി സകലതും എടുത്തുകൊണ്ടു് പോരണം. ഒരു വസ്തു ഇട്ടേക്കരുതു്. അവിടെ ഒരു പാണ്ടിക്കാറനുണ്ടു്."

എല്ലാവരും: "കണ്ടിട്ടുണ്ടു്. സാരമില്ല."

സുഭദ്ര: "എന്നു വിചാരിക്കേണ്ട. അവനെ കെട്ടുന്ന കെട്ടു് നാളെ വല്ലോരും ശ്രമിച്ചാലും രണ്ടു് നാഴിക മുഷിഞ്ഞാലെ അഴിക്കാവൂ."

ഒരാൾ: "കാലകണ്ഠൻ ഇറുക്കിട്ടേക്കാം."

സുഭദ്ര: "കൊള്ളാം. പെണ്ണുങ്ങളെ വേദനപ്പെടുത്തരുതു്. എല്ലാം എടുക്കുന്നതിനിടയിൽ നിങ്ങൾ തമ്മിൽ ചില തർക്കങ്ങൾ ഉണ്ടാക്കണം. ചിലർ തമ്പി അങ്ങത്തെ ഉത്തരവിങ്ങനെയാണെന്നും, മറ്റുചിലർ സ്വാമി ഇങ്ങനെ ഉത്തരവായി എന്നും മറ്റും ശണ്ഠ കൂട്ടണം."

എല്ലാവരും: "മനസ്സിലായി."

സുഭദ്ര: "എന്തു കേട്ടാലും ഒരക്ഷരം പുറത്തു് വരരുതു്."

എല്ലാവരും: "ഈ ജന്മത്തോ?"

സുഭദ്ര: "പാണ്ടിക്കാറൻ പറയുന്ന വാക്കുകൾ സൂക്ഷിച്ച് കേട്ട് കൊള്ളണം."

രണ്ടുപേർ ഒഴികെ ശേഷമുള്ളവർ സുഭദ്രയുടെ ശാസനം നിറവേറ്റുന്നതിനായി നടകൊണ്ടു. പ്രത്യേകം തിരിച്ച് നിറുത്തിയ രണ്ടുപേരിൽ ഒരുവനോടു സുഭദ്ര ഇങ്ങനെ ആജ്ഞാപിച്ചു: "ആരെടാ അത്? പപ്പുവോ? നീ മിടുക്കനാണ്. നിനക്ക് കരയാനറിയാമോ?"

പപ്പു: "ഓഹോ ... നാ മോങ്ങുമ്പോലെ വേണമെങ്കിൽ മോങ്ങാം."

സുഭദ്ര: "അതിസമർത്ഥൻ! നാളെ ഉദിക്കുമ്പോൾ നീ വലിയതമ്പി അദ്ദേഹത്തിന്റെ നാലുകെട്ടിൽ എത്തി ഞാൻ മരിച്ചുപോയെന്ന് പറയണം. എന്തുകൊണ്ടാണെന്നും മറ്റും ചോദിച്ചാൽ കരകയല്ലാതെ ഒന്നും പറയരുത്."

പപ്പു: (ഉത്സാഹത്തോടുകൂടി) "ഒന്നാന്തരമായി പറ്റിച്ചേക്കാം. നല്ല നേരിയത് തോളിലിടാൻ ഒന്ന്..."

സുഭദ്ര: "നാലു തരാം. വർത്തമാനം കേട്ടാൽ ഓരോരുത്തരും എത് ഭാവം കാണിക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളണം."

പപ്പു: "തപ്പാതെ കരഞ്ഞു് അവിടമൊക്കെ കൊളമാക്കിക്കളയുല്ലയോ?"

ശേഷിച്ച ഒരാളുള്ളവനോട് പഠാണിപ്പാളയത്തിൽപ്പോയി അന്വേഷിക്കേണ്ട സംഗതികളെക്കുറിച്ച് വിശദമായ

ശാസനകൾ കൊടുത്തിട്ട് സുഭദ്ര ഒന്ന് നെടുവീർപ്പിട്ടു. "സുന്ദരയ്യനും 'അങ്ങുന്ന്' നാളെ കാഞ്ഞവെള്ളത്തിൽ" എന്നിങ്ങനെ സുഭദ്ര വിചാരിച്ചു എങ്കിലും, ദൈവം അന്യഥാ വിധിച്ചു എന്ന് ശേഷം കഥയാൽ അറിയാവുന്നതാണ്. ചെമ്പകശ്ശേരി വക ആഭരണങ്ങളെ കടത്തിക്കളയുന്നതിന് മുമ്പിൽ അതുകൾ കരസ്ഥമാക്കിക്കൊള്ളുന്നതിനും, സുന്ദരയ്യനും പാണ്ടിക്കാരനും തമ്മിൽ ഭിന്നമാകുന്നതിനും ചെയ്ത ഏർപ്പാടുപോലും, തത്ക്കാലത്തേക്ക് സുഭദ്രയുടെ വൈരികൾക്ക് അനുകൂലമായി കലാശിച്ചു.

# 20

> "വ്യഥയുമവനകതളിരിലില്ലയെന്നാകിലും
> ബദ്ധനെന്നുള്ള ഭാവം കളഞ്ഞീലവൻ;
> നിശിചരരെടുത്തു കൊണ്ടാർത്തുപോകും വിധൗ
> നിശ്ചലനായ്ക്കിടന്നാൻ കാര്യഗൗരവാൽ."

ഇതിനിടയിൽ ചെമ്പകശ്ശേരി ഗൃഹത്തിൽ ചെന്ന് ഗൂഢമായി വേണ്ട അന്വേഷണങ്ങളും കഴിച്ച്, കൊട്ടാരത്തിൽ എത്തി മലിനവസ്ത്രങ്ങളെയും മാറ്റി, യുവരാജാവ് മഹാരാജാവിന്റെ ആലസ്യസ്ഥിതിയെക്കുറിച്ച് ആരാഞ്ഞിരിക്കുന്നു. മഹാരാജാവിന്റെ രോഗത്തിന് നാട്ടുചികിത്സകന്മാരുടെ പരിശ്രമങ്ങളാൽ ശമനം വരുന്നില്ലെന്നറിഞ്ഞ്, പരീക്ഷാർത്ഥമായി നിബിയാൽത്തന്നെ ഉണ്ടാക്കപ്പെട്ടതെന്നു പറഞ്ഞുകൊണ്ട് ഒരു സിന്ദൂരത്തെ ഹാക്കിം കൊടുത്തയച്ചു. അതു സേവിച്ചപ്പോൾ മുതൽ മഹാരാജാവ് സുഖമായി നിദ്ര ചെയ്തു തുടങ്ങി. യുവരാജാവ് മാതുലനെക്കണ്ട സമയം, മേല്പറഞ്ഞ ഔഷധത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് നാട്ടുവൈദ്യന്മാർ വളരെ പ്രസംഗിക്കയാൽ യുവരാജാവിന് അപാരമായ സന്തോഷമുണ്ടായി എന്ന് മാത്രമല്ല, ഹാക്കിമിന്റെ പടുത്വത്തെക്കുറിച്ച് അദ്ദേഹം ഒട്ടേറെ പ്രസംഗിക്കയും ചെയ്തു. മഹാരാജാവിന്റെ സന്നിധിയിൽ നി

ന്ന് പരമേശ്വരൻ പിള്ളയോടുകൂടി തന്റെ കൊട്ടാരത്തിലേക്ക് പോകുംവഴിക്ക് യുവരാജാവ് ഇങ്ങനെ അരുളിച്ചെയ്തു: "മരണലക്ഷണങ്ങൾ ചിലതുണ്ടായിരുന്നത് മാറിക്കാണുന്നു. അതുകൊണ്ട് ഇപ്പോൾ ഭയപ്പെടാനില്ല. ഈ വൈദ്യന്മാർ അസൂയകൂടാതെ ഹാക്കിമിനെ ശ്ലാഘിക്കുന്നതുതന്നെ ഒരു ശുഭലക്ഷണമാണ്."

പരമേശ്വരൻ പിള്ള: "പഠാണികളിൽ കുറഞ്ഞവരാരുമില്ല."

യുവരാജാവ്: "ഒരു രാത്രി അങ്ങോട്ടു പോകണം. ആ കമ്പോളവും കാണാം. വൈദ്യനു നല്ല സമ്മാനവും കൊടുക്കണം. എന്നാൽ ആ കുബേരനെ സന്തോഷിപ്പിക്കാൻ നാം എന്താണ് കൊടുക്കുന്നത്? എന്താ രാമയ്യൻ വരാത്തത്? അയാൾ വല്ലതും അപകടം പ്രവർത്തിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു."

പരമേശ്വരൻ പിള്ള: "ഇന്നലത്തെ ദേഷ്യവും നിശ്ചയവും കല്പിച്ച് ഇത്ര വേഗം മറന്നോ? വെള്ളത്തിലെഴുതിയാലും ഇളക്കമെങ്കിലും കുറച്ചുനേരം ഉണ്ടായിരിക്കും."

യുവരാജാവ്: "മറന്നിട്ടല്ല. ഇരുന്നിട്ടല്ലേ കാൽ നീട്ടേണ്ടത്? അമ്മാവന് നല്ല സുഖമാകട്ടെ. പിന്നീട് നമ്മുടെ ക്രിയകൾ ആരംഭിക്കാം. കഴക്കൂട്ടത്തിന്റെ വീട് അടുത്താണല്ലോ. രാമയ്യനും അകപ്പെട്ടു എന്ന് വരുമോ?"

പരമേശ്വരൻ പിള്ള: "കുട്ടി ആപത്തിൽ ചാടൂല്ല. കഴുകനെപ്പോലെ ചുറ്റിത്തിരിഞ്ഞു തരമുണ്ടെങ്കിൽ റാഞ്ചിക്കൊണ്ട് പോരും."

യുവരാജാവ്: "ചെമ്പകശ്ശേരിയിൽ പോകേണ്ടായിരുന്നു. അതൊരു ദുശ്ശകുനമെന്നപോലെ എന്റെ മനസ്സിനെ വേദനപ്പെടുത്തുന്നു. അനന്തപത്മനാഭന്റെ കഥ ഓർമ്മിക്കയാൽ ഉള്ളിൽ വല്ലാത്തൊരു വ്യാകുലതയുണ്ടായിരിക്കുന്നു. ആ കുട്ടിക്ക് എന്താ രോഗം? വാതമോ?"

പരമേശ്വരൻ പിള്ള: "അടിയൻ, എന്നാണ് കിഴവൻ പറഞ്ഞത്."

യുവരാജാവ്: "ആ അനന്തപത്മനാഭന്റെ കഥയെല്ലാം ഇവളെക്കുറിച്ചായിരുന്നു. കേട്ട് മുഷിഞ്ഞു ഞാൻതന്നെ അവനെ ശകാരിച്ചിട്ടുണ്ട്. അവന്റെ രൂപം കണ്ണിൽനിന്ന് മായുന്നില്ല. അക്കാലത്തെ കഥ വിചാരിക്കുമ്പോൾ... എന്തു ഭയങ്കരം! ആകപ്പാടെ ഇനി എന്തു ചെയ്യുന്നു? അവന്റെ അച്ഛനെ നാം വേണ്ടപോലെ സമാധാനപ്പെടുത്തിയിട്ടുമില്ല. എന്നോളം കൃതഘ്നൻ ഈ ഭൂമിയിൽ ആരുമില്ല. നാണം കൂടാതെ അയാളോടും സഹായം അപേക്ഷിക്കാൻ ഞാൻ ധൈര്യപ്പെടുകയും ചെയ്തല്ലോ."

പരമേശ്വരൻ പിള്ള: "തുടങ്ങി! കൈവിട്ട കാര്യത്തെക്കുറിച്ച് കരഞ്ഞാൽ എന്തുകിട്ടും? പോട്ടെന്നല്ലാതെ..."

യുവരാജാവ്: "എന്നെ വിശ്വസിച്ച് ഏൾപ്പിക്കപ്പെട്ടിരുന്ന ഒരു ഭാരമായിരുന്നല്ലോ അവൻ..."

പരമേശ്വരൻ പിള്ള: "അതിനെന്ത്? വല്ലോരും തിന്നുകളഞ്ഞോ? വരാനുള്ളത് വന്നു. അയാൾ അതിന് മുമ്പിലത്തെ പിറ ചൊവ്വാഴ്ചയാണ് കണ്ടത്. ഞങ്ങൾ ഒന്നിച്ചാണ് കണ്ടത്. അതിന്റെ ഫലം അനുഭവിച്ചു. അത്ര തന്നെ."


യുവരാജാവു്: "നീ ളുണപോലെ എന്റെ മുമ്പിൽ ശേഷിക്കയും ചെയ്യുന്നല്ലോ." (ഹാസ്യമായി) "ശരിയാണ്... നല്ല സമാധാനം! ആട്ടെ, നീ പോയി ഒരു വൈദ്യനെ ഇങ്ങോട്ടു് വിളിക്ക്. ചെമ്പകശ്ശേരിയിലേക്ക് അയയ്ക്കാം."

താൻ ക്ഷണിച്ച അബദ്ധത്തെക്കുറിച്ചു നാണംപൂണ്ടും, യുവരാജാവിനോട്ട് സഹതപിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുത്താനായി നെടുതായി ഒന്ന് നിശ്വസിച്ചുകൊണ്ടും, പരമേശ്വരൻ പിള്ള നടകൊണ്ടു. "കഠിനഹൃദയമേ, നീ ഇപ്പോൾ പശ്ചാത്താപപ്പെട്ടിട്ട് കാര്യമെന്തു്? ഹാ! ലോകാപവാദത്തിനും ഞാൻ ഇടവരുത്തിയിരിക്കാം. പരമേശ്വരൻ എന്റെ വ്യസനം കണ്ടു് ചിരിച്ചുകൊണ്ടാണു പോയിരിക്കുന്നതു്" എന്നിങ്ങനെയുള്ള മനോവിചാരങ്ങളോടുകൂടി സാവധാനത്തിൽ യുവരാജാവു് നടക്കുന്നതിനിടയിൽ, രാമയ്യന്റെ ശ്രമത്തെ സംബന്ധിച്ചും മറ്റും നടന്ന സംഭാഷണം മുഴുവൻ കേട്ടുകൊണ്ടു്, പരമേശ്വരൻ പിള്ളയുടെ ദൃഷ്ടിയിലും പെടാതെ, യുവരാജാവിന്റെ പുറകേ എത്തിയ ഹ്രസ്വകായനായ ഒരുവൻ തന്റെ കൈയിലുണ്ടായിരുന്ന ഖഡ്ഗം ഉയർത്തിത്തുടങ്ങി. ആലോചനയിൽ മുങ്ങി ഇന്ദ്രിയങ്ങൾ മാർഗ്ഗമായുള്ള ജ്ഞാനങ്ങൾക്കു് ജാഗരൂകനല്ലാതെ ആയി നടക്കുന്ന യുവരാജാവു് എന്തു ശുദ്ധനാണ്! കായത്തെ തുലോം ഹ്രസ്വമാക്കി, വാമകരത്താൽ വസ്ത്രത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു്, സാവധാനത്തിൽ അടുത്ത ഖലന്റെ ഖഡ്ഗം ഉയർന്ന് മിന്നി ഇളകുന്നു. അരനിമിഷം കൊണ്ടു് അതിന്റെ കീഴ്പ്പോട്ടുള്ള പതനവും യുവരാജദേഹിയുടെ മേല്പോട്ടുള്ള ഗമനവും കഴിയുമല്ലോ. അദ്ദേഹത്തിന്റെ മനസ്സിനെ അപഹരിച്ചിരിക്കുന്ന പശ്ചാത്താ

പം അദ്ദേഹത്താൽ കൃതമായ വല്ല പാപത്തിന്റെയും ദൈവഗത്യ ഉള്ള തരിച്ചിലായിരിക്കുമോ? അല്ല. എന്തു് കൊണ്ടെന്നാൽ മാർത്താണ്ഡവർമ്മ യുവരാജാവിന്റെ സത്യതത്പരത അറിയുന്ന ജഗന്നിയന്താവിന്റെ കരുണ ഹേതുവാൽ അദ്ദേഹത്തിന്റെ കണ്ഠത്തിനു് നേർക്കു് ഓങ്ങപ്പെട്ട വാൾ ഘാതകനായുള്ളവന്റെ കരസമേതം പുറകോട്ടു് മാറുന്നു. പിറകിൽനിന്നു് ആരോ തന്റെ കരത്തെ പിടിച്ചിരിക്കുന്നു എന്നു് ഘാതകനും ബോദ്ധ്യം വരികയാൽ, തന്റെ ബലം ആസകലം പ്രയോഗിച്ചു് അന്യന്റെ പിടി വിടീക്കുന്നതിനു് ശ്രമിക്കുന്നു. മുന്നോട്ടു് ആഞ്ഞും കുടഞ്ഞും ചവുട്ടിയും പല പ്രകാരേണ തന്റെ കരത്തിനു് സ്വാതന്ത്ര്യക്രിയയ്ക്കു് തരം കിട്ടുന്നതിനു് ഘാതകൻ ശ്രമിച്ചതിൽ, തുല്യബലവാനായ ശത്രുവിന്റെ പിടിയിൽനിന്നു് മോചനമുണ്ടാകുന്നില്ല. തന്റെ സ്ഥിതി അപകടമായിത്തീർന്നിരിക്കുന്നു എന്നു തീർച്ചയായപ്പോൾ, വല അറുത്തുചാടുന്ന സിംഹത്തെപ്പോലെ കുതിച്ചു്, തന്നെത്തടഞ്ഞ ശത്രുവെ വീഴ്ത്തുകയും, അപ്പോൾ മുമ്പിൽ കാണപ്പെട്ട രൂപത്തെ ലക്ഷ്യമാക്കി ഇച്ഛാഭംഗത്താലുണ്ടായ കോപാവേഗത്തോടുകൂടി ഒന്നു് വെട്ടുകയും ചെയ്തിട്ടു് ഘാതകൻ പാഞ്ഞു് അന്ധകാരത്തിൽ മറയുന്നു. രാത്രിയുടെ ശാന്തമായുള്ള നിശ്ശബ്ദാവസ്ഥയ്ക്കു സഹജമായ മാഹാത്മ്യത്തെ വിപാടനം ചെയ്യുന്നതായ ഒരു ദീനപ്രലാപത്തോടുകൂടി, വെട്ടുകൊണ്ടവൻ ദശകണ്ഠന്റെ ചന്ദ്രഹാസത്താൽ പക്ഷശൂന്യനാക്കപ്പെട്ട ഭക്താവതംസനായ ജടായുവിനെപ്പോലെ, നിലത്തു് പതിച്ച് പിടഞ്ഞു തുടങ്ങുന്നു. ഈ കലാപങ്ങൾ കേട്ടു് പിൻതിരിഞ്ഞു്, കഥയൊന്നും മനസ്സിലാകാതെയും, ഇരുട്ടിലും സം

ഗതി അറിയാതെയും, വെട്ടുന്ന വെട്ട് ബന്ധുവിനും പറ്റിയേക്കാമെന്നുള്ള ശങ്കയോടെയും അല്പനേരം സംശയഗ്രസ്ഥനായും ഉദാസീനനായും നിന്ന യുവരാജാവ്, ഒരുവൻ വീണതും മറ്റൊരുവൻ ഓടിയതും കണ്ടപ്പോൾ ഭീരുത്വം കാണിച്ചവനെ പിന്തുടരാതെ, മരണവേദനയോടുകൂടി കൈകാൽ നിലത്തടിച്ചമറുന്നവന്റെ അടുത്തുവെന്ന്, കരുണയോടുകൂടി അവന്റെ തല താങ്ങിക്കൊണ്ട്, 'പരമേശ്വരാ' എന്ന് ഉറക്കെ വിളിച്ചു. അദ്ദേഹത്തിന്റെ പരിവാരങ്ങളിൽ ഒന്നുരണ്ടുപേർ ഈ വിളി കേട്ട് ദീപത്തോടുകൂടി ക്ഷണത്തിൽ അവിടെ എത്തി. ഇവരിൽ ഒരാൾ യുവരാജാവിന്റെ ഭാരത്തെ ഏറ്റ് നിലത്തിരുന്നപ്പോഴേക്ക് അന്യനായ അവന്റെ സംഭ്രമങ്ങൾ നിന്ന്, ദീപപ്രകാശത്താൽ കാണപ്പെട്ട യുവരാജാവിനെ ആചാരാനുസരണമായി വന്ദിക്കുന്നതിന് കൈകൾ ഇളക്കിയതിൽ തളർന്ന്, ഇരുഭാഗത്തും വീണും. 'എഴുത്ത്' എന്നുള്ള മൂന്നക്ഷരങ്ങൾ കഷ്ടിച്ച് കണ്ഠക്ഷോഭത്തോടുകൂടി ഉച്ചരിച്ചതിന്റെശേഷം ഉദ്ദിഷ്ടദിക്കിൽ അല്പം താമസിച്ചെത്തിയ സുഭദ്രയുടെ കിങ്കര പ്രധാനൻ ശങ്കരച്ചാർ തന്റെ പൂർവ്വികന്മാരുടെ ഗതിയെ അനുഗമിച്ച് ഈ ലോകത്തിൽനിന്ന് നിഷ്ക്രാന്തനായി.

ഇപ്രകാരം തന്റെ മുമ്പിൽ വീണുമരിച്ച അന്യന്റെ ദേഹത്തെ യുവരാജാവ് പരിശോധിച്ചതിൽ അയാൾ മരിക്കുന്ന സമയം ഉച്ചരിച്ച വാക്കിന്റെ സാരം സ്പഷ്ടമായി. എന്തെന്നാൽ സുഭദ്രയുടെ എഴുത്ത് അയാളുടെ വസ്ത്രത്തിനിടയിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടായിരുന്നു. ഈ എഴുത്ത് എടുത്തുവായിച്ചതിൽ യുവരാജാവിന് സംഗതി മുഴുവൻ മന



സ്സിലായി. അദ്ദേഹത്തിനെ വിഷമാർഗ്ഗേണ നിഗ്രഹിക്കുന്നതിന് തമ്പി ഉദ്യമിക്കുന്നുണ്ടെന്ന് പഠാണികളിൽ നിന്ന് അന്നുതന്നെ അറിവ് കിട്ടീട്ടുണ്ടായിരുന്നു. അതിനാൽ രാത്രി വഞ്ചിച്ച് തന്നെ കൊല്ലുന്നതിന് വേറൊരു വിധത്തിലും ശ്രമം ചെയ്യുന്നതാണെന്നും, കൊല്ലുവാൻ തുടങ്ങിയവൻ വേലുക്കുറുപ്പ് ആയിരിക്കുമെന്നും, മേലിൽ വളരെ സൂക്ഷിച്ചിരിക്കേണ്ടതാണെന്നും യുവരാജാവ് നിശ്ചയിച്ചു. ഈ അനുമാനങ്ങൾ ശരിയായിരുന്നുവെങ്കിലും പഠാണികൾ വിഷമാർഗ്ഗേണയുള്ള ശ്രമത്തെക്കുറിച്ച് കൊടുത്ത അറിവ് ഹാക്കിമിനുണ്ടായ തെറ്റായ ഊഹത്താലാണെന്നും, വിഷക്രേതാവിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് കാശിവാസിക്കും അബദ്ധമായ ഗ്രാഹ്യം ഉണ്ടായെ

ന്നും, സുഭദ്ര മാത്രം സൂചകത്താൽത്തന്നെ ശരിയായ ഊഹത്തിൽ എത്തി എന്നും വായനക്കാർക്ക് അറിയാവുന്നതാണല്ലോ.

തന്നിൽ ഭക്തിയോടും സ്നേഹത്തോടും ജീവനെ ഉപേക്ഷിച്ചവനെ, ഹൃദയപൂർവ്വമായുള്ള കൃതജ്ഞതയോടും ബഹുമാനവ്യസനങ്ങളോടും നോക്കിയും, തനിക്ക് ഏറ്റവും അടുത്തിരുന്ന മൃതിയിൽനിന്ന് രക്ഷയുണ്ടായതിന് ഭക്തിപൂർവ്വം പത്മനാഭനെ സ്മരിച്ചും, തമ്പിയുടെ കൃത്രിമത്തിന്റെ സൂക്ഷ്മം അറിഞ്ഞു്, തന്നെ ഗ്രഹിപ്പിച്ച ആൾ ആരെന്നും, മരിച്ചവന്റെ ദേഹത്തെ സംസ്കരിപ്പിക്കേണ്ട മാർഗ്ഗം എങ്ങനെ എന്നും ഉള്ള ആലോചനകളോടും യുവരാജാവ് നിൽക്കുന്നതിനിടയിൽ വൈദ്യസമേതനായി പരമേശ്വരൻ പിള്ള തിരിച്ചുചെന്നു. സംഗതികൾ എല്ലാം അറിഞ്ഞപ്പോൾ, താൻ അനുവദിച്ച കാര്യമാണെങ്കിലും ഏകനായി നടന്നതിനെയും, എഴുത്തിലെ താത്പര്യം ഗ്രഹിച്ചതിന്റെ ശേഷവും മാർത്താണ്ഡൻ പിള്ളയുടെ ശരങ്ങൾക്ക് ലക്ഷ്യമാകത്തക്ക സ്ഥിതിയിൽ തുറന്ന ഭൂമിയിൽ നിൽക്കുന്നതിനെയും, ആ രാത്രിയുടെ ആദ്യഭാഗത്തുതന്നെ അയാളുടെ ബാണങ്ങൾക്ക് ഇരയാകാൻ ഭാവിച്ചതിനെയും കുറിച്ച് സ്ഥാനഭേദങ്ങൾ ഗണിക്കാതെ അയാൾ യുവരാജാവിനെ കലശലായി ശാസിച്ചു. പരമേശ്വരൻ പിള്ളയുടെ ശ്രുണ്ഠികേട്ട് യുവരാജാവ് കോപിക്കാതെ, തന്റെ കൊട്ടാരത്തിനകത്ത്് പ്രവേശിച്ചിട്ട്, വേണ്ട കാര്യങ്ങളെ സംബന്ധിച്ച് ആലോചന തുടങ്ങി.

തസ്കരന്മാർക്ക് നിദ്രയില്ലെന്നാണല്ലോ വേദവ്യാസാത്മജനായ വിദുരർ അഭിപ്രായപ്പെട്ടിരിക്കുന്നത്. തസ്കരന്മാ

രും അവകാശമില്ലാതുള്ള സ്ഥാനങ്ങളെയോ മറ്റോ കാമിക്കുന്നവരും തമ്മിൽ അധികം ഭേദമില്ലല്ലോ. അതിനാൽ, ആ രാത്രി വലിയതമ്പി നിദ്ര കൂടാതെ സുന്ദരയ്യൻ, ചുള്ളിയിൽ മാർത്താണ്ഡൻ പിള്ള, അപ്പോൾത്തന്നെ ആ സ്ഥലത്തു് ചെന്നുചേർന്നവരായ രാമനാമഠത്തിൽ പിള്ള, സുന്ദരയ്യന്റെ ബന്ധുവായ പാരദേശികൻ ഇവരാൽ നിഷേവിതനായിരുന്നുകൊണ്ടു് വേലുക്കുറുപ്പു് ബോധിപ്പിക്കുന്ന സങ്കടങ്ങളെ ശ്രവിക്കുന്നു. മാങ്കോയിക്കൽ കുറുപ്പിനെപ്പോലെ മറ്റുള്ളവരും യുവരാജാവിനെ സഹായിക്കാൻ പുറപ്പെടുന്നതിനും സുഭദ്രയുടെ നേർക്കു് പ്രയോഗിക്കുന്ന ചതി പുറത്താകുന്നതിനും മുമ്പിൽ, യുവരാജാവിന്റെ കഥ കഴിച്ചു്, സ്വാതന്ത്ര്യാധികാരം കൈവശമാക്കേണ്ടതാണെന്നു് തമ്പിയും സുന്ദരയ്യനും ചേർന്നു് ആലോചിച്ചു് നിശ്ചയിച്ചു് ക്രിയ രാമനാമഠത്തിനെക്കൊണ്ടു നടത്തിക്കാൻ ശ്രമിച്ചതിൽ യുവരാജാവു് പട്ടംകെട്ടിയാൽ ആദ്യശിക്ഷ തനിക്കാണെന്നു് ബോദ്ധ്യമുണ്ടായിരുന്നിട്ടും, അയാൾ എട്ടുവീട്ടിൽ പിള്ളമാരുടെ യോഗനിശ്ചയത്തിനെ ഭേദപ്പെടുത്തി തനിക്കു് ഒന്നും നിർവ്വഹിച്ചുകൂടുന്നതല്ലെന്നു് തർക്കിച്ചതിനാൽ, മാങ്കോയിക്കൽ കുറുപ്പിന്റെ ഗൃഹദഹന രാത്രി അദ്ദേഹം നിശ്ചയിച്ച വിധിപ്രകാരം അനുഭവിച്ചുവന്ന ബന്ധനത്തിൽനിന്നു് ചാടി വേണ്ട അവസരത്തിൽ വന്നു് ചേർന്നവനായ വേലുക്കുറുപ്പിനെ യുവരാജാവിന്റെ വധത്തിനു് തമ്പി വിനിയോഗിച്ചു. ഇയാളുടെ പ്രയത്നം ഫലിക്കാത്തതുകൊണ്ടു് തമ്പിക്കുണ്ടായ കോപത്തിനു് അതിരില്ലായിരുന്നു. ഈ കോപാഗ്നിയെ സുന്ദരയ്യൻ ഉചിതമായുള്ള വാക്കുകൾ കൊണ്ടു് വീശി വർദ്ധിപ്പിച്ചു.

സുന്ദരയ്യൻ: “അങ്കത്തെ, നാൻ മുന്നമേ ശൊല്ലലയാ? ഇവനെ ഒന്നുക്കും ഉതഹാതു്.”

തമ്പി: “അനർത്ഥം! മഹാ അനർത്ഥം! വേണ്ടാത്ത ആലോചനയായിരുന്നു. താൻ കൊണ്ടു ചാടിച്ചതാണ്. ഏഭ്യരാശികളുടെ വാക്കുകേട്ട് ഇല്ലാത്ത സൊല്ലയെല്ലാം വലിച്ച് തലയിൽ വെച്ചു. നിന്റെ ഗുണദോഷങ്ങൾ കേട്ടതു് മതി!”

സുന്ദരയ്യൻ: “വശാതും … ഇന്തപ്പയലെ തടുത്തതാർ? അതെപ്പടി വന്തതു്? അദുവും പോട്ടും … അന്ത രാമനുക്ക് ശ്രീപണ്ടാരത്തുവീട്ടിലെ കാര്യമെന്ന? അതേ യോശിയും.”

രാമനാമഠം: “അതു് ശരിയാണ്. കുറുപ്പിനെ വിടുവിച്ചുകൊണ്ടുപോകാനാണ് കുട്ടി അവിടെ എത്തിയിരിക്കുന്നതു്. നീ കേട്ടതു് ശരിയാണോടാ വേലു?”

വേലുക്കുറുപ്പ്: “ഈ കാതുകൾകൊണ്ടു് കേട്ടതു് പെഴച്ച് പോവുമോ?”

തമ്പി: “ഒറ്റച്ചെവിക്ക് തെറ്റിപ്പോകാം. ഇവന്റെ മൺതലയെയും ആരോ കുറച്ച് അറുത്തെടുത്തിട്ടുണ്ട്. അതാണ് ഈ അബദ്ധങ്ങൾ ഇവനു പറ്റുന്നതു്. പോകുന്ന കാര്യമെല്ലാം ഇങ്ങനെ. ഇനി കുറുപ്പിന്റെ കാര്യത്തിന് എന്താണ് വേണ്ടതു്? അയാളെ ഇപ്പോൾ രാമയ്യൻ വിടുവിച്ചുകൊണ്ട് പോയാൽ നമുക്ക് വലിയ ബലക്ഷയമാണ്.”

സുന്ദരയ്യൻ: “വച്ചിരിപ്പാനേ?”

കോടാങ്കി: “ഹാ! സറി! ശിന്ന …” (വാക്കിൽ എന്തോ തെറ്റുകയാൽ അർദ്ധോക്തിയിൽ നിറുത്തി).

സുന്ദരയ്യൻ: (എല്ലാപേരുടെയും മുഖത്ത് ശങ്കയോടും ഭീതിയോടും നോക്കിക്കൊണ്ട്) "ആനാൽ ... അത് പെടാത്. കഴക്കൂട്ടത്തങ്കത്തയുടെ മനമറിയാവടിക്ക് അപ്പടി ശെയ്യക്കൂടാത്."

തമ്പി: "എന്തായാലും അയാളെ നമുക്ക് പ്രത്യേകം സൂക്ഷിക്കണം. അയാളുടെ ഭടന്മാർ ഇങ്ങോട്ട് വരുന്നുണ്ട്. വെങ്ങാനൂർപിള്ള തടുക്കുമോ എന്തോ? അതിനാൽ, അവർ ഇവിടെ വന്ന് ചേർന്നാലും ഇയാളെ കാണരുത്."

രാമനാമഠം: "ചെമ്പകശ്ശേരിയിലെ വലിയ കല്ലറയിൽ ഇട്ടുകളയാം. എന്നാലോ അങ്ങുന്നേ?"

തമ്പി: "അവർ സമ്മതിക്കുമോ?"

മാർത്താണ്ഡൻ പിള്ള: "അതിന് ഞാൻ അനുവാദമുണ്ടാക്കാം. തിരുമുഖത്തങ്ങത്തെ ഉത്തരവാണെന്ന് ഞാൻ പറഞ്ഞാൽ അവിടുന്ന് തർക്കം ഉണ്ടാവുല്ല."

ഇങ്ങനെ മാർത്താണ്ഡൻ പിള്ള പറഞ്ഞതിന്റെശേഷം അധികം ആലോചന ഉണ്ടായില്ല. അയാൾ, സുന്ദരയ്യൻ, രാമനാമഠം, ഈ കഥയിൽ 'കോടാങ്കി' എന്ന പല സ്ഥലത്തും പറയപ്പെട്ടിട്ടുള്ള ആൾ, വേലുക്കുറുപ്പ്, പത്തുപന്ത്രണ്ട് വേൽക്കാർ, ഇങ്ങനെ ഒരു സംഘം ക്ഷണത്തിൽ അവിടെനിന്ന പുറപ്പെട്ടു.

ചുള്ളിയിൽ ചടച്ചി മാർത്താണ്ഡൻ പിള്ളയുടെ മുമ്പിൽ നിന്ന് മറഞ്ഞ ഭ്രാന്തൻ, കുടമൺപിള്ളയുടെ ഗൃഹത്തിന് ചുറ്റുമുള്ള ചുവർ ചാടിക്കടന്ന് ആ ഭവനത്തെ ചുറ്റി നോക്കി നടന്നുതുടങ്ങി. ഇങ്ങനെ നടക്കുന്നതിനിടയ്ക്ക് പടിഞ്ഞാറുവശത്ത് എത്തിയപ്പോൾ സുഭദ്രയും ആനന്ദവും ത

മ്മിൽ സംസാരിക്കുന്നതു് കേൾപ്പാനിടയായി. അവരുടെ സംഭാഷണത്തിനു് അല്പനേരം വിഘ്നം വരുത്തിയതു് ഇവന്റെ ആശ്ചര്യസൂചകമായ ചില ശബ്ദങ്ങളായിരുന്നു. സുഭദ്ര പുറത്തിറങ്ങി പരിശോധന തുടങ്ങിയപ്പോൾ, ഭ്രാന്തൻ, താൻ അകത്ത്് കടന്ന വഴിയേതന്നെ പുറത്തുചാടി, നിശ്ചലനായി ഒരു നാഴികയോളം നിന്നിട്ടു്, നഗരമദ്ധ്യം നോക്കി നടന്നു.

മാർത്താണ്ഡവർമ്മ യുവരാജാവ്് പരമേശ്വരൻ പിള്ളയുടെ ശാസനകൾ കേട്ടു് സ്നേഹത്തോടുകൂടി അയാളുടെ ആജ്ഞകളെ അനുസരിക്കുന്നതിനിടയിൽ, കഴക്കൂട്ടത്തു പിള്ളയുടെ വക ശ്രീപണ്ടാരത്തു വീട്ടിൽ അദ്ദേഹത്തിന്റെ ഭൃത്യരായ പത്തുപന്ത്രണ്ടുപേർ ഉത്സാഹമായി കഥകൾ പറഞ്ഞും ഓരോവക കളികളിൽ ശ്രദ്ധ ആസകലം ദത്തം ചെയ്തും കൂടിയിരിക്കുകയായിരുന്നു. ‘ഇരുത്തായം!… ഇന്നാ പിടിച്ചോ, ഈരഞ്ചു ചോണ നാലു്, പാണ നാലു്’ എന്നുള്ള വിളികളും എറിയുന്ന സമയത്ത്് മാറത്തുള്ള ഇടികളും, ഒരിടത്ത്് നായ്ക്കളെ വെട്ടുന്നതും പുലിയെ തടയുന്നതും മറ്റൊരിടത്ത്് കഥ കേട്ടു് രസിച്ച്് ചിരിക്കുന്നതും എല്ലാംകൂടി മഹാ കശയായിരിക്കുന്നു. കഴക്കൂട്ടത്തു പിള്ള എട്ടുവീട്ടിൽ പിള്ളമാരുടെ യോഗനിശ്ചയം നടത്തുന്നതിനായി തന്റെ പ്രധാന ഭവനത്തിലേക്കു് പോയിരിക്കുന്നു. നാലഞ്ചു ദിവസം കഴിഞ്ഞല്ലാതെ തിരിച്ചുവരവില്ലെന്നുള്ള ധൈര്യം കൊണ്ടു് വാല്യക്കാർ മദിച്ചുപോയിരിക്കുന്നു. ഇങ്ങനെ കളികളും കഥകളും നടക്കുന്നതിനിടയിൽ ഒരുവൻ ചോദ്യം ചെയ്യുന്നു: “എടാ പാണപ്പൈലേ, താക്കോലിളിയിലുണ്ടോ?”

ഉത്തരം: "നായ്ക്കു് പരുത്തിക്കടയിൽ കാര്യമെന്തു്? ... എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളും."

വേറൊരുത്തന്റെ ചോദ്യം: "കതവടച്ചിട്ടുണ്ടോടേ? കാലം വല്ലാത്ത കാലമാണ്."

ഉത്തരം: "നിന്റെ വായടച്ചോണ്ടാൽ മതി."

ചോദ്യം: "കിളികൾക്ക് ചോറ് കൊടുക്കണ്ടയോടേ?"

ഉത്തരം: "വന്ന ചാടിയതെന്തിന്? കിടന്ന് അലയ്ക്കട്ട്. പിന്നെ നന്നാച്ചെല്ലും ചോറ്. ഊതിപ്പെരുത്തിരിക്കുന്നതു് കുറച്ച് വറ്റട്ട്."

ഒരുത്തൻ: "അദ്യം നമ്മുടെ അങ്ങത്തെക്കാളും വലിയ അങ്ങുന്നാണപോലും."

മറ്റൊരുത്തൻ: "തേങ്ങാക്കൊലയാണ്. എന്നാൽ പിന്നെ ഒരു പത്താളെങ്കിലും കാണ്വല്ലായിരുന്നോടാ മണ്ടാ?"

ഒരുത്തൻ: "എങ്കിലും പട്ടിണി കിടത്തിയാൽ അങ്ങുചെല്ലമ്പം നൂൽപ്പാലത്തിൽക്കൂടെ നമ്മെ നടത്തിക്കളയും."

മറ്റൊരുത്തൻ: "നാലു് ഏകാദശി നോറ്റുകളഞ്ഞാൽ ചെയ്ത പാപമൊക്കെ നീങ്ങിപ്പോകും. ഒന്ന പാടെടേ."

എല്ലാവരും: "അതുകൊള്ളാം! മാവാരതം വേണം."

ഒരുവൻ: "ഇന്ന ശിവരാത്രിതന്നെ ... ഉറങ്ങണ്ട ... പാട്ട്. അതു കൊള്ളാം."

ഇങ്ങനെയുള്ള നിശ്ചയം മുതലായതു് കേട്ടുനിന്ന രാമയ്യൻ തർക്കം നന്നല്ലെന്ന കരുതി അവിടെനിന്ന് യുവരാജാവിനോട്ട് കേട്ട അവസ്ഥകൾ അറിയിക്കാൻ നടകൊ

ണ്ടു. പ്രധാന ഭാഗവതരായ ഒരുവൻ ഒരു ഉലക്കയും രണ്ട് കുറുവടിയും കൊണ്ടുവന്ന് മുമ്പിൽ വച്ചുകൊണ്ട് മേളം മുറുക്കിത്തുടങ്ങി. "എവിടെ കേക്കണം, പറവിൻ" എന്ന് പ്രമാണിയായി ചോദിച്ചതിന് 'പ്ലാവെല പറിച്ചെടം', 'നിഴൽക്കുത്തിയെടം', 'വിഴംകൊട്ടുത്തെടം' എന്ന് പലവിധമായി ഓരോരുത്തർ അഭിപ്രായപ്പെടുകയാൽ ചങ്കിടിക്ക് ചെന്നിരുപ്പായ ഒരു വിദഗ്ധൻ "നമുക്ക് ഭോദിച്ചിടം പാടാമെടേ" എന്ന് പറഞ്ഞു തർക്കത്തെ ഒതുക്കി.

"അഞ്ചഞ്ചാതെ കണ്ടഞ്ചമ്പനഞ്ചമ്പെയ്ത്തു
അഞ്ചും തച്ചു നെഞ്ചിൽ ആറണിന്തോനേ!
അഞ്ചും മുടിവച്ച പാണ്ഡവന്മാ-
രഞ്ചിളയതൊരു കുഞ്ചുഭീമൻ-"

എന്നിങ്ങനെ ഉലക്കത്താളവും ഇടയ്ക്കിടെ 'ഹാ' എന്നുള്ള ബലേ കൊട്ടപ്പുകളും നാസികാരന്ധ്രത്തിൽ ഒന്നിനെ വിരലുകൊണ്ട് അടച്ചിട്ടെ മറ്റേ രന്ധ്രത്തിൽക്കൂടി പുറപ്പെടുവിക്കുന്ന ശ്രുതികളും ചേർന്നുള്ള സദിർ മുറുകിയപ്പോൾ "അർത്തം പറയെടാ കരുത്തുണ്ടെങ്കിൽ" എന്ന് ഒരുവന്റെ അപേക്ഷ പുറത്തുചാടി. മറ്റൊരുവൻ സംശയംകൂടാതെ, പാടിയ ഭാഗത്തിന്റെ അന്വയം, അർത്ഥം, പരിഭാഷ, ഭാവം ഇതുകളായി ഇങ്ങനെ പ്രസംഗിച്ചുതുടങ്ങി: "കാന്താരി പെറ്റ മക്കളഞ്ചു്... അതില്... " എന്നിങ്ങനെ അർത്ഥം പറഞ്ഞുതുടങ്ങിയപ്പോൾ "ഛേ, പോടാ. കാന്താരിക്ക് മക്കളേത്? കാന്താരി ധൃതരാഠന്റെ തള്ളയല്ലയോടാ?" "ഓ! കാന്താരി... മാവാരതത്തിലേത്?", "ഓടേ, അങ്ങനെ പറ" എന്നും മറ്റും പ്രമാദമായ തർക്കം തുടങ്ങുകയാൽ "ചലമ്പാതിനെടാ ... കാന്താരി മാവാരതത്തിലല്ലാതെ എഴുത്തച്ഛൻപാട്ടുകളി

ലാണോ?" എന്ന് അഭിപ്രായപ്പെട്ടുകൊണ്ട്, സംശയനിവൃത്തിക്കായി ഭാഗവതർ ആ ഗ്രന്ഥത്തിൽനിന്ന് ഇങ്ങനെ ഒരു ഭാഗം പാടി സദസ്സിനെ കേൾപ്പിച്ചു.

"മന്തമോടീ പെണ്ണേ മയക്കമോടീ?
മായാമരുന്തിന്റെ പിടിത്തമോടീ?
പള്ളിയറതന്നെ തുറക്കാത്തതെന്തേ?
പാണ്ഡവരെക്കൊന്ന തളർച്ചയോടീ!
ഹ ... എന്ത കാന്താഹാരിയമ്മയരുളുന്നേരം."

മറ്റെല്ലാവരും: "പറഞ്ഞില്ലയോ മക്കളഞ്ചെന്ന്. മാവാരതത്തിത്തന്നെ ... അല്ലേ?"

ഇപ്രകാരമുള്ള പാട്ട് മുതലായതുകൊണ്ട് ശ്രീപണ്ടാരത്തുവീടും സമീപപ്രദേശവും മുഴങ്ങുന്നതിനിടയിൽ പാട്ട് കേൾക്കാനായി ഒരുത്തൻ ആ സദസ്സിലെത്തി. ഇത് മഹാപ്രാകൃതവേഷക്കാരനായ ഭ്രാന്തനല്ലാതെ മറ്റാരുമല്ലായിരുന്നു. അനേകം സാമാനങ്ങളുടെ വിക്ഷേപസ്ഥലമായ ഇവന്റെ അരക്കെട്ട് കണ്ട് പാട്ടുകാരും ശ്രോതാക്കളും പൊട്ടിച്ചിരിച്ച് തുടങ്ങി. അന്യനായ ഒരുവൻ അനുവാദം കൂടാതെ അകത്ത് കടന്നതിനെക്കുറിച്ച് കഴക്കൂട്ടത്തു പിള്ളയുടെ ഭൃത്യന്മാർക്കു തോന്നുമായിരുന്ന കോപത്തെ ബീജത്തിൽത്തന്നെ ഭ്രാന്തന്റെ ബീഭത്സത്വം നശിപ്പിച്ചു. 'ആരെടാ അത്?' എന്നു ഗൗരവത്തോടുകൂടി ചിലർ ചോദ്യം ചെയ്തതിന് ഉണ്ടായ ഉത്തരം, "നാഗാപുരം വാഴും നാഗകന്യ ... അവളും ചിറയാളായിരുന്നല്ലോ ... അല്ലിമുല്ല നട്ടു ചമ്പകം നട്ടു ... അല്ലിമുല്ലതന്നെ പൂക്കും കാലം ..." എന്നു തുടങ്ങിയുള്ള ഒരു പാട്ടായിരുന്നു. "ഹാ! ബലേ ഭേഷ്! അയ്യടാ!" എന്നിങ്ങനെ ഓരോരുത്തർ രസിച്ച് തുടങ്ങി. "ഇ

ങ്ങ് കേറി ഇരുന്ന പാടെടാ" എന്ന ചിലർ ആജ്ഞാപിച്ച തനുസരിച്ച് ഭ്രാന്തൻ മറ്റുള്ളവരുടെ ഇടയിൽ കടന്ന് ധൈര്യത്തോടുകൂടി ഇരുന്ന കുടച്ചനേരം പാടിയതിന്റെ ശേഷം, അരക്കെട്ടിനിടയിൽനിന്ന് ഒരു പദാർത്ഥം എടുത്ത് ഭ്രാന്തൻ തിന്നുന്നതിനെക്കണ്ടു്, കൊതിയന്മാരായ സദസ്യന്മാർ "എന്തോന്നാണെടാ അത്? ഉണ്ടപ്പാരം അടിക്കണോ?" എന്ന് കാര്യം കേട്ടുതുടങ്ങി. ഭ്രാന്തൻ ഭയം അഭിനയിച്ചുകൊണ്ടു് അരക്കെട്ടിനിടയിൽ പിന്നെയും കൈ ഇട്ടു് കൃഷ്ണവർണ്ണമായ രണ്ടു് ഉണ്ടകൾ എടുത്ത് കാര്യക്കാരന്മാരായ സദസ്യന്മാർക്ക് ആദരപൂർവ്വം നീട്ടിക്കൊടുത്തു. ശാക്തേയമതത്തിനെ വളരെ ശ്ലാഘിക്കാനുണ്ടെന്ന് ഒരു സംഗതി ഓർക്കുമ്പോൾ തോന്നുന്നുണ്ടു്. ആ മതക്കാർ നമ്മുടെ സമുദായങ്ങളുടെ പരിഷ്കാരത്തിന് ഒട്ടേറെ വിപരീതമായി നിൽക്കുന്ന ജാതിഭേദങ്ങളെ ലേശവും ഗണ്യമാക്കുന്നില്ല. കഴക്കൂട്ടത്തു പിള്ളയുടെ ഭൃത്യന്മാർ ആദ്യഭജനത്തിലും ആ സാധാരണനീതിയെ ലംഘിച്ചില്ല. മിനുമിനെ മിനുങ്ങുന്ന ഗോളദ്വയം കണ്ടപ്പോൾ നാവു് അലിഞ്ഞു തുടങ്ങി. ജാതിഭേദത്തെക്കുറിച്ചുള്ള വിചാരത്തെ മറന്നും തങ്ങൾക്ക് ദാനം ചെയ്‌വാനായി അന്യൻ നീട്ടിയിരിക്കുന്ന ഉരുളകളെ തന്റെ ഉപയോഗത്തിനായി എടുക്കപ്പെട്ട പദാർത്ഥം ഇരുന്ന സ്ഥലത്തുനിന്നല്ലാതെ വേറൊരു ഭാഗത്തുനിന്നാണ് എടുത്തതെന്നുള്ളത് ഗ്രഹിക്കാതെയും അതുകളെ വാങ്ങി വീതിച്ചു ഭക്ഷിച്ചു. ഇങ്ങനെയുള്ള പദാർത്ഥത്തെക്കുറിച്ച് ആ സാധുക്കൾ കേട്ടിട്ടുള്ളതല്ലാതെ അതിനെ അനുഭവിച്ച് ശീലിച്ചിട്ടില്ലാതിരുന്നതിനാൽ, കാൽ നാഴികകൊണ്ടു് നവമായ ഓരോ മനോ

വികാരങ്ങളോടുകൂടി പാട്ടുകാറും താളക്കാറും ഒന്നൊഴിയാതെ തല ഉയർത്താൻ പാടില്ലാതെ കിടപ്പായി. അല്പനേരംകൊണ്ടു് ബോധലേശം കൂടാതുള്ള നിദ്രയും ആരംഭിച്ചു. ഇതുകണ്ടു് ഭിക്ഷു എഴുന്നേറ്റു് ഉറങ്ങുന്നവരിൽ ഒരുവന്റെ അരയിൽ ബന്ധിച്ചിരുന്ന ഒരു താക്കോൽ കൈക്കലാക്കി ഭവനത്തിന്റെ പ്രധാനഭാഗങ്ങൾക്കുള്ളിൽ കടന്നു; ആ ഗൃഹത്തിന്റെ കിടപ്പുകളെക്കുറിച്ചു് നല്ല അറിവുള്ളതായി പ്രത്യക്ഷീകരിക്കുംവണ്ണം വേഗത്തിലും പരിശോധനകൾ കൂടാതെയും ഒരു മുറി തുറന്നു്, അതിനുള്ളിൽനിന്നു് വലുതായ ഒരു താക്കോൽക്കൂട്ടം എടുത്തു. ഇതിന്റെ സഹായത്താൽ പൂട്ടുപുര എന്നുപറയപ്പെടുന്ന പ്രധാനമുറിയെയും അതിന്റെ അടിത്തട്ടിൽ ഉള്ള ഒരു കൃത്രിമ വാതിലിനെയും തുറന്നു് ഭ്രാന്തൻ കീഴ്പ്പോട്ടിറങ്ങി. പാതാളത്തിലേക്കുള്ള മാർഗ്ഗമെന്നു് തോന്നിക്കുംവണ്ണം ഇരുട്ടു് നിറഞ്ഞുള്ള ആ അറയിൽനിന്നു് 'ആരതു്?' എന്ന ഗംഭീരസ്വരത്തിൽ ഒരു ചോദ്യമുണ്ടായി. 'പിച്ചയാക്കും' എന്നുണ്ടായ മറുപടി കേട്ടു് ചിരിച്ചുപോയ മാങ്കോയിക്കൽ കുറുപ്പു് ഭ്രാന്തന്റെ ഉൽക്കൃഷ്ടമായുള്ള മനോഗുണങ്ങൾ ഓർത്തു് അത്യാശ്ചര്യത്തോടുകൂടി കണ്ണുനീർ ചിതറിക്കൊണ്ടു് അവനെ ആലിംഗനം ചെയ്യുവാനായി കൈ നീട്ടി. ഇരുട്ടിൽ കാണാൻ കഴിയായ്കയാൽ തപ്പുന്നതിനിടയ്ക്കു്, അവ്വണ്ണംതന്നെ, തന്നെ തിരയുന്ന ഭ്രാന്തന്റെ കൈകളിൽ കുറുപ്പിന്റെ കൈകൾ തടഞ്ഞു. അതുകൾ പിടിച്ചു് അതിവാത്സല്യത്തോടുകൂടി ഭ്രാന്തന്റെ അണച്ചു് ആശ്ലേഷം ചെയ്തുകൊണ്ടു് "ആരാണെന്നു് ചൊല്ലീട്ടില്ലെങ്കിലും എന്റെ ശേഷക്കാറിൽ ഒന്നെന്നു് ഞാൻ വച്ചിരിക്കിണേൻ" എന്നു് കു

റുപ്പ് പറഞ്ഞു. അതികായനായ കുറുപ്പ് ഭ്രാന്തന്റെ ലഘുവായ ദേഹത്തെപ്പിടിച്ച് സ്നേഹപാരവശ്യത്തോടുകൂടി ഒരു ശിശുവെ എന്നപോലെ തലോടുകയും ആലിംഗനം ചെയ്യുകയും ചെയ്തപ്പോൾ ഭ്രാന്തനും തന്റെ ഉള്ളിൽ കവിഞ്ഞുനിന്ന ചില സ്മരണകളുടെ തിങ്ങലുകൊണ്ട് കരഞ്ഞുപോയി.

കുറുപ്പും ഭ്രാന്തനും ഈ സ്ഥിതിയിൽ നിൽക്കുമ്പോൾ പുറത്ത് ചില ശബ്ദങ്ങൾ കേൾക്കാറായി. ദീപപ്രകാശം മുകളിലുള്ള മുറിയിൽ പരന്നു. ആയുധങ്ങൾ അങ്ങും ഇങ്ങും തടയുന്ന ശബ്ദവും മുഴങ്ങി. ഭ്രാന്തനും കുറുപ്പും സമധൈര്യത്തോടും വേഗത്തോടും കല്ലറയിൽനിന്ന് മുകളിൽ കയറി. പഞ്ചയമന്മാരായ രാമനാമഠം മുതലായവരുടെയും കിങ്കരസംഘത്തിന്റെയും ഇടയിൽ അകപ്പെട്ടിരിക്കുന്നതായി കണ്ട് നിരായുധനായ കുറുപ്പ് വിഷണ്ണനായി; എന്നാൽ ഭ്രാന്തൻ സാധാരണയായുള്ള രീതി ഉപേക്ഷിച്ച് ഗൗരവത്തോടുകൂടി ഇങ്ങനെ പറഞ്ഞു: “ഏമാന്മാരു മാറിനിപ്പിൻ; പിച്ചക്ക് കൈയിലെ വല്ലാത്ത പേ ഒണ്ണുണ്ടേ. മാറിനിപ്പിൻ … ചൊല്ലിണതേ കേപ്പിൻ.”

ഈ വാക്കുകൾ നേട്ട് തന്റെ കർണ്ണച്ഛേദനം ചെയ്ത ശഠനെ വിടുന്നതല്ലെന്നുള്ള വിചാരത്തോടുകൂടി, “ഹാ! നീയോടാ? കാതൊന്നിന് നിന്റെ ചാണത്തല ഒന്നിന്നാ കണ്ടോ?” എന്ന് അലറിക്കൊണ്ട്, യുവരാജാവിന്റെ നേർക്ക് ഓങ്ങപ്പെട്ടതും മറ്റൊരാളിന്റെ രക്തപാനം ചെയ്തതിൽ പറ്റിയ രുധിരം ഉണങ്ങീട്ടില്ലാത്തതും ആയ ഖഡ്ഗത്തെ വീശി, വേലുക്കുറുപ്പ് ഭ്രാന്തനോടടുത്ത്. ഭ്രാന്തൻ തന്റെ അരക്കെട്ടിനിടയിൽനിന്ന് ഒരു ചെറിയ ആയുധം എടുത്ത് നീ

ട്ടി. ഒരു മിന്നൽ... ഇടിരവംപോലെ ചണ്ഡമായ ഒരു ധ്വനി... മുറിയുടെ തട്ടിൽ പറ്റീട്ടുള്ള പൊടിയുടെ ഒരു വർഷം... ഈ ഘോഷങ്ങളോടുകൂടി വേലുക്കുറുപ്പിന്റെ ദേഹി പരലോകത്തേക്ക് പ്രയാണം ആരംഭിച്ചു. അയാളുടെ ദേഹം ലോഹക്കട്ടിപോലെ മുറിയുടെ അടിത്തട്ടിന്മേലും വീണു. മുറിക്കകം ആസകലം ധൂമം നിറഞ്ഞു. വായുവിനുണ്ടായ കഠിനചലനത്തോടുകൂടി, കിങ്കരന്മാരിൽ ഒരുവനാൽ കൊണ്ടുവരപ്പെട്ടിരുന്ന ദീപവും പൊലിഞ്ഞു. ദുർജ്ജനാഗ്രേസരനായ സുന്ദരയ്യൻ, വേലുക്കുറുപ്പിന്റെ കഥ ചുരുക്കത്തിൽ കഴിഞ്ഞതു കണ്ട് സന്തോഷിച്ചു എങ്കിലും, തന്റെ പ്രാണനെക്കുറിച്ച് സ്നേഹമുണ്ടായിരുന്നതിനാൽ, ഭ്രാന്തന്റെ കൈയിലുള്ള ആയുധത്തിന്റെ ഗീതത്തിൽ ആസക്തി തോന്നാതെ, മിത്രങ്ങളുടെ സ്ഥിതി മറന്ന് പുറത്തു ചാടി. എന്നാൽ, സാധാരണ സാധുശീലത്വവും സ്വവീര്യത്തിന് ഉണർച്ചയുണ്ടായാൽ പൈശാചത്വവും പ്രദർശിപ്പിക്കുന്ന 'ബുൾ' എന്ന ജാതിയിലുള്ള നായ്ക്കളെപ്പോലെ, കരിമരുന്നിന്റെ ഗന്ധമേറ്റപ്പോൾ 'ഠി ഠീ' എന്ന് ആർത്തുകൊണ്ട്, ഭയങ്കരാകാരനായ കോടാങ്കി മുന്നോട്ടു കുതിച്ചു. ഭ്രാന്തന്റെ കൈയിലുണ്ടായിരുന്നത്, ഒറ്റക്കുഴൽകൈത്തോക്കാണെന്ന് കോടാങ്കി തന്റെ ഗ്രഹപ്പിഴയുടെ ശക്തികൊണ്ടോ ന്യായമായുള്ള ദൈവവിധിയാലോ ധരിച്ചുപോയി. വേലുക്കുറുപ്പിനുണ്ടായ ഉപചാരങ്ങളോടുകൂടി കോടാങ്കിയെയും ഭ്രാന്തൻ പരലോകത്തിന് യാത്രയാക്കി. വേലുക്കുറുപ്പിനെപ്പോലെ ഈയാൾ ലൗകികഹീനനല്ലായിരുന്നതിനാൽ 'അടേ ചിന്നത്തമ്പി, പുലമാടാ' എന്നുള്ള പ്രലാപങ്ങളോടുകൂടിയേ യാത്രയ്ക്കാരംഭിച്ചുള്ളൂ. ഈ വാക്കു

കൾ കേട്ട് സുന്ദരയ്യൻ കടുതായി ഞെട്ടുകയും അദ്ദേഹത്തിന്റെ നാവ് വരണ്ടുപോകയും ചെയ്തു എങ്കിലും ക്ഷണനേരം കൊണ്ട് പൂർവ്വസ്ഥിതിയിലും അധികം മുഷ്കോടുകൂടിയവനായി.

കോടാങ്കി വീണതിന്റെ ശേഷം രണ്ടു കക്ഷികളും മിണ്ടാതെ നിന്നു. ഭ്രാന്തന് ബ്രാഹ്മണനെയും രാമനാമഠത്തിനെയും മാർത്താണ്ഡൻ പിള്ളയെയും നിഗ്രഹിക്കുന്നതിന് താത്പര്യമില്ലായിരുന്നു എന്ന് തന്റെ കൈയിൽ എടുത്ത് ഉപയോഗിക്കാതെ വച്ചുകൊണ്ടിരിക്കുന്ന വേറൊരു ഇരട്ടക്കുഴൽ കൈത്തോക്ക് പ്രത്യക്ഷമാക്കുന്നു. രാമനാമഠം മുതലായവർ പേടിച്ച് എന്തുവേണ്ടൂ എന്നുള്ള ആലോചനയോടുകൂടി നിന്നു. മാർത്താണ്ഡൻ പിള്ള കൈയിലുണ്ടായിരുന്ന വിൽ വലിച്ചുപൂട്ടിക്കൊണ്ട് പുറത്തിറങ്ങി "എടാ, നിരയോട് നിന്നെ തറച്ചേക്കുന്നുണ്ട്. വെടി താഴെ വൈ" എന്ന് പറഞ്ഞു. ഈ വാക്കുകൾ കേട്ട് തന്റെ ബന്ധുവിന് പ്രാണാപായം നേരിടുമോ എന്നുള്ള ഭയംകൊണ്ട്: "മാർത്താണ്ഡപ്പിള്ളേ കേക്ക്. തമ്പി അങ്ങുന്ന് തരണതിൽ എരട്ടി ഞാൻ കെട്ടിത്തരാം; പയലെ കൊല ചെയ്യാതെ. എന്റെ ഉശിരെ എടുത്തോ വേണമെങ്കില്" എന്ന് കുറുപ്പ് അപേക്ഷിച്ചു.

രാമനാമഠം: "പയലെ വിടുകയോ? ചെമ്പകശ്ശേരിയിലെ വെള്ളമില്ലാത്ത നീരാഴിയിൽ കിടന്ന് അലന്ന് ചത്ത് നിങ്ങൾ രണ്ടും പുഴുക്കണം."

ഭ്രാന്തൻ ഈ വാക്കുകൾ കേട്ടപ്പോൾ അധികം പേടിക്കാനില്ലെന്ന് സൂചകമായി കുറുപ്പിന്റെ കൈ പിടിച്ച് ഒന്നമർത്തീട്ട് ഇങ്ങനെ പറഞ്ഞു: "പിച്ചയെ കൊണ്ണുപോട്ടാൽ തിരുമുഖത്തെ ഏമാൻ കേക്കാതെണ്ണാ? ഏമാമ്മാ

രു കൊല്ലുവിൻ. പിച്ച ചത്താലും പേക്കൊഴലെ തറയിവ യ്ക്കാതോം."

ഭ്രാന്തന്റെ ധൈര്യംകണ്ട് മാർത്താണ്ഡൻ പിള്ളയ്ക്കും രാമനാമഠത്തിനും ബഹുമതിയും സുന്ദരയ്യന് സ്പർദ്ധയും അവനെ നിഗ്രഹിക്കണമെന്ന് അതിമോഹവും ഉണ്ടായി. എന്നാൽ, രാമനാമഠവും മാർത്താണ്ഡൻ പിള്ളയും അവനോട്ട് സമമായുള്ള വാക്കുകൾ ഉപയോഗിച്ചുതുടങ്ങി. ഇതുകണ്ടു് സുന്ദരയ്യൻ അടങ്ങിക്കൊണ്ടു്. രാജ്യത്തിന്റെ തത്കാലസ്ഥിതിയിൽ കുറുപ്പിനെയും ഭ്രാന്തനെയും വിട്ടയയ്ക്കാൻ പാടില്ലെന്നും എട്ടുവീട്ടിൽ പിള്ളമാർ, തമ്പിമാർ, തിരുമുഖത്തു പിള്ള ഇവരുടെ വിധിപോലെ രണ്ടുപേരും ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും അതുവരെ ആയുധംവച്ച് രണ്ടുപേരും ബന്ധനത്തിലിരിക്കണമെന്നും രാമനാമഠം പറഞ്ഞു. ചാന്നാൻ പത്മനാഭപുരത്തുനിന്ന് ചാടിപ്പോയതിനെയുംമറ്റും ഓർത്ത്, സുന്ദരയ്യൻ ഈ വാക്കുകൾ കേട്ട് പല്ലു ഞെരിച്ചു. രാമനാമഠത്തിന്റെ കരാറിൽ ആയുധംവയ്ക്കുക ഒഴികെ ശേഷം സമ്മതംതന്നെ അന്ന് മാങ്കോയിക്കൽ കുറുപ്പ് ചാന്നാന്റെ പ്രധിനിധിയായും തനിക്കുവേണ്ടിയും പറഞ്ഞതുകേട്ട് മാർത്താണ്ഡൻ പിള്ളയോടും സുന്ദരയ്യനോടും ആലോചിച്ചിട്ട്, "എന്നാൽ അങ്ങനെതന്നെ" എന്ന് രാമനാമഠവും സമ്മതിച്ചു.

കുറുപ്പിനെയും ഭ്രാന്തനെയും ആ രാത്രിതന്നെ ചെമ്പകശ്ശേരിയിലേക്ക് മാറ്റി. മേല്പറയപ്പെട്ട ആലോചനയുടെയും ഇവരെ ചെമ്പകശ്ശേരിയിലേക്ക് കൊണ്ടുപോകുംവഴിക്ക് രാമനാമഠം മുതല്പേർ കണ്ട ചില സംഗതികളുടെയും വിവരങ്ങൾ അടുത്ത അദ്ധ്യായത്തിൽനിന്ന് അറിയാവുന്നതാണ്.

# 21

“രാജീവനേത്രനെച്ചിന്തിച്ചു ചിന്തിച്ചു
രാജാ ദശരഥൻ പുക്ക സുരാലയം.”

അടുത്ത പ്രഭാതമായി. രാവണൻ ലങ്കാധിപനായിരുന്ന കാലങ്ങളിൽ ഉത്തരായനത്തിൽനിന്ന് പകർച്ച കൂടാതെ ഗതിചെയ്തുകൊണ്ടിരുന്ന മഹാഭീരു, തമ്പിമാരുടെ ജയകാലത്ത് തന്റെ കിരണങ്ങളെ വേണാട്ടുഭൂമിയിൽ പതിപ്പിക്കുന്നതു് ആ പ്രതാപവാന്മാർക്ക് അഹിതമായേക്കുമെന്നുള്ള ശങ്കമൂലം മേഘങ്ങളാകുന്ന ഛത്രങ്ങളെക്കൊണ്ട് തന്റെ പ്രഭയെ മറച്ചുകൊണ്ട് രഥാരോഹണം ചെയ്തിരിക്കുന്നു. പത്തുപന്ത്രണ്ട് മണിക്കൂറിന് മുമ്പിൽ വിജനപ്രദേശമെന്ന് തോന്നപ്പെട്ട രാജധാനിയിൽ കല്പാന്തഭ്രകമ്പംപോലെ വലിയൊരു ഘോഷവുമായിരിക്കുന്നു. നഗരത്തിന്റെ നാലുഭാഗങ്ങളിൽനിന്നും ജനങ്ങൾ ഇളകി രാജമന്ദിരത്തിന്റെ പുരോഭാഗത്തുള്ള വീഥിയിലും കഴക്കൂട്ടത്തു പിള്ളയുടെ ഗൃഹത്തിലും കൂടുന്നു. കോപംകൊണ്ട് കലുഷമാകാതുള്ള മുഖം ഒന്നുപോലും ഈ സംഘങ്ങളിൽ കാണ്മാനില്ല. വൃദ്ധനും യുവാവും ബാലനും ഒന്നുപോലെ പുളച്ച് അവനവന്റെ അഭിപ്രായങ്ങളെ ഭയലേശംകൂടാതെ പരസ്യമായി ഘോഷിക്കുന്നു. സാഹസ കൃത്യങ്ങളിൽ ഉൾ

പ്പെടുന്നതിന് അരുതാത്തവരായ സ്ത്രീജനങ്ങൾ തങ്ങളുടെ ഗൃഹങ്ങളിലിരുന്ന് യുവരാജാവിനെ അവരവർക്ക് തൃപ്തിയാകുംവണ്ണം ശപിക്കയും ഭർത്സിക്കയും ചെയ്യുന്നു. കഴക്കൂട്ടത്തു പിള്ളയെ നിഗ്രഹിക്കണമെന്ന് കരുതി യുവരാജാവ് പരിവാരസമേതനായി അദ്ദേഹത്തിന്റെ ഗൃഹത്തിൽ അർദ്ധരാത്രി പ്രവേശിച്ചു എന്നും അദ്ദേഹത്തെ കാണായ്കയാൽ അവിടെ കിടന്നുറങ്ങിയിരുന്ന വേലുക്കുറുപ്പിനെയും പാരദേശികനായ ഒരുവനെയും ചതിയാൽ കൊന്നു എന്നും ഈ കഥയെ കഴക്കൂട്ടത്തു പിള്ളയുടെ ഭൃത്യരിൽ ചിലർ രാമനാമഠത്തിൽപ്പിള്ളയെ ധരിപ്പിച്ചു എന്നും ഇദ്ദേഹം ഈ സംഗതിയെ തമ്പിയെ ഗ്രഹിപ്പിച്ചിട്ട് ശങ്കരച്ചാർ എന്ന് പറയപ്പെട്ട ഒരുവനോടുകൂടി കഴക്കൂട്ടത്തു പിള്ളയുടെ വീട്ടിലേക്കും പോകുംവഴിയിൽ, ആ സ്ഥലത്തുനിന്ന് മടങ്ങിവരുന്ന യുവരാജാവും ഭടന്മാരും ശങ്കരച്ചാരെ കൊട്ടാരത്തിന്റെ വാതുക്കൽവച്ച് വെട്ടിക്കൊന്നു എന്നും രാമനാമഠം പ്രാണ രക്ഷാർത്ഥം ഓടേണ്ടിവന്നു എന്നും ഈ അക്രമങ്ങൾക്ക് പുറമേ തമ്പിയുടെ സേവകപ്രധാനനായ സുന്ദരയ്യനെ കൊല്ലുന്നതിനായി രാജഭടന്മാർ അദ്ദേഹത്തിന്റെ ഭാര്യയുടെ ഗൃഹത്തിൽ കടന്നു എന്നും ഭാഗ്യത്താൽ സുന്ദരയ്യൻ അപ്പോൾ അവിടെ ഇല്ലായിരുന്നു എന്നും തിരുവനന്തപുരത്തുള്ള സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം അറിഞ്ഞിരിക്കുന്നു. ഈ കഥകൾ കൂടാതെ തിരുമുഖത്തു പിള്ളയുടെ മകൻ അനന്തപത്മനാഭനെ കൊന്ന യക്ഷിയും യുവരാജാവുതന്നെ എന്നുള്ളതിലേക്ക് തിരുമുഖത്തു പിള്ളയ്ക്ക് തെളിവുകിട്ടുകയാൽ അദ്ദേഹം തന്റെ സങ്കടത്തെ മഹാരാജാവിനോട്ട് അറിയിക്കുന്നതിനായി വരു

ന്നുണ്ടെന്നും മഹാരാജാവ് ആലസ്യമായി കിടക്കുന്ന ത ക്കംനോക്കി അദ്ദേഹത്തിന്റെ പുത്രന്മാരെ അമർത്തുന്ന തിനായി കിഴക്കൻ ദിക്കുകളിൽ നിന്ന് ഒരു കുറുപ്പിനെ യും പത്തുമുന്നൂറ് നായന്മാരെയും യുവരാജാവ് വരുത്തി എ ന്നും കഴക്കൂട്ടത്തു പിള്ളയുടെ കൈയിൽ കുറുപ്പ് അകപ്പെ ടുകയും വെങ്ങാന്നൂർ പിള്ളയാൽ നായന്മാർ നെയ്യാറ്റുംക ര എന്ന ദിക്കിൽ വച്ച് യുദ്ധത്തിൽ പരാജിതരാക്കപ്പെടു കയും ചെയ്തിരിക്കുന്ന് എന്നും മറ്റും ഓരോ വർത്തമാന ങ്ങളും പരന്നിരിക്കുന്നു. ഈവിധമുള്ള കഠോരവഞ്ചനകൾ ക്ക് സന്നദ്ധനായ യുവരാജാവിനെ നിഗ്രഹിക്കുന്നത് രാ ജ്യക്ഷേമത്തിന് അത്യാവശ്യമായുള്ള ഒരു ക്രിയയാണെ ന്ന് ചില പൗരന്മാർ അഭിപ്രായപ്പെടുന്നു. തമ്പിമാരെ പ ട്ടംകെട്ടിക്കണമെന്ന് മറ്റു ചിലരും കിഴക്കൻ നായന്മാർ രാ ജപാർശ്വത്തിൽ ചേർന്നിരിക്കുന്നതിന് അവരെ ഒന്ന് പ ഠിപ്പിക്കണമെന്നു പിന്നെ ചിലരും രാജവംശത്തെ പാ ടെ ഒടുക്കണമെന്ന് ചിലരും ഇങ്ങനെ ഓരോവിധം ആ ലോചനകൾ നടക്കുന്നതിനിടയിൽ എട്ടുവീട്ടിൽ പിള്ള മാരുടെയും തമ്പിമാരുടെയും സഹായികൾ ജനസംഘ ങ്ങൾക്കിടയിൽ കടന്ന് അവരിൽ ഉദിച്ചിരിക്കുന്ന കോ പത്തെ ഉചിതമായുള്ള ഉപായവാക്കുകൾകൊണ്ടു് വർദ്ധി പ്പിക്കുന്നു. ഏകദേശം എട്ടുനാഴിക പുലർന്നപ്പോഴേക്ക് ജ നങ്ങളുടെ ദ്വേഷരോഷങ്ങൾക്ക് അതിരില്ലാതായിരിക്കു ന്നു. ഗുണദോഷവിചാരവും സംഗതികളുടെ സൂക്ഷ്മത്തെക്കു റിച്ച് അന്വേഷണവും താന്താങ്ങൾ ആചരിക്കുന്നത് എ ന്താണെന്നുള്ള ജ്ഞാനവും കൂടാതെ, പൗരന്മാർ ആർത്തു ഘോഷിച്ച് കൊട്ടാരത്തിനെ ആക്രമിക്കാനായി അടുക്കു

ന്നു. രക്തം അണിഞ്ഞു് കിടക്കുന്ന മൂന്നു പ്രേതങ്ങളുടെ ദർശനത്താൽ വിവേകശൂന്യരായിരിക്കുന്ന ജനങ്ങൾ നായകനില്ലാത്ത സൈന്യത്തെപ്പോലെ മദംകൊണ്ട് പ്രതിക്രിയയ്ക്കായി കൊട്ടാരത്തിന്റെ ബന്ധിക്കപ്പെട്ടിരിക്കുന്ന വാതിലുകൾ തകർത്ത് തുടങ്ങുന്നു. ഓരോരുത്തർ വാളും വടിയും കുന്തവും ഏന്തിയും വീശിയും ചുഴറ്റിയും വീര്യം നടിച്ച് മുൻനിരകളിൽ കടക്കുന്നതിന് തിക്കിത്തിരക്കി അടുക്കുന്നു.

വേലുക്കുറുപ്പ് മുതലായ മൂന്നുപേരുടെയും മൃതി എങ്ങനെ സംഭവിച്ചു എന്നും ആനന്തത്തിന്റെ ഭവനത്തിൽ നടന്ന മോഷണത്തിന്റെ ഹേതു എന്താണെന്നും ചോരന്മാർ ആരെന്നും സ്പഷ്ടമാണല്ലൊ. കഴക്കൂട്ടത്തു പിള്ളയുടെ ഭവനത്തിലുണ്ടായ സംഭവങ്ങൾ യുവരാജാവിന്റെ മേൽ ചുമത്തി ജനങ്ങളുടെ സ്നേഹത്തെ നഷ്ടമാക്കണമെന്ന്, ആ സ്ഥലത്ത് വെച്ചുണ്ടായ ഒടുവിലത്തെ ആലോചനയിൽ സുന്ദരയ്യൻ അഭിപ്രായപ്പെട്ടതായിരുന്നു. മാങ്കോയിക്കൽ കുറുപ്പിനെയും ഭ്രാന്തനെയും ചെമ്പകശ്ശേരിയിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് കൊട്ടാരത്തിന്റെ വാതുക്കൽ ഒരു പ്രേതം കാണുകയാൽ രാമനാമഠം മുമ്പായവർ ആരുടെ ശവമെന്ന് പരിശോധനചെയ്തു. മരിച്ച ആളെ അദ്ദേഹത്തിന് നല്ല പരിചയം ഉണ്ടായിരുന്നതുകൊണ്ടും പ്രേതം കൊട്ടാരത്തിന്റെ ഗോപുരത്തിന് സമീപത്തു കിടന്നിരുന്നതിനാലും രാജപക്ഷക്കാർ കൊന്നതുതന്നെ എന്ന് തീർച്ചയാക്കി അതിനെയും ഗൃഹത്തിലുണ്ടായ മോഷണവർത്തമാനത്തെ ആ സ്ത്രീതന്നെ തന്റെ ഭർത്താവിനോട്ട് അക്കഥ അറിയിക്കാൻ പുറപ്പെടുന്ന മാർഗ്ഗത്തിൽ പരത്തിയതായിരുന്നു.

യുവരാജാവും സേവകജനങ്ങളും പൗരന്മാർ ഇളകുന്നു എന്നുള്ള വർത്തമാനം ധരിച്ച ഉടനെതന്നെ കൊട്ടാരത്തിന്റെ വാതിലുകൾ ബന്ധിച്ച് ആലോചന തുടങ്ങി. ആർപ്പും വിളികളും മുഴക്കംതോറും അവരുടെ സംഭ്രമവും വർദ്ധിച്ചു. യുവരാജാവും അടുത്ത സേവകന്മാരും രാത്രിയിൽ വേഷപ്രച്ഛന്നരായി സഞ്ചരിച്ച കഥ കൊട്ടാരത്തിലുള്ളവർ ഗ്രഹിച്ചിരുന്നതിനാൽ ഈ സഞ്ചാരത്തിനിടയിൽ പൗരന്മാർക്കു് കോപത്തെ ഉണ്ടാക്കുന്നതായ എന്തോ ക്രിയ യുവരാജാവു് നടത്തീട്ടുണ്ടെന്നു് സർവ്വാധിമുമ്പായ ജനങ്ങൾക്കു ശങ്കയുണ്ടായി. മഹാരാജാവിന്റെ ആലസ്യസ്ഥിതി അറിഞ്ഞു് കിളിമാനൂർ മുതലായ സ്ഥലങ്ങളിൽനിന്നു് വന്നിട്ടുള്ള രാജബന്ധുക്കളും വലിയ പരുങ്ങലിലായി. യുവരാജാവിന്റെ അപേക്ഷാനുസാരമായി താൻ ചേർത്തു്, നാരായണയ്യൻ എന്ന രാജഭൃത്യന്റെ അധീനത്തിലാക്കി സമുദ്രതീരമാർഗ്ഗമായി വരുന്നതിനു് ചട്ടംകെട്ടീട്ടുള്ള നായന്മാർ വന്നുചേർന്നെങ്കിലോ എന്നു് കിളിമാനൂർനിന്നു്, ശങ്കരച്ചാരുടെ മരണശേഷം, ആ രാത്രിയിൽത്തന്നെ വന്നെത്തിയിട്ടുള്ള കേരളവർമ്മകോയിത്തമ്പുരാൻ പ്രാർത്ഥന തുടങ്ങി. ഇദ്ദേഹത്തിന്റെ ഭാവം കണ്ടു് പുഞ്ചിരിയോടുകൂടി വീരനായ യുവരാജാവു് ഇപ്രകാരം അരുളിച്ചെയ്തു: “രണ്ടാമതു് ഒരു ബലികൂടി ആലോചിക്കുന്നോ? അതിനു് ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ജ്യേഷ്ഠൻ ജീവനെ ഉപേക്ഷിച്ച് അപ്പനെയുംമറ്റും രക്ഷിച്ചതിന്റെ കടം വഴിപോലെ തീർന്നിട്ടില്ല.”

കിളിമാനൂർ കോയിത്തമ്പുരാൻ: “ഹേയ്! അതൊന്നുമല്ല ആലോചിക്കുന്നതു്. നാരായണയ്യൻ വന്നെങ്കിലോ

എന്നു വിചാരിക്കയാണ്. ഈ അസുരക്കൂട്ടത്തിൽ ഒരുവനാൽ എന്താകും?"

യുവരാജാവ്: "ഒരാളാൽ സാദ്ധ്യമാകുന്നതു് എത്രത്തോളമുണ്ടെന്ന് ആ കുടുംബത്തിൽനിന്ന് ബോദ്ധ്യമാക്കിയല്ലൊ."

കിളിമാനൂർ കോയിത്തമ്പുരാൻ: "അത്ര ധൈര്യം ശേഷിച്ചവർക്കുണ്ടോ?"

യുവരാജാവ്: "ഉണ്ടാകുമെന്നാണ് തോന്നുന്നതു്. സ്നേഹം ഉള്ളാളുകൾക്കു് ബന്ധുക്കളുടെ ആപത്തിൽ സാക്ഷാലുള്ളതിൽ സഹസ്രഗുണം ധൈര്യമുണ്ടാകും. ഇല്ലെന്ന് ശങ്കിക്കേണ്ട. കണ്ടില്ലേ രാമയ്യന്റെ ഭാവം പകർന്നിരിക്കുന്നതു്? പരമേശ്വരന്റെ നാട്യം കണ്ടാൽ ഏകദേശം ഒരു വലലനോടടുക്കും. എന്താ പരമേശ്വരാ, വാതിലടച്ച് മുതുവൃദ്ധകളെപ്പോലെ കുത്തിയിരുന്നാൽ കാര്യം ഊർദ്ധ്വം. പുറപ്പെടാമോ? ഒരു കൈ നോക്കരുതോ?"

പരമേശ്വരൻ പിള്ള: "നോക്കിയാൽ കൈ ഒന്നല്ല, പത്തുരണ്ടായിരം കാണാം. പക്ഷേ അടിയൻ കൂടിയില്ല. ഇന്നലത്തെ എഴുത്തിനെ ഇത്ര വേഗം കല്പിച്ചു മറന്നോ?"

യുവരാജാവ്: "ഇവിടെ ഈ സ്ഥിതിയിൽ എത്രനേരം നിൽക്കണമെന്നാണ് നിന്റെ അഭിപ്രായം?"

പരമേശ്വരൻ പിള്ള: "വെളിയിൽ കേൾക്കുന്ന തിളപ്പെല്ലാം ഒരു ചരടിന്റെ തിരിപ്പാണ്. ഈ ചാട്ടമെല്ലാം വയറ്റിൽ കാറ്റു തട്ടുമ്പോൾ ഒതുങ്ങും. ചരട് തിരിപ്പും അപ്പോൾ ഉതകുല്ല."

യുവരാജാവ്: "വിശന്നു തുടങ്ങുമ്പോൾ പോകുന്ന ആളുകൾ എന്ന് വിചാരിക്കുന്നത് മഹാ അബദ്ധം. എന്താ, രാമയ്യൻ മിണ്ടാതെ നിൽക്കുന്നത്?"

രാമയ്യൻ: "കല്പിച്ച് പുറത്ത് എഴുന്നള്ളിക്കൂടാ."

കിളിമാനൂർ കോയിത്തമ്പുരാൻ: "എന്നുതന്നെയാണ് എന്റെ അഭിപ്രായവും."

യുവരാജാവ്: "ജനങ്ങൾക്കുള്ള സങ്കടം, അമ്മാവന് ആലസ്യമായിരിക്കുന്ന സ്ഥിതിക്ക്, ഞാൻതന്നെ അല്ലേ കേൾക്കേണ്ടത്?"

കിളിമാനൂർ കോയിത്തമ്പുരാൻ: "അതത്ര ആവശ്യമില്ല. ന്യായമായ വിധത്തിൽ വരുമ്പോളല്ലെ സങ്കടം കേൾക്കേണ്ടൂ?"

യുവരാജാവ്: "അങ്ങനെയല്ല, കേട്ടിട്ടില്ലേ? ലഹള മുഴുത്ത് വരുന്നു. അമ്മാവനു കുറച്ചു സുഖമായി വരുന്നുണ്ട്. ഈ കഥ കേട്ടാൽ സുഖക്കേട് വർദ്ധിച്ചേക്കും."

പരമേശ്വരൻ പിള്ള: "കാര്യം കേൾക്കാൻ ചെന്നാൽ അവർ പച്ചയോടെ തിന്നും."

കിളിമാനൂർ കോയിത്തമ്പുരാൻ: "പരമേശ്വരൻ പറയുന്നതു ശരിയാണ്. ഇവിടുത്തോട്ട് ഈയാളുകൾക്ക് കുറച്ചധികം ദ്വേഷമുണ്ട്. വിശേഷിച്ചും എന്നെ കാണുമ്പോൾ അത് വർദ്ധിക്കും."

യുവരാജാവ്: "അവിടുന്ന് ഇവിടെ തന്നെ നിന്നാൽ മതി."

കിളിമാനൂർ കോയിത്തമ്പുരാൻ: "അതെനിക്കും സമ്മതമാവണമല്ലോ?"

യുവരാജാവ്: "എന്തു് കളിയാണിതു്! ഈ ലഹളയ്ക്കു് എങ്ങനെയാണു് ഒരൊതുക്കം? ജനങ്ങൾക്കു് എന്നോടു ദ്വേഷമാണെങ്കിൽ ഈ സ്ഥാനം ഞാൻ ഉപേക്ഷിച്ചേക്കാം. തമ്പിമാർതന്നെ വാഴട്ടെ. അങ്ങനെയെങ്കിലും രാജ്യത്തു് സമാധാനമുണ്ടാവട്ടെ."

കിളിമാനൂർ കോയിത്തമ്പുരാൻ: "പശുവിനെ വളർത്താൻ വ്യാഘ്രമാണല്ലേ നല്ലതു്? ഭംഗിയായ അഭിപ്രായം! അപ്പന്റെ ഈ അഭിപ്രായം അവിടേക്കു് ലേശം ചേരുന്നില്ല."

പരമേശ്വരൻ പിള്ള: "സിദ്ധാന്തം! സിദ്ധാന്തം! തമ്പുരാനാണെന്നുവച്ചു് നല്ല ആളുകളുടെ വാക്കു് കേൾക്കരുതോ? അല്ലേ, അവസ്ഥ കുറഞ്ഞുപോകുമെന്നോ?"

പരമേശ്വരൻ പിള്ളയുടെ ഹാസ്യമായുള്ള ഈ വാക്കുകൾ കേട്ടു് അരുണമായ നേത്രങ്ങളോടുകൂടി അയാളെ ഒന്നു് നോക്കീട്ടു്, യുവരാജാവു് ചിന്താഗ്രസ്തനായും ബുദ്ധിക്ഷയത്തോടും വ്യസനത്തോടും നിന്നു. ഈ സ്ഥിതിയിൽനിന്നു് കൊട്ടാരത്തിന്റെ മുകളിൽ പതിച്ച കല്ലുകളാൽ ഉണർത്തപ്പെട്ടു്, യാതൊരു ആലോചനയും കൂടാതെ തന്റെ ഖഡ്ഗത്തെ ധരിച്ചുകൊണ്ടു് മുന്നോട്ടു് നടകൊണ്ടു. രാജസംബന്ധികളായ ജനങ്ങൾ മുന്നിൽ കടന്നു് കരങ്ങളെ പരത്തി യുവരാജാവിന്റെ മാർഗ്ഗത്തെ തടുത്തു. പരമേശ്വരൻ പിള്ള വാവിട്ടു കരഞ്ഞു. രാമയ്യൻ 'സ്വാമി' എന്നു് അതിവിനയത്തോടുകൂടി ദീനനായി ഒന്നുവിളിച്ചു. യുവരാജാവു് തിരിഞ്ഞു് ബ്രാഹ്മണന്റെ മുഖത്തു് നോക്കിയപ്പോൾ തന്റെ അഭിപ്രായങ്ങളെ വാക്കുകളാൽ ഗ്രഹിപ്പിക്കാൻ കഴിയാതെ ഗദ്ഗദത്തോടുകൂടി കവിൾത്തടങ്ങളെയും അ

ധരോഷ്ഠങ്ങളെയും ചലിപ്പിക്കുന്നതു് കാണുകയാൽ രാമയ്യനോട്ട് യുവരാജാവ് ഇങ്ങനെ അരുളിച്ചെയ്തു: "പരമേശ്വരന്റെ ജ്യേഷ്ഠനാണ് താൻ. വീരനെന്ന് ഞാൻ വിചാരിച്ചിരുന്നു. (പരമേശ്വരൻ പിള്ളയോട്ട്) മതി മതി, ഇവിടെ ആരും മരിച്ചിട്ടില്ല. (മറ്റുള്ളവരോട്ട് ഗൗരവത്തോടുകൂടി) ചില കൃത്രിമക്കാർക്ക് മാത്രമേ എന്നോട്ട് ദ്വേഷമുള്ളൂ എന്ന് ഞാൻ വിചാരിച്ചിരുന്നു. ഇപ്പോൾ നാട്ടാരുടെ മനസ്സും അറിയുന്നതിന് സംഗതി ആയി. ഇനി എന്താണ് ആലോചിപ്പാനുള്ളതു്? രണ്ടാലൊന്ന് തീർച്ച വരട്ടെ."

പരമേശ്വരൻ പിള്ള: (കരഞ്ഞുകൊണ്ട്) "രണ്ടുംകെട്ട ഈ പ്രവൃത്തി അവിവേകമല്ലെന്ന് വല്ലോരു കേട്ടാൽ പറയുമോ? പത്മനാഭ! നീയും കണ്ടോണ്ടിരിക്കുന്നല്ലോ ഈ പാപികളുടെ ചാട്ടമെല്ലാം."

യുവരാജാവ്: "ഒന്നുകിൽ വാതിൽ തുറപ്പിക്കണം. അല്ലെങ്കിൽ ഞാൻ അങ്ങോട്ടുണ്ട്. ഒളിച്ചുനടന്ന് കഴിച്ചുകൂട്ടിയതുമതി. ഇനി ആ വൃത്തി കഴികയില്ല."

രാമയ്യൻ: (കുറച്ച് ആലോചിച്ചിട്ട്) "സ്വാമി, വാതിൽ തുറക്കാം. കല്പിച്ച് അങ്ങോട്ട് എഴുന്നള്ളണ്ട."

ഈ വാക്കുകളോടുകൂടി രാമയ്യൻ യുവരാജാവിന്റെ മുമ്പിൽനിന്ന് ക്ഷണത്തിൽ മറഞ്ഞു. ഇദ്ദേഹം എന്തന്വേഷിക്കാൻ ഭാവിക്കുന്നു എന്നുള്ളതിനെക്കുറിച്ച് അറിവാൻ കഴിവില്ലാതെ മറ്റുള്ളവർ ആ സ്ഥലത്തുതന്നെ ഓരോ മനോരാജ്യങ്ങളോടുകൂടി നിന്നു. രാജനിലയനത്തിന്റെ പ്രധാന വാതിലിനെ ബലേന തുറക്കുന്നതിന് ഒരുമ്പെട്ട മൃഗപ്രായന്മാരായ പൗരന്മാരുടെ ശ്രമം അധികം സാഹസം കൂടാ

തെ സാധിച്ചു. സാക്ഷകളും കുറ്റികളും പൊട്ടി വാതിൽ പുറകോട്ടു വീണപ്പോൾ, നൂറ്റാണ്ടു ശ്രമംചെയ്തു ഏറ്റവും ശ്ലാഘനീയമായുള്ള ഒരു ജയം നേടിയതുപോലെ സന്തോഷം കൊണ്ടു മദാന്ധന്മാരായി, വാതിലിന്റെ പതനാരവത്തെത്തുടർന്നു നഗരത്തിലെങ്ങും മാറ്റൊലിക്കൊള്ളുമാറു്, പൗരന്മാർ ഏകോപിച്ചു് ഒന്നു് ആർത്തു് ഘോഷിച്ചു. ചിറ ഭേദിച്ച ജലം തള്ളി പ്രവഹിക്കുമ്പോലെ ജനങ്ങൾ തിക്കിഞെരുക്കി അകത്തോട്ടു കടന്നു തുടങ്ങി. പെരുവഴിയിൽ പരന്നുനിന്നിരുന്ന ജനസംഘത്തിനു് പാടേ മുന്നോട്ടു് ഒരു ചലനവും ഉണ്ടായി. എന്നാൽ അകത്തോട്ടു് ആദ്യം കടന്ന ശൂരന്മാർ എന്തു് കാരണത്താലോ പൊടുന്നനവെ നിന്നു. ആയുധങ്ങളെ പുറകിൽ ഒളിച്ചുകൊണ്ടു് അത്യാദരവോടുകൂടി വന്ദിച്ചു. ഇതുകണ്ടു് പിൻതുടർന്നവർ സംഭ്രമത്തോടുകൂടി പിൻവാങ്ങി. മുന്നോട്ടുള്ള വേഗം കുറഞ്ഞു, മുന്നുള്ളവരാൽ തടുക്കപ്പെട്ട ജനതതികൾ നിലയിലായി. ചിലർ പാദാംഗുഷ്ഠങ്ങളെ ഊന്നിപ്പൊങ്ങി മുന്നോട്ടു നോക്കി, മുമ്പിലുള്ളവർ പിൻതിരിയുന്നതിനെ കണ്ടിട്ടു്, ഓടിത്തുടങ്ങി. കാരണം അറിയാതെ മറ്റുള്ളവരും പേടിച്ചതുപോലെ പാഞ്ഞു്, തങ്ങൾതങ്ങൾക്കുള്ള ഗൃഹത്തിലെത്തി. മുമ്പിൽ അകപ്പെട്ട അഞ്ചെട്ടു് ആളുകൾമാത്രം ആ സ്ഥലത്തു് ശേഷിച്ചു.

യുവരാജാവിന്റെ സന്നിധിയിൽനിന്നു് പുറപ്പെട്ട രാമയ്യൻ രോഗാതുരനായിക്കിടക്കുന്ന മഹാരാജാവിന്റെ മുമ്പിൽ എത്തി, പുരവാസികളുടെ ലഹളകളെയും യുവരാജാവിന്റെ നിശ്ചയത്തെയും സംബന്ധിച്ചുള്ള സംഗതികൾ സകലതും അറിയിച്ചു. മഹാരാജാവു് തന്റെ ഭാഗിനേ



യനെക്കുറിച്ചുള്ള അതിവാത്സല്യം ഹേതുവാൽ തനിക്കു ള്ള ക്ഷീണാധിക്യത്തെ സാരമാക്കാതെ എഴുന്നേറ്റ്, രാമ യ്യന്റെയുംമറ്റും സഹായത്തോടുകൂടി നടന്ന്, ജനങ്ങൾ അക ത്തോട്ട് കടന്ന സന്ധിയിൽ ആ സ്ഥലത്ത് എത്തി. ശോ ഷിച്ച് അസ്ഥിമാത്രം ശേഷിച്ചിരിക്കുന്ന മഹാരാജാവി നെ കണ്ടപ്പോൾ പൗരപ്രധാനന്മാർക്ക് തങ്ങളുടെ പ്രവൃ ത്തിയുടെ ഗൗരവത്തെക്കുറിച്ച് ഉണർച്ചയുണ്ടായി. നാട്ടുവാ ഴിയെക്കുറിച്ച് തങ്ങൾക്ക് സഹജമായുള്ള ഭക്തിമൂലം അ

വർ ആയുധങ്ങളെ മറച്ചുകൊണ്ട് ആചാരാനുസാരമായി മുഖം കാണിച്ച് ലജ്ജയോടും വ്യസനത്തോടും മുഖം താഴ്ത്തിനിന്നു. അരനിമിഷംകൊണ്ട് കൊട്ടാരത്തിനകം അഞ്ചെട്ട് പൗരന്മാർ നില്ക്കുന്നവരെ ഒഴിച്ച് പൂർവ്വസ്ഥിതിയിലായി. അവർ പശ്ചാത്താപത്തോടും ഭയത്തോടും നില്ക്കുന്നതിനെ കണ്ട്, ക്ഷീണത്താൽ പരവശനായ മഹാരാജാവ് പൊയ്ക്കൊള്ളുന്നതിന് ആംഗ്യംകൊണ്ട്, അനുകമ്പയോടുകൂടി, അവരോട് ആജ്ഞാപിച്ചു. അനന്തരം തന്നെ താങ്ങിക്കൊണ്ട് നില്ക്കുന്ന രാമയ്യന്റെ മുഖത്തുനോക്കി "അപ്പന് മന്ത്രി താൻതന്നെ. മേൽക്കുമേൽ ശ്രേയസ്സുണ്ടാകും. സാധുക്കൾ എന്റെ കുട്ടികൾ! അവർക്ക് ഒരാശ്രയവും ഇല്ല. രാമയ്യൻ കുറച്ചൊക്കെ ക്ഷമിക്കണം … അസ്തമനം ആയോ? … താൻ പൊയ്ക്കളഞ്ഞോ? … ആരാ നില വിളിക്കുന്നത്? പത്മനാഭ! അപ്പനെവിടെ?" ഇത്രയും പറഞ്ഞു് ബോധക്ഷയത്തോടുകൂടി, വാവലുകൾ പറക്കും പോലെ ജനസംഘം മടങ്ങി ഓടുന്ന ധ്വനി കേട്ട്, അപ്പോൾ ആ സ്ഥലത്ത് വന്നുചേർന്ന യുവരാജാവിന്റെ കരങ്ങളിൽ പതിച്ചു.

ഈ ദിനാരംഭത്തിൽ ആദിത്യദേവൻ അപ്രത്യക്ഷമായിരുന്നു എന്നു പ്രസ്താവിക്ക ഉണ്ടായല്ലോ. അന്ന് ആദിത്യപ്രവേശം കേവലം അനാവശ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ തമ്പിയുടെയും സുന്ദരയ്യന്റെയും ആനനപ്രസാദംകൊണ്ടുതന്നെ സകലലോകങ്ങളും ശോഭിക്കുമായിരുന്നു. ഇവർ രണ്ടുപേരും സന്തോഷാംബുധിയിൽ നിമഗ്നന്മാരായി, മഹാജളന്മാരായി തീർന്നിരിക്കുന്നു. നഗരവാസികൾ ഇളകിത്തുടങ്ങിയപ്പോൾ തമ്പി നവമായ ചില ന

ടനസമ്പ്രദായങ്ങളും സുന്ദരയ്യൻ വർണ്ണങ്ങളും നിർമ്മിച്ചു തുടങ്ങി. പൗരന്മാരുടെ ലഹള വളർന്നപ്പോൾ തമ്പി പരമഭ്രാന്തനായിട്ട് നടനങ്ങൾക്കിടയിൽ പൊടിക്കൈകളായി സുന്ദരയ്യനെ മാന്തുക, തല്ലുക മുതലായ പ്രേമസൂചകങ്ങളായ ക്രിയകൾകൊണ്ട് സമ്മാനങ്ങളും ആരംഭിച്ചു. എന്നാൽ ഈ ഉത്സാഹങ്ങൾക്ക് ഒരു പ്രതിബന്ധം അല്പനേരത്തേക്ക് നേരിട്ടു. സുഭദ്രയുടെ ദൂതനായ പപ്പു ആ മഹാരംഗത്തിൽ പ്രവേശിച്ച് അവന്റെ ദീനപ്രലാപങ്ങളും ചടങ്ങുകളുംകൊണ്ട് തമ്പിയുടെ ഉന്മേഷത്തെ, വജ്രായുധത്താൽ ഇന്ദ്രൻ വിന്ധ്യനെ എന്നപോലെ, പക്ഷച്ഛേദനം ചെയ്ത് ശരിയായ നിലയിലാക്കി. സുഭദ്ര മരിച്ചു എന്നുള്ള വ്യാജമായ വൃത്താന്തംകേട്ട് സത്യമെന്നുള്ള വിശ്വാസത്തോടുകൂടി തമ്പി കയർത്തും വ്യസനിച്ചും സുന്ദരയ്യന്റെ മുഖത്ത് നോക്കുന്നതിനിടയിൽ ബ്രാഹ്മണൻ പപ്പുവിനെ കണ്ഠത്തിന് പിടിച്ച് പുറത്താക്കി വാതിലും ബന്ധിച്ചു.

തമ്പി: “നിർദ്ദയനായ താൻ ബ്രാഹ്മണവംശത്തിൽ ജനിച്ചത് അത്യാശ്ചര്യം! താൻമൂലമാണ് ആ സ്ത്രീക്ക് മഹാദുഃഖമുണ്ടായത്. തന്റെ ആഗ്രഹസിദ്ധിക്ക് ഉൾപ്പെടാത്ത അവളുടെ ഭർത്താവിനെ വ്യാജങ്ങൾ ധരിപ്പിച്ചു. അതുകൊണ്ട് മതിയാകാഞ്ഞിട്ട് എന്നെക്കൊണ്ട് അവൾക്ക് ഒരെഴുത്ത് എഴുതി വാങ്ങി അയാളുടെ കൈയിലാക്കി, അയാളെ ഓടിക്കുകയും ചെയ്തു. പരമ ദുഷ്ടനായ താൻ ആ മഹാസാധുവിനെ ഇപ്പോൾ വിഷംകൊടുത്ത് കൊല്ലുകയും ചെയ്തു. എന്നിട്ട്, ആ കഥ കേട്ടിട്ട്, ലേശം കുസലുമില്ല…”

സുന്ദരയ്യൻ: “വിഷത്തെക്കൊടുത്തതു് നാന്താൻ. ഒമ്മൂടെ ഉത്തരവെ നാൻ കേൾക്കത്തൊനേ വേണം.”

തമ്പി: “രാക്ഷസ! എന്റെ ഉത്തരവോ? നിന്റെ ഉപദേശമെന്നു് പറ.”

സുന്ദരയ്യൻ: “എന്നമോ ആഹട്ടും. ഒമ്മുടെ ക്ഷേമത്തുക്കാകത്താനെ ശെയ്തതു്.”

തമ്പി: “ഒന്നുമല്ല. എനിക്കു് ആ പാവത്തിന്റെ മരണംകൊണ്ടു് ഒരു ലാഭവുമില്ല. കഷ്ടം! നാരായണ! ഈ ദുരിതം എവിടെക്കൊണ്ടുവെയ്ക്കും? വിചാരിക്കുന്തോറും സഹിക്കുന്നില്ല.”

കുലടയും കൃത്രിമിയുമായ ഒരു സ്ത്രീയുടെ മരണത്തെക്കുറിച്ചു് ക്ലേശിക്കരുതെന്നും മഹാരാജാവായാൽ തനിക്കു് ഇഷ്ടമുള്ള സ്ത്രീകളോടുകൂടി രമിക്കാമെന്നും മറ്റും പറഞ്ഞു് തമ്പിയുടെ കോപശോകങ്ങളെ നീക്കുന്നതിനു് സുന്ദരയ്യൻ ശ്രമിച്ചു.

തമ്പി: “ദ്രോഹീ, അവൾ മരിച്ചതെങ്ങനെയെന്നു് കുടമൺപിള്ള മുതൽപേർ അറിയുമ്പോൾ നമ്മുടെ തലയിൽ തീ കോരി ഇടുമല്ലോ.”

സുന്ദരയ്യൻ: “അനന്തപത്മനാഭൻ ശെത്തതു് എപ്പടി? ആരാവതു് ശൊല്ലട്ടും. ശുന്തരത്തുടെ തിരുക്കെല്ലാം ഇന്തിരനക്കും തെരിയവരാതു്. പോച്ചോല്ലും. ഒളറതിരും.”

ഈ വാക്കുകൾ കേട്ടിട്ടും സമാധാനപ്പെടാതെ തമ്പി, ‘മഹാപാപി’ എന്നു് മന്ത്രിച്ചുകൊണ്ടു് ഉഴലുന്നതിനിടയിൽ പുറത്തുനിന്നു് ഒരുവൻ വാതിലിൽ മുട്ടുകയാൽ തമ്പിയുടെ കണ്ണിൽ പെരുകി നിന്നിരുന്ന അശ്രുക്കളെ തന്റെ വസ്ത്ര

ത്താൽ സുന്ദരയ്യൻ തുടച്ചിട്ട് വാതിൽ തുറന്നു. തമ്പിയുടെ പരിചാരകന്മാരിൽ ഒരുവൻ "സാമീടെ വീട്ടിൽ കള്ളന്മാർ കടന്ന് എല്ലാം കൊണ്ടുപോയിപോലും" എന്ന് സുന്ദരയ്യനോട് പറഞ്ഞു. തമ്പി ചെമ്പകശ്ശേരിയിൽ താമസിച്ച രാത്രിയിൽ തമ്പിയുടെ അറപ്പുരയിലേക്കുള്ള രണ്ടാം പ്രവേശനം കഴിഞ്ഞ് ബുദ്ധി കുഴങ്ങി നിദ്രയ്ക്കാരംഭിച്ചതിന്റെ ശേഷം, താൻ ആരും ഗ്രഹിക്കാതെ മോഷ്ടിച്ച്, തന്നോടുകൂടി പാർത്തിരുന്നവനും അന്ന് ആ ഗൃഹത്തിൽ ഒരു കോണിൽ എത്തിക്കൊള്ളുന്നതിന് ഏർപ്പാടുചെയ്തിരുന്നവനും ആയ മരിച്ചുപോയ കോടാങ്കിയുടെ കൈവശം കൊടുത്തയച്ച ആഭരണങ്ങളും, ഈ വിധത്തിൽ താൻ ആർജ്ജിച്ചിട്ടുള്ള മറ്റു ദ്രവ്യങ്ങളും തസ്കരന്മാർ കൊണ്ടുപോയി എന്ന് നിശ്ചയമാകയാൽ സുന്ദരയ്യന്റെ ശരീരം വിയർത്ത് ബ്രാഹ്മണൻ പരക്കെ നോക്കിത്തുടങ്ങി. അയാളുടെ ഭാവഭേദം കണ്ട്, വ്യസനാക്രാന്തനായി നിന്നിരുന്ന തമ്പി ആശ്ചര്യത്തോടുകൂടി "എന്തിനെടോ പരിഭ്രമിക്കുന്നത്? വല്ല പഴന്തുണികളോ പഴഞ്ചോറോ കൊണ്ടുപോയിരിക്കും. പോട്ടെ. തനിക്ക് ഞാനിരിക്കുന്നില്ലേ?" എന്ന് പറഞ്ഞു.

സുന്ദരയ്യൻ: (യാതൊരു സംശയവും ആലോചനയ്ക്ക് വേണ്ട താമസവും കൂടാതെ) "അങ്കത്തെ, കെട്ടിത് കാര്യം. ഇളയരാശാവുക്ക് കാലക്കുട്ടിയുടെ കട്ടിക്കാറത്തനം തെരിയവന്തുട്ടിത്. ഇതുവും അവർ ശെയ്യിച്ചതുതാൻ. സന്ദേഹമെന്ന?"

സുന്ദരയ്യന്റെ ഭാവഭേദത്തിന് കാരണമായി പറഞ്ഞ അഭിപ്രായം കേട്ട്, തമ്പി ശരിവച്ചു. എന്ന് മാത്രമല്ല, ബ്രാ

ഫണന്റെ ബുദ്ധിസാമർത്ഥ്യത്തെക്കുറിച്ച് അതിശയിക്കയും ചെയ്തു. തന്റെ സേവകന് നേരിട്ട വ്യസനം നിസ്സാരമായിട്ടുള്ളതാണെങ്കിലും അതിനെക്കുറിച്ച് വേണ്ട അന്വേഷണം താൻതന്നെ ചെയ്യുന്നതു് ഉചിതമാണെന്നുള്ള വിചാരത്തോടുകൂടി "ആരാണെടാ ഈ വർത്തമാനം കൊണ്ടന്നതു്?" എന്നു് തന്റെ ഭൃത്യനോടു് തമ്പി ചോദ്യം ചെയ്തു.

ഭൃത്യൻ: "സാമീടെ ഭാര്യതന്നെ."

തമ്പി: "ആഹാ! ഇങ്ങുവരാൻ പറ. സുന്ദരത്തിന്റെ മേനകയെ ഒന്നു് കാണട്ടെ, ക്ഷണം വിളിക്കു്."

തമ്പിയുടെ ഉത്തരവിൻ പ്രകാരം ഭൃത്യൻ ആനന്ദത്തിനെ തമ്പിയുടെ മുന്നിൽ ഉന്തിത്തള്ളി പ്രവേശിപ്പിച്ചു. തമ്പിയെ കണ്ടപ്പോൾ ആനന്ദം അതിശയമായി ലജ്ജ അഭിനയിച്ചു.

തമ്പി: "അ… ആരാണ് മോഷ്ടിച്ചതു്? എപ്പോൾ? എങ്ങനെ? നടന്നതെല്ലാം പറയാം. ഭയപ്പെടേണ്ട" എന്നു ഗാംഭീര്യത്തെ വിടാതെ കരുണയോടുകൂടി പറഞ്ഞു.

ആനന്ദം: (ശിരസ്സുകൊണ്ടും മറ്റും അനേകവൃത്തങ്ങളെ ആകാശത്തിൽ വരച്ചുകൊണ്ടു്) "പിന്നെ ഒണ്ടല്ലോ … (അധരം ഉണങ്ങിപ്പോകയാൽ നാവു് കൊണ്ടു് നനച്ചിട്ടു്) രാത്രി, പിന്നേ… ഇന്നലേ ഒറങ്ങുമ്പം പിന്നെ…"

സുന്ദരയ്യൻ: (കോപത്തോടുകൂടി) "പൈത്യാറിആട്ടം ഒളറാവടിക്കു് കാര്യത്തെ ശട്ടെന്നു് ശൊല്ലടെ."

ആനന്തം: (സംഭ്രമത്തോടുകൂടി) "എന്തത് പറയണത് സാമീ? അങ്ങത്തെ അമ്മേലെ…"

സുന്ദരയ്യൻ മോഷ്ടിച്ച ആഭരണങ്ങൾ തമ്പിയുടെ മരിച്ചുപോയ മാതാവിന് മഹാരാജാവിനാൽ ദത്തമായിട്ടുള്ളതുകളാണെന്നും അതുകളെ കോടാങ്കിക്ക് തമ്പി സമ്മാനിച്ചു എന്നും ആനന്തത്തെ ഗ്രഹിപ്പിച്ചിരുന്നതിനാൽ വിലയേറിയതായ ആവക മുതലുകളും കളവുപോയെന്ന് അതുകളുടെ ഉല്പത്തിയെ സൂചിപ്പിച്ച് പറഞ്ഞുതുടങ്ങിയ വാക്കുകൾ മുഴുവൻ ആകുന്നതിന് മുമ്പിൽ, സുന്ദരയ്യൻ തന്റെ ഭാര്യയെ വലിച്ചിഴച്ച് പുറത്തുകൊണ്ടാക്കീട്ട്, ജ്വലിക്കുന്ന കോപരസത്തോടുകൂടി അകത്ത് മടങ്ങിച്ചെന്ന് "പേച്ചികൾകിട്ടെ പേശിനാക്കാൽ ഇപ്പടിത്താൻ. സ്ഥാനേ സ്ഥിതസ്യഹ"… അ… കോപപ്പെടാതും… അങ്കത്തയുടെ അവസ്ഥയുടെ മാഹാത്മ്യത്തെ തെരിയാമൽ തായാരെപ്പത്തി എപ്പടിയും പേശറതുക്ക് അവളെ നാൻ വിടുവനാ? അങ്കത്തയുടെ 'അമ്മ'യാം! ഛ്ഠ! 'അമ്മച്ചി' എന്നാക്കുമേ അങ്കത്തെപ്പോലും ഉത്തരവാകറത് എന്ന്, തന്റെ വാസ്തവമായ ഉദ്ദേശ്യത്തെ മറച്ച് പറഞ്ഞു. തമ്പിയുടെ പ്രീതിക്കായിട്ടാണ് ആനന്തം ആഭരണങ്ങളുടെ ഉദ്ഭവത്തെക്കുറിച്ച് സൂചിപ്പിച്ചത്. സുന്ദരയ്യന്റെ ഈ സമ്പാദ്യത്തിന്റെ മാർഗ്ഗം തമ്പി അറിഞ്ഞിട്ടില്ലെന്ന് അവൾ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല. ആനന്തത്തിന്റെ വാക്കുകൾ പൂർത്തിയായാൽ ആഭരണങ്ങളെ സംബന്ധിച്ച് തമ്പി ചോദ്യം തുടങ്ങുമെന്നുള്ള ഭയത്തോടുകൂടിയാണ് സുന്ദരയ്യൻ ആ സ്ത്രീയെ ബലേന പുറത്താക്കിയത്. സുന്ദരയ്യന്റെ നിഷ്കരുണത്വത്തെക്കണ്ട് തമ്പിക്ക് കുറച്ച് നീരസം തോന്നിയെ

ങ്കിലും അയാളുടെ സമാധാനം കേട്ട് അസാമാന്യമായുള്ള സന്തോഷത്തോടുകൂടി സുന്ദരയ്യന്റെ മുതുകിൽ തടകീട്ട് തന്റെ കർണങ്ങളിൽ കിടന്നിരുന്ന രണ്ട് വജ്രകുണ്ഡലങ്ങളെ അഴിച്ച് ബ്രാഹ്മണന് സമ്മാനിച്ചു. പിന്നീട് ഇങ്ങനെ പറയുകയും ചെയ്തു: “പോയി സംഗതിയെല്ലാം ചോദിക്കൂ, പെണ്ണുങ്ങളെന്ന് അണ്ടയവില്ലാത്ത അന്തകൻ. പോകൂ. ഛേ! അവൾ വ്യസനിക്കുമെടോ. ചെന്ന് സമാധാനപ്പെടുത്തു.” ഈ വാക്കുകൾ കേട്ട് സുന്ദരയ്യൻ തന്റെ ഭാര്യയുടെ സമീപത്തേക്ക് പോയി. കുറച്ചുനേരം കഴിഞ്ഞ് അകത്തുചെന്നപ്പോൾ അദ്ദേഹത്തിന്റെ സന്തോഷമെല്ലാം മങ്ങിയിരുന്നു.

തമ്പി: (സംഭ്രമത്തോടുകൂടി) “എന്താണെടോ? വസ്തുത വേഗം പറയൂ. എന്താണ് വ്യസനം?”

സുന്ദരയ്യൻ: “അങ്കത്തേ, അവൾ ശാകലെ.”

തമ്പി: “എവളെടോ?”

സുന്ദരയ്യൻ: “അന്ത ചെമ്പകം.”

തമ്പി: “സത്യമോ?”

സുന്ദരയ്യൻ: “നിജം താൻ ... പതറാതും.”

തമ്പി: “പത്മനാഭാ! ഇനി സന്തോഷിക്കാം. എടോ, അവൾ നമ്മോട് ഒന്നും പിഴച്ചിട്ടില്ല. അവളെ കൊന്നു എന്നു വന്നാൽ ഈ ജന്മത്ത് സുഖമുണ്ടാവൂല്ല.”

സുന്ദരയ്യൻ: “ശാകലെ അമ്പ്വാ ശാകലെ. ളുൺ പോലെ ഇരുക്കാൾ.”

തമ്പി: "എന്നാൽ താനിത്ര പരിഭ്രമിക്കുന്നതിന് സംഗതി എന്ത്?"

തമ്പിയുടെ ചോദ്യത്തിനുത്തരമായി, മരിച്ച എന്നു തമ്പിയെ ഗ്രഹിപ്പിക്കാൻ ഒരാളെ അയച്ചതുകൊണ്ട് ആ സ്ത്രീ വിഷത്തിന്റെ സംഗതി അറിഞ്ഞിരിക്കുന്നതായി ഊഹിക്കേണ്ടതാണെന്നും മരിച്ചിട്ടില്ലെന്ന് തന്റെ ഭാര്യ പറയുന്നു എന്നും മോഷണക്കാര്യത്തെ കേട്ടിട്ട് സുഭദ്ര ആനന്ദത്തിനോട് എല്ലാറ്റിനും നിവൃത്തിയുണ്ടാക്കാമെന്ന് പറഞ്ഞു എന്നും, ആകപ്പാടെ സുഭദ്രയെ മേലിൽ പേടിക്കേണ്ടിയിരിക്കുന്നു എന്നും സുന്ദരയ്യൻ പറഞ്ഞു. ഈ വാക്കുകൾ കേട്ട് തമ്പിയുടെ ഉള്ളിലും സംഗതിയെല്ലാം പ്രകാശിച്ചു എങ്കിലും അദ്ദേഹം മറുപടി പറഞ്ഞത് ഇങ്ങനെ ആയിരുന്നു: "എങ്ങനെ ആയാലും വേണ്ടതില്ല. അവൾ ജീവിച്ചിരിക്കട്ടെ. സുന്ദരം, തന്റെ ശീലം നമുക്ക് നല്ല പരിചയമാണ്. ഇനി അവൾക്ക് ദുർമ്മൃതിക്ക് സംഗതി വരികയാണെങ്കിൽ കുറ്റക്കാരൻ താനാണ്. അങ്ങനെ വന്നാൽ താനും ഞാനും ഒന്നിച്ചല്ല; മനസ്സിലായോ?"

സുന്ദരയ്യൻ: "അങ്കത്തയുടെ മനം എപ്പടിയോ അപ്പടിയേ നേക്കും."

തമ്പി: "അങ്ങനെ പറയൂ. ആ കോടാങ്കിയെ അനാവശ്യമായിട്ട് ഇന്നലെ വരുത്തി കാലന് കൊടുത്തുവല്ലോ. അത് എന്താവശ്യത്തിനായിരുന്നു?"

വേലുക്കുറുപ്പിന്റെ ബന്ധമോചനത്തെക്കുറിച്ച് തനിക്ക് അറിവില്ലാതിരുന്നതിനാൽ, യുവരാജാവിനെ വധിക്കേണ്ട ഭാരം രാമനാമഠം ഏൽക്കാത്ത പക്ഷത്തിൽ അതിലേക്ക് നിയോഗിക്കാനായി അയാളെ വരുത്തിയ

താണെന്നും, ഗൂഢമായി യുവരാജാവിനെ നിഗ്രഹിക്കണമെന്ന് ധൃതിപ്പെട്ട തമ്പിയുടെ അതിമോഹത്തെത്തന്നെ ആ വിഷയത്തിൽ കുറ്റപ്പെടുത്തേണ്ടതാണെന്നും സുന്ദരയ്യൻ പറഞ്ഞു. ഓരോ സ്ഥലങ്ങളിൽ നിന്ന് മാങ്കോയിക്കൽ കുറുപ്പിനെപ്പോലെ ഉള്ളവർ യുവരാജാവിനെ സഹായിക്കാനായി വന്നുകൂടുന്നതിനും സുഭദ്രയുടെ നേർക്ക് ആലോചിച്ചിരുന്ന കൃത്യം പുറത്താകുന്നതിനും മുമ്പിലും വൃഥാ വലിയ യുദ്ധങ്ങൾകൂടാതെയും തന്റെ ആഗ്രഹസിദ്ധിക്ക് വഴി താൻ അനുവദിക്കമാത്രം ചെയ്തതു് ബ്രാഹ്മണന്റെ വാക്കിനെ അനുസരിച്ചാണെന്ന് തമ്പി വാദിച്ചു.

ഈ തർക്കം നടന്നു കൊണ്ടിരിക്കുന്നതിനിടയിൽ രാമനാമഠത്തിൽപ്പിള്ള തമ്പിയെ കാണ്മാൻ എത്തി.

തമ്പി: “എന്താണു പുറത്ത് നടക്കുന്നതു്?”

രാമനാമഠം: “എല്ലാം ഇപ്പോൾ ശരിയാകും. കൊട്ടാത്തിന്റെ വാതിൽ തകർത്തുതുടങ്ങിയിരിക്കുന്നു.”

തമ്പി: (അല്പം ആലോചനയോടുകൂടി) “അച്ഛൻതിരുമേനി അറിഞ്ഞാൽ പോരാത്തതാണ്.”

രാമനാമഠം: “നാം അറിഞ്ഞിട്ടുള്ള സംഗതി അല്ലല്ലോ.”

തമ്പി: “ശരി, ശരി. ഇപ്പോൾ കഥ കഴിയുമോ?”

രാമനാമഠം: “സംശയമില്ല. ഇല്ലെങ്കിലും ഇനി ഞാൻ തന്നെ കഴിക്കാം. കേൾവി ഉണ്ടാകയില്ലെന്ന് തീർച്ചയായി. ജനങ്ങൾ നമ്മോട്ട് തന്നെ ചേരും.”

തമ്പി: “എന്തായാലും തിരുമുഖം വരുന്നതിന് മുമ്പിൽ എല്ലാം നടക്കണം.”

രാമനാമഠം: “എട്ടുവീടർക്കൊക്കെ ഈ കൊലപാതകങ്ങളെക്കുറിച്ച് ഞാൻ കുറി അയച്ചിട്ടുണ്ട്. ഇന്ന് രാത്രി തന്നെ എല്ലാം തീരുമാനിക്കാം.”

തമ്പി: “കൊള്ളാം! ചാന്നാനെ വീട്ടിൽ കടത്തുകയില്ലെന്ന് ചെമ്പകശ്ശേരിക്കാർ തർക്കിച്ച് കൊണ്ടില്ലയോ?”.

രാമനാമഠം: “തർക്കിച്ചു. മാർത്താണ്ഡൻ പിള്ള അതിനെ ഒരു വിധത്തിൽ പറഞ്ഞു് ഒതുക്കി. അവൻ ചാന്നാനല്ലെന്നാണ് എന്റെ ഊഹം.”

തമ്പി: “എന്നതന്നെ ആണ് എന്റെ വിചാരവും.”

സുന്ദരയ്യൻ: “നാൻ അപ്പഴേ ശൊല്ലിയല്ലോ.”

തമ്പി: “പ്രേതങ്ങളെ എന്തു് ചെയ്തു?”

രാമനാമഠം: “എടുത്തു് ദഹിപ്പിക്കാൻ ശട്ടം കെട്ടി.”

തമ്പി: “എന്തായി എന്നറിയുന്നില്ല. അതാ ഒരു ലഹള . . . ആളുകൾ ഓടുന്ന ശബ്ദമാണ്. കഥ കഴിഞ്ഞു. നിങ്ങളുടെ ദയ . . .”

രാമനാമഠം: “അങ്ങുന്നേ, മലയാളികളുടെ ബുദ്ധി മഹാമോശം. എന്റെ മിടുക്കെന്ന് വിചാരിക്കേണ്ട. ഇതാ നില്ക്കുന്നു. കൊടുക്കണം വീരശങ്ങല പതിനായിരം. യുക്തികളെല്ലാം ഇവിടുന്ന് കിട്ടിയതാണ്. . . . എന്തു ധൃതിയിൽ ആളുകൾ ഓടുന്നു!”

തമ്പി: “ആരവിടെ?” ഒരു പരിചാരകൻ അകത്തു പ്രവേശിച്ചവനോട് “ആളുകൾ ഓടുന്നതെന്തിന്?”

പരിചാരകൻ: “ചോദിച്ചിട്ട് ആർക്കും അറിയാൻ പാടില്ല.”

തമ്പി: “പോയി അന്വേഷിച്ചു വാ.”

അരനാഴിക കഴിഞ്ഞപ്പോൾ ചുള്ളിയിൽ മാർത്താണ്ഡൻ പിള്ള കുടുമ അഴിച്ചു പുറകോട്ടിട്ടും തമ്പിയുടെ പട്ടക്കാരൻ ഒരുവൻ തലക്കെട്ട് കൈയിൽ ധരിച്ചും ഓടി ക്ഷീണിച്ച് അകത്തു പ്രവേശിച്ചു. മഹാരാജാവ് നാടു നീങ്ങിയിരിക്കുന്നു. കൊട്ടാരത്തിനകത്ത് തുടങ്ങിയ മുറവിളി തമ്പിയുടെ വലിയ നാലുകെട്ടിലും കേൾക്കാറായി.

# 22

"വേദാന്തവേദ്യനഥ വാദം തുടർന്നളവു മോദം കലർന്നു യദുവൃന്ദം-തദനു ബലദേവേ മൃദുലതരഭാവേ... ശമിതരുഷി സുജനപുഷി ജിതവിദുഷി സിതവപുഷി സകലബലചയമപി സുശാന്തം."

ഇരുപത്തി ഒന്നാം അദ്ധ്യായത്തിൽ വിവരിച്ച ലഹളകൾ നടക്കുന്നതിനിടയിൽ മണക്കാട്ട് പഠാണിപ്പാളയത്തിൽ പൗരന്മാരുടെ കോപാദിനാട്യങ്ങളെ അതിശയിച്ചുള്ള അഭിനയങ്ങളോടുകൂടി ഒരു കൂടിയാട്ടം പ്രമാദമായി തകർക്കുന്നുണ്ടായിരുന്നു. ആ വാണിജ്യസംഘത്തിലെ ദ്വിഭാഷി, പ്രമാണിയായ വൃദ്ധന്റെ നിയോഗാനുസാരമായി, പൂർവരാത്രിയിൽ എവിടെയോ പോയതിന്റെ ശേഷം മടങ്ങിക്കാണായ്കയാൽ ദ്വിഭാഷിയാൽ താൻ വഞ്ചിതനായെന്നുള്ള വിശ്വാസം ജനിച്ച് വൃദ്ധൻ അതിസാഹസങ്ങൾ പ്രവർത്തിക്കാൻ സന്നദ്ധനായിരിക്കുന്നു. വൃദ്ധന്റെ കോപം കണ്ട് നൂറദ്ധീൻ, ബീറാംഖാൻ മുതലായവർ അദ്ദേഹത്തിന്റെ മുമ്പിൽ നിന്ന് വാങ്ങി, ഓരോ മുറികളിൽ ഒതുങ്ങി, അവരവരുടെ സ്വഭാവാനുസാരമായുള്ള ഓരോ ചിന്തകളിൽ മഗ്നന്മാരായും മറ്റും ഇരിക്കുന്നു. പണ്ട് ഹസ്തിനപുരത്തെ ഹലായുധത്താൽ ഇളക്കി ഗംഗയു

ടെ അഗാധമായുള്ള കയങ്ങളിൽ സ്ഥാപിക്കുന്നതിന് ഭാവിച്ച ബലദേവനെപ്പോലെ കയർത്ത് നില്ക്കുന്ന വൃദ്ധന്റെ സമീപത്ത് അദ്ദേഹത്തിന്റെ കോപം എത്രയും ന്യായമാണെന്നുള്ള നാട്യത്തോടുകൂടി ഉസ്മാൻഖാൻ ഹാജരുണ്ട്. വൃദ്ധന്റെ കോപം ഒരു സന്ദർഭത്തിലും അന്നത്തെ സ്ഥിതിയിലോളം കവിഞ്ഞു് കണ്ടിട്ടില്ലാതിരുന്നതിനാൽ ഉസ്മാൻഖാനും അനുവാദമില്ലാതെ സ്വമേധയായി എന്തെങ്കിലും ഒന്ന് പറയുന്നതിനു ധൈര്യപ്പെടുന്നില്ല. ഈ ഉസ്മാൻഖാനെക്കുറിച്ചും സ്വല്പം ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. ഇയാൾ ബാല്യം മുതൽക്കേ വൃദ്ധന്റെ സംരക്ഷണയിൽ വളർന്നിട്ടുള്ള ഒരു ഭൃത്യനായിരുന്നു. വൃദ്ധന് ഈയാളെക്കുറിച്ച് പ്രത്യേകം സ്നേഹവും വിശ്വാസവും ഉണ്ടായിരുന്നു. ഷസുഡീനുമായുള്ള സംസർഗ്ഗം തുടങ്ങിയ അന്നു മുതല്ക്ക് വൃദ്ധന്റെ സ്വഭാവത്തിന് ഒരു പകർച്ചയുണ്ടായി. ഷസുഡീനെ കാണാതിരിക്കുമ്പോൾ വൃദ്ധൻ തനിക്ക് സഹജമായുള്ള കോപാദി ദുശ്ശീലങ്ങളെ ധാരാളമായി പ്രദർശിപ്പിക്കുമെങ്കിലും ആ യുവാവിന്റെ ദർശനമാത്രേണ വൃദ്ധന്റെ മനഃകാഠിന്യങ്ങൾ ദ്രവിച്ച് പോകുമാറുണ്ടായിരുന്നു. സുലൈഖയ്ക്ക് ഷസുഡീനിൽ ഉള്ള പ്രേമം ഒന്ന് മാത്രമാണ് തനിക്ക് ആ യുവാവിനെക്കുറിച്ചുള്ള സ്നേഹത്തിന് കാരണമെന്ന് വൃദ്ധൻ ഗർവ്വ് പറയാറുണ്ടായിരുന്നത് അദ്ദേഹത്തിന്റെ മനഃപരിചയത്തിന് വിപരീതമായുള്ള ഒരു വ്യാജമായിരുന്നു. ഇപ്രകാരം ഷംസുഡീനെ സ്നേഹിച്ചു തുടങ്ങിയപ്പോൾത്തന്നെ ഉസ്മാൻഖാന്റെ ഉള്ളിൽ സ്പർദ്ധയുണർന്നു തുടങ്ങി. വിദ്വാൻ വിദ്വാനെ അറിയുന്നതുപോലെ ഉസ്മാൻഖാൻ ഷംസുഡീന്റെ സൂക്ഷ്മമായ പ്രകൃതത്തെ

യും മറ്റും ആദിയിൽ തന്നെ ശരിയായി ഗണിച്ച് ധരിച്ച തിനാൽ വൃദ്ധനെ വഞ്ചിച്ച് തനിക്കുള്ള ചില ഗൂഢവ്യാപാരങ്ങൾക്ക് ആ യുവാവ് ഒരു തടസ്സമായിത്തീരുമെന്ന് കരുതി തക്കമുള്ളപ്പോഴെല്ലാം വൃദ്ധനിൽ ഷംസുഡീനെക്കുറിച്ച് ദ്വേഷം ഉളവാകത്തക്കവിധത്തിൽ അയാളെ ഓരോന്ന് ഗ്രഹിപ്പിച്ചു വന്നിരുന്നു. ഷംസുഡീന്റെ നടപടികളെ സൂക്ഷിച്ച് ആ യുവാവിന്റെ പരമാർത്ഥത്തെ ആരാഞ്ഞറിയുന്നതിന് ഉസ്മാൻഖാനോട്ട് വൃദ്ധൻ നിയോഗിച്ചിരുന്നത് തനിക്ക് നല്ല ഒരു അവസരമായെങ്കിലും ഉസ്മാൻഖാന്റെ ബുദ്ധിയിൽ ആലോചനാശക്തി എന്നുള്ള അംശത്തിന് അധികപ്രാബല്യവും ഉൽസാഹശക്തിക്ക് ഏറ്റവും ക്ഷയവും ഉണ്ടായിരുന്നതിനാൽ, ഓരോന്ന് അനുഷ്ഠിച്ചാലുണ്ടാകുന്ന ആപത്തുകളെക്കുറിച്ച് ആലോചിച്ച് കാലം പൊയ്പ്പോകുന്നതിന് സംഗതി ആയതല്ലാതെ, ഏഷണി ഒഴിച്ച് ഷംസുഡീന് ദോഷകരമായ യാതൊരു ക്രിയയും അനുഷ്ഠിക്കുന്നതിന് അയാളുടെ ബുദ്ധിക്ക് ഉറപ്പും വൈഭവവും ഉണ്ടായിട്ടില്ല. ഷംസുഡീന് തന്റെ ഉദ്ദേശ്യവും പരമാർത്ഥങ്ങളും മനസിലായിട്ടുണ്ടെന്ന് ആ യുവാവിന്റെ അസ്പഷ്ടമായുള്ള ചില ഭാവങ്ങൾ കണ്ട ഉസ്മാൻഖാന് ശങ്കയുണ്ടായിരുന്നു. എന്നാൽ അതികൃത്രിമമതികളും സ്പർദ്ധാദിദോഷങ്ങളുടെ നിധികളുമായുള്ള ചില ഖലന്മാർ സ്വശക്തിയുടെ അല്പത്വത്തെക്കുറിച്ച് സൂക്ഷ്മബോധം ഉണ്ടായി സോദ്ദേശ്യങ്ങളെ ഫലിപ്പിക്കുന്നതിന് ശ്രമിക്കാതെ സമചിത്തന്മാരെന്ന് നടിച്ച് ലോകരെ വഞ്ചിക്കയും ആപത്തൊഴിഞ്ഞു തക്കം കിട്ടുമ്പോൾ കൊള്ളിവയ്ക്കാൻ ശ്രമിക്കയും ചെയ്തു നടക്കുന്നതുപോലെ ഈ ഉ

സ്മാൻഖാൻ അടങ്ങിയിരുന്ന് തരത്തിന് ഏഷണിമാത്രം കൂട്ടിപ്പാർത്തുവന്നിരുന്നു. അതിനാൽ വൃദ്ധന്റെ കോപം നൂറഡീൻ മുതലായവരുടെ ഉള്ളിൽ വ്യാകുലത ഉണ്ടാക്കി എങ്കിലും ഉസ്മാൻഖാന് അളവില്ലാത്തതായ സന്തോഷത്തെ പ്രദാനം ചെയ്തു. തന്റെ കോപത്തിന് ഹേതുഭൂതനായ ഷംസുഡീൻ വരുന്നുണ്ടോ എന്ന് നോക്കിക്കൊണ്ട് ശീഘ്രമായി അങ്ങോട്ടും ഇങ്ങോട്ടും ഉഴന്ന് നടക്കുന്ന വൃദ്ധൻ ബോധഹീനനെന്ന പോലെ ഓരോന്ന് പറയുന്നുണ്ട്. "ആട്ടെ, അള്ളാവിന്റെ കണ്മണിയായ നവാബ് ഇരിക്കുന്നല്ലോ. നമ്മുടെ അപേക്ഷയെ അദ്ദേഹം നിറവേറ്റും. ഈ പാപ്പാസുകളെ ഈ അവിശ്വാസിയായ നീചനെ ഞാൻ തീറ്റുന്ന കാലം വരാതിരിക്കുമോ? അവൻ നമ്മുടെ പുത്രിയെയും പുത്രനെയും മായംകൊണ്ട് പാട്ടിലാക്കി നമ്മെയും വഞ്ചിച്ചു. ഈ ഏഭ്യൻ ഇവൻ (ഉസ്മാൻഖാൻ) പിന്തുടർന്നിട്ടും അവന്റെ ഗതി അറിയുന്നതിന് കഴിഞ്ഞില്ല. നമ്മുടെ പുത്രി ഇപ്പോൾ വ്യസനിക്കുന്നു. ഇന്നലെ അവൻ കുറച്ച് കണ്ണീർ ചൊരിഞ്ഞുപോലും. അതുകണ്ട് അവളുടെ ഹൃദയം ഉരുകി അവന്റെ അഭീഷ്ടപ്രകാരം നടന്നുകൊള്ളുന്നതിന് അനുമതി കൊടുത്തു. ഇപ്പോൾ ഇതാ ആഭരണങ്ങളെയും പറിച്ച് ദൂരത്തെറിഞ്ഞിട്ട് കരയുന്നു. കരയട്ടെ... നമുക്കെന്ത്? ഇതെല്ലാം ദൈവശിക്ഷയാണ്. അവൻ ബോധമില്ലാതെ കിടക്കുമ്പോൾത്തന്നെ നമ്മുടെ ഭക്ഷണം കൊടുത്ത്, നമ്മുടെ മതാനുസാരിയാക്കി അവന്റെ ആത്മശുദ്ധി വരുത്തണമെന്ന് ഞാൻ അഭിപ്രായപ്പെട്ടു. ഈ ഉസ്മാനും അതിന് നമ്മെ നിർബന്ധിച്ചു. ചപലയായ സുലൈഖ അനുവദിച്ചില്ല. കരയട്ടെ, നമുക്കെ

ണ്ടു്? അവൾ എന്നും കന്യകയായിരിക്കാൻ ഉറച്ചിരിക്കു ന്നോ? ദൈവം അതിനെ തടുക്കട്ടെ. ആ രാജകുമാരൻ ഇവ നെ അറിയും. രണ്ടുപേരുമായി നമ്മെ വഞ്ചിക്കുന്നു. ഈ ന ഗരത്തിന് തീവയ്ക്കയോ? നമ്മുടെ ആളുകളെക്കൊണ്ട് കൊ ള്ളയിടീക്കയോ? എന്നാലും നമ്മുടെ കോപം അടങ്ങുക യില്ല. അയ്യോ പുത്രീ!" ഇപ്രകാരം ഓരോ അന്തർഗ്ഗതങ്ങ ളാൽ ബുദ്ധിക്ക് വൈവശ്യം നേരിടുക മൂലം വൃദ്ധൻ തന്റെ ശ യ്യയിന്മേൽ ചെന്ന് കിടപ്പായി. അല്പനേരം നേത്രങ്ങൾ അ ടച്ചുകിടന്ന് പര്യാലോചന ചെയ്തതിൽ താൻ ശങ്കിച്ചതിൻ വണ്ണം തന്റെ കോപത്തിന് കാരണം ഷംസുഡീന്റെ വഞ്ച ന അല്ലെന്നും സൂക്ഷ്മത്തിൽ ആ യുവാവിന്റെ വേർപാടാ ണെന്നും വൃദ്ധന് മനസിലായി. ദൃഷ്ടിയിരിക്കുമ്പോൾ അ തുകൊണ്ടുള്ള ഉപയോഗങ്ങളെ അറികയില്ലെന്നുള്ള പഴ മൊഴിപോലെ ഷംസുഡീൻ തന്നോടുകൂടി ഉണ്ടായിരുന്ന പ്പോൾ ആ യുവാവിന്റെ സമ്പർക്കം മൂലം തന്റെ ആത്മാ വിനുണ്ടായിരുന്ന ആനന്ദത്തെ വൃദ്ധന് അറിവാൻ പാടി ല്ലായിരുന്നു. ഷസുഡീന്റെ ഗതിയെ സൂക്ഷിച്ചുകൊള്ളുന്ന തിനു നിയോഗിക്കപ്പെട്ടിരുന്ന ഉസ്മാൻഖാന്റെ റിപ്പോർ ട്ട് പ്രകാരം സുലൈഖയോടും നൂറഡീനോടും ബീറാംഖാ നോടും പ്രത്യേകം യാത്ര പറഞ്ഞുകൊണ്ട്, ഉസ്മാനാൽ പി ന്തുടരാൻ കഴിവില്ലാത്ത വിധത്തിൽ, ഇരുട്ടിന്റെ സഹായ ത്തോടുകൂടി കൃത്രിമമായുള്ള ഓരോ ഇടവഴികൾ മാർഗ്ഗമാ യി, ആ യുവാവ് ഓടിപ്പോകയാൽ അവന്റെ ശ്രമം ഫലി ച്ചില്ലെന്നും ഷംസുഡീന്റെ യാത്രാനന്തരം സുലൈഖ ആ ഭരണാദ്യലങ്കാരങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു എന്നും അ റികയാൽ ഷംസുഡീൻ സ്ഥിരമായിട്ട് തന്നെ വിട്ടുപിരി

ഞ്ഞിരിക്കുന്നു എന്ന് വൃദ്ധന് ബോദ്ധ്യമായി. അദ്ദേഹത്തിന്റെ മനസ്സിൽ വലുതായ ഒരു വ്രണം സംഭവിച്ചതുപോലെ ആയിരിക്കുന്നു. ധനത്തെക്കാളും വലുതായ പ്രതിപത്തി ഷംസുഡീനെക്കുറിച്ചുണ്ടെന്നുള്ള വാസ്തവം അപ്പോഴത്തെ തന്റെ മനോവികാരങ്ങൾ അനുഭവസിദ്ധമാക്കി. താൻ തന്നെ ഷംസുഡീന്റെ പരമാർത്ഥത്തെ അറിയുന്നതിനായി ചില കൃത്രിമങ്ങൾ ചെയ്കയും ഉസ്മാനെക്കൊണ്ട് പ്രവർത്തിപ്പിക്കയും ചെയ്തിട്ടുണ്ടെങ്കിലും ആയതുകൾ ഓർത്ത് വലുതായ പശ്ചാതാപത്തോടും ഉസ്മാന്റെ നേർക്ക് കോപത്തോടും അയാളെ നോക്കി, "നൂറഡീനെയും സുലൈഖയെയും ഇങ്ങോട്ടുവരാൻ പറഞ്ഞിട്ട് നീ പോയി പണി നോക്കുക" എന്ന് വളരെ ക്ഷീണത്തോടുകൂടി പറഞ്ഞു. ഉസ്മാൻഖാൻ പോയി അല്പം കഴിഞ്ഞപ്പോൾ നൂറഡീനും പുറകെ ഗതിയിൽ പാദങ്ങൾ ഭൂസ്പർശം ചെയ്യുന്നുവോ എന്നു സംശയം തോന്നിക്കുമാറുള്ള ഗാത്രലാഘവത്തോടുകൂടിയ ഒരു യുവതിയും ഹാക്കിമിന്റെ മുമ്പിൽ എത്തി.

ശങ്കരച്ചാർ മുതലായവരെ ഓരോ ജോലിക്കു നിയോഗിച്ചതിന്റെ ശേഷം സുഭദ്ര തന്റെ ഗൃഹത്തിലേക്ക് മടങ്ങി, നിദ്ര കൂടാതെ ഇരുന്നു. ശങ്കരച്ചാരെ തിരിച്ച് കാണാത്തതിനാൽ പരിഭ്രമത്തോടുകൂടി ഓരോ വിചാരങ്ങളിൽ മുഴുകി സുഭദ്ര ഇരിക്കുന്നതിനിടയിൽ, ആനന്തത്തിന്റെ ഗൃഹത്തിലേക്ക് അയയ്ക്കപ്പെട്ടിരുന്ന ആളുകൾ അവിടുന്ന് എടുക്കപ്പെട്ട ആഭരാണാദികളോടുകൂടി തിരിച്ചുചെന്ന്, പാരദേശികനെ കാണുന്നതിനും ബന്ധിക്കുന്നതിനും അയാൾ അവിടെ ഇല്ലാതിരുന്നതിനാൽ സാധിച്ചി

ല്ലെന്ന് ഗ്രഹിപ്പിക്കയും ആഭരണങ്ങളെ സുഭദ്രയ്ക്കു കാഴ്ചയായി വയ്ക്കുകയും ചെയ്തു. അനന്തരം ആക്കൂട്ടത്തിൽനിന്ന് ഒന്നരണ്ടാളെ കൊട്ടാരം വരെ പോയി ശങ്കരച്ചാരെ അന്വേഷിച്ചുവരുന്നതിന് നിയോഗിക്കയും ആഭരണങ്ങളെ ഒരു ആവൃത്തി പരിശോധിക്കയും അതുകളെ ഒരു പെട്ടിക്കകത്ത് ഒതുക്കുകയും ചെയ്തതിന്റെ ശേഷം സുഭദ്ര വർദ്ധിച്ച വ്യാകുലതയോടുകൂടി ഇരുന്നു. ഏകദേശം നാലഞ്ചു നാഴിക കഴിഞ്ഞപ്പോൾ ഈ കൂട്ടക്കാർ തിരിച്ചുചെന്ന് ശങ്കരച്ചാരുടെ പ്രേതത്തെ കൊട്ടാരത്തിനകത്തുനിന്ന് മൂന്നുനാലുപേരായി എടുത്ത് പുറത്ത് കൊണ്ടുവരികയും തങ്ങളെ കണ്ടപ്പോൾ വഴിയിൽ ഇട്ടിട്ട് അവർ അകത്തേക്ക് ഓടിക്കളയുകയും ചെയ്തു എന്നും മറ്റും ധരിപ്പിച്ചു. ഈ കഥ കേട്ടപ്പോൾ സുഭദ്രയ്ക്കു ദുസ്സഹമായ വ്യസനം ഉണ്ടായി എന്നുമാത്രമല്ല, തനിക്ക് സംബന്ധമില്ലാതുള്ള ഒരു സംഗതിയിൽ പ്രവേശിച്ചത് അബദ്ധമായെന്ന് തോന്നി, തന്നെത്താൻ ശാസിച്ചു തുടങ്ങുകയും ചെയ്തു. സുന്ദരയ്യനെയും കോടാങ്കിയെയും തമ്മിൽ കടികൂട്ടിക്കുന്നതിന് ചെയ്ത ശ്രമം നിഷ്ഫലമായതിനെക്കുറിച്ച് ഉണ്ടായ കുണ്ഠിതം മാറി, തന്റെ സഖാക്കളിൽ ഒരാൾക്ക് ജീവനാശം സംഭവിച്ചാലുണ്ടാകുന്നതുപോലുള്ള വ്യസനത്തിന് അധീനയായി, മേലിൽ ആചരിക്കേണ്ടും ക്രമത്തെക്കുറിച്ച് ആലോചനചെയ്യുന്നതിന് ശക്തിയില്ലാതെ, ശങ്കരച്ചാരുടെ പ്രേതത്തെ ഏതുവിധത്തിലും ക്ഷണത്തിൽ പെരുവഴിയിൽ നിന്ന് കൊണ്ടുപോരണമെന്നുമാത്രം ആജ്ഞാപിച്ചിട്ട് ക്ലേശിച്ചിരിക്കുന്നതിനിടയിൽ രാവും കഴിഞ്ഞു. നേരം വെളിച്ചമായ ഉടനെ ആനന്ദം സങ്കടക്കാറിയായി എത്തി. മറ്റു

ള്ള വിഷാദങ്ങൾക്കിടയിൽ, പരമാർത്ഥയായ ആനന്ത ത്തിനെ വഴിപോലെ ആശ്വസിപ്പിക്കാൻ സുഭദ്രയ്ക്ക് ഇട യില്ലായിരുന്ന എങ്കിലും, അവളെ ഒരു വിധത്തിൽ സ്ഥി രചിത്തയാക്കി അയച്ചു. ശങ്കരച്ചാരെ എടുത്തുകൊണ്ടുവ രുന്നതിന് നിയോഗിക്കപ്പെട്ടിരുന്നവർ മടങ്ങി, പ്രേത ത്തെ രാമനാമഠത്തിൽ പിള്ള മുതലായവർ കണ്ട് യുവ രാജാവ് വധിച്ചതാണെന്ന് നിശ്ചയമാക്കുകയാൽ കാ ര്യം കേൾക്കുന്നതിനായി പൗരന്മാരെ ഇളക്കി ഉൽസാ ഹിപ്പിക്കുന്ന എന്നും ഒരു തീർച്ച ഉണ്ടാകുന്നത് വരെ പ്രേ തത്തെ ആരും തൊട്ടുപോകരുതെന്ന് ആജ്ഞാപിച്ചിരി ക്കുന്ന എന്നും ശ്രീപണ്ടാരത്തു വീട്ടിൽ വെച്ച് വേലുക്കുറു പ്പിനെയും പാരദേശികനെയും യുവരാജാവ് നിഗ്രഹിച്ചി രിക്കുന്ന എന്നും നഗരവാസികൾ ഇളകിത്തുടങ്ങിയിരി ക്കുന്ന എന്നും മറ്റും റിപ്പോർട്ട് ചെയ്തു. ആകപ്പാടെ കഥ ആ സകലം കേട്ടപ്പോൾ സുഭദ്രയുടെ ബുദ്ധി വല്ലാത്ത കുഴക്കി ലായി. തനിക്ക് രാമനാമഠത്തിൽ പിള്ളയുടെ പക്കൽ നി ന്നും കിട്ടിയ അറിവിൻ പ്രകാരം യുവരാജാവിനെ നിഗ്ര ഹിക്കാനായി തമ്പിയാൽ നിയോഗിക്കപ്പെട്ടിരുന്ന വേ ലുക്കുറുപ്പ് ശ്രീപണ്ടാരത്തു വീട്ടിൽ മരിച്ചു കിടക്കുന്നു. യു വരാജാവിനെ രക്ഷിക്കുന്നതിനായി തന്നാൽ നിയോഗി ക്കപ്പെട്ട ശങ്കരച്ചാർ കൊട്ടാരത്തിനകത്തുവച്ച് മരിച്ചിരി ക്കുന്നു. വേലുക്കുറുപ്പിനോടുകൂടി കോടാങ്കിയും വധിക്കപ്പെ ട്ടിരിക്കുന്നു. ഈ സംഗതികൾ എങ്ങനെ സംഭവിച്ചു എ ന്നുള്ളത് വ്യക്തമാകാതെ സുഭദ്ര മുമ്പിലത്തേതിലും അധി കമായ കുഴക്കിൽ അകപ്പെട്ട് ഇരിക്കുമ്പോൾ പുരവാസി കളുടെ ലഹളകളെക്കുറിച്ച് ഓരോ വർത്തമാനങ്ങൾ ഓ

രോരുത്തർ എത്തിച്ചുകൊണ്ടിരുന്നു. ഇങ്ങനെ കുറച്ചു കഴിഞ്ഞപ്പോഴേക്ക് പപ്പുവിന്റെ പുറപ്പാടും തമ്പിയുമായി കഴിഞ്ഞ കൂടിക്കാഴ്ചയുടെയും സുന്ദരയ്യനിൽനിന്ന് കിട്ടിയ സമ്മാനത്തിന്റെയും കഥകളും ആയി. എന്നാൽ ഇതുകൾ ഒന്നിലും സുഭദ്രയുടെ ശ്രദ്ധ പതിഞ്ഞില്ല. നാലഞ്ചുനാഴിക കഴിഞ്ഞപ്പോൾ മഹാരാജാവ് നാടുനീങ്ങിയിരിക്കുന്നു എന്നുള്ള വർത്തമാനവും പൗരന്മാർ അടങ്ങി തിരിച്ചതിന്റെ വിവരങ്ങളും എത്തി. ആകപ്പാടെ തമ്പിക്കും സുന്ദരയ്യനും ജയകാലം തന്നെ എന്നും പാറുക്കുട്ടിക്കുവേണ്ടി താൻ ചെയ്യുന്ന പ്രയത്നങ്ങളും യുവരാജാവിനെ സഹായിപ്പാൻ പുറപ്പെട്ടതിൽ വന്നുകൂടിയ ഫലം പോലെ പ്രതികൂലമായി വന്നേക്കാമെന്നും ഉള്ള വിചാരങ്ങളോടും സ്ത്രീകളുടെ ബുദ്ധി മഹാമോശം തന്നെ എന്ന് സമ്മതിച്ചും ഇരിക്കുന്നതിനിടയിൽ, പഠാണിപ്പാളയത്തിലേക്ക് അയയ്ക്കപ്പെട്ടവൻ സന്തോഷം കൊണ്ട് പ്രകാശിക്കുന്ന മുഖത്തോടുകൂടി ആ സ്ത്രീയുടെ മുമ്പിൽ എത്തി. ഇവന്റെ മുഖപ്രസാദം കണ്ട് സന്തോഷകരമായ എന്തോ വർത്തമാനം ഉണ്ടെന്നും കഴിഞ്ഞ കാര്യങ്ങളെക്കുറിച്ച് വിഷാദിക്കുന്നതുകൊണ്ട് കാര്യമില്ലെന്നും ഉള്ള വിചാരങ്ങളോടുകൂടി "എന്തെല്ലാമാണ് നീ കൊണ്ടുവന്നിട്ടുള്ളത്?" എന്ന് സുഭദ്ര ചോദിച്ചു. "ഞാനൊ?" എന്നു പറഞ്ഞുകൊണ്ട് ഭൃത്യൻ ഒരു ഡപ്പി തന്റെ വസ്ത്രത്തിനിടയിൽ നിന്ന് എടുത്ത് സുഭദ്രയുടെ കൈയിൽ കൊടുത്തു.

സുഭദ്ര: (ആശ്ചര്യത്തോടുകൂടി) "സുന്ദരയ്യൻ തന്നയച്ചതാണോ?"



ഭൃത്യൻ: "അല്ലല്ല. ഇതൊരു മരുന്ന്. ചെമ്പകശ്ശേരിയിലെ കുഞ്ഞിന് കൊടുപ്പാൻ പഠാണികൾ തന്നയച്ചു."

സുഭദ്ര: "ആവു! നീ എങ്കിലും ഒരു സന്തോഷവർത്തമാനം

കൊണ്ടുവന്നല്ലൊ! കാശിവാസിയെ കണ്ടോ?"

ഭൃത്യൻ: "കാശിവാസിയെയും തുപ്പായിയെയും കണ്ടില്ല. തുപ്പായി ഇന്നലെ രാത്രിയേ പോയിട്ടു തിരിച്ച ചെല്ലാത്തതുകൊണ്ട് അവിടെ ഒരു ലഹള… അതാണ് ഞാൻ ഇത്ര താമസിച്ചതു്."

സുഭദ്ര: "എന്നാൽ ഈ മരുന്ന് തന്നതാരു്? നീ എങ്ങനെ ഈ കഥകൾ അറിഞ്ഞു?"

ഭൃത്യൻ: "എല്ലാം പറയാം. ഞാൻ അവിടെ ചെല്ലുമ്പോൾ അവിടെ ഒരു മൂപ്പീന്ന് വെളിവാടുകൊണ്ട് നിൽക്കുന്നു. എനിക്ക് ഒന്നും മനസിലായില്ല. ഞാൻ അവിടെ ഒക്കെ ചുറ്റിപ്പറ്റി നടന്നു. അപ്പോൾ ഒരു ചെറിയ മേത്തൻ… എന്തു നിറം!… എന്തു യോഗ്യൻ! നമ്മുടെ (പറവാൻ ആരംഭിച്ച വാക്കുകളെ അമർത്തീട്ട്) കാമദേവൻ തന്നെ കണ്ടാൽ. അങ്ങേരു്, എന്നെ വിളിച്ച് തമിഴിൽ ചോദിച്ചു, 'എവിടുന്ന്, എന്തിന് ചെന്നു?' എന്നും മറ്റും. ഞാൻ ഒന്നും ഒളിക്കാതെ സത്യമെല്ലാം പറഞ്ഞു. പൊന്നുകൊച്ചമ്മാ, അങ്ങേരു് എന്റെ വാക്കുകൾ കേട്ടു് തൊലി ഉരിച്ച ഓന്തിനെപ്പോലെ ആയി. എങ്കിലും തുപ്പായിയും കാശിവാസിയും ആരും അവിടെ ഇല്ലെന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു. ചിരി ഉൗക്കക്കാറന്റെ ചിരി ആയിരുന്നു. അങ്ങേരു് എന്നെ നിൽക്കാൻ പറഞ്ഞിട്ടു് അകത്തുപോയി. രണ്ടു നാഴിക കഴിഞ്ഞു് എന്നെ അങ്ങോട്ടു് വിളിച്ചു. എന്റെ കൊച്ചമ്മാ! അതിനകം തേവലോകം തന്നെ! പൊന്നും വെള്ളിയും ചെണ്ടപ്പോരു്! ഒടുക്കം ഒരു മൂപ്പീന്നെന്ന് പറഞ്ഞ ആളിന്റെ മുമ്പിൽ എത്തി. എന്റെ അമ്മോ! അവിടെക്കണ്ടു ഒരുത്തിയെയും ഒരുത്തനെയും… ഉടപ്പുറ

ന്നവളും ഉടപ്പുറന്നവനും. അവള് അവളുതന്നെ! എന്നെക്കണ്ടു് ഒരു മൂടുതുണി ഇട്ടു് മുഖം മറയ്ക്കാൻ തുടങ്ങി. എനിക്കു് കാണാൻ ഭാഗ്യമുണ്ടായിരുന്നതുകൊണ്ടു് മറച്ചില്ല. അവള് ഏതു് സ്വർഗത്തീന്നു വന്നവളോ! ചന്തം നാലുവഴിക്കും ഒഴുകുന്നു. ചുണ്ടീന്നു് ചോര തെറിക്കുന്നു. മുഖം, അയ്യോ! എന്തുപോലെ എന്നൊന്നും എനിക്കു പറവാൻ വയ്യ. കണ്ണു രണ്ടു് നക്ഷത്രക്കുട്ടി. പല്ലു് കുമ്പളക്കുരു…”

സുഭദ്ര: “ആ വർണ്ണന പിന്നെ ആകാം. നടന്ന കഥ എല്ലാം കേൾക്കട്ടെ.”

ഭൃത്യൻ: (സ്ത്രീകൾ അസൂയാനിലയനങ്ങൾ എന്നുള്ളതിനു് സുഭദ്രയും ഒരു ദൃഷ്ടാന്തം തന്നെ എന്നുള്ള വിചാരത്തോടുകൂടി) “പിന്നെ, അവരു് രണ്ടു പേരും കൂടി കരഞ്ഞും പിടിച്ചും മൂപ്പീന്നിനെക്കൊണ്ടു് ഈ മരുന്നു് തരുവിച്ചു. അത്രതന്നെ. ഇന്നലെ ചെമ്പകശ്ശേരിയിലെ ആശാനെ കൊച്ചമ്മ അവിടെ അയച്ചിരുന്നു. അപ്പോൾ അവിടത്തെ കുഞ്ഞിന്റെ ദണ്ഡകാര്യം അങ്ങേർ പറഞ്ഞറിഞ്ഞു. അതുകൊണ്ടു് ഈ മരുന്നു് തന്നയയ്ക്കുണു; ഇതുകൊടുത്താൽ പിടീന്നു് ദീനം ഭേദം വരുമ്പോലും! എന്നൊക്കെ കൊച്ചമ്മയുടെ… അല്ല… ആദ്യത്തെ മേത്തൻ പറഞ്ഞയച്ചു. ഞാൻ ഇനിയും നാളെ അവിടെച്ചെന്നു് വിവരം പറയണം എന്നും പറഞ്ഞു.”

ഔഷധം കൊടുത്തതിനു് കാരണം ചെമ്പകശ്ശേരി വീട്ടുകാരെക്കുറിച്ചു് താല്പര്യം ഉള്ളവർ ആരോ ആ സ്ഥലത്തുള്ളതുകൊണ്ടാണെന്നു് സുഭദ്ര മുൻ അറിവുകളാൽ തീർച്ചയാക്കീട്ടു്, തന്റെ ദൂതന്റെ വാക്കുകൾ രണ്ടു് ഭാഗങ്ങളിൽ സംശ

യകരമായുള്ള തടസ്സം ഉണ്ടാക്കിയതിനെക്കുറിച്ച് തനിക്കു ളവായ സന്ദേഹത്തിന്റെ നിവൃത്തിക്കായി ഇപ്രകാരം ചോദ്യം ചെയ്തു: "കാശിവാസിയും ദ്വിഭാഷിയും രണ്ടുപേരും അവിടെ ഇല്ലായിരുന്നോ?"

ഭൃത്യൻ: "ഏഹേ! രണ്ടുപേരെയും കണ്ടില്ല."

സുഭദ്ര: "നീ കണ്ട ആൾ ദ്വിഭാഷി അല്ലെന്ന് നിശ്ചയമാണോ?"

ഭൃത്യൻ: "അല്ലെന്നാണ് തോന്നുന്നത്.

സുഭദ്ര: "കാരണം?"

ഭൃത്യൻ: "കാരണം... ദ്വിഭാഷി പൊയ്ക്കളഞ്ഞതുകൊണ്ടാണല്ലോ ലഹള."

സുഭദ്ര: "എന്ന് ആര് പറഞ്ഞു?"

ഭൃത്യൻ: "എന്ന് പറഞ്ഞത് ആ സുന്ദരൻ മേത്തൻ തന്നെ."

സുഭദ്ര: "കാശിവാസി പൊയ്ക്കളഞ്ഞതിനല്ലയോ ശണ്ഠ?"

ഭൃത്യൻ: "എന്നതന്നെയാണെന്ന് തോന്നുന്നു, മേത്തൻ പറഞ്ഞത്."

സുഭദ്ര: "എന്തൊക്കെ അസംബന്ധങ്ങളാണ് നീ പറയുന്നത്! അതെല്ലാം നിൽക്കട്ടെ. ആ സുന്ദരൻ പഠാണിയുടെ ഛായയിൽ നീ ആരെയെങ്കിലും ഇതിന് മുമ്പിൽ കണ്ടിട്ടുണ്ടോ?"

ഭൃത്യൻ വലിയ ചുറ്റിലായി. തന്റെ ധൃതിയും ഓർമകേടും നിമിത്തം പുറത്തുചാടിക്കാൻ ഭാവിച്ച ഒരു അഭിപ്രായത്തെ സുഭദ്രയുടെ പേരിലുള്ള ആദരവുമൂലം താൻ അ

മർത്തിയതിനെക്കുറിച്ച് ആ സ്ത്രീ ഇങ്ങനെ ഖണ്ഡിച്ചു ചോദ്യം ചെയ്തപ്പോൾ ഭൃത്യൻ താൻ അറിയാതെ താളം ചവുട്ടിത്തുടങ്ങി. ഈ സ്ഥിതി കണ്ടു് സുഭദ്ര ഇങ്ങനെ ചോദിച്ചു: "നീ വിഷമിച്ച് നിൽക്കുന്നതെന്തിന്? തോന്നുന്നതിനെ പറയരുതോ?"

ഭൃത്യൻ: "എന്റെ ഒരു സംശയമാണ്. സ്വരവും അതുതന്നെ. ആളും തരവും ഇങ്ങനെ ഒത്തുവരാറുണ്ടോ?"

സുഭദ്ര: "ഏതു്? എങ്ങനെ?"

ഈ ചോദ്യത്തിനുണ്ടായ ഉത്തരത്തോടുകൂടി തന്റെ സർവ്വനാഡികളിലും ഒരു മിന്നൽ വ്യാപിച്ചതുപോലെ തോന്നി, അതിധൈര്യശാലിനിയായ സുഭദ്ര കേവലം മൃഗപ്രായയെന്നുള്ള സ്ഥിതിയിലായി.

# 23

> “കാണാമിപ്പോളെനിക്കെൻ നിഷധനരപതിം-
> പേർത്തുമെന്നോർത്തുനോക്കി
> ക്കാണുന്നേരത്തു കണ്ടാളതിവികൃതവപുർ
> ദ്ധാരിണം നീചമേകം.”

രാമവർമ്മരാജാവിന്റെ സംസ്കാരാദിക്രിയകൾ കഴിഞ്ഞതിന്റെ ശേഷം മാർത്താണ്ഡവർമ്മ യുവരാജാവിനു് രാജ്യസംബന്ധമായുള്ള സംഗതികളെക്കുറിച്ചു് ആലോചിക്കുന്നതിനു് ബുദ്ധിക്കു് സ്വാസ്ഥ്യം ഇല്ലാതെ ഇരുന്നു എങ്കിലും, ശ്രീപണ്ടാരവകയ്ക്കായി കോട്ടാറ്റു് മുതലായ സ്ഥലങ്ങളിൽ നിന്നു് വേണ്ട ദ്രവ്യം കടം വാങ്ങി മധുരക്കാരായ പട്ടാളക്കാർക്കു് കൊടുത്തു് അവരെ സമാധാനപ്പെടുത്തി, അല്പവും കാലതാമസം കൂടാതെ അവരോടു് കൂടി തിരുവനന്തപുരത്തു് എത്തുന്നതിനു് ആറുമുഖം പിള്ള ദളവായ്ക്കു് എഴുതി അയയ്ക്കാൻ രാമയ്യനോടു് കല്പിച്ചു. തമ്പിമാരുടെയും ബന്ധുക്കളായ അഷ്ടഗൃഹസ്ഥാനികളുടെയും വൈരമാൽസര്യാദികൾ നാട്ടിൽ ആചരിക്കപ്പെട്ടിരിക്കുന്ന ദുഃഖത്തിന്റെ ആദിയോടുകൂടി അന്തർദ്ധാനം ചെയ്തുപോലെ കാണപ്പെട്ടതിനാൽ യുവരാജാവു് മാതുലന്റെ ഉദകക്രിയാദികൾ നിർബ്ബാധമായി അനുഷ്ഠിച്ചുവന്നു. നാടുനീങ്ങിയതി

ന്റെ അഞ്ചാം ദിവസം അസ്തമനത്തോടുകൂടി മേൽപറയപ്പെട്ട സമാധാനത്തിന് ലംഘനം ഉണ്ടായി എന്നുമാത്രമല്ല, യുവരാജാവിന്റെ ജീവിതകാലത്തിനിടയിൽ അദ്ദേഹത്തിന് നേരിട്ടിട്ടുള്ള ആപത്തുകളിൽവച്ച് പ്രഥമമായി ഗണിക്കപ്പെടാവുന്ന ചില സംഭവങ്ങൾക്ക് സംഗതി വരികയും ചെയ്തു. കിളിമാനൂർനിന്ന് നാരായണയ്യൻ എന്നൊരു ബ്രാഹ്മണന്റെ അധീനത്തിലാക്കി അയയ്ക്കപ്പെട്ടിരുന്ന ഭടന്മാർ സമുദ്രതീരമാർഗ്ഗമായി പുറപ്പെട്ടിട്ടും കഴക്കൂട്ടത്തു പിള്ളമാരാൽ തടുത്ത് തോൽപിക്കപ്പെട്ടു എന്ന് സന്ധ്യയോടുകൂടി അറിവ് കിട്ടി. കിളിമാനൂർനിന്ന് ഉണ്ടാകുമെന്ന് വിചാരിച്ചിരുന്ന സഹായവും ശൂന്യമായി എന്നറിഞ്ഞപ്പോൾ യുവരാജാവ് രാമയ്യനോട് ഇങ്ങനെ ചോദിച്ചു: "തമ്പിയോടുകൂടിയുള്ള വേൽക്കാർ കൊട്ടാരം അകമ്പടിക്കാരല്ലേ?"

രാമയ്യൻ: "സ്വാമീ."

യുവരാജാവ്: "എന്നാൽ, കൊട്ടാരത്തിൽനിന്ന് ജോലി നോക്കാത്തവരുടെ ഉടമ നിർത്തലെഴുതാൻ സർവ്വാധിയോട് പറയൂ. ഈ വിവരം അവരെ ഗ്രഹിപ്പിക്കയും വേണം."

യുവരാജാവ് ഇപ്രകാരം കൽപ്പനകൾ കൊടുക്കുന്നതിനിടയിൽ ചെമ്പകശ്ശേരിയിൽ കാർത്ത്യായനിയമ്മയുടെ നേത്രങ്ങൾക്ക് അത്യാനന്ദത്തെ നൽകുന്നതായ ഒരു സംഗതി നടക്കുന്നുണ്ടായിരുന്നു. നമ്മുടെ കഥാനായിക ആകുന്ന പാറുക്കുട്ടി ശിശുക്കളെപ്പോലെ പരുഷങ്ങൾ പറഞ്ഞുകൊണ്ട്, തന്റെ ഗൃഹത്തിലേക്ക് പോകാൻ ഭാവിക്കുന്ന സുഭദ്രയെ തടുത്തിരിക്കുന്നു. ഇവരുടെ വാദപ്രതിവാദ

ങ്ങൾ കേട്ട് മന്ദസ്മിതത്തോടും തന്റെ പുത്രിയുടെ പ്രഗല്ഭതകൾ കണ്ട് ഉള്ളിൽ തിങ്ങുന്ന സന്തോഷപാരവശ്യത്തോടും പക്ഷവാദി ആകാൻ കഴികയില്ലെന്നുള്ള നാട്യത്തിൽ രണ്ടുപേരുടെയും സമീപത്ത് ആ സ്ത്രീ മിണ്ടാതെ നിൽക്കുന്നു. പാറുക്കുട്ടി ഇത്ര വേഗത്തിൽ ഈ സ്ഥിതിയിൽ ആയത് ഹാക്കിമിന്റെ ദിവ്യമായുള്ള ഔഷധത്തിന്റെ ശക്തി കൊണ്ടാണെന്ന് വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. പാറുക്കുട്ടിയുടെ രോഗത്തെക്കുറിച്ച് ദൃഷ്ടിദോഷം, ബാധപീഡ, മുജ്ജന്മത്തിൽ കൃത്യമായ പാപങ്ങളുടെ ഫലം എന്നിങ്ങനെ ഓരോരുത്തർ ഓരോവിധം അഭിപ്രായപ്പെട്ടതു അസംബന്ധമെന്നും പ്രായവിശേഷംകൊണ്ട് കാലക്രമത്താലും ഔഷധത്തിന്റെ സഹായത്താൽ ക്ഷണേനയും ശാന്തമാകുന്ന ഒരു രോഗമായിരുന്നു എന്നും ഹാക്കിമിനാൽ നൽകപ്പെട്ട ഭസ്മം തെളിയിച്ചു. മഹാരാജാവ് നാടുനീങ്ങിയ അന്ന് അസ്തമനമാകാറായപ്പോൾ സുഭദ്ര ചെമ്പകശ്ശേരിയിൽ എത്തി തന്റെ കയ്യിലുണ്ടായിരുന്ന ഔഷധത്തെ മൂത്തപിള്ളയുടെ പക്കൽ ഏൽപിച്ചു. ഹാക്കിമിന്റെ നാമത്തെ ഉച്ചരിച്ചപ്പോൾ, അടുത്തുണ്ടായിരുന്ന വൈദ്യന്മാർ വൃദ്ധന്റെ കീർത്തിയെക്കുറിച്ച് കേട്ടിട്ടുണ്ടായിരുന്നതിനാൽ, അദ്ദേഹത്തിന്റെ പാണ്ഡിത്യവും ചികിത്സയിലുള്ള പടുത്വവും പാറുക്കുട്ടിയുടെ സംഗതിയിൽ പരീക്ഷിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. ഹാക്കിമിന്റെ ഭസ്മം സേവിച്ചപ്പോൾ പാറുക്കുട്ടി സുഖമായി നിദ്ര ആരംഭിച്ചു. രാത്രിയിൽ ഉണരായ്കകൊണ്ട് കാർത്ത്യായനിയമ്മയ്ക്ക് വളരെ സംഭ്രമങ്ങൾ ഉണ്ടായി എങ്കിലും അടുത്ത ദിവസം ഉദയമാകാറായപ്പോൾ പുത്രി ഉണർന്ന് അത്യ

ന്തം ക്ഷീണത്തോടുകൂടി തന്നെ വിളിക്കയാൽ കാർത്ത്യായനിയമ്മയുടെ പോയിരുന്ന ജീവൻ ആ സ്ത്രീയുടെ ജഡത്തിൽ വീണ്ടും പ്രവേശിച്ചു. കാർത്ത്യായനിയമ്മ മുതലായവരാൽ മൃദുലമായി പരിലാളിക്കപ്പെട്ടും, തന്റെ സ്വകാര്യമായുള്ള ചില വ്യസനങ്ങൾ നിമിത്തം സ്വഗൃഹത്തിലുള്ള വാസത്തിൽ ആസക്തി തോന്നാതെ ചെമ്പകശ്ശേരിയിൽത്തന്നെ പാർത്തുവരുന്ന സുഭദ്രയാൽ പ്രത്യേകമായി ശുശ്രൂഷിക്കപ്പെട്ടും പാറുക്കുട്ടി ഉത്തരോത്തരം ഉത്സാഹവർത്തിനിയും ആയി വന്നു. കുറച്ചുദിവസത്തിന് മുമ്പിൽ സുന്ദരയ്യന് ആ ഭവനത്തിലുണ്ടായിരുന്നതിലും വലുതായ പദവി സിദ്ധിച്ചിരിക്കുന്ന സുഭദ്രയുടെ സംഭാഷണങ്ങളെ മറ്റുള്ളവർ കേൾക്കാതിരിക്കുന്നതിനായി തന്റെ മാതാവിനെപ്പോലും പാറുക്കുട്ടി സമീപത്തുനിന്നും ചിലപ്പോൾ ഓടിക്കുന്നുണ്ടെങ്കിലും തന്റെ മോഹംമൂലം ഉളവായ ദുഃഖത്തിൽ നിന്ന് നല്ലതായ ഒരു പാഠം കാർത്ത്യായനിയമ്മ പഠിച്ചിരുന്നതിനാൽ പുത്രിയുടെ ഹിതത്തെ അനുവർത്തിച്ചുതന്നെ പോരുന്നു. പാറുക്കുട്ടി രോഗപാശത്തിൽനിന്ന് വിമുക്തയായിരിക്കുന്നുവെങ്കിലും കായബലത്തിൽ പൂർവ്വസ്ഥിതിയെ പ്രാപിച്ചിട്ടില്ല. എന്നാൽ മാനസികവിഷയത്തിൽ, പാറുക്കുട്ടിയുടെ സ്ഥിതി രോഗാരംഭത്തിന് അടുത്ത് മുമ്പുള്ള സ്ഥിതിയിലും വളരെ ഭേദപ്പെട്ട് കാണുകയാൽ ഇതിലേക്കും സംഗതി വരുത്തിയ സുഭദ്രയുടെ വാഗ്‌വൈഭവത്തെയും മനോഗുണങ്ങളേയും കാർത്ത്യായനിയമ്മ ഏറ്റവും അഭിനന്ദിച്ചു.

സുഭദ്ര ചെമ്പകശ്ശേരിയിൽ പാർത്തുതുടങ്ങിയ അഞ്ചാം ദിവസം സന്ധ്യ ആയപ്പോൾ തന്റെ മാതുലൻ തിരുവന

ന്തപുരത്ത് എത്തിയിരിക്കുന്നു എന്നുള്ള വർത്തമാനം ഭൃത്യർമുഖേന ഗ്രഹിക്കയാൽ തന്റെ ഗൃഹത്തിലേക്ക് പൊയ്ക്കൊള്ളുന്നതിന് പാറുക്കുട്ടിയുടെ അനുവാദത്തെ അപേക്ഷിച്ചു. "അക്കൻ പോകരുത്, പോയാൽ എനിക്ക് തീരെ സുഖമുണ്ടായിരിക്കയില്ല" എന്ന് പാറുക്കുട്ടി പറകയാൽ സുഭദ്ര തന്റെ യാത്രാരംഭത്തെ താങ്ങി ബലമായി വാദിച്ചു. പാറുക്കുട്ടി അപ്പോൾ പരുഷങ്ങൾ പറഞ്ഞു തുടങ്ങി: "എന്തക്കനാണ്! എന്നെ സ്നേഹം ഇല്ലാഞ്ഞിട്ടാണ് പോകാൻ തുടങ്ങുന്നത്."

സുഭദ്ര: "അമ്മാവൻ എന്റെ സ്ഥിതി അറിഞ്ഞാൽ ഒന്നും മിണ്ടുകയില്ല. അക്കൻ എന്നോട്ട് മുഷിഞ്ഞു പോകയാണ്."

സുഭദ്ര: "തങ്കത്തിന്റെ അമ്മ അടുത്തുണ്ടല്ലോ. അതിലും വലുതാണോ ഞാൻ?"

പാറുക്കുട്ടി: "അക്കന്റെ മുഖം കണ്ടുകൊണ്ടിരുന്നാൽത്തന്നെ എനിക്കൊരു സുഖമുണ്ട്."

ഇതു പരമാർത്ഥംതന്നെ എന്ന് ഈ അദ്ധ്യായാരംഭത്തിൽ പ്രസ്താവിച്ചപോലെ കേവലം കാഴ്ചക്കാരിയായി അതുവരെ നിന്നിരുന്ന തന്റെ പുത്രിയുടെ പ്രേമത്തിന്റെ ശക്തി തനിക്ക് ബോദ്ധ്യപ്പെടുകയാൽ, അതുമൂലം തന്റെ പുത്രിക്ക് വല്ല രോഗവും പിടിപെട്ടേക്കുമോ എന്നുള്ള ശങ്കയുണ്ടായി ആ സ്ത്രീ ഒന്നുവിറച്ചു. ഈ വിചാരത്തിന്റേയും പതിന്നാലാമദ്ധ്യായത്തിൽ കാർത്ത്യായനിയമ്മ സുഭദ്രയുടെ ഗാത്രപരിശോധന ചെയ്തതിന്റെ സംബന്ധം, സുഭദ്രയെക്കുറിച്ചുള്ള ഒരു സംഗതി വെളിപ്പെടുമ്പോൾ വായനക്കാർക്ക് മനസ്സിലാകുന്നതാണ്. പുത്രിയുടെ മനോലോല

ത്വം ഓർത്ത് വേഗത്തിൽ കാർത്ത്യായനിയമ്മ ആ ഭാഗത്തുചേർന്ന് ഇങ്ങനെ വാദിച്ചു: "സുഭദ്രേ, ഇന്നു രാത്രി ആയല്ലോ. നിനക്കു നാളെ പോകാം. അതാണു നല്ലത്. വേണമെങ്കിൽ അണ്ണനെക്കൊണ്ട് കുടമണ്ണമ്മാവനോട് സമാധാനം പറയിച്ചുകൊള്ളാം."

പാറുക്കുട്ടി: "അന്ന് ഇതിനകത്തു സുന്ദരയ്യൻ കേറി എന്ന് അക്കൻ പറഞ്ഞല്ലോ. അതുകൊണ്ട് എനിക്ക് ഇപ്പോഴും ബഹുപേടി ആയിരിക്കുന്നു. അക്കൻകൂടി ഉണ്ടായിരുന്നാൽ പേടിയില്ലാതെ ഇരിക്കും."

സുഭദ്ര: "അത്ര പേടിയാണെങ്കിൽ ഞാൻ താമസിക്കാം. കള്ളന്മാർക്കും, യക്ഷി, ഗന്ധർവ്വൻ മുതലായ കൂട്ടത്തിനും എന്നെ ബഹുപേടിയാണ്."

പാറുക്കുട്ടി: "ഇപ്പോൾ എനിക്ക് സമാധാനമായി. അന്ന് ആ പട്ടർ ഇതിനകത്ത് കടന്നപ്പോൾ എനിക്ക് ബോധമുണ്ടായിരുന്നെങ്കിൽ ..."

സുഭദ്ര: "തങ്കത്തിന് അന്ന് ബോധമുണ്ടായിരുന്നെങ്കിൽ ..." ഇത്രയും പറഞ്ഞിട്ട് ക്ഷണത്തിൽ തന്റെ വാക്കുകളെ അമർത്തി.

"ബോധമുണ്ടായിരുന്നെങ്കിൽ എന്താണ്? അക്കൻ എല്ലാം പറഞ്ഞിട്ടില്ല. എന്തോ ഒന്ന് ഒളിക്കുന്നുണ്ട്." എന്നു പാറുക്കുട്ടി പറഞ്ഞു.

സുഭദ്ര: (ചിരിച്ചുകൊണ്ട്) "ബോധമുണ്ടായിരുന്നെങ്കിൽ വലിയ കലശലുണ്ടായേനേ എന്നാണ് ഞാൻ പറവാൻ തുടങ്ങിയത്. തമ്പി അദ്ദേഹത്തിനെ വകതിരിവ് പഠിപ്പിക്കാതെ തങ്കം വിടുമായിരുന്നോ?"

പാറുക്കുട്ടി: "ഛേ! അദ്ദേഹത്തിനോട്ട് ഒരക്ഷരം മിണ്ടുക യില്ലായിരുന്നു. ഞാൻ ഗുണദോഷിച്ചാൽ പഠിക്കുന്ന ആ ളല്ല അദ്ദേഹം."

കാർത്ത്യായനിയമ്മ: "സുഭദ്രേ, നിന്റെ ബുദ്ധിയോ ധൈ ര്യമോ വലുത്? അങ്ങത്തെ അടുത്ത് രാത്രി തനിച്ചുപോ യത് അമ്പോ! വലിയ ധൈര്യം!"

പാറുക്കുട്ടി: "ആനന്തത്തിനെ ചുറ്റിച്ചതാണ് കേൾക്കാൻ ര സം."

കാർത്ത്യായനിയമ്മ: "പതുക്കെ ... വല്ലോരും കേട്ടാൽ അവിടെപ്പോയി പറയും; എന്നാൽ ചീത്തയാണ്."

സുഭദ്ര: "അതെല്ലാം പോട്ടെ. ഇവിടെക്കൊണ്ടിട്ടിരിക്കുന്ന ഭ്രാന്തന് നല്ല പാട്ടുകൾ അറിയാം."

കാർത്ത്യായനിയമ്മ: "ഓ! കാണുന്നു! വേൽക്കാരെ എ ല്ലാം ആണി വച്ച് സുന്ദരയ്യൻ തറച്ചിരിക്കുന്നു. അണ്ണ ന് ഇതിലെല്ലാമെന്ത് കാര്യമോ?"

സുഭദ്ര: "കുറുപ്പദ്ദേഹം ശ്രീപണ്ടാരത്തു വീട്ടിൽ കിടന്നിരു ന്നു എന്നെനിക്കറിയാം. ഈ ഭ്രാന്തനെ എവിടുന്ന് കി ട്ടി? അവനെ മാത്രമെങ്കിലും വിടീച്ചാൽ കൊള്ളാമെന്നു ണ്ട്."

കാർത്ത്യായനിയമ്മ: "ഇതാർക്കറിയാം? ഒരാളോട്ട് ചോ ദിച്ചാൽ പറയേണ്ടയോ? കൊലപാതകം ചെയ്താൽ പ്പോലും വെളിയിൽ പറഞ്ഞുപോകും. വിടുന്നകാര്യം ആലോചിക്കേവേണ്ട."

പാറുക്കുട്ടി: "എന്തു കഷ്ടം! അമ്മാ, അന്യായമാണ്. അവ നെ തുറന്ന് വിടീക്കരുതോ?"

കാർത്ത്യായനിയമ്മ: "എന്തുചെയ്യാം മകളേ? ഇതാ ആശാൻ വരുന്നു. ചോദിക്ക്."

വടിയുമായി ശങ്കുആശാനും വടക്കേക്കെട്ടിൽ എത്തി ആ സദസ്സിനുണ്ടായിരുന്ന ന്യൂനത തീർത്തു: "എന്തരാണ് വത്വാനങ്ങളും മറ്റും? ഇന്നല്ലയോ കുളിച്ചൊള്ളൂ? പാട്ടിക്ക് കേറിക്കെടക്കിൻ പിള്ളെ, ഇരുന്നു ചെലയ്ക്കാണ്ട്," എന്ന് ആശാൻ തന്റെ നിയമപ്രകാരം ശാസിച്ചു തുടങ്ങി. സുഭദ്ര ആശാന്റെ മുഖത്തുനോക്കി ഒന്നു ചിരിച്ചു. ആശാന്റെ മനസ്സമാധാനത്തെ ഈ ചിരി അപഹരിച്ചു എന്നുവരികിലും ധൈര്യം അവലംബിച്ചുകൊണ്ട് "എന്തരാണ് ആലോചനകള്?" എന്നു മൂപ്പൻ ചോദിച്ചു.

സുഭദ്ര: "കല്ലറയ്ക്കകത്ത് കടക്കരുതോ ആശാനേ?"

ആശാൻ: "താക്കോലെല്ലാം വേൽക്കാരെ കൈയിലല്ലയോ? പിന്നെ എങ്ങനെ?"

പാറുക്കുട്ടി: "താക്കോല് ആശാന്റെ കൈയിലല്ലയോ?"

ആശാൻ: "അതെല്ലാം പെയ്യ ... മൂത്തപിള്ള ചോദിച്ചാൽ കൊടുക്കാതെ എന്തര് ചെയ്യുമെന്നേ? മൂത്തപിള്ളയും തമ്പുരാന്റെ നേരെ കൊണ്ടുപിടിച്ചിരിക്കണെ."

പാറുക്കുട്ടി: "അതെന്തൊരന്യായം!"

കാർത്ത്യായനിയമ്മ: "ഒരന്യായവും ഇല്ല. നീയും ഇങ്ങനെ പറയുന്നോ?"

സുഭദ്ര ഭ്രൂഭംഗത്താൽ പാറുക്കുട്ടി പറവാൻ തുടങ്ങിയ വാക്കുകളെ തടഞ്ഞിട്ട്, "ഈ ഭ്രാന്തനെ പിടിക്കുന്നവർക്കും വലിയ ഭ്രാന്താണ്" എന്നു പറഞ്ഞു. സുഭദ്ര പാറുക്കുട്ടിയോ

ട്ട് താൻ അറിയുന്ന സകല സംഗതികളും ഒന്നൊഴികെ പറഞ്ഞിട്ടുണ്ടായിരുന്നു. പാറുക്കുട്ടിയുടെ കമിതാവു് ജീവിച്ചിരിക്കുന്നുണ്ടെന്ന് തീർച്ചയായി പറഞ്ഞു് ആ യുവതിയെ ആശ്വസിപ്പിച്ചു എങ്കിലും കാശിവാസിയെയും ദ്വിഭാഷിയെയും മറ്റും സംബന്ധിച്ചുള്ള തന്റെ സംശയങ്ങൾ ഒന്നിനെയും ആകട്ടെ, കാശിവാസി ചെമ്പകശ്ശേരിയിൽ ചെന്നിരുന്ന സംഗതിയെ ആകട്ടെ, സുഭദ്ര പുറത്ത് പറഞ്ഞിട്ടില്ലായിരുന്നു. എങ്കിലും സുഭദ്രയുടെ നാട്യം കണ്ടു് പാറുക്കുട്ടിയും വേഗം സംഭാഷണത്തെ വേറെ വിഷയത്തെ സംബന്ധിച്ചാക്കി.

പാറുക്കുട്ടി: “സംശയമില്ല. എന്തു കഷ്ടമാണിതു്?”

സുഭദ്ര: “അവനെ വിട്ടില്ലെങ്കിലും നേരംപോക്ക് കാണാൻ വഴി ആലോചിക്കാം.”

ആശാൻ: “അവിടെ എല്ലാം കളിവട്ടംതന്നെ.”

പാറുക്കുട്ടി: “എനിക്കും ഭ്രാന്തനെ കാണണമെന്ന് കൊതിയുണ്ട്.”

സുഭദ്ര: “ആശാന്റെ കളി നാം കാണുന്നല്ലോ . . . ”

പാറുക്കുട്ടി: “ഇതുതന്നെയാണ് ആശാന് അക്കനെ കണ്ടുകൂടാത്തതു്.”

ആശാൻ: “പേറ്റം എക്കുമ്മറ്റുമല്ല. ഹും! ഇപ്പറയണവർക്കു തന്നെ.”

സുഭദ്ര: “ഞാൻ ഒരിക്കലും ബുദ്ധിയെ അസ്വാധീനസ്ഥിതിയിലാക്കിയിട്ടില്ല.”

ഇതിന് ഉത്തരം പറവാൻ ഇടയുണ്ടാകുന്നതിന് മുമ്പിൽ ആശാനെ ചെമ്പകശ്ശേരി മൂത്തപിള്ള ധൃതിയിൽ വിളിച്ചു തുടങ്ങുകയാൽ ആശാൻ കലശലിന് ഭാവിക്കാതെ പൂമുഖത്തേക്ക് പോയി. യുവരാജാവിന്റെ കൊട്ടാരത്തിൽ ഹാജരാകുന്നതിന് വലിയ സർവ്വാധികാര്യക്കാരുടെ നിനവ് ചെല്ലുകയാൽ, ചെമ്പകശ്ശേരിയിൽ, കാവൽ നിറുത്തീട്ടുള്ള ആളുകളേയും കൊണ്ട് മൂത്തപിള്ളതന്നെ തമ്പിയുടെ നാലുകെട്ടിൽ ചെല്ലുന്നതിന് അദ്ദേഹത്തിന്റെ സന്ദേശം കിട്ടി. അതിൻപ്രകാരം പുറപ്പെടുന്നതിന് മുമ്പായി, ഗൃഹാദികളുടെ രക്ഷാഭാരവും പൂർവ്വസ്ഥിതിയിൽ ആയുധപ്പുരയുടെ താക്കോലുകളും ആശാനെ ഏൽപ്പിക്കുന്നതിനായി വൃദ്ധനെ വിളിച്ചതായിരുന്നു. ആശാനെ ഭാരമേൽപ്പിച്ചിട്ട് മൂത്തപിള്ള വേൽക്കാരാടൊരുമിച്ച് തമ്പിയുടെ ഗൃഹത്തിലേക്ക് യാത്രയായി. മൂത്തപിള്ളയുടെ യാത്രാനന്തരം സുഭദ്ര പാറുക്കുട്ടിയുടെ അനുവാദത്തോടുകൂടി പുറത്തിറങ്ങി തന്റെ ഭൃത്യനായ പപ്പു എന്നവനെ വിളിച്ച് ഗൂഢമായി ഇങ്ങനെ ചോദിച്ചു.: “ഇന്ന് ഫലിച്ചോ?”

പപ്പു: “കൊച്ചമ്മ തന്ന മോതിരം രണ്ടും കൊടുത്തപ്പോൾ ഒത്തു. ഈ ഭ്രാന്തൻ കുറുപ്പദ്ദേഹത്തിനെ രക്ഷിക്കാൻ അവിടെ പോയിരുന്നു.”

സുഭദ്ര: “അതു ഞാൻ ഊഹിച്ചു. അവൻ ആരെന്നറിഞ്ഞോ?”

പപ്പു: “അവർക്കാർക്കും അറിഞ്ഞുകൂടാ. ഇവൻ അവിടെ ഒരു വിദ്യ കാണിച്ചു. നല്ല കഞ്ചാവോ കറുപ്പോ എല്ലാവർക്കും കൊടുത്ത് അവരെ ഉറക്കീട്ടാണ് മിടുക്കൻ അകത്ത് കേറിയത്.”

സുഭദ്ര: (ആത്മഗതം) "അതാ വന്നു! കാശിവാസിയുടെ വിദ്യയാണതു്. ഭ്രാന്തനെ കാണുകതന്നെ വേണം." (പ്രകാശം) "നിങ്ങൾ എത്ര പേരുണ്ടിവിടെ?"

പപ്പു: "മൂന്നു്."

സുഭദ്ര: "ഒരാൾ വലിയ നാലുകെട്ടിലും, ഒരാൾ വീട്ടിലും പോയി രണ്ടെടത്തും നടക്കുന്നതെല്ലാം സൂക്ഷിച്ചറിഞ്ഞു് വന്നു് പറയണം. ഒരാൾ ഇവിടെ നിൽക്കട്ടെ."

ഈ വിധമുള്ള ആജ്ഞകൾ കൊടുത്തിട്ടു് സുഭദ്ര പാറുക്കുട്ടിയുടെ സമീപത്തു് പിന്നെയും എത്തി. പാറുക്കുട്ടി നിദ്ര്യാരംഭിച്ചിരിക്കുന്നു. എന്നാൽ ബുദ്ധിഹീനനായ ഒരുവനെ തന്റെ ഗൃഹത്തിൽ അസ്വാതന്ത്ര്യസ്ഥിതിയിൽ ഇട്ടിരിക്കുന്നതിനെ ഓർത്തു് ആ യുവതിയുടെ ആർദ്രമായുള്ള ചിത്തം ഇളകിക്കൊണ്ടിരിക്കുന്നതിനാൽ, തന്റെ രോഗം ആവർത്തിച്ചേക്കുമെന്നുള്ള ഭയംനിമിത്തം ഉള്ളിലുള്ള ചിന്തകളെ അടക്കുന്നതിനു് പല ശ്രമങ്ങളും ചെയ്തു. ഇപ്രകാരമുള്ള ശ്രമങ്ങളോടുകൂടി ഭ്രാന്തനെക്കുറിച്ചുള്ള അനുകമ്പ വർദ്ധിച്ച് ചിന്തകൾ മുഴക്കയാൽ, തന്റെ രോഗശമനത്തിനു് അന്നും സേവിച്ചതായ ഹാക്കിമിന്റെ ഔഷധം എങ്ങനെ ഉപകരിച്ചുവോ അതിന്മണ്ണം തന്റെ ഓരോ വ്യസനങ്ങളെ ശമിപ്പിക്കുന്നതിനു് ഉപയുക്തമെന്നു് അനുഭവസിദ്ധമായിട്ടുള്ള ഒരു വിദ്യയെ പാറുക്കുട്ടി പ്രയോഗിച്ചു. തന്റെ പ്രിയതമന്റെ രൂപത്തെ ധ്യാനിച്ച് മനോനേത്രത്തിനു് പ്രത്യക്ഷമാക്കിക്കൊണ്ടു്, ഇച്ഛാനുസാരമുള്ള സുഖാനുഭവങ്ങളോടുകൂടി മനോരാജ്യക്രീഡ തുടങ്ങി. മറ്റുള്ള ഓരോ അവസരങ്ങളിൽ പ്രയോജനപ്പെട്ട ഈ സൂത്രം അന്നു് ഫലപ്പെട്ടില്ല. ഭ്രാന്തന്റെ സ്ഥിതി തന്റെ മനസ്സിനെ ആകർഷിക്കുന്ന

ത് കർമ്മബന്ധത്താൽ തന്റെ രോഗാവർത്തനത്തിനായിരിക്കാമെന്നുള്ള ഭയം ഉദിക്കയാൽ ആ സാധുശീലയായ യുവതി സുഭദ്രയെ വിളിച്ച് തന്റെ സ്ഥിതിയെ ധരിപ്പിച്ചു. അടുത്തുണ്ടായിരുന്ന കാർത്ത്യായനിയമ്മ പുത്രിയുടെ സ്ഥിതി കേട്ട് പരിഭ്രമിച്ചു. സുഭദ്രയ്ക്ക് പാറുക്കുട്ടിയെ ആശ്വസിപ്പിക്കാൻ ആകട്ടെ, തന്റെ ഉദ്ദേശത്തെ ഫലിപ്പിക്കാനാകട്ടെ, അവസരം കിട്ടിയില്ല. എന്തുകൊണ്ടെന്നാൽ സുഭദ്രയുടെ ഭൃത്യനായ പപ്പു കെട്ടിനകത്തുചെന്ന സുഭദ്രയോട് സ്വകാര്യമായി എന്തോ പറഞ്ഞു. 'ഇതാ തിരിച്ചു വന്നു' എന്നുള്ള സമാധാനത്തോടുകൂടി പുത്രിയെ ബാധിച്ചിരിക്കുന്ന വിചാരത്തെ ആശ്വസിപ്പിക്കാനായി കാർത്ത്യായിഅമ്മ ഇങ്ങനെ ആരംഭിച്ചു: "മകളെ, നീ അടങ്ങിക്കിടന്നുറങ്ങ്. നിനക്കു ലേശം ദേഹശക്തി ഇല്ലല്ലോ; ആലസ്യമില്ലാത്ത സംഗതികളെക്കുറിച്ച് നീ എന്തിന് ആലോചിക്കുന്നു?"

പാറുക്കുട്ടി: "ഇതെന്ത് അക്രമമാണമ്മ? സാധുക്കളെപ്പിടിച്ച് ഈ കല്ലറയിൽ അടയ്ക്കാൻ അമ്മാവൻ എങ്ങനെ അനുവദിച്ചു?"

കാർത്ത്യായനിയമ്മ: "സ്ത്രീകളായ നമുക്ക് ചോദിക്കാൻ അവകാശം ഉണ്ടോ?"

പാറുക്കുട്ടി: "നമ്മുടേയും അച്ഛന്റേയും കുടുംബക്കാർ വളരെ ഹിംസകൾ ചെയ്തിട്ടുണ്ടെന്നും അതിനാലാണ് അപസ്മാരം മുതലായ ഉപദ്രവങ്ങൾ ചിലർക്ക് വന്നിട്ടുള്ളതെന്നും ഓരോ വിദ്വാന്മാർ പറഞ്ഞ് അമ്മതന്നെ കേട്ടിട്ടുണ്ടല്ലോ. ഇതും അങ്ങനെയുള്ള ഒരു കൃത്യമല്ലയോ? അതുകൊണ്ട് തുറന്നുവിടുകതന്നെവേണം. ചെമ്പകം അ

ക്കന്റെ ആഗ്രഹവും അങ്ങനെ ആണെന്ന് എനിക്ക് മനസ്സിലായി."

കാർത്ത്യാനിഅമ്മ: "തിരുമുഖത്തദ്ദേഹത്തിന്റെ അനുവാദംകൂടാതെ ഇവരെ വിട്ടുകൂടെന്ന് പറഞ്ഞിട്ടാണ് മാർത്താണ്ഡപ്പിള്ള കിഴക്കോട്ട് പോയത്. അദ്ദേഹം ഇന്നോ നാളെയോ വരും."

പാറുക്കുട്ടി: "ഞാൻ വിട്ടയച്ചാൽ ആ ആമ്മാവൻ ശണ്ഠ ഉണ്ടാക്കുകയില്ല. അമ്മാവനെ അമ്മ സമാധാനപ്പെടുത്തിക്കൊള്ളുമോ?"

കാർത്ത്യായനിയമ്മ: "നീ വിട്ടയച്ചാൽ അമ്മാവനും ഒന്നും പറകയില്ല. തമ്പി അങ്ങുന്ന്, രാമനാമഠം ഇവർക്കും ഈ സംഗതിയിൽ ചോദ്യം ചെയ്‌വാൻ അവകാശമുണ്ട്."

പാറുക്കുട്ടി: "അവരെ നമുക്ക് പേടിക്കണ്ടല്ലോ. നമ്മോട് അവർ കാര്യം ചോദിക്കാൻ വരുമോ?"

കാർത്ത്യായനിയമ്മ: "നിന്റെ അമ്മാവന് ദുഷ്കീർത്തിയുണ്ട

പാറുക്കുട്ടി: "ഈ കൂട്ടത്തോട് ചേരുന്നതുകൊണ്ട് മാത്രമേ ദുഷ്പേരിന് വഴിയുള്ളൂ."

കാർത്ത്യായനിയമ്മ: "നിനക്കാണല്ലോ ഒന്നാമതായി തമ്പുരാന്റെ കക്ഷിയോട് ദേഷ്യം തോന്നേണ്ടത്."

പാറുക്കുട്ടി: "എനിക്കിതുവരെ തോന്നീട്ടില്ല; ഇനി തോന്നുകയുമില്ല. അമ്മാ, വേലുക്കുറുപ്പും സുന്ദരയ്യനും മറ്റുംകൂടി എന്തോ കൃത്രിമം ചെയ്തിട്ടുണ്ട്. ഇങ്ങനെയാണ് സത്യം. തമ്പുരാൻ അറിഞ്ഞതേ അല്ല. എല്ലാം ചെമ്പകം അക്കൻ പറഞ്ഞു."

കാർത്ത്യായനിയമ്മ: "നിങ്ങൾക്ക് തിരുമുഖത്തദ്ദേഹത്തിനെക്കാളും ബുദ്ധിയുണ്ടോ?"

പാറുക്കുട്ടി: "ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്."

കാർത്ത്യായനിയമ്മ: (തനിക്ക് അറിവുണ്ടായിരുന്ന സംഗതിയെ ഓർത്ത് ചിരിച്ചുകൊണ്ട്) "കമ്പമേ! നീ എന്തറിഞ്ഞു പറയുന്നു? അതുപോട്ടെ ... നീ ഇങ്ങനെ ധൈര്യത്തോടുകൂടി പറയുന്നത് എനിക്ക് എത്ര സന്തോഷമായിരിക്കുന്നു എന്നറിയാമോ? വൈദ്യന്റെ മരുന്നോ സുഭദ്രയുടെ വാക്കോ ഇതിന് കാരണം?"

പാറുക്കുട്ടി: "ചെമ്പകം അക്കന്റെ വാക്ക് തന്നെയാണ്. അദ്ദേഹം മരിച്ചിട്ടില്ലെന്ന് ചെമ്പകം അക്കൻ തീർച്ചയായി പറഞ്ഞു. ഇനി എങ്ങനെയുമാകട്ടെ. ജീവനോടിരിക്കുന്നെങ്കിൽ എന്നെ ഉപേക്ഷിക്കയില്ല. പക്ഷേ ഉപേക്ഷിച്ചാലും ഞാൻ സഹിച്ചുകൊള്ളാം."

കാർത്ത്യയാനഅമ്മ: "അവൾ എങ്ങനെ അറിഞ്ഞു? വെറുതെ ഓരോന്നിങ്ങനെ മോഹിച്ചിരിക്കാതെ."

പാറുക്കുട്ടി: "അമ്മ ഇപ്പോളും ഇങ്ങനെ പറയുന്നോ? ആ അക്കൻ എന്തെല്ലാം വെളിപ്പെടുത്തി? മരുന്നും വാങ്ങിക്കൊണ്ട് വന്നല്ലോ?"

കാർത്ത്യായനിയമ്മ: "അവൾ കുറഞ്ഞവളല്ല. മനസ്സും വളരെ നല്ലതാണ്. എന്നാൽ ഇപ്പോൾ നീ കിടന്നുറങ്ങുക തന്നെവേണം. കുളിദിവസം ആയാസപ്പെടരുത്."

പാറുക്കുട്ടി: "ഞാൻ ഉറങ്ങണമെങ്കിൽ കല്ലറയിൽ കിടക്കുന്നവരെ, പ്രത്യേകം ഭ്രാന്തനെ പുറത്തിറക്കണം."

പാറുക്കുട്ടിയുടെ സ്ഥൈര്യത്തെക്കുറിച്ച് നല്ല പരിചയമുണ്ടായിരുന്ന കാർത്ത്യായനിയമ്മ ഈ സിദ്ധാന്തവാക്കു കേട്ട് വിഷണ്ണയായി. താൻ അനുഭവിച്ച് വിസ്മൃതിയായിട്ടില്ലാത്ത വ്യസനത്തെയും പുത്രിയുടെ അപേക്ഷയെ സാധിപ്പിച്ചാലുളവാകുന്ന ദോഷങ്ങളെയും കുറിച്ച് പര്യാലോചന ചെയ്യുതിൽ യാതൊരു തർക്കവും പുറപ്പെടുവിക്കുന്നതിന് തന്റെ ആത്മജയെക്കുറിച്ചുള്ള അതിവാത്സല്യം അനുവദിച്ചില്ല. താൻതന്നെ ഒരു കൈവിളക്കെടുത്ത് പുത്രിക്ക് വഴികാട്ടിക്കൊടുത്തു. രണ്ടു പേരുമായി ആ ുധപ്പുരയിൽ ആശാന്റെ അടുത്തെത്തി. സുഭദ്രയുടെ വാക്കുകൾ ഓർത്ത് കോപത്തോടുകൂടി ഇരുന്നിരുന്ന വൃദ്ധൻ പാർവ്വതിയമ്മയുടെ സാവധാന ഗതിയോടുകൂടി ആ സ്ഥലത്തേക്കുള്ള പ്രവേശനത്തെക്കണ്ട്, കോപമെല്ലാം മറന്നു എന്ന് മാത്രമല്ല, അത്ര ക്ഷണത്തിൽ അങ്ങനെ കാണുന്നതിന് സംഗതി വരുത്തിയ സുഭദ്രയെ അനുഗ്രഹിക്കയും ശ്ലാഘിക്കയും ഈശ്വരനെ വചനരൂപേണ സ്തുതിക്കയും ചെയ്തിട്ട് ഗദ്ഗദത്തോടുകൂടി "കുഞ്ഞിന് എന്തുവേണം?" എന്ന് പാറുക്കുട്ടിയുടെ ആഗമനോദ്ദേശ്യത്തെ അബദ്ധമായി ഗ്രഹിച്ചുകൊണ്ട് പറഞ്ഞു.

പാറുക്കുട്ടി: "ആശാന് സ്നേഹം വിട്ടുള്ള ദേഷ്യം ഒരുത്തരോടും ഇല്ലെന്ന് എനിക്കറിയാം. ഞാൻ വന്നത് വേറെ ഒരു കാര്യത്തിനാണ്."

ആശാൻ: "എന്തെന്ന് പറയാത്ത താമതം, തീക്കുഴിയിൽ വേണമെങ്കിൽ കെഴവൻ ചാടുമല്ലോ."

കാർത്ത്യായനിയമ്മ: “ആയുധപ്പുര ഒന്ന് തുറന്ന് കല്ലറയിൽ കിടക്കുന്നവരെ പുറത്ത്് വരുത്തണം. അതാണ്ടങ്കത്തിന്റെ ആഗ്രഹം.”

ആശാൻ: (വിഷമിച്ച്) “കുഞ്ഞേ, ആണുങ്ങൾക്ക് ചേരണതാണോ അതു? പെറ്റ അന്നേ തിന്നണ ചോറിനെ വഞ്ചിക്കാമോ?' എന്ന് ചോദിച്ചു.

പാറുക്കുട്ടി: “ഞങ്ങൾ അന്യവീട്ടുകാറാണോ ആശാൻ?”

ആശാൻ: “ഇതെന്തൊരു വീൺചണ്ടയാണു? ഈ വീട്ടുകാറല്ലെന്ന് വല്ലോരും പറഞ്ഞോ? മൂത്തപിള്ള അല്ലയോ കാർന്നോരു?”

പാറുക്കുട്ടി: “അതിനെന്തു? അമ്മാവൻ ചോദിക്കുമ്പോൾ ഉത്തരം അനന്തരവൾ ഞാൻ പറഞ്ഞുകൊള്ളാം.”

ആശാൻ: “എന്റെ കൈയിൽ തന്ന താക്കോലിനെ എന്റെ ചീവൻ പോണം വയ്ക്കണമെങ്കില്. കുഞ്ഞു പോയി ഉറങ്ങിൻ.”

പാറുക്കുട്ടി: “വെറുതെ സാധുക്കളെ ഉപദ്രവിക്കുന്നതിൽ ആശാനും ചേരുന്നോ?”

ആശാൻ: “കാരിയവും കാരയക്കേടും മൂത്തപിള്ളയ്ക്കേ അറിയാവൂ. ചൊല്ലിയതിനെ ഞാൻ കേക്കും.”

പാറുക്കുട്ടി: “ആശാൻ താക്കോൽ ഇങ്ങ് തരണം.”

കാർത്ത്യായനിയമ്മ: “സിദ്ധാന്തിക്കാതെ മകളേ. നാളെ ആകട്ടെ. നേരം പത്തുനാഴിക ഇരുട്ടി.”

പാറുക്കുട്ടി: “ഞാൻ ഇന്ന് ഉറങ്ങണമെങ്കിൽ താക്കോൽ തരുവിക്കണം.”

കാർത്ത്യയാനിഅമ്മ: “താക്കോൽ എവിടെ? ഞങ്ങൾ തുറന്നുകൊള്ളാം. ആശാൻ തുറന്നുതരണ്ട.”


ആശൻ : “ഇതെന്തൊരു കളിയെന്നേ! കാലം കൊള്ളാം. ആയുധപ്പെരക്കാതു് അവിച്ചാതക്കേട്ട് തുടങ്ങിയാൽ രാച്യം കാണുമോ?’

പാറുക്കുട്ടി: “അമ്മാ, അപ്പുറത്തുനിന്ന് ആരെയെങ്കിലും ഇങ്ങോട്ടൊന്ന് വിളിക്കണം.”

ആശാൻ: (തൊണ്ട വിറച്ചുംകൊണ്ട്) “അഹമാനിക്കാതിൻ. താക്കോല് അതാ കിടക്കണു. എടുത്തുകൊള്ളിൻ. നിങ്ങളെ പാട്ട്. ആയുതപ്പുര ഞാൻ തൊട്ടതേ അല്ല.”

ഇങ്ങനെയുള്ള വാക്കുകളോടുകൂടി ആശാൻ പുറത്തിറങ്ങി. കാർത്ത്യായനിയമ്മ ആശാന്റെ വ്യസനം കണ്ട് സഹതപിച്ചും പുത്രിയുടെ ശ്രമം ന്യായവിരുദ്ധമാണെന്നുള്ള ബോദ്ധ്യത്താൽ സംശയത്തോടും ബുദ്ധിക്ക് ചിത്തഭ്രമമാരംഭമോ എന്ന് ചിലപ്പോൾ ശങ്കിച്ചും നളന്റെ ഉള്ളിൽപ്പെട്ട കലിയുടെ സ്ഥിതിയിലായി. പാറുക്കുട്ടി സംശയംകൂടാതെ മാതാവിന്റെ കൈയിൽനിന്ന് ദീപം വാങ്ങിക്കൊണ്ട് ആുധപ്പുരയുടെ ഉള്ളിൽ ഉള്ള ഒരു വാതിലും തുറന്ന്, ചെമ്പകശ്ശേരിയിലെ ‘വെള്ളമില്ലാത്ത നീരാഴി’ എന്ന് രാമനാമഠത്തിനാൽ അഭിധാനം അരുളപ്പെട്ട കല്ലറയിൽ പ്രവേശിച്ചു. കാർത്ത്യായനിയമ്മ പുത്രിയെ പിന്തുടർന്നു.

കഴക്കൂട്ടത്തു പിള്ളയുടെ ശ്രീപണ്ഡാരത്തുവീട്ടിൽനിന്ന് ചെമ്പകശ്ശേരിയിലേക്ക് മാറ്റപ്പെട്ട രണ്ടുപേരേയും മൂ



ത്തപിള്ളയുടെ അനുമതിയോടുകൂടി അവിടത്തെ കല്ലറയ്ക്കുള്ളിൽ ആക്കി വാതിലുകളെല്ലാം ദൃഢമായി ബന്ധിക്കയും ആശാന്റെ പക്കൽനിന്നും താക്കോലുകൾ വാങ്ങി വേൽക്കാറുടെ പക്കൽ ഏൾപ്പിക്കയും ചെയ്തതിന്റെശേഷമേ സുന്ദരയ്യൻ ആ സ്ഥലത്തുനിന്ന് പോയുള്ളു. ഓരോ ദിക്കുകളിലുള്ള വാതിലുകൾ പൂട്ടുന്ന ശബ്ദം കേട്ട് ഭ്രാന്തൻ കുറച്ചൊന്ന് സംഭ്രമിച്ചു; എല്ലാം നിശ്ശബ്ദമായപ്പോൾ ഒരു കോണിലേക്കുള്ള ചുറ്റുമുള്ള ചുവർചാരി ഇരിപ്പായി. തന്റെ ശിരോലിഖിതത്തെ ഓർത്ത് ചിരിച്ചുകൊണ്ട് കുറുപ്പ് ഭ്രാന്തനോടായിട്ട് ഇങ്ങനെ പറഞ്ഞു: “എന്തരാണ് വിചാരം? ഇവിടെ കിടന്ന് നട്ടം തിരിയുമല്ലോ പിള്ളേ?’ ഭ്രാന്തനിൽനി

ന്ന് മറുപടി ഒന്നും പുറപ്പെടായ്കയാലും, കഴക്കൂട്ടത്തു പിള്ളയുടെ ഗൃഹത്തിൽവച്ച് ഭ്രാന്തൻ നൂതനമായ ചില പാരവശ്യങ്ങൾ കാണിച്ചതിനെ ഓർത്തതിനാലും കുറുപ്പ് കരുണയോടുകൂടി പിന്നെയും ഇങ്ങനെ പറഞ്ഞു: "ഛേ! ഇതിനെ ഒക്കെ പോവാൻ പറവാനേ. നൽക്കാലം വരുമെന്ന് ഉറച്ചിരിപ്പിൻ." ഭ്രാന്തനിൽനിന്ന് പിന്നെയും മറുപടി ഒന്നും പുറപ്പെടാത്തതിനാൽ ഇരുട്ടിൽ തിരഞ്ഞു് ഭ്രാന്തന്റെ മുഖത്തെ കുറുപ്പ് സ്പർശിച്ചു. കണ്ണുനീർ പ്രവഹിക്കയാൽ മുഖം നനഞ്ഞിരുന്നു എങ്കിലും ഭ്രാന്തൻ വിങ്ങുകയാകട്ടെ ഒന്നുംതന്നെ ചെയ്യുന്നില്ല. ഭ്രാന്തനെ എന്തോ ദുസ്സഹമായ മനസ്താപം ബാധിച്ചിരിക്കുന്നതായി ഊഹിച്ചിട്ട്, മഹാമനസ്കനായ കുറുപ്പ്, "നീലകണ്ഠസ്വാമിയാണെ, ഒരു കുറവും വരാതെ സൂക്ഷിപ്പാൻ ഞാനുണ്ടു്" എന്നും മറ്റും അർത്ഥമായി കുറച്ച് പ്രസംഗിച്ചു. ഈ സ്നേഹപൂർവ്വമായുള്ള വാക്കുകൾ കേട്ടിട്ടും ഭ്രാന്തൻ മിണ്ടാത്തതുകൊണ്ടു് "ഉള്ളതെല്ലാം ചൊല്ലിയാൽ ഇക്കുറുപ്പ് ഉശിരുവിട്ടും പിള്ളയ്ക്ക് വേണ്ടതെല്ലാം ചെയ്തുതരുമല്ലോ. ചുമ്മാ ചൊല്ലണം… എന്നാണെ ചോല്ലണം." എന്ന് നിർബന്ധിച്ചു. ഭ്രാന്തൻ കുറുപ്പിന്റെ മാറത്തുവീണു എന്ന് മാത്രമല്ല, അദ്ദേഹം ഭ്രാന്തനെ അനുഗ്രഹങ്ങൾകൊണ്ടും മറ്റും മൂടുമാറ് അദ്ദേഹത്തിന്റെ മനസ്സിന് കൗതുകത്തെ ഉണ്ടാക്കിയതായ ഒരു കഥയെ ചുരുക്കമായി പറഞ്ഞുകേൾപ്പിക്കയും ചെയ്തു. കുറുപ്പിനും ഭ്രാന്തനും അന്ന് രണ്ടുനേരം ഭക്ഷണം കിട്ടി. അത്താഴത്തെ ഭക്ഷണം കൊണ്ടുചെന്നവനോട് ചെമ്പകശ്ശേരി ഗൃഹത്തിലേയും മറ്റും വർത്തമാനങ്ങളെക്കുറിച്ച് കുറുപ്പ് ചോദ്യം ചെയ്കയും അവിടത്തെ പെൺകുട്ടിയെ മണക്കാട്ട് താമസിക്കു

ന്ന പഠാണികളെക്കൊണ്ടു് ചികിത്സിപ്പിക്കേണ്ടതാണെന്നു് ഉപദേശിക്കയും ചെയ്തു. ഭക്ഷണം കൊണ്ടു് ചെന്നിരുന്ന വേൽക്കാറൻ കുറുപ്പിന്റെ വാക്കുകൾക്കു് ഉത്തരം പറയായ്കയാൽ കുറുപ്പു് ഇളിഭ്യനായി. അടുത്ത ദിവസം ഭ്രാന്തന്റെ മുമ്പിലായി താൻ ഊണിനിരുന്നപ്പോൾ കുറുപ്പു് മുമ്പിലത്തെപ്പോലെ അന്വേഷണം തുടങ്ങി. എന്നാൽ വേൽക്കാറൻ പൂർവ്വരാത്രിയിലെ സമ്പ്രദായത്തെ ആചരിച്ചതല്ലാതെ കുറുപ്പിന്റെ ചോദ്യങ്ങൾക്കു് ചെവികൊടുത്തില്ല. കുറുപ്പു് ഊണു് കഴിഞ്ഞ ഉടനെ തലേദിവസം അന്നും തനിക്കു് സംഭവിച്ച ജാള്യത്തെക്കെ ഓർത്തുണ്ടായ കോപത്തോടുകൂടി വേൽക്കാറന്റെ കണ്ഠത്തിനു് പിടികൂടി അവനെ കേവലം ശുഷ്കമായ തൃണംപോലെ ഉയർത്തിക്കൊണ്ടു് "പറയണോ, മണ്ണു് തിന്നണോ?" എന്നു ഗർജ്ജനം ചെയ്തു. മേൽപ്രകാരമുള്ള ദണ്ഡനത്താലും പിന്നീടു് ചില ദാനങ്ങളാലും വേൽക്കാറനെ പാട്ടിലാക്കി അവനിൽ നിന്നു് വേണ്ട സംഗതികൾ ഗ്രഹിച്ചുകൊണ്ടു് രണ്ടുപേരും തിരുമുഖത്തു പിള്ളയുടെ ആഗമനത്തെ ദീക്ഷിച്ചു് അവിടെ പാർത്തു. തിരുമുഖത്തു പിള്ള വന്നാൽ, തന്നെയും തന്റെ ആശ്രിതനായ ഭ്രാന്തനെയും നിഗ്രഹിക്കുന്നതിനു് അനുവദിക്കുന്നതല്ലെന്നു് കുറുപ്പിനു് ധൈര്യമുണ്ടായിരുന്നതിനാൽ സാഹസമായുള്ള ശ്രമങ്ങളെക്കുറിച്ചു് ആലോചന ചെയ്തില്ല.

ബന്ധനത്തിലായ അഞ്ചാമത്തെ ദിവസം നിയമപ്രകാരമുള്ള രണ്ടാമത്തെ ഭക്ഷണത്തെയും വേൽക്കാറനെയും കാണാത്തതുകൊണ്ടു്, ആ ഭവനത്തിലോ മറ്റോ വല്ലതും വിശേഷമുണ്ടെന്നു് രണ്ടുപേരും സംശയിച്ചു. തങ്ങളു

ടെ ജീവനെക്കുറിച്ച് രണ്ടുപേർക്കും ഭയമില്ലായിരുന്നു എങ്കിലും പുറത്തുള്ള വിശേഷം ഗ്രഹിക്കാൻ നിവൃത്തി ഇല്ലായ്കയാൽ അവർക്കുണ്ടായ സംഭ്രമം അവരുടെ ആത്മസംയമനശക്തിക്ക് ജേതവ്യമായിരുന്നില്ല. രണ്ടുപേരുമായി ഓരോ ഊഹങ്ങളെ പുറപ്പെടുവിക്കയും അതുകൾ ആസ്പദമാക്കി വാദങ്ങൾ ചെയ്കയും ചെയ്യുന്നതിനിടയിൽ പടിഞ്ഞാറുള്ള വാതിൽ കുറ്റികളിന്മേൽ തിരിയുന്ന ശബ്ദം കേൾക്കാരായി. ആ ദിക്കിലോട്ട് നോക്കിയതിൽ, മങ്ങി എരിയുന്ന ശുഭ്ര വസ്ത്രങ്ങളും ചില രത്നങ്ങളുടെ പ്രകാശവും കേശസമൃദ്ധിയിടെ അഴകും സൗമ്യമായുള്ള ഒരു മുഖവും വേൽക്കാറന്റെ ക്രൗര്യശൗര്യങ്ങൾ ഇടകലർന്നുള്ള നട പകർന്ന്, സംശയലജ്ജാദിസംയുതമായുള്ള സാവധാനഗതിയും ആയിരുന്നു. മാങ്കോയിക്കൽ കുറുപ്പ് തന്റെ മുമ്പിൽ കാണപ്പെട്ട സ്വരൂപത്തിന്റെ സൗന്ദര്യസമുത്ക്കൽകർഷത്തെ കണ്ടു് വല്ല യക്ഷിയുടെ മായാവൈഭവമോ, ആ കാരാഗൃഹത്തിൽത്തന്നെ കിടന്ന് മൃത്യുവശഗതയായ ഒരു സ്ത്രീ ദുർദ്ദേവതയായി ചമഞ്ഞു് കാട്ടുന്ന ചേഷ്ടയോ, തങ്ങളുടെ കഷ്ടതയിൽ കരുണ തോന്നി അന്വേഷിച്ച് പുറപ്പെട്ടിട്ടുള്ള വല്ല മനുജാംഗനാരത്നം തന്നെയോ എന്നീ വിചാരങ്ങളിൽ നിമഗ്നനായും സംഭ്രമചിത്തനായും നിലത്ത് തറയക്കപ്പെട്ട ഒരു ശിലാരൂപംപോലെ അസ്തമിതസർവ്വേന്ദ്രിയ വ്യാപാരനായും അൽപനേരം അവിടെ നിന്നു. പിന്നിൽ വേറൊരു സ്ത്രീരൂപവും കാണപ്പെട്ടപ്പോൾ തന്റെ സ്വാഭാവികമായുള്ള മനസ്ഥിരത കൈക്കൊണ്ട്, യാതൊരു വിഷയത്തിലും വൈദഗ്ദ്ധ്യം കുറഞ്ഞുകണ്ടിട്ടില്ലാത്ത ഭ്രാന്തന്റെ മുഖത്ത് അദ്ദേഹം ഒരു മന്ദഹാസത്തോടുകൂടി നോക്കി. പടക്കള

ത്തിൽ ക്ഷീണിക്കാത്ത ലോഹകായനായ ഭ്രാന്തന്റെ ശ്വാസവേഗം കുറുപ്പിന് വ്യക്തമായി കേൾക്കാമായിരുന്നു. മാങ്കോയിക്കൽ ഗൃഹത്തിൽവച്ച് ജ്വലിക്കുന്ന അഗ്നിയുടെ മദ്ധ്യത്തിൽ ചാടാൻവേണ്ട ധൈര്യത്തെയും ക്ഷണനിശ്ചയത്തെയും നൽകിയ മനസ്സാന്നിദ്ധ്യം ഭ്രാന്തനെ ഉപേക്ഷിച്ചിരിക്കുന്നു. തന്റെ അജ്ഞാതവാസത്തെ ത്യജിക്കാൻ വേണ്ട അനുമതി ലബ്ധമാകുന്നതിനുമുമ്പിൽ ഈ ആളുകളോട്ട് തന്റെ പരമാർത്ഥത്തെ വെളിപ്പെടുത്തുന്നത് സത്യലംഘനമാകുമെന്നുള്ളതിനാൽ ബീഭത്സനാകയോ മൌനം അവലംബിക്കയോ വേണ്ടതെന്നുള്ള വിചാരങ്ങൾകൊണ്ട് ഭ്രാന്തൻ അസ്തവിവേകനാകുന്നു. എന്നാൽ, ആ മുഹൂർത്തത്തോളം താൻ അനുഭവിച്ചിട്ടില്ലാത്ത ഒരാനന്ദം തന്റെ ഹൃദയത്തിൽ ഉദിക്കയാൽ, താൻ അനുഗൃഹീതനായെന്നുള്ള വിചാരത്തോടുകൂടി മുന്നിൽ കാണപ്പെട്ട വിഗ്രഹത്തെ ഇച്ഛയ്ക്കൊത്തവണ്ണം വീക്ഷണം ചെയ്യുന്നതിനായി തന്റെ നേത്രങ്ങൾക്ക് അനുമതി അരുളീട്ട് ദീർഘമായി നിശ്വസിച്ചു. കാർത്ത്യായനിയമ്മയും പുത്രിയും കല്ലറയിൽ ഇറങ്ങാതെ സോപാനദേശത്തുതന്നെ നിലയായതു് കണ്ടിട്ട്, കുറുപ്പ് തന്റെ ഭവനത്തിലുണ്ടായ പോരിനിടയിൽ ഭ്രാന്തനോട്ട് ഉപയോഗിച്ച ഭാഷയിൽ ചിലതു് മന്ത്രിക്കയും ആ ഭാഷയിൽതന്നെ ഭ്രാന്തൻ മറുപടി പറയുകയും ചെയ്തു. അനന്തരം കുറുപ്പ് ആ ഗുഹാദ്വാരമാകുന്ന ഗൃഹത്തിന്റെ നായകസ്ഥാനത്തിൽ ഇപ്രകാരം പറഞ്ഞു.: “ഈ കുറ്റാക്കുരിരുട്ടറയ്ക്കത്ത് ഞങ്ങളെ തിരക്കിവന്ന വരാരോ?” ഇതിനുത്തരമായി കാർത്യായനിയമ്മ, “ഞങ്ങൾ ഈ വീട്ടുകാർ തന്നെ… അവിടുത്തേയും കൂടിയു

ള്ള ആളിനേയും ഇവിടുന്ന് വിട്ടയയ്ക്കണമെന്ന് ഇവൾ സിദ്ധാന്തിക്കുന്നു." എന്ന് പറഞ്ഞു.

കുറുപ്പ്: "കുഞ്ഞിന്റെ എരക്കം കണ്ട് മനമലിയണു. എന്നാല് മൂത്തപിള്ള അറിയാതെ പോണത് സത്യത്തിന് വിരോധമല്ലയോ?"

കാർത്ത്യായനിയമ്മ: "അണ്ണൻ അറിഞ്ഞിട്ടില്ല, ഇവൾ ഞാൻ പറഞ്ഞതിൽ സമ്മതിക്കുന്നുമില്ല."

പാറുക്കുട്ടി: "അമ്മ നല്ല സഹായിയാണ്!. തമ്പി അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് അമ്മാവന് നല്ല നിശ്ചയമില്ലാത്തതുകൊണ്ടാണ് നിങ്ങളെ ഇവിടെ ആക്കാൻ തീരുമാനിച്ചത്."

കുറുപ്പ്: "അങ്ങനെ ഇരുന്നാലും മൂത്തപിള്ള അറിയാതെ പോണത് തപ്പാണല്ലോ".

പാറുക്കുട്ടി: "അമ്മാവൻ ഇപ്പോൾ ഇവിടെ ഇല്ല. അമ്മാവനെ പറഞ്ഞ് സമാധാനപ്പെടുത്തിക്കൊള്ളാം. ഇപ്പോൾ പോയില്ലെങ്കിൽ മേലിൽ ഇതിലും വലിയ ആപത്തിന് ഇടയുണ്ടായേക്കാം. തമ്പി അദ്ദേഹത്തിന്റെ ശീലത്തെക്കുറിച്ച് തീരെ അറിവില്ലാത്തപോലെ സംസാരിക്കുന്നതെന്താണ്? ഇതാ, ആയുധപ്പുര തുറന്നു കിടക്കുന്നു. മറ്റേ ആൾ എവിടെ?"

കുറുപ്പ് ഭ്രാന്തനെ വിളിക്കയാൽ അയാൾ അടുത്തുചെന്നു. ഭ്രാന്തന്റെ നാലുപാടും പറന്നുകിടക്കുന്ന കേശത്തേയും, മിക്കവാറും കൊഴിഞ്ഞ് അവിടവിടെ മാത്രം നീണ്ടുനിൽക്കുന്ന കൃത്രിമമീശയേയും മലിനവസ്ത്രത്തേയും കറുപ്പണിഞ്ഞിരുന്നത് അവിടവിടെ മാഞ്ഞ് പോയ്പോകയാൽ ഒ

ന്നിലധികം വർണ്ണങ്ങളോടുകൂടിയതായിരിക്കുന്ന ഗാത്രത്തേയും കണ്ടു് ആശ്ചര്യത്തോടുകൂടി പാറുക്കുട്ടി അവന്റെ മുഖത്തു് സൂക്ഷിച്ചുനോക്കി. രണ്ടുപേരുടേയും കണ്ണുകൾ തമ്മിൽ ഇടഞ്ഞു. അപ്പോൾ ഉണ്ടായ മുഖവൈവർണ്ണ്യങ്ങളേക്കണ്ടു് കാർത്ത്യായനിയമ്മ ആശ്ചര്യപ്പെട്ടു. ഭ്രാന്തന്റെ പരവശതകളേയും അശ്രുക്കൾ പെരുകി നിൽക്കുന്ന നേത്രങ്ങളേയും നേരെ കണ്ടപ്പോൾ ചില സംശയങ്ങൾ പാറുക്കുട്ടിയുടെ മനസ്സിൽ ഉദ്ഭൂതങ്ങളായി തത്സമയത്തുതന്നെ ഉണ്ടായ പ്രത്യംഗപരിശോധനയിൽ കാണപ്പെട്ട പ്രാണവല്ലഭസാരൂപ്യത്താൽ വർദ്ധിപ്പിക്കപ്പെട്ടു. നിർവർണ്ണനീയങ്ങളായ ഓരോ വിചാരങ്ങൾ ആ യുവതിയുടെ മനസ്സിൽ തിങ്ങി വളർന്നു തുടങ്ങി; എങ്കിലും പ്രത്യുത്പന്നമതിയായിരുന്നതിനാൽ ധൈര്യം അവലംബിച്ച്, വിചാരാധിക്യം കൊണ്ടു് പ്രമോഹത്തിന് ഇടവരുത്താതെ, ആനന്ദാത്ഭുതസൂചകങ്ങളായും മുഗ്ധമനോഹരങ്ങളായുമുള്ള തന്റെ ദൃഷ്ടികളെ മാത്രം ആ മലിന വസ്ത്രധാരിയായ യുവാവിങ്കൽ നിശ്ചലമായി പതിപ്പിച്ചുകൊണ്ടു് നിന്നു. ഭ്രാന്തവേഷധാരിയായ ആ യുവാവും തന്റെ മുമ്പിൽ ഒരു സുരജ്യോതിസ്സുപോലെ ആവിർഭവിച്ച കന്യകാരത്നത്തെത്തന്നെ വ്യാകുലചിത്തനായി നോക്കിക്കൊണ്ടു് നിൽക്കുകയായിരുന്നു. എല്ലാവരും നിശബ്ദരായി നിൽക്കുന്നതു് കണ്ടു് കാർത്ത്യായനിയമ്മ കുറുപ്പിനോടു് കല്ലറ വിട്ടു് പോകണമെന്നു് പറഞ്ഞതിനുത്തരമായി മൂത്ത പിള്ളയുടെ അനുവാദം ഉണ്ടെങ്കിലല്ലാതെ താൻ പോകുന്നതല്ലെന്നു് കുറുപ്പ് നിർബന്ധമായി പറഞ്ഞു.

കാർത്ത്യായിനി അമ്മ: “അണ്ണൻ എന്തോ ആലോചന യ്ക്കായി തമ്പി അദ്ദേഹത്തിന്റെ നാലുകെട്ടിൽ പോയിരി ക്കുകയാണ്.”

കുറുപ്പ്: “വേൽക്കാർ കാവലുണ്ടല്ലോ?”

കാർത്ത്യായിനി അമ്മ: “അവരേക്കൂടി കൊണ്ടുപോയിരി ക്കുന്നു.”

ഈ വാക്കുകൾ കേട്ടപ്പോൾ യുവരാജാവിന് ആപൽ ക്കരമായ ആലോചനകൾ നടക്കയാണെന്ന് ഊഹിക്ക യാൽ ആ കൃത്രിമഭ്രാന്തൻ മുമ്പിൽ സംസാരിച്ച ഭാഷ യായ ഹിന്ദുസ്ഥാനിയിൽ “പോകയാണുത്തമം. ന്യായ വും ന്യായക്കേടും പിന്നീട് ആലോചിക്കാം” എന്ന് കുറുപ്പി നോട്ട് പറഞ്ഞു. ആ സ്വരം വജ്രസൂചികൾ പോലെ പാറു ക്കുട്ടിയുടെ ഉള്ളിൽ തറച്ചു; അപ്പോൾ അതുവരെ ഉണ്ടായി രുന്ന തന്റെ സ്ഥിരചിത്തത്തിന് ഇളക്കം സംഭവിക്കുക യും ദേഹത്തിന് ഒരു ചലനം ഉണ്ടാകയും ചെയ്തു. തന്നിമി ത്തം കയ്യിലിരുന്ന വിളക്ക് താഴെ വീണു. “ഇത്ര ജീവനില്ല യോ തങ്കം നിനക്ക്” എന്ന് പറഞ്ഞുകൊണ്ട് കാർത്ത്യാ യിനിയമ്മ അണയാൻ ഭാവിച്ച ദീപത്തിനെ തന്റെ ക യ്യിൽ എടുത്തതും പാരവശ്യം കലർന്ന് വീഴാനാരംഭി ച്ച പാറുക്കുട്ടിയെ ഭ്രാന്തൻ തന്റെ കയ്യിൽതാങ്ങിയതും ഒ ന്നായി കഴിഞ്ഞു. ഭ്രാന്തൻ വളരെ ദീനതയോട്ട് പാറുക്കുട്ടി യുടെ മുഖത്ത് നോക്കി. ആ മുഖത്ത് പ്രകാശിതമായ മന്ദ ഹാസത്തെ കണ്ടയുടനെ ഭ്രാന്തൻ ചെറുതായൊന്ന് പുഞ്ചി രിക്കൊണ്ടു. തന്റെ കൈകൾ ഭ്രാന്തന്റെ കൈകളാൽ ല ഘുവായി അമർത്തപ്പെട്ടതുപോലെ പാറുക്കുട്ടിക്ക് തോ ന്നി. കാർത്ത്യായനിയമ്മക്ക് കുറച്ച് പരിഭ്രമം ഉണ്ടായ

ത് പാറുക്കുട്ടി തന്റെ പൂർവധൈര്യത്തെ ഉടൻ തന്നെ കൈക്കൊള്ളുകയാൽ ഏറെ നിലനിന്നില്ല. കാർത്ത്യായനിയമ്മക്കും ഭ്രാന്തനേക്കുറിച്ച് ചില സംശയങ്ങൾ ഉണ്ടായി. പാറുക്കുട്ടി മാതാവിന്റെ കർണ്ണത്തിൽ "ഈ ആൾ നീചനല്ലമ്മാ. ചാന്നാനോ മറ്റോ ആയിരുന്നെങ്കിൽ ഒരിക്കലും എന്നെ തൊടുകയില്ലായിരുന്നു. ആരെന്ന് നിശ്ചയപ്പെടുത്തണം" എന്ന് മന്ത്രിച്ചു. ഇതെല്ലാം കണ്ടുനിന്ന കുറുപ്പ് ലൗകികത്തിനായി കാർത്ത്യായിനി അമ്മയോട് "കുഞ്ഞിന് ഏക്കം പിടിച്ചപോലെയും ഇരിക്കണല്ലോ" എന്ന് പറഞ്ഞു.

കാർത്ത്യായനിയമ്മ: "ഞങ്ങളോടു സത്യം പറയണം."

കുറുപ്പ്: "കൊള്ളാം, ഇത്ര അരിമയോടു ഞങ്ങളെ വിടുവിക്കാൻ വന്നവര് ചോദിച്ചാൽ സത്യം ചൊല്ലാതെ ഇരുപ്പാരോ?"

കാർത്ത്യായനിയമ്മ: "നിങ്ങൾ ആരെന്നറിയണമെന്ന് ഇവൾക്ക് വലിയ താൽപര്യമായിരിക്കുന്നു."

കുറുപ്പ്: "എന്റെ വീട് കിഴക്ക് ചാരോട്ടിന്നടുത്ത്; പേര് ഇരവിപെരുമാൻ കണ്ടൻ കുമാരൻ. മാങ്കോയിക്കൽ കുറുപ്പ് എന്നും ചൊല്ലുവാര്." ഇത്രയും പറഞ്ഞിട്ട് ഭ്രാന്തനേക്കുറിച്ച് അറിയിക്കാൻ ഒന്ന് സംശയിച്ചു.

കാർത്ത്യായനിയമ്മ: "എന്നാൽ ഞങ്ങൾ കേട്ടിട്ടുണ്ട്. മാങ്കോയിക്കൽ ഈയിടെ ഒരഗ്നിബാധ ഉണ്ടായി എന്നും മറ്റുംകേട്ടു. ഈ നിൽക്കുന്ന ആൾ ആരാണ്?"

കുറുപ്പ്: "കേട്ടത് പെനത്തിരുട്ടി അല്ല. വലിയതമ്പി വീടിനെ തീവച്ച് ചുട്ടാര്. (പാറുക്കുട്ടി 'ഞാൻ അന്ന് പറഞ്ഞ

> ത്് സത്യമാണെന്ന് ബോധ്യം വന്നോ?' എന്നുള്ള ഭാവത്തിൽ അമ്മയുടെ മുഖത്തുനോക്കി.) ഈ നിക്കണ തങ്കക്കൊടമാണ് എന്നെയും ഇളയതമ്പുരാൻ തിരുമേനിയേയും കൊല്ലാതെ കാത്തത്. ആരെന്ന് പിള്ള തന്നെ കേപ്പിൻ."

ഭ്രാന്തൻ പരുങ്ങലിലായി; എന്നിട്ടും മൗനിയായിത്തന്നെ നിന്നു. ആ വജ്രഹൃദയൻ മിണ്ടാതെ നിൽക്കുന്നതിനെ കണ്ട് പാറുക്കുട്ടി വളരെ ലജ്ജയോടും വ്യസനത്തോടും അയാളെ നോക്കീട്ട് തന്റെ അമ്മയോട് പിന്നെയും എന്തോ മന്ത്രിച്ചു. ഉടനെ കാർത്ത്യായനിയമ്മ, "ആരെങ്കിലും വേഷം മാറിനിൽക്കുകയാണെങ്കിൽ ഞങ്ങളുടെ... ഇവളുടെ, മനസ്സിൽ ഉണ്ടായിട്ടുള്ള സംശയത്തെ തീർക്കണം" എന്നു പറഞ്ഞതിനു ഭ്രാന്തന്റെ ഉത്തരം ഒരു ദീർഘശ്വാസം മാത്രമായിരുന്നു. ഭ്രാന്തൻ മുഖത്തുണ്ടായിരുന്ന വികാരങ്ങളെ എല്ലാം അടക്കി നിൽക്കയായിരുന്നു, എങ്കിലും പാറുക്കുട്ടിയുടെ അന്തർഗതങ്ങൾ അറിഞ്ഞപ്പോൾ തന്റെ ശ്രമം മുഴുവനും ഫലവത്താകാതെ പരിണമിച്ചു എന്നോർത്ത് വിഷണ്ണനായി. ആ മോഹനതരാംഗിയുടെ നോട്ടങ്ങളാൽ സൂചിതങ്ങളായ ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ കഴിച്ചുകൂട്ടാൻ ശക്തനല്ലാതെ ചമയുകയാൽ തന്റെ പ്രഛന്നവേഷത്തിനനുരൂപമായ വചനങ്ങളെ വെടിഞ്ഞ്, "എന്റെ സത്യത്തെ പറയാത്തത് കൊണ്ട് ഞാൻ കൃതഘ്നനാണെന്ന് വിചാരിച്ചുപോകരുത്" എന്നുമാത്രം ഒരു വിധത്തിൽ പറഞ്ഞുകൂട്ടീട്ട്, വേഗം അവിടുന്ന് പോകണമെന്ന് കുറിപ്പിനോട് ഹിന്ദുസ്ഥാനിയിൽ പറഞ്ഞു. കുറുപ്പ് "എന്നാൽ ഞങ്ങൾ ഇപ്പോൾ ത

ന്നെ പോണ്" എന്ന് പറഞ്ഞത് കേട്ട് കാർത്ത്യായനിയമ്മയും പാറുക്കുട്ടിയും ആയുധപുരയ്ക്ക് പുറത്തുകടന്നു. കുറുപ്പും ഭ്രാന്തനും പിന്നാലെയെത്തി. കുറുപ്പ്, "ഞങ്ങൾ താമസിയാതെ വന്ന് കണ്ടുകൊള്ളാം" എന്ന് കാർത്ത്യായനിയമ്മയോടും, "കുഞ്ഞേ, പതറാതിരിപ്പിൻ; ഞാൻ ഭ്രാന്തനെ ഇവിടെ കൂട്ടിച്ചോണ്ടുരാം" എന്ന് പാറുക്കുട്ടിയോടും യാത്ര ചൊല്ലി നടകൊണ്ടു. ഭ്രാന്തൻ പുറത്തെത്തിയപ്പോഴേക്കും പരമാർത്ഥഭ്രാന്തനേപ്പോലെ പാച്ചിൽ തുടങ്ങി. ഭ്രാന്തൻ പോകും വഴിയ്ക്ക് ശങ്കുആശാൻ നിന്നിരുന്നു. അയാളെ കണ്ടയുടനെ ശങ്കുആശാൻ "എടാ പീപ്പന്നീ, നീയോടാ ഇവിടെ കെടന്നത്? എന്നെ മയക്കിക്കിടത്തി മോട്ടിച്ച കരിങ്കള്ളൻ! എരുമക്കിടാവിനേപ്പോലെ നെരിച്ചിട്ടോണ്ട് ഓടണോടാ? പിടിപ്പിനോ കായിവാതിയെ പിടിപ്പിനോ" എന്ന് ഉച്ചത്തിൽ പിടികൂട്ടിയതുകേട്ട് കാർത്ത്യായനിയമ്മയും പുത്രിയും ആശാന്റെ അടുത്തെത്തി. അവരെകണ്ടപ്പോൾ ആശാൻ കയർത്തുകൊണ്ട് അകത്തുകടന്നു. ആശാന്റെ കോപം താനും പുത്രിയും കൂടി നടത്തിയ കൃത്യത്തെ സംബന്ധിച്ചാണെന്ന് ശങ്കിക്കയാൽ "ഇനി ദേഷ്യപ്പെട്ടിട്ട് കാര്യമെന്ത്?"എന്ന് കാർത്ത്യായനിയമ്മ ചോദിച്ചു.

ആശാൻ: "കെടുത്തല്ലയോ കളഞ്ഞു! മൊഖത്തുകേറിയ ശിറിയെ ത്തുല്ലയോ എറക്കുട്ടു. മറ്റേപ്പിള്ള (സുഭദ്ര) വരുമ്പം കേക്കാം. അത് കായിവാതി അല്ലയോ അപ്പോയത്? ഇങ്ങ് പിടിച്ചിട്ടിരുന്നാലെക്കൊണ്ട് വല്ലടത്തും കാണുമോ? ഇനി എന്തരു ചെയ്യണത് പഹവാനേ! ചെമ്പകം അപ്പീടെ അടുത്തുകേക്കാതെ എ

ടുത്തുശാടി… എന്തരു് പറയണതു്? ഇനി വലവച്ച രിച്ചാ അവനെകിട്ടുമോ? ഓടിയ ഓട്ടം, പേയെപ്പോലെ."

പാറുക്കുട്ടി (ദ്വേഷ്യത്തോടുകൂടി): "ഏതുകാശിവാസി ആശാനേ? ആളറിയാതെ ഒന്നും പറയരുതു്."

ആശാൻ: "അന്നു് മോട്ടിച്ചന്നേ, അന്നു് അറപ്പുരയിൽ കയറിയവൻ. എക്കറിഞ്ഞൂടയോ പിന്നെ."

പാറുക്കുട്ടി: "എന്തസംബന്ധമാണിതു്."

ആശാൻ: "അവൻ കേറീന്നേ. ചെമ്പകം അപ്പി പറഞ്ഞു ഞാൻ തപ്പരവിക്കൊണ്ടു് നടന്നെന്നേ. അവൻ വന്നു് എന്റടുത്തിരുന്നു്…"

പാറുക്കുട്ടി: (തന്റെ രോഗാരംഭരാത്രിയിലെ സംഗതികളെക്കുറിച്ചു് നല്ലതിന്മണ്ണം ഓർത്തിട്ടു്) "തമ്പി അദ്ദേഹത്തിനെ ഒരാൾ… അമ്മാ…"

തന്റെ നാവുകുഴങ്ങുകയാൽ പാറുക്കുട്ടി മാതാവിനെ ആലിംഗനം ചെയ്തു് കരഞ്ഞു് തുടങ്ങി… അരനാഴിക കഴിഞ്ഞപ്പോൾ ചെമ്പകശ്ശേരിയിലെ ഭൃത്യരെല്ലാം ഭ്രാന്തനെ തിരഞ്ഞു് ഓരോ വഴിക്കു് തിരിച്ചു.

# 24

"പുത്രിക്കുളെള്ളാരു സദ്ഗുണങ്ങളഖിലം കേ-
ട്ടിട്ടു സന്തുഷ്ടനായ്
ഗാത്രം ഞെട്ടിവിറച്ചു മുങ്ങിയധികം
പൊങ്ങുന്ന ബാഷ്പത്തിലും."

പപ്പു നീ ഇവിടെ നില്ക്കണം. തങ്കം ഭ്രാന്തനേയും മറ്റും ഇന്നു് വിടും. വിടുകയാണെങ്കിൽ അവരുടെ പുറകെ നീ എത്തി അവർ പറയുന്നതും എങ്ങോട്ടു് പോകുന്നു എന്നുള്ളതും അറിഞ്ഞു് എന്നോടു വന്നു് പറയണം." ഈ വിധമായ ഒരു ആജ്ഞ ഗൂഢമായി കൊടുത്തതിന്റെ ശേഷം സുഭദ്ര ചെമ്പകശ്ശേരിയിൽ നിന്നു് വേഗത്തിൽ തന്റെ ഭവനത്തിൽ എത്തി.

അവിടെ കഴക്കൂട്ടം പിള്ളയൊഴിച്ചു് മറ്റുള്ള എട്ടുവീട്ടിൽ പിള്ളമാരും ചില ജന്മിമാരും ഗൃഹസ്ഥന്മാരും, വിശേഷിച്ചും ചെമ്പകശ്ശേരിയിലെ മൂത്തപിള്ളയും സുന്ദരയ്യനും അഗ്രാസനത്തിൽ വലിയ തമ്പിയും ഉപാദ്ധ്യക്ഷനായി ശ്രീരാമൻ തമ്പി അങ്ങുന്നും കൂടി ഇരുന്നു് ചില ആലോചനകൾ നടത്തുന്നു. എട്ടുവീട്ടിൽ പിള്ളമാരും ജന്മിമാരും അനുജൻ തമ്പിയും മറ്റും കുടമൺ പിള്ളയുടെ നിയമസ്ഥാനത്തു്, പാണ്ഡവ ദൂതനായ യദുകുലനാഥനെ കണ്ട ദുര്യോധന

നെപ്പോലെ ഉൽക്കടമായ മദം പൂണ്ട് ഇരിക്കുന്ന, വലിയ തമ്പിയെചുറ്റി ഓഛരാനിച്ച് നിൽക്കുന്നു. വേൽക്കാരെ സംബന്ധിച്ച് യുവരാജാവ് കൊടുത്ത കല്പന തമ്പി അറിഞ്ഞ ഉടനെത്തന്നെ വേൽക്കാരെ വരുത്തി ആയുധങ്ങൾ വയ്പിച്ച് സകലരോടും അവരവരുടെ ഗൃഹത്തിലേയ്ക്ക് പോകുന്നതിന്ന് നിയോഗിച്ചു. നാഞ്ചിനാട്ടിൽ നിന്ന് മറവർ മുതലായി അഞ്ഞൂറോളം ജനങ്ങളെ ചേർത്തുകൊണ്ട് തന്റെ അനുജൻ അതിന് ഒരു നാഴികക്ക് മുൻപ് വന്നുചേർന്നിരുന്നതിനാൽ ഇങ്ങനെയുള്ള ഏർപ്പാട്ട് ചെയ്യുന്നതിന്ന് തമ്പിക്ക് ഏതും സംശയമുണ്ടായില്ല. വേൽക്കാരെ പിരിച്ചയച്ചതിന്റെശേഷം അനുജനോട്ടും ചെമ്പകശ്ശേരി മൂത്തപിള്ളയോടുമൊരുമിച്ച് തമ്പി കുടമൺ പിള്ളയുടെ വീട്ടിലേക്ക് യാത്രയായി. അക്കഥ പപ്പു പറഞ്ഞറികയാൽ, സുഭദ്രയും അവിടെ എത്തി. ആലോചനകൾ അധികം നേരത്തേക്കുണ്ടായിരുന്നില്ല. ചെമ്പകശ്ശേരി മൂത്തപിള്ള മുതലായ ഭീരുക്കൾ മാത്രം തിരുമുഖത്തു പിള്ള വരുന്നതുവരെ യാതൊരു കൃത്യവും നടത്തിക്കൂടുന്നതല്ലെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ തമ്പിമാർ മേലിൽ അരനാഴിക പോലും ക്ഷമിക്കുന്നതല്ലെന്ന് ശപഥം ചെയ്കയാൽ, ആ രാത്രികൊണ്ട് രാജ്യക്ഷേമത്തിനത്യാവശ്യകമായിട്ടുള്ള ഒരു കൃത്യത്തെ നടത്തിക്കൊള്ളുമാറ്, അധികം പേർ സമ്മതിച്ചു. ഓരോരുത്തർ അജബലി മുതലായ നേർച്ചകളും നേർന്ന് ക്രിയയ്ക്ക് ആരംഭിച്ചു.

ഇതിനിടയിൽ യുവരാജാവ് തന്റെ ദിനാന്തകൃത്യങ്ങളിൽ അന്ന് അനുഷ്ഠിക്കാവുന്നവയെ കഴിച്ചിട്ട് പള്ളിയറയിൽ പ്രവേശിച്ചപ്പോൾ, പരമേശ്വരൻ പിള്ള അകത്തുക

ടന്ന് മാങ്കോയിക്കൽ കുറുപ്പിന്റെ അനന്തരവരിൽ നാലു പേർ മുഖം കാണിക്കാൻ വന്നിരിക്കുന്നു എന്നറിയിച്ചു. യുവരാജാവ് സന്തോഷത്തോടുകൂടി അവരെ വിളിക്കുന്നതിന്ന് കല്പിച്ചു. ഇവർ തിരുമുമ്പിൽ പ്രവേശിച്ചപ്പോൾ അവരെ ആദരപൂർവം കടാക്ഷിച്ചിട്ട്, “അമ്മാവനെ കാണാൻ കഴിഞ്ഞോ?” എന്ന് ചോദിച്ചു. അത് സാധിച്ചില്ലെന്നും അദ്ദേഹത്തിന്റെ ഭടന്മാരിൽ വെങ്ങാന്നൂർ പിള്ളയുടെ സേനയാൽ പരാജിതന്മാരാക്കപ്പെട്ടതിൽ ശേഷിച്ചവരായി നൂറിലധികം ആളുകൾ പശ്ചിമമാർഗമായി തിരുവനന്തപുരത്ത് എത്തിയിട്ടുണ്ടെന്നും അദ്ദേഹത്തിനെ കാണാൻ കഴിഞ്ഞില്ലെങ്കിൽ നിസ്സംശയമായി എട്ടുവീട്ടിൽ പിള്ളമാരുടേയും അവരുടെ പാർശ്വത്തിലുള്ളവരുടേയും ഗൃഹങ്ങളെ ചതിയാൽ ഭസ്മമാക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്നും ഭടന്മാർ മണക്കാട്ട് പഠാണിപ്പാളയത്തിനടുത്ത് താമസിക്കുന്നു എന്നും അറിയിച്ചു. ഈ വർത്തമാനം കേട്ടുണ്ടായ സന്തോഷത്തോടുകൂടി, കുറുപ്പിന്റെ സ്ഥിതി ഓർത്ത് ആരും അദ്ദേഹത്തെ നിഗ്രഹിക്കുന്നതല്ലെന്നും അദ്ദേഹത്തിനെ ബന്ധനത്തിൽ നിന്ന് വിടുവിക്കാൻ ശ്രമിക്കയല്ലാതെ അവിവേകങ്ങൾ ഒന്നും പ്രവർത്തിക്കരുതെന്നും കല്പിച്ചിട്ട് യുവരാജാവ് ഇങ്ങനെ ഒരു ചോദ്യം ചെയ്തു. “കുറുപ്പ് നമുക്ക് വേണ്ടി ആളുകളെ ചേർക്കാൻ പോയതിൽ ഒന്നും സാധിച്ചില്ല ഇല്ലേ.”

കൃഷ്ണക്കുറുപ്പ്: “അമ്മാവൻ കല്പനപ്രകാരം തിരുമുഖത്തു പിള്ളയെ കൊല്ലാൻ ശ്രമിച്ചു എന്ന് ആ ദിക്കുകളിലെല്ലാം ഒരു കഥ പരന്നിരിക്കുന്നു. എന്ന് മാത്രമല്ല, ഭൂതപ്പാണ്ടിയിൽ ചെന്നപ്പോൾ ദളവാ അദ്ദേഹം അമ്മാവന്റെ വാ

ക്കുകളെ വിശ്വസിക്കാതെ അപമാനിച്ചയക്കുകയും ചെയ്തു."

യുവരാജാവ്: "എന്താശ്ചര്യം! അതെങ്ങനെ സംഭവിച്ചു? (വിപരീതാർത്ഥമായി) നമ്മേ സഹായിച്ച് തുടങ്ങിയ അന്നു മുതൽ കുറുപ്പിന് വലുതായ ശ്രേയസ്സുതന്നെ!"

കൃഷ്ണക്കുറുപ്പ്: "ആക്ഷേപമായി അങ്ങനെ കല്പിക്കേണ്ട. ശ്രേയസ്സുതന്നെ എന്നാണ് അടിയങ്ങൾ പഴയമനസ്സിൽ വിചാരിക്കുന്നത്."

യുവരാജാവ്: "എന്റെ മനസ്സിന് സമാധാനം വരുന്നില്ലല്ലോ."

കൃഷ്ണക്കുറുപ്പ്: "അമ്മാവനാകട്ടെ, അടിയങ്ങൾക്കാകട്ടെ, തൃപ്പാദത്തിലേക്കുവേണ്ടി ചെയ്ത ശ്രമങ്ങളിൽ വന്നിട്ടുള്ള യാതൊരു നഷ്ടത്തിനേയും അപമാനത്തിനേയും കുറിച്ച് വ്യസനമില്ല."

യുവരാജാവ്: "നിങ്ങളെപ്പോലെ വേറൊരു കുടുംബവും എന്നെ സ്നേഹിച്ചും സഹായിച്ചും വന്നു. തിരുമുഖത്തു പിള്ളയെക്കുറിച്ചാണു ഞാൻ പറയുന്നത്. അദ്ദേഹത്തിനും വലുതായ ഒരു വ്യസനം വന്നുകൂടി. കിളിമാനൂർ ജ്യേഷ്ഠന്റെ കഥ കേട്ടിരിക്കുമല്ലോ. ആകപ്പാടെ നമ്മെ സഹായിക്കാൻ ആളുകൾ ദുർലഭമാകും. ആട്ടെ, നിങ്ങൾ നാളെ രാവിലെ ഇവിടെ വന്ന് രാമയ്യനെ കാണണം. വേണ്ടതെല്ലാം അയാളോട് ആലോചിച്ച് നടത്തണം."

"കല്പന" എന്നു പറഞ്ഞുകൊണ്ട് മാങ്കോയിക്കൽ കുറുപ്പിന്റെ അനന്തരവൻ തിരുമുമ്പിൽ നിന്ന് പുറപ്പെട്ടു. യുവരാജാവ് നിദ്രയ്ക്കാരംഭിച്ച്, കുറച്ചുനേരം ചിന്താഗ്രസ്ഥനായി കി

ടന്നിട്ട് പരമേശ്വരൻ പിള്ളയെ അടുത്തു വിളിച്ച് ഇപ്രകാരം പറഞ്ഞു: “പരമേശ്വരാ, ഈ ആപത്തുകൾ ഒഴിഞ്ഞു് പ്രജകളേ ക്ഷേമത്തോടും സമാധാനത്തോടും ഭരിക്കാൻ സംഗതി വരുന്ന അന്ന്, എന്റെ രാജ്യവും കിരീടവും കുടുംബവും ശ്രീ പദ്മനാഭന്റെ അധീനത്തിലാക്കി അവിടുത്തെ ദാസനായി ഞാൻ രാജ്യഭരണം തൃപ്പടിയിൽ നിന്ന് ഏൾക്കുന്നുണ്ട്. ശ്രീ പദ്മനാഭൻ തന്നെ നമ്മെയും കുടുംബത്തേയും പ്രജകളേയും രാജ്യത്തേയും സർവദാ കരുണയോടുകൂടി രക്ഷിക്കണം.”

മാർത്താണ്ഡവർമ്മ യുവരാജാവിന്റെ ഹൃദയപൂർവമായുള്ള ഈ പ്രാർത്ഥനയും എട്ടുവീട്ടിൽ പിള്ളമാരുടെ നേർച്ചകളും ഏകദേശം ഒരേ മുഹൂർത്തത്തിലായിരുന്നു. ഇപ്രകാരം, തന്നെയും തന്റെ സർവസ്വത്തേയും അഖിലലോക സൃഷ്ടിരക്ഷാ ഭരണകർത്താവായ സത്യസ്വരൂപങ്കൽ സമർപ്പണം ചെയ്തതിന്റെ ശേഷം, അതിബുദ്ധിമാനും ഗംഭീരനമായിരുന്ന എങ്കിലും, പ്രായത്തിന് പരിപക്വതയും അതിനാൽ ബുദ്ധിക്ക് പുരുഷാഹങ്കാരവും പൂർണ്ണമായി പ്രാപിക്കാതെ ഇരുന്ന ആ യുവാവായ രാജകുമാരൻ മനശ്ചാഞ്ചല്യങ്ങൾ നീങ്ങി നിദ്രയ്ക്കാരംഭിച്ചു, ക്ഷണേന നിർബാധമായുള്ള സുഖനിദ്രയിൽ ആയി. എന്നാൽ കുറച്ചുകഴിഞ്ഞപ്പോൾ പരമേശ്വരൻ പിള്ളയുടെ ഝടിതിയിലുള്ള വിളികളാൽ യുവരാജാവ് സുഷുപ്തിസദൃശ്യമായ നിദ്രയിൽ നിന്നുണർത്തപ്പെട്ടു. യുവരാജാവ് ഉണർന്നുനോക്കിയപ്പോൾ പരമേശ്വരൻ പിള്ളയെക്കൂടാതെ മറ്റൊരാളേയും പള്ളിയറയ്ക്കകത്തു് കാണുകകൊണ്ടും ആ ആൾ നിരുപമതേജസ്സോടുകൂടിയ ഒരു പ്രൗഢയായ സ്ത്രീ ആയിരുന്നതിനാലും അ

ദ്ദേഹം ആശ്ചര്യത്തോടുകൂടി എഴുന്നേറ്റ് ആദരവോടുകൂടി "ആരാണ്" എന്ന് ചോദിച്ചു. സ്ത്രീകളോടുള്ള പരിചയവും മധുരമായും ലളിതമായും ഉള്ള സംഭാഷണത്തിൽ പടുത്വവും ആ യുവരാജാവിന് തുലോം കുറഞ്ഞിരുന്നതിനാൽ, ഈ സന്ദർഭത്തിൽ അദ്ദേഹത്തിന് വലുതായ പരുങ്ങൽ ഉണ്ടായി എന്ന് മാത്രമല്ല, "ആരാണ്" എന്ന് ചോദിച്ചതിന്റെ ശേഷം ബുദ്ധി കേവലം വിചാരശൂന്യമായി ഭവിച്ചപോലെ തോന്നുകയും ചെയ്തു. യുവരാജാവിന്റെ കുഴക്കിനെക്കണ്ടിട്ട് മനസാ അദ്ദേഹത്തെ അഭിനന്ദിച്ചും, തന്റെ ആ പ്രവൃത്തിയിൽ അതുവരെ തോന്നിയിരുന്ന സംശയങ്ങളെ അകറ്റിയും, തന്റെ ജന്മഭൂമിയായ രാജ്യത്തിനും തദ്ദേശീയർക്കും യുവരാജാവുമൂലം ഉദിച്ചിരിക്കുന്ന ഭാഗ്യദശ ഓർത്ത് സന്തോഷിച്ചും സുഭദ്ര ഏറ്റവും വിനീതയായി ലജ്ജാദിഗോഷ്ടികൾ കൂടാതെ. "കുടമൺ പോറ്റിയുടെ അനന്തരവൾ കിടാത്തിയാണ്" എന്നറിയിച്ചു. ഈ വാക്കുകൾ കേട്ടപ്പോൾ അതുവരെ സോദരഭാവത്തിൽ ആദരപൂർവമായി സുഭദ്രയ്ക്ക് അഭിമുഖനായി നിന്നിരുന്ന യുവരാജാവ് നീരസഹായയുടെ പ്രവേശനാരംഭം കൊണ്ട് കലുഷമായ തന്റെ മുഖം തിരിച്ചിട്ട് അല്പനേരം ആലോചനയോട് നിന്നു. അനന്തരം "കുടമൺ പിള്ള എന്റെ ശത്രുവാണല്ലോ. പിന്നെ അനന്തരവൾക്കിവിടെ കാര്യം എന്താണ്?" എന്ന് ചോദിച്ചു.

സുഭദ്ര: "തിരുമനസ്സിലെ അമ്മാവൻ തിരുമേനിയ്ക്ക് തിരുമനസ്സിനെക്കുറിച്ച് അതിസ്നേഹമായിരുന്നല്ലോ. അവിടത്തെ മക്കൾ ശത്രുക്കളായും ഇരിക്കുന്നില്ലേ? സംബന്ധം കൊണ്ട് അവരവർക്കുള്ള ഗുണവിചാരങ്ങൾ നഷ്ടമാക

ന്നതല്ല. തിരുമേനിക്ക് വലുതായ ഒരു ആപത്തടുത്തിരിക്കുന്നു."

യുവരാജാവ്: (ആത്മഗതം) "ഇവൾ ഇത്ര വാഗ്മിയെന്നു ഞാൻ കേട്ടിരുന്നില്ല. തമ്പിയോടുള്ള സഖ്യം നിലപ്പിച്ചിട്ട് എന്നോടാകാമെന്നായിരിക്കും വിചാരം." (പ്രകാശം) "ബന്ധുവായി വന്നിരിക്കയാണെങ്കിൽ സന്തോഷമായി. എന്നാൽ നിങ്ങളുടേയും എന്റേയും സ്ഥിതിയ്ക്ക് ഈ അകാലത്ത് ഇങ്ങോട്ട് നിശ്ചയിച്ച യാത്ര വേണ്ടിയില്ലായിരുന്നു. മറ്റൊരാളെ അയച്ചാലും സംഗതി എന്നെ ഗ്രഹിപ്പിക്കാമായിരുന്നല്ലോ?"

സുഭദ്ര: (ആത്മഗതം) "ഇദ്ദേഹത്തിന്റെ പ്രാണരക്ഷക്കായി വന്ന എന്നെ ഇദ്ദേഹം വന്ധകിയാണെന്ന് സംശയിക്കുന്നു." (പ്രകാശം) "തിരുമേനി, അമ്മതമ്പുരാട്ടിയേയും കൊച്ചുതമ്പുരാൻ തിരുമനസ്സിലേയും ക്ഷണത്തിൽ ഇവിടുന്ന് എഴുന്നെള്ളിക്കണം. തർക്കങ്ങളും സംശയങ്ങളും സ്വസ്ഥമായിരിക്കാനുള്ള കാലം വന്നിട്ടാകാം."

യുവരാജാവ്: (തമ്പിക്കനുകൂലമായി തന്നെ ആപത്തിൽ ചാടിക്കാനാണ് സുഭദ്രയുടെ ശ്രമം എന്ന് തോന്നുകയാൽ) "അമ്മാവൻ നാടുനീങ്ങിയിരിക്കുമ്പോൾ ഇവിടുന്ന് മാറുന്നത് യുക്തമല്ലല്ലോ".

സുഭദ്ര: "ആപത്തിന് ന്യായമുണ്ടോ?"

യുവരാജാവ്: "ആപത്തുണ്ടെന്ന് എനിക്ക് ബോധ്യം വരണ്ടെ?"

സുഭദ്ര: "ഇതിൽ ബോധ്യം വരാൻ അടിയൻ എന്തു് തെളിവാണു് തരുന്നതു്? താമസിച്ചാൽ പിന്നീടു് നിവൃത്തിയില്ലാതെ ആകും. അമ്മാവനും തമ്പിയദ്ദേഹവും ആയിരത്തോളം ആളുകളും ഓരോ വഴിയ്ക്കായി ഇങ്ങോട്ടു് പുറപ്പെടുന്നുണ്ടു്."

യുവരാജാവു്: "സംഗതി ലഘുവായുള്ളതല്ലല്ലൊ. ഇതിൽ കുടമൺ പോറ്റിയുടെ അനന്തരവളും, തമ്പിയുടെ… ആ കപ്പാടെ ഇതു് കൃത്രിമമല്ലെന്നു് ഞാൻ എങ്ങനെ വിശ്വസിക്കുന്നു?"

സുഭദ്ര: "കല്പിക്കാൻ തുടങ്ങിയതിനെ ഭേദപ്പെടുത്തേണ്ടതില്ലായിരുന്നു. തിരുമേനി, സൂചകം അടിയനു് മനസ്സിലായി. ഒന്നു് ഇപ്പോൾ അടിയനും പഴവുള്ളത്തിൽ ഉറപ്പായി. തിരുമേനിയെ സഹായിക്കാൻ ആലോചിക്കുന്നവർക്കു് അനുഭവം മനസ്താപമല്ലാതെ വേറൊന്നില്ല."

തന്റെ മനസ്സിനെ സദാ വ്യാകുലപ്പെടുത്തുന്നതായും മൂന്നു നാലു നാഴികയ്ക്കു മുമ്പിൽ താൻ തന്നെ ഉച്ചരിച്ചതായും ഉള്ള ഒരഭിപ്രായം തന്നെ സുഭദ്രയുടെ നാവിൽ നിന്നും മാനഹാനിയാലുണ്ടായ മനഃപൂർവമായുള്ള വിഷാദസ്വരത്തിൽ പുറപ്പെട്ടതു കേട്ടപ്പോൾ, യുവരാജാവു് സർപ്പദംശനം ഏറ്റാലെന്നതുപോലെ ഒന്നു് ഞെട്ടി. ഈ അഭിപ്രായത്തെ ധൈര്യസമേതം തന്റെ മുമ്പിൽ നിന്നു് നിർവ്യാജമാണെന്നല്ലാതെ വിശ്വസിക്കാൻ പാടില്ലാത്തതായ വ്യസനത്തോടുകൂടി പറയുന്നവൾ മിഥ്യാവാദിനി ആയിരിക്കയില്ലെന്നു് യുവരാജാവിനു് തോന്നുകയാൽ "ശരി തന്നെയാണു്, എന്നാൽ ഈ കാലത്തിന്റെ വിശേ



ഷസ്ഥിതിയിൽ ഞങ്ങൾക്കു ബോധ്യം വരാതെ എങ്ങ നെ വിശ്വസിക്കുന്നു എന്നാണ് സംശയം." എന്നു പറ ഞ്ഞു.

സുഭദ്ര: "ഈ കല്പന ന്യായമാണ്. എന്നാൽ അടിയൻ ത ന്നെ വിടകൊണ്ടതിന്റെ കാരണം അനുഭവം കൊണ്ട റിയാം. ബന്ധുവാണെന്നതിലേയ്ക്ക്, തിരുമനസ്സിനെ വേ ലുക്കുറുപ്പ് അപായപ്പെടുത്താൻ തുടങ്ങിയ രാത്രി അടി യൻ ഒരെഴുത്ത് തിരുമനസ്സിലേക്കയച്ചിട്ടുണ്ടായിരുന്നു. അത് തൃക്കൈയ്യിൽ എത്തിയിട്ടുണ്ടെങ്കിൽ …"

യുവരാജാവ്: "മനസ്സിലായി, ഞാൻ ക്ഷണിക്കാൻ തുട ങ്ങിയ അബദ്ധത്തെ ക്ഷമിക്കണം."

അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. കുടമൺ പിള്ളയും പ രിവാരങ്ങളും തമ്പിമാരും കൊട്ടാരത്തിനകത്ത് കടന്ന് യു വരാജാവിനെ തിരയുന്നു. ചില പള്ളിയറക്കാർ മുതലാ യവരെ അല്ലാതെ യുവരാജാവിനേയും മറ്റും കാൺമാനി

ല്ല. ഈ പള്ളിയറക്കാരെ ഓരോ വിധമായ ഹേമങ്ങൾ ചെയ്തിട്ടും അവർ യുവരാജാവ് മുതലായവർ എങ്ങോട്ട് പോയെന്ന് പറയുന്നില്ല. തമ്പിമാർ ഊരിപ്പിടിച്ചിരിക്കുന്ന ഖഡ്ഗങ്ങളെ വീശിക്കൊണ്ട് ഓരോ മുറിയും തളവും മച്ചും കിണറും വൃക്ഷങ്ങളുടെ മറവും പ്രത്യേകം പരിശോധിക്കുന്നു. ഇതിനിടയിൽ സുഭദ്ര തന്റെ ഭൃത്യഭാവത്തിലുള്ള നാലുപേരോടൊരുമിച്ച് തന്റെ ഗൃഹത്തിലേയ്ക്ക് തിരിച്ചു. വഴിയിൽ വച്ച് ഒരുവനോട് ചിലത് സ്വകാര്യമായി പറഞ്ഞ് അവനെ പിരിച്ചയച്ചു. ശേഷമുള്ള മൂന്നുപേരോടൊരുമിച്ച് പോകും വഴിയ്ക്ക് നാഞ്ചിനാട്ടുകാരാൽ തടുക്കപ്പെട്ടു. "ആരത്" എന്ന് തലവനായ ശ്രീരാമൻ തമ്പി ചോദിച്ചതിന് "ഞാൻ തന്നെ കൊച്ചങ്ങുന്നേ... ചെമ്പകം. പോയി തല കൊണ്ടരണം" എന്ന് സുഭദ്ര അനുഗ്രഹത്തോടുകൂടി ഉത്തരം പറഞ്ഞു. "തേവിടിശ്ശി! ചെമ്പകശ്ശേരീന്ന് വരുന്നതായിരിക്കാം. പോ. പോ. ചെമ്പകത്തിന് വഴിമാറിക്കൊടുക്കിൻ" എന്ന് തമ്പി ഉത്തരവ് കൊടുത്തു. "ഈ വിധമുള്ള തടസ്സങ്ങളെ നിവർത്തിക്കാനാണ് അടിയൻ തന്നെ വിടകൊണ്ടത്" എന്ന് മന്ത്രിച്ചുകൊണ്ട് സുഭദ്ര ആടിക്കുഴഞ്ഞ് കൂടെയുള്ളവരോടൊരുമിച്ച് തിരിച്ചു. തന്നോടുകൂടെയുണ്ടായിരുന്നവരെ പെരുവഴിയിലുള്ള ആൽത്തറയിൽ നിറുത്തീട്ട് തന്റെ ഭവനത്തിലേയ്ക്ക് പോയി, ഏകദേശം അരനാഴിക കഴിഞ്ഞ് ആയുധപാണികളും ഓരോ ചുമടുവഹിക്കുന്നവരുമായ നാലഞ്ചാളോടൊരുമിച്ച് സുഭദ്ര ആൽത്തറയുടെ ചുവട്ടിൽ എത്തി, "ഇനി എഴുന്നെള്ളാം. രാത്രികൊണ്ടുതന്നെ വെങ്ങാനൂർ കടക്കണം. ഇവരെക്കണ്ടാൽ എട്ടുവീട്ടുകാർ തടുക്കയില്ല" എ

ന്ന് പറഞ്ഞു. അപ്പോൾ "ആരത്" എന്നുള്ള ചോദ്യത്തോടുകൂടി കിഴക്ക് നിന്നു വന്ന ഒരാൾ ആ സ്ഥലത്ത് ആവിർഭവിച്ചു. അന്യനെ കണ്ടിട്ട് സുഭദ്ര അല്പം മാറിനിന്നു. സുഭദ്രയെ സൂക്ഷിച്ച് നോക്കീട്ട് അന്യൻ തന്റെ ഉള്ളിൽ കത്തിയ കോപാഗ്നിയുടെ തൈക്ഷ്ണ്യം സഹിക്കാൻ പാടില്ലാതെ "നിനക്ക് ഈ വഴിയിൽ ഈ അസമയത്തെന്തു കാര്യം?" എന്ന് ചോദിച്ചു. "നീ" എന്നുള്ള പദപ്രയോഗം കേട്ടുണ്ടായ നീരസത്തോടുകൂടിയെങ്കിലും സുഭദ്ര "എന്റെ വീട്ടിന്റെ മുമ്പിൽ നിൽക്കുകയാണ്" എന്നു മാത്രം പറഞ്ഞു.

അന്യൻ: (സ്നേഹകോപങ്ങളുടെ വിപരീതാകർഷണങ്ങളാൽ ചഞ്ചലഹൃദയനായി എങ്കിലും ലേശവും ഗാംഭീര്യലോപം കൂടാതെ) "ഇവർ ആരെല്ലാമാണ്?"

സുഭദ്ര: "എന്റെ കുടിയാന്മാരും വീട്ടിൽ പാർക്കുന്നവരും മറ്റുമാണ്"

അന്യൻ: "നിന്റെ കുടിയാന്മാരു! അവരെ ഒന്ന് കാണട്ടെ" ഇങ്ങനെ പറഞ്ഞുകൊണ്ട് അന്യൻ ഓരോരുത്തന്റെ അടുത്തുചെന്ന് മുഖപരിശോധന ചെയ്തുതുടങ്ങി. ഒരുവന്റെ അടുത്തുചെന്നപ്പോൾ "ഇവൻ നിന്റെ കുടിയാൻ തന്നെയാണ്; ശരി ശരി. (അടുത്ത ആളെ നോക്കീട്ട്) "തോർത്തും കട്ടിമുണ്ടും കുട്ടിയ്ക്ക് നല്ലതിന്മണ്ണം ചേരുന്നുണ്ട്. അടുത്ത ആൾ ... ഹാ! ഞാൻ വിചാരിച്ചതുപോലെ തന്നെ."

അന്യനും ഒടുക്കം മുഖപരിശോധന കഴിക്കപ്പെട്ട ആളും പരസ്പരം അറികയാൽ രണ്ടുപേരും മുഖാമുഖം നോക്കി മിണ്ടാതെ നിന്നു. ശ്രീ പത്മനാഭൻ തമ്പിയെ പത്മനാഭപുരം നഗരത്തിൽ വച്ച് രാത്രിയിൽ ചെന്നുകണ്ട അ

ന്യനായ ഇദ്ദേഹം തന്റെ മുമ്പിൽ കാണപ്പെട്ട യുവാവിനെ ദ ഹിപ്പിക്കുമാറുള്ള കോപത്തോടുകൂടി ഹാസ്യമായി, "ഇത്ര യുംകൂടി കാണണമെന്ന് വിധിച്ചിരിന്നു." എന്ന് ശാസനീ യനായ ശിഷ്യനോട്ട് ഉത്തമനായ ഗുരു എന്നപോലെ പറ ഞ്ഞു. തന്റെ ഒരു ഉപേക്ഷ നിമിത്തം ഹൃദയത്തെ പീഡിപ്പി ച്ചിരുന്ന വ്യസനം ഉള്ളിലിരിക്കെ ഈ വാക്കുകൾ കേൾ ക്കയാൽ ചില സംശയങ്ങളും ഉള്ളിലുദിച്ച എങ്കിലും, യുവാ വായ യുവരാജാവ്, ലൗകീകാനുസാരിയായ ഭഗവാൻ പ ണ്ട് പുത്രശോകാർത്തനായ ബ്രാഹ്മണന്റെ ദുർഭാഷണ ങ്ങൾ കേട്ടിട്ടും ക്ഷമാപരനായിരുന്ന പോലെ, ശാന്തത ആ ശ്രയിച്ചുകൊണ്ട്, "എന്താണ് തിരുമുഖത്തു പിള്ള ദേഷ്യ പ്പെടുന്നതു? ഞാൻ അയച്ച എഴുത്തുകൾക്ക് മറുപടിപോ ലും അയക്കാതെ, എന്നെ കണ്ടപ്പോൾ ആക്ഷേപവാക്കു കൾ കൊണ്ട് സൽക്കരിക്കുന്നതു് കാലഭേദം തന്നെ അ ല്ലേ" എന്നരുളിചെയ്തു.

'തിരുമുഖത്തു പിള്ള' എന്ന നാമത്തെകേട്ടപ്പോൾ സുഭ ദ്രയുടെ നീരസം പാതിനീങ്ങി. യുവരാജാവിനോടുകൂടി ഉ ണ്ടായിരുന്ന രാമയ്യനും പരമേശ്വരൻ പിള്ളയും അതിനുമു മ്പിൽതന്നെ അദ്ദേഹത്തെ അറിഞ്ഞിരുന്നു.

തിരുമുഖത്തു പിള്ള: "അടിയന്റെ ആക്ഷേപവാക്കുകളെ ക്ഷമിക്കണം. മുഖം കാണിക്കുന്നതിനായി അടിയൻ വി ടകൊണ്ടതാണ്. അതു് കഴിഞ്ഞു. ഇനി കുപ്പപ്പാട്ടിലേ യ്ക്ക് തിരിച്ചുവിടകൊള്ളുന്നതിന് കല്പനയുണ്ടാകണം."

യുവരാജാവ്: "എന്തുകഥയാണിതു? ഞാൻ അപേക്ഷിച്ചി ട്ടല്ലേ താൻ വന്നതു? എന്നിട്ട് കാണുംമുമ്പേ യാത്രയ്ക്ക് ഭാവ മായോ? മനുഷ്യർ ഇങ്ങനെ ഭേദപ്പെടാറുണ്ടോ?"

തിരുമുഖത്തു പിള്ള: “ഭേദപ്പെട്ടിട്ടുണ്ടെങ്കിലും കല്പിച്ച് ആശ്ചര്യപ്പെടാനില്ലല്ലോ?”

യുവരാജാവ്: “ആശ്ചര്യപ്പെടുന്നില്ല, വ്യസനിക്കുന്നതേയുള്ളൂ”

തിരുമുഖത്തു പിള്ള: “അടിയനോളമുണ്ടോ?”

യുവരാജാവ്: “താൻ ഭാഗ്യവാൻ, എന്തിനാണ് വ്യസനിക്കുന്നത്?”

തിരുമുഖത്തു പിള്ള: “രണ്ടുവർഷം കൊണ്ടുണ്ടായ ഭേദങ്ങളെ വിചാരിച്ച തന്നെ. ഇന്നിങ്ങനെ കാണാൻ സംഗതിയും വന്നല്ലോ? തിരുമേനിയോളം അടിയൻ സമചിത്തനായിട്ടില്ല.”

യുവരാജാവ്: “പറവാനുള്ളത് നേരെ പറയൂ. വൃഥാ താമസിച്ചാൽ എന്നെ തനിക്ക് രക്ഷിക്കാൻ കഴിവില്ലാത്ത സ്ഥിതിയിലാകും. കുടമൺ പിള്ളയും മറ്റും എന്നെ തിരക്കി പുറപ്പെട്ടിട്ടുണ്ട്. ഇപ്പോൾ തിരിച്ചുവരും.”

തിരുമുഖത്തു പിള്ള: “അടിയനാൽ കഴിവില്ലെങ്കിലും ഇവളാൽ കഴിയുമല്ലോ. കോട്ടാർ മുതലായ ദിക്കുകളിൽ പോയാൽ ഇതിലും വലുതായ സഹായങ്ങൾ ചെയ്‌വാൻ ആളുകൾ കാണും.”

യുവരാജാവ്: “എന്താണ് താൻ പറയുന്നത്?”

തിരുമുഖത്തു പിള്ള: “അടിയൻ വിടകൊണ്ടു പോകാൻ കല്പന തരണം. തിരുമേനിയെ സഹായിക്കാൻ ആറുവീട്ടുകാർ വന്നിട്ടുണ്ട്. അടിയനെ താമസിപ്പിച്ചാൽ കല്പിച്ച് വ്യസനിക്കും.”

യുവരാജാവ്: "കോട്ടാറ്റ് എന്നെ സഹായിക്കാനാരാണ്?"

തിരുമുഖത്തു പിള്ള: "തിരുമേനി, അവിവേകം ചെറുപ്പ കാലത്ത് എല്ലാവർക്കും സഹജമാണ്. മനഃപൂർവമായിട്ടുള്ള വ്യാജം ഒരു കാലത്തും ക്ഷമിക്കാൻ പാടുള്ളതല്ല. കോട്ടാറ്റുള്ള പരിചയത്തെ ഉപേക്ഷിച്ച എന്ന് വരുമോ?"

യുവരാജാവ്: "ആരോടുള്ള പരിചയം എന്ന് പറയൂ"

തിരുമുഖത്തു പിള്ള: "ദാസിമാരുമായുള്ള പരിചയം."

യുവരാജാവ്: "കഷ്ടം! താൻ ഈ വിധം പറഞ്ഞു തുടങ്ങിയോ? മര്യാദയും മറ്റും എനിക്കുപദേശിച്ചതന്ന ഗുരുവല്ലേ താൻ?"

തിരുമുഖത്തു പിള്ള: "പ്രവൃത്തിയിൽ സത്യലംഘനവും ദുഷ്ടതയും അടിയൻ ഉപദേശിച്ചിട്ടില്ലല്ലോ?"

യുവരാജാവ്: "എന്തു വാക്കുകളാണിത്? താൻ അമ്മാവനോടുകൂടി തൃശ്ശിനാപ്പിള്ളിയ്ക്ക് പോയിരുന്നതിനിടയ്ക്ക് തനിക്കുണ്ടായ വ്യസനത്തെ സംബന്ധിച്ച് ഞാൻ മിണ്ടാതിരുന്ന എന്നൊരു കുറ്റമല്ലാതെ മറ്റെന്താണ് ഞാനൊരധർമ്മം പ്രവർത്തിച്ചിട്ടുള്ളത്? എന്നെ ഈ ആളുകൾ ഓടിച്ചിട്ട് വട്ടം തിരിക്കുക ആയിരുന്നതിനാൽ അതിനെപ്പറ്റി തനിക്ക് ഒരെഴുത്ത് പോലും അയയ്ക്കാൻ ഇടവരാത്തതാണ്."

തിരുമുഖത്തു പിള്ള: "ഈ വാക്കുകളിൽ ഉള്ള മാധുര്യത്തോളം ഹൃദയത്തിൽ മാർദ്ദവവും ഉണ്ടായിരുന്നുവെങ്കിൽ, ഇന്ന് അടിയൻ ഈ വിധം ഉണർത്തിക്കാൻ ഇടവരുമായിരുന്നോ?"

യുവരാജാവ്: "കാലം വൃഥാ പോകുന്നു. ഇങ്ങനെ സൂചകങ്ങളായി ഓരോ ദുരുക്തികൾ പറയുന്നതിനേക്കാൾ ഉള്ളിലുള്ളതിനെ സ്പഷ്ടമായി പറഞ്ഞാൽ ഞാൻ സമാധാനം പറയാം."

തിരുമുഖത്തു പിള്ള: 'കൽപന. തൃപ്പാദത്തിൽ സമർപ്പിക്കപ്പെട്ട അടിയന്റെ മകൻ കിടാത്തനെ എന്തുചെയ്തു?'

യുവരാജാവ്: 'ഞങ്ങൾ ഒരുമിച്ച് നാഗർകോവിലിൽ താമസ്സിച്ചിരുന്നപ്പോൾ അവൻ അമ്മയെ കാണുന്നതിനായി പോയി. അന്ന് പോകണ്ട എന്ന് ഞാൻ തടുത്തു. അമ്മയ്ക്കു സുഖക്കേടാണെന്ന് വർത്തമാനം കിട്ടിയിരിക്കുന്നു എന്ന് പറകയാൽ ഞാൻ അനുവദിച്ചു. അന്നുമുതൽ എന്നെ ഒരു സ്ഥലത്ത് അടങ്ങിയിരിക്കാൻ ശത്രുക്കൾ സമ്മതിച്ചിട്ടില്ല. ഒന്നും അന്വേഷിക്കാനും ഇടവന്നിട്ടില്ല. കള്ളിയങ്കാട്ട് മുതലായ സ്ഥലങ്ങളിലെ കഥകൾ കേട്ടിരിക്കുമല്ലോ?'

തിരുമുഖത്തു പിള്ള: 'കഥകൾ അടിയൻ പലതും കേട്ടിട്ടുണ്ട്. അതിൽ ഒന്ന് തിരുമനസ്സിൽ അറിയിക്കാം. തിരുമേനിയുടെ അമ്മാവൻതിരുമനസ്സുകൊണ്ടും അടിയൻമുതൽപ്പേരും തൃശ്ശിനാപ്പള്ളിയിലേക്ക് പട്ടാളത്തെകൊണ്ടുവരാൻ പോയപ്പോൾ തിരുമേനി സ്വാതന്ത്ര്യങ്ങളും പ്രായവിശേഷത്തിനടുത്തതായ ചില സേവകളും തുടങ്ങി. അവിടുത്തെ നടപടികൾ കണ്ടു്, അടിയന്റെ മകനും നാനാവിധങ്ങൾ ആരംഭിച്ചു.'

യുവരാജാവ്: 'നാരായണ! എന്നെ ശകാരിച്ചുകൊള്ളൂ. മരിച്ചവരെ വൃഥാ ദുഷിക്കാതിരിക്കൂ.'

തിരുമുഖത്തു പിള്ള: 'ആഹാ! കഥ മനസ്സിലായി, എന്റെ തിരുമേനിക്കു്. ഞാൻ അറിഞ്ഞിട്ടില്ലെന്നു് വിചാരിക്കേണ്ട. ഈശ്വരൻ സത്യസ്വരൂപനാണു്. കളവു് നീളെ നിൽക്കുമോ തിരുമേനീ? അടിയന്റെ മകനെ നിർദ്ദയനായി കേവലം പെരുവഴിപ്പിണമായ ഒരു വ്യഭിചാരിണിമൂലം കൽപ്പിച്ചു് കൊന്നതിനെ വിചാരിക്കുമ്പോൾ, തിരുമേനീ, അടിയന്റെ ആത്മാവിനെപ്പോലും അടിയനു് വിശ്വാസം തോന്നുന്നില്ല.'

പ്രകൃത്യാ സ്വാത്മാഭിമാനിയായുള്ള യുവരാജാവു് മേൽപ്രകാരമുള്ള വചനങ്ങളുടെ ശ്രവണത്താൽ ഭിന്നപൗരുഷനായി. തന്റെ മാതുലന്മാരുടെ സത്യതത്പരനായുള്ള മന്ത്രിശ്രേഷ്ഠൻ, ദുഷ്പ്രേഷകന്മാരാൽ വഞ്ചിതനായിരിക്കുന്നു എന്നുള്ള സമാധാനംകൊണ്ടു കോപം അടക്കി എങ്കിലും അംഗങ്ങൾ തളർന്നു് പരവശനായി. പരമേശ്വരൻ പിള്ളയും രാമയ്യനും ഈ കഥ പൗരന്മാരുടെ ലഹള കഴിഞ്ഞു് കേട്ടു എങ്കിലും യുവരാജാവിനെ ഗ്രഹിപ്പിക്കുന്നതിനു് അവർക്കു് ധൈര്യമുണ്ടായിരുന്നില്ല. ഇവരും വിഷണ്ണരായി നിൽക്കുന്നതിനിടയിൽ യുവരാജാവു് തിരുമുഖത്തു പിള്ളയോടു് ഇങ്ങനെ ചോദിച്ചു: 'അനന്തപത്മനാഭനെ ഞാൻ കൊന്നു എന്നു് താൻ വിശ്വസിക്കുന്നോ?'

തിരുമുഖത്തു പിള്ള: 'അടിയൻ, യദൃച്ഛയാ ഒരു കോടാങ്കി അടിയന്റെ കുപ്പപ്പാട്ടിൽ വിടകൊണ്ടിരുന്നു. അവൻ ദേവീപ്രസാദത്താൽ അടിയന്റെ സ്ഥിതി സകലതും പരമാർത്ഥമായി പറഞ്ഞു. ഒടുവിൽ അനന്തപത്മനാഭന്റെ മരണം രാജകരത്താൽ സംഭവിച്ചതാണെ

ന്നം തിരിഞ്ഞു. അതുകൊണ്ട് അടിയൻ തൃപ്തിപ്പെട്ടില്ല. അടിയൻ ഒരു അഞ്ജനക്കാരനെ വരുത്തി നോക്കിച്ചു. അതിലും തൂക്കിയാൽ കൊല്ലപ്പെട്ടതാണെന്ന് തെളിഞ്ഞു. എന്നിട്ടും അടിയൻ വിശ്വസിച്ചില്ല. ഈയിടെ കാലക്കുട്ടി അവിടെ വിടകൊണ്ടിരുന്നു …'

യുവരാജാവ്: 'എന്റെ എഴുത്തോടുകൂടിയാണ് അവൻ വന്നിരുന്നത്.'

തിരുമുഖത്തു പിള്ള: 'എഴുത്തുണ്ടെങ്കിൽ അവൻ തരുമായിരുന്നു.'

പരമേശ്വരൻ പിള്ള: 'ഇപ്പോൾ അടിയൻ അറിയിച്ചത് ഒത്തോ? പറഞ്ഞില്ലയോ കാലക്കുട്ടി ചതിക്കുമെന്ന്. ഇനി എന്തെങ്കിലും കൽപിച്ച് ഇദ്ദേഹം ചലമ്പുന്നത് കേട്ടുനിന്ന് നേരം വെളുപ്പിക്കാതെ എഴുന്നള്ളണം.'

രാമയ്യൻ: 'മിണ്ടാതിരിക്കു പരമേശ്വരൻ പിള്ളേ. അദ്ദേഹം അടുത്തു നിൽക്കുമ്പോൾ തിരുമേനിക്ക് ആപത്തില്ല. ശുദ്ധഗതികൾകൊണ്ട് ആസംബന്ധം പറയാതിരിക്കു.'

തിരുമുഖത്തു പിള്ള: 'രാമയ്യൻ, അങ്ങ് ഒന്നും അറിഞ്ഞിട്ടില്ല. ഈ പരമേശ്വരൻ പിള്ളയ്ക്കു ദേഷ്യം ഉണ്ടാവാൻ സംഗതിയുണ്ട്. ആ കൊലയ്ക്കു സഹായിച്ചതിന് അനന്തപത്മനാഭന്റെ വാളും പരിചയും അവന് സമ്മാനം കിട്ടീട്ടുണ്ട്.'

പരമേശ്വരൻ പിള്ള: 'അയ്യ! ഒരു പാണ്ടിക്കുറവൻ കൊണ്ടന്നതിനെ കൽപിച്ച് വാങ്ങി എനിക്ക് തന്നത് കൊലയ്ക്കു കൈക്കൂലിപോലും! അമ്പട ബുദ്ധി!'

തിരുമുഖത്തു പിള്ള: ‘അങ്ങനെ ആയിരിക്കട്ടെ. നിങ്ങളെല്ലാം തിരുമനസ്സിലേക്ക് അനുകൂലമായി പറയേണ്ടവരാണ്. ദാസിയോട് ചുള്ളിയിൽ മാർത്താണ്ഡനും ഞാനും പോയി ചോദിച്ചു. അവൾ സത്യം മുഴുവൻ പറഞ്ഞു.’

യുവരാജാവ്: ‘ശ്രീപത്മനാഭാ! ഈ അപവാദങ്ങൾ കേൾക്കാറായോ? തിരുമുഖത്തു പിള്ളേ, താൻ എന്നെ പത്തൊമ്പത് വയസ്സുവരെ ഈ ദുഷ്ടരുടെ കൈയിൽ പെടാതെ സൂക്ഷിച്ചതിന് തനിക്ക് എന്റെ ജീവന് അവകാശമുണ്ട്. കൊന്നുകൊള്ളൂ. ഇല്ലാത്ത ഒരു സംഗതിക്ക് തെളിവ് തരാൻ പ്രയാസമാണ്. തന്റെ കൈയാൽ മരിക്കുന്നത് പൂർണ്ണ സമ്മതം തന്നെ.’

സുഭദ്ര: ‘തിരുമേനീ, ഇത്ര വ്യസനിക്കുന്നതെന്തിന്? ഇദ്ദേഹത്തിനെ സുന്ദരയ്യൻ മുതൽപേർകൂടി ഒരു വലയിൽ അകപ്പെടുത്തിയിരിക്കയാണ്. അനന്തപത്മനാഭനെ വേലുക്കുറുപ്പാണ് കൊന്നത്. കാരണം തിരുമേനിയോട് തമ്പി അദ്ദേഹത്തിനുള്ള ദേഷ്യമെന്നാണ് തോന്നുന്നത്.’

തിരുമുഖത്തു പിള്ള: ‘എന്നോടു കളിക്കാതെ വീട്ടിൽ പോകുന്നതാണ് നിനക്ക് നല്ലത്. തമ്പി അദ്ദേഹത്തോടും മുഷിഞ്ഞ്… ഇപ്പോൾ…’

സുഭദ്ര: ‘ഈ തിരുമേനിയെ ശകാരിച്ചതുപോലെ എന്നെ ശകാരിക്കരുത്. നിങ്ങൾ പരസ്പരം ഓരോ സഹായങ്ങൾകൊണ്ടും മറ്റും കടപ്പെട്ടിട്ടുള്ളവരാണ്. അതുകൊണ്ട് പരസ്പരം ശാസിപ്പാനും അവകാശം ഉണ്ടായിരിക്കും. ഞാൻ അന്യഥാ ഉള്ള ഒരു സ്ത്രീയാണ്. അത് ആലോചിച്ചുവേണം എന്നോടു കയർക്കുന്നത്.’

തിരുമുഖത്തു പിള്ള: ‘നിന്റെ ഉ … തര … വത്തിനെക്കാൾ … എന്നെക്കൊണ്ട് അധികം സംസാരിക്കാതെ.’

യുവരാജാവ്: ‘തിരുമുഖത്തു പിള്ളേ, ശകാരിക്കരുതിവളെ. ഇവൾ എന്റെ പ്രാണരക്ഷ ചെയ്തവളാണ്. ഇതാ മധുരപ്പടയ്ക്കു കൊടുക്കാൻ വേണ്ട ദ്രവ്യവും തന്നിരിക്കുന്നു. നിങ്ങൾക്ക് ആർക്കും ഈ ദയ ഉണ്ടായില്ല.’

തിരുമുഖത്തു പിള്ള: ‘സ്നേഹമുള്ളവർ ഇതിലധികവും ചെയ്യും.’

യുവരാജാവ്: ‘ഇന്ന് ആദ്യമായി ഇവളെ ഞാൻ കണ്ടതാണ്. അതുകൊണ്ട് അന്യഥാ സംശയിക്കരുത്.’

തിരുമുഖത്തു പിള്ള: ‘ഈ കളവ് ആർക്ക് ബോദ്ധ്യമാകും? ആരാനും തന്റെ അമ്മയ്ക്കു കൊടുത്ത മുതലിനെ ഒരു വേദനയും കൂടാതെ തന്റെ കുടുംബശത്രുവിന് കൊടുക്കുന്ന ഇവളെ, കൽപിച്ച് ആദ്യം കണ്ടതാണെന്ന് വിശ്വസിക്കാൻ ഭ്രാന്തന്മാർ വേണം.’

സുഭദ്ര: (കോപത്തോടും വ്യസനത്തോടും) ‘ആ കൂട്ടത്തിലില്ലെന്നു വിശ്വസിക്കാനും ബഹുപ്രയാസം. നിരപരാധിയായ എന്റെ ജനനത്തെ അപമാനിക്കാൻ തോന്നിയ അങ്ങ് …’

തിരുമുഖത്തു പിള്ള: ‘നിൽക്ക് … ഭ്രാന്തു പറയാതെ.’

സുഭദ്ര: ‘അതു നന്നായി! സുന്ദരയ്യന്റെ ഇഷ്ടനായ കോടാങ്കിയും അൽപനായ കാലക്കുട്ടിയും അരയ്ക്കാൽ രാശിക്ക് മാനം വിൽക്കുന്ന ദാസിയും പറഞ്ഞതെല്ലാം സത്യമെന്നും ഈ തിരുമേനി കൽപിക്കുന്നത് അസത്യമെ

ന്നും പറയുന്ന ആൾ എന്നോട് ഭ്രാന്ത് പറയരുതെന്ന് ഉപദേശിക്കുന്നത് എന്തു ന്യായമാണ്?'

തിരുമുഖത്തു പിള്ളയുടെ വാചാലത്വം സുഭദ്രയുടെ യുക്തിയുക്തമായിട്ടുള്ള സൂചകങ്ങളാൽ നഷ്ടമാക്കപ്പെട്ടു എങ്കിലും ആലോചിച്ച് പറയുന്ന എന്ന് വരരുതെന്നുള്ള കരുതലോടുകൂടി വേഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ആട്ടെ, എന്നെയും കൊല്ലിക്കാൻ ഈ തിരുമേനി ശ്രമിച്ചു. അതിലേക്ക് ഞാൻ തന്നെയാണ് സാക്ഷി. ഭ്രാന്തന്റെ സാക്ഷ്യമാകകൊണ്ട്...'

സുഭദ്ര: 'അക്കാര്യം ഞാൻതന്നെ പറയാം. അവിടുന്ന് പത്മനാഭപുരത്തുവച്ച് വലിയ തമ്പി അദ്ദേഹത്തിനെ കണ്ടെന്ന് കാലക്കുട്ടി ആ കൊട്ടാരത്തിലുണ്ടായിരുന്നു. അവിടുന്ന് പോയതിന്റെ ശേഷം ചില വേൽക്കാരെ വേൽവയ്പിച്ച്, മാങ്കോയിക്കൽവക ആൾക്കാർ എന്ന് തോന്നിക്കാൻവേണ്ടി വാൾ ധരിപ്പിച്ച് അവിടുത്തെ പുറകെ അയച്ചു. അതും ഈ തിരുമേനിയുടെ പേരിൽ കലുഷം ഉറപ്പാക്കാൻ വേണ്ടി സുന്ദരയ്യൻ എടുത്ത വിദ്യയായിരുന്നു. വേൽക്കാരെ അവിടുന്ന് അറിയുമെന്നുള്ള പേടിയാൽ അവർ അധികം എതിർത്ത് നിൽക്കാതെ തോൽപ്പിക്കപ്പെട്ടതുപോലെ ഓടിക്കളഞ്ഞു. വാൾ ധരിച്ചിരുന്നതുകൊണ്ടും മറ്റും സുന്ദരയ്യൻ ഉദ്ദേശിച്ചതുപോലെതന്നെ അവരെ മാങ്കോയിക്കൽ വാൾക്കാരാണെന്ന് അവിടുന്നും വിചാരിച്ചുകൊണ്ടു. ഇങ്ങനെയാണ് ഇതിന്റെ സത്യം.'

തിരുമുഖത്തു പിള്ള: 'ഈ സംഗതികൾ എല്ലാം ശരിതന്നെയാണ്. കൽപിച്ച് ചെയ്യിച്ച കൃത്യം ആകകൊ

ണ്ട് വിവരങ്ങൾ അവിടുന്ന് അറിഞ്ഞ് നീ പറയുന്ന തല്ലെന്ന് ഞാൻ എങ്ങനെ വിശ്വസിക്കും?'

സുഭദ്ര: 'മനസ്സാണെങ്കിൽ വിശ്വസിച്ചാൽ മതി. മകന്റെ കഥ മുഴുവൻ കേൾക്കണം. അനന്തപത്മനാഭനെ കൊന്ന ഉടനെ വേലുക്കുറുപ്പിനും മറ്റും പരിഭ്രമം ഉണ്ടായി ആ സ്ഥലത്തുനിന്ന് ഓടിക്കളഞ്ഞു. കുറച്ച കഴിഞ്ഞ് ധൈര്യമുണ്ടായപ്പോൾ പിന്നെയും ആ സ്ഥലത്തു ചെന്നു. അപ്പോൾ പ്രേതത്തെ കാണ്മാനില്ലായിരുന്നു. അവിടെ ക്കിടന്നിരുന്ന ആയുധങ്ങളും തലക്കെട്ടും എല്ലാം എടുത്ത് വേലുക്കുറുപ്പ് രാമനാമഠം ചേട്ടന്റെ കൈയിൽ എത്തിച്ചു. പിന്നീട് വാളും പരിചയും സുന്ദരയ്യൻ തട്ടിച്ചു കൊണ്ടുപോയി. ആ കോടാങ്കി മുഖാന്തിരം തിരുമേനിക്ക് വിറ്റു. ഇങ്ങനെയാണ് പരമാർത്ഥം. ഇതൊന്നും കൽപിച്ചറിഞ്ഞിട്ടില്ല.'

പരമേശ്വരൻ പിള്ള: 'പെണ്ണുങ്ങളുടെ ബുദ്ധി ആണുങ്ങൾക്കില്ലാതെ പോയല്ലോ!'

തിരുമുഖത്തു പിള്ള: 'എന്നാൽ തലക്കെട്ട് രാമനാമഠത്തിന്റെ കൈയിൽ കാണുമല്ലോ? അതു കാണിച്ചതന്നാൽ ഞാൻ മറിച്ച വിശ്വസിക്കാം.'

സുഭദ്ര: 'തലക്കെട്ട് എന്റെ കൈയിലുണ്ട്.'

തിരുമുഖത്തു പിള്ള: 'ദ്രോഹി! മഹാപാപി! നിന്റെ അനുജനെ കൊന്ന പാപികൾക്ക് നീ ഇത്രത്തോളം അനുകൂലമായോ? പഞ്ചപാതകീ, നീ തന്നെ കൊല്ലിച്ചതല്ലെന്ന് എന്റെ മനസ്സ് എങ്ങനെ വിശ്വസിക്കും?' എന്നിങ്ങനെ

രോഷാകുലനായി പറഞ്ഞുകൊണ്ട് അദ്ദേഹം സുഭദ്രയുടെ ഭുജങ്ങളിൽ കൈകൊട്ടുത്ത് കരുണകൂടാതെ ഞെരിച്ചുതുടങ്ങി.'

സുഭദ്ര: 'എന്റെ അനുജനോ! എന്നെ കൊല്ലരുത്. പരമാർത്ഥം പറയണം. എന്റെ അനുജനായതെങ്ങനെ?'

തിരുമുഖത്തു പിള്ള: 'കഷ്ടം! ഇനി അതും അറിയണമെന്നോ! ഉള്ളിടത്തോളം മനസ്സമാധാനത്തോടുകൂടി ഇരിക്ക്... പോ...'

സുഭദ്ര: 'തിരുമേനീ, ഇദ്ദേഹത്തിന്റെ മകൻ മരിച്ചിട്ടില്ലെന്ന് കൽപിക്കണം; സംശയിക്കേണ്ട. അടിയൻ അതിന് തെളിവുകൊടുക്കാം.'

ആകാശത്തുനിന്നും കോടി ഭാസ്കരതേജസ്സോടുകൂടി സാക്ഷാൽ മഹാവിഷ്ണുതന്നെ പ്രത്യക്ഷനായി രണ്ടുപേരെയും കനകാഭിഷേകവും അമൃതാഭിഷേകവും ചെയ്താൽപ്പോലും ഉണ്ടാകാത്തതായ ഒരു സന്തോഷം കൊണ്ട് പ്രത്യക്തിക്ക് ശക്തരല്ലാതായി ചമഞ്ഞുനിൽക്കുന്നവരിൽ, യുവരാജാവിന്റെ വിഷണ്ണതയും തിരുമുഖത്തു പിള്ളയുടെ കോപവ്യസനങ്ങളും നീങ്ങി, രണ്ടുപേരും ആശ്ചര്യസംശയസംയുക്തചിത്തരായി.

തിരുമുഖത്തു പിള്ള: 'കുഞ്ഞേ, ഞാൻ അവന്റെ അച്ഛനാണ്. എന്റെ മനസ്സിൽ വെറുതെയുള്ള മോഹം ഉദിപ്പിച്ചാൽ പാപമുണ്ട്. നീ പറഞ്ഞത് സത്യമാണോ?'

സുഭദ്ര: 'പരമധർമ്മിഷ്ഠനായുള്ള ഈ തിരുമേനിയെ അതിരില്ലാത്ത അപവാദങ്ങൾകൊണ്ട് മൂടിയതിലും ദുരിതമാണോ?'

തിരുമുഖത്തു പിള്ള: ‘അയ്യോ! നീ കളവാണോ പറഞ്ഞത്?’

യുവരാജാവ്: ‘ഇവൾ കാര്യമില്ലാതെ കളവ് പറയുമെന്ന് ശങ്കിക്കേണ്ട. അനന്തപത്മനാഭൻ മരിച്ചിട്ടില്ലെന്ന് നിശ്ചയമായിരിക്കണം.’

തിരുമുഖത്തു പിള്ള: ‘സത്യമാണോ സുഭദ്രേ?’

സുഭദ്ര: ‘എന്റെ അനുജനായ അനന്തപത്മനാഭൻ മരിച്ചിട്ടില്ല.’

തിരുമുഖത്തു പിള്ള: ‘അവൻ മരിച്ച വ്യസനംകൊണ്ട് മരിക്കാറായിക്കിടക്കുന്ന അവന്റെ അമ്മയെ വിചാരിച്ചെങ്കിലും കളവ് പറയാതെ.’

സുഭദ്ര: ‘എന്റെ മരിച്ച അമ്മയുടെ മാനത്തെ രക്ഷിക്കാനെങ്കിലും അനന്തപത്മനാഭൻ എന്റെ അനുജനായത് എങ്ങനെ എന്ന് പറയണം.’

തിരുമുഖത്തു പിള്ള: ‘നിന്റെ അമ്മാവനാണല്ലോ അതിനെ മറച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സത്യത്തെ ഞാൻ എങ്ങനെ അനാദരിക്കും?’

സുഭദ്ര: ‘ന്യായവിരുദ്ധമായ ഒരു വിവാഹമായിരുന്നെങ്കിൽ മാത്രമേ അമ്മാവന്റെ ഹിതത്തെ വിചാരിക്കാനുള്ളൂ.’

തിരുമുഖത്തു പിള്ള: ‘നിന്റെ അച്ഛൻ ന്യായമായി വേണ്ട ആളുകളുടെ അറിവോടുകൂടിയാണ് സംബന്ധം ചെയ്തത്. നാടുനീങ്ങിയ തിരുമേനി, കഴക്കൂട്ടത്തു പിള്ള മുതലായവർ സാക്ഷിയും ഉണ്ടായിരുന്നു. എന്നാൽ രാജസേവകനായ എന്നോടുള്ള വിരോധംകൊണ്ടും …’

സുഭദ്ര: (കണ്ണുനീരോടുകൂടി) 'എന്റെ അച്ഛൻ ആരെന്ന് പറയണം. ശേഷം എനിക്ക് കേൾക്കാൻ ധൈര്യമില്ല.'

തിരുമുഖത്തു പിള്ള: 'മകളേ, നിന്റെ അച്ഛൻ നിർദ്ദയനായ ഞാൻ തന്നെ.'

ഈ വാക്കുകളാൽ സുഭദ്രയുടേയോ യുവരാജാവിന്റേയോ ആരുടെ മനസ്സാണ് അധികം ശീതളമാക്കപ്പെട്ടതെന്ന് പറവാൻ കഴിയുന്നതല്ല. തന്റെ മാതാവിന്റെ നാമത്തിനുണ്ടായിരുന്ന ദുഷ്കീർത്തിയും തന്റെ നിരന്തരമായ മനഃക്ലേശവും നീങ്ങുകയും നാട്ടിലെ പ്രജകളിൽ നടുനായകമായുള്ള ഒരാളാണ് തന്റെ ജന്മഹേതുവെന്ന് സ്ഥാപിക്കപ്പെടുകയും ചെയ്കയാൽ, സുഭദ്ര തന്റെ പരിശ്രമങ്ങൾ മിക്കവാറും സഫലമായി എന്ന് ഓർത്ത് ആശ്വസിച്ചും തന്റെ കരങ്ങൾ ഗ്രഹിച്ചുകൊണ്ടുനിൽക്കുന്ന പിതാവിന്റെ സ്പർശന സുഖത്തിൽ മുഴുകിയും നിന്നു. തന്നെ സഹായിക്കാൻ ഭയരഹിതയായും നിസ്തുലമഹാമനസ്കതയോടും പുറപ്പെടുകയും ആൾ, ദ്രവ്യം, ആലോചന ഈ മൂന്ന് വകകൾകൊണ്ട് ലേശവും ലുബ്ധികൂടാതെയും പൂർണ്ണമനസ്സോടും സഹായിക്കയും ചെയ്ത ഒരാൾക്ക് ആ ശ്രമത്തിനിടയിൽത്തന്നെ വലുതായ സന്തോഷം ഉണ്ടായതുകൊണ്ട് യുവരാജാവും അത്യന്തം സന്തുഷ്ടനായി. യൗവനകാലത്തെ ചരിത്രങ്ങളും തന്റെ ആദ്യപരിഗ്രഹത്തിന്റെ മൃതിയെയും ഓർത്ത് അതിവ്യസനത്തോടും പ്രഥമസന്താനത്തിന്റെ സാന്നിദ്ധ്യത്താൽ പരമാനന്ദത്തോടും അന്നത്തെ സന്താനദ്വയലാഭം ഓർത്ത് ആനന്ദപരവനായും തിരുമുഖത്തു പിള്ളയും നിന്നു. രാമയ്യൻ, സുഭദ്രയുടെ ഭൃത്യന്മാർ മുതലായവർ സന്തോഷത്താൽ പരസ്പരം ഓരോന്ന് പറഞ്ഞു ത

ടങ്ങി. ഇവരുടെ നിർവ്യാജമായുള്ള സന്തോഷം അവർക്ക് പരിചയമുള്ളതായ സുഭദ്രയുടെ മനോഗുണങ്ങളെ സാക്ഷീകരിച്ചതിനാൽ, തിരുമുഖത്തു പിള്ളയും യുവരാജാവും അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് സന്തോഷിച്ചതേയുള്ളു.'

തിരുമുഖത്തു പിള്ള: 'മകളേ, നീയും അനന്തപത്മനാഭനും എനിക്ക് ലേശവും ഭേദമില്ല. നിന്റെ അമ്മാവനാണ് നമ്മെ വേർപെടുത്തിയത്. എങ്കിലും എന്റെ സ്നേഹത്തിന് ഒരുവിധത്തിലും കുറവ് വന്നിട്ടില്ല.'

തിരുമുഖത്തു പിള്ള: (ആനന്ദബാഷ്പം ചൊരിഞ്ഞുകൊണ്ട്) 'അച്ഛാ, ഇപ്പോൾ തിരുമേനിക്ക് കൊടുത്ത ഈ ദ്രവ്യവും ഞാൻ അനുഭവിക്കുന്ന സകല വസ്തുക്കളും ഈ നിൽക്കുന്ന കുടിയാന്മാരും എന്റെ അച്ഛൻമൂലം എന്റെ അധീനതയിലായതാണെന്ന് എനിക്കറിയാം. അങ്ങനെയുള്ള അച്ഛനെ ഒരിക്കലും മനസ്സുകൊണ്ട് ഞാൻ അനാദരിച്ചിട്ടില്ല. സർവദാ ഭക്തിയോടെ സ്മരിച്ചിട്ടേ ഉള്ളൂ. എന്നാൽ, അമ്മയുടെ വിഗ്രഹം പോലെ അച്ഛന്റെ വിഗ്രഹവും സങ്കൽപം കൊണ്ടേ പരിചയമുണ്ടായിരുന്നുള്ളൂ. ഞാൻ അറിയാതെ പറഞ്ഞ വാക്കുകളെ അച്ഛൻ ക്ഷമിക്കണം. ഇനി ഒരാളോടും ഞാൻ ഇങ്ങനെ സ്ത്രീസ്വഭാവം വിട്ട് സംസാരിക്കയില്ല. അനന്തപത്മനാഭൻ മണക്കാട്ട് പഠാണിപ്പേട്ടയിൽ ഉണ്ട്. ജാതിഭേദം വന്നിട്ടില്ല. അവിടെ എന്തോ ഒരു അകപ്പാടുണ്ട്. തിരുമേനിയും അച്ഛനുംകൂടി അവിടെ ചെന്നാൽ അതിന് നിവൃത്തിയുണ്ടാകും. മാങ്കോയിക്കൽ കുറുപ്പദ്ദേഹവും അവിടെയുണ്ട്. അനന്തപത്മനാഭനെ ഉടനെ ചെ

മ്പകശ്ശേരിയിൽ അയയ്ക്കണം. താമസിച്ചാൽ തങ്കം ചാകും.'

മാങ്കോയിക്കൽക്കുറുപ്പിനെക്കുറിച്ച് കേട്ട സന്തോഷവർത്തമാനത്തെ സംബന്ധിച്ച് യുവരാജാവിനാകട്ടെ, പുത്രന്റെ കഥയെക്കുറിച്ച് തിരുമുഖത്ത് പിള്ളയ്ക്കാകട്ടെ, വല്ലതും പറവാൻ തരംകിട്ടാതെ പടിഞ്ഞാറുനിന്ന് ഒരു മുഴക്കം കേട്ടുതുടങ്ങി.

സുഭദ്ര: 'അമ്മാവനും മറ്റും വരുന്നു. എന്റെ മുറിക്കകത്ത് ഇരിക്കാം. ക്ഷണത്തിൽ പോകാം.'

തിരുമുഖത്തു പിള്ള: 'കൽപിച്ച് അവിടെ എഴുന്നള്ളിയിരിക്കണം. നീയും പോ. വെടികൾ കേൾക്കുന്നുണ്ട് അതാ, പോരിന്റെ കോലാഹലങ്ങളാണല്ലോ കേൾക്കുന്നത്.'

സുഭദ്ര: 'അതാ അച്ഛാ, അവർ അടുത്തുവരുന്നു. വേഗം വീട്ടിലെത്താം.'

യുവാരാജവ്: 'തമ്പിമാർ തമ്മിൽ തിരിഞ്ഞുവോ?'

തിരുമുഖത്തു പിള്ള: 'അതോ എട്ടുവീട്ടുകാരും തമ്പിമാരും പിണങ്ങിയോ?'

സുഭദ്ര: 'തിരുമേനീ, അമ്മാവന് വയസ്സുകാലമാണ്.'

യുവരാജാവ്: 'ശരിയാണ്. തിരുമുഖത്തു പിള്ളേ, അയാൾ ചാകാതെ നാം രക്ഷിക്കണം.'

സുഭദ്ര: 'എന്ത് ലഹളയാണിത്! എന്ത് വെടികൾ! തിരുമേനിക്ക് അച്ഛനും ആയുധങ്ങൾ ഇല്ലല്ലോ?'

യുവരാജാവ്: 'എന്റെ അരുവാളുണ്ട്; അതുമതി.'

തിരുമുഖത്തു പിള്ള: 'എനിക്ക് വടിവാളും ഉണ്ട്. സുഭദ്ര പോ. ഞങ്ങൾ ആറു വീട്ടുകാരോടും ആളുകളോടും ചേർന്ന് പടിഞ്ഞാറോട്ട് തിരിക്കാം.'

സുഭദ്ര: 'തിരുമേനീ, കഴിവതും കൊല അരുത്.'

യുവരാജാവ്: 'സുഭദ്രയുടെ മനസ്സ് എങ്ങനെയെന്നാലങ്ങനെ.'

സുഭദ്രയും ഭൃത്യരും ഭവനത്തിലേക്കും, യുവരാജാവും തിരുമുഖത്തു പിള്ളയും കിഴക്കോട്ടും നടന്നു. വഴിക്ക് തിരുമുഖത്തു പിള്ള ഇങ്ങനെ അറിയിച്ചു: 'അവർ കരമനയാറ്റിന്റെ പടിഞ്ഞാറേക്കര ഉണ്ട്. അടിയൻ രാമനാമഠത്തിനെ കണ്ട് വർത്തമാനങ്ങൾ ചോദിക്കാൻ പുറപ്പെടുക ആയിരുന്നു. അയാളാണ് പ്രമാണിയായി നിൽക്കുന്നതെന്ന് ചുള്ളിയിൽ മാർത്താണ്ഡൻ പറഞ്ഞറിഞ്ഞു.'

# 25

> “തെളിഞ്ഞൂ തദാനീം മനോവല്ലഭം സാ
> ഗളൽബാഷ്പധാരാ പൂണർന്നാൾ നതാംഗീ
> കളഞ്ഞൂ വിഷാദാനിമൗ ഹന്ത താനേ
> പൊങ്ങുന്ന ബാഷ്പത്തിലും.”

യുവരാജാവിനെ അദ്ദേഹത്തിന്റെ കൊട്ടാരത്തിലും അടുത്തുള്ള ഭവനം, ക്ഷേത്രം മുതലായതുകളിലും കാണായ്കയാൽ ഓരോ വഴിക്ക് അമ്പതീതം ആളുകളെ അദ്ദേഹത്തിനെ ആരായ്‌വാനായി അയച്ചിട്ട് തമ്പിമാരും ശേഷിച്ച സേനയും കിഴക്കോട്ട് തിരിച്ചു. വഴിക്ക് മാങ്കോയിക്കൽ ഭടന്മാരുടെ ആഗമനത്തെക്കുറിച്ച് അറിവ് കിട്ടുകയാൽ തമ്പിമാരും കുടമൺ പിള്ളയുമായി ഒരാലോചനയുണ്ടായി. ഈ ആലോചനയുടെ അവസാനത്തിൽ, സേനയെ മണക്കാട്ടേക്ക് നടത്തുന്നതിന് സേനാധിപസ്ഥാനം വഹിച്ചിരുന്ന ശ്രീരാമൻ തമ്പിയോട് പ്രമാണികളായ വലിയതമ്പിയും കുടമൺ പിള്ളയും ആജ്ഞാപിക്കയാൽ, അനുജൻ തമ്പി തന്റെ പരിവാരങ്ങളെ പെരുവഴികളും ഇടവഴികളും മാർഗ്ഗമായി നടത്തി, മണക്കാട്ട് പഠാണിപ്പാളയത്തിന്റെ മുമ്പിലുള്ള മൈതാനപ്രദേശത്ത് എത്തിച്ചു. കൊട്ടാരത്തിൽനിന്ന് പോകുന്ന വഴിയിൽവച്ച് സു

ഭദ്രയാൽ അയയ്ക്കപ്പെട്ട ദൂതനിൽനിന്നും ഈവിധമുള്ള ഒരു ആപത്തു് ഉണ്ടായേക്കുമെന്നു് അറിവു് കിട്ടിയിരുന്നതിനാൽ അവിടെ പാളയം അടച്ചിരുന്ന മാങ്കോയിക്കൽ കുറുപ്പിന്റെ ഭടന്മാരും മറ്റും ഇവരെ എതിർക്കുന്നതിനു് തയ്യാറായിരുന്നു. അവരെ ക്ഷണേന അന്തകപുരിയിൽ ചേർക്കാമെന്നുള്ള നിശ്ചയത്താൽ സുന്ദരയ്യന്റേയും തമ്പിമാരുടെയും രാമനാമഠത്തിന്റെയും രക്തം ഉഷ്ണിക്കനിമിത്തം അവർ നാലു ബ്രഹ്മരക്ഷസ്സുകളപ്പോലെ ജൃംഭിച്ചു മദത്തോടുകൂടി മുന്നോട്ടടുത്തു. അപ്പോൾ തങ്ങളുടെ കൈത്തരിപ്പു് തീർക്കുന്നതിനു് അവസരം ലഭ്യമായതു കണ്ടു് സന്തോഷത്തോടുകൂടി കുറുപ്പിന്റെ ഭടന്മാർ, തങ്ങളുടെ സംഖ്യക്കുറവിനാലുള്ള ബലക്ഷയത്തെ ഗൗനിക്കാതെ, വൈരിസംഘത്തിന്റെ ഒരു തലയെ ഭേദിച്ചുകൊണ്ടടുത്തു. തമ്പിമാരുടെ സൈന്യവും മാങ്കോയിക്കൽവക ഭടന്മാരും തുല്യപാടവത്തോടുകൂടി പോർ ആരംഭിച്ചപ്പോൾ അകലെനിന്നു് ഒരു ഘോഷം കേട്ടുതുടങ്ങി. അശ്വങ്ങളുടെ ശീഘ്രമായുള്ള ഖുരപതനത്താൽ മണൽ ഇളകുന്ന ശബ്ദമായിരുന്നു. പത്തിരുപതു് കുതിരകളിലായി അത്രത്തോളം മഹമ്മദീയ യോദ്ധാക്കൾ ആയുധപാണികളായി, ശാതോഷ്ണജ്വരങ്ങളെപ്പോലെ, കുറുപ്പിന്റെ ഭടന്മാർ ഏറ്റതിനു് എതിരായ തലയ്ക്കൽ കടന്നപ്പോൾ, ആ സംഘത്തിൽ യുവരാജാവും ഉണ്ടായിരിക്കുമെന്നുള്ള വിശ്വാസത്തോടും, തങ്ങളുടെ നിശ്ചയത്തെ ചാരൻ മുഖേന യുവരാജാവു് ഗ്രഹിച്ചു എന്നുള്ള ശങ്കയോടും, ഒന്നുകിൽ പ്രാണാപായം അല്ലെങ്കിൽ വിജയം എന്നിങ്ങനെ നിശ്ചയിച്ചുകൊണ്ടു് തമ്പിമാർ പോർ തുടങ്ങി. എന്നാൽ ബൗദ്ധസംഘത്തിൽ

നിന്ന് അത്യന്തം സ്പഷ്ടമായുണ്ടായ ചില ആജ്ഞകളെയും അവയനുസരിച്ച് പുറപ്പെട്ട ഘോരദ്ധ്വനികളെയും തുടർന്ന് തമ്പിയുടെ സഹായികൾ, അദ്ദേഹത്തിന്റെ ജയത്തെക്കാൾ ആത്മരക്ഷ പ്രധാനമെന്നുള്ള വിചാരത്തോടുകൂടി മണ്ടിത്തുടങ്ങി. തമ്പിമാരുടെ ആജ്ഞകൾ, അപേക്ഷകൾ, വാഗ്ദാനങ്ങൾ, ഇതുകൾക്ക് അവരുടെ പരിവാരങ്ങളുടെ ശ്രവണേന്ദ്രിയങ്ങൾ പ്രവേശനദ്വാരം അപ്പോൾ അരുളിയില്ല. മുന്നിൽ കാണപ്പെട്ട വഴിയേ ഓടി പത്തഞ്ഞൂറ് ആളുകൾ ആറന്നൂർ പാടത്തിൽ ചാടി. ഈ സ്ഥലത്ത് എത്തിയപ്പോൾ പഠാണികളുടെ നേതാവായ ഷംസുഡീൻ അങ്ങും ഇങ്ങും കുതിരയെ ഓടിച്ച്, വലിയതമ്പിയെ തിരഞ്ഞു പിടികൂടി, നേരിട്ടു. ബീറാംഖാൻ, തന്നോട് അടുത്ത അനുജൻ തമ്പിയെയും മറ്റും ഉപേക്ഷിച്ച് സുന്ദരയ്യനോടും ഏറ്റു. ഹിന്ദുസ്ഥാനിയിൽ ബീറാംഖാനെ ഭർത്സിച്ചുകൊണ്ട് സുന്ദരയ്യൻ തന്റെ ഖഡ്ഗം വീശി തുരഗത്തെയും അതിന്റെ നേതാവിനെയും വീഴ്ത്തി. ഈ ആപത്തുകണ്ട് നൂറഡീൻ അടുക്കുന്നതിനിടയിൽ കുതിരയുടെ അടിയിൽനിന്ന് ബീറാംഖാൻ എഴുന്നേറ്റ്, അതുവരെ പ്രച്ഛന്നമായിരുന്ന വീരപരാക്രമങ്ങളോടുകൂടി, സുന്ദരയ്യന്റെ നേർക്ക് പാഞ്ഞടുത്തു, ഉദരത്തെ കഠാരിയാൽ ചീന്തി അയാളെ നിലത്ത് വീഴിച്ചു. ഈ ക്രിയ കണ്ട്, നൂറഡീൻ തന്റെ കുതിരയുടെമേൽനിന്ന് ഇറങ്ങി, സുന്ദരയ്യന്റെ ജീവരക്ഷ ചെയ്യുന്നതിനായടുത്തു, ബീറാംഖാന്റെ കൈകളുടെ പ്രവൃത്തിയെ നിരോധിച്ചു. എന്നാൽ നൂറഡീന്റെ ശക്തിയും യുദ്ധസന്നദ്ധതയും, നൂറഡീനു മനസ്സിലാകാത്തതും ശ്രവണപരിചയത്താൽ മലയാളം എന്ന് തോന്നിയതും ആയ

ള്ള ചില വാക്കുകളെ കടുത്ത രോഷത്തോടുകൂടി ഉച്ചരിച്ചു കൊണ്ടു് ദുശ്ശാസനനെ ഭീമസേനനൻ എന്നപോലെ സുന്ദരയ്യനെ പിളർക്കുന്ന ബീറാംഖാനോടു് ഫലിച്ചില്ല. ക്ഷണനേരംകൊണ്ടു് ആ ബ്രാഹ്മണൻ മാംസരക്തസ്ഥിമജ്ജകൾ മാത്രം ശേഷിപ്പിച്ചിട്ടു ബീറാംഖാൻ എഴുന്നേറ്റു നൂരഡീന്റെ കുതിരപ്പുറത്തു കയറി പടക്കളം വിട്ടു് പോകയും ചെയ്തു. തന്റെ സേവകൻ വീണതു കണ്ടു്, വലിയതമ്പി ജ്വലിക്കുന്ന കോപത്തോടുകൂടി ഷംസുഡീനെ ഒഴിച്ചുവാങ്ങി, മുമ്പിൽ കാണപ്പെട്ട നൂറുഡീനോടു് ഏറ്റു. നൂറഡീനെ തമ്പി വീഴ്ത്തി ഖഡ്ഗത്തെ ഓങ്ങുന്നതുകണ്ടു്, ഷംസുഡീൻ തന്റെ കൈത്തോക്കുയർത്തി തമ്പിയുടെ കരത്തിൽ മുറിവേൽപിച്ചു വീഴ്ത്തി. ഇതുകണ്ടു് രാമനാമഠവും അനുജൻ തമ്പിയും ഷംസുഡീന്റെ നേർക്കടുത്തു. അപ്പോൾ കിഴക്കോട്ടു് കിള്ളിയാറു കടന്നു് ഓടിയിരുന്ന ചിലർ, വിളികൂട്ടിക്കൊണ്ടു് തിരിച്ചുമണ്ടുന്ന ഘോഷം കേൾക്കയാൽ, പിന്നെയും പൂർവ്വസ്ഥിതിയിൽ പരക്കെ പോർ തുടങ്ങി. മുൻവശത്തു് മുമ്പിലത്തേതിലും അധികം ആളുകൾ കാണപ്പെട്ടതിനാൽ മാങ്കോയിക്കൽ കുറുപ്പു് ഷംസുഡീന്റെ അടുത്തെത്തി ആ സംഗതി ഗ്രഹിപ്പിച്ചു. 'ഞാനും കാണുന്നുണ്ടു്. അവിടുന്നു ചിലർ ഇവരെ ഇങ്ങോട്ടോടിക്കുന്നു' എന്നു് ഷംസുഡീൻ പറഞ്ഞു. അപ്പോൾ 'വെടിയവയ്ക്കരുതു്… ഇത്തലയ്ക്കൽ ബന്ധുക്കളുണ്ടു്' എന്നു രണ്ടു ശബ്ദം കേൾക്കയാൽ 'തമ്പുരാനുണ്ടു്' എന്നു കുറുപ്പും 'അച്ഛനും ഉണ്ടു്' എന്നു ഷംസുഡീനും പറഞ്ഞു. മുമ്പിലും പുറകിലും തടുത്തു് മുട്ടിക്കപ്പെട്ടപ്പോൾ എട്ടുവീട്ടിൽ പിള്ളമാരും പരിവാരങ്ങളും കുടുക്കിലായി.



നേരം വെളുത്തപ്പോൾ യുവരാജാവ് മാതുലന്റെ ശേഷക്രിയകൾ തടസ്സംകൂടാതെ ക്രമപ്രകാരം നടത്തിത്തുടങ്ങിയിരിക്കുന്നു. 'കേരളവർമ്മകോയിത്തമ്പുരാന്റെ രക്ഷയിൽ ആക്കി സുഭദ്രയാൽ പാറുക്കുട്ടിയുടെയും മാതാവിന്റെ

യും പക്കൽ ഏൽപിക്കപ്പെട്ടിരുന്ന രാജകുമാരനെയും മാതാവിനെയും ചെമ്പകശ്ശേരിയിൽനിന്നും തിരിച്ച് എഴുന്നള്ളിക്കയും ചെയ്തിരിക്കുന്നു. പടയിൽ തോറ്റ തമ്പിമാരും മറ്റും ബന്ധനത്തിലും കിടക്കുന്നു. ചെമ്പകശ്ശേരി മൂത്തപിള്ള പഠാണി പാളയത്തിലേക്ക് ചില ഭൃത്യരോടൊന്നിച്ച് പോയിരിക്കുന്നു. ആ ഭവനത്തിൽ മഹോത്സവമായിരിക്കുന്നു. പാറുക്കുട്ടിക്ക് തന്റെ രോഗവും ക്ഷീണവും എല്ലാം സ്വപ്നമായിരുന്നു എന്നും, ചെമ്പകശ്ശേരിയിൽ മോഷണം നടന്ന അന്ന് കണ്ടതായി തോന്നപ്പെട്ട ഭൂതങ്ങളിൽ ഒന്നാമൻ തമ്പിയെന്നും രണ്ടാമൻ തന്റെ പ്രിയതമനെന്നും വിശ്വാസമായിരിക്കുന്നു. ആശാൻ, കാശിവാസിയെ സംശയിച്ചതിനെയും അയാളെ പലതവണ കണ്ടിട്ടും ആൾ അറിയാത്തതിനെയുംകുറിച്ച് പശ്ചാത്താപപ്പെടുന്നു. കാർത്ത്യായനിയമ്മ ഊണിന് വട്ടംകൂട്ടിക്കുന്നതിനിടയിൽ പുത്രിയുടെ അടുത്ത് അപ്പഴപ്പോൾ ചെന്ന് ഭ്രാന്തുപിടിക്കരുതെന്നും മറ്റും ഉണദോഷിക്കുന്നു. സുഭദ്രയുടെ നാമത്തെ ഓരോരുത്തർ ഓരോ സംബന്ധിയായി ഉച്ചരിക്കുന്നതേ ആ ഭവനത്തിൽ കേൾപ്പാനുള്ളു. രാത്രിയിലെ പടക്കാര്യത്തെയും രാജകുടുംബത്തിലേക്ക് ചെമ്പകശ്ശേരിക്കാരിൽ നിന്ന് ഉണ്ടായ സഹായത്തെയും തമ്പി മുതലായവർ ബന്ധനത്തിലായതിനെയും സുന്ദരയ്യൻ മരിച്ചതിനെയും കുറിച്ച് ആർക്കും ഒരു വിചാരവും ഇല്ല. കാർത്ത്യായനിയമ്മ സുഭദ്രയെക്കുറിച്ച് 'അദ്ദേഹത്തിന്റെ മകളാണെന്ന് അണ്ണനും എനിക്കും മുമ്പേ തന്നെ അറിയാമായിരുന്നു. അവളോട് ഇത് പറയട്ടോ എന്നു ഞാൻ ഇന്നലെയും വിചാരിച്ചു. പിന്നെയും തങ്കത്തിന്റെ അച്ഛന്റെ വാക്കി

നെ വിചാരിച്ച് പറഞ്ഞില്ല. ചെമ്പകവും തങ്കവും ഇത്ര സ്നേഹം ആയത് കാരണംകൂടാതെ അല്ല' എന്നു പറയുന്നു. ഇപ്രകാരം ഓരോ അഭിപ്രായങ്ങൾ പറകയും മറ്റും ചെയ്യുന്നതിനിടയിൽ, സുഭദ്രയുടെ ഭൃത്യൻ പപ്പു അറപ്പുരയ്ക്കകത്തേക്ക് കടന്നു. അപ്പോൾ പാറുക്കുട്ടി (ധൃതിയിൽ) 'അമ്മാവനും മറ്റും വന്നോ?' എന്നു ചോദിച്ചു.

പപ്പു: (തനിക്കും ആ സന്തോഷാവസരത്തിൽ അൽപം സ്വാതന്ത്ര്യത്തിന് അവകാശമുണ്ടെന്നുള്ള വിചാരത്തോടുകൂടി) 'മറ്റും, ഇപ്പോൾ വരും പിടുപിടുക്കണ്ടെ.'

കാർത്ത്യായനിയമ്മ: 'എന്തുകൊണ്ടാണ് താമസിക്കുന്നത്?'

പപ്പു: 'താമസിക്കുന്നതോ? അവിടെയുള്ള ഒരു രസംകൊണ്ടുതന്നെ.'

പാറുക്കുട്ടി: 'എന്ത് രസമാണ്? അസംബന്ധം പറയാതെ പോ.'

പപ്പു: 'അങ്ങ് യാത്ര പറയുന്ന തഹ്രതി. കെഴട്ടുമേത്തനും കൊച്ചുമേത്തന്മാരും എല്ലാ തിരുമുഖത്തങ്ങത്തെ പിടിച്ച് മുത്തിയും കണ്ണീരൊലിപ്പിച്ചും നാറ്റുണാ... ഇങ്ങുവന്നാലും കുളിപ്പിച്ചെട്ടത്തേ തൊടാൻകൊള്ളൂ.'

കാർത്ത്യയാനിയമ്മ: 'അധികപ്രസംഗീ!'

പപ്പു: 'അല്ലേ, ഞാൻ പറയുന്നത് സത്യമാണ്. മേത്തച്ചികളും പിടിച്ച് മേത്തും മണ്ടയിലും എല്ലാം തുപ്പുണ. പിന്നെ പ്രസാദംപോലെ തൊട്ടുകണ്ണിൽവയ്ക്കയോ, മുട്ടുകത്തി അള്ളാവിനെ തൊഴുകയോ, എന്തെല്ലാമോ എനി

ക്കറിഞ്ഞുകൂടാ, ചെയ്യുണാ. കൊച്ചങ്ങത്ത കണ്ണിവച്ചതു് പറ്റാത്തതുകൊണ്ടു്, വെമ്പലും വേവലാതിയും പെണ്ണുങ്ങൾക്കു് കുറച്ചല്ല. കൊച്ചങ്ങുന്നും നാലംവേദ മുറകളെല്ലാം പഠിച്ചിട്ടൊണ്ടേ, തുമ്മുകയും തുമിക്കയും ഒക്കെ ചെയ്യാൻ കച്ചകെട്ടി പഠിച്ചതുപോലെ മിടുക്കനായിരിക്കുന്നു. ഞാനും തോറ്റുപോകും.'

പാറുക്കുട്ടി: 'മതി മതി; നീ അപ്പുറത്തു് പോ.'

പപ്പു: 'സഞ്ചികൾ മാത്രം അഴിച്ചുകളഞ്ഞാൽ, അമ്മമ്മോ! ആ മേത്തച്ചികൾക്കു് ശരി പെണ്ണുങ്ങൾ ഈ തമ്പുരാന്റെ രാച്യത്തും പൂലോകത്തും ഇന്ദ്രന്റേങ്ങും അഹേയ്!'

പാറുക്കുട്ടി: 'കളിക്കാതെ പോകാൻ പറഞ്ഞാൽ? … ചെമ്പകം അക്കൻ വരട്ടെ.'

പപ്പു: 'കൊച്ചങ്ങുന്നു് അവരെ കൈയിലേ മുത്തിയുള്ളു. അതുകൊണ്ടു് നമുക്കെന്തു്?'

പാറുക്കുട്ടി: 'അമ്മാ, ഇവനോടു് പോകാൻ പറയണം.'

കാർത്ത്യായനിയമ്മ: (ചിരിച്ചുകൊണ്ടു്) 'പോടാ, നീ അപ്പുറത്തു് പോ.'

പപ്പു: 'ഓഹോ! ഈ ദേഷ്യത്തിനു് എന്റെ പൊന്നു പപ്പനാവാ! ആ ചുളേക്കാമേത്തച്ചികൂടി കെട്ടിക്കേറിവരണേ'

എന്നു് പറഞ്ഞുകൊണ്ടു് കെട്ടിൽ നിന്നു് പുറത്തേക്കു് ഓടിപ്പോയി.

പപ്പുവിന്റെ അഹമ്മതിക്കു് തക്കതായ ശാസനയ്ക്കു് ഇടയുണ്ടാകുന്നതിനു് മുമ്പിൽ, പുറത്തു് വളരെ ആളുകൾ വന്ന ശബ്ദം കേൾക്കയാൽ കാർത്ത്യായനിയമ്മ വേഗ

ത്തിൽ എഴുന്നേറ്റ് കിഴക്കേ തളത്തിലേക്ക് പോകാൻ ഭാവിച്ചു. എന്നാൽ പോകുന്നതിന് മുമ്പിൽ തിരിഞ്ഞു പുത്രിയുടെ മുഖത്ത് നോക്കിയതിനാൽ പാറുക്കുട്ടിയുടെ മുഖം വിളറിയും അംഗം രോമാഞ്ചം പൂണ്ടു ക്ഷീണിച്ചും കാണകയാൽ അവിടെത്തന്നെ നിന്നു 'ഇനി വ്യസനിക്കാനെന്തുള്ളൂ മകളേ? ധൈര്യത്തോടും ഉത്സാഹത്തോടും ഇരിക്കൂ. ഈശ്വരാനുഗ്രഹം കൊണ്ടു് നിന്റെ ഇച്ഛപോലെതന്നെ വന്നുകൂടിയല്ലോ' എന്ന് പറഞ്ഞു.

പാറുക്കുട്ടി: (ആനന്ദാശ്രുക്കൾ പ്രവഹിക്കുന്ന നേത്രങ്ങൾ തുടച്ചിട്ടു്) 'ഞാൻ അറപ്പുരയിലേക്ക് പോകുന്നു. അമ്മ പോയി കാണണം.

കാർത്ത്യായനിയമ്മ: 'ഞാൻ അങ്ങോട്ടു പറഞ്ഞയയ്ക്കാം.'

പാറുക്കുട്ടി: 'അതു വേണ്ട, ഞാൻ പിന്നീട് കണ്ടുകൊള്ളാം.'

കാർത്ത്യായനിയമ്മ: 'എന്നാൽ ഞാനും അറപ്പുരയിലേക്കുകൂടിപ്പോരാം.'

പാറുക്കുട്ടി: (ധൃതിയിൽ) 'അതു വേണ്ടമ്മാ. അമ്മ മറ്റു വിധം വിചാരിക്കുന്ന കൂട്ടത്തിലാണല്ലോ.'

കാർത്ത്യായനിയമ്മയ്ക്ക് പുത്രിയുടെ താത്പര്യം മനസ്സിലായതുകൊണ്ടു് തർക്കങ്ങൾ നിറുത്തി. പൂമുഖത്തിൽ പടിഞ്ഞാറുള്ള തളത്തിലേക്കും പാറുക്കുട്ടി അറപ്പുരയിലേക്കും തിരിച്ചു. തന്റെ ഹൃദയം രഥചക്രവേഗത്തിൽ ചലിക്കയും വീണ്ടും വീണ്ടും ശരീരം പുളകിതമായി തളരുകയും ചെയ്കയാൽ പരവശയായും, ഏറ്റവും അടുത്തിരിക്കുന്ന സന്തോഷലാഭം താങ്ങുന്നതിന് ശക്തയല്ലെന്ന് ഭയന്നും പൂർവ്വ

സ്നേഹത്തിന് അല്പമെങ്കിലും വികൽപം സംഭവിച്ചിരിക്കുമോ എന്ന് ശങ്കിച്ചും, രണ്ട് കൊല്ലമായിട്ട് താൻ പ്രകടിപ്പിട്ടിട്ടുള്ള ചാപല്യങ്ങൾ ഓർത്ത് നാണിച്ചും, ഇടയ്ക്കിടെ വടക്ക് വാതിലിലോട്ട് നോക്കിയും, മുഖത്ത് സ്ഫുരിക്കുന്ന സ്വേദകണങ്ങൾ തുടച്ചും, താമസം സഹിക്കാതെ നിർദ്ദയനെന്ന് മനസ്സാ കോപിച്ചും, ഏകനായിത്തന്നെ വന്നില്ലെങ്കിൽ കഷ്ടമെന്ന് വിചാരിച്ച് തന്റെ സന്തോഷസ്ഥിതികൾ കണ്ട് ഹൃദയംഗമമായി അനുമോദിക്കാനുള്ള പിതാവിന്റെ വിയോഗത്തെ നിനച്ച് ക്ലേശിച്ചും, പാറുക്കുട്ടി തന്റെ മഞ്ചത്തെ ചാരി നിൽക്കുന്നതിനിടയിൽ ആരുടെയോ പാദന്യാസം കേട്ടുതുടങ്ങി. പാറുക്കുട്ടിയുടെ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു് എങ്കിലും, അപ്പോൾ തന്റെ മുമ്പിൽ പ്രത്യക്ഷനായ പുരുഷമാണിക്യത്തെക്കണ്ട്, അശ്രുക്കൾ തുടച്ച്, ധൈര്യം അവലംബിച്ചു. പാറുക്കുട്ടിയുടെ പ്രാർത്ഥനപോലെതന്നെ പഠാണികളുടെ ദ്വിഭാഷി ആയിരുന്ന അനന്തപത്മനാഭൻ ഏകനായി അറപ്പുരയ്ക്കകത്ത് കടന്നപ്പോൾ വഴി കാണ്മാൻ പാടില്ലാത്ത വിധത്തിൽ ആ യുവാവിൻെറ നേത്രങ്ങളിലും അശ്രുക്കൾ പെരുകി. രണ്ടു പേരുടെയും ഉള്ളിൽ തങ്ങിയ ശോകപരമാനന്ദങ്ങൾ വർണ്ണിക്ക അശക്യമാണ്. ഈ വിധമുള്ള സന്തോഷങ്ങൾ നിനച്ചിരിക്കാതെ വന്നുകൂടുന്നതു് ലോകാനുഭവങ്ങളിൽ സംഭവ്യമല്ലെന്നു തോന്നുകയാൽ, അപ്പോഴത്തെ അവസ്ഥ സ്വപ്നഭ്രാന്തി ആയിരിക്കുമോ എന്നു രണ്ടുപേർക്കും ശങ്കയുണ്ടായി. രണ്ടുപേരുടെയും കരങ്ങൾ ആലിംഗനസുഖം കൊതിച്ചു എങ്കിലും, സംസർഗ്ഗജന്യമായ ഗൗരവബുദ്ധി നിമിത്തമോ മര്യാദാലംഘനമാകുമെന്ന് ശങ്കിച്ചോ ലജ്ജമൂലം അരക്ഷ

ണം മുമ്പിൽ ഉണ്ടായിരുന്ന പ്രബലമായ ഓരോ മനോവികാരങ്ങളെയും അമർത്തി, രണ്ടുപേരും പരസ്പരം പാദങ്ങളെ നോക്കി, ശേഷം രൂപത്തെ മനസ്സാ ധ്യാനിച്ച് ആനന്ദിച്ചുകൊണ്ടു നിന്നുപോയി. എന്നാൽ ക്ഷണനേരംകൊണ്ട് ലജ്ജയും ഗൗരവവും മര്യാദയും എല്ലാം അസ്തമിച്ചു. മൃദുഗാത്രിയായ ആ യുവതി മോഹാലസ്യത്താൽ നിലത്ത് വീഴാൻ ഭാവിക്കുന്നതുകണ്ട് അനന്തപത്മനാഭൻ വേഗത്തിൽ അടുത്ത് പ്രിയയെ താങ്ങിക്കൊണ്ടു. കുറച്ചുനേരം കഴിഞ്ഞപ്പോൾ 'പാറുക്കുട്ടീ' എന്ന് തനിക്ക് കർണ്ണപീയൂഷമായുള്ള സ്വരത്തിൽ ഒരു വിളികേട്ട് ഉണർന്ന സമയം, താൻ തന്റെ പ്രിയതമന്റെ കരങ്ങൾകൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന്, പുറത്തുവീഴുന്ന ചില ചൂടുള്ള ജലബിന്ദുക്കളുടെ സ്പർശനത്താൽ പാറുക്കുട്ടിക്ക് അറിവുണ്ടായി. തന്നെ അണച്ചിരുന്ന വക്ഷസ്സിന് താനും ശീതളമാക്കിയിരിക്കുന്നു എന്ന് അറിഞ്ഞിട്ടും, തന്റെ പരിതാപങ്ങൾ നീങ്ങുമാറ് തന്നെ അനുഗ്രഹിച്ച ഈശ്വരനെ ഭക്തിപൂർവ്വം സ്മരിക്കയും മനഃപൂർവ്വമായി സഹായിച്ച സുഭദ്രയെ സ്നേഹപൂർവ്വം അഭിനന്ദിക്കയും, തന്റെ അനുരാഗഭാജനമായുള്ള യുവാവിന്റെ വിയോഗവാസനത്തെക്കുറിച്ച് ആനന്ദിക്കയും ചെയ്തുകൊണ്ട്, അസ്വതന്ത്രയെന്നുള്ള സ്ഥിതിയിൽ അനന്തപത്മനാഭന്റെ മാറോട് ചേർന്ന് നിന്നതേയുള്ളൂ. എന്നാൽ, പിന്നെയും മേൽപ്രകാരമുള്ള മധുരസ്വരം കേൾക്കയാൽ പാറുക്കുട്ടിയുടെ നാവിൽനിന്ന് അതിനുത്തരമായി ഒരു ശബ്ദം പുറപ്പെട്ടു എന്നു വരികിലും, അത് എന്തായിരുന്നു എന്ന് ലേശവും വ്യക്തമായിരുന്നില്ല. ഈ ശബ്ദത്തിന് പ്രതിഫലമായുണ്ടായ ഗാ

ഢാശ്ലേഷത്തെ ആദരിച്ച്, പ്രിയതമന്റെ മുഖത്ത് നിലയില്ലാത്ത അനുരാഗത്തോടുകൂടി ഒന്നേ നോക്കീട്ട്, പാറുക്കുട്ടി തന്റെ കരത്താൽ ഒന്നിനാൽ, പ്രേമപൂർവ്വം തന്നെ തഴുകിയിരിക്കുന്ന ഗാത്രത്തെ മന്ദമായി തന്റെ മാറോടണച്ച് പിടിച്ചണച്ചുകൊണ്ട്, മനോരഥപ്രാപ്തിയാലുണ്ടായ പരമാനന്ദത്തിൽ ലീനചിത്തയായി നിന്നു. ഈ സ്ഥിതിയിൽ പരസ്പരം അന്തർഗ്ഗതങ്ങളെ അറിയിക്കാൻ ശക്തരല്ലാതെ നിൽക്കുന്നതിനിടയിൽ, വടക്കേകെട്ടിൽനിന്ന് ഒരു വരവിന്റെ ശബ്ദം കേൾക്കയാൽ നിഷ്ഠുരണമായുള്ള ആ ക്രിയയുടെ കർത്താവിനോട് മനസ്സാ കോപിച്ചുകൊണ്ട്, രണ്ടുപേരും വേർപെട്ടു നിന്നു. വിരഹാനന്തരം സംഘടിക്കപ്പെട്ട ഹൃദയങ്ങളുടെ സയോഗസുഖത്തെ ലംഘനം ചെയ്യാൻ മുതിർന്ന ആൾ, പുത്രവത്സല്യാതിക്രമത്താൽ ഉഴന്നുകൊണ്ടിരുന്ന തിരുമുഖത്തു പിള്ള ആയിരുന്നു. ഇദ്ദേഹം അറപ്പുരയ്ക്കകത്ത് കടന്നപ്പോൾ കാർത്ത്യായനിയമ്മ മുതലായ ആളുകൾ സംഘംചേർന്ന് വടക്കേകെട്ടിലേക്കുള്ള വാതിൽക്കലും, ശങ്കു ആശാൻ വലിയകാരണവരുടെ സ്ഥാനത്തിൽ അറപ്പുരയുടെ വരാന്തയിലും ഹാജരായി. പുത്രനെ കണ്ടുള്ള കൊതി തീർന്നിട്ടില്ലായിരുന്നു എങ്കിലും അറപ്പുരയ്ക്കകത്ത് കടന്നതിന്റെ ശേഷം തന്റെ സ്നേഹത്തിനെ ചൊരിഞ്ഞതു് പാറുക്കുട്ടിയുടെമേൽ ആയിരുന്നു. തന്റെ പുത്രന്റെ കളത്രമാകാൻപോകുന്ന ബാലികയുടെ മുതുകിൽ സാവധാനമായി തലോടിക്കൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ‘തങ്കം, നിനക്കു ദീനമാണെന്ന് കേട്ട് ഞാൻ വളരെ വ്യസനിച്ചു. അതിനാലാണ് മുഖ്യമായി ഇങ്ങോട്ടുവരാൻ തന്നെ നിശ്ചയിച്ചതു്. നി

ന്റെ ദീനസ്ഥിതിയെക്കുറിച്ച് അറിഞ്ഞുവരാൻ അയച്ചിരുന്ന ചുള്ളയിൽ മാർത്താണ്ഡൻ എന്റെ ആജ്ഞകൾക്ക് വിപരീതമായി അനേകം ക്രിയകൾ ഇവിടെ നടത്തി. ആ കപ്പാടെ അതെല്ലാം ഈ അവസരത്തിൽ മറക്കേണ്ടതായിരിക്കുന്നു. ഇവൻ നിന്നെ നിർദ്ദയനായി കഷ്ടപ്പെടുത്തിയതിനെയും കൊല്ലാതെ കൊന്നതിനെയും നീയും മറക്കണം. ഈശ്വരപ്രസാദത്താലുണ്ടായ ഈ ഭാഗ്യോദയത്തിൽ നിഷ്കളങ്കമായ സ്നേഹത്തോടുകൂടി ഇവന്റെ വീഴ്ചകളെ നീ പൊറുത്തുകൊള്ളണം. ഒരു സത്യമനുസരിച്ചല്ലാതെ നിന്നെക്കുറിച്ചുള്ള സ്നേഹത്തിന് കുറവുണ്ടായതുകൊണ്ടും മറ്റുമല്ല, ഈ കഴിഞ്ഞ അജ്ഞാതവാസം ഇവൻ ആചരിച്ചത്. എന്നാൽ നിന്നെ വിചാരിച്ചെങ്കിലും ഇവൻ ആ സത്യം ചെയ്യാതിരിക്കേണ്ടതായിരുന്നു. ബാല്യം മുതൽക്ക് അവൻ തന്നെ ഉദിപ്പിച്ച് നിന്റെ ഹൃദയത്തിൽ വളർത്തിയ അനുരാഗത്തിന്റെ സ്ഥിതിക്ക്, ഇവന് ആ സത്യം ചെയ്യുന്നതിന് അവകാശമേ ഇല്ലായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങൾക്ക് ജീവിതകാലശിഷ്ടം ഇനി കുറച്ചേ ഉള്ളൂ. ഈ ലോകത്തിലെ സുഖാനുഭവങ്ങളിൽ ഒട്ടൊരു വിരക്തിയും വന്നിട്ടുണ്ട്. നിന്റെ സംഗതിയിൽ ഇങ്ങനെയും ഒരു സമാധാനം ഇവൻ വിചാരിക്കാൻ പാടില്ലായിരുന്നു. എത്രകാലത്തെ ദുസ്സഹമായ വ്യസനത്തിനാണ് ഇവൻ വഴിയുണ്ടാക്കാൻ തുടങ്ങിയത്!...'

ശങ്കുആശാൻ: 'അയ്യോ! തഹിക്കുമോ? പക്ഷേ ചെന്ന് ചാടിപ്പെയ്യു എന്നേയുള്ളൂ. പിള്ള കരയണ കണ്ടില്ലയോ? അങ്ങുന്ന് അതിനെ ഒക്കെ വിട്ടുകളയണം. അവര് എ

ള്ളോളം വത്വാനങ്ങളും മറ്റും പറഞ്ഞോള്ളട്ട്. കൊച്ചുങ്ങ ളല്ലോയോ? നാരായണ! നാരായണ! നീ നന്നായിരി. ഇ നി ചീവനെടുത്താലും പോട്ട്.'

തിരുമുഖത്തുപിള്ള: 'തങ്കം, ഞാൻ ഇതെല്ലാം പറയുന്ന തു് നിങ്ങൾ തമ്മിലുള്ള സ്നേഹത്തിന് പൂർവ്വസ്ഥിതി യിൽനിന്ന് ഒട്ടും കുറവ് വരാതിരിക്കാനാണ്. ഇവന്റെ ഉ ള്ളിൽ തമ്പിയുടെ ശ്രമത്തെ സംബന്ധിച്ചോ മറ്റോ, നി നക്ക് വിപരീതമായി വല്ല സംശയമുണ്ടെങ്കിൽ അതി നെക്കുറിച്ച് അവന് ചോദിക്കാൻപോലും അവകാശ മില്ലെന്നാണ് ഞാൻ സ്ഥാപിക്കുന്നതു്. ഇങ്ങനെയു ള്ള വിഷയങ്ങളെക്കുറിച്ച് നിങ്ങൾ തമ്മിൽ ചോദ്യ മുണ്ടാകുന്നതല്ലെന്ന് എനിക്ക് വിശ്വസമുണ്ട്. എങ്കി ലും, നിങ്ങടെ ക്ഷേമത്തെക്കുറിച്ചുള്ള എന്റെ താത്പ ര്യത്താൽ, ദമ്പതിമാരോ ദമ്പതിമാർ ആകാൻ പോകു ന്നവരോ, പ്രേമത്തെ ഭിന്നമാക്കുന്നതായ നിസ്സാര സം ശയങ്ങൾക്കു വശരാകരുതെന്ന് പറഞ്ഞുപോകുന്നതാ ണ്.'

പാറുക്കുട്ടി: 'അങ്ങനെ വല്ല സംശയമോ മറ്റോ ഞങ്ങളിൽ ഉണ്ടാകുമെന്ന് വിചാരിക്കണ്ട.'

തിരുമുഖത്തുപിള്ള: 'എന്റെ ഇഷ്ട മകൾതന്നെ നീ. ത ങ്കം, നീ ഇവനെ ശരിയാക്കിക്കൊണ്ടു പോകണം. (പു ത്രനോട്ട്) അനന്തപത്മനാഭാ, വീട്ടിലേക്ക് ഞാൻ ആള യച്ചിട്ടുണ്ട്. നിന്റെ അമ്മയും മറ്റും നാളെ വന്നുചേരും. അ തിനാൽ നീ അങ്ങോട്ട് പോകാൻ ഭാവിക്കേണ്ട. ത ങ്കത്തിന്റെ ദേഹസ്ഥിതി നീ കാണുന്നുണ്ടല്ലോ. ഇതി നു നീയാണ് കാരണം. തങ്കം നിന്നിലധികം കഷ്ടപ്പെ

ട്ടിരിക്കുന്നു, അതിനെ നല്ലതിന്മണ്ണം ഓർമ്മിച്ചുകൊള്ളണം. നിന്റെ ബുദ്ധിമോശത്താൽ ഇവളെ ഭയപ്പെടുത്തി മരിക്കുമാറുമാക്കി. നിന്റെ കുട്ടിശ്ശീലം നീങ്ങിയിട്ടില്ല. ബുദ്ധിക്ക് ഇനിയും പാകത വരാനുണ്ട്. ആട്ടെ, തങ്കം, ഇവൻ നിനക്കുതന്നെ ഇരിക്കട്ടെ. ഞങ്ങളുടെ അവകാശത്തെ ഒഴിഞ്ഞിതാ തന്നിരിക്കുന്നു.'

ശങ്കുആശാൻ: 'നന്നായ് വരട്ടെ. കുഞ്ഞേ, ചത്ത ആളും തിരിച്ചുവന്നു. കെഴവൻ കേറി ചെറുപ്പമാകുമോ എന്തോ! ആർക്കറിയാം. പഹവാന്റെ മായാവിലാധങ്ങള്!'

പാറുക്കുട്ടിയുടെ കരത്തിൽ പുത്രനെ ഏൽപ്പിച്ചിട്ട് തിരുമുഖത്തു പിള്ള പുറത്തേക്ക് പോകാൻ ആരംഭിച്ചപ്പോൾ കാർത്ത്യായനിയമ്മ മുതലായവർ ആശാനെക്കണ്ട ശിഷ്യരെപ്പോലെ വാതുക്കൽനിന്ന് ഓട്ടം തുടങ്ങി. തിരുമുഖത്തു പിള്ള മുമ്പിലും പുറകേ ആശാനും ആയി തിരിച്ചപ്പോൾ, തന്റെ മാതാവ് മുമ്പിലും സുന്ദരയ്യൻ പുറകിലും ആയി ഉണ്ടായ യാത്ര ഓർത്ത്, പാറുക്കുട്ടി അനന്തപത്മനാഭന്റെ മുഖത്തുനോക്കി ഒന്ന് മന്ദഹാസം ചെയ്തു.

# 26

"ഒക്കവേ പറവതിനൊട്ടുമേ കാലം പോരാ
സൽക്കഥയല്ലോയെന്നാലൊട്ടൊട്ടു പറഞ്ഞിടാം."

എട്ടുവീട്ടിൽ പിള്ളമാരുടെയും മറ്റും ബന്ധനത്തോടുകൂടി നാട്ടിൽ സമാധാനം പരക്കുകയും, യുവരാജാവിന്റെ പേരിൽ ഉണ്ടായിരുന്ന ദുഷ്കീർത്തികൾ നീങ്ങുകയും ചെയ്തിരിക്കുന്നു. അനന്തപത്മനാഭനെ സംബന്ധിച്ച് പ്രസിദ്ധമായിരിക്കുന്ന ചരിത്രം പുരാണകഥകളെയും അതിശയിക്കുന്നു എന്ന് ജനങ്ങൾ കൊണ്ടാടുന്നു. ഈ യുവാവ് യുവരാജാവിനെ പിരിഞ്ഞ് മാതൃഗൃഹത്തിൽ പോയി താമസിക്കുന്നതിനിടയിൽ തന്റെ നാഥനായ യുവരാജാവിനെ വൈരികൾ കള്ളിയങ്കാട്ട് എന്ന ദിക്കിൽവച്ച് വധിച്ചിരിക്കുന്നു എന്ന് കേൾക്കയാൽ ഉടനേതന്നെ മാതാവിനെപോലും ഗ്രഹിപ്പിക്കാതെ ഈ സംഗതിയുടെ വാസ്തവം തിരക്കി അറിയുന്നതിനായി, യുവരാജാവ് അന്നു താമസിച്ചിരുന്ന നാഗർകോവിലിലേക്കു തിരിച്ചു. പോകുംവഴിക്ക് യുവരാജാവ് ഒരു ബ്രാഹ്മണനാൽ രക്ഷിക്കപ്പെട്ടു എന്നു കേട്ടു എങ്കിലും അവിടെ താമസിക്കാതെ നേരെ നാഗർകോവിലിലേക്ക് നടന്നു. പഞ്ചവങ്കാട്ടിൽ അർദ്ധരാത്രി ആകാറായപ്പോഴാണ് എത്തിയത്. ആ സ്ഥലത്ത് എത്തിയ

പ്പോൾ വേലുക്കുറുപ്പും ഏതാനം വേൽക്കാരും ആ യുവാവിനെ തടുത്തു. ശത്രുക്കളുടെ ഉള്ളിൽ ഭീതി ഉദിക്കുമാറ് പരാക്രമത്തോടുകൂടി അനന്തപത്മനാഭൻ പോർചെയ്തു എങ്കിലും പടയിൽ പഴകിയവനായ വേലുക്കുറുപ്പിന്റെ വെട്ടും കുത്തും ഏറ്റ് വീണുപോയി. അനന്തപത്മനാഭന്റെ ഭാഗ്യദശയുടെ മഹത്ത്വത്താൽ അന്ന് ആ വനത്തിന്റെ കിഴക്കരുകിലായിട്ട് ഹാക്കിം മുതലായവർ വ്യാപാരപ്പാളയം അടിച്ച് പാർത്തിരുന്നു. പോരിനിടയിൽ കുമാരനായ അനന്തപത്മനാഭൻ പുറപ്പെടുവിച്ച ചില ദീനസ്വരങ്ങൾ ആ സ്ഥലത്ത് കേൾക്കുകയാൽ ഹാക്കിം ബീറാംഖാനോടും രണ്ടു ഭൃത്യരോടും ഒരുമിച്ച് പ്രലാപകാരണം ആരാഞ്ഞു, വനമദ്ധ്യത്തിൽ പ്രവേശിച്ചു. അൽപദൂരം സഞ്ചരിച്ചപ്പോൾ അനന്തപത്മനാഭൻ കിടന്നിരുന്ന രുധിരക്കളത്തിൽ എത്തി. സുഭദ്രയാൽ കാർത്ത്യായനിയമ്മ എന്ന പോലെ, അനന്തപത്മനാഭനാൽ ബീറാംഖാൻ മുഖസാമ്യംകൊണ്ട് ആകർഷിക്കപ്പെടുകയാൽ ആ യുവാവിനെ ബീറാംഖാൻ വൃദ്ധനെക്കൊണ്ട് പരിശോധിപ്പിക്കയും അനന്തരം മഞ്ചലുണ്ടാക്കിച്ച് ഭൃത്യരെക്കൊണ്ടെടുപ്പിച്ചുകൊണ്ടു പോകയും ചെയ്തു. അനന്തപത്മമാഭന്റെ അനന്തരമുള്ള കഥകൾ ഈ ചരിത്രത്തിൽ അടങ്ങീട്ടുള്ള ഓരോ ഭാഷണത്തിലും മറ്റും നിന്നും ഗ്രഹിക്കാവുന്നതാണ്. എങ്കിലും അതുകളെ വിശദമാക്കുന്നതിനായി കുറച്ച് പ്രസ്താവിച്ചുകൊള്ളുന്നു. അനന്തപത്മനാഭനെ എടുത്തുകൊണ്ട് പോയതിനുശേഷം ഹാക്കിം മുതലായവർ തിരുവിതാംകൂറിൽ അധികം താമസിച്ചില്ല. സുലൈഖയായ തരുണിക്ക് ആദ്യവീക്ഷണത്തിൽതന്നെ അനന്തപത്മനാഭ

നിൽ അനുരാഗം ജനിച്ചുപോയി. എന്നാൽ ആ യുവതി തന്റെ സോദരനെപ്പോലെതന്നെ വിശിഷ്ടഗുണങ്ങളുടെ സംഗ്രഹാഗാരമായിരുന്നതിനാൽ അനന്തപത്മനാഭൻ വിശ്വാസാചാരാദികളെ, അതുകൾക്കു് വിപരീതമായി ഹാക്കിം, ഉസ്മാൻഖാൻ ഈ രണ്ടുപേർക്കും ഉണ്ടായിരുന്ന ഉദ്ദേശ്യത്തിൽനിന്നു് രക്ഷിച്ചുകൊണ്ടു. അനന്തപത്മനാഭൻ ഒന്നരമാസം കൊണ്ടു് മൃത്യുവിന്റെ പാശത്തിൽനിന്നും മോചിപ്പിക്കപ്പെട്ടപ്പോൾ, ആ യുവാവിന്റെ കുടുംബത്തെയും മറ്റും സംബന്ധിച്ചു വൃദ്ധൻ ചോദ്യം തുടങ്ങി. എന്നാൽ മുഹമ്മദീയരായ തന്റെ ഉപകർത്താക്കന്മാരുടെ ഉദ്ദേശ്യങ്ങളെ അറിയുന്നതിനു് കഴിവില്ലാത്തതിനാലും, ഹാക്കിമിന്റെ ചപലപ്രകൃതിയെയും സുലൈഖയുടെ പ്രേമത്തെ തനിക്കു് ഓരോ സന്ദർഭവശാൽ ഗ്രഹിക്കാൻ സംഗതിയുണ്ടായതിനാലും, ഹാക്കിമിന്റെ വലിയ സ്വാധീനങ്ങളെക്കുറിച്ചു് സുലൈഖയിൽനിന്നു് കിട്ടിയ അറിവുനിമിത്തം വൃദ്ധന്റെ പ്രീതി തന്റെ ജന്മഭൂമിയുടെ നാഥന്മാർക്കു് ഉപയോഗിക്കാമെന്നു് തോന്നിയതിനാലും, സുലൈഖാ, പാറുക്കുട്ടി എന്നീ രണ്ടു് മഹാവിപരീത ശക്തികളുടെ ഇടയിൽപ്പെട്ടുക നിമിത്തവും, തന്റെ പരമാർത്ഥം വെളിപ്പെടുത്തുന്നതു് സംഗതികളുടെ ഗതി അറിഞ്ഞു് വേണ്ടതാണെന്നു് അനന്തപത്മനാഭൻ നിശ്ചയിച്ചു. എന്നാൽ സുലൈഖയോടു് തന്റെ മതദ്വേഷം താൻ ചെയ്യുന്നതല്ലെന്നു് പറഞ്ഞു് ആ സ്ത്രീയുടെ മോഹത്തെ വളർത്താതിരിക്കത്തക്കവണ്ണം അറിവുകൊടുത്തു. ഈ നിശ്ചയം കേട്ടതിൽ സുലൈഖയുടെ അനുരാഗം വർദ്ധിച്ചതേയുള്ളു. സംഗതികളുടെ തിരച്ചിൽ സൂക്ഷ്മമായി ഗ്രഹിച്ചു് വന്നിരുന്ന ജംബുകനായ വൃ

ദ്ധൻ അനന്തപത്മനാഭനോട്ട് കൃതജ്ഞതയെ സംബന്ധിച്ച് പല പ്രമാണങ്ങളും പല പഴഞ്ചൊല്ലുകളും കഥകളും പറഞ്ഞു കേൾപ്പിച്ചു. ആ യുവാവിന്റെ പരമാർത്ഥം പറയാതിരിക്കുന്നതിന് പകരമായി വൃദ്ധന്റെ അനുമതിയോടുകൂടിയല്ലാതെ താൻ മരിച്ചിട്ടില്ലാത്ത വിവരം സ്വജനങ്ങളെ ഗ്രഹിപ്പിക്കയോ ആ സംഘത്തെ വിട്ടുപോകയോ ചെയ്യുന്നതല്ലെന്ന് അനന്തപത്മനാഭനെക്കൊണ്ട് ഒരിക്കൽ സത്യം ചെയ്യിച്ചു. ഹാക്കിമിന്റെ പ്രീതിയെ ദീക്ഷിച്ചും തന്റെ കൃതജ്ഞത നിമിത്തവും ചെയ്യപ്പെട്ട ഈ സത്യം, തന്നെ വലയ്ക്കുമെന്ന് അനന്ദപത്മനാഭൻ വിചാരിച്ചിരുന്നില്ല. ഈ സത്യത്താൽ സുലൈഖയുടെ അഭിലാഷസിദ്ധിക്കുള്ള മാർഗ്ഗം ദൃഢമാക്കി എന്നുള്ള വിശ്വാസത്തോടുകൂടിയും, തനിക്കുതന്നെ ആന്തരമായി തോന്നിത്തുടങ്ങിയ സ്നേഹം മൂലവും, ഹാക്കിം അനന്തപത്മനാഭനെ പല ഗുരുക്കന്മാരെക്കൊണ്ടും പല വിദ്യകളും അഭ്യസിപ്പിച്ചു. ഒന്നര വർഷത്തോളം സ്വജനങ്ങളുടെ വിരഹം സഹിച്ചും സ്വരാജ്യത്തെ കാണ്മാനുള്ള അതിയായ മോഹത്തെ യാതൊരു വിധത്തിലും വൃദ്ധനെ ഗ്രഹിപ്പിക്കാതെയും പാർത്തിട്ടും വൃദ്ധന്റെ മനസ്സലിയുന്ന ലക്ഷണം കാണായ്കയാൽ ആജീവനാന്തം അന്യദേശവാസം തന്നെ തനിക്കനുഭവം എന്നുള്ള ശങ്ക ഉള്ളിലുദിച്ച് വളരെക്കുഴങ്ങി. ഈ അവസ്ഥയിൽ അനന്തപത്മനാഭന് സുലൈഖയിൽ പ്രേമമുണ്ടാകുന്നതല്ലെന്നും ഉസ്മാൻഖാൻ വൃദ്ധനെ ധരിപ്പിക്കയാൽ, ആ യുവാവിനെ മഹമ്മദീയനാക്കാനുള്ള ശ്രമം മുറുക്കത്തിലായി. എന്നാൽ ഉസ്മാൻഖാന്റേതിലും അഗാധമുള്ള ബുദ്ധിയോടുകൂടിയ ഒരാൾ ആ സംഘത്തിലുണ്ടായിരുന്നു. ഈയാൾ ഒ

രുകാലത്ത് പരമശുദ്ധനായിരുന്നു. അനന്തരം ദാരിദ്ര്യദുഃഖം നിമിത്തം മനുഷ്യദ്വേഷിയായി. എന്നാൽ ഈയാളുടെ അനല്പകാന്തിയോട്ട് കൂടിയ സൗന്ദര്യം, ശീലാവതിയും വിദുഷിയും തേജോരൂപിണിയും ആയുള്ള ഒരു പത്നിയെ സമ്പാദിച്ചു കൊടുക്കയാൽ സ്വതേയുള്ള ഗുണങ്ങൾക്ക് പ്രകാശമുണ്ടായി. ഇതിനിടയിൽ സംപ്രാപ്തമായിരുന്ന ലോകപരിചയംകൊണ്ടും അനുഭവഭേദങ്ങൾകൊണ്ടും തീക്ഷ്ണബുദ്ധിമാനും ആയിച്ചമഞ്ഞു. ഈ ബീറാംഖാന്റെ ആദ്യത്തിൽ അനന്തപത്മനാഭന്റെ മുഖമാതൃകയും, വർണ്ണശോഭയും, സ്ത്രീസൗന്ദര്യവുംകണ്ടു് വിദ്യുച്ഛക്തി ഏറ്റപോലെ സ്തബ്ധനായെന്നു വരികിലും തനിക്ക് അപരിചിതമെന്ന് തോന്നിയ ആ രൂപത്തിന്റെ ഉടമസ്ഥന് പരമബന്ധുവായിത്തീർന്നു. ഈയാൾ അനന്തപത്മനാഭന്റെ മനോദുഃഖത്തെ ആ യുവാവിന്റെ ഓരോ ചേഷ്ടകൾകൊണ്ടു് അറികയാൽ ആ ദുഃഖത്തിന് താൻ ശാന്തിവരുത്തുന്നുണ്ടെന്ന് നിശ്ചയിച്ചു. ലോകയന്ത്രത്തിൽ പ്രധാന ചക്രങ്ങൾ സ്ത്രീകളാണ് എന്ന് ഇയാൾ മനസ്സിലാക്കീട്ടുണ്ടായിരുന്നു. ആ ചക്രങ്ങളെ തിരിച്ച് തന്റെ നിശ്ചയത്തെ ക്ഷണേന സാധിക്കാമെന്ന് ഈയാൾക്ക് ധൈര്യമുണ്ടായിരുന്നു. അപ്രകാരംതന്നെ രണ്ടു ദിവസം കഴിഞ്ഞപ്പോൾ സുലൈഖാ, ഫാത്തിമാ മുതലായവർ കൊല്ലത്തിൽ രണ്ടു് വൃഷ്ടിയുള്ള കേരളത്തിന്റെ നാനാഭാഗങ്ങളും കാണണമെന്ന് ആഗ്രഹിച്ചുതുടങ്ങി. മൂന്നുനാലു് ദിവസം കഴിഞ്ഞപ്പോഴേക്ക് സ്ത്രീകളെക്കൊണ്ടു് പൊറുതിയില്ലാതെ തീരുകയാൽ രണ്ടാമതും വ്യാപാരത്തിന് പുറപ്പെടാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊള്ളുന്നതിന് വൃദ്ധൻ ആ

ജ്ഞാപിച്ചു. ഈ ആജ്ഞയ്ക്ക് പീഠികയായി സത്യത്പപരതയെയും കൃതജ്ഞതയെയും മറ്റും സംബന്ധിച്ചും സ്ത്രീകളുടെ സിദ്ധാന്തത്തിന് കാരണം അനന്തപത്മനാഭനാണെന്ന് സ്ഥാപിച്ചും, കുറാനിൽനിന്ന് പത്തുനൂറു വാക്യങ്ങളെ പ്രമാണമായി പറഞ്ഞു് ഹാക്കിം ഒട്ടേറെ പ്രസംഗിച്ചു.

ഹാക്കിം മുതലായവർ രണ്ടാമത്തെ പുറപ്പാടിൽ തിരുവിതാംകോട്ട് എന്ന ചെറിയ നഗരത്തിൽ ആദ്യം പാർപ്പുതുടങ്ങി. ഈ സ്ഥലത്തു് താമസിക്കുന്നതിനിടയിൽ മാങ്കോയിക്കൽ കുറുപ്പിന്റെ പരിചയം സമ്പാദിച്ചു. ഇദ്ദേഹത്തിന്റെ കളരിക്കാരെ അഭ്യസിപ്പിക്കുന്നതിനായി ഷംസുഡീന് വൃദ്ധൻ അനുമതിയും കൊടുത്തു. ഷംസുഡീന്റെ ആചാരവിശേഷങ്ങളും മറ്റുംകണ്ടു് ആ യുവാവു് സ്വദേശീയനാണെന്നു കുറുപ്പ് മനസ്സിലാക്കി. ആ യുവാവിനെ ഗുരുവായി വരിച്ച് കുറുപ്പ് കുറച്ച് ഹിന്ദുസ്ഥാനിയും അഭ്യസിച്ചു. ഒരു ദിവസം ഭിക്ഷുവിന്റെ വേഷം ധരിച്ച് സഞ്ചരിക്കുന്നതിനിടയിൽ യുവരാജാവിനെയും പരമേശ്വരൻ പിള്ളയെയും ഷംസുഡീൻ കാണുകയാൽ അവരെ ഹാക്കീമിന്റെ പാളയത്തിൽ കൊണ്ടുപോയി, വൃദ്ധന്റെ പരിചയവും സഖ്യവും സന്ധിപ്പിച്ചു. ഈ സഖ്യത്തെക്കുറിച്ചും മറ്റും മാങ്കോയിക്കൽ കുറുപ്പിന് അറിവ് കൊടുപ്പാനായി ചാന്നാന്റെ വേഷം ധരിച്ചുപോകുന്നതിനിടയിൽ, വഴിക്ക് ഒരു സർപ്പത്താൽ ദംശിക്കപ്പെട്ടുകകൊണ്ടു് വിഷണ്ണനായി നിന്നിരുന്ന മാർത്താണ്ഡൻ പിള്ളയെ കണ്ടു. ഈയാൾക്കുണ്ടായ പീഡയെ ഹാക്കിമിൽ നിന്ന് ലഭിച്ചിട്ടുണ്ടായിരുന്ന ഔഷധ പ്രയോഗംകൊണ്ടു് അനന്തപത്മനാഭൻ നീക്കി. എന്നാൽ, ഭ്രാന്തനോടുള്ള പരി

ചയം വർദ്ധിപ്പിക്കണമെന്ന് മാർത്താണ്ഡൻ പിള്ളയ്ക്കു മോഹമുണ്ടായതുകൊണ്ടു് അയാൾ ആ സ്ഥലത്തുനിന്ന് പോകാതെ സമീപദേശത്ത്് ചുറ്റിനടന്നു. ഇങ്ങനെ നടക്കുന്നതിനിടയിൽ തനിക്കുണ്ടായ സഹായത്തിന് പ്രത്യുപകാരവും ഈയാൾ ചെയ്തു. ഈയാൾ തിരുമുഖത്തു പിള്ളയുടെ ആജ്ഞാനുസാരമായി അനന്തപത്മനാഭന്റെ മരണത്തെക്കുറിച്ച് ദാസിയോട്ട് അന്വേഷണത്തിന് പോകയായിരുന്നു. ചാന്നാന്മാരെ തമ്പിയുടെ വേൽക്കാർ പിടികൂടിക്കൊണ്ട് പോകുന്നതുകണ്ട്, അവരെ കല്ലറയിൽ ഇടുമെന്നു ശങ്കയുണ്ടായി, അവരെ വീണ്ടും കൊണ്ടുപോരാമെന്നുള്ള വിചാരത്തോടുകൂടി, തന്നെയും പിടിച്ചുകൊള്ളുന്നതിന് അനന്തപത്മനാഭൻ അനുവദിച്ചതും മറ്റും നമുക്ക് അറിയാവുന്നതാണല്ലോ.

യുവരാജാവിനോട്ട് ചെയ്ത ഉടമ്പടി അനുസരിച്ച് പഠാണിപ്പാളയം മണക്കാട്ടേക്ക് മാറ്റപ്പെട്ടതിന് ശേഷം ഹാക്കിമിന്റെ സംശയങ്ങൾ ഒന്നുകൂടി വർദ്ധിച്ചു. യുവാരാജാവിനുവേണ്ടി ചാരനായി സഞ്ചരിച്ചുകൊള്ളുന്നതിന് ഹാക്കിം അനുവദിച്ചു എങ്കിലും ഉസ്മാൻഖാനെ കാവലായി നിയമിക്കയും ചെയ്തു. എന്നാൽ ഉസ്മാൻഖാനെ കബളിപ്പിച്ച്, അനന്തപത്മനാഭൻ ചെമ്പകശ്ശേരിയിൽ കടന്ന് കഥകൾ ആരാഞ്ഞുവന്നു. ഇങ്ങനെ നടക്കുന്നതിനിടയിൽ, തമ്പിക്ക് വിരുന്നുണ്ടായ രാത്രി അദ്ദേഹം അവിടെ താമസിക്കയാൽ അനന്തപത്മനാഭൻ ആശാന്റെ അടുത്തുകൂടി വൃദ്ധന്റെ ബോധത്തെ കെടുത്തീട്ട് താക്കോൽ കൈക്കലാക്കി കല്ലറമാർഗ്ഗമായി അകത്തുകടന്ന് തന്റെ പ്രിയതമയുടെ പാതിവ്രത്യലംഘനം ചെയ്യാൻ മുതിർന്ന ത

മ്പിയെ തടുത്തു. അടുത്ത രാത്രിയിലും തമ്പിയുടെ നട പടികൾ ആരായാനായി അനന്തപത്മനാഭൻ പുറപ്പെ ട്ടപ്പോൾ വഴിക്ക് വ്യസനാക്രാന്തനായി ഭ്രാന്തനെപ്പോ ലെ പോകുന്ന കഴക്കൂട്ടത്തു പിള്ളയെ കാണുകയാൽ അ ദ്ദേഹത്തിനെ പിൻതുടർന്ന് കുടമൺ പിള്ളയുടെ ഗൃഹ ത്തിലെത്തി. എന്നാൽ കഴക്കൂട്ടത്തു പിള്ള പുറത്തിറങ്ങി യ ഘോഷംകേട്ട് അനന്തപത്മനാഭനും പുറത്തിറങ്ങിയ തിനാൽ അവസാനത്തിലെ നിശ്ചയങ്ങൾ അറിവാൻ ക ഴിഞ്ഞില്ല. കുടമൺ പിള്ളയുടെ ഗൃഹത്തിൽ നിന്ന് പെ രുവഴിയിൽ എത്തിയപ്പോൾ മാങ്കോയിക്കൽ കുറുപ്പ് ഒ രു ഭൃത്യനോടുകൂടി പോകുന്നതും, കഴക്കൂട്ടത്തു പിള്ള അ ദ്ദേഹത്തിനോട് സംഭാഷണം ചെയ്യുന്നതും കണ്ടു. സുന്ദര യ്യനെ തടുത്ത് ഒടുവിലത്തെ ആലോചനകൾ അറിവാനു ള്ള മോഹംകൊണ്ട് അനന്തപത്മനാഭൻ വഴിയിൽത്ത ന്നെ നിന്നു. കുറുപ്പ് രാജബന്ധുവാണെന്ന് കഴക്കൂട്ടത്തു പി ള്ളയ്ക്കു മനസ്സിലായതുകൊണ്ട് തന്റെ പക്ഷത്തിന്റെ രക്ഷ യ്ക്കുവേണ്ടി ഭൃത്യരെക്കൊണ്ട് അദ്ദേഹത്തിനെ പിന്തുടർ ന്ന് പിടികൂടി ബന്ധനത്തിലാക്കി. കുറുപ്പിനെ കാണ്മാ നില്ലെന്ന് പരമേശ്വരൻ പിള്ളമുഖേന പഠാണിപ്പാളയ ത്തിൽ അറിവ് കിട്ടിയതിനാൽ അദ്ദേഹത്തിനെ ആരാ ഞ്ഞുനടന്ന് അടുത്ത രാത്രിയും ചെമ്പകശ്ശേരിയിൽ പോ കാൻ കഴിവുണ്ടാകാതെ അനന്തപത്മനാഭൻ കഴിച്ചുകൂ ട്ടി. കഴക്കൂട്ടത്തു പിള്ളയുടെ ഭവനത്തിൽ ഉണ്ടായിരിക്കുമെ ന്ന് അനുമാനംകൊണ്ട് നിശ്ചയിച്ചിട്ട് ആ ഭവനത്തിൽ ക ടന്നു എങ്കിലും ഭൃത്യന്മാരുടെ കണിശമായുള്ള കാവൽകൊ ണ്ട് അന്ന് ഒന്നും സാധിച്ചില്ല. അടുത്ത ദിവസം ബീറാം

ഖാന്റേയും മറ്റും അനുമതിയോടുകൂടി കളിക്കെന്നുള്ള നാട്യത്തിൽ തന്റെ രണ്ടു് വേഷഭേദങ്ങളിലും അനന്തപത്മനാഭൻ ആശാനെക്കണ്ടു് ആശാനിൽനിന്നു് തന്റെ പ്രിയതമയുടെ സ്ഥിതിയെക്കുറിച്ചു് അറിയുകയും ചെയ്തു. ഇവർ തമ്മിലുണ്ടായ സംഭാഷണത്തിൽ ഒരക്ഷരം തെറ്റാതെ മുഴുവനെയും ബീറാംഖാൻ തക്കത്തിൽ നിന്നു് ഗ്രഹിച്ചു. മുൻകുട്ടി ഭക്ഷണം കഴിച്ചു്, ഹാക്കിമിന്റെ ഭക്ഷണസമയത്തു് ഹാജരാകേണ്ട നിയമപ്രകാരം തന്റെ വ്യസനത്താൽ അന്നു് ഹാജരാകുന്നതിനു് കഴിവുണ്ടായില്ലെങ്കിലും ഹാക്കിം മുതലായവരുടെ ഭക്ഷണാവസാനത്തിനു് മുമ്പിൽ തന്റെ ക്ലേശശമനം സാധിച്ചുകൊണ്ടു്, അനന്തപത്മനാഭൻ ഹാക്കിമിന്റെ സന്നിധിയിൽ എത്തി. തന്റെ പ്രണയിനിയുടെ സ്ഥിതികളെക്കുറിച്ചു് ആശാനിൽനിന്നു് സംഗ്രഹമായി സമ്പാദിച്ച അറിവുമൂലം അതിവിവശനായി, തന്റെ ഇംഗിതസിദ്ധിക്കും, അപകടസ്ഥിതിയിൽ ആയിരിക്കുന്ന തന്റെ പ്രണയിനിയുടെ രോഗശമനത്തിനുംവേണ്ട സഹായം വൃദ്ധനിൽനിന്നും ലഭിക്കുന്നതിനും, വഴികാണാതെ ഉഴലുന്നതിനിടയിൽ ബീറാംഖാനായ ബന്ധു ഇങ്ങനെ ഉപദേശിച്ചു: “ഷംസുദ്ധീൻ, നിന്റെ ബുദ്ധി സാരമില്ല. നീ സുലൈഖയുടെ അപ്രീതി സമ്പാദിക്കുന്നതു് ദോഷമാണെന്നു് വിചാരിച്ചാണല്ലോ സ്വജനങ്ങളോടു് ചേരാതെ പാർക്കുന്നതു്. അണുപോലും പേടികൂടാതെ നിന്റെ പരമാർത്ഥം സുലൈഖയോടു് പറയുകതന്നെ. പിന്നീടു് വേണ്ട മാർഗ്ഗം അവളുടെ ധർമ്മതത്പരത്വവും ബുദ്ധിയും കാട്ടിത്തരും.” ബീറാംഖാനു് അനന്തപത്മനാഭൻ ആരെന്നുള്ളതു് ആശാനോടുണ്ടായ സംഭാഷണത്തിൽനിന്നു് മന

സ്സിലായി. ഈ പരമാർത്ഥം അറിയായ്കയാൽ അനന്തപ ത്മനാഭന്റെ മോചനത്തിനുള്ള മാർഗ്ഗം ഉപദേശിച്ച് കൊടുക്കുന്നതിന് ഇത്രത്തോളം താമസിച്ചതായിരുന്നു. മഹാമനസ്വിനിയായുള്ള സുലൈഖ പാറുക്കുട്ടിയുടെ കഥ കേട്ടപ്പോൾ അനന്തപത്മനാഭന്റെ നിഷ്കരുണത്വത്തെ എരിയുന്ന അശ്രുക്കളുടെ വർഷത്തോടുകൂടിയായിരുന്നു എങ്കിലും വളരെ ശാസിച്ചിട്ട്, സ്വേച്ഛപോലെ നടന്നുകൊള്ളുന്നതിന് അനുവദിക്കയും, അടുത്ത ദിവസം ഹാക്കിമിന്റെ അനുമതി വാങ്ങി അയയ്ക്കയും അദ്ദേഹത്തിനെക്കൊണ്ട് പാറുക്കുട്ടിയെ ചികിത്സിപ്പിക്കയും ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു. ഈ വാഗ്ദത്തം കേട്ടുണ്ടായ ഉന്മേഷത്തോടുകൂടി മാങ്കോയിക്കൽ കുറുപ്പിനെ ബന്ധനത്തിൽനിന്ന് മോചിപ്പിക്കാനായി ഭിക്ഷുവും ഭ്രാന്തനും ഇടകലർന്ന ഒരു വേഷത്തിൽ അനന്തപത്മനാഭൻ യാത്രയായി. എന്നാൽ വഴിക്ക് യുവരാജാവിനെയും മറ്റും കാണുകയാൽ അവരെ പിന്തുടർന്ന് അവസാനത്തിൽ ബന്ധനത്തിൽ അകപ്പെട്ടു. തന്റെ പ്രണയിനിയുടെ രോഗത്തിന് ഹാക്കിമിന്റെ ഔഷധത്താൽ ശമനം സംഭവിച്ചിരിക്കുന്നതായി അറിയുന്നതുവരെ, അനന്തപത്മനാഭൻ പരമഭ്രാന്തനായിരുന്നു. പാറുക്കുട്ടിയാൽ ബന്ധനത്തിൽനിന്ന് മോചിപ്പിക്കപ്പെട്ടപ്പോൾ തന്റെ സത്യം ആദരിച്ച് ഹാക്കിമിന്റെ വിധിപ്രകാരം മേലിൽ നടന്നുകൊള്ളാമെന്നുള്ള നിശ്ചയത്തോടുകൂടി, ആ യുവാവ് പഠാണികളുടെ വാണിഭശാലയിലേക്ക് തന്നെ തിരിച്ചു. അനന്തപത്മനാഭന്റെ ഈ ആഗമനം കണ്ടപ്പോൾ ഹാക്കിമിന്റെ ഉള്ളിൽ വല്ല കോപശിഷ്ടങ്ങളും ഉണ്ടായിരുന്നെങ്കിൽ അതുകൾ അ

പ്പോളുദിച്ച ബഹുമാനസ്നേഹാതിരേകത്താൽ നഷ്ടമായിച്ച മഞ്ഞു.

അനന്തപത്മാനാഭൻ വീണതിന്റെശേഷം തങ്ങളുടെ ക്രൂരകൃത്യത്തിന്റെ കഠോരതയാൽ ചകിതരാക്കപ്പെട്ട വേലുക്കുറുപ്പും പരിവാരങ്ങളും ഉന്മാദം പിടിപെട്ടെ ചെന്നായ്ക്കളെപ്പോലെ വനമദ്ധ്യത്തിൽനിന്ന് ഓടിക്കളഞ്ഞു. എന്നാൽ പരിഭ്രമങ്ങൾ അകന്ന്, വിവേകം വീണ്ടും സ്വാധീനത്തിലായപ്പോൾ, ആ യുവാവിന്റെ ശരീരം മറവുചെയ്യേണ്ടതു് തങ്ങളുടെ രക്ഷയ്ക്ക് അവശ്യം അനുഷ്ഠിക്കേണ്ട ഒരു കരുതലാണെന്ന് അവർക്കുതോന്നി. എന്നാൽ ഈ ഉദ്ദേശ്യത്തോടുകൂടി ജന്യഭൂമിയിൽ വീണ്ടും പ്രവേശിച്ചപ്പോൾ, പിടിവിട്ടും കിടന്നിരുന്ന ആയുധാദികൾ അല്ലാതെ പ്രേതത്തെ അവിടെ കാണ്മാനില്ലായിരുന്നു. ഈ സാധനങ്ങൾ കൈക്കലാക്കിക്കൊണ്ട് ഘാതകന്മാർ അവിടെനിന്ന് പോകയും നിരപരാധിനിയായ യക്ഷിയുടെമേൽ കൊലക്കുറ്റം സ്ഥാപിച്ച് ഒരു പ്രസ്താവം പരത്തുകയും ചെയ്തു. ഇക്കാലത്ത് തിരുമുഖത്തു പിള്ള തിരുവിതാംകൂറിൽ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രധാനസ്നേഹിതനായിരുന്ന കഴക്കൂട്ടത്തു പിള്ളയും മറ്റുചിലരും സുഭദ്രയും പ്രേതത്തെ കണ്ടുപിടിക്കുന്നതിന് പല ശ്രമങ്ങളും ചെയ്തു. എന്നാൽ ഈ ശ്രമങ്ങൾ ഒന്നും തന്നെ ഫലിച്ചില്ല. പരമാർത്ഥത്തിൽ 'യക്ഷി' ആരാണെന്നുള്ളതു് സൂക്ഷ്മമായി രാമനാമഠത്തിൽ പിള്ളയുടെ പക്കൽനിന്നു സുഭദ്ര ഒഴിച്ച് മറ്റുള്ള ജനങ്ങൾ അനന്തപത്മനാഭൻ മരിച്ചുപോയി എന്നുതന്നെ വിശ്വസിച്ചിരുന്നു. അനന്തപത്മനാഭന്റെ മരണവൃത്താന്തം ശരിവച്ചകാലം മുതൽക്ക് ഉത്സാ

ഹശക്തികൾ വ്യസനാതിക്രമത്താൽ ഉന്മൂലനം ചെയ്യപ്പെട്ടുകമൂലം, തിരുമുഖത്തു പിള്ള മഹാരാജാവിന്റെ അനുമതിയോട്ടുകൂടി സ്വഗൃഹത്തിൽ ഒതുങ്ങി, വിധിമതം സഹിച്ചും, പുത്രമാർഗ്ഗത്തെ അനുഗമിപ്പാനുള്ള കാലത്തെ ദീക്ഷിച്ചും പാർത്തു. എന്നാൽ ഈ ദുഷ്കൃതത്തിന്റെ പ്രോത്സാഹകന്മാരുടെ അത്യാഗ്രഹംതന്നെ, വിധിയന്ത്രത്തിരിപ്പിന്റെ മാഹാത്മ്യംകൊണ്ട്, പരമാർത്ഥം ക്ഷണത്തിൽ വെളിപ്പെടുത്തി. ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രബലമായിരിക്കുന്ന അവകാശക്രമം അനുസരിച്ച്, വേണാട്ടുരാജ്യാവകാശം വലിയതമ്പിക്ക് സിദ്ധിപ്പാനുള്ളതാണെന്ന് അദ്ദേഹത്തിനെ സുന്ദരയ്യൻ ധരിപ്പിച്ചു. ഈ ഉദ്ദേശനിവൃത്തിക്കായി നാട്ടുകാർക്ക് യുവരാജാവിൽ വൈമുഖ്യം ജനിക്കുന്നതിനും അദ്ദേഹത്തിന് പ്രബലന്മാരായ ശത്രുക്കളെ ഉണ്ടാക്കുന്നതിനും സുന്ദരയ്യൻ ഓരോ ഏർപ്പാടുകൾ ചെയ്തു. കൃത്രിമനിധിയായ സുന്ദരയ്യന്റെ അഗാധബുദ്ധിയിൽനിന്ന് ഉദ്ഭൃതങ്ങളായ ഓരോ ഉപായങ്ങളിൽ മധുരക്കാരും തിരുമുഖത്തു പിള്ള, എന്നുവേണ്ട ക്രമേണ നാട്ട് ആസകലം അകപ്പെട്ടുപോയി. അനന്തപത്മനാഭന്റെ വധകർത്താവ് യുവരാജാവാണെന്ന്, അതിശയിക്കത്തക്ക ഓരോ തെളിവുകളാൽ, തിരുമുഖത്തു പിള്ളയുടെ ഉള്ളിൽ സംശയം തോന്നിപ്പിച്ചു. ആനന്തത്തെ സുന്ദരയ്യൻ സംബന്ധംചെയ്ത്, കാലക്കുട്ടി പിള്ളയെ പാട്ടിലാക്കി, മേൽപ്പറഞ്ഞ വിചാരത്തെ സ്ഥിരപ്പെടുത്തുകയും ചെയ്തു. തിരുമുഖത്തു പിള്ളയെ ഈ വിധത്തിലെല്ലാം വഞ്ചിച്ചതു കൂടാതെ, മാങ്കോയിക്കൽ കുറുപ്പ് എന്നൊരു ബലവാനായ നൂതനബന്ധു യുവരാജാവിനുണ്ടായെന്ന് അറി

ഞ്ഞപ്പോൾ, സുന്ദരയ്യന് നൂതനമായ ഒരു യുക്തിയും തോന്നുകയാൽ തിരുമുഖത്തു പിള്ളയെ വധിക്കാനായി കാലക്കുട്ടിപ്പിള്ളയെ നിയോഗിച്ചു. ഈ ശ്രമം തിരുമുഖത്തു പിള്ളയുടെ ഹൃദയത്തിൽ രാജകുടുംബത്തോട്ട് ശേഷിച്ചിരുന്ന സ്നേഹത്തെയും നഷ്ടമാക്കിയതിനുപുറമേ കാലക്കുട്ടിപ്പിള്ളയെ സഹായിക്കാൻ നിയമിച്ചിരുന്നവാൾക്കാർ നിമിത്തം മാങ്കോയിക്കൽ കുറുപ്പും ഈ വഞ്ചനയെ അനുവദിച്ചു എന്ന് ഒരു ശ്രുതി പരക്കുന്നതിന് സംഗതിവരുത്തുകയും ചെയ്തു. ഇപ്രകാരമെല്ലാം വഞ്ചിതനാകയാൽ തിരുമുഖത്തു പിള്ള യുവരാജാവിന്റെ തിരുവെഴുത്തുകൾ അനുസരിച്ച് യാതൊന്നും പ്രവർത്തിക്കാതെ പാർത്തു. തന്റെ പൂർവ്വ സഖാവിന്റെ പുത്രിയും പുത്രന്റെ പ്രിയതമയും ആയുള്ള കുമാരിയുടെ അത്യാസന്നമായ രോഗാവസ്ഥയെക്കുറിച്ച് അറിവ് കിട്ടിയപ്പോൾ അതിന്റെ സ്ഥിതികൾ സൂക്ഷ്മമായി അറിഞ്ഞുവരുന്നതിനായി ചുള്ളിയിൽ മാർത്താണ്ഡൻ പിള്ളയെ അയച്ചു. ഈയാൾ ഈ കാര്യത്തെ നിവർത്തിക്കുന്നതിനിടയിൽ തമ്പിമാർക്ക് അനുകൂലമായി സ്വമേധയായിട്ട് പലതും പ്രവർത്തിച്ചു. മഹാരാജാവ് നാടുനീങ്ങിയപ്പോൾ ആ വ്യസനകരമായ വർത്തമാനത്തെ തിരുമുഖത്തു പിള്ളയെ ധരിപ്പിച്ചു. ഈ അവസരത്തിലും ഈ മഹാന്റെ സ്ഥിരമായുള്ള രാജഭക്തിയും സ്വരാജ്യാഭിമാനവും കൃതജ്ഞതയും പൂർവ്വദീപ്തിയോടുകൂടി ഉജ്ജ്വലിക്കയാൽ, സ്വാർത്ഥത്തെക്കാളും സ്വരാജ്യക്ഷേമത്തെ കാംക്ഷിച്ച്, ആറു വീട്ടുകാർ മുഖേന ഗൃഹസ്ഥന്മാരെയും പത്തഞ്ഞൂറു ജനങ്ങളെയും ശേഖരിച്ചുകൊണ്ട് തിരുവനന്തപുരത്തേക്ക് അദ്ദേഹം പുറപ്പെട്ടു.

ആറുമുഖം പിള്ള ദളവാ യുവാരാജാവിന്റെ കൽപനപ്രകാരം ദ്രവ്യശേഖരം ചെയ്ത് മധുരപ്പട്ടാളത്തിന്റെ ശമ്പളക്കുടിശിഖ മിക്കവാറും തീർത്തു എങ്കിലും അവർക്ക് ചെല്ലേണ്ടതായിരുന്ന ഋണത്തെ ബാക്കികൂടാതെ തീർക്കുന്നതിന് കഴിയാത്തതിനാൽ അദ്ദേഹം രാജവംശത്തിനുവേണ്ടി ഒരു ജാമ്യക്കാരന്റെ സ്ഥാനത്തിൽ ആ ധനകാംക്ഷികളുടെ ബന്തോവസ്തിൽ പാർക്കേണ്ടിവന്നു. ഇദ്ദേഹം മാങ്കോയിക്കൽ കുറുപ്പിനെ വിശ്വസിക്കാതിരുന്നതും, ഈ സേനയെ സ്വാധീനപ്പെടുത്തുന്നതിന് മാങ്കോയിക്കൽ കുറുപ്പ് ചെയ്ത ശ്രമങ്ങൾ നിഷ്ഫലമായതും, കാലക്കുട്ടിപ്പിള്ളയുടെ കൃത്രിമത്താൽത്തന്നെ ആയിരുന്നു. ഈ ചരിത്രത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സംഗതികളും ഓരോരുത്തരുടെ കഥകളിൽനിന്ന് വിശദമായെന്നുവരികിലും അനന്തപത്മനാഭനെ വധിക്കുന്നതിനുണ്ടായ ശ്രമത്തിന്റെ സൂക്ഷ്മഹേതു സുഭദ്രയ്ക്കുപോലും അറിയുന്നതിന് കഴിവുണ്ടായില്ല. പുണ്യാഹാദി അടിയന്തിരങ്ങളും കഴിഞ്ഞു് മാർത്താണ്ഡവർമ്മ യുവരാജാവ് പട്ടം ഏറ്റ് മഹാരാജാവായതിന്റെശേഷം മണക്കാട്ടിന് സമീപം സർക്കാർ വകയായുള്ള ഒരു തോട്ടത്തിൽ എഴുന്നള്ളി, ഹാക്കിം മുതലായ മഹമ്മദീയർക്ക് മുഖം കാണിക്കുന്നതിന് അവസരം കൊടുത്തു. അന്നു സുന്ദരയ്യന്റെ വധത്തെക്കുറിച്ച് പ്രസ്താവം ഉണ്ടായപ്പോൾ ഹാക്കിം മഹാരാജാവിനോട് ഇപ്രകാരം ഉണർത്തിച്ചു: ‘മഹാരാജാവേ, വൈദികനിഗ്രഹം ചെയ്തു എന്നുള്ള ചാഞ്ചല്യം വേണ്ട. ഷംസുഡീൻ! കുറുപ്പ് സാഹേബിനെ വീണ്ടുകൊണ്ടുവന്നാൽ സമ്മാനമായി, നാം ഒരു കഥ വാശത്തം ചെയ്തിട്ടുണ്ടല്ലോ. (ചിരിച്ചുകൊണ്ട്) ആ ക

ഥ കേട്ടുകൊൾകതന്നെ. ബുദ്ധിക്ക് ബഹുവികാസമുണ്ടാകും. മധുരയ്ക്കുസമീപം ഒരു ഗ്രാമത്തിൽ മഹാവിദ്വാനായ ഒരു ശാസ്ത്രി ഉണ്ടായിരുന്നു. ഇദ്ദേഹം മദ്യപനായതുകൊണ്ടു് സ്വജാതീയരാൽ ഭ്രഷ്ടനാക്കപ്പെട്ടു. ഈയാൾക്കു് ഒരു മറവസ്ത്രീയിൽ രണ്ടു പുത്രന്മാരുണ്ടായി... ഒന്നാമൻ പലവേശം; രണ്ടാമൻ പുലമാടൻ. ഇവർ രണ്ടുപേരും ഗംഭീരന്മാരായ തസ്കരന്മായിത്തീർന്നു. അനുജനായ പുലമാടൻ നമ്മുടെ ഭവനത്തിൽ കടന്നു് ഒരിക്കൽ മോഷണം ചെയ്യുവാൻ ശ്രമിച്ചു. അന്നു നാം അവന്റെ ഒരു കൈയ്ക്കു കൊടുത്ത വെട്ടിന്റെ പാടു് ഇപ്പോൾമാത്രം മറഞ്ഞിരിക്കും. പലവേശം ഹിന്ദുഭൈരാഗിയുടെ വേഷം ധരിച്ചും പുലമാടൻ വൈദികനായും ഈ രാജ്യത്തിൽ താമസിച്ചിരുന്നു. നിദ്രയിലും നമ്മെ സംരക്ഷിച്ചുപോരുന്നവന്റെ കരുണ മഹാരാജാവിൽ ഉദിക്കയാൽ, മഹാരാജാവിന്റെ രാജ്യഭരണശ്രമങ്ങളെ ലഘുവാക്കുന്നതിനായി, തന്റെ ദിവ്യകോപത്തെ ബീറാംഖാനിലും ഷംസുദ്ധീനിലും ആവസിപ്പിച്ചു് അവരെ നിഗ്രഹപ്പിച്ചിരിക്കുന്നു.' ഈ പ്രസംഗത്താലും, ഓരോരുത്തർ അപ്പോൾ ഓർമ്മിച്ച ഓരോ സംഗതികളാലും, പുലമാടൻ സുന്ദരയ്യനും പലവേശം കോടാങ്കിയും ആയിരുന്നു എന്നു് എല്ലാവർക്കും സ്പഷ്ടമായി. ഓരോരുത്തർ ആശ്ചര്യത്തോടുകൂടി ഓരോ നവമായ അഭിപ്രായങ്ങളെ ഈ സംഗതി സംബന്ധിച്ചു് പ്രസ്താവിക്കുന്നതിനിടയിൽ അനന്തപത്മനാഭൻ മാത്രം മിണ്ടാതെ ജീവച്ഛവംപോലെ അരനാഴികയോളം നിന്നു. ഒടുവിൽ മഹാരാജാവിനോടു് ഇപ്രകാരം അറിയിച്ചു: "തിരുമേനീ, ഇതുവരെ വ്യക്തമാകാത്ത ഒരു സംഗതി ഇപ്പോൾ അതി

വിശദമായിരിക്കുന്നു. അടിയന്റെ പിന്നീട് കാട്ടുമറഞ്ഞു പോയ അനുജത്തിയെ തമ്പിഅദ്ദേഹം സംബന്ധം ചെയ്യണമെന്ന് താത്പര്യപ്പെട്ടതും അച്ഛൻ അനുവദിച്ചതും അടിയൻ വിരോധിച്ചതും കല്പിച്ചറിഞ്ഞിട്ടുണ്ടല്ലോ? ഇതുമൂലം തമ്പി അദ്ദേഹം മുഷിഞ്ഞില്ലെന്ന് നടിച്ചതിനെ എല്ലാവരും വിശ്വസിച്ചുവന്നു. എന്നാൽ, യഥാർത്ഥത്തിൽ അദ്ദേഹത്തിന് അടിയനോട്ട് ബഹുകോപമുണ്ടായി. സുന്ദരയ്യൻ യജമാനനിലും അധികം കയർത്തു. ഇവൻ ഒരിക്കൽ അടിയനെ കണ്ടപ്പോൾ ക്രൂസലറ്റ് ഇങ്ങനെ പറഞ്ഞു: 'അടെ അപ്പൻ, തങ്കച്ചിയെ തമയൻതാൻ ശമ്മന്തം ചെയ്യുക്കോയെ. അന്തപ്പുരശ്ശുരാമരുടെ ഏർപ്പാടുക്ക് ഇന്ത പുത്തി മാങ്കായ്ക്ക് ഉപ്പുപ്പരലാട്ടം പിടിച്ചുക്കോ' ആ നീചന്റെ ഈ വാക്കുകൾക്കുത്തരമായി ബ്രാഹ്മണനാണല്ലോ എന്നു വിചാരിച്ച് 'താൻ മറവനാണെടോ' എന്ന് പറകമാത്രം ചെയ്തു. അത് അയാളുടെ ഉള്ളിൽക്കൊണ്ടു എന്ന് അടിയന് തോന്നുന്നു. "ഈ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. സുന്ദരയ്യന്റെ അളവില്ലാത്തതായും അഗാധമായും ഉള്ള കൃത്രിമങ്ങളെക്കുറിച്ച് പിന്നെയും പല പ്രസംഗങ്ങൾ നടക്കുന്നതിനിടയിൽ ഹാക്കിം മഹാരാജാവിനോട്ട് ഈവിധം പറഞ്ഞു: 'മഹാരാജവേ, നാം കാണുന്നില്ലാത്ത നേത്രങ്ങൾ നമ്മെ സദാ കാണുന്നതിനാൽ സൃഷ്ടിച്ചവന്റെ കൽപനകളെ ആദരിച്ചു നടക്കുന്നവർക്ക് ദുർന്നയന്മാരിൽനിന്ന് ആപത്തുണ്ടാകുന്നതല്ല. മഹാരാജാവിന്റെ ധൈര്യം, സത്യം, ആർദ്രത, നിഷ്പക്ഷപാതം, അനസൂയത്വം, ലോകാപവാദത്തിലുള്ള ഭയം, സ്വപ്രജാക്ഷേമതത്പരത ഇതുകൾ മഹാരാജാവിന്റെ രക്ഷയ്ക്കായുള്ള ഓ

രോ കോട്ടകളാണെന്ന് വിശ്വസിച്ചുകൊള്ളണം. മഹാരാജാവ് ദീർഘായുഷ്മാനായി ദിനംപ്രതി വർദ്ധിക്കുന്ന യശസ്സോടുകൂടി വാഴുന്നതിന് സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.' ഹാക്കിമിന്റെ ഈ പ്രശംസകൾ കേട്ട്, മഹാരാജാവ് മാങ്കോയിക്കൽ കുറുപ്പിന്റെ മുഖത്ത് മന്ദസ്മിതത്തോടുകൂടി നോക്കി. അദ്ദേഹം മിണ്ടാതെ നിന്നതിനാൽ മഹാരാജാവ് ഇപ്രകാരം അരുളിച്ചെയ്തു: 'സാഹേബ്, നിങ്ങളുടെ ഈ പ്രശംസയ്ക്ക് ഒരു വ്യാഖ്യാനം നിങ്ങളെപ്പോലുള്ള ഒരു മഹാനും എന്റെ പ്രജകളിൽ ഒരുവനും നിങ്ങളുടെ സ്നേഹിതനുമായുള്ള കുറുപ്പിന്റെ നോക്കിൽനിന്ന് ലഭിച്ചിരിക്കുന്നതിനാൽ അതിന്റെ സാരം എനിക്ക് പൂർണ്ണമായി മനസിലായിരിക്കുന്നു. നിങ്ങളുടെ പ്രശംസ ഒരു ഉപദേശമായി ഞാൻ സ്വീകരിക്കുന്നു. എന്നിൽ ഉണ്ടെന്ന് നിങ്ങൾ അഭിപ്രായപ്പെടുന്ന ഗുണങ്ങൾ എന്റെയും പ്രജകളുടെയും ക്ഷേമത്തിനുവേണ്ടി ഞാൻ സമ്പാദിച്ചിരിക്കേണ്ടതാണെന്നുള്ള നിങ്ങളുടെ ഗുണദോഷത്തെ ഞാൻ അനാദരിച്ചതായി ഈ നിൽക്കുന്നവരാകട്ടെ, ഗൂഢമായിട്ടെങ്കിലും പ്രസ്താവിക്കുന്നതിന് സംഗതി വരുത്താതെ ശ്രീപത്മനാഭൻ എന്നെ പരിപാലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.'

ഇങ്ങനെ ഓരോ വിഷയത്തെക്കുറിച്ച് സംഭാഷണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ സുഭദ്രയെക്കുറിച്ച് പ്രസ്താവം ഉണ്ടായി. ആ സ്ഥലത്തേക്ക് പുറപ്പെടുന്നതിനു മുമ്പിൽ തിരുമുഖത്തു പിള്ള മുതലായവരോട് ആലോചിച്ച് തമ്പിമാരേയും മറ്റും ബന്ധനത്തിൽനിന്ന് വിടുന്നതിന് മഹാരാജാവ് കൽപന കൊടുത്തിട്ടുണ്ടായിരുന്നു. സുഭദ്ര

യുടെ നാമോച്ചാരണത്തോടുകൂടി മഹാരാജാവിന് ഒരു സംഭ്രമം ഉണ്ടായി, ധൃതിയിൽ, 'അനന്തപത്മനാഭാ, നീ വേഗത്തിൽ സുഭദ്രയെ അവിടെനിന്ന് മാറ്റണം. കുടമൺ പിള്ള മുൻകോപിയാണ്. സുഭദ്രയുടെ തർക്കങ്ങളെ സാരമാക്കരുത്. 'പോ' എന്നുപറഞ്ഞു. ഈ കൽപന അനുസരിച്ച് അനന്തപത്മനാഭൻ പുറപ്പെടുന്നതിന് മുമ്പിൽ ബീറാംഖാൻ ആ സ്ഥലത്തുനിന്ന് പാഞ്ഞു. ഈ ക്രിയ കണ്ടവർ അയാളുടെ മനോഗുണത്തെ ശ്ലാഘിച്ചു എങ്കിലും, ധൃതിയെക്കുറിച്ച് ആശ്ചര്യപ്പെടാതിരുന്നില്ല. ബീറാംഖാന്റെ പുറകേ അനന്തപത്മനാഭനും നടകൊണ്ടു. മഹാരാജാവിന്റെ അനുമതിയോടുകൂടി തിരുമുഖത്തു പിള്ളയും കുടമൺ പിള്ളയുടെ വീട്ടിലേക്ക് തിരിച്ചു.

യുവരാജാവിന്റെ പ്രാണരക്ഷണം ചെയ്തതിന്റെശേഷം സുഭദ്ര തന്റെ ഗൃഹംവിട്ട് പുറത്തിറങ്ങീട്ടില്ലായിരുന്നു. തന്നെ ബാധിച്ചിരുന്ന ഒരു മനസ്താപത്തെ സഹിച്ചുകൊണ്ട് അവിടെത്തന്നെ താമസിക്കുന്നതിനിടയിൽ, സുഭദ്രയെ ചെമ്പകശ്ശേരിയിലേക്ക് മാറ്റുന്നതിനായി പാറുക്കുട്ടി മുതലായവർ പല ശ്രമങ്ങളും ചെയ്തു. ശങ്കു ആശാൻ തന്റെ കണ്ണുനീരുകൊണ്ടുതന്നെ സുഭദ്രയുടെ മുമ്പിൽ ഒരു തടാകത്തെ നിർമ്മിച്ചിട്ടും സുഭദ്രയുടെ മനസ്സിളകിയില്ല. സുഭദ്രയുടെ വിഷാദകാരണം അറിയാതെ തിരുമുഖത്തു പിള്ള മുലായവർ ഉഴലുന്നതിനിടയിൽ മഹാരാജാവുതന്നെ സുഭദ്രയെ കണ്ടു് താൻ ഒരു സഹോദരൻ എന്നപോലെ സുഭദ്രയുടെ സകലഹിതങ്ങളേയും സാധിച്ചുകൊടുക്കുന്നതിന് സന്നദ്ധനായിരിക്കുന്നുണ്ടെന്നും, അതിനാൽ സുഭദ്രയുടെ ഇംഗിതത്തെ ഗോപ്യമായി വച്ചുകൊള്ളാതെ തന്നോ

ട്ട് പറയണമെന്നും മറ്റും അരുളിച്ചെയ്തു. ഇതിന് ഉത്തരമായി, 'അടിയൻ നിസ്സാരമായ ഒരു സഹായം ചെയ്തിട്ടുള്ളതിന് പ്രതിഫലമായി കൽപിച്ച് തിരുമനസ്സാലെ സ്വീകളായ പ്രജകളെയും അടിയന്റെ നേർക്ക് തോന്നുന്ന സ്നേഹത്തോടുകൂടി രക്ഷിച്ചാൽ മതി' എന്നുമാത്രം പറഞ്ഞതേയുള്ളു. സന്തോഷകാലങ്ങളിൽ തന്നാൽ കഴിവുള്ളിടത്തോളം സഹായങ്ങൾ പരന്മാർക്ക് ചെയ്യുന്നതിന് സുഭദ്ര എത്രത്തോളം തയ്യാറായിരുന്നുവോ, അത്രത്തോളം തന്റെ സന്താപത്തെ വീതിക്കുന്ന വിഷയത്തിൽ സുഭദ്ര അസന്നദ്ധയായിരുന്നു. സുഭദ്രയുടെ വ്യസനഹേതു പാറുക്കുട്ടിക്ക് ഔഷധം വാങ്ങിക്കൊണ്ടുവന്ന ഭൃത്യന് അറിവുണ്ടായിരുന്നു. എങ്കിലും സുഭദ്രയുടെ വിരോധം അനുസരിച്ച് അവനും അത് പുറത്ത് പ്രസ്താവിക്കാതെ അടക്കിക്കൊണ്ടു.

കുടമൺ പിള്ള ബന്ധനത്തിൽനിന്നു മോചിപ്പിക്കപ്പെട്ട ഉടനേതന്നെ ഭവനത്തിൽ എത്തി, ഭൃത്യരേയും മറ്റും അകലെ ആക്കീട്ട്, സുഭദ്രയെ അടുത്തു വിളിച്ചു. വലിയതമ്പിയുടെ പക്കൽനിന്ന് കേട്ടിരുന്ന ഓരോ കഥകൾ ഓർത്തുണ്ടായ കോപത്തോടുകൂടി സുഭദ്രയുടെ കുന്തലിന് ചുറ്റിപ്പിടിച്ചുകൊണ്ട്, കർക്കശനായ ആ വൃദ്ധൻ ഇങ്ങനെ ചോദ്യം തുടങ്ങി: "എടീ, തറവാട്ടിനേയും മാനത്തേയും കെടുത്ത… കൊട്ടാരത്തിലും തെരുവിലും അഴിഞ്ഞു് ആടിനടന്നതിന് അനുഭവം ഇന്നുണ്ട്. ആരു് പറഞ്ഞിട്ടാണ്… തമ്പുരാൻ നിന്റെ ആരായിട്ടാണ് ഞങ്ങളെ നീ നശിപ്പിച്ചതു്? ആ പരമ ആഭാസൻ വന്നുചേർന്ന് കുടുംബത്തേയും രാജ്യത്തേയും മുടിച്ചു."



സുഭദ്ര: "ആരമ്മാവാ? എന്റെ അച്ഛനോ?"

കുടമൺ പിള്ള: "മിണ്ടിയാൽ നാക്കിനെ പിഴതേക്കുന്നുണ്ട്. താഴ്ത്തു കഴുത്തിനെ. തള്ളയ്ക്കോങ്ങിയ വാൾ പിള്ളയ്ക്ക്. ഏതൊരുത്തൻ വന്ന് തടുക്കുന്നു എന്ന് കാണട്ടെ."

ഈ ഗർജ്ജനങ്ങൾ പുറത്തായപ്പോൾ, പടിഞ്ഞാറ് തുറന്നുകിടന്നിരുന്ന വാതിലിൽക്കൂടി ഒരാൾ അകത്തുകടന്ന്, 'അരുതേ, അന്യായമരുതേ' എന്നു പറഞ്ഞുകൊണ്ട് അടുത്തു. പെട്ടെന്ന് ആഗമിച്ച ഈ അന്യനെക്കണ്ട് 'പത്മനാഭാ! ഇനി മരിച്ചാലും വേണ്ടുകില്ല' എന്നു സുഭദ്ര പറ

മാർത്തയായി വിളിക്കുന്നതിനിടയിൽ കുടമൺ പിള്ളയുടെ ഖഡ്ഗം ഉയർന്നു കീഴ്പോട്ടു പതിക്കയും സുഭദ്ര 'അയ്യോ! അമ്മാ!' എന്നുള്ള പ്രലാപത്തോടുകൂടി നിലത്ത് വീഴുകയും ചെയ്തു. ഈ ഭയങ്കരകൃത്യം കണ്ടു മുന്നോട്ടു കുതിച്ച ബീറാംഖാനായ അന്യൻ തന്റെ ഖഡ്ഗം ദൂരത്ത് എറിഞ്ഞുകൊണ്ട് 'ഇവളെ അന്യായമായി ഉപേക്ഷിച്ച എന്നെയും' എന്നു പറഞ്ഞുകൊണ്ട് കുടമൺ പിള്ളയുടെ മുമ്പിൽ നിന്നപ്പോൾ പ്രാണവേദനയോടുകൂടി പിടയ്ക്കുന്ന സുഭദ്ര: 'ആ പാവത്തിനെക്കൂടി (ഫാത്തിമയെ) ചതിക്കരുതേ' എന്നു ബീറാംഖാനോടും 'മതി അമ്മാവാ, ഇതുമതി' എന്നിങ്ങനെ കുടമൺ പിള്ളയോടും അപേക്ഷിച്ച് നാവു കുഴങ്ങി വശമായി. സുഭദ്രയുടെ വാക്കുകൾ കേട്ട്, അരുണമായി ഉജ്ജ്വലിച്ചിളകുന്ന നേത്രങ്ങളെ ഉരുട്ടി ആ സ്ത്രീയെ നോക്കീട്ട്, ലേശവും ചലനം കൂടാതെയും നിരായുധനായും നിൽക്കുന്ന ബീറാംഖാന്റെ കണ്ഠം ലക്ഷ്യമാക്കി കുടമൺ പിള്ള ഖഡ്ഗം പിന്നെയും ഓങ്ങി. എന്നാൽ അനന്തപത്മനാഭന്റെ വാളിനാൽ കുടമൺ പിള്ള തന്നെ രണ്ടായിക്കീറി വീഴപ്പെട്ടതിനാൽ ബീറാംഖാൻ രക്ഷപ്പെട്ടു. ബീറാംഖാന്റെ നിലയും സുഭദ്രയുടെ സ്ഥിതിയും കണ്ട് അത്യാശ്ചര്യത്തോടും ദുസ്സഹമായുള്ള ആധിയോടും അനന്തപത്മനാഭൻ നിന്നതിനിടയിൽ, ബീറാംഖാൻ നിലത്തു വീണ ബാലന്മാരെപ്പോലെ കരഞ്ഞുതുടങ്ങി. അപ്പോഴെക്ക് 'ചതിച്ചോ മഹാപാപി!' എന്നു നിലവിളിച്ചുകൊണ്ട് തിരുമുഖത്തു പിള്ളയും എത്തി, പുത്രിയെക്കുറിച്ച് കേട്ടുവന്നിരുന്ന ദോഷാരോപണങ്ങൾ വ്യാജമെന്നുള്ളതിന് പുറമെ സുഭദ്രയിൽ ദോഷഭാഗങ്ങൾ അശേഷം ശൂന്യമായിരു

ന്നു എന്ന് തിരുമുഖത്തു പിള്ളയ്ക്ക് ബോദ്ധ്യപ്പെട്ടപ്പോൾ മുതൽക്ക് അതിബലവത്തായിത്തീർന്നിരുന്ന വാത്സല്യബന്ധം ഖണ്ഡിക്കപ്പെട്ടിരിക്കുന്നു എന്ന് ഒരു നോട്ടത്തിൽ ധരിച്ച അദ്ദേഹത്തിന്റെ അവർണ്ണനീയമായുള്ള പാരവശ്യത്തെക്കണ്ടു് ആ ശീലാവതി പിതാവിൽ അനുകമ്പ കലർന്ന് ഒന്ന് മന്ദഹാസം ചെയ്തു. തന്റെ പൂർവ്വപ്രഭയെ ആ അവസരത്തിൽ പ്രാപിച്ചിരുന്ന സുഭദ്രയെ തിരുമുഖത്തു പിള്ള അതികരുണയോടുകൂടി ഉയർത്തി തന്റെ മടിയിൽ കിടത്തി. ഈ സ്ഥിതിയിൽ അച്ഛനെയും, തന്നെ ത്യജിച്ച ഭർത്താവിനെയും, സഹോദരനെയും കടാക്ഷിച്ചുകൊണ്ടു്, നാരായണ നാമജപത്തോടുകൂടി, ലോകത്തിൽ ഗുണവാന്മാർ വ്യത്യസ്തംകൂടാതെ ഐശ്യര്യപദത്തെ പ്രാപിക്കുന്നില്ലെന്ന് പ്രത്യക്ഷമാക്കുമാറ്, തന്റെ ജഡത്തെയും സൽകീർത്തിയെയും ഭൂമിയിൽ ശേഷിപ്പിച്ചിട്ടു്, സുഭദ്ര പ്രപഞ്ചത്തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു.

ഈ വൃത്താന്തം കേട്ടപ്പോൾ യാതൊരാപത്തിലും കുസലില്ലാത്ത പുരുഷകേസരിയായ മാർത്താണ്ഡവർമ്മ മഹാരാജാവ്, വലതുകൈയാൽ നെറ്റിത്തടത്തെ താങ്ങിക്കൊണ്ടു് ഏകദേശം ഒരു നാഴികയോളം നിശ്ചേഷ്ടനായി ഇരുന്നുപോയി. ഈ സ്ഥിതിയിൽനിന്ന് ഉണർന്നപ്പോൾ അശ്രുപിരചയം ഏറ്റവും അപൂർവ്വമായിരുന്ന അദ്ദേഹത്തിന്റെ നേത്രങ്ങളിൽനിന്ന് കണ്ണുനീർ വർഷിച്ചു തുടങ്ങി. ‘ആട്ടെ, പപ്പുത്തമ്പിയുടെ ഈ ക്രിയയ്ക്ക്, പ്രതിക്രിയ ഈ കൈതന്നെ സാധിക്കും’ എന്ന് അരുളിച്ചെയ്തുകൊണ്ടു് തന്റെ പ്രാണരക്ഷണം ചെയ്ത മഹാമനസ്വിനിയുടെ ജഡത്തെ ആയതു് ഭസ്മമാക്കുന്നതിന് മുമ്പിൽ ഒന്നുകൂടി കാണുന്നതിനായി

മഹാഭാഗനായ മഹാരാജാവ് പരിവാരസമേതനായി പുറപ്പെട്ടു.

കൊല്ലം മൂന്നു കഴിഞ്ഞിരിക്കുന്നു. ഹാക്കിം മുതലായ മഹമ്മദീയർ സ്വദേശത്തേക്ക് മടങ്ങിപ്പോയിരിക്കുന്നു. സുലൈഖ കന്യകയായിത്തന്നെയിരിക്കുന്നു. ന്ദറഡീൻ അനുരൂപയായ ഒരു യുവതിയുടെ ഭർത്താവായിരിക്കുന്നു. ഈ യുവാവിന്റെ വിവാഹാഘോഷത്തിൽ അനന്തപത്മനാഭനും ഹാജരുണ്ടായിരുന്നു. ആദ്യത്തിൽ പരസ്പരം ഗുണങ്ങൾ അറിയാതെ വർത്തിക്കയും, ഇടയിൽ കൃത്രിമക്കാരുടെ വഞ്ചനയിൽ അകപ്പെട്ട് ഭർത്താവിന്റെ അവിവേകംമൂലം മഹാദുഃഖങ്ങൾ അനുഭവിക്കയും, ഒടുവിൽ അന്യോന്യം സ്നേഹാദരങ്ങൾ തോന്നിത്തുടങ്ങിയപ്പോൾ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ ആയതിനെക്കുറിച്ച് പരിതപിക്കയും ചെയ്ത ദമ്പതിമാരിൽ പുരുഷനായ ബീറാംഖാൻ വിനാഴികതോറും പ്രഥമപത്നിയായ സുഭദ്രയെ സ്മരിച്ചു വ്യസനിച്ചും, ഫാത്തിമയാൽ ആശ്വസിപ്പിക്കപ്പെട്ടും, ജീവിതഭാരത്തെ ഒരു വിധത്തിൽ വഹിച്ചുകൂട്ടുന്നു. പപ്പു ചെമ്പകശ്ശേരിയിലെ ഒരു കാര്യസ്ഥനായിരിക്കുന്നു. 'ചുളേക്കാമേത്തച്ചി'യുടെ കഥ പാറുക്കുട്ടിയുടെ മുമ്പിൽവച്ചു പ്രസ്താവിക്കുന്നതൊഴിച്ച് മറ്റെല്ലാ കാര്യങ്ങളിലും ഈ കാര്യസ്ഥനെക്കുറിച്ച് ആ ഭവനത്തിലുള്ള എല്ലാവർക്കും വളരെ തൃപ്തിയായിരിക്കുന്നു. കാലക്കുട്ടിയുടെ നിഴൽപോലും തിരുവിതാംകൂറിൽ കാണ്മാനില്ല. ആനന്തം ചെമ്പകശ്ശേരിക്കാരുടെ കർമ്മംകൊണ്ടു് കാലക്ഷേപം ചെയ്തുവരുന്നു. ശങ്കരച്ചാരുടെ തറവാട്ടിലേക്ക് സുഭദ്ര മരിക്കുന്നതിന് മുമ്പിൽത്തന്നെ അനവധി മുതൽ കൊടുത്തിരുന്നു എങ്കിലും, മഹാ

രാജാവ് തിരുവുള്ളമായി ചില ഭൂമികൾ നികുതികൾ കൂടാതെ പതിച്ചുകൊടുത്തു. തമ്പിമാർ, എട്ടുവീട്ടിൽ പിള്ളമാർ, ആറുമുഖം പിള്ള, രാമയ്യൻ ഇവരുടെ കഥാശേഷം തിരുവിതാംകൂർ ചരിത്രത്തിൽ നിന്ന് അറിയാവുന്നതാണ്. പരമേശ്വരൻ പിള്ള മഹാരാജാവിന്റെ പള്ളിയറ വിചാരിപ്പുകാരനായിരിക്കുന്നു, ഈ മഹാരഥൻ തന്റെ ശാസനകളെയും യജമാനത്വങ്ങളെയും മതിയാക്കി വയ്ക്കണമെന്ന് നാഴികയ്ക്കൊരിക്കൽ നിശ്ചയിക്കുന്നുണ്ടെങ്കിലും, മഹാരാജാവിന് ഈ വിട്ടുവായനെക്കൊണ്ടുള്ള ബാധ അയാളുടെ വാർദ്ധക്യത്തോടുകൂടി കൂടിവരുന്നതേയുള്ളു. ചെമ്പകശ്ശേരിയിലെ മൂത്തപിള്ള വിവാഹബന്ധത്തിൽ അകപ്പെടാതെ സ്വാതന്ത്ര്യവാനായി മനസ്സുഖത്തോടുകൂടിയിരിക്കുന്നു. മേലിൽ സഹോദരിയോട് കാര്യാലോചനകൾ ചെയ്കയും ഭാഗിനേയിയുടെ അനിഷ്ടത്തെ ആചരിക്കയും ചെയ്യുന്നതല്ലെന്ന് ഇദ്ദേഹം സ്വകാര്യമായി ഉറച്ചിരിക്കുന്നു. മാങ്കോയിക്കൽ കുറുപ്പ് തന്റെ പൂർവഗൃഹ സ്ഥാനത്തിൽ മഹാരാജാവിനാൽ പണിചെയ്യിക്കപ്പെട്ട 'മാർത്താണ്ഡൻ വലിയ പടവീട്'' എന്ന് നാമധേയം അരുളി നൽകപ്പെട്ട ഭവനത്തിൽ 'തമ്പി' എന്നുള്ള സ്ഥാനത്തോടുകൂടി പാർക്കുന്നു. ഇദ്ദേഹത്തിന്റെ അനന്തരവൻ കൊച്ചുവേലുത്തമ്പി മഹാരാജാവിന്റെ സേവകനായി ചെമ്പകശ്ശേരിയിൽ പാർക്കുന്നു. ചുള്ളിയിൽ മാർത്താണ്ഡൻ പിള്ള താൻ സ്വമേധയാ ചെയ്ത പ്രവൃത്തികൾക്ക് തിരുമുഖത്തു പിള്ളയിൽനിന്ന് ശിക്ഷയുണ്ടാകുമെന്ന് പേടിച്ച് കുറച്ചുകാലം ഒളിച്ച് നടന്നു. ഒടുവിൽ മഹാരാജാവിനെ മുഖം കാണിച്ച് വില്ലുവയ്ക്കയും തൃക്കൈയിൽനിന്ന് അതിനെ വാങ്ങുകയും ചെയ്തു

കൊണ്ടു് തിരുമുഖത്തു പിള്ളയെക്കണ്ടു. ശങ്കു ആശാൻ പേടി കൂടാതെ വയസ്സ് കീഴ്പ്പോട്ടു് എണ്ണിത്തുടങ്ങിയിരിക്കുന്നു. ഒടുവിൽ ആഘോഷിച്ച ജന്മനാൾ '45'-ആമത്തേതെന്നും മറ്റും ആശാൻ സംശയമായിട്ടല്ല, തീർച്ചയായിട്ടുതന്നെ പറയുന്നു. ആശാനു് മനസ്താപം ഒന്നേ ഉള്ളു. സുഭദ്രയെക്കുറിച്ചു് തനിക്കുണ്ടായിരുന്ന അബദ്ധമായ വിശ്വാസത്തിന്റെ പാപം 'അതു കാശിയിച്ചെന്നു കുളിച്ചാലെക്കൊണ്ടു് തീരുമോ പിള്ളേ?' എന്ന ചോദ്യം കൊണ്ടു് മൂപ്പർ അനന്തപത്മനാഭനെ സദാപീഡിപ്പിക്കുന്നു. സുഭദ്രയുടെ നാമസ്മരണയെ ഉദ്ദീപിപ്പിക്കുന്നതായ ഏതൊരു സംഗതിയെ എങ്കിലും ആശാന്റെ സന്നിധിയിൽവെച്ചു് പ്രസ്താവിച്ചാൽ വൃദ്ധൻ ഉടനെ കരഞ്ഞുപോകും. കാർത്ത്യായനിയമ്മ പ്രൗഢിയോടുകൂടി ഗൃഹകാര്യങ്ങൾ അന്വേഷിച്ചുവരുന്നു. തമ്പിമാരുടെയോ സുന്ദരയ്യന്റെയോ കഥയുള്ളടത്തു് മാത്രം കാർത്ത്യായനിയമ്മ ഇല്ലെന്നാണു് ഒരു നിയമം ഇപ്പോൾ വച്ചിരിക്കുന്നതു്. തിരുമുഖത്തു പിള്ള ലോകസുഖങ്ങളിലുള്ള ആസക്തിയെ ആസകലം ത്യജിച്ചിട്ടു് സ്വഗൃഹത്തിൽ തന്നെ പാർക്കുന്നു. സുഭദ്രയുടെ മരണസമയത്തു് ഇദ്ദേഹത്തിനു് ഉള്ളിൽ കുത്തിയ അഗ്നിയെ ഭാര്യാപുത്രമിത്രവർഗ്ഗങ്ങളിൽ ഒരുത്തരാലും തണുപ്പിക്കുന്നതിനു് കഴിവുണ്ടായില്ല. അനന്തപത്മനാഭൻ, തന്റെ എന്നല്ല ചെമ്പകശ്ശേരി ത്തറവാട്ടിലെയും കാരണവസ്ഥാനം വഹിക്കേണ്ടിവന്നതിനാലും അച്ഛന്റെ താത്പര്യം നിമിത്തവും ഗൃഹസ്ഥാശ്രമത്തെ സ്വീകരിച്ചതല്ലാതെ, ഉദ്യോഗാവസ്ഥകളെ കാംക്ഷിച്ചില്ല. എന്നാൽ, ദേശിങ്ങനാട്ടു് മുതലായ ദേശങ്ങളോടുകൂടിയ യുദ്ധങ്ങളിൽ, മാർത്താണ്ഡവർമ്മ മഹാരാജാവു

തന്നെ സേനയെ നടത്തിയ എല്ലാ സന്ദർഭങ്ങളിലും തിരുമേനിയുടെ രക്ഷകന്മാരിൽ പ്രമാണിയായി പുറപ്പെട്ടിരുന്നത് ഈ അനന്തപത്മനാഭൻ ആയിരുന്നു, അനന്തപത്മനാഭന്റെ സ്ഥിരവാസം ചെമ്പകശ്ശേരിയിൽ ആയിരിക്കുന്നു. ഈ ഭവനത്തിൽ കഥാരംഭഭാഗങ്ങളിൽ വിവരിച്ചിട്ടുള്ളതിൽക്കൂടുതലായി തെക്കുഭാഗത്ത് കിഴക്ക് ദർശനമായി സദാ ഒരു ദീപം പ്രകാശിക്കുന്ന ഒരു ചെറിയ കോമളവിഗ്രഹവും കാണ്മാനുണ്ട്. മേൽപ്പറയപ്പെട്ട നൂതനകെട്ടിടം സുഭദ്രയുടെ നാമസ്മരണയ്ക്കായി ആ സ്ത്രീയുടെ അസ്ഥി സ്ഥാപിച്ച് അതിന്റെ മുകളിൽ പണിചെയ്യിച്ചിട്ടുള്ള ഉപദേവതാഗൃഹവും കോമളവിഗ്രഹം അനന്തപത്മനാഭന്റേയും പാറുക്കുട്ടിയുടേയും പ്രേമാധിക പ്രതിബിംബമായുള്ള സന്താനവും ആണ്. ഈ കുട്ടിക്ക് 'സുഭദ്ര' എന്ന നാമത്തെത്തന്നെ മാതാപിതാക്കന്മാർ നൽകിയിരിക്കുന്നു. ശ്രീവീര മാർത്താണ്ഡവർമ്മ മഹാരാജാവ് ശ്രീപത്മനാഭസേവാരതനായി, പ്രജാപരിപാലനതത്പരനായി, ദിനംപ്രതി കളങ്കരഹിതമായുള്ള യശസ്സിനെ ആർജ്ജിക്കുന്നു. അതുകണ്ട് പ്രജകൾ സന്തുഷ്ടരായി കൊണ്ടാടുകയും ചെയ്യുന്നു.

Please write to info@sayahna.org to report bugs/problem, feature requests and to get involved. Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA